# വിനയം സൗമ്യം മധുരം

## ഫാ. കെ. റ്റി. ഫിലിപ്പ് സ്മൃതി ഗ്രന്ഥം

(Malayalam)

**Vinayam Saumyam Madhuram**

**Fr. K. T. Philip Smrithy Grandham**
(Biographical Sketch)

Editor: **Fr. Dr. T. P. Elias**

First Edition: August 07, 2020

Published by Parimala Mar Gregorios Charitable Trust, Thalacode
in collaboration with Sophia Books, Kottayam

Type Setting & Printing: Sophia Print House, Kottayam

**₹ 200/-**

# വിനയം സൗമ്യം മധുരം

## ഫാ. കെ. റ്റി. ഫിലിപ്പ് സ്മൃതി ഗ്രന്ഥം


എഡിറ്റർ

**ഫാ. ഡോ. ടി. പി. ഏലിയാസ്**



**പരുമല മാർ ഗ്രീഗോറിയോസ് ചാരിറ്റബിൾ ട്രസ്റ്റ്**

**തലക്കോട്**

## എഡിറ്റോറിയൽ ബോർഡ്

ഗീവർഗീസ് മാർ കൂറിലോസ് മെത്രാപ്പോലീത്താ
(പ്രസിഡണ്ട്)
യൂഹാനോൻ മാർ പോളിക്കർപ്പോസ് മെത്രാപ്പോലീത്താ
(കോ പ്രസിഡണ്ട്)
ഡോ. ചെറിയാൻ ഈപ്പൻ
(വൈസ് പ്രസിഡണ്ട്, പി.എം.ജി.സി.റ്റി.)
ഫാ. ഡോ. ടി. പി. ഏലിയാസ് (എഡിറ്റർ)
ഫാ. ഡോ. ജോസി ജേക്കബ്
(പ്രിൻസിപ്പൽ, നാഗ്പൂർ സെമിനാരി)
തോമസ് പോൾ, മ്യാലിൽ (ദുബായ്)
സലിം പി. രാജൻ
(മെംബർ, പി.എം.ജി.സി.റ്റി. ബോർഡ്)
ജോയ്സ് തോട്ടയ്ക്കാട് (സോഫിയാ ബുക്സ്, കോട്ടയം)
മീഖാ ഫിലിപ്പ് (ആസ്റ്റർ മെഡ്സിറ്റി)
(കോ-ഓർഡിനേറ്റർ)

## പ്രസാധക സമിതി

സഖറിയാ മാർ അന്തോണിയോസ് കാരുണ്യനിലയം, കൊച്ചി
ജോൺസൺ ചെമ്പള്ളിൽ വെട്ടിത്തറ
സന്തോഷ് സ്ലീബാ കരപ്പള്ളിൽ, തൃപ്പൂണിത്തുറ
ജെയിംസ് സി. തറയിൽ, മാന്തുരുത്തേൽ
പി. ജി. മാത്യൂസ്, കാക്കനാട്
ഡോ. നവോമി വെട്ടത്ത്
രാജേഷ് ബാബു, വടയാപറമ്പ്
അഡ്വ. വർഗീസ് പി. തോമസ്, പാലാരിവട്ടം

# The Malankara Orthodox Syrian Church
## CATHOLICATE OF THE EAST

**Baselios Marthoma Paulose II**
Catholicos of
The Apostolic Throne of
St. Thomas
And Malankara Metropolitan

Catholicate Palace
Kottayam - 686 038
Kerala, India


ജൂലൈ 6, 2020

# അനുഗ്രഹ സന്ദേശം

മലങ്കര ഓർത്തഡോക്സ് സുറിയാനി സഭയുടെ കൊച്ചി മെത്രാസനത്തിലെ വൈദികനെന്ന നിലയിൽ വിവിധ ദേവാലയങ്ങളിൽ സ്തുത്യർഹമായ പൗരോഹിത്യ ശുശ്രൂഷ നിർവഹിക്കുകയും തലക്കോട് സെന്റ് മേരീസ് ബോയ്സ് ഹോമിന്റെ മുഖ്യ കാര്യദർശിമാരിൽ ഒരാളായി അന്ത്യംവരെയും നിസ്വാർത്ഥ സേവനം കാഴ്ച വെയ്ക്കുകയും ചെയ്ത വന്ദ്യനായ കെ. റ്റി. ഫിലിപ്പ് അച്ചന്റെ ഒന്നാം ചരമ വാർഷിക ദിനത്തോട് അനുബന്ധിച്ച് തലക്കോട് പരുമല മാർ ഗ്രീഗോറിയോസ് ട്രസ്റ്റിന്റെ ആഭിമുഖ്യത്തിൽ ഒരു സ്മരണിക പ്രസിദ്ധീകരിക്കുന്നു എന്നറിയുന്നതിൽ നമുക്ക് ഏറെ സന്തോഷമുണ്ട്.

തന്നിൽ ഏൽപിക്കപ്പെട്ടിരുന്ന ഉത്തരവാദിത്തങ്ങൾ അങ്ങേയറ്റം ആത്മാർത്ഥതയോടെയും വിശ്വസ്തതയോടെയും കാര്യക്ഷമതയോടെയും നിറവേറ്റിയ ഒരു വൈദികശ്രേഷ്ഠനായിരുന്നു വന്ദ്യനായ ഫിലിപ്പ് അച്ചൻ. പ. സഭയുടെ വിവിധ ഭരണസമിതികളിലും സാമൂഹിക രംഗങ്ങളിലും തനതായ വ്യക്തിമുദ്ര പതിപ്പിച്ച ഉത്തമവ്യക്തിത്വത്തിന് ഉടമയായിരുന്ന അച്ചൻ ഏവരുമായും നല്ല വ്യക്തിബന്ധങ്ങൾ കാത്തുസൂക്ഷിച്ചിരുന്നു.

ബഹുമാനപ്പെട്ട ഫിലിപ്പച്ചനുമായി നമുക്കും ഏറെ അടുത്ത സൗഹൃദവും സ്നേഹബന്ധവും ഉണ്ടായിരുന്നു, പ. സഭയ്ക്കുവേണ്ടി കെ. റ്റി. ഫിലിപ്പ് കത്തനാർ നിർവഹിച്ചിട്ടുള്ള നിസ്തുലമായ സേവനങ്ങളെ നാം ഈ സമയത്ത് നന്ദിയോടും സ്നേഹത്തോടും കൂടെ സ്മരിക്കുകയും അദ്ദേഹത്തെ ദൈവം തമ്പുരാൻ സ്വർഗ്ഗീയ ഭവനങ്ങളിൽ ആശ്വസിപ്പിക്കട്ടെ എന്ന് പ്രാർത്ഥിക്കുകയും ചെയ്യുന്നു.

അദ്ദേഹത്തിന്റെ സ്മരണ നിലനിർത്തുവാൻ ഇപ്പോൾ പ്രസിദ്ധീകരിക്കുന്ന ഗ്രന്ഥം ഉപകാരപ്പെടട്ടെ എന്ന് നാം ആശംസിക്കുന്നു. ദൈവം നമ്മെ അനുഗ്രഹിക്കട്ടെ.

**ബസേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതീയൻ**
**കാതോലിക്കാ ബാവാ**

# ആശംസ

നമുക്കേത്രയും സ്നേഹിക്കപ്പെട്ടിരിക്കുന്ന നമ്മുടെ തലക്കോട് പരുമല മാർ ഗ്രീഗോറിയോസ് ചാരിറ്റബിൾ ട്രസ്റ്റ് അംഗങ്ങൾക്ക് വാഴ്വ്.

പ്രിയരെ, നിങ്ങളുടെ ക്ഷേമം ചോദിച്ചുകൊണ്ട് സ്നേഹപുരസ്സരം എഴുതുന്നത്. വന്ദ്യനായ കെ. റ്റി. ഫിലിപ്പച്ചന്റെ ഒന്നാം ചരമവാർഷികത്തോടനുബന്ധിച്ച് *വിനയം, സൗമ്യം, മധുരം: ഫാ. കെ. റ്റി. ഫിലിപ്പ് സ്മൃതി ഗ്രന്ഥം* എന്ന പേരിൽ ഒരു പുസ്തകം പ്രസിദ്ധീകരിക്കുന്നു എന്നറിയുന്നതിൽ ബലഹീനനായ നാം സന്തോഷിക്കുകയും ദൈവത്തെ മഹത്വപ്പെടുത്തുകയും ചെയ്യുന്നു. വന്ദ്യനായ അച്ചൻ പരിശുദ്ധ സഭയ്ക്കും, സമൂഹത്തിനും അനുഷ്ഠിച്ചിട്ടുള്ള സേവനങ്ങൾ എക്കാലവും സ്മരിക്കപ്പെടുന്നതും, ഏവർക്കും മാതൃകായോഗ്യവുമാണ്.

ബലഹീനനായ ഞാനും അച്ചനും 1969-73 കാലയളവിൽ ഒന്നിച്ച് വൈദികസെമിനാരി വിദ്യാഭ്യാസം പൂർത്തിയാക്കിയവരാണ്. ഭാഗ്യസ്മരണാർഹനായ പൗലോസ് മാർ ഗ്രീഗോറിയോസ് തിരുമേനി, പോൾ വർഗീസ് അച്ചനായിരുന്ന കാലത്താണ് ഞങ്ങൾ സെമിനാരിയിൽ പഠിച്ചത്. തിരുമേനിക്ക് വന്ദ്യനായ അച്ചനോട് ഒരു പ്രത്യേക സ്നേഹവും കരുതലും ഉണ്ടായിരുന്നു. അച്ചന്റെ ശാരീരികമായ ചില ക്ലേശങ്ങളിലും തിരുമേനി അദ്ദേഹത്തെ വളരെ കരുതലോടെയാണ് കണ്ടത്. സെമിനാരി വിദ്യാഭ്യാസം കഴിഞ്ഞപ്പോൾ അദ്ദേഹത്തെ തലക്കോടുള്ള ബാലഭവനത്തിന്റെ ചുമതല ഏല്പിച്ചു. അതിൽ അദ്ദേഹം വളരെ വിശ്വസ്തനായി പ്രവർത്തിച്ചു.

1991-ൽ ഞാൻ കൊച്ചി ഇടവക മെത്രാപ്പോലീത്തായായി നിയമിതനായി. ഏകദേശം 18 വർഷം അവിടെ ഉണ്ടായിരുന്നു. ആ കാലയളവിൽ ഫിലിപ്പച്ചനെ ഏല്പിച്ച കാര്യങ്ങൾ സൂക്ഷ്മതയോടെ പ്രവർത്തിച്ചു. പള്ളികളിലുള്ള വ്യക്തികളെയും കുടുംബങ്ങളെയും മനസ്സിലാക്കി അവരോട് ഏറ്റവും കരുതലുള്ളവനായി ഇടവക ശുശ്രൂഷ നിർവ്വഹിച്ചു. അദ്ദേഹത്തിന്റെ അങ്ങനെയുള്ള എല്ലാ സേവനങ്ങളെയും ശ്രേഷ്ഠമായ നിലയിൽ ഞാൻ ഓർക്കുന്നു. അപ്രകാരം സഭാസാമൂഹിക രംഗങ്ങളിൽ ഒരു വെള്ളിനക്ഷത്രംപോലെ പ്രകാശിച്ച്, പ്രശോഭിച്ച അച്ചൻ തന്റെ ഓട്ടം തികച്ച് വിശ്വാസം കാത്ത് നീതിയുടെ കിരീടം പ്രാപിക്കുവാനായി കർത്തൃസന്നിധിയിലേക്ക് യാത്രയായി.

അച്ചന്റെ ചരമവാർഷികത്തോടനുബന്ധിച്ച് പ്രസിദ്ധീകരിക്കുന്ന സ്മൃതിഗ്രന്ഥം അച്ചന്റെ ജീവിതമൂല്യങ്ങളിലേക്ക് വെളിച്ചം വീശുന്നവയാണല്ലോ. ആ വെളിച്ചം നമുക്കും വരുംതലമുറയ്ക്കും മാർഗ്ഗദീപമായി തീരുവാൻ ഈ ഗ്രന്ഥം പ്രചോദനമായി തീരട്ടെ എന്നാശംസിക്കുകയും പ്രാർത്ഥിക്കുകയും ചെയ്യുന്നു. അച്ചന്റെ കുടുംബത്തെയും പ്രാർത്ഥനയിൽ ഓർക്കുന്നു.

ദൈവം അനുഗ്രഹിക്കട്ടെ.

**സഖറിയാ മാർ അന്തോണിയോസ് മെത്രാപ്പോലീത്താ**

2020 ജൂലൈ മാസം 29-ാം തീയതി
കൊല്ലം അരമനയിൽ നിന്നും

# ആശംസ

ദിവംഗതനായ ബഹു. കെ. റ്റി. ഫിലിപ്പ് അച്ചൻ ഇടയത്വ ശുശ്രൂഷയിൽ ഒരു ഉത്തമ മാതൃകയായിരുന്നു. ജനിച്ചു വളർന്ന സഭാപരവും സാമൂഹ്യവുമായ സാഹചര്യങ്ങളിൽ നിന്നും മലങ്കരസഭയുടെ പൊതുധാരയിലേക്ക് വന്നതു മുതൽ, തികഞ്ഞ ആത്മാർത്ഥതയോടെ അദ്ദേഹം സഭയെ ശുശ്രൂഷിച്ചു. Parson, Pastor എന്നീ പദങ്ങൾ സഭാശുശ്രൂഷകർക്ക് ഉപയോഗിക്കുന്നുണ്ട്. 'Pastoral work' എന്നതിൽ pasture, pastor എന്നിവ അടങ്ങിയിരിക്കുന്നു. 'Pasture' ആടുകൾ മേയുന്ന സ്ഥലമാണ്; Pastor ആകട്ടെ ഇടയനും. യാന്ത്രികമല്ലാത്ത ഇടയത്വ ശുശ്രൂഷയാണ് ബഹു. ഫിലിപ്പച്ചനെ വ്യതിരിക്തനാക്കുന്നത്.

ആടുകളുടെ ഇടയൻ എന്ന നിലയിൽ, തന്റെ അജഗണങ്ങളെ പച്ചയായ മേച്ചിൽപുറങ്ങളിലേക്ക് നയിക്കുന്നതിന് അവസാനം വരെ അദ്ദേഹം ശുഷ്കാന്തിയോടെ പ്രവർത്തിച്ചു. അദ്ദേഹം ശുശ്രൂഷ അനുഷ്ഠിച്ച ഇടവകകളിൽ, ആത്മിക പോഷണം അനുഭവിച്ച് വളരുവാൻ ജനങ്ങൾക്കു ഇടയായിട്ടുണ്ട്. ഒരു ഭരണതന്ത്രജ്ഞൻ എന്നതിനേക്കാൾ, വിശ്വസ്തനായ ഇടയൻ എന്ന നിലയിൽ അദ്ദേഹം പ്രശോഭിച്ചിരുന്നു. ശാരീരിക ക്ലേശങ്ങൾ വകവെയ്ക്കാതെ അദ്ദേഹം തന്റെ ശുശ്രൂഷ തുടർന്നു. ഇടയന്മാരുടെ പ്രധാന ഇടയനായ കർത്താവേശുമശിഹാ മഹത്വത്തോടെ പ്രത്യക്ഷനാകുന്ന നാളിൽ, ഈ വൈദികൻ നല്ല പ്രതിഫലം നേടാൻ ഇടയാകട്ടെ!

ബഹു. കെ. റ്റി. ഫിലിപ്പച്ചന്റെ ഓർമ്മ നിലനിർത്തുന്നതിന് ഒരു സ്മരണിക പ്രസിദ്ധീകരിക്കുന്നത് ശ്ലാഘനീയമാണ്. ഈ സംരംഭത്തിനു മുൻകൈ എടുക്കുന്നവരെയും സഹകരിക്കുന്നവരെയും ദൈവം അനുഗ്രഹിക്കട്ടെ. വാങ്ങിപ്പോയ വൈദികന്റെ പ്രാർത്ഥന നമുക്ക് കോട്ടയായിരിക്കട്ടെ!

**ഡോ. യാക്കോബ് മാർ ഐറേനിയോസ് മെത്രാപ്പോലീത്ത**

(കൊച്ചി മെത്രാസനം)

02-06-2020

# ആശംസ

റവ. ഫാ. റ്റി. പി. ഏലിയാസ്
ഡയറക്ടർ–കം–കറസ്പോണ്ടന്റ്
പരുമല മാർ ഗ്രിഗോറിയോസ് മെമ്മോറിയൽ ചാരിറ്റബിൾ ട്രസ്റ്റ്
തലക്കോട് പി.ഒ., മുളന്തുരുത്തി

പ്രിയപ്പെട്ട അച്ചാ,

ബഹുമുഖ പ്രതിഭയായിരുന്ന ബഹു. കെ. റ്റി. ഫിലിപ്പച്ചന്റെ ഒന്നാം ചരമ വാർഷികത്തോടനുബന്ധിച്ച് "വിനയം സൗമ്യം മധുരം" എന്ന പേരിൽ ഒരു സ്മൃതിഗ്രന്ഥം പ്രസിദ്ധീകരിക്കുവാൻ, വാർഡൻ, വൈസ് പ്രസിഡന്റ് എന്നീ നിലകളിൽ അദ്ദേഹം നേതൃത്വം നൽകിയിരുന്ന പരുമല മാർ ഗ്രിഗോറിയോസ് മെമ്മോറിയൻ ചാരിറ്റബിൾ ട്രസ്റ്റിന്റെ പ്രവർത്തകർ മുന്നോട്ട് വന്നിരിക്കുന്നു എന്നത് ഏറെ സന്തോഷം പകരുന്ന ഒരു കാര്യമാണ്. അച്ചനെ അടുത്തറിയുന്ന ആളുകൾ തങ്ങളുടെ ഓർമ്മകൾ പങ്കുവെക്കുന്നത്, അടുത്തും അകലെയുമുള്ള സഭാസ്നേഹികൾക്ക് അദ്ദേഹത്തെ അധികമായി മനസ്സിലാക്കുന്നതിനും, കരണീയമായ ആ മാതൃക പിൻപറ്റുന്നതിനുമുള്ള പ്രചോദനമായി തീരുമെന്നതിനു സംശയമില്ല.

ഈ സംരംഭത്തിനും ചാരിറ്റബിൾ ട്രസ്റ്റിനും എല്ലാവിധ ഭാവുകങ്ങളും നേരുന്നു.

പ്രാർത്ഥനാപൂർവ്വം

**അഡ്വ. ബിജു ഉമ്മൻ**
മലങ്കരസഭാ അസോസിയേഷൻ സെക്രട്ടറി

05–08–2020

# അവതാരിക

ദൈവത്തിലുള്ള ആഴമായ വിശ്വാസവും, ശരണവും പ്രത്യാശയും ശ്രേഷ്ഠതയാർന്ന മൂല്യങ്ങളും മുറുകെ പിടിക്കുകയും, ഒട്ടനവധി സത്ഗുണങ്ങൾ സ്വജീവിതത്തിൽ പ്രാവർത്തികമാക്കുകയും ചെയ്യാനുള്ള തൃഷ്ണ സജീവമായി കാത്തുപരിപാലിച്ച് ഏത് പാവപ്പെട്ടവരെയും സ്വന്തം എന്ന് കരുതി അവർക്കുവേണ്ടി നിരന്തരമായി പ്രാർത്ഥിക്കുകയും ആത്മാർത്ഥമായി പ്രവർത്തിക്കുകയും, അവരുടെ വളർച്ചയും, ഉയർച്ചയും ഉറപ്പാക്കുവാൻ എന്ത് ത്യാഗങ്ങളും ബുദ്ധിമുട്ടുകളും ക്ലേശങ്ങളും വകവെയ്ക്കാതെ അതൊക്കെയും സസന്തോഷം സഹിച്ച് അവർക്ക് വിഭവസമൃദ്ധമായി സമാധാനവും സന്തോഷവും പ്രദാനം ചെയ്തതിനോടൊപ്പം സഭാ സമാധാനത്തിനുവേണ്ടി അക്ഷീണം പരിശ്രമിച്ച വ്യക്തിത്വത്തിന്റെ ഉടമ. ഓർത്തഡോക്സ് സഭയുടെയോ ക്രിസ്തീയ കൂട്ടായ്മയുടെയോ മതിൽക്കെട്ടുകൾക്ക് അപ്പുറം നാനാജാതി മതസ്ഥരെയും ഒരേപോലെ സ്നേഹിച്ച ഹൃദയലോലത – കെ. റ്റി. ഫിലിപ്പ് അച്ചനെ അനുസ്മരിക്കുമ്പോൾ മനസ്സിൽ ഓടിയെത്തുന്ന ചിത്രമാണിത്.

മൺമറഞ്ഞ കെ. റ്റി. ഫിലിപ്പ് അച്ചന്റെ പ്രഥമ ചരമവാർഷിക ദിനത്തിൽ അദ്ദേഹത്തിന്റെ സ്മരണ നിത്യമായി നിലനിൽക്കണമെന്ന ആഗ്രഹത്തിൽ ഉചിതമായ ഒരു ഗ്രന്ഥം തയ്യാറായതിൽ സന്തോഷിക്കുകയും സർവ്വശക്തനായ ദൈവത്തിന് നന്ദി കരേറ്റുകയും ചെയ്യുന്നു. ആദരണീയനായിരുന്ന വൈദികശ്രേഷ്ഠന്റെ വിവിധ മേഖലകളിലെ വൈദഗ്ദ്ധ്യവും, പ്രാവീണ്യവും വെളിപ്പെടുത്തുന്ന അനേക സാക്ഷ്യങ്ങളുടെ സമാഹാരമാണ് ഈ ഗ്രന്ഥം. അച്ചൻ ഒരു വൈദിക വിദ്യാർത്ഥിയായി കോട്ടയം ഓർത്തഡോക്സ് തിയോളജിക്കൽ സെമിനാരിയിൽ കാൽ കുത്തിയ ദിവസം മുതൽ ഞങ്ങൾ തമ്മിൽ ആരംഭിച്ച സ്നേഹബന്ധം നാൾക്കുനാൾ അതിശക്തമായിക്കൊണ്ടിരുന്നു. ഞങ്ങൾ തമ്മിലുണ്ടായിരുന്ന പരസ്പര സ്നേഹവും, കരുതലും ഓർത്ത് ദൈവത്തെ സ്തുതിക്കുന്നു. അച്ചന്റെ ജീവിതശൈലിയിലെ വിശുദ്ധിയും, നിർമ്മലതയും സുതാര്യതയുമാവാം ഞങ്ങൾ തമ്മിലുള്ള സ്നേഹബന്ധത്തെ ഊട്ടി ഉറപ്പിച്ചത്.

സെമിനാരി വിദ്യാഭ്യാസ കാലയളവിൽ അന്ന് സെമിനാരി പ്രിൻസിപ്പൽ ആയിരുന്ന ലോകപ്രശസ്ത വേദശാസ്ത്ര പണ്ഡിതനും, മലങ്കര ഓർത്തഡോക്സ് സഭയുടെ എക്കാലത്തെയും അഭിമാനവുമായ ഫാ. പോൾ വർഗീസ് അച്ചന്റെ (ഡോ. പൗലോസ് മാർ ഗ്രീഗോറിയോസ്) പ്രത്യേക വാത്സല്യവും, കരുതലും കൈവശമാക്കുവാൻ ഒരു ശെമ്മാശ്ശൻ ആകും മുമ്പ് തന്നെ കെ. റ്റി. ഫിലിപ്പിനായത് ഇന്നും പലരുടെയും വിസ്മയമാണ്. സെമിനാരി വിദ്യാഭ്യാസാനന്തരം 1972-ൽ വൈദികപട്ടം സ്വീകരിച്ച് വിവിധ

ഇടവകകളിൽ മാതൃകാപരമായി സേവനം അനുഷ്ഠിച്ചുകൊണ്ടിരിക്കുമ്പോഴും അച്ചന്റെ പ്രശസ്തി നാൾക്കുനാൾ വർദ്ധിച്ച് വന്നിരുന്നു. താരതമ്യേന മിതഭാഷിയും, വിനയാന്വിതനുമായിരുന്ന ഫിലിപ്പ് അച്ചൻ തിരുമേനിമാരോടും വൈദികശ്രേഷ്ഠരോടും വളരെയേറെ ആദരവോടെയാണ് പെരുമാറിക്കൊണ്ടിരുന്നത്. ഓരോ ഇടവകയിലെയും ആത്മീയ കാര്യങ്ങൾ വളരെയേറെ നിർക്കർഷതയോടെയും ചിട്ടയായും ക്രമമായും ആണ് അച്ചൻ നിറവേറ്റിക്കൊണ്ടിരുന്നത്. ഇടവകഭരണത്തോടൊപ്പം ഡോ. പൗലോസ് മാർ ഗ്രീഗോറിയോസ് തിരുമേനിയാൽ സ്ഥാപിതമായ തലക്കോട് മാർ ഗ്രീഗോറിയോസ് ചാരിറ്റബിൾ ട്രസ്റ്റിന്റെ പ്രവർത്തനങ്ങളിൽ ആകൃഷ്ടനായി ഏർപ്പെടുകയുണ്ടായി. ആദ്യം വാർഡനും പിന്നീട് കറസ്പോണ്ടന്റ് കം ഡയറക്ടറും അവസാനഘട്ടത്തിൽ വൈസ് പ്രസിഡണ്ടുമായി സ്തുത്യർഹ സേവനം നടത്തി.

തലക്കോട് ബോയ്സ് ഹോമിന്റെ പൊതുവായ വളർച്ചയിലും ഉയർച്ചയിലും അതിശ്രേഷ്ഠ സാക്ഷ്യത്തിലും നിർണ്ണായകമായ സംഭാവന ചെയ്ത മഹത് വ്യക്തിയാണ് ഫിലിപ്പ് അച്ചൻ. ബോയ്സ് ഹോമിലെ അന്തേവാസികളായ കുഞ്ഞുങ്ങളെ യാതൊരുതരത്തിലുമുള്ള വേർതിരിവില്ലാതെ സ്വന്ത കുഞ്ഞുങ്ങൾക്ക് നൽകാവുന്ന സ്നേഹശുശ്രൂഷകളേക്കാൾ മാന്യമായി സ്നേഹിച്ചും കരുതിയും അവരുടെ ആവശ്യങ്ങളിൽ ശുഷ്കാന്തിയോടെ പരിഹാരം കണ്ടെത്തുവാൻ സദായിപ്പോഴും തത്രപ്പെട്ടുകൊണ്ടിരുന്ന ഒരു സവിശേഷത അച്ചൻ വളരെ താൽപര്യത്തോടെ നിറവേറ്റി വന്നിരുന്നു. ഇക്കാര്യങ്ങളിൽ ബദ്ധശ്രദ്ധാലുവായി വളരെ പ്രശംസനീയ കരുതലും ശൈലികളും പിൻപറ്റി വന്നിരുന്ന ഡോ. റ്റി. പി. ഏലിയാസ് അച്ചനോടൊപ്പം ഫിലിപ്പ് അച്ചനും ജീവിതം ഉഴിഞ്ഞ് വെച്ച വ്യക്തിയാണ്. ചാരിറ്റബിൾ ട്രസ്റ്റിന്റെ കീഴിലുള്ള ഐ.റ്റി.ഐ., വൃദ്ധസദനം, സാമ്പത്തിക അഭിവൃദ്ധി അവശ്യാപേക്ഷിതമായ സ്ത്രീകളുടെ ഉന്നമനം ലക്ഷ്യമാക്കിയുള്ള വിവിധ പ്രോജക്ടുകൾ എന്നിവ എന്നപോലെ വരിക്കോലിയിൽ പ്രവർത്തിച്ചുവരുന്ന ഡയാലിസിസ് സെന്റർ എന്നിവയുടെ സ്ഥാപനത്തിലും ഗണ്യമായ സഹായം ഒരുക്കിയ വ്യക്തിയാണ് ഫിലിപ്പ് അച്ചൻ.

ഡോ. പൗലോസ് മാർ ഗ്രീഗോറിയോസ് തിരുമേനിയുടെ കാലശേഷം തലക്കോട് ചാരിറ്റബിൾ ട്രസ്റ്റിന്റെ ഭരണചുമതല എന്നിലാണ് നിക്ഷിപ്തമായത്. പ്രസിഡണ്ട് എന്ന നിലയിലുള്ള എന്റെ എല്ലാ പ്രവർത്തനങ്ങൾക്കും ഏറെ ആവേശം പകർന്നത് കെ. റ്റി. ഫിലിപ്പ് അച്ചനായിരുന്നുവെന്ന് ഏറെ സന്തോഷത്തോടെ അനുസ്മരിക്കുകയാണ്. ഏത് സാഹചര്യത്തിലും ആത്മവിശ്വാസം ഉയർത്തിപ്പിടിച്ച് ഏവരോടും ചിന്തയിലും, വാക്കിലും, പ്രവൃത്തിയിലും നിർവ്യാജ സ്നേഹം പങ്കിട്ടുപോന്ന അച്ചന്റെ പ്രവർത്തനശൈലി ഏറെ ആദരണീയമാണ്. മിക്കപ്പോഴും അദ്ദേഹം ഊർജ്ജസ്വലനായ

സംഘാടകനായും ആത്മാർത്ഥത നിറഞ്ഞ സന്നദ്ധ സേവകനായും നിർമ്മല ഹൃദയത്തോടെ എല്ലാ കാര്യങ്ങളിലും മിതത്വവും സത്യസന്ധതയും വിശ്വസ്തതയും ഉയർത്തി എന്നത് ഏറെ അനുകരണീയമായ ശ്രേഷ്ഠതയാണ്. നാളിതുവരെ പരിചയപ്പെടുവാനോ മനസ്സിലാക്കുവാനോ സാധിച്ചിട്ടില്ലാത്തവർക്ക്, പ്രത്യേകിച്ച് ഇന്നത്തെ വളരുന്ന തലമുറയ്ക്ക് ഏറ്റവും അനുകരണീയ സ്വഭാവത്തിനുടമ എന്ന നിലയിൽ മനസ്സിലാക്കാനാവും എന്നതാണ് ഈ ഗ്രന്ഥത്തിന്റെ പ്രത്യേകത. കഴിഞ്ഞ ഏതാനും വർഷങ്ങളായി തലക്കോട് ചാരിറ്റബിൾ ട്രസ്റ്റിന്റെ പ്രവർത്തനമേഖലകൾ ബഹുലങ്ങളാക്കാൻ സാധിച്ചിട്ടുണ്ട്. "വിശക്കുന്നവനപ്പം കൊടുക്ക, ഈശൈസുതനേപ്പോൽ ദിനം ഏഴു വട്ടം പ്രാർത്ഥിക്കുക" എന്നീ ഈരടികൾ പാടുകയും അപ്രകാരം പ്രാർത്ഥിക്കുകയും ചെയ്ത് വന്നിരുന്നതിനോടൊപ്പം തന്നാലാവത് പ്രായോഗികമായി നിറവേറ്റി അച്ചൻ സ്വയം സംതൃപ്തി നേടിയിരുന്നു.

സേവനം അനുഷ്ഠിച്ച എല്ലാ ഇടവകകളിലെയും വിശ്വാസികൾക്ക് അച്ചനെപ്പറ്റി മികച്ച അഭിപ്രായമേ പറയാനുള്ളു. കാരണം, അച്ചൻ ഇടവകാംഗങ്ങളെ ഒരേപോലെ കരുതി സ്നേഹിച്ചു. സാമൂഹ്യമായും സാമ്പത്തികമായും തകർന്നവരെ ഉദ്ധരിക്കുവാനും സഹായിക്കുവാനും അദ്ദേഹം ശ്രദ്ധിച്ചിരുന്നു. ഇത് തന്നെയാവണം അച്ചൻ ചുമതല വഹിച്ചിരുന്ന മുൻ ഇടവകകളിലെ ഓരോ വിശേഷാവസരങ്ങളിലും, അത് ഇടവകതലത്തിലുള്ളതായാലും, വ്യക്തിതലത്തിലുള്ളതായാലും അച്ചന്റെ സാന്നിദ്ധ്യത്തിനും പ്രാർത്ഥനയ്ക്കുമായി അച്ചനെ പ്രത്യേകം ക്ഷണിച്ച് ആദരിച്ച് വന്നിരുന്നത്.

അച്ചന്റെ സ്വഭാവവൈശിഷ്ട്യതകളിൽ എടുത്ത് പറയേണ്ട ഒന്നാണ് അദ്ദേഹത്തിന്റെ കൃത്യനിഷ്ഠയും, സമയ ക്ലിപ്തതയും, സത്യസന്ധതയും. അദ്ദേഹത്തെ ഭരിച്ചിരുന്ന ഉത്തരവാദിത്തബോധം അതിശ്രേഷ്ഠമായിരുന്നു. തന്റെ ജീവിതത്തിൽ കറയും കളങ്കവും ഏശാതിരിക്കാൻ ഏറെ ബദ്ധശ്രദ്ധനായിരുന്നു. പരിശുദ്ധ സഭയിലെ ഏത് ആരാധനയായാലും അതിലെ ആത്മീയ സന്തോഷവും ആത്മീയ ലഹരിയും ഉൾക്കൊണ്ട് ആനന്ദം കണ്ടെത്തുവാൻ അദ്ദേഹത്തിന് സാധ്യമായിക്കൊണ്ടിരുന്നത് അദ്ദേഹത്തിന്റെ സമർപ്പണബോധം ഒന്നുകൊണ്ട് മാത്രമാണ്. ഓർത്തഡോക്സ് സഭയോടും പ. കാതോലിക്കേറ്റിനോടും പ. മാർത്തോമ്മാ ശ്ലീഹായുടെ സിംഹാസനത്തിൽ വാണരുളിയിട്ടുള്ള ഓരോരോ പരിശുദ്ധ പിതാക്കന്മാരോടും ഉള്ള കൂറും വിശ്വാസവും ആദരവും വാക്കുകൾക്ക് അതീതമായിരുന്നു. ഓർത്തഡോക്സ് വിശ്വാസത്തിന്റെ ശക്തനായ ഒരു മുന്നണി പോരാളിയും കാവൽഭടനുമായി ശോഭിക്കുവാൻ അച്ചന് സാധിച്ചിരുന്നു.

പ. സഭയിൽ ശാശ്വത സമാധാനം ഉണ്ടായി കാണുവാൻ ഏറെ ശുഷ്കാന്തിയോടെ ആഗ്രഹിക്കുകയും പ്രാർത്ഥിക്കുകയും ചെയ്തുവന്നിരുന്നു. ദൈവാശ്രയത്തിൽ ഒരു പ്രവാചക മനസ്സിന്റെ ഉടമയായിരുന്ന അദ്ദേഹം

തെറ്റുകൾ ചൂണ്ടിക്കാണിക്കുകയും ധൈര്യപൂർവ്വം തെറ്റുകൾ തിരുത്തേണമെന്ന് ആവശ്യപ്പെടുകയും ചെയ്യുന്ന സ്വഭാവക്കാരനായി ശോഭിച്ചു.

സാധാരണക്കാരായവരുടെ ക്ഷേമപദ്ധതികൾ ആവിഷ്കരിക്കുന്നതിലും നടപ്പിലാക്കുന്നതിലും അദ്ദേഹം പലപ്പോഴും വിജയിയായി. അത്യാവശ്യക്കാർക്ക് ഭക്ഷണപ്പൊതികൾ എത്തിക്കുന്നത് മുതൽ നിർധന വിദ്യാർത്ഥികളുടെ പഠനസഹായം തുടങ്ങി ആലംബഹീനർക്കും അത്യാവശ്യക്കാർക്കും താങ്ങും തണലുമായി അദ്ദേഹം എപ്പോഴും നിലകൊണ്ടു. എളിമയുടെയും വിനയത്തിന്റെയും പ്രതിരൂപമായി സമൂഹമദ്ധ്യത്തിൽ പേരിനും പ്രശംസയും ലക്ഷ്യമിടാതെയുള്ള പ്രവർത്തനശൈലി അവലംബിക്കുവാൻ അദ്ദേഹത്തിന് സാധിച്ചത് മൂലം അദ്ദേഹം ഇന്നും അനേക മനസ്സുകളിൽ ചൈതന്യമായി ശോഭിക്കുന്നു.

അദ്ദേഹം അക്ഷരാർത്ഥത്തിൽ ഒരു കാര്യവിചാരകൻ ആയിരുന്നു. തന്നെ ദൈവം ഭരമേല്പിച്ച വൈദികവൃത്തി ഭംഗിയായി കൈകാര്യം ചെയ്യുവാൻ സാധിച്ചതുപോലെ താൻ കൈവെച്ച എല്ലാ മേഖലകളിലും കാര്യവിചാരകത്വം കൈകാര്യം ചെയ്യുന്നതിൽ ഉന്നത നിലവാരം പുലർത്തുവാനായി. തന്റെ കയ്യിൽ വന്ന എല്ലാ ഉത്തരവാദിത്തങ്ങളും ഏറെ വിശ്വസ്തതയോടെ കൈകാര്യം ചെയ്ത് ജീവനുള്ള കിരീടത്തിന്റെ അവകാശിയാകുവാൻ അദ്ദേഹത്തിന് സാധിച്ചത് അത്ര നിസ്സാര കാര്യമല്ല.

വിശ്വാസപരമായ കാര്യങ്ങളായാലും, രാഷ്ട്രീയ-സാമൂഹ്യ കാര്യങ്ങളായാലും സ്വാർത്ഥതയുടെ വിളയാട്ടം നടക്കുന്നു. തന്മൂലം നമ്മുടെ മുമ്പോട്ടുള്ള പൊതുജീവിതം പുരോഗമനത്തിന് വിലങ്ങുതടിയാകുന്നു. സ്വാർത്ഥത ഉളവാകുന്നത് യഥാർത്ഥ സ്നേഹം കുറയുന്നിടത്ത് നിന്നാണ്. സ്നേഹം ദൈവികമാണെന്നും ദൈവം സ്നേഹമാണെന്നും പലപ്പോഴും പലരും വിസ്മരിക്കുന്നതാണ് കാരണം. സ്നേഹമെന്നത് വേർതിരിവില്ലാതെ പരിചരിക്കപ്പെടേണ്ട നൈപുണ്യമാണ്. ഇക്കാര്യത്തിൽ അമിത പ്രാധാന്യം നൽകിയിരുന്ന അച്ചന് കൈവെച്ച എല്ലാ മേഖലകളിലും വിജയം കൊയ്തെടുക്കുവാൻ പ്രയാസമുണ്ടായില്ല.

തലക്കോട് പരുമല മാർ ഗ്രീഗോറിയോസ് ചാരിറ്റബിൾ ട്രസ്റ്റിന്റെ പ്രവർത്തനങ്ങൾ ഉന്നത നിലവാരത്തിൽ വളർന്ന് ഉയരുവാൻ സാധിച്ചിരിക്കുന്നത് അച്ചന്റെയും മറ്റ് സഹപ്രവർത്തകരുടെയും ആത്മാർത്ഥ സഹകരണവും നേതൃത്വവും മൂലമാണെന്നുള്ളത് പ്രത്യേകം പ്രസ്താവ്യമാണ്.

ഈ ഉത്തമ സ്മൃതിഗ്രന്ഥം മലങ്കരസഭയിലെ അങ്ങോളമിങ്ങോളമുള്ള വിശ്വാസികളുടെ വായനയ്ക്കും പഠനത്തിനും ഇടയാകണമെന്ന് ആഗ്രഹിക്കുകയാണ്. ഒരു ഉത്തമ വൈദിക ശ്രേഷ്ഠനായും, തികഞ്ഞ മനുഷ്യസ്നേഹിയായും, എല്ലാറ്റിനുമുപരിയായി ഏറ്റവും വിശ്വസ്ത ദൈവസ്നേഹി

യായും ജീവിച്ച് ഉത്തമ സാക്ഷ്യത്തോടെ കാലയവനികയ്ക്കുള്ളിൽ മറഞ്ഞ അച്ചന്റെ ജീവിതം നമുക്കേവർക്കും ഏറെ പ്രചോദനകരമാണ്.

അച്ചന്റെ വെണ്മയാർന്ന വിശുദ്ധ ജീവിതത്തിന്റെ വൈവിധ്യ കോണുകളിൽ നിന്നുള്ള സത്യസന്ധമായ വിവരണങ്ങൾ ചേർത്ത ഏതാനും വ്യക്തികളുടെ പ്രൗഢവും മികച്ചതുമായ ലേഖനങ്ങളാൽ ഈ ഗ്രന്ഥം സമ്പന്നമാണ്. ഈ ഗ്രന്ഥ വായനയിലൂടെ ഫിലിപ്പ് അച്ചനെ കൂടുതൽ അടുത്തറിയുവാനും പുണ്യജീവിതത്തിനും വിലയേറിയ മാണിക്യരത്നങ്ങൾ വേർതിരിച്ച് ദൈവത്തെ മഹത്വപ്പെടുത്തുവാനും അനേകർക്ക് സാധ്യമാകട്ടെ എന്ന പ്രാർത്ഥനയോടെ ഈ ഗ്രന്ഥം വായനക്കാർക്കായി സമർപ്പിക്കുന്നു.

ഈ ഗ്രന്ഥ രചനയിലും രൂപീകരണത്തിലും ബുദ്ധിമുട്ടിയവരെയും സഹായിച്ചവരെയും ഇത് വായിച്ച് പ്രചോദനം ഉൾക്കൊള്ളുന്നവരെയും സർവ്വശക്തനായ ദൈവം തന്റെ അനുഗ്രഹങ്ങൾ സമൃദ്ധിയായി ചൊരിഞ്ഞ് അനുഗ്രഹിക്കട്ടെ എന്ന് ആശംസിക്കുകയും പ്രാർത്ഥിക്കുകയും ചെയ്യുന്നു.

**ഗീവർഗീസ് മാർ കൂറിലോസ് മെത്രാപ്പോലീത്താ**
മുംബൈ ഭദ്രാസന മെത്രാപ്പോലീത്താ
പ്രസിഡണ്ട്, പരുമല മാർ ഗ്രീഗോറിയോസ് ചാരിറ്റബിൾ ട്രസ്റ്റ്, തലക്കോട്

കോട്ടയം
ഫിലിപ്പച്ചന്റെ ഒന്നാം ചരമ വാർഷികം, 2020

# മുഖമൊഴി

ഫാ. കെ. റ്റി. ഫിലിപ്പ് (1951–2019) നാലു പതിറ്റാണ്ടിലധികം തലക്കോട് പരുമല മാർ ഗ്രീഗോറിയോസ് ചാരിറ്റബിൾ ട്രസ്റ്റിന്റെ പ്രവർത്തന മേഖലകളിൽ ബോയ്സ് ഹോം വാർഡൻ, എം.ജി. ഐ.റ്റി.സി. അദ്ധ്യാപകൻ, പി.എം.ജി.എം.സി. ട്രസ്റ്റ് കറസ്പോണ്ടന്റ് കം ഡയറക്ടർ, വൈസ് പ്രസിഡന്റ് എന്നീ പദവികളിൽ സ്തുത്യർഹമായ സേവനം നിർവ്വഹിച്ചു. ഈ വന്ദ്യ ആചാര്യന്റെ പാവനസ്മരണയ്ക്ക് മുമ്പിൽ ഈ ഗ്രന്ഥം സമർപ്പിക്കുന്നു.

ദൈവം ആദമിനെ സൃഷ്ടിച്ചത് പുരോഹിതനായാണെന്ന് സഭാപിതാക്കന്മാർ വ്യാഖ്യാനിക്കുന്നു. പുരോഹിതൻ സ്നേഹത്തിന്റെയും സ്തുതിപ്പിന്റെയും സേവനത്തിന്റെയും ബലികാഴ്ചകൾ അർപ്പിക്കേണ്ടവനാണ്. ആദിമനുഷ്യനായ ആദമിന്റെ പതനം വരെ പൗരോഹിത്യം അവന്റെ ഉണ്മയായിരുന്നു, മനുഷ്യത്വത്തിന്റ അസ്ഥിയായിരുന്നു. അവന്റെ വീഴ്ചയോടു കൂടി ഏദൻതോട്ടത്തിൽ നിന്നും പുറത്താക്കപ്പെട്ടു എങ്കിലും ബലിയർപ്പിക്കുവാൻ അടുത്ത തലമുറയിലെ മക്കൾക്ക് അവകാശം ലഭിച്ചു. പാരമ്പര്യമായി ലഭിച്ച പൈതൃക പൗരോഹിത്യം മോശ വരെ തുടർന്നു.

മോശയ്ക്ക് ന്യായപ്രമാണത്തിൽ ലേവ്യ ഗോത്രത്തെ പൗരോഹിത്യ കർമ്മത്തിനായി പ്രത്യേകം വേർതിരിച്ചു എന്ന് ഒറേത്തായുടെ പഞ്ചഗ്രന്ഥത്തിൽ രേഖപ്പെടുത്തിയിട്ടുണ്ടല്ലോ. പൗരോഹിത്യത്തെക്കുറിച്ചുള്ള പഴയനിയമ ധാരണ തന്നെ ക്രിസ്തീയ പൗരോഹിത്യത്തിനുമുണ്ട്.

ക്രൈസ്തവ പൗരോഹിത്യ ശ്രേണിയിൽ ക്രിസ്തീയ വിശ്വാസികളേവരും "…. തിരഞ്ഞെടുക്കപ്പെട്ട ഒരു ജാതിയും ഒരു പുരോഹിത വംശവുമാണ്…" (1 പത്രോസ് 2:9). രാജകീയ, പുരോഹിത വർഗ്ഗമാകുന്ന വിശുദ്ധ സഭയുടെ വിളിയും സമ്മതവും, സ്വീകരണവും വ്യക്തികൾക്ക് സഭയിൽ പ്രത്യേക പൗരോഹിത്യം (Specially ordained ministry) നൽകുന്നതിന് ആധാരമാണ്. കർത്താവിൽ നിന്ന് അപ്പോസ്തോലന്മാരിലൂടെ ലഭിച്ച അധികാരത്താലാണ് സഭയ്ക്കുവേണ്ടി സഭയോടൊപ്പം നിന്നുകൊണ്ട് മേൽപ്പട്ടക്കാരൻ വ്യക്തികൾക്ക് കൈവെപ്പ് നൽകി അഭിഷിക്തനാക്കുന്നത്.

പഴയനിയമകാലത്തെ പുരോഹിതന്റെ കർമ്മമേഖല, പുരോഹിതൻ ബലിയർപ്പിക്കുന്നതിന് നിർദ്ദേശിക്കുകയോ നേതൃത്വം നൽകുകയോ മാത്രമേ ചെയ്തിരുന്നുള്ളു. പുരോഹിതൻ കർമ്മി മാത്രമായിരുന്നു. ബലിവസ്തു അഥവാ ബലിയർപ്പണ വസ്തു ഒരു കാലത്തും പുരോഹിതനായിരുന്നില്ല.

ദൈവപുത്രൻ മനുഷ്യനായി പിറക്കുകയും രക്ഷയുടെ ബലിയാവുകയും

ചെയ്തതു വഴി പൗരോഹിത്യത്തിന് ഇദംപര്യന്തമുണ്ടായിട്ടില്ലാത്ത ഒരു പുതിയ കർമ്മനിയോഗ പാത തന്നെ തുറക്കപ്പെട്ടു. ക്രിസ്തുവിന്റെ നാൾ തൊട്ട് ക്രിസ്തു തന്നെ ബലിയർപ്പണ വസ്തു. കർമ്മിയും ബലിയർപ്പണ വസ്തുവും ക്രിസ്തുവിൽ ഒന്നായി തീർന്നു. പുരോഹിതനും ബലി വസ്തുവും വേർപെടാനാകാത്തവിധം ഒന്നായെന്ന് യേശു സാക്ഷ്യപ്പെടുത്തി.

മനുഷ്യോൽപ്പത്തി മുതൽ ദൈവത്തിലുള്ള വിശ്വാസം അഥവാ ഈ പ്രപഞ്ചത്തെ ഭരിക്കുന്ന ഒരു അദൃശ്യ ശക്തിയിലുള്ള വിശ്വാസം ദൈവത്തിന്റെ സ്വന്ത സ്വരൂപത്തിലും സാദൃശ്യത്തിലും സൃഷ്ടിക്കപ്പെട്ട ആദാമിൽ മുതൽ തുടങ്ങിയ ഈ വിശ്വാസം എല്ലാ മതങ്ങളുടെയും അടിസ്ഥാന ഘടകമാണ്. മതാത്മകതയുടെ സാർവ്വത്രികമായ പ്രതീകമാണ് പൗരോഹിത്യം. വിശ്വസിക്കുന്ന ജനത്തിനുവേണ്ടി ദൈവസന്നിധിയിൽ മദ്ധ്യസ്ഥത വഹിക്കുന്ന അധികാരപൂർവ്വമായ ശുശ്രൂഷയാണിത്. ക്രിസ്തുമതത്തിൽ സാർവ്വലൗകികവും സാർവ്വജനീയവുമായ പ്രസക്തിയുണ്ട് പൗരോഹിത്യ ധർമ്മത്തിന്. ക്രിസ്തുവിന്റെ കൗദാശിക സാന്നിദ്ധ്യമെന്ന നിലയിൽ സഭയിൽ എല്ലാവിധത്തിലും ക്രിസ്തുവിന്റെ മാതൃകയെ സ്വന്ത ജീവിതം കൊണ്ട് സവിശേഷമായി ഉദാഹരിച്ചു കാണിക്കുന്ന വ്യക്തിയായ എപ്പിസ്കോപ്പാ/മെത്രാപ്പോലീത്തായുടെ അധികാരപത്രവുമായി ഇടവക പൗരോഹിത്യ ശുശ്രൂഷ ചെയ്യുന്നയാളാണ് കശീശ്ശാ. അതായത് ഒരു പുരോഹിതൻ ഇടയനും, രാജാവും, പ്രവാചകനും, ഗുരുവും, വൈദ്യനുമായ യേശുക്രിസ്തുവിനെ തന്റെ വ്യക്തി ജീവിതത്തിലൂടെ ഇടവകകളിലും, പുരോഹിതന്റെ പ്രവർത്തന മണ്ഡലങ്ങളിലും പ്രകാശിപ്പിക്കാൻ കശീശ്ശാ വിളിക്കപ്പെട്ടിരിക്കുന്നു.

സ്മര്യപുരുഷനായ തൃപ്പൂണിത്തുറ നടമേൽ പള്ളി ഇടവകാംഗമായ കരപ്പിള്ളിൽ കെ. റ്റി. ഫിലിപ്പ് 1969-1973 കാലഘട്ടത്തിൽ കോട്ടയം ഓർത്തഡോക്സ് സെമിനാരിയിൽ വൈദിക പഠനം നടത്തി. 20-3-1972-ൽ മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ കൊച്ചി ഭദ്രാസന മെത്രാപ്പോലീത്താ യൂഹാനോൻ മാർ സേവേറിയോസ് മെത്രാപ്പോലീത്തായിൽ നിന്ന് യൗപ്പദിയക്ക്നോ പദവി സ്വീകരിച്ച് ആചാര്യഗണത്തിൽ ചേർന്നു. 1973-76 കാലഘട്ടത്തിൽ വൈദിക സെമിനാരി വൈസ് പ്രിൻസിപ്പാളും മാവേലിക്കര സെന്റ് പോൾസ് വയോമിംഗ് ഗോസ്പൽ ഹോൾ (പിന്നീട് സെന്റ് പോൾസ് മിഷൻ ട്രയിനിംഗ് സെന്റർ) സ്ഥാപകനുമായ ഫാ. എം. വി. ജോർജിന്റെ (മലങ്കരസഭാരത്നം ഗീവർഗീസ് മാർ ഒസ്താത്തിയോസ്) മാവേലിക്കര സുവിശേഷാലയത്തിലെ പ്രവർത്തനങ്ങളിൽ പങ്കുകാരനായി. ഫാ. എം. വി. ജോർജിന്റെ നേതൃത്വത്തിൽ അവിടെ സംഘടിപ്പിക്കുന്ന മധ്യവേനൽ അവധിക്കാല ബൈബിൾ ക്ലാസ്സ്, സെന്റ് പോൾസ് സുവിശേഷസംഘ പ്രവർത്തനങ്ങൾ, അനുബന്ധമായി ജീവകാരുണ്യ-ആതുരസേവന പ്രസ്ഥാനങ്ങളായ എം.എ.എഫ്., എസ്.എ.എഫ്., എച്ച്.ബി.എഫ്. തുടങ്ങിയ പ്രവർത്തനങ്ങ

ളിൽ വാപൃതനായി. വൈദിക, അത്മായ, സന്യസ്ത പ്രമുഖരും സുവിശേഷ പ്രഘോഷണ തൽപരരുമായ യുവതീയുവാക്കളുമായി സഹകരിച്ച് പ്രവർത്തിച്ച് ഡീക്കൻ കെ. റ്റി. ഫിലിപ്പ് തന്റെ നേതൃപാടവം പ്രകടമാക്കി.

തലക്കോട് പരുമല മാർ ഗ്രീഗോറിയോസ് ചാരിറ്റബിൾ ട്രസ്റ്റ് പൗലോസ് മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്തായുടെ ജന്മദിനമായ 1976 ഓഗസ്റ്റ് 9-ാം തീയതിയാണ് പ്രവർത്തനമാരംഭിച്ചത്. സമൂഹത്തിലെ വ്യത്യസ്ത മേഖലകളിലുള്ള സമർപ്പിതരായ വൈദിക-അത്മായരുടെ ഒരു നിരയായിരുന്നു തിരുമേനിയുടെ കൂട്ടുവേലക്കാർ. ട്രസ്റ്റ് പ്രവർത്തന മേഖലയുടെ പ്രഥമ സംരംഭം 1963-ൽ ഒ. സി. കുര്യാക്കോസ് അച്ചൻ 25 ആൺകുഞ്ഞുങ്ങളുമായി സമാരംഭിച്ച സെന്റ് മേരീസ് ബോയ്സ് ഹോം 1976-ൽ ഏറ്റെടുക്കുക എന്നതായിരുന്നു. അപ്പോൾ ബോയ്സ് ഹോമിൽ 117 കുഞ്ഞുങ്ങൾ അന്തേവാസികളായി ഉണ്ടായിരുന്നു. 1977 സ്കൂൾ അദ്ധ്യയന വർഷത്തിൽ ഫിലിപ്പ് ശെമ്മാശ്ശനെ പൗലോസ് മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്താ തലക്കോട് സെന്റ് മേരീസ് ബോയ്സ് ഹോമിലെ വാർഡനായി നിയമിച്ചു. തുടർന്ന് വിവിധ മേഖലകളിലുള്ള വ്യക്തികൾക്കും കുടുംബങ്ങൾക്കും അത്താണിയായി ഈ ട്രസ്റ്റ് രൂപാന്തരപ്പെട്ടു.

1977 മുതൽ 1982 വരെ ബോയ്സ് ഹോം വാർഡനായി ഫിലിപ്പ് ശെമ്മാശൻ പ്രവർത്തിച്ചു. 1982 മുതൽ 2010 വരെ ട്രസ്റ്റ് കറസ്പോണ്ടന്റ് കം ഡയറക്ടർ ആയിരുന്നു. 2010 മുതൽ 2019 ആഗസ്റ്റ് 7 വരെ വൈസ് പ്രസിഡന്റ് പദവി വഹിച്ചു. എം.ജി. ഐ.റ്റി.ഐ. തുടങ്ങിയ കാലം മുതൽ അദ്ധ്യാപകനായി സേവനം ചെയ്തു. മലങ്കര ഓർത്തഡോക്സ് സഭയിലെ നിരണം, കൊച്ചി ഭദ്രാസനത്തിലെ വിവിധ ഇടവകകളിൽ പൗരോഹിത്യ ശുശ്രൂഷ നിർവഹിച്ചു. 2019 ഓഗസ്റ്റ് 7-ന് ഫിലിപ്പച്ചൻ നിത്യതയിൽ പ്രവേശിച്ചു.

സെമിനാരി പഠനകാലത്ത് ഞങ്ങൾ രണ്ടുപേരും തൃപ്പൂണിത്തുറ-കോലഞ്ചേരി നിവാസികളെന്ന നിലയിൽ അടുപ്പക്കാരായി. ഞാൻ സെമിനാരിയിൽ ചെല്ലുമ്പോൾ ഫിലിപ്പച്ചൻ രണ്ടാം വർഷ വിദ്യാർത്ഥി. പ്രായത്തിൽ ഞാൻ മുമ്പനായിരുന്നെങ്കിലും സെമിനാരിയിൽ ഫിലിപ്പിന്റെ ജൂണിയറായിരുന്നു ഏലിയാസ്.

## ഞങ്ങൾ 'രക്തബന്ധ'മുള്ളവർ

അന്ന് ഫിലിപ്പിന്റെ മോണകളിൽ കൂടി രക്തസ്രാവം ഉണ്ടാകുമായിരുന്നു. സെമിനാരി കുടുംബത്തിൽ അദ്ധ്യാപകരുടെയും സഹപാഠികളുടെയും കൂടുതൽ ശ്രദ്ധ ഫിലിപ്പിന് ലഭിച്ചിരുന്നു. വിശിഷ്യ അദ്ധ്യാപകരായ ഫാ. പോൾ വർഗീസ് (പൗലോസ് മാർ ഗ്രീഗോറിയോസ്), ഫാ. എം. വി. ജോർജ് (ഗീവർഗീസ് മാർ ഒസ്താത്തിയോസ്), ഫാ. കെ. കെ. മാത്യൂസ് (മാത്യൂസ് മാർ ബർണബാസ്), ഫാ. ടി. ജെ. ജോഷ്വാ എന്നിവരുടെ നേതൃത്വത്തിൽ

അന്നത്തെ സെമിനാരി വിദ്യാർത്ഥികളായിരുന്ന കെ. ഐ. പോൾ (പ. പൗലോസ് രണ്ടാമൻ കാതോലിക്കാ ബാവാ), സി. സി. ചെറിയാൻ, ഈ ലേഖകൻ ഉൾപ്പെടെ കോട്ടയം മെഡിക്കൽ കോളജിലെ പരിചരണത്തിലെ മുൻനിരക്കാരായിരുന്നു. ടി. ജെ. ജോഷ്വാ അച്ചന്റെ ജീവിതപങ്കാളി ഡോ. മറിയാമ്മ ജോഷ്വായുടെ സന്ദർഭോചിതമായ ഇടപെടൽ മെഡിക്കൽ കോളജിലെ ജീവനക്കാർക്ക് ശെമ്മാശ്ശനിൽ ശ്രദ്ധ കേന്ദ്രീകരിക്കുവാൻ മുഖാന്തരമായിത്തീർന്നു. വർഷത്തിൽ ഒന്നിൽ കൂടുതൽ പ്രാവശ്യം കോട്ടയം, കോലഞ്ചേരി ആശുപത്രികളിൽ പ്രവേശനം എടുത്ത് ഒ പോസിറ്റീവ് രക്തം സ്വീകരിക്കേണ്ടി വന്നിട്ടുണ്ട്. പല തവണ രക്തം കൊടുക്കുവാൻ എനിക്കും അവസരം ലഭിച്ചു. അങ്ങനെ ഞങ്ങൾ തമ്മിൽ 'രക്തബന്ധ'മുള്ളവരായി തീർന്നു.

## ഫിലിപ്പച്ചന്റെ കുടുംബം, പ്രവർത്തന മേഖലകൾ

കോട്ടയം പാക്കിൽ കാരമൂട് ഇടവകയിലെ കരിക്കൻപാക്കിൽ ഇട്ടി-തങ്കമ്മ ദമ്പതികളുടെ മകളായ സൂസമ്മയാണ് ജീവിതപങ്കാളി. ഈ തെരഞ്ഞെടുപ്പിന് മുമ്പ് മുളന്തുരുത്തി പ്രാന്തപ്രദേശത്തുള്ള മൂന്ന് വിവാഹ ആലോചനകൾ എന്റെ ജീവിതപങ്കാളിയായ ഏലിയാമ്മയുമൊത്ത് പോയി കണ്ടു എങ്കിലും വ്യത്യസ്തമായ കാരണങ്ങളാൽ അത് നടന്നില്ല. ആ സമയത്ത് ഫാ. സി. സി. ചെറിയാനും ഏലിയാമ്മയും (ഫിലിപ്പച്ചൻ മരിക്കുന്നതു വരെ ഏലിയാമ്മയെക്കുറിച്ച് 'എന്റെ വീട്ടിൽ ജനിക്കാതെപോയ എന്റെ പെങ്ങൾ' എന്നാണ് വിശേഷിപ്പിച്ചിട്ടുള്ളത്) ഫിലിപ്പ് ശെമ്മാശ്ശനും ഒരുമിച്ച് കരിക്കാടൻപാക്കിൽ കുടുംബത്ത് ആലോചനയുമായി വരികയും അത് വിവാഹത്തിലെത്തുകയും ചെയ്തു. 1982 ഏപ്രിൽ 18-ന് വെട്ടിക്കൽ ദയറായിൽ വെച്ച് നടന്ന വിവാഹ ശുശ്രൂഷയിൽ പൗലോസ് മാർ ഗ്രീഗോറിയോസ് മുഖ്യകാർമ്മികനായിരുന്നു. ഈ ദമ്പതിമാർക്ക് ദൈവം നൽകിയ മകനാണ് മീഖാ. ഈ കുഞ്ഞിന് വെട്ടിക്കൽ ദയറായിൽ വെച്ച് ജോസഫ് മാർ പക്കോമിയോസ് തിരുമേനി തലതൊട്ട് ജ്ഞാനസ്നാനം നടത്തി. മാർ ഒസ്താത്തിയോസ് തിരുമേനി രൂപകല്പന ചെയ്ത യാച്ചാരം പ്രൊജക്ടിൽ ജോയിൻ ചെയ്ത് സഭയ്ക്കും സമൂഹത്തിനുംവേണ്ടി പ്രവർത്തിക്കാൻ ഈ മകനെ അച്ചൻ സമർപ്പിച്ചു. എം.എസ്.ഡബ്ല്യു. പാസ്സായ മീഖാ ഇപ്പോൾ കേരളത്തിലെ ഒരു പ്രമുഖ ആശുപത്രിയിൽ ആതുരസേവനത്തിൽ വ്യാപൃതനാണ്.

6-6-1982-ൽ പൗലോസ് മാർ ഗ്രീഗോറിയോസ് തിരുമേനിയിൽ നിന്ന് വൈദികപട്ടം സ്വീകരിച്ചു. 7-8-2019-ൽ പിതാക്കന്മാരോടു ചേർന്നു. മലങ്കര ഓർത്തഡോക്സ് സഭയുടെ പ്രധാന ഇടയൻ പ. ബസേലിയോസ് പൗലോസ് ദ്വിതീയൻ കാതോലിക്കാ ബാവായുടെ കാർമ്മികത്വത്തിലും സഹോദര മെത്രാപ്പോലീത്താമാരുടെ സഹകരണത്തിലും വൈദിക, അത്മായ സന്യസ്തരുടെ പങ്കാളിത്തത്തിലും തുരുത്തിക്കര മാർ ഗ്രീഗോറിയോസ്

ചാപ്പൽ സെമിത്തേരിയിൽ അന്ത്യവിശ്രമം കൊള്ളുവാൻ ദൈവം അവസരം കൊടുത്തു. നിത്യതയിൽ ഈ ആചാര്യനെ കാണുവാൻ ദൈവം നമുക്ക് അവസരം നൽകട്ടെ എന്നു പ്രാർത്ഥിക്കുന്നു.

ഫാ. കെ. റ്റി. ഫിലിപ്പിന്റെ ജീവിതം ഓർമ്മിപ്പിക്കുന്നത് പൗലോസ് ശ്ലീഹാ യുവ പുരോഹിതനായ തിമോഥിയോസിനു കൊടുത്ത ഉപദേശമാണ്. "...യേശുക്രിസ്തുവിന്റെ നല്ല ഭടനായി നീയും എന്നോടു കൂടി കഷ്ടത സഹിക്കുക. നാം അവനോടു കൂടി മരിച്ചു എങ്കിൽ അവനോടു കൂടി ജീവിക്കും. സഹിക്കുന്നു എങ്കിൽ അവനോടു കൂടി വാഴും.."

പി.എം.ജി.എം.സി. ട്രസ്റ്റിന്റെ വിവിധ മേഖലകളിലും, വിവിധ ഇടവകകളിലും പ്രസ്ഥാനങ്ങളിലും ഒരു ബലിവസ്തുവായി രൂപാന്തരം പ്രാപിച്ച കെ. റ്റി. ഫിലിപ്പച്ചന്റെ പ്രവർത്തനങ്ങളിലേക്ക് വെളിച്ചം വീശുവാൻ ഒരു സ്മരണിക ആവശ്യമാണെന്ന് ഞങ്ങളുടെ രണ്ടുപേരുടെയും ആത്മമിത്രവും 'വിനയം സൗമ്യം മധുരം: ഫാ. കെ. റ്റി. ഫിലിപ്പ് സ്മൃതിഗ്രന്ഥം' എഡിറ്റോറിയൽ ബോർഡ് അംഗവുമായ തോമസ് പോൾ, മ്യാലിൽ (ദുബായ്) അഭിപ്രായപ്പെടുകയും ആ നിർദ്ദേശം ട്രസ്റ്റ് പ്രസിഡന്റായ ഗീവർഗീസ് മാർ കൂറിലോസ് മെത്രാപ്പോലീത്താ അംഗീകരിക്കുകയും അതിൻപ്രകാരം ഈ ഗ്രന്ഥം പ്രസിദ്ധീകരിക്കുകയും ചെയ്യുന്നു.

പ. ബസേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതീയൻ കാതോലിക്കാ ബാവാ, അഭിവന്ദ്യ മെത്രാപ്പോലീത്താമാർ, വൈദിക ശ്രേഷ്ഠർ, അച്ചന്റെ സുഹൃത്തുക്കൾ തുടങ്ങിയവർ ഈ സംരംഭത്തിൽ പങ്കാളിയായിട്ടുണ്ട്. വിസ്തരഭയത്താൽ അവരുടെ പേരുകൾ ഇവിടെ രേഖപ്പെടുത്തുന്നില്ല. ഫിലിപ്പച്ചൻ വൈദിക ശുശ്രൂഷ നിർവഹിച്ച ഇടവകകളിലെ സുമനസ്സുകളുടെ സാമ്പത്തിക കൈത്താങ്ങൽ ഈ ഗ്രന്ഥനിർമ്മിതിക്കുണ്ട്. ഈ രചന മുദ്രണം ചെയ്ത് പ്രസിദ്ധീകരണയോഗ്യമാക്കിയത് കോട്ടയം സോഫിയാ ബുക്സ് ആണ്. അതിന്റെ അമരക്കാരിൽ പ്രധാനികളായിരിക്കുന്ന അഭിവന്ദ്യ ഗബ്രിയേൽ മാർ ഗ്രീഗോറിയോസ് തിരുമേനി, ജോയ്സ് തോട്ടയ്ക്കാട് എന്നിവരോടുള്ള നന്ദി അറിയിക്കുന്നു.

ഈ ഗ്രന്ഥം ദൈവതിരുനാമ മഹത്വത്തിനും സർവ്വസൃഷ്ടിയുടെയും പുനർ നിർമ്മിതിക്കും ഉതകിയാൽ ഞങ്ങൾ ധന്യരായി. നിത്യതയിലെ ഈ ശ്രേഷ്ഠാചാര്യന്റെ മദ്ധ്യസ്ഥത അച്ചനുമായി ബന്ധപ്പെട്ട എല്ലാ ആളുകൾക്കും കാവലാകട്ടെ.

**ഫാ. ഡോ. ടി. പി. ഏലിയാസ്**
(എഡിറ്റർ)

തലക്കോട്
ശൂനോയോ പെരുന്നാൾ 2020

# പ്രസാധകക്കുറിപ്പ്

ഡോ. പൗലോസ് മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്താ സ്ഥാപിച്ച പരുമല മാർ ഗ്രീഗോറിയോസ് ചാരിറ്റബിൾ ട്രസ്റ്റ് (സ്ഥാപിതം 1976) നിരാലംബരായ വ്യക്തികൾക്കും കുടുംബങ്ങൾക്കും തദ്വാര വർത്തമാന സമൂഹത്തിനും സാന്ത്വനമേകുന്നു. 1963-ൽ ഒ. സി. കുര്യാക്കോസ് കോർഎപ്പിസ്ക്കോപ്പാ തുടക്കം കുറിച്ച തലക്കോട് സെന്റ് മേരീസ് ബോയ്സ് ഹോം, സഹോദര പ്രസ്ഥാനങ്ങളായ മാർ ഗ്രീഗോറിയോസ് ചാപ്പൽ, ഐ.ടി.ഐ, സംപ്രീതി ഭവൻ, സൗജന്യ ഡയാലിസിസ് സെന്റർ തുടങ്ങിയ പ്രസ്ഥാനങ്ങളിലൂടെ അനേകംപേർക്ക് ആശ്വാസമേകി വരുന്നു. ഈ സംരംഭങ്ങളുടെ നേതൃനിരയിൽ ബോംബെ ഭദ്രാസനാധിപൻ ഗീവർഗീസ് മാർ കൂറിലോസ് മെത്രാപ്പോലീത്താ, ഫാ. ഡോ. ടി. പി. ഏലിയാസ്, ഫാ. വിജു ഏലിയാസ്, ഫാ. വിനോദ് ജോർജ്, ഫാ. ജോൺ മാത്യൂസ് (ചാപ്ലയിൻ), ഡോ. ചെറിയാൻ ഈപ്പൻ, ജോയി പി. ജേക്കബ്, സലിം പി. രാജൻ, ജോർജ് കുര്യാക്കോസ്, ബാബു പോൾ, സി. ഇ. വർഗീസ് എന്നിവരും ഓഫീസ് സഹകാരികളായി ഷാജി മലയൻ (ഓഫീസ് മാനേജർ), സുബിൻ കെ. പി., തോമസ് വർഗീസ്, ഗ്ലെയിൻ തോമസ് തുടങ്ങിയവരും ഈ ശൃംഖലയിലെ കണ്ണികളായി സ്തുത്യർഹ സേവനം നിർവ്വഹിക്കുന്നു.

ഇവരോടും ഐ.ടി.ഐ., ബോയ്സ് ഹോം, ഡയാലിസിസ് സെന്റർ പ്രവർത്തകരോടും, എഡിറ്റോറിയൽ ബോർഡ് അംഗങ്ങൾ, ആലോചനാ സമിതി അംഗങ്ങൾ, ലേഖകർ, സ്മരണികാ കോ-ഓർഡിനേറ്റർ മീഖാ ഫിലിപ്പ് കരപ്പള്ളിൽ, 'വിനയം സൗമ്യം മധുരം: ഫാ. കെ. റ്റി. ഫിലിപ്പ് സ്മൃതി ഗ്രന്ഥം' എന്ന ഈ കൃതിയുടെ പ്രസിദ്ധീകരണത്തിന് ചുക്കാൻ പിടിച്ച പൗലോസ് മാർ ഗ്രീഗോറിയോസ് തിരുമേനിയുടെ ശിഷ്യനും ഫിലിപ്പച്ചന്റെ സുഹൃത്തുമായ ജോയ്സ് തോട്ടയ്ക്കാടിനോടുമുള്ള (സോഫിയാ ബുക്സ്, കോട്ടയം) ഹൃദയപൂർവ്വമായ നന്ദി ട്രസ്റ്റിന്റെ പേരിൽ അറിയിക്കുന്നു.

സോഫിയാ ബുക്സിന്റെ സഹകരണത്തോടെ പി.എം.ജി.എം.സി. ട്രസ്റ്റ് ഈ ഗ്രന്ഥം പ്രാർത്ഥനാപൂർവ്വം സമൂഹ നന്മയ്ക്കായി സവിനയം സമർപ്പിക്കുന്നു.

**ജോയി പി. ജേക്കബ്**

**സെക്രട്ടറി, എം.ഒ.സി. മെഡിക്കൽ കോളജ്,**
**കോലഞ്ചേരി**

(ഗവേണിംഗ് ബോർഡ് മെംബർ
പി.എം.ജി.എം.സി. ട്രസ്റ്റ്)

ശൂനോയോ പെരുന്നാൾ 2020

# ഉള്ളടക്കം


| | | |
|---|---|---|
| അനുഗ്രഹ സന്ദേശം | പ. കാതോലിക്കാ ബാവാ | 5 |
| ആശംസ | സഖറിയാ മാർ അന്തോണിയോസ് | 6 |
| ആശംസ | ഡോ. യാക്കോബ് മാർ ഐറേനിയോസ് | 7 |
| ആശംസ | അഡ്വ. ബിജു ഉമ്മൻ | 8 |
| അവതാരിക | ഗീവർഗീസ് മാർ കൂറിലോസ് | 9 |
| മുഖമൊഴി | ഫാ. ഡോ. ടി. പി. ഏലിയാസ് | 14 |
| പ്രസാധകക്കുറിപ്പ് | ജോയി പി. ജേക്കബ് | 19 |
| നിലപാടുകളിൽ ഉറച്ചുനിന്ന വൈദികൻ | ഡോ. തോമസ് മാർ അത്താനാസ്യോസ് | 24 |
| കാപട്യമില്ലാത്ത കാരുണ്യവാൻ | ഡോ. മാത്യൂസ് സേവേറിയോസ് | 27 |
| കപടമില്ലാത്ത കർത്തൃദാസൻ | ഡോ. യൂഹാനോൻ മാർ ക്രിസോസ്റ്റമോസ് | 29 |
| നല്ല അജപാലകൻ | യൂഹാനോൻ മാർ പോളിക്കർപ്പോസ് | 32 |
| നിഷ്കളങ്കമായ സ്നേഹസ്പർശം | ഡോ. യൂഹാനോൻ മാർ തേവോദോറോസ് | 34 |
| ഉത്സാഹിയും വിശ്വസ്തനുമായ ആചാര്യൻ | കെ. ഐ. ഫിലിപ്പ് റമ്പാൻ | 39 |
| ആദർശനിഷ്ഠനായ അജപാലകൻ | ഫാ. ഡോ. റ്റി. ജെ. ജോഷ്വാ | 40 |
| ജനങ്ങൾക്കു വേണ്ടിയും ജനങ്ങളോടൊപ്പവും | ഫാ. ഡോ. കെ. എം. ജോർജ് | 44 |
| ആദർശ വ്യക്തിത്വത്തിനൊരുദാഹരണം | ഫാ. ഡോ. ജേക്കബ് കുര്യൻ | 51 |
| കുറച്ചു വാക്കുകളും കൂടുതൽ പ്രവൃത്തിയും | ഫാ. ഡോ. ഒ. തോമസ് | 54 |
| പക്വതയും ശൗര്യവും നിറഞ്ഞ വ്യക്തിത്വത്തിന്റെ ഉടമ | ഫാ. ഡോ. ജോൺസ് ഏബ്രഹാം കോനാട്ട് | 57 |
| സഭാസമാധാനം ആഗ്രഹിച്ച കെ. റ്റി. ഫിലിപ്പ് അച്ചൻ | ഫാ. ഡോ. എം. ഒ. ജോൺ | 60 |
| സാക്ഷ്യപ്രത്യാശയോടെ അന്ത്യംവരെ | ഫാ. ഡോ. ബിജേഷ് ഫിലിപ്പ് | 63 |
| മുഖകാന്തിയോടെ സ്ലീബാദാസ സമൂഹ കൂട്ടുവേലക്കാരൻ | ശെമവൂൻ റമ്പാൻ | 66 |
| ശാശ്വത സമാധാനകാംക്ഷി | ഫാ. സി. സി. ചെറിയാൻ | 67 |
| Philip Achen: An Ideal Priest | Justice Benjamin Koshy | 69 |
| ഒരു ഓടക്കുഴൽ | ജിജി തോംസൺ ഐ.എ.എസ്. | 70 |
| സൗമ്യതയുടെ പര്യായം | ആർ. ശ്രീലേഖ ഐ.പി.എസ്. | 73 |
| സ്നേഹാഗ്നി ചൂളയിൽ | സ്വാമി അഗസ്റ്റിൻ | 76 |
| ആകർഷക വ്യക്തിത്വം | ടിനു യോഹന്നാൻ | 77 |
| മധുരോദാരമായ ഒരു സൗഹൃദം | ഡോ. ചെറിയാൻ ഈപ്പൻ | 79 |

| | | |
|---|---|---|
| സ്വാധീനശക്തിയുള്ള സാത്വികൻ | ഫാ. വിനോദ് ജോർജ് | 83 |
| എന്റെ തലക്കോട് വാസം | ഫാ. അനീഷ് ഐസക് മാത്യൂസ് | 86 |
| കുടുംബ സുഹൃത്ത് | സലിം പി. രാജൻ | 87 |
| തൃപ്പൂണിത്തുറയിൽ നിന്ന് മുളന്തുരുത്തിയിലേക്ക് | കെ. സി. വിൽസൺ, കൊളുത്താൽ | 88 |
| ആ ശൂന്യത വലുത് | ഫാ. വിജു ഏലിയാസ് | 89 |
| സഞ്ചാരിയായ ഫിലിപ്പച്ചൻ | തോമസ് പോൾ മ്യാലിൽ, ദുബായ് | 91 |
| മനുഷ്യസ്നേഹിയായ ആചാര്യൻ | ഷാജി ജെ. മലയൻ | 93 |
| പ്രസന്നതയുടെ വ്യക്തിത്വം | തോമസ് വർഗീസ് | 95 |
| ബോയ്സ് ഹോമും ഫിലിപ്പച്ചനും | സുബിൻ കെ. പി. | 96 |
| വനിത ക്ഷേമ സംരംഭവും കെ. റ്റി. ഫിലിപ്പച്ചനും | പി. പി. വിൽസൺ പുല്യാട്ട്, തുരുത്തിക്കര | 97 |
| ഒരു മാമ്പഴക്കാലത്ത് | സി. ഇ. ഗീവർഗീസ് വരിക്കോലി | 98 |
| കർമ്മനിരതനായിരുന്ന കെ. റ്റി. ഫിലിപ്പച്ചൻ | ഫാ. ഒ. വി. ഏലിയാസ് | 99 |
| ആത്മാക്കളുടെ രക്ഷയ്ക്ക് ദാഹിച്ച ഒരു പുരോഹിത ശ്രേഷ്ഠൻ | ഫാ. ഫീലിപ്പോസ് കാർത്തികപ്പള്ളി | 102 |
| നല്ല ഫലം കായ്ക്കുന്ന വൃക്ഷം | ഫാ. എം. സി. കുര്യാക്കോസ് | 106 |
| ആകർഷക സാന്നിദ്ധ്യം | ഫാ. യാക്കോബ് തോമസ് | 108 |
| ഗുരുതുല്യനായി സ്നേഹിച്ച് ... | ഫാ. തോമസ് മ്യാലിൽ | 109 |
| ദൈവികനായ വൈദികൻ | ഫാ. ഗീവർഗീസ് കെ. കെ. നല്ലില | 111 |
| ഇടയത്വ ശുശ്രൂഷയുടെ മഹനീയ മാതൃക | ഫാ. സൈമൺ ജോസഫ് വാഴക്കാല | 114 |
| ദിവ്യമീ ബോധനം | ഫാ. തോമസ് കെ. ഏലിയാസ് | 116 |
| ഓർമ്മകളിലെ ഫിലിപ്പച്ചൻ | ഫാ. റ്റി. പി. കുര്യൻ | 117 |
| ആത്മാർപ്പണം തെളിയിച്ച ആചാര്യൻ | ഫാ. ഡോ. മാത്യൂസ് എം. ഡാനിയേൽ | 118 |
| സുവിശേഷപ്രസംഗകനായ ഫിലിപ്പച്ചൻ | ഫാ. വി. എ. മാത്യൂസ് പിറവം | 121 |
| ഓർമ്മയിലെ അഹറോൻ | ഫാ. സോമു കെ. ശാമുവേൽ | 123 |
| സ്നേഹവാനായ പിതാവ് | സന്തോഷ് സ്ലീബാ കരപ്പള്ളിൽ | 125 |
| എന്റെ കൊച്ചുസഹോദരൻ | കെ. റ്റി. സ്ലീബാ കരപ്പിള്ളിൽ | 126 |
| പ്രിയ അമ്മാച്ചൻ | കമാണ്ടർ സന്തോഷ് ജോൺ | 129 |
| ആത്മീയ സഹോദരന് പ്രാർത്ഥനയോടെ | സൂസമ്മ സുരേഷ് കരിക്കാടൻപാക്കിൽ | 130 |
| ക്രിസ്തീയ ജീവിതത്തിന്റെ നേർക്കാഴ്ച | അഡ്വ. കെ. വി. സാബു, തൃപ്പൂണിത്തുറ | 132 |
| ഓർത്തഡോക്സ് വിശ്വാസത്തിൽ ഉറച്ചുനിന്നു | ജോൺസൺ ചെമ്പാലിൽ വെട്ടിത്തറ | 133 |

| | | |
|---|---|---|
| നമുക്കുവേണ്ടി മദ്ധ്യസ്ഥത അണയ്ക്കുന്ന | | |
| | ഡോ. പോൾ പുത്തൂരാൻ | 134 |
| പരിശുദ്ധാത്മഫലങ്ങളുടെ നിറവായിരുന്ന... | | |
| | ജോസ് കുര്യൻ പുളിയേരിൽ | 136 |
| കെടാവിളക്ക് | പ്രൊഫ. എം. വൈ. യോഹന്നാൻ | 139 |
| ആ ജീവിത സുഗന്ധം | ജോയ്സ് തോട്ടയ്ക്കാട് | 141 |
| ആ പുഞ്ചിരിക്ക് പ്രണാമം | ഡോ. ഫിലിപ്പ് ജോൺ | 146 |
| കരഞ്ഞു പ്രാർത്ഥിക്കുന്ന... | ലിൻസ് ഐനാട്ട് | 148 |
| Long and Fruitful Relationship | Thomas Varghese, Vyshyanparambil | 149 |
| പുഞ്ചിരിയുടെ വാതായനം | ജോൺസൺ കൊളുത്താൽ | 150 |
| എന്റെ ഓർമ്മകളിലെ ഫിലിപ്പച്ചൻ | ഷാജി അറയ്ക്കൽ, തലക്കോട് | 151 |
| തേജസ്സുറ്റ മുഖം | അജി കുര്യൻ ഇടപ്പങ്ങാട്ടിൽ | 153 |
| സ്നേഹവത്സലൻ | ജേക്കബ് റ്റി. റ്റി. പൈനുങ്കൽപാറ | 155 |
| ദിവ്യബോധനവും ഫിലിപ്പച്ചനും | എസ്. കെ. അടൂർ | 156 |
| വന്ദ്യ ഗുരു | അനന്തു അനിൽ ഗീവർഗീസ് | 158 |
| കർമ്മനിരതനായിരുന്ന പുരോഹിതൻ | | |
| | ഫാ. പി. ഐ. വർഗീസ് | 159 |
| ഞങ്ങളുടെ പ്രിയ ഫിലിപ്പച്ചൻ | ഡോ. നവോമി വെട്ടത്ത് | 161 |
| സുസ്മരണാർഹനായ ഫിലിപ്പച്ചൻ | അഡ്വ. വർഗീസ് പി. തോമസ് | 168 |
| സ്നേഹത്തിന്റെ നിറകുടം | ജോർജ് ജോസഫ്, പാലാരിവട്ടം | 172 |
| സ്നേഹവും കരുതലുമുള്ള ഇടയൻ | ലീലാമ്മ കുര്യൻ | 173 |
| സ്നേഹവും കരുതലും നൽകി | ക്രിസ്ത്യൻ കൃപാ ജോൺ | 174 |
| എന്റെ ഫിലിപ്പച്ചൻ | നോലിൻ പാലാരിവട്ടം | 175 |
| ദൈവത്തെയും മനുഷ്യനെയും അറിഞ്ഞ പുരോഹിതശ്രേഷ്ഠൻ | | |
| | ഫാ. ദീപു ജോബ് ഡേവിസ് | 177 |
| തേവര ഇടവകയുടെ പ്രഥമ ഇടയൻ | കെ. കെ. ഫിലിപ്പോസ് തേവര | 180 |
| ചെറായി പള്ളിയെ ഉണർത്തി | അഡ്വ. ഓബ്രി ചെറായി | 181 |
| മാതൃകാപരമായ വൈദികശുശ്രൂഷ | തോമസ് കുര്യാക്കോസ് | 182 |
| സ്നേഹസ്മരണ | ടി. സി. സോളമൻ ഇളംകുളം | 183 |
| ആടിനെ അറിയുന്ന ഇടയൻ | ജെയിംസ് കെ. കെ. പടമുകൾ | 184 |
| ഗുരുസ്മരണ | മേരി പോൾ തറയിൽ, മാന്തുരുത്തേൽ | 185 |
| ഇടവകാംഗങ്ങളുമായി നല്ല ബന്ധം | ജെയിംസ് സി. തറയിൽ ആമ്പല്ലൂർ | 186 |
| ചെറായി ഇടവകാംഗങ്ങളുടെ ഓർമ്മയിൽ നിന്ന് | | |
| | മാർത്ത തര്യത്, ചെറായി | 187 |
| ഫിലിപ്പച്ചൻ 'ഒരു പാഠപുസ്തകം' | ഫാ. ജോൺ ബേബി തുരുത്തിക്കര | 188 |
| വടയാപറമ്പിലെ അതുല്യ സേവനം | വി. എം. മർക്കോസ് | 190 |
| ഞാൻ അറിയുന്ന ഫിലിപ്പച്ചൻ | കെ. വി. കുര്യാക്കോസ്, തുരുത്തിക്കര | 192 |
| ആരാധകസമൂഹത്തിന്റെ മനസ്സുതൊട്ട വൈദികൻ | | |
| | ഡെന്നി വർഗീസ്, തുരുത്തിക്കര | 194 |

ഒരു മനോഹര പുഷ്പം സന്തോഷ് തുരുത്തിക്കര, ദുബായ് 196
നിർമ്മലസ്മിതം സാൻജോ വർഗീസ് കൊരട്ടി 197

**ഭാഗം രണ്ട് ഗുരുപ്രണാമം**

കുട്ടികളുടെ സ്നേഹിതൻ ഫാ. കെ. റ്റി. ഫിലിപ്പ് 200
സ്നേഹത്തിന്റെ തൂവൽസ്പർശം ഫാ. കെ. റ്റി. ഫിലിപ്പ് 203

**ഭാഗം മൂന്ന് കശീശാ: ദിവ്യരഹസ്യങ്ങളുടെ പരിസേവകൻ**

പൗരോഹിത്യം അതിന്റെ രൂപവും അടിസ്ഥാനവും
ഡോ. പൗലോസ് മാർ ഗ്രീഗോറിയോസ് 207
വികസനവും ക്രിസ്തീയ കാര്യവിചാരകത്വവും
ഡോ. ഗീവർഗീസ് മാർ ഒസ്താത്തിയോസ് 212
ദൈവദൂതരോട് ചേർന്ന് ദൈവസന്നിധിയിൽ
ഡോ. ഗബ്രിയേൽ മാർ ഗ്രീഗോറിയോസ് 222
ദിവ്യരഹസ്യങ്ങളുടെ പരിസേവകർ
ഫാ. ഡോ. കെ. എം. ജോർജ് 228
പൗരോഹിത്യ ശുശ്രൂഷ 21-ാം നൂറ്റാണ്ടിൽ
ഫാ. ഡോ. ജോസ്സി ജേക്കബ് 242
അദ്ധ്യാത്മികസംഘടനകളുടെ അദ്ധ്യക്ഷനായ വൈദികൻ
പി. തോമസ്, പിറവം 248
Ministering the Mysteries of God Fr. John Mathew 258

അനുബന്ധം - 1

Family Tree 262

അനുബന്ധം - 2

വാർത്തകളും സഭാപിതാക്കന്മാരുടെ കത്തുകളും 263

അനുബന്ധം - 3
പൗലോസ് മാർ ഗ്രീഗോറിയോസും തലക്കോട് ബാലഭവനവും
ജോയ്സ് തോട്ടയ്ക്കാട് 273

ജോയ്സ് തോട്ടയ്ക്കാട്: മലങ്കരസഭയിലെ കയ്യെഴുത്തുപ്രതികളുടെ ചുവര്
ഐനാടൻ 278

ഹൃദയത്തിൽ നിന്നും നന്ദി മീഖാ ഫിലിപ്പ് 279

# നിലപാടുകളിൽ ഉറച്ചുനിന്ന വൈദികൻ


## ഡോ. തോമസ് മാർ അത്താനാസ്യോസ്

(കണ്ടനാട് ഈസ്റ്റ് ഭദ്രാസന മെത്രാപ്പോലീത്ത)


കെ. റ്റി. ഫിലിപ്പച്ചനുമായി എനിക്ക് ഹൃദ്യമായ ജീവിതബന്ധം ഉണ്ടായിരുന്നു. അച്ചൻ വല്ലപ്പോഴും കത്ത് അയക്കാറുണ്ടായിരുന്നു. അച്ചന്റെ സ്വകാര്യ ദുഃഖങ്ങൾ പങ്കിടുവാനും അതുപോലെ ശുശ്രൂഷാജീവിതത്തിലെ പ്രത്യേക സാഹചര്യങ്ങളിൽ ആലോചിക്കാനും ഞാൻ എവിടെ എങ്കിലും എന്തെങ്കിലും എഴുതികൂട്ടുമ്പോൾ പ്രതികരിക്കാനുമൊക്കെയായിരുന്നു അദ്ദേഹം എഴുതുകയോ കാണുകയോ ഒക്കെ ചെയ്തിരുന്നത്. നല്ലൊരു ബന്ധം, വളരെ നല്ലൊരു സൗഹൃദബന്ധം ഉണ്ടായിരുന്നു എന്ന് ആദ്യം തന്നെ അനുസ്മരിക്കുന്നു. വളരെ മിതമായി സംസാരിക്കുന്ന, ഒട്ടും ആവേശം ഉൾക്കൊള്ളാതെ സംസാരിക്കുന്ന, വളരെ മൃതുഭാഷി ആയി സംസാരിക്കുന്ന ഒരു വ്യക്തിയായിരുന്നു അച്ചൻ എന്ന് നമുക്കറിയാം. എന്നാൽ വ്യക്തമായ നിലപാടുകളുള്ള ഒരു മനുഷ്യനുമായിരുന്നു. മലങ്കരസഭയിൽ വീണ്ടും ഒരു പിളർപ്പിന്റെ മദ്ധ്യത്തിലായിരുന്നു അച്ചൻ വൈദിക ശുശ്രൂഷയിലേക്ക് പ്രവേശിച്ചത്. എവിടെ നിൽക്കണം എന്നതിനെപ്പറ്റി അച്ചന് നല്ല ധാരണ ഉണ്ടായിരുന്നു. കാരണം, ചുറ്റുപാടുകൾ കൃത്യമായി വിലയിരുത്തുവാൻ അദ്ദേഹത്തിന് സാധിച്ചിരുന്നു. വിലയിരുത്തുവാൻ സാധിച്ചതുകൊണ്ടു മാത്രം വ്യക്തമായ നിലപാടുകൾ എടുക്കണമെന്ന് നിർബന്ധവുമില്ല. അച്ചൻ അംഗമായിരുന്ന ഇടവകയിൽ അച്ചന്റെ നിലപാടിന് യാതൊരു സ്വാധീനവും ഇല്ലായിരുന്നു. ബന്ധുക്കൾ അദ്ദേഹത്തെ പിൻതുണച്ചില്ല. വടക്കൻപ്രദേശത്തെ പുതിയ അന്തരീക്ഷം അച്ചന്റെ നിലപാടുകൾക്ക് ഒട്ടും അനുകൂലമായിരുന്നില്ല. എങ്കിലും വളരെ വ്യക്തമായ നിലപാട് എടുക്കുകയും ആ നിലപാടിൽ ഉറച്ചു നിൽക്കുകയും ചെയ്തു. എന്നാൽ ആത്യന്തികമായി ഒരു വിഭാഗത്തിന്റെ വക്താവായി നിൽക്കുവാനല്ല അച്ചൻ ആഗ്രഹിച്ചത്. നേരെമറിച്ച് ഈ മലങ്കരസഭയിലെ പ്രതിസന്ധി അവസാനിപ്പിച്ച് ഈ സമുദായം ഒന്നിച്ച് വരണം എന്ന് ആഗ്രഹിച്ച ഒരാളാണ്. അതിനെപ്പറ്റി പലപ്പോഴും ആർക്കും വലിയ ഭാരമുള്ളതായിട്ട് എനിക്ക് തോന്നാറില്ല. എല്ലാവരും അവരവരുടെ നിലപാടുകളിൽ ഉറച്ചുനിൽക്കുക, സ്ഥാനങ്ങളിൽ അള്ളിപ്പിടിച്ചിരിക്കുക എന്നല്ലാതെ തമ്മിലടിക്കുന്ന ഈ സമൂഹത്തിന്റെ ദുരിതങ്ങൾ, ബന്ധത്തിലുണ്ടായ അകൽച്ചകൾ ഇതൊന്നും നമ്മുടെ ചിന്തയിൽ പലപ്പോഴും വരുന്ന കാര്യങ്ങളല്ല. അധികാരാവകാശങ്ങൾ ഉറപ്പിക്കുക എന്നതാണ് പലപ്പോഴും സഭാനേതൃത്വത്തിൽ പ്രധാനപ്പെട്ടത്. എന്നാൽ അച്ചന് ഈ സമുദായത്തിലെ ഭിന്നത

മൂലം ഈ സഭ നശിച്ചുപോയിക്കൂടാ എന്ന ചിന്തയുണ്ടായിരുന്നു. ഏറെ സാദ്ധ്യതകളുള്ള ഈ സമൂഹത്തിന് നല്ല സാക്ഷ്യം വഹിക്കാനാവുമെന്നും അവർ തമ്മിൽ അടിച്ചു നശിക്കുവാനായിട്ട് അനുവദിക്കരുത് എന്ന കൃത്യ മായ ചിന്ത ഫിലിപ്പച്ചന് ഉണ്ടായിരുന്നു. ആ ചിന്തകളായിരുന്നു ഞങ്ങളെ പലപ്പോഴും തമ്മിൽ അടുപ്പിച്ചതും ബന്ധിപ്പിച്ചതും. അത് അച്ചന്റെ ജീവിത ത്തിലെ ഒരു പ്രത്യേകമായ അന്വേഷണമാണ്. ഈ സമൂഹം നിയമാനുസൃ തമായി വീണ്ടും സമാധാനത്തിലേക്കും ഐക്യത്തിലേക്കും വരുന്നതിനായി പ്രവർത്തിക്കുവാനുള്ള ഒരു ധാർമ്മിക ഉത്തരവാദിത്വം നിർവഹിക്കാൻ അദ്ദേഹം ഒത്തിരി പരിശ്രമിച്ചു.

ഇങ്ങനെ പരിശ്രമിക്കുന്നവർ അധികമില്ല. പരിശ്രമിക്കാൻ ഉത്തരവാദി ത്തമുള്ളവർ മൗനം പാലിച്ചപ്പോൾ അച്ചൻ അതിനുവേണ്ടി പ്രാർത്ഥിക്കു കയും അദ്ധ്വാനിക്കുകയും ചെയ്തു. അതാണ് അദ്ദേഹത്തെ വ്യത്യസ്ത നാക്കുന്നത്. ഒരു കാര്യത്തിൽ നിലപാടെടുക്കുകയും, ആ നിലപാടുകൾക്കു വേണ്ടി പ്രവർത്തിക്കുകയും പ്രതിസന്ധികളും പ്രതികൂല സാഹചര്യങ്ങളും വരുമ്പോൾ പ്രശ്നങ്ങളുടെ നടുവിൽ അന്തസ്സായിട്ട് മിണ്ടാതിരിക്കുക എന്നു ള്ളതല്ല അച്ചൻ ചെയ്തത്. പലരും മിണ്ടാതിരിക്കുന്ന സമയം അച്ചൻ അഭി പ്രായം നിർഭയം എത്തേണ്ടിടത്ത് എത്തിക്കാൻ ശ്രമിച്ചു. പല വൈദികർക്കും അവൈദികർക്കും മെത്രാച്ചന്മാർക്കും തോന്നാത്ത ഒരു കാര്യമാണ് അച്ചന് തോന്നിയത്. അതിനു കിട്ടിയ പ്രചോദനം എന്നു പറയുന്നത് അദ്ദേഹത്തിന്റെ ജീവിത സാഹചര്യത്തിൽ അദ്ദേഹം അനുഭവിച്ച വേദനകളും തിരിച്ചറിവു മാണ്.

ഇതൊന്നുമില്ലാത്തവരെ സംബന്ധിച്ചിടത്തോളം ഇതിനെക്കുറിച്ച് മിണ്ടില്ല, അന്വേഷിക്കാറില്ല. തീർച്ചയായിട്ടും തന്റെ ജീവിതാന്ത്യം വരെ താൻ ആഗ്ര ഹിച്ചപ്രകാരം തന്റെ ജീവിതം അതിനുവേണ്ടി സദാ ജാഗ്രത പുലർത്തി എന്നതാണ് എന്നെ സംബന്ധിച്ചിടത്തോളം അച്ചനോടുള്ള ബഹുമാന ത്തിന്റെ പ്രധാന കാരണം. മൃദുഭാഷണവും വളരെ പക്വമായ ജീവിത രീതിയും സമീപനവുമാണ് അച്ചനുള്ളത്. അതിന്റെ പുറകിൽ കരുത്താർ ജ്ജിച്ച ഒരു വ്യക്തിത്വത്തിന്റെ പ്രതിഫലനം ജീവിതത്തിൽ മുഴുവനും ഉണ്ടാ യിരുന്നു.

തീർച്ചയായും നല്ല ഒരു വൈദികനായിരുന്നു. ചെല്ലുന്നിടത്തെല്ലാം അവിടെ അനുഷ്ഠാനങ്ങൾ നടത്തി തിരിച്ചുവരിക എന്ന പതിവ് രീതിയായിരുന്നില്ല അദ്ദേഹത്തിന്. ജനഹൃദയങ്ങളിൽ സ്ഥാനം പിടിച്ച ഒരു വൈദികനായിരുന്നു അദ്ദേഹം. നല്ല കാര്യങ്ങൾ ചെയ്ത് മാത്രമല്ലാതെയും ജനഹൃദയങ്ങളിൽ സ്ഥാനം പിടിക്കുവാൻ സാധിക്കും. പക്ഷേ കരുതലോടെ അദ്ദേഹം ഒരു ഇടവകയെ കരുതി അവരുടെ ജീവിതത്തിൽ സ്ഥിരപ്രതിഷ്ഠ നേടി വന്നു.

അതാണ് ഒരു യഥാർത്ഥ വൈദികൻ ചെയ്യേണ്ടത്. ഈ വൈദികനെ സംബന്ധിച്ചിടത്തോളം ഇടവകജനങ്ങളുടെ ജീവിതത്തെ സ്വാധീനിക്കുവാൻ സാധിച്ചു. നന്മയും ആദ്ധ്യാത്മികതയും വളർത്തുവാൻ ഒരു വൈദികൻ എന്ന നിലയിൽ അദ്ദേഹത്തിന് സാധിച്ചു. അതുപോലെ തന്നെ ബാലഭവനത്തിന്റെ രൂപപ്പെടലിലും വളർച്ചയിലും അദ്ദേഹം ഒത്തിരി അദ്ധ്വാനിച്ചു. അദ്ദേഹം ഇടവക ശുശ്രൂഷയിൽ മാത്രം ശ്രദ്ധ പതിപ്പിക്കാതെ, ഇതുപോലുള്ള സാമൂഹ്യ കാര്യങ്ങളിലും ജീവകാരുണ്യ പ്രവർത്തനങ്ങളിലും പ്രവർത്തിക്കുവാൻ മുന്നിട്ടിറങ്ങി. ബഹുമാനപ്പെട്ട അച്ചൻ വളരെ നല്ല ഓർമ്മകൾ അവശേഷിപ്പിച്ചാണ് ഇവിടെ നിന്ന് പോയത്. ദൈവംതമ്പുരാൻ നിത്യതയിൽ സന്തോഷം നൽകട്ടെ. അദ്ദേഹം ആഗ്രഹിച്ച രീതിയിൽ അനേകർ പ്രവർത്തിക്കുവാൻ ഇടയാകട്ടെ. അദ്ദേഹത്തിന്റെ ജീവിതം സത്പ്രേരണകൾ നമുക്ക് നൽകട്ടെ.

സുവിശേഷത്തിൽ വളരെ താൽപര്യമുള്ള ഒരു വ്യക്തി ആയിരുന്നു. ഇടവക ശുശ്രൂഷയോട് ഒപ്പം തന്നെ സുവിശേഷത്തിന്റെ സ്വാധീനം ഇടവകകളിൽ സൃഷ്ടിക്കുവാൻ അച്ചൻ പരിശ്രമിച്ചു. സുവിശേഷത്തിന്റെ സ്വാധീനം ഇല്ലാതാകുന്നതാണ് ഭിന്നതയുടെ അടിസ്ഥാന കാരണം. ദൈവത്തിന്റെ താൽപര്യവും സുവിശേഷത്തിന്റെ താൽപര്യവും ഇല്ല. നമുക്ക് ഇന്ന് നമ്മുടേതായ താൽപര്യം മാത്രം. അതിന് മുൻഗണന വരുമ്പോൾ ആണ് ആ ജീവിതത്തിന് ആ സമൂഹത്തിന് സമാധാനവും ശാന്തിയും ഇല്ലാതെ വരുന്നത്. ഇതുപോലെയുള്ള ഒരു വ്യക്തിയുടെ തിരോധാനം ഒരു വലിയ വിടവ് നമ്മുടെ ഈ വടക്കൻ പ്രദേശത്ത് സൃഷ്ടിച്ചിട്ടുണ്ട് എന്നാണ് എന്റെ ചിന്ത. അച്ചന് ദൈവം നിത്യശാന്തി നൽകട്ടെ. കുടുംബത്തിന് തുടർന്ന് ജീവിതത്തിൽ കൃപകളും അനുഗ്രഹങ്ങളും സമൃദ്ധമായി ലഭിക്കട്ടെ എന്ന ആശംസയും പ്രാർത്ഥനയോടും കൂടി ഈ വാക്കുകൾ അവസാനിപ്പിക്കുന്നു.

*(തലക്കോട് സെന്റ് മേരീസ് ചാപ്പലിൽ നടത്തിയ അനുസ്മരണ പ്രഭാഷണം)*

# കാപട്യമില്ലാത്ത കാരുണ്യവാൻ


## ഡോ. മാത്യൂസ് സേവേറിയോസ്

(കണ്ടനാട് വെസ്റ്റ് ഭദ്രാസന മെത്രാപ്പോലീത്താ)


ബഹു. കെ. റ്റി. ഫിലിപ്പ് അച്ചൻ ദിവംഗതനായിട്ട് ഒരു വർഷമാകുന്നു. വ്യക്തിപരമായി എനിക്ക് വളരെ അടുപ്പമുള്ള വൈദികനായിരുന്നു അദ്ദേഹം. കോട്ടയം വൈദിക സെമിനാരിയിൽ അദ്ദേഹം പഠിക്കുന്ന കാലം മുതൽ ഞങ്ങൾ തമ്മിൽ പരിചയമുണ്ട്. തുടർന്ന് അച്ചൻ മാവേലിക്കര സുവിശേഷാലയവുമായുള്ള ബന്ധത്തിൽ പലപ്പോഴും ഞങ്ങളുടെ ഭവനം സന്ദർശിക്കുകയും എന്റെ മാതാവുമായി വലിയ സുഹൃദ്ബന്ധം സ്ഥാപിച്ചിട്ടുള്ളത് എന്റെ ഓർമ്മയിൽ വരുന്നു. അദ്ദേഹവും എന്റെ മാതാവും തമ്മിൽ മാതൃപുത്ര ബന്ധം നിലനിർത്തുവാൻ ശ്രദ്ധിച്ചിരുന്നു. ഫിലിപ്പച്ചനെപ്പോലുള്ള ഒരു വൈദികനാകണം എന്ന് എന്റെ മാതാവ് എന്നോട് പറഞ്ഞിട്ടുള്ളതാണ്. ഇടപെടുന്ന ആരെയും ഹൃദയംഗമായി സ്നേഹിക്കുവാൻ, കാപട്യമില്ലാത്ത ബന്ധങ്ങൾ സ്ഥാപിക്കുവാൻ അദ്ദേഹത്തിന് അനുതരസാധാരണമായ ഒരു കഴിവ് ഉണ്ടായിരുന്നു. അദ്ദേഹത്തിന്റെ ഹൃദയ നൈർമ്മല്യത അല്പം കൂടിപ്പോയോ എന്ന് പലപ്പോഴും എനിക്ക് തോന്നിയിട്ടുണ്ട്. കാരണം മനസ്സിൽ ഒന്നും ഒളിച്ചുവെയ്ക്കാതെ ഓരോ സാഹചര്യത്തിലും തന്റെ അഭിപ്രായങ്ങൾ വരുംവരാഴിക നോക്കാതെ പ്രകടിപ്പിച്ചതിനാൽ അദ്ദേഹം പലപ്പോഴും തെറ്റിദ്ധരിക്കപ്പെട്ടിട്ടുണ്ട്. കൊച്ചി ഭദ്രാസനത്തിലെ ഒരു നല്ല ഇടവകപട്ടക്കാരൻ എന്ന നിലയിൽ അദ്ദേഹം പരിപൂർണ്ണമായി ഒരു വിജയമായിരുന്നു. അദ്ദേഹം വികാരിയായിരുന്ന ഏതു ഇടവകയിലും വീണ്ടും വികാരിയായി നിയമിക്കുവാൻ ഇടവകജനങ്ങൾ അങ്ങേയറ്റം ആഗ്രഹിച്ചിരുന്നു. പ്രായവ്യത്യാസമില്ലാതെ എല്ലാവരോടും അവരുടെ സ്ഥാനങ്ങൾക്ക് അനുസരണമായി പെരുമാറാനുള്ള കഴിവ് അദ്ദേഹത്തിന് ഉണ്ടായിരുന്നു. സ്നേഹത്തിനും സമാധാനത്തിനും വേണ്ടി എന്തു വിട്ടുവീഴ്ചകളും ചെയ്യുവാൻ അദ്ദേഹം തയ്യാറായിരുന്നു. മറ്റു പലരും വ്യത്യസ്തമായ ഉദ്ദേശ്യങ്ങളോടെ പറഞ്ഞിട്ടുള്ള കാര്യങ്ങൾ അദ്ദേഹം ശരിയെന്ന് ധരിച്ച്, പലപ്പോഴും പ്രകടിപ്പിക്കുവാൻ ശ്രമിച്ചതും അദ്ദേഹത്തിന്റെ നിഷ്കളങ്കതയ്ക്ക് മറ്റൊരു ഉദാഹരണമാണ്. യൗവനകാലം മുതൽ രോഗബാധിതനായിരുന്ന അദ്ദേഹം ദീർഘകാലം പലതരത്തിലുള്ള ക്ലേശങ്ങൾ അനുഭവിക്കേണ്ടി വന്നിട്ടുണ്ടെങ്കിലും അതൊന്നും അദ്ദേഹത്തിന്റെ ഇടവക പ്രവർത്തനത്തെയോ, തലക്കോട് ബാലഭവനത്തിലുള്ള അദ്ദേഹത്തിന്റെ സമർപ്പണ ശുശ്രൂഷയെയോ അൽപ്പംപോലും ബാധിച്ചിരുന്നില്ല. ആരോടും പ്രതികാരമനോഭാവം അദ്ദേഹത്തിന് ഉണ്ടായിരുന്നില്ല. അഭിപ്രായ വ്യത്യാസങ്ങൾ ഉണ്ടായപ്പോൾ പോലും മറ്റുള്ളവരെ ബഹുമാനിക്കുവാനും, ആദരിക്കുവാനും അദ്ദേഹം മറന്നിട്ടില്ല. കക്ഷിവഴക്കുകളുടെ

രൂക്ഷതയിൽ സ്വന്തം ഇടവകയായ തൃപ്പൂണിത്തുറ നടമേൽ പള്ളിയിൽ നിന്ന് വളരെ തിക്തമായ അനുഭവങ്ങൾ നേരിടേണ്ടി വന്നിട്ടുണ്ടെങ്കിലും ആ ഇടവകയിലുള്ള ആളുകളോടും, ബന്ധുജനങ്ങളോടും സ്നേഹം പുലർത്തുവാൻ അദ്ദേഹം പ്രത്യേകം ശ്രദ്ധിച്ചിരുന്നു. ജീവിതത്തിന്റെ അന്ത്യസമയങ്ങളിൽ പോലും തന്റെ അരുമനാഥനായ ക്രിസ്തുവിലുള്ള വിശ്വാസം, പുഞ്ചിരിയോടെ മരണത്തെ നേരിടുവാൻ അദ്ദേഹത്തെ സജ്ജമാക്കി. പ്രാർത്ഥനയിലും, ആരാധനയിലും, നോമ്പിലും, ഉപവാസത്തിലുമെല്ലാം ആർജ്ജിച്ച അദ്ദേഹത്തിന്റെ പക്വമായ ജീവിതശൈലി പ്രത്യാശയുടെ തീരത്ത് അദ്ദേഹത്തെ കൊണ്ടെത്തിച്ചു എന്ന് നമുക്ക് വിശ്വസിക്കാം. പ. പൗലോസ് ശ്ലീഹായെപ്പോലെ "ഓട്ടം തികച്ചു വിശ്വാസം കാത്തു നീതിയുടെ കിരീടത്തിനായി" ഈ ലോകത്തു നിന്ന് യാത്രയായ അദ്ദേഹത്തിന്, നമുക്കുവേണ്ടി തുടർന്നും മദ്ധ്യസ്ഥത അർത്ഥിക്കുവാനും കർത്താവിന്റെ രണ്ടാമത്തെ വരവിൽ സകല വിശുദ്ധന്മാരോടും ചേർന്ന് ജീവകിരീടം പ്രാപിക്കുവാൻ ഇടയാകട്ടെ എന്ന് പ്രാർത്ഥിക്കുന്നു. വിശുദ്ധന്മാരോടും മാലാഖമാരോടും നമുക്ക് മുമ്പേ കടന്നുപോയിട്ടുള്ള മാതാപിതാക്കളോടും സഹോദരങ്ങളോടുമൊപ്പം ആനന്ദമായ സ്തുതികൾ അർപ്പിച്ചുകൊണ്ട്, ദൈവസന്നിധിയിൽ അദ്ദേഹം ആനന്ദിക്കട്ടെ.

# കപടമില്ലാത്ത കർത്തൃദാസൻ

## ഡോ. യൂഹാനോൻ മാർ ക്രിസോസ്റ്റമോസ്

(നിരണം ഭദ്രാസന മെത്രാപ്പോലീത്താ)

നാലര പതിറ്റാണ്ടു കാലത്തെ ആത്മബന്ധം വന്ദ്യനായ കെ. റ്റി. ഫിലിപ്പച്ചനുമായി ഞാൻ അവകാശപ്പെടുന്നു. അഭിവന്ദ്യനായ വലിയ തിരുമേനിയുടെ (ഭാഗ്യസ്മരണാർഹനായ ഗീവർഗീസ് മാർ ഒസ്താത്തിയോസ്) കൂടെ കൂടിയ കാലം മുതലുള്ള അടുപ്പവും ആത്മബന്ധവുമാണ്. ഞാൻ മാവേലിക്കര സെന്റ് പോൾസിൽ (പഴയ സുവിശേഷാലയം) ചെല്ലുമ്പോൾ അദ്ദേഹം അന്ന് ശെമ്മാശ്ശനായിരുന്നു. ഇടയ്ക്കിടെ അവിടെ വരികയും ഞങ്ങളുടെ കൂടെ താമസിക്കുകയും ചെയ്യുമായിരുന്നു. അതിനു മുമ്പ് കുറച്ചുകാലം സുവിശേഷാലയത്തിൽ സ്ഥിരമായി താമസിച്ച് അതിന്റെ ചുമതല വഹിച്ചിരുന്നു. അന്ന് ഒസ്താത്തിയോസ് തിരുമേനി, വൈദികനായിരുന്ന സ്ഥാപനത്തിന് വളരെ സാമ്പത്തിക ബുദ്ധിമുട്ടുകളുണ്ടായിരുന്നു. അതെല്ലാം സഹിച്ചാണ് അച്ചൻ അവിടെ പ്രവർത്തിച്ചത്. വലിയ തിരുമേനി പ്രിയ അച്ചനെ വളരെയധികം സ്നേഹിച്ചിരുന്നു. തിരിച്ചും അതുപോലെയായിരുന്നു. അതുകൊണ്ട് ആ ഭാഗത്ത് കൂടെയെങ്ങാനും തിരുമേനിക്ക് പോകേണ്ടി വന്നാൽ രണ്ടു ഭവനങ്ങളിൽ കയറിയിരിക്കും. ഒന്ന്, കെ. റ്റി. ഫിലിപ്പച്ചന്റെ ഭവനം. മറ്റേത് റ്റി. പി. ഏലിയാസ് അച്ചന്റെ ഭവനം. ഗുരുശിഷ്യ ബന്ധത്തിലെ നിഷ്കളങ്ക ഭാവങ്ങൾ പാരസ്പര്യത്തിൽ പകർന്നിരുന്നത് പലപ്പോഴും കാണുവാൻ കഴിഞ്ഞിട്ടുണ്ട്. അദ്ദേഹത്തിന്റെ ഏക മകൻ മീഖാ എം.ബി.എ. പാസ്സായി കഴിഞ്ഞിട്ടു യാച്ചാരം ബാലഗ്രാമിൽ രണ്ടു വർഷത്തിലധികം സേവനത്തിനയച്ചതും മേൽപറഞ്ഞ ബന്ധത്തിന്റെ ഒരു ബാക്കിപത്രമായിരുന്നു. സമുദായക്കേസ് അച്ചനെ ഒരുപാട് വേദനിപ്പിച്ചിരുന്നു. ഏറ്റവും അടുത്ത ബന്ധുക്കൾപോലും മറുവിഭാഗത്തിലായിരുന്നിട്ടും ഓർത്തഡോക്സ് പക്ഷത്ത് ഉറച്ചുനിൽക്കുവാനുണ്ടായ പ്രധാന കാരണങ്ങളിൽ ഒന്ന്, അദ്ദേഹത്തിന്റെ ഗുരുഭക്തിയായിരുന്നു. ഒസ്താത്തിയോസ് തിരുമേനിയെപ്പോലെ അദ്ദേഹം സ്നേഹിച്ച മറ്റൊരു ഗുരുവായിരുന്നു ഭാഗ്യസ്മരണാർഹനായ ഡോ. പൗലോസ് മാർ ഗ്രീഗോറിയോസ് തിരുമേനി. തിരുമേനിയുടെ തലക്കോടുള്ള ബോയ്സ് ഹോമിൽ ദീർഘകാലം അച്ചൻ പ്രവർത്തിച്ചതും ഗുരു-ശിഷ്യബന്ധത്തിന്റെ നിഷ്കളങ്ക ഭാവമായിരുന്നു.

സമുദായക്കേസ് രൂക്ഷമായ നാളുകളിൽ അച്ചന് പള്ളി ലഭിക്കാനുള്ള ബുദ്ധിമുട്ട് ഉണ്ടെന്നറിഞ്ഞ് ഒസ്താത്തിയോസ് തിരുമേനി നിരണം ഭദ്രാസനത്തിൽ കുറച്ചുകാലം പള്ളി നൽകിയിരുന്നു. മുളന്തുരുത്തിയിൽ നിന്നും വന്ന് വി. കുർബാന ചൊല്ലി പോകാനുള്ള സൗകര്യം പരിഗണിച്ചായിരുന്നു പള്ളി നൽകിയിരുന്നത്.

അച്ചനുമായിട്ടുണ്ടായിരുന്ന അടുപ്പത്തിന്റെ അടിസ്ഥാനത്തിൽ എടുത്തു പറയുവാനാഗ്രഹിക്കുന്ന കാര്യങ്ങൾ:

**1. കപടമില്ലാത്തവനായിരുന്നു**

കർത്താവിന്റെ അടുത്ത് നഥനിയേൽ വരുന്നതു കണ്ടപ്പോൾ കർത്താവ് പറഞ്ഞു "ഇതാ സാക്ഷാൽ ഇസ്രായേല്യൻ. ഇവനിൽ കപടമില്ല" (യോഹ. 1:45). കെ. റ്റി. ഫിലിപ്പച്ചനോട് അടുക്കുന്ന ആർക്കും ബോധ്യമാകും അദ്ദേഹത്തിൽ കപടഭാവങ്ങളില്ല എന്ന്. "നേരെ വാ നേരേ പോ" എന്ന് ഞങ്ങളുടെ നാടൻ ഭാഷയിൽ പറയും. മനുഷ്യബന്ധങ്ങളിലെ നിഷ്കളങ്കത അദ്ദേഹത്തിന്റെ മുഖമുദ്രയായിരുന്നു.

**2. വായനയിലും പഠനത്തിലും ശ്രദ്ധയുള്ളവനായിരുന്നു**

വൈദിക സെമിനാരി പഠനം കഴിഞ്ഞാൽ പലരുടെയും വായനയും പഠനവും പര്യവസാനിക്കുകയാണ്. ശരിക്കും പറഞ്ഞാൽ സെമിനാരി പഠനം പലവിധത്തിലുമുള്ള തുടർ പഠനത്തിനുള്ള ഒരു നല്ല വാതായനം കൂടിയാണ്. ക്ലാസ്സിലെ പഠനം കൂടാതെ കാര്യങ്ങൾ വ്യാപകമായി അന്വേഷിക്കുവാനും കണ്ടെത്തുവാനും സ്വായത്തമാക്കുവാനുമുള്ള ഒരു പരിശീലന കളരി കൂടെയാണ് സെമിനാരി. അറിവിന്റെ ചക്രവാളങ്ങളെ വികസിപ്പിക്കുവാനുള്ള ഒരന്വേഷണ ത്വര സെമിനാരി ജീവിതംകൊണ്ട് ചിലർക്കെങ്കിലും ഉണ്ടാകുന്നു. സെമിനാരി പഠനത്തിനു ശേഷം സെക്കുലർ മേഖലയിൽ ഒന്നോ, രണ്ടോ ബിരുദാനന്തര ബിരുദം എടുക്കുവാൻ അദ്ദേഹത്തിന് കഴിഞ്ഞിട്ടുണ്ടെന്നും അറിയുന്നു.

പ. പൗലോസ് അപ്പോസ്തോലൻ തിമോഥിയോസിനെ ഓർമ്മിപ്പിക്കുന്നു, "ഞാൻ വരുവോളം വായന, പ്രബോധനം, ഉപദേശം എന്നിവയിൽ ശ്രദ്ധിച്ചിരിക്കാം" (1 തിമോ. 4:13). അച്ചൻ പൊതുവായ വായനയ്ക്കും പഠനത്തിനും സമയം കണ്ടെത്തിയിരുന്നു. ഒരു കാലഘട്ടത്തിൽ കൺവൻഷൻ രംഗത്തും അദ്ദേഹം ഉണ്ടായിരുന്നു. തന്റെ വായനയുടെയും പഠനത്തിന്റെയും പ്രതിഫലനങ്ങൾ പ്രഭാഷണത്തിലുടനീളം ശ്രോതാക്കൾക്ക് ബോദ്ധ്യപ്പെടുമായിരുന്നു.

**3. ഇടവക ശുശ്രൂഷയിൽ പൂർണ്ണ പ്രതിബദ്ധതയുള്ളവനായിരുന്നു**

അച്ചന്റെ ഇടവക ശുശ്രൂഷ അടുത്തും അകന്നും നിന്നു കാണുവാൻ അനേക അവസരങ്ങൾ ഉണ്ടായിട്ടുണ്ട്. നിരണം ഭദ്രാസനത്തിൽ നടത്തിയ ശുശ്രൂഷ മാത്രമല്ല ഇതര ഇടവകകളിലും. അവയിൽ പലതിലും പ്രസംഗങ്ങൾക്കായി എന്നെ ക്ഷണിക്കുമായിരുന്നു. ഇടവകജനങ്ങൾക്കു വേണ്ടി ത്യാഗം സഹിക്കുവാൻ സദാ സന്നദ്ധനായിരുന്നു അച്ചൻ. പ. പൗലോസ്

പ്രബോധിപ്പിക്കുന്നതുപോലെ, 'ഉത്സാഹത്തിൽ മടുപ്പില്ലാതെ, ആത്മാവിൽ എരിവുള്ളവരായി കർത്താവിനെ സേവിപ്പിൻ" (റോമർ 12:14) എന്ന പ്രമാണം പാലിക്കുവാൻ പരമാവധി പരിശ്രമിച്ചിട്ടുണ്ട്. ഭാവിക്കേണ്ടതിനു മീതെ ഭാവിച്ചുയരാതെയും (റോമർ 12:3) വലിപ്പം ഭാവിക്കാതെയും എളിയവരോട് ചേർന്നും (വാക്യം 16) ആവോളം എല്ലാവരോടും സമാധാനമായിരിപ്പാൻ (വാക്യം 18) അങ്ങേയറ്റം അദ്ധ്വാനിച്ചിട്ടുണ്ട്.

"മുല്ലപ്പൂമ്പൊടി ഏറ്റുകിടക്കും കല്ലിനുമുണ്ടൊരു സൗരഭ്യം" എന്ന ചൊല്ലുപോലെ ഒസ്താത്തിയോസ് തിരുമേനിയോടുണ്ടായിരുന്ന സഹകരണം അച്ചനിലെ സുവിശേഷ തീക്ഷ്ണതയും ദരിദ്രരോടുള്ള കാരുണ്യഭാവവും വർദ്ധിപ്പിച്ചു. ആരോഗ്യപരമായ പല പ്രയാസങ്ങളും നിരന്തരമായി തന്നെ അലട്ടിയിരുന്നെങ്കിലും അവയെ ഒരു പരിധി വരെ അവഗണിച്ചും അതിജീവിച്ചും പലതും ഉള്ളിലൊതുക്കിയുമായിരുന്നു എല്ലായിടത്തും ഓടിയെത്തിയിരുന്നത്. രോഗികളുടെ കാര്യത്തിൽ പ്രത്യേക പരിഗണന ഉണ്ടായിരുന്നു. ഇടവകാംഗങ്ങളുടെ ജന്മദിനം അവരിൽ പലരും ഓർത്തില്ലെങ്കിലും അച്ചൻ അവരെ അതിരാവിലെ വിളിച്ച് ആശംസകൾ അറിയിച്ചിരിക്കും. ഇടവകയിലെ യുവാക്കളോട് നല്ല സൗഹൃദം നിലനിർത്തിയിരുന്നു. അനേകരെ ദശാംശം കൊടുക്കുന്നതിൽ ആനന്ദമുള്ളവരാക്കി.

വി. അപ്രേം പറയുന്നു, "ഓരോരുത്തർക്കും യാത്ര ചെയ്യേണ്ട ദൂരം കൃത്യമായി അടയാളപ്പെടുത്തിയിരിക്കുന്നു. അതിനപ്പുറം ഒരു ചുവടടിപോലും ആർക്കും വെയ്പാൻ കഴിയുകയില്ല."

കർത്താവേ, സത്യവിശ്വാസത്തോടും നിർമ്മലതയോടും ഉത്സാഹത്തോടും നിന്നെ ശുശ്രൂഷിച്ച ഈ വൈദികനെ, "ഞാൻ ആയിരിക്കുന്നിടത്ത് എന്റെ ശുശ്രൂഷക്കാരനും ആയിരിക്കും" എന്ന് വാഗ്ദാനം ചെയ്ത അനുഭവത്തിന് അർഹനാക്കി തീർക്കേണമെ. ആമ്മീൻ.

# നല്ല അജപാലകൻ

## യൂഹാനോൻ മാർ പോളിക്കർപ്പോസ്

ബഹു. കെ. റ്റി. ഫിലിപ്പച്ചനെ ആദ്യമായി ശ്രദ്ധിക്കുന്നത് 1984-ൽ വെട്ടിക്കൽ ദയറായിലെ പെരുന്നാളിന് എറണാകുളം പള്ളിയിൽ നിന്ന് സംബന്ധിക്കുവാൻ പോയപ്പോഴാണ്. അതിന് മുമ്പ് അച്ചനെ ഒരുപക്ഷേ കണ്ടിരിക്കും എന്നേയുള്ളു. ഒ. വി. ഏലിയാസ് അച്ചനോടൊപ്പമാണ് ആ പെരുന്നാളിൽ ഞാൻ സംബന്ധിക്കുവാൻ പോയത്. കാപ്പി കുടിച്ചുകൊണ്ടിരുന്നപ്പോൾ സുസ്മേരവദനനായി ഒരു കൊച്ചച്ചൻ എന്റെ താടിയെക്കുറിച്ച് ഒരഭിപ്രായ പ്രകടനം നടത്തി, സുപരിചിതനെപ്പോലെ. ഞാൻ തിരിച്ച് ചിരിച്ചുവെങ്കിലും ഇറങ്ങി കഴിഞ്ഞപ്പോൾ ഏലിയാസ് അച്ചനോട്, 'ആ അച്ചൻ ഏതാണെന്ന്' ചോദിച്ചു. അന്നു തുടങ്ങിയ ഊഷ്മളതയും പ്രിയവും അന്ത്യത്തോളം ഉണ്ടായിരുന്നു. എന്നേക്കാൾ 4 വയസ്സ് മൂപ്പാണ്. ഞാൻ സെമിനാരിയിൽ പഠിക്കാൻ പോകുന്നതിന് വർഷങ്ങൾക്ക് മുമ്പ് സെമിനാരിയിൽ ചേർന്നതാണ്; ബാവായുടെ സതീർത്ഥ്യൻ. പക്ഷേ പട്ടമേറ്റത് എന്നേക്കാൾ വൈകി 2 വർഷം കഴിഞ്ഞാണ്. സഭാവഴക്ക് ഒരു കാരണമായിരുന്നിരിക്കണം. ഉടനെ തീർന്നേക്കുമെന്ന ഒരു ചിന്ത മനസ്സിൽ ഉണ്ടായിരുന്നിരിക്കണം.

മാവേലിക്കരയിൽ ഉള്ള സെന്റ് പോൾസ് സുവിശേഷാലയവും, അതിലെ പ്രവർത്തകരുമായും അതിന്റെ തലപ്പത്തുള്ള ഗീവർഗീസ് മാർ ഒസ്താത്തിയോസ് തിരുമേനിയുമായും വളരെ അടുപ്പം ഉണ്ടായിരുന്നു. പ്രശസ്തരും, പ്രഗത്ഭരുമായ പൗലോസ് മാർ ഗ്രീഗോറിയോസ് തിരുമേനി, ഒസ്താത്തിയോസ് തിരുമേനി, ഈവാനിയോസ് തിരുമേനി, കെ. എം. അലക്സാണ്ടർ അച്ചൻ, കോരുത് അച്ചൻ, ജോഷ്വാ അച്ചൻ തുടങ്ങിയ മഹാരഥന്മാരുടെ കീഴിൽ സെമിനാരി പഠനം പൂർത്തിയാക്കാൻ കഴിഞ്ഞത് അച്ചന് അനുഗ്രഹമായിരുന്നു. ഞങ്ങളുടെ പഠനകാലത്തും ഇവരെല്ലാം ഉണ്ടായിരുന്നു എന്നത് ദൈവാനുഗ്രഹമായി കരുതുന്നു. ഗുരുക്കന്മാർ പകർന്നു കൊടുക്കുന്നത് കലർപ്പും കളങ്കവുമില്ലാതെ സ്വീകരിച്ചാൽ മാത്രമേ യഥാർത്ഥ ശിഷ്യൻ ആകൂ. ആ അർത്ഥത്തിൽ അച്ചൻ നല്ല ഒരു ശിഷ്യനായിരുന്നു. ഒരു നല്ല ഗുരുഭക്തനും, വടക്കൻ ഭാഗത്തെ പീഡനങ്ങളുടെ ഇരയും ആയിരുന്നതിനാൽ ഗുരുക്കന്മാർക്ക് വേണ്ടുവോളം താൽപര്യവും പ്രിയവും ഉണ്ടായിരുന്നു. അച്ചന്റെ ഇടവക തൃപ്പൂണിത്തുറ നടമേൽ പള്ളി ആയിരുന്നുവല്ലോ. വെണ്ടറപ്പിള്ളിൽ അച്ചനും, ശ്രേഷ്ഠനായ പൗലോസ് മാർ ഗ്രീഗോറിയോസ് തിരുമേനിയും ആ ഇടവകക്കാരായിരുന്നു എന്നത് പ്രത്യേകം പ്രസ്താവയോഗ്യമാണ്.

ഗുരുക്കന്മാരിൽ നിന്ന് പകർന്നു കിട്ടിയ അറിവും, ദൈവാശ്രയബോധവും

കൊണ്ട് അച്ചൻ ഒരു നല്ല അജപാലകൻ ആയിരുന്നു. ആട്ടിൻപറ്റത്തെ പേരു ചൊല്ലി വിളിക്കുവാനുള്ള കഴിവ് എടുത്തുപറയേണ്ടതും, ആരെയും അസൂയപ്പെടുത്തുന്നതും ആയിരുന്നു. ആയിരിക്കുന്ന ഇടവക സ്വന്തം ഭവനം പോലെ കാണുവാനും, അതിനായി ജാഗ്രതയോടെ, ജാഗരൂകനായ ഇടയനായിരിക്കുവാനും പ്രത്യേകം ശ്രദ്ധിച്ചിരുന്നു. ആക്കിവെയ്ക്കുന്ന ഇടവകകളിലെ അദ്ധ്യാത്മിക പ്രവർത്തനങ്ങൾ ഭംഗം കൂടാതെ ചെയ്യുന്നതോടൊപ്പം അവിടുത്തെ പുരോഗമന പ്രവർത്തനങ്ങളിലും അച്ചൻ സദാ ജാഗരൂകനായിരുന്നു. കർത്താവ് തന്റെ ശിഷ്യന്മാരെ ഭരമേൽപ്പിച്ചത് തന്റെ സഭയിലേക്കെത്തുന്ന ആടുകൾക്ക് തിരുശരീര രക്തങ്ങൾ വിഭാഗിച്ചു കൊടുക്കുവാനും, തിരുവചനത്തിൽ നിന്ന് ആത്മിക ദാഹം തീർക്കുന്നതിനുമായിരുന്നു. തിരുവചനത്തിൽ നിന്ന് ശ്രദ്ധയോടെ വിവരിച്ചു കൊടുക്കുവാൻ അച്ചൻ പ്രത്യേകം ശ്രദ്ധിച്ചിരുന്നു. നല്ല ഒരു ആത്മിക പ്രബോധകൻ ആയിരുന്നു. സ്ഥാപിച്ചെടുക്കുന്ന വ്യക്തിബന്ധങ്ങൾ ശോഷിച്ചുപോകാതെ പരിപാലിക്കുവാൻ അച്ചൻ സദാ ശ്രദ്ധിച്ചിരുന്നു. വിധവമാരെ അവരുടെ സങ്കടത്തിൽ ചെന്നു കാണുവാനും ദരിദ്രരെ അവരുടെ ഇല്ലായ്മയിൽ പരിപോഷിപ്പിക്കുവാനും പ്രത്യേകം ശ്രദ്ധിച്ചിരുന്നു എന്നത് ഒസ്താത്തിയോസ് തിരുമേനിയിൽ നിന്ന് കിട്ടിയ ശ്രേഷ്ഠ ഗുണമായി കരുതുന്നു.

തലക്കോട് ബോയ്സ് ഹോം പൗലോസ് മാർ ഗ്രീഗോറിയോസ് തിരുമേനി വിശ്വസ്തതയോടെ കെ. റ്റി. ഫിലിപ്പ് അച്ചനെയും ടീമിനെയും ഏൽപിക്കുകയായിരുന്നു. ആ വിശ്വസ്തതയ്ക്ക് ഒത്തവണ്ണം അതിന്റെ പ്രവർത്തനങ്ങളെ അച്ചനും സംഘവും പരിപോഷിപ്പിച്ചു. ഉള്ള ഇടവകകളിൽ നിന്ന് സമ്പാദിച്ച് ആവശ്യമുള്ള ഇടത്തേക്ക് തിരിച്ചുവിടുവാൻ അച്ചൻ പ്രത്യേകം ശ്രദ്ധിച്ചിരുന്നു. ആദ്ധ്യാത്മിക പ്രസ്ഥാനങ്ങൾ തന്റെ കഴിവിനൊത്ത്, അന്തസ്സിനൊത്ത് ഭംഗിയായി തീർക്കുവാൻ കഴിഞ്ഞു. ഒ. വി. ഏലിയാസ് അച്ചനും വെണ്ടറപ്പിള്ളിൽ അച്ചനും വർക്കി അച്ചനും കെ. റ്റി. ഫിലിപ്പ് അച്ചനും ഞാനുമടങ്ങുന്ന എറണാകുളം പള്ളിയിലെ പൗരോഹിത്യവൃന്ദത്തെ 'പഞ്ചപാണ്ഡവന്മാരെപ്പോലെ കഴിവുറ്റവർ' എന്ന് ഇടവകക്കാർ കളിയാക്കി വിളിക്കുമായിരുന്നു. അതിൽ അച്ചനടക്കം 3 പേർ സ്വർഗ്ഗീയ സീയോനിലേക്ക് യാത്രയായി. അച്ചന്റെ സ്വർഗ്ഗീയ മണവറയിലെ വാസം സൗരഭ്യം നിറഞ്ഞതായി തീരട്ടെ. അച്ചന്റെ പ്രിയപ്പെട്ടവർ അച്ചനിൽ നിന്ന് പാഠങ്ങൾ ഉൾക്കൊള്ളുവാൻ ഇടയാകട്ടെ. ഓരോരുത്തരെ കുറിച്ചും നമ്മൾ പഠിക്കുകയും മനസ്സിലാക്കുകയും ചെയ്യുന്നത് നമ്മുടെ ജീവിതത്തിലേക്ക് പകർത്തുവാൻ കൂടിയാണ്. ദൈവം അനുഗ്രഹിക്കട്ടെ.

# നിഷ്കളങ്കമായ സ്നേഹസ്പർശം

**ഡോ. യൂഹാനോൻ മാർ തേവോദോറോസ്**

(കൊട്ടാരക്കര-പുനലൂർ ഭദ്രാസന മെത്രാപ്പോലീത്തായും
മിഷൻ ബോർഡ് പ്രസിഡണ്ടും)

ബഹുമാനപ്പെട്ട കെ. റ്റി. ഫിലിപ്പച്ചനെ കുറിച്ചുള്ള ഒരു അനുസ്മരണക്കുറിപ്പ് എഴുതുവാൻ എന്നോടാവശ്യപ്പെട്ടത് ഒരു ഭാഗ്യമായി കരുതുന്നു. ഈ ഉദ്യമത്തിന് മുൻകൈ എടുത്ത് പ്രവർത്തിക്കുന്ന എന്റെ പ്രിയ സ്നേഹിതനും സഹപ്രവർത്തകനുമായ ബഹു. റ്റി. പി. ഏലിയാസ് അച്ചനെ പ്രത്യേകം അഭിനന്ദിക്കുകയും എന്റെ സന്തോഷം അറിയിക്കുകയും ചെയ്യുന്നു.

എന്റെ ജീവിതത്തിൽ സദാ പച്ചപിടിച്ചു നിൽക്കുന്ന ഒരു വ്യക്തിത്വമാണ് കെ. റ്റി. ഫിലിപ്പച്ചൻ. ഓർത്തഡോക്സ് വൈദികസെമിനാരി പഠനം കഴിഞ്ഞ് ശെമ്മാശ്ശനായി ഏതാണ്ട് ഒരു വർഷത്തിലധികം (1974-1975) മാവേലിക്കര സെന്റ് പോൾസ് മിഷൻ സെന്ററിൽ (അന്ന് സെന്റ് പോൾസ് സുവിശേഷാലയം) താമസിച്ച് പ്രവർത്തിക്കുന്ന സന്ദർഭത്തിലാണ് ആദ്യമായി ഫിലിപ്പച്ചനുമായി പരിചയപ്പെടുന്നത്. ഞാൻ അന്ന് ബി.എ. യ്ക്ക് സുവിശേഷാലയത്തിൽ താമസിച്ച് പഠിക്കുന്ന കാലം. പ്രഥമദൃഷ്ട്യാ ശെമ്മാശ്ശനെ എനിക്ക് വളരെ സ്നേഹമായി. വെളുത്തു സുന്ദരനായ കൊച്ചു ശെമ്മാശ്ശൻ. നിഷ്കളങ്കതയും നിഷ്കപടതയും നിറഞ്ഞുനിൽക്കുന്ന മുഖദർശനം. താഴ്മയോടും സ്നേഹത്തോടും കൂടിയുള്ള പെരുമാറ്റം. ഉത്തരവാദിത്വവും പരിശ്രമവും കൂടിചേർന്ന വ്യക്തിത്വം. എല്ലാം എന്നെ അദ്ദേഹത്തിലേക്ക് ആകർഷിച്ചു എന്നു പറയുന്നതിൽ അതിശയോക്തിയില്ല. നാനാപ്രകാരേണ തെളിഞ്ഞു നിൽക്കുന്ന വ്യക്തിത്വത്തിലെ ചില കാര്യങ്ങൾ മാത്രം ഇവിടെ കുറിക്കുവാനാഗ്രഹിക്കുന്നു.

### 1. ദൈവഭക്തി ജീവശക്തിയാക്കിയ പുരോഹിതൻ

ശെമ്മാശ്ശനായിരുന്ന കാലം മുതൽ ദൈവഭക്തിയിൽ നിറഞ്ഞുനിന്ന ഒരു ജീവിതമാണ് ഫിലിപ്പച്ചനിൽ കാണാൻ കഴിഞ്ഞത്. മറ്റുള്ളവരിൽ നിന്നും അദ്ദേഹത്തെ വ്യത്യസ്തനാക്കി നിർത്തിയ പ്രധാന ഘടകവും ഇതു തന്നെയാണ്. ദൈവഭക്തിയിലും ദൈവാശ്രയത്തിലും ജീവിക്കാൻ മറ്റുള്ളവരേക്കാൾ കൂടുതൽ പ്രേരണ ലഭിച്ചത് ഒരുപക്ഷേ ചെറുപ്പം മുതൽ അദ്ദേഹത്തിനുണ്ടായിരുന്ന രോഗമായിരിക്കണം. മാവേലിക്കര സെന്റ് പോൾസ് സുവിശേഷാലയത്തിൽ അച്ചൻ ശെമ്മാശ്ശനായി താമസിച്ച് പ്രവർത്തിച്ചിരുന്ന സമയത്താണ് ഇതു മനസ്സിലാക്കിയത്. അദ്ദേഹത്തിന്റെ മോണയിൽ പല്ലുകളുടെ

ഇടയിൽ നിന്ന് സദായിപ്പോഴും രക്തം വാർന്നുകൊണ്ടിരിക്കുന്ന ഒരു രോഗം. രക്തത്തിന് കട്ടി ഇല്ലാത്തതിനാൽ മുറിവുണ്ടായാൽ പോലും അതിൽനിന്ന് രക്തം വന്നുകൊണ്ടേയിരിക്കും. രക്തം ഇപ്രകാരം നഷ്ടമാകുമ്പോൾ ക്ഷീണം കൂടും. ക്ഷീണം വളരെയധികമാകുമ്പോൾ മനസ്സിലാക്കാം രക്തം ശരീരത്തിൽ വളരെയധികം കുറവായി, ഉടൻതന്നെ രക്തം കുത്തിവെക്കണമെന്ന്. അതിനായി ഉടൻതന്നെ ഹോസ്പിറ്റലിൽ പോയി രക്തം കുത്തിവെച്ചു കഴിയുമ്പോൾ ക്ഷീണം മാറി സാധാരണ ജീവിതം നയിക്കാനുള്ള ശക്തി ലഭിക്കും. രക്തം നഷ്ടപ്പെടുക എന്നു പറഞ്ഞാൽ ജീവൻ നഷ്ടപ്പെടുക എന്നാണല്ലോ. അപ്രകാരം വളരെ അസ്വസ്ഥമായ ജീവിതത്തെ തളിർത്തു നിർത്തിയത് അദ്ദേഹത്തിന്റെ ദൈവഭക്തിയായിരുന്നു, ദൈവത്തിലുള്ള ആശ്രയമായിരുന്നു, ദൈവത്തിലുള്ള അടിയുറച്ച വിശ്വാസമായിരുന്നു. രോഗം ദൈവത്തോടു കൂടുതൽ അടുക്കുന്നതിന് ഇടയാക്കി. ദൈവഭക്തി ആസൂത്രണമാക്കി തീർക്കുകയല്ല, ദൈവശക്തി ജീവശക്തിയാക്കി തീർത്തുകൊണ്ട് ധൈര്യമായി ജീവിതപ്രതിസന്ധിയിൽ മുന്നേറിയ വ്യക്തിയായിരുന്നു കെ. റ്റി. ഫിലിപ്പച്ചൻ. ആധുനിക കാലഘട്ടത്തിൽ ഏതു വിധേനയും സമ്പാദിച്ച് കൂട്ടിവെച്ച് ജീവിത സുഖസുഷുപ്തിയുടെ സോപാനത്തിൽ സ്വർഗ്ഗം സൃഷ്ടിക്കാൻ വ്യാമോഹിക്കുന്നവർക്ക് ഒരു അപവാദമായിരുന്നു കെ. റ്റി. ഫിലിപ്പച്ചൻ. ലോകത്തിന്റെ നേട്ടങ്ങളും സമ്പത്തുമല്ല ജീവന്റെ ആധാരം, പിന്നെയോ ദൈവം മാത്രമാണെന്നു ജീവിതംകൊണ്ട് സാക്ഷ്യപ്പെടുത്തിയ പുണ്യപുരോഹിതനായിരുന്നു ഫിലിപ്പച്ചൻ.

## 2. വചനപ്രഘോഷണത്തിലെ സത്യസന്ധത

ശെമ്മാശ്ശനായിരുന്ന കാലത്തുതന്നെ സുവിശേഷ പ്രസംഗത്തിൽ അതീവ തൽപരനായിരുന്നു. മാവേലിക്കര സുവിശേഷാലയത്തിൽ താമസിച്ചിരുന്നതിനാൽ സുവിശേഷ പ്രസംഗത്തിനുള്ള അവസരങ്ങൾ ധാരാളം ലഭിച്ചിരുന്നു. ഡോ. ഗീവർഗീസ് മാർ ഒസ്താത്തിയോസ് തിരുമേനിയിൽ നിന്ന് പ്രചോദനം ഉൾക്കൊണ്ട് സുവിശേഷപരമായ പ്രവർത്തനങ്ങളിലും വചനശുശ്രൂഷയിലും വളരെയധികം താൽപര്യത്തോടെ ജീവിച്ച വ്യക്തിയായിരുന്നു ഫിലിപ്പച്ചൻ. അദ്ദേഹത്തിന്റെ പ്രസംഗം വെറും വാചകമടിയല്ലായിരുന്നു. പ്രസംഗിക്കുന്നതിന് മുമ്പ് നല്ല പഠനവും ഒരുക്കവും പ്രാർത്ഥനയും ഉണ്ടായിരുന്നു. അവതരണരീതി ഹൃദ്യമായിരുന്നു. നാലോ, അഞ്ചോ പ്രധാന ആശയങ്ങൾ ഒരു വേദവാക്യത്തെ അടിസ്ഥാനമാക്കി, കാര്യഗൗരവത്തോടും ഭംഗിയായും ചിട്ടയായും അവതരിപ്പിക്കുവാൻ പ്രത്യേക കഴിവ് അദ്ദേഹത്തിനുണ്ടായിരുന്നു. മനുഷ്യഹൃദയങ്ങളെ സ്പർശിക്കത്തക്ക സംവേദനക്ഷമത അദ്ദേഹത്തിന്റെ പ്രസംഗത്തിനുണ്ടായിരുന്നു. സ്വന്തം ജീവിതത്തിലും കേൾവിക്കാരുടെ ജീവിതത്തിലും മാനസാന്തരവും മാറ്റവും ഉണ്ടാകണമെന്ന ആത്മാർത്ഥമായി ആഗ്രഹിച്ചുകൊണ്ടുള്ള സത്യസന്ധതയോടു കൂടിയ

പ്രസംഗമായിരുന്നു അദ്ദേഹത്തിന്റേത്. കൈയടിക്ക് കാതോർക്കാത്ത വ്യക്തിത്വമായിരുന്നു അദ്ദേഹത്തിന്റേത്. ക്രിസ്തുവിനേയും ക്രിസ്തു അദ്ദേഹത്തേയും ഉൾക്കൊണ്ട് ജീവിക്കാനും പ്രവർത്തിക്കാനും ആഗ്രഹിച്ചതോടൊപ്പം സഭാവിശ്വാസികളെ അതിലേക്കാനയിച്ച് ക്രിസ്തീയ വ്യക്തിത്വമുള്ളവരാക്കിത്തീർക്കാനുള്ള അത്യധികമായ ദൗത്യചിന്ത അദ്ദേഹത്തെ ഭരിച്ചിരുന്നു. ആധുനിക കാലഘട്ടത്തിൽ സുവിശേഷപ്രസംഗം കഥാകാലാക്ഷേപവും, വ്യക്തിമാഹാത്മ്യത്തെ ഗർവോടെ ഉയർത്തിക്കാട്ടുന്നതും, തന്റെ കഴിവും പാണ്ഡിത്യവും സാമർത്ഥ്യവും എല്ലാവരും അറിയണമെന്ന ആഗ്രഹത്തോടെയുള്ളതുമായി തീർന്നിട്ടുണ്ടോ എന്നും സംശയിക്കുന്നു. കേൾവിക്കാരെ രസിപ്പിക്കുന്നതും ചിരിപ്പിക്കുന്നതും സുഖിപ്പിക്കുന്നതും, സന്തോഷിപ്പിക്കുന്നവയുമായി പ്രസംഗങ്ങൾ മാറിയിരിക്കുന്നുവോ എന്ന് ചിന്തിച്ചു പോകുകയാണ്. എന്നാൽ ഡോ. ഗീവർഗീസ് മാർ ഒസ്താത്തിയോസ് തിരുമേനി, ടി. ജെ. ജോഷ്വാ അച്ചൻ തുടങ്ങിയുള്ള മുൻകാല സുവിശേഷ പ്രസംഗകർ അവരുടെ പ്രസംഗത്താൽ മനുഷ്യ ഹൃദയങ്ങളെ മാനസാന്തരത്തിലേക്കും അനുതാപബോധത്തിലേക്കും ജീവിതമാറ്റത്തിലേക്കും നയിച്ചിരുന്നു. അതായിരുന്നു അവരുടെ പ്രസംഗത്തിലൂടെ ലക്ഷീകരിച്ചതും. അവർ ദൈവിക ചൈതന്യത്താൽ പ്രസംഗിച്ചവരായിരുന്നു. ആത്മചോദനയുള്ള വാക്കുകൾ മനുഷ്യഹൃദയത്തെ കീറിമുറിക്കും, അനുതാപ കണ്ണീർ ധാരധാരയായി ഒഴുകും. പുതിയ ജീവിതസംസ്കാരം ഉടലെടുക്കും. അപ്രകാരമുള്ള പ്രചോദനാത്മകമായ പ്രസംഗമായിരുന്നു ഫിലിപ്പച്ചന്റേത് എന്ന് നിസ്സംശയം പറയാം.

### 3. കരയുന്നവരോടൊപ്പം കരയുന്ന കാരുണ്യവാൻ

"ദുഃഖിക്കുന്നവർ ഭാഗ്യവാന്മാർ അവർക്ക് ആശ്വാസം ലഭിക്കും" എന്ന് നമ്മുടെ കർത്താവ് അരുളിചെയ്തിട്ടുണ്ട്. എന്നാൽ ദുഃഖിക്കുന്നവരോടു കൂടെ ദുഃഖിക്കുന്ന കർത്താവിന്റെ കരുണസ്പർശം അൽപ്പമായിട്ടെങ്കിലും അനുഭവിച്ചവർ തീർച്ചയായും മറ്റുള്ളവരുടെ സങ്കടത്തിലും ദുഃഖത്തിലും ഏകീഭവിക്കും. ദുഃഖകാരണങ്ങൾ ആരാഞ്ഞറിയും, കേവലം വാക്കുകൊണ്ട് ആശ്വാസം നൽകി കടന്നുപോകാതെ കഴിവനുസരിച്ച് ആ ദുഃഖത്തെ മാറ്റിക്കൊടുക്കുവാൻ ത്യാഗം അനുഭവിക്കും. ഫിലിപ്പച്ചന്റെ ഹൃദയം അപ്രകാരം ദുഃഖിക്കുന്നവരോടൊപ്പം ദുഃഖിക്കുന്നതായിരുന്നു. അഭിനയം അൽപ്പം പോലും ഇല്ലാത്ത സ്വാഭാവിക പ്രതികരണവും പ്രതിഫലനവുമായിരുന്നു അത്. ആധുനിക ലോകത്തിൽ ബഹുഭൂരിപക്ഷത്തിനും കഴിയാത്തതായ ഗുണസവിശേഷതയാണിത്. സ്വാർത്ഥതയിൽ കൊടികുത്തി വാഴുന്ന ലോകത്തിൽ സ്നേഹവും കരുതലും കാണാൻ പ്രയാസം. അഹം കേന്ദ്രീകൃത ജീവിതംകൊണ്ട് മനുഷ്യൻ നരകം സൃഷ്ടിക്കുകയാണ്. ഫിലിപ്പച്ചന്റെ ലോലഹൃദയം എപ്പോഴും കരയുന്നവരോടു കൂടി കരയുന്ന ജീവിതമായിരുന്നു.

അത് അക്ഷരീകമായി തന്നെ നേരിട്ട് കണ്ടിട്ടുണ്ട്. മാത്രമല്ല ആതുരസേവന പ്രവർത്തന രംഗത്ത് തന്നാലാവത് ഭംഗിയായി നിർവഹിക്കാൻ ആ കാരുണ്യ ഹൃദയത്തിന് സാധിച്ചിട്ടുണ്ട്. ഒസ്താത്തിയോസ് തിരുമേനിയുടെ എല്ലാ പ്രസ്ഥാനങ്ങളോടും അദ്ദേഹത്തിന് വളരെ താൽപര്യമായിരുന്നു. തന്നാലാവുന്ന സഹായങ്ങൾ ചെയ്തിട്ടുമുണ്ട്.

### 4. ആത്മാർത്ഥമായ ചുമതലാബോധം

കെ. റ്റി. ഫിലിപ്പച്ചനെ ഏൽപിക്കുന്ന ചുമതലകളിൽ ഒരിക്കലും അലംഭാവമോ, അലസതയോ, അഹങ്കാരമോ ഉണ്ടായിട്ടില്ല. അതു മാത്രമല്ല വിനയത്തോടും സൗമ്യതയോടും സഹകരണ മനോഭാവത്തോടും കൂടി ചെയ്തിരുന്ന വ്യക്തിയായിരുന്നു. തന്റെ പ്രവർത്തനങ്ങൾ മറ്റുള്ളവർ കാണണമെന്നോ അതിനെ പ്രശംസിക്കണമെന്നോ ആഗ്രഹിക്കാതെ തന്റെ സ്വന്തം കാര്യം എന്ന നിലയിൽ അതീവ ഉത്സാഹത്തോടെ പല പ്രവർത്തനങ്ങളും ചെയ്യുന്നതിൽ ജാഗരൂകനായിരുന്നു. ശെമ്മാശ്ശനായി ഒരു വർഷത്തിലധികം മാവേലിക്കര സുവിശേഷാലയത്തിലെയും അതിനോടനുബന്ധമായുള്ള എല്ലാ പ്രവർത്തനങ്ങളും വളരെ ഉത്തരവാദിത്തബോധത്തോടെ ചെയ്യുവാൻ പരിശ്രമിച്ചത് അദ്ദേഹത്തിന്റെ തുടർന്നുള്ള ജീവിതത്തിലും തെളിഞ്ഞു കാണുവാൻ കഴിഞ്ഞ വസ്തുതയാണ്.

ഒസ്താത്തിയോസ് തിരുമേനിയുടെ പല പ്രസ്ഥാനങ്ങളുമായി അദ്ദേഹത്തിന് അടുപ്പമുണ്ടായിരുന്നു. പല സ്ഥാപനങ്ങളും താൽപര്യപൂർവ്വം സന്ദർശിച്ചിട്ടുണ്ട്. അദ്ദേഹത്തിന്റെ ഏക മകനെ മിഷൻ പ്രവർത്തനങ്ങൾക്കായി സ്ഥാപനങ്ങളിൽ അയച്ചിട്ടുണ്ട്. കഴിയുന്ന സഹായങ്ങൾ ചെയ്തിട്ടുമുണ്ട്. സാമ്പത്തിക കാര്യങ്ങളിലുള്ള സുതാര്യത എടുത്തുപറയേണ്ടതാണ്. കൃത്യമായ കണക്കു സൂക്ഷിക്കുന്നതിൽ അതീവ ജാഗ്രത കാട്ടിയിരുന്നു. വളരെ അത്യാവശ്യമായവയ്ക്ക് മാത്രം പണം ചെലവു ചെയ്യുകയല്ലാതെ പണം ഉള്ളത് യാതൊരു ലോഭവും ഇല്ലാതെ ചിലവാക്കി കളയാമെന്ന ചിന്ത അദ്ദേഹത്തിനില്ലായിരുന്നു. സത്യസന്ധതയും ചുമതലാബോധവും കുറഞ്ഞു കൊണ്ടിരിക്കുന്ന ലോകത്തിൽ കെ. റ്റി. ഫിലിപ്പച്ചന്റെ ജീവിതം മറ്റുള്ളവർക്ക് മാതൃകയും പ്രചോദനവുമാണ്.

### 5. നിഷ്കളങ്കമായ സ്നേഹസ്പർശം

പ്രഥമദൃഷ്ടിയിൽ ഫിലിപ്പച്ചനെ കാണുമ്പോൾ ആ മുഖത്ത് തെളിയുന്ന മാസ്മരികമായ പുഞ്ചിരിയോടെയുള്ള സ്വാഗതം ആരേയും ആകർഷിക്കുന്നതായിരുന്നു. ആ പൂനിലാവു വിരിയുന്ന പുഞ്ചിരി ആരെയും ആകർഷിക്കത്തക്കതായിരുന്നു. നിഷ്കളങ്കമായ സ്നേഹസംവേദനമാണ് ആ പുഞ്ചിരിയിലൂടെ വിരിയുന്നത്. അത് ഹൃദയത്തിന്റെ പുഞ്ചിരിയായിരുന്നു.

സംശുദ്ധമായ ഹൃദയത്തിൽ നിന്നുള്ള പുഞ്ചിരി പൂനിലാവുപോലെ പ്രഭയാർന്നതാണ്. അതു നമുക്ക് സന്തോഷവും അച്ചനോടുള്ള ആകർഷണവും സ്നേഹവും തോന്നാനിടയാക്കുന്നതുമാണ്. അതുകൊണ്ടുതന്നെ അദ്ദേഹത്തിന്റെ സ്നേഹവലയത്തിനുള്ളിൽ അകലെയും അടുത്തുമായി അനേകായിരങ്ങൾ ഉണ്ടായിരുന്നു. ആ സ്നേഹസ്പർശമാണ് ഇടവക പ്രവർത്തനങ്ങളിൽ വളരെയധികം ശോഭിക്കാനിടയായത്. ഒരു രീതിയിലും തെറ്റായ ഒരു പെരുമാറ്റദൂഷ്യം അദ്ദേഹത്തെക്കുറിച്ച് പറഞ്ഞു കേൾക്കുവാൻ ഇടയാകാത്ത ഒരു ജീവിതമായിരുന്നു അദ്ദേഹത്തിന്റേത്. പൂർണ്ണ ഹൃദയത്തോടെ ദൈവത്തേയും മനുഷ്യനേയും സ്നേഹിക്കുവാൻ ശ്രമിച്ച അച്ചന്റെ ജീവിതത്തിൽ ശത്രുക്കൾ ഉണ്ടായിരുന്നില്ല എന്നാണ് എന്റെ വിചാരം. അഥവാ ഉണ്ടെങ്കിൽ കൂടിയും അവരെ വെറുക്കാതെയും വെറുപ്പിക്കാതെയും സ്നേഹസ്പർശത്താൽ കൂട്ടായ്മയിലേക്ക് കൂട്ടിവരുത്തുവാൻ അദ്ദേഹത്തിന് കഴിഞ്ഞിട്ടുണ്ട്. തലക്കോട് ഐ.റ്റി.സി., ബാലഭവനം തുടങ്ങിയുള്ള പല പ്രോജക്ടുകളിൽ ഡോ. പൗലോസ് മാർ ഗ്രീഗോറിയോസ് തിരുമേനിയുടെ വാത്സല്യവാനായി പ്രവർത്തിച്ചിട്ടുണ്ട്. ഫിലിപ്പച്ചനെ തിരുമേനിക്ക് സെമിനാരി കാലം മുതലേ വളരെ ഇഷ്ടമായിരുന്നു. അത് ഫിലിപ്പച്ചന്റെ ഭാഗ്യമായിരുന്നു. സ്നേഹപൂർണ്ണനായ ദൈവത്തിൽ അചഞ്ചലമായി വിശ്വസിച്ച്, ജീവിതത്തെ സമർപ്പിച്ച് സഹോദരവർഗ്ഗത്തെ സ്നേഹിച്ച് തന്നാലാവതു നന്മ ചെയ്ത് കടന്നുപോയ നമ്മുടെ പ്രിയനായ കെ. റ്റി. ഫിലിപ്പച്ചന്റെ സ്നേഹസ്മരണയ്ക്ക് മുമ്പിൽ ആദരാഞ്ജലികൾ അർപ്പിക്കുന്നു.

# ഉത്സാഹിയും വിശ്വസ്തനുമായ ആചാര്യൻ

## കെ. ഐ. ഫിലിപ്പ് റമ്പാൻ

വന്ദ്യ കെ. റ്റി. ഫിലിപ്പ് അച്ചനെ കുറിച്ച് ഒരു പുസ്തകം ഇറങ്ങുന്നതിലുള്ള എന്റെ അതിയായ സന്തോഷം ആദ്യമേ തന്നെ അറിയിക്കട്ടെ. അച്ചനുമായി ദീർഘകാലത്തെ പരിചയമുണ്ട്. അച്ചൻ ശെമ്മാശ്ശനായിരിക്കുമ്പോൾ മുതൽ അടുത്ത് അറിയുവാൻ കഴിഞ്ഞിട്ടുണ്ട്. പുതുപ്പാടി സെന്റ് പോൾസ് ആശ്രമത്തിലും, യാച്ചാരത്തെ സെന്റ് ഗ്രീഗോറിയോസ് ബാലഭവനത്തിലും അച്ചൻ ശുശ്രൂഷ ചെയ്യുകയുണ്ടായി. കൂടാതെ പാലാരിവട്ടം ദേവാലയത്തിൽ ശുശ്രൂഷിക്കുന്ന അവസരത്തിൽ ആ ദേവാലയത്തിൽ പോകുവാനും അച്ചനോടൊപ്പം സമയം ചിലവഴിക്കുവാനും ഭാഗ്യം ലഭിച്ചിട്ടുണ്ട്. ഒരുപിടി നല്ല ഓർമ്മകൾ അച്ചൻ സമ്മാനിച്ചിട്ടുണ്ട് എന്ന് യാതൊരു അതിശയോക്തിയും ഇല്ലാതെ പറയുവാൻ കഴിയും. പുതുപ്പാടിയിലും യാച്ചാരത്തും അച്ചൻ ഒരു നല്ല സാക്ഷ്യം ആയിരുന്നു എന്ന് ഓർക്കുന്നു. കുട്ടികളുടെ ഇടയിൽ നല്ല സ്നേഹിതനായും ഉത്തമ മാതൃകയായും അച്ചൻ പ്രവർത്തിച്ചു എന്ന് നന്ദിയോടെ ഓർക്കുന്നു.

കൂടാതെ അച്ചന്റെ മകൻ മീഖയുടെ പഠനശേഷം അഞ്ചു വർഷത്തോളം യാച്ചാരത്ത് പ്രവർത്തിക്കുന്നതിനായി അച്ചൻ പ്രേരിപ്പിക്കുകയും അവൻ അത് ഏറെ സന്തോഷത്തോടെ നിറവേറ്റുകയും ചെയ്തു. സഭയുടെ ഒരു മിഷൻ സ്ഥാപനത്തിലേക്ക് സ്വന്തം മകനെ കുറച്ചുനാൾ സന്നദ്ധപ്രവർത്തനത്തിൽ പങ്കാളിയാകുവാൻ ഉത്സാഹിപ്പിച്ചത് സഭയോടും മിഷൻ പ്രവർത്തനങ്ങളോടും ഉള്ള അച്ചന്റെ താൽപര്യത്തെ വെളിവാക്കുന്നു. അച്ചനെപ്പറ്റി നല്ല വാക്കുകൾ എല്ലാവരിൽ നിന്നും നേരിട്ട് കേൾക്കുവാൻ സാധിച്ചിട്ടുണ്ട്. അച്ചൻ എല്ലാ വൈദികർക്കും ഒരു നല്ല മാതൃകയായിരുന്നു എന്നതിൽ സംശയമില്ല. തന്നെ ഏല്പിച്ച ശുശ്രൂഷകൾ ഏറ്റവും ഉത്തരവാദിത്തത്തോടെ പ്രസന്ന മുഖത്തോടെ അച്ചൻ നിർവഹിച്ചിട്ടുണ്ട്. അച്ചൻ മലങ്കരസഭയ്ക്ക് അഭിമാനകരമായി പ്രവർത്തിച്ച ഒരു വൈദികനായിരുന്നു എന്ന് എനിക്ക് ഉത്തമബോധ്യം ഉണ്ട്. അച്ചന്റെ പ്രാർത്ഥന ബലഹീനനായ എനിക്കും സഹായകരമാകട്ടെ എന്ന് കർത്താവിൽ പ്രത്യാശിക്കുന്നു. അച്ചനെക്കുറിച്ചുള്ള ഈ ഗ്രന്ഥം അച്ചനെ കൂടുതൽ മനസ്സിലാക്കുന്നതിന് ഭാവിതലമുറയ്ക്ക് ഒരു മുതൽക്കൂട്ടാകട്ടെ എന്ന് ആശംസിക്കുന്നു.

# ആദർശനിഷ്ഠനായ അജപാലകൻ

## ഫാ. ഡോ. റ്റി. ജെ. ജോഷ്വാ

ദീർഘനാൾ ഉറ്റ ആത്മബന്ധം പുലർത്തുകയും, നിരന്തരമായി ആശയ വിനിമയം ചെയ്തിട്ടുള്ളവരുമായ വ്യക്തികളെ അനുസ്മരിക്കുന്നത് അത്യന്തം ഹൃദ്യമായ ഒരു കാര്യമാണ്. സുദീർഘ ബന്ധങ്ങളിലെ സന്തോഷകരമായ കാര്യങ്ങളെ അയവിറക്കുന്നതിനും, സന്തുഷ്ടി കൈവരുത്തുന്നതിനും അതു സഹായിക്കും. അത്തരം അനുസ്മരണകൾ പിൻതലമുറയ്ക്ക് മുതൽക്കൂട്ടായി പരിഗണിക്കാം. ജീവിതം ധന്യമാകുന്നത് ഉത്തമ ബന്ധങ്ങൾ വ്യാപ്തമായി പുലർത്തുന്നതിലും കാത്തുസൂക്ഷിക്കുന്നതിലുമാണ്.

സെമിനാരിയിലെ പൂർവ്വവിദ്യാർത്ഥികൾ ഒട്ടനേകംപേർ ഉണ്ടെങ്കിലും, എന്നോട് തുടർബന്ധം പുലർത്തിയിട്ടുള്ളവർ വളരെ പേരില്ല. എന്നാൽ ഭാഗ്യസ്മരണാർഹനായ കെ. റ്റി. ഫിലിപ്പച്ചൻ നിരന്തരമായി എന്നോട് ബന്ധപ്പെട്ടിരുന്നു. ഫോണിൽ കൂടിയും എഴുത്തിൽ കൂടിയും ആശയവിനിമയം ചെയ്തുപോന്നു. എല്ലാം സഭാപരമായ വിഷയങ്ങൾ തന്നെ. സ്വന്ത അഭിപ്രായവും വീക്ഷണവും തുറന്നു പറയുന്നതിനും, വിമർശനാത്മകമായിട്ടുള്ളവ ആ വിധത്തിൽ അവതരിപ്പിക്കുന്നതിനും അദ്ദേഹം മടിച്ചില്ല. സഭയുടെ പൊതുവായ എല്ലാ സമ്മേളനങ്ങളിലും കൃത്യമായി സംബന്ധിക്കുന്നതുപോലെ തന്നെ എന്നെ സംബന്ധിക്കുന്ന പരിപാടികളിലും സംഗമങ്ങളിലും അദ്ദേഹത്തിന്റെ സാന്നിദ്ധ്യം ഉറപ്പായിരുന്നു.

മാവേലിക്കര സുവിശേഷാലയത്തിൽ നടത്തിവന്ന സമ്മർ ക്ലാസ്സിലാണ് ആദ്യം ആ യുവാവിനെ കാണുന്നത്. പിന്നീട് സെമിനാരിയിൽ വിദ്യാർത്ഥിയായി ചേർന്നപ്പോൾ കൂടുതൽ അടുത്ത സമ്പർക്കത്തിന് അവസരമുണ്ടായി. അന്ന് എന്നെ സ്പർശിച്ച രണ്ടു മൂന്നു കാര്യങ്ങൾ ഉണ്ട്. ഒന്ന്, ഇദ്ദേഹത്തിന് രക്തസംബന്ധമായ ഒരു രോഗമുണ്ടായിരുന്നതാണ്. വായിൽ കൂടി ബ്ലീഡിംഗ് ഉണ്ടാകുന്നു. ചിലപ്പോൾ അത് ദുസ്സഹമായി തീരുന്നു എന്നുള്ളത്. പക്ഷേ ആ അസ്വാസ്ഥ്യത്തെ ധീരതയോടെ നേരിടുകയും ആവശ്യമായ ചികിത്സകൾ ഒക്കെ നടത്തുകയും ചെയ്തു. അതിലും ഉപരി പ്രാർത്ഥനയിലുള്ള ആശ്രയം, അത് അദ്ദേഹത്തിന് ശക്തിയും ധൈര്യവും നൽകി.

രണ്ടാമത്തെ കാര്യം, ഇദ്ദേഹവും ഫാ. പോൾ വർഗീസും (പിന്നീട് പൗലോസ് മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്താ) പാത്രിയർക്കീസ് ഭാഗത്തെ, തൃപ്പൂണിത്തുറ നടമേൽ ഇടവകാംഗങ്ങൾ ആകുന്നു എന്ന വസ്തുതയാണ്. സഭ യോജിച്ച സന്ദർഭത്തിൽ എല്ലാ ഇടവകകളും

കാതോലിക്കേറ്റിനെ അംഗീകരിച്ച് ഒന്നായി നിന്നു എങ്കിലും, പിന്നീട് പാത്രിയർക്കീസ് വിഭാഗക്കാർ പിൻമാറിപ്പോവുകയായിരുന്നല്ലോ. ഇടവക മുഴുവനും, സ്വന്തം കുടുംബക്കാരും പിന്മാറിപ്പോകുകയും, കഥാപുരുഷന്റെ മേൽ അതീവ സമ്മർദ്ദം ഉണ്ടാവുകയും ചെയ്തെങ്കിലും കാതോലിക്കാ ഭാഗത്ത് ഉറച്ചുനിൽക്കുവാൻ ധൈര്യപ്പെടുകയുമാണ് ചെയ്തത്. അതു മൂലം പല പ്രയാസങ്ങളും പ്രശ്നങ്ങളും നേരിടേണ്ടി വന്നെങ്കിലും പിന്മാറി പോയില്ല. സെമിനാരിയിൽ പഠിച്ച ചിലരൊക്കെ പിന്മാറിപ്പോയതായ ചരിത്രമുണ്ട്. അവരിൽ ചിലർ ആ ഭാഗത്ത് മെത്രാന്മാരായിത്തീരുകയും ചെയ്തിട്ടുണ്ട്. കെ. റ്റി. ഫിലിപ്പച്ചന്റെ ധീരമായ നിലപാടാണ് അദ്ദേഹത്തെ ശ്രദ്ധേയനാക്കിത്തീർത്ത ഒരു വസ്തുത.

അദ്ദേഹത്തിന്റെ ദൗത്യനിർവഹണത്തെപ്പറ്റി പ്രശംസാർഹമെന്നാണ് പറയേണ്ടത്. അദ്ദേഹം സേവനം അനുഷ്ഠിച്ച എല്ലാ പള്ളികളിലും – വലിയ പള്ളികളിലും, ചെറിയ പള്ളികളിലും – ഓരോ ആദ്ധ്യാത്മിക പരിപാടിക്കായി എന്നെ ക്ഷണിച്ചിട്ടുണ്ട്. അദ്ദേഹത്തിന്റെ ആതിഥ്യം സ്വീകരിച്ച് കൂടെ താമസിച്ചിട്ടുമുണ്ട്. ഇടവക പ്രവർത്തനങ്ങളെപ്പറ്റി നേരിട്ടറിയുന്നതിനും ബോധ്യപ്പെടുന്നതിനുമുള്ള അവസരങ്ങളായിരുന്നു അത്. മാതൃകാപരമായ പല കാര്യങ്ങളും പിൻതുടർന്നതായി കണ്ടു. പല വൈദികരും പരാജയപ്പെടുന്നത് ഇടവകയിലെ എല്ലാവരെയും ഒരുപോലെ കണ്ട്, പക്ഷഭേദം വരുത്താതെ സേവനം അനുഷ്ഠിക്കുന്നതിലാണ്. സമ്പന്നരെന്നോ ദരിദ്രരെന്നോ യുവാക്കളെന്നോ, പക്ഷമില്ലാതെ എല്ലാവരോടും ആത്മിക പിതാവെന്ന നിലയിൽ ബന്ധപ്പെടേണ്ടതാണ്. സ്വന്ത അഭിപ്രായങ്ങൾ തുറന്നു പറയുന്നതിൽ അദ്ദേഹം ഒട്ടും ശങ്കിച്ചില്ല. അത് തിരുമേനിമാരോടും ആ വിധത്തിൽ വർത്തിച്ചു. മനഃസാക്ഷിയെ വഞ്ചിച്ച് പ്രീതിപ്പെടുത്തുക എന്ന നയം അദ്ദേഹത്തിന് അന്യമായിരുന്നു.

ഭവനസന്ദർശനം ക്രമമായി നടത്തുകയും ജനങ്ങളുമായി നല്ല ബന്ധം പുലർത്തുകയും ചെയ്തു. ആരാധനയിൽ വചനശുശ്രൂഷയ്ക്ക് പ്രാധാന്യം നൽകി. പ്രസംഗം ആരാധനയുടെ ഒരു അവിഭാജ്യഘടകമായി പല വൈദികരും കാണുന്നില്ല എന്ന് പറയേണ്ടിയിരിക്കുന്നു. അലസതയും അശ്രദ്ധയുമാണ് അതിനു കാരണം. വൈദികർ തുടർപഠനം നടത്താൻ ബാധ്യസ്ഥരാണ്. എങ്കിൽ മാത്രമേ സമകാലീന സമൂഹത്തിന്റെ പ്രശ്നങ്ങളും അവയ്ക്കുള്ള പരിഹാരങ്ങളും നിർദ്ദേശിക്കാൻ കഴിയൂ.

ഇടവക പ്രവർത്തനം എന്നുള്ളത് കർമ്മാനുഷ്ഠാനങ്ങളിൽ മാത്രം പരിമിതിപ്പെടുത്തിക്കൂടാ. ആദ്ധ്യാത്മിക സംഘടനകളും പ്രസ്ഥാനങ്ങളും ശക്തിപ്പെടുത്തുകയും, വ്യക്തിപരമായ കൗൺസലിംഗ് വേണ്ടവർക്ക് അത് നൽകുകയും, രോഗികളെയും വാർദ്ധക്യത്തിലിരിക്കുന്നവരെയും സന്ദർശിച്ച്

സാന്ത്വനങ്ങളും പ്രാർത്ഥനകളും നടത്തേണ്ടതുമാണ്. ഫിലിപ്പച്ചൻ ഇക്കാര്യങ്ങളിലൊക്കെ ശ്രദ്ധിച്ചിരുന്നു എന്നാണ് ഞാൻ മനസ്സിലാക്കിയിട്ടുള്ളത്.

അച്ചന്റെ മറ്റൊരു വലിയ സേവനരംഗമാണ് അശരണരായ വിദ്യാർത്ഥികൾക്കുള്ള ബോയ്സ് ഹോം. പൗലോസ് ഗ്രീഗോറിയോസ് തിരുമേനി ബോയ്സ് ഹോമുമായി ബന്ധപ്പെട്ടതാണ്, അച്ചൻ അതിന്റെ പ്രവർത്തനത്തിന് വരാൻ നിമിത്തമായത്. ഇപ്പോൾ അതിന്റെ വലിയ സഹായകനും, പ്രോത്സാഹകനുമായിട്ടുള്ളത്, ഉദാരസമ്പന്നനും, തികഞ്ഞ മനുഷ്യസ്നേഹിയുമായ ഡോ. ചെറിയാൻ ഈപ്പനാണ്. ബോയ്സ് ഹോമിന്റെ പ്രവർത്തനത്തിൽ വന്ദ്യ റ്റി. പി. ഏലിയാസ് അച്ചന്റെ നിസ്തുല സേവനവും, പ്രശംസാർഹവുമായ നേതൃത്വവും വിസ്മരിക്കാവുന്നതല്ല.

ബോയ്സ് ഹോമിന്റെ പ്രവർത്തനത്തിൽ ഫിലിപ്പച്ചൻ, മറ്റു പല ഉത്തരവാദിത്തങ്ങളോടൊപ്പം താൽപര്യപൂർവ്വം സഹകരിച്ച് പങ്കാളിത്തം വഹിച്ചു. അവശതയിലും, പ്രയാസത്തിലും കഴിയുന്നവരെ സഹായിക്കുന്നതിനുള്ള സേവനമനോഭാവമാണ് ആ പ്രവർത്തനത്തിൽ വെളിപ്പെടുന്നത്. സ്നേഹത്തിന്റെ ഹൃദയമാണ് സേവനത്തിന് നമ്മെ പ്രേരിപ്പിക്കുന്നത്. ക്രിസ്തീയ ജീവിതത്തിന്റെ സ്ഥായീഭാവം സ്നേഹമാണ്.

ഫിലിപ്പച്ചനെപ്പറ്റി പ്രസ്താവിക്കേണ്ട മറ്റൊരു കാര്യം, അച്ചന്റെ സാമ്പത്തിക കാര്യങ്ങളിലുള്ള അച്ചടക്കവും, കാര്യവിചാരകത്വബോധവുമാണ്. വൈദികരെപ്പറ്റി ഉയരുന്ന വിമർശനങ്ങളിൽ ഒന്ന്, പണത്തോടുള്ള മോഹവും, അതു നേടുന്നതിനുള്ള ശ്രമവുമാണ്. ചെറിയ ഒരു ന്യൂനപക്ഷം മാത്രമേ ഈ വിമർശനത്തിന് വിധേയരാകുന്നുള്ളു എന്നുള്ളത് സന്തോഷകരമാണ്. നമ്മുടെ കഥാപുരുഷൻ അക്കാര്യത്തിൽ തികഞ്ഞ സത്യസന്ധതയും, അച്ചടക്കവും പാലിച്ചു. ഒരു നല്ല ഭവനം നിർമ്മിക്കാൻ കഴിഞ്ഞു എന്നുള്ളത് മാത്രമാണ് അദ്ദേഹത്തിന്റെ നേട്ടം.

ഭവനത്തെക്കുറിച്ച് പറഞ്ഞപ്പോൾ കുടുംബത്തെപ്പറ്റി പരാമർശിക്കേണ്ടതുണ്ട്. അദ്ദേഹത്തിന് ദൈവം കല്പിച്ചു നൽകിയ പങ്കാളി നല്ല ക്രിസ്തീയ പാരമ്പര്യവും, പ്രവർത്തന ചരിത്രവുമുള്ള ഒരു കുടുംബത്തിൽ നിന്നാണ്. ഭാര്യാപിതാവ് പള്ളം കരയിലുള്ള എല്ലാവർക്കും പ്രിയങ്കരനായ വ്യക്തി ആയിരുന്നു. അച്ചന്റെ രോഗാവസ്ഥയിലൊക്കെ ജീവിതപങ്കാളി സഹായവും ആശ്വാസവും നൽകി പരിചരണത്തിൽ മുഴുകിയിരുന്നു. മിതഭാഷിയും, വൈദിക പത്നി എന്ന സ്ഥാനത്തിന്റെ ധർമ്മം ശരിയായി മനസ്സിലാക്കിയ വ്യക്തിയുമായിരുന്നു. ഏക മകൻ മീഖയും അച്ചന് സഹായിയും, വിശ്വസ്തനുമായി വർത്തിച്ചു. പല പ്രാവശ്യം ഞാൻ ആ ഭവനം സന്ദർശിക്കയും പ്രാർത്ഥിക്കയും ചെയ്തിട്ടുണ്ട്.

നിശ്ചയമായും നല്ല സ്മരണകൾ സമർപ്പിച്ചിട്ടാണ് ഫിലിപ്പച്ചൻ ശാശ്വത ഭവനത്തിലേക്ക് യാത്രയായത്. നാം ഓരോരുത്തരും അവശേഷിപ്പിക്കുന്നത് നമ്മുടെ സ്മരണകൾ മാത്രമാണ്. അത് മധുരസ്മരണകൾ ആകുവാൻ തക്കവണ്ണം നമ്മുടെ ജീവിതവും പ്രവർത്തനവും ശ്രദ്ധാപൂർവ്വം നയിക്കാൻ ഇടയാകട്ടെ എന്നു പ്രാർത്ഥിക്കുന്നു.

"നിങ്ങളോട് ദൈവവചനം പ്രസംഗിച്ച് നിങ്ങളെ നടത്തിയവരെ ഓർത്തുകൊൾവീൻ; അവരുടെ ജീവാവസാനം ഓർത്ത് അവരുടെ വിശ്വാസം അനുകരിപ്പീൻ" (എബ്രായർ 13:7).

# ജനങ്ങൾക്കു വേണ്ടിയും ജനങ്ങളോടൊപ്പവും

**ഫാ. ഡോ. കെ. എം. ജോർജ്**

(മുൻ പ്രിൻസിപ്പൽ, ഓർത്തഡോക്സ് സെമിനാരി)

ആദരണീയനായ ആചാര്യൻ കെ. റ്റി. ഫിലിപ്പച്ചനെക്കുറിച്ച് നിറകണ്ണുകളോടെ മാത്രമേ ഇപ്പോഴും ഓർക്കാനാകൂ. സെമിനാരിയിൽ അദ്ദേഹം എനിക്ക് ജൂനിയറായി പഠിച്ച ആളാണെങ്കിലും പിൽക്കാലത്ത് ഞാൻ അദ്ദേഹത്തെ എന്റെ ആത്മീയ ഗുരുസ്ഥാനീയനായി കൂടിയാണ് കണ്ടത്. നല്ല വഴികാട്ടികളായ ഗുരുക്കന്മാർ നമുക്ക് അധികമില്ലല്ലോ. വൈദികൻ എന്ന നിലയിൽ തന്റെ ഇടയശുശ്രൂഷ അതീവ ലാളിത്യത്തോടും ഹൃദയനേർമ്മയോടും വിശുദ്ധിയോടും കൂടി അദ്ദേഹം നിർവ്വഹിച്ചു. തിന്മയ്ക്കു പകരം തിന്മ ചെയ്യാതെയും എല്ലാ മനുഷ്യരോടും സ്നേഹത്തോടും താഴ്മയോടും കൂടി ഇടപെട്ടുമാണ് അദ്ദേഹം നമുക്ക് മാതൃകയായത്.

പ. മാർത്തോമ്മാ പൗലൂസ് ദ്വിതീയൻ ബാവാ മുതൽ പ്രഗത്ഭരായ ഒരു കൂട്ടം വ്യക്തികൾ ഒരേ ബഞ്ചിലിരുന്ന് അദ്ദേഹത്തോടു കൂടെ പഠിച്ചവരാണ്. സഹപാഠികളാണെങ്കിലും അവരുടെയൊക്കെ സ്ഥാനക്രമമനുസരിച്ച് ഏറ്റവും ആദരവോടും ആത്മാർത്ഥമായ സ്നേഹത്തോടും കൂടി അദ്ദേഹം അവസാന നിമിഷം വരെ ഇടപെട്ടുകൊണ്ടിരുന്നു. തിരിച്ചടികളും അവഗണനയും ഉണ്ടായപ്പോഴും ക്ഷമയുടെയും സ്നേഹത്തിന്റെയും നീരുറവകൾ ഫിലിപ്പച്ചനിൽ വറ്റിപ്പോയില്ല. അദ്ദേഹത്തിന്റെ ഗുരുസ്ഥാനീയരോ ഇടവകാംഗങ്ങളോ ഇതര മതസ്ഥരോ ആരാണെങ്കിലും അദ്ദേഹം കാണിച്ച സ്നേഹത്തിന് നിർമ്മലമായ വാത്സല്യത്തിന്റെ ആർദ്രത ഉണ്ടായിരുന്നു. നമുക്കെല്ലാമുണ്ട് കൊച്ചുകുട്ടികളോടും പക്ഷിമൃഗാദികളുടെ കുഞ്ഞുങ്ങളോടുമൊക്കെ സഹജമായ ഒരു വാത്സല്യം. പ്രകൃതിയോടും ജീവജാലങ്ങളോടുമുള്ള നമ്മുടെ സവിശേഷമായ ആകർഷണത്തിന് ചില ജീവശാസ്ത്രജ്ഞന്മാർ ബയോഫിലിയ (Biophilia) എന്ന് വിശേഷിപ്പിക്കുന്നുണ്ട്. എന്നാൽ ഫിലിപ്പച്ചന്റെ വാത്സല്യം ഈ സഹജഭാവത്തിനും അപ്പുറത്തായിരുന്നു. അതിനൊരു വിശാലമായ ചക്രവാളം ഉണ്ടായിരുന്നു. ഒരു ഉദാഹരണം പറയാം. യെറുശലേം ദേവാലയത്തിൽ യേശുകുഞ്ഞിനെ കണ്ട് കൈയിലെടുത്ത ശിമയോൻ മഹാവാത്സല്യമാണ് പ്രകടിപ്പിച്ചത്. പക്ഷേ അത് വ്യക്തിപരമായി ഒരു കുഞ്ഞിനോട് മാത്രമായിരുന്നില്ല. “ജനതകൾക്കു വെളിപ്പെടുവാനുള്ള പ്രകാശവും നിന്റെ ജനമായ യിസ്രായേലിന്റെ മഹത്വവുമായി നീ സകല ജാതികളുടെയും മുമ്പിൽ ഒരുക്കിയിരിക്കുന്ന നിന്റെ രക്ഷയെ എന്റെ കണ്ണ് കണ്ടുവല്ലോ” (ലൂക്കോസ് 2) എന്നാണ് യേശുക്കുഞ്ഞിനെ

കൈയിലെടുത്ത് ആ വൃദ്ധൻ പറഞ്ഞത്. ഒരു വലിയ ജനതയുടെ രക്ഷയെക്കുറിച്ചാണത്. അതുപോലെ പടുവൃദ്ധയായ ഹന്നാ എന്ന പ്രവാചകി അതിനടുത്ത് നിന്ന് 'ദൈവത്തെ പുകഴ്ത്തിപ്പാടി, യെരുശലേമിന്റെ വീണ്ടെടുപ്പിനെ കാത്തിരുന്ന എല്ലാവരോടും അവൾ ഈ കുഞ്ഞിനെക്കുറിച്ച് പറയുകയും ചെയ്തു' (ലൂക്കോസ് 2) സമൂഹം അവഗണിച്ചിരുന്ന എളിയവരായ ഈ രണ്ടു വ്യക്തികളും പ്രകടിപ്പിച്ചത് സഹജമായ ബയോഫിലിയ അല്ല. ഒരു വലിയ ജനതയുടെ ഭാവിയെക്കുറിച്ചും സ്രഷ്ടാവിന്റെ മഹാലക്ഷ്യത്തെക്കുറിച്ചുമുള്ള ആഴമായ ഉൾബോധമാണ് അവർ ആ ശിശുവിനെ കണ്ടപ്പോൾ പ്രകടിപ്പിച്ചത്. പിൽക്കാലത്ത്, യേശു കുഞ്ഞുങ്ങളെ അനുഗ്രഹിക്കുമ്പോൾ അവിടെയും ഒരു മുതിർന്ന ആളിന് ശിശുക്കളോടുള്ള സഹജമായ വാത്സല്യം മാത്രമായിരുന്നില്ല. ശിമയോനും ഹന്നായും കണ്ട യിസ്രായേൽ ജനതയുടെ ചക്രവാളത്തിനപ്പുറം സകല മനുഷ്യവർഗ്ഗത്തിന്റെയും സൃഷ്ടിയുടെ മുഴുവന്റെയും തേജസ്സേറിയ ഭാവിമുഖം കണ്ടുകൊണ്ടാണ് യേശു കുഞ്ഞുങ്ങളെ മാറോടണച്ചത്.

കെ. റ്റി. ഫിലിപ്പച്ചൻ പ്രായത്തിലും സ്ഥാനത്തിലും തന്നേക്കാൾ വളരെ വളരെ ഉയർന്ന സ്ഥാനത്തിരിക്കുന്ന പ. ബാവാ തിരുമേനിയെക്കുറിച്ചും എത്ര വാത്സല്യത്തോടെയാണ് സംസാരിച്ചിരുന്നതെന്ന് ഓർക്കുന്നു. ഇവിടെ ഉന്നത സ്ഥാനീയനായി തീർന്ന ഒരു സഹപാഠിയോടുള്ള സ്നേഹം മാത്രമല്ല, ഒരു ജനതയുടെ വിമോചനവും രക്ഷയുമാകുന്ന പ്രകാശം മുമ്പിൽ കണ്ടുകൊണ്ടായിരുന്നു അത്. മലങ്കരസഭയാണ് ആ ജനത. വ്യവഹാരത്തിന്റെയും വിദ്വേഷത്തിന്റെയും ഊരാക്കുടുക്കിൽ നിന്ന് സഭയെ മോചിപ്പിച്ച് ഇരു കൂട്ടരെയും ഒന്നാക്കി ക്രിസ്തുവിന്റെ ശരീരമായ സഭയാക്കി മാറ്റാൻ ദൈവം ചിലരെ നിയോഗിച്ചിരിക്കുന്നു എന്ന ബോധ്യവും പ്രത്യാശയുമാണ് ആ വാത്സല്യാതിരേകത്തിന് ആധാരമായി തീർന്നത്.

ഫിലിപ്പച്ചൻ വളരെയേറെ സ്നേഹിക്കുകയും ആദരിക്കുകയും ചെയ്ത തന്റെ വഴികാട്ടിയായി സ്വീകരിക്കുകയും ചെയ്ത ഗുരുവും നാട്ടുകാരനും മാതൃ ഇടവകക്കാരനുമായിരുന്ന പൗലോസ് മാർ ഗ്രീഗോറിയോസ് തിരുമേനിയുടെ രചനകളിൽ നിന്ന് ഒരാശയം എടുത്ത് പ്രിയ ഫിലിപ്പച്ചന് സ്മരണാഞ്ജലിയായി അർപ്പിക്കട്ടെ.

### അക്കോലുഥിയ അഥവാ അനുസ്യൂതത

ദൈവം, പ്രപഞ്ചം, മനുഷ്യൻ എന്നീ മഹാ രഹസ്യങ്ങളുടെ പരസ്പര ബന്ധങ്ങളെക്കുറിച്ച് ഡോ. പൗലോസ് മാർ ഗ്രീഗോറിയോസ് തിരുമേനി തന്റെ 'കോസ്മിക് മാൻ' (Cosmic Man) എന്ന ഗഹനമായ ഗ്രന്ഥത്തിൽ പറയുന്ന ഒരാശയം മാത്രം ഇവിടെ വ്യക്തമാക്കാൻ ശ്രമിക്കാം. നാലാം നൂറ്റാണ്ടിൽ ജീവിച്ചിരുന്ന ദാർശനികനും വേദശാസ്ത്രജ്ഞനുമായിരുന്ന നിസ്സായിലെ

വിശുദ്ധ ഗ്രീഗോറിയോസിന്റെ ചിന്തകളെക്കുറിച്ചുള്ള പൗലോസ് മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്തായുടെ പ്രബന്ധമാണ് മേൽപറഞ്ഞ പുസ്തകം. അതിൽ മൂന്നാം അദ്ധ്യായമായി കൊടുത്തിരിക്കുന്ന അക്കോലുഥിയ (Akolouthia) എന്ന ആശയത്തെക്കുറിച്ച് തിരുമേനി എഴുതിയതിന്റെ ചുരുക്കം ആദ്യം പറയാം:

പുരാതന ഗ്രീക്ക് ചിന്തകർ ഉപയോഗിച്ചിരുന്ന അക്കോലുഥിയ എന്ന വാക്കിന് നിരവധി അർത്ഥങ്ങളുണ്ട്. മലയാളത്തിൽ പര്യായ പദങ്ങളായി ഉപയോഗിക്കാവുന്ന അനുസ്യൂതത, ഇടമുറിയാത്ത തുടർച്ച, അനുക്രമണം, കാര്യകാരണബന്ധം, നൈരന്തര്യം, യുക്തിപരമായ പരസ്പരബന്ധം, അനന്തരഫലം തുടങ്ങിയ അർത്ഥങ്ങളിൽ നിസ്സായിലെ ഗ്രീഗോറിയോസ് ഈ വാക്ക് തന്റെ കൃതികളിൽ ധാരാളം ഉപയോഗിക്കുന്നുണ്ട്. പ്രമുഖ ഗ്രീക്ക് ദാർശനിക വ്യവസ്ഥയായിരുന്ന സ്റ്റോയിക്ക് ഫിലോസഫിയിൽ നിന്നാണ് അദ്ദേഹം ഈ അർത്ഥങ്ങൾ കൂടുതലും സ്വീകരിച്ചത്. പ്രപഞ്ചത്തിന്റെ സ്വാഭാവികമായ താളവും യുക്തിയുമായിരുന്നു സ്റ്റോയിക്ക് ചിന്തകർക്ക് പ്രധാനം. ഈ യുക്തിക്കാണ് അവർ 'ലോഗോസ്' എന്ന ആശയം പ്രധാനമായും ഉപയോഗിച്ചത്. ആ വിശ്വയുക്തിയുടെ താളത്തിനനുസരിച്ച് ജീവിക്കുക എന്നതായിരുന്നു ധാർമ്മികമായി മനുഷ്യന് യോജിച്ചത് എന്നായിരുന്നു അവരുടെ മതം. വാക്ക്, വചനം, യുക്തി എന്നൊക്കെ നാം സാധാരണ തർജ്ജമ ചെയ്യുന്ന ലോഗോസ് എന്ന സർവ്വാതിശായിയായ ശക്തിയാണ് പ്രപഞ്ചത്തിൽ മുഴുവൻ വസിക്കുന്നതും അതിനെ നയിക്കുന്നതും. ലോകത്തിൽ ഓരോന്നിനും അതിന്റേതായ യുക്തി (logic) അഥവാ അനുക്രമണ സ്വഭാവമുണ്ട്.

നിസ്സായിലെ ഗ്രീഗോറിയോസിന്റെ ചിന്തയിൽ ഈ അനുക്രമണഭാവം അല്ലെങ്കിൽ തുടർച്ച (follow up), അതായത് ഒന്നു മറ്റൊന്നിനോട് ബന്ധപ്പെട്ട് ഉരുത്തിരിയുന്ന രീതി വളരെ പ്രധാനമായി കരുതുന്നു. ഉദാഹരണമായി, ഒരു പ്രഭാഷണം നന്നായിരിക്കുന്നു എന്ന് നാം പറയുമ്പോൾ അതിന്റെ വിവിധ ഭാഗങ്ങൾ തമ്മിൽ സമഞ്ജസമായി ചേരുന്നുണ്ടെന്നും, ആ പ്രഭാഷണത്തിന്റെ ഉപസംഹാരത്തിലെ നിഗമനങ്ങൾ എല്ലാം സ്വാഭാവികമായും മുൻവാദങ്ങളിൽ നിന്ന് ഉരുത്തിരിയുന്നതാണെന്നും നാം അർത്ഥമാക്കുന്നു. ഇത് ശരിയായ അക്കോലുഥിയ ആണ്.

എ.ഡി. ഒന്നാം നൂറ്റാണ്ടിൽ അലക്സന്ത്രിയയിൽ ജീവിച്ചിരുന്ന പ്രസിദ്ധ യഹൂദ-ഗ്രീക്ക് പണ്ഡിതൻ ഫിലോ ഇതോടൊപ്പം ഒരേ അർത്ഥത്തിൽ ഉപയോഗിക്കുന്ന മറ്റൊരു പദം Taxis എന്നാണ്. ക്രമം (order) എന്നർത്ഥമുള്ള ഈ വാക്കിൽ നിന്നാണ് സുറിയാനിയിൽ തക്സോ/തക്സാ (ഏതെങ്കിലും ശുശ്രൂഷയുടെ ക്രമം) എന്ന വാക്കുണ്ടായത്. പ്രപഞ്ചത്തിൽ മുഴുവനുള്ള

ക്രമമാണ് നമ്മുടെ ചിന്തയുടെയും പ്രവർത്തനത്തിന്റെയും ആധാരം എന്ന് ഫിലോയും പറഞ്ഞു. ഇവിടെയും സ്റ്റോയിക്ക് ചിന്തയിൽ നിന്നാണ് ഈ ആശയം വരുന്നത്. നിസ്സായിലെ ഗ്രീഗോറിയോസിന്റെ ചിന്തയിൽ ഇവ രണ്ടും പ്രതിഫലിക്കുന്നു. അത് ഇങ്ങനെയൊരു ക്രമത്തിന്റെ അടിസ്ഥാനത്തിലാണ് ദൈവം, പ്രപഞ്ചം, മനുഷ്യൻ എന്നിവയെ ബന്ധിപ്പിക്കുന്നത്. ഇവിടെ സുപ്രധാനമായ ഒരു കാര്യം ഓർക്കണം. അക്കോലുഥിയ അഥവാ അനുസ്യൂതത എന്നത് ദൈവസൃഷ്ടിയിൽ മാത്രമേ നമുക്ക് ഉപയോഗിക്കാനാവൂ. സൃഷ്ടിക്കതീതമായി സ്രഷ്ടാവിൽ അനുസ്യൂതതയോ ക്രമമോ ആരോപിക്കാൻ നമുക്ക് കഴിയുകയില്ല. ഇതു പറയാൻ പ്രത്യേക കാരണമുണ്ട്. യൂനോമിയോസ്, പണ്ഡിതനെങ്കിലും അരിസ്റ്റോട്ടിലിന്റെ യുക്തിശാസ്ത്രം വച്ചുകൊണ്ട് തിരുവെഴുത്തുകളെയും ത്രിത്വവിശ്വാസത്തെയും തെറ്റായി വ്യാഖ്യാനിച്ചതിന് എതിരെയാണ് നിസ്സായിലെ ഗ്രീഗോറിയോസ് എഴുതുന്നത്. മറ്റ് കപ്പദോക്യൻ പിതാക്കന്മാരായ ബസ്സേലിയോസും നാസിയാൻസിലെ ഗ്രീഗോറിയോസും ഇതുപോലെ തന്നെ യൂനോമിയോസിന്റെ വാദങ്ങൾക്ക് എതിരായി എഴുതുന്നുണ്ട്. എന്നാൽ ഏറ്റവും ദാർശനികമായ ഗഹനതയോടെ അത് ചെയ്യുന്നത് നിസ്സായിലെ ഗ്രീഗോറിയോസാണ്.

യൂനോമിയോസ് മനുഷ്യയുക്തിയുടെ ക്രമമാണ് ത്രിത്വത്തിൽ ആരോപിക്കുന്നത്. പിതാവ് സകലത്തിന്റെയും കാരണവും പുത്രനും പരിശുദ്ധാത്മാവും ആ കാരണത്തിൽ നിന്ന് ഉരുത്തിരിഞ്ഞവരുമാണ്. അതുകൊണ്ട് പുത്രനും പരിശുദ്ധാത്മാവും പിതാവിനേക്കാൾ താണ (subordinate) ആളത്തങ്ങളാണ് എന്ന് പഠിപ്പിച്ചു. കപ്പദോക്യൻ പിതാക്കന്മാർ ഉറപ്പിക്കുകയും സഭ നിലനിർത്തുകയും ചെയ്ത ത്രിത്വസിദ്ധാന്തത്തിന് തീർത്തും എതിരായിരുന്നു ഇത്. സഭയുടെ ആ വിശ്വാസം അനുസരിച്ച് ഏകമായ ദൈവം മൂന്ന് ആളത്തങ്ങളായി (ക്നൂമോ/ക്നൂമാ എന്ന് സുറിയാനിയിലും ഹിപ്പോസ്റ്റാസിസ് എന്ന് ഗ്രീക്കിലും) അറിയപ്പെടുന്നു. ഈ ആളത്തങ്ങൾ തമ്മിൽ സമ്പൂർണ്ണ സമത്വമാണ്. ഒന്ന്, മറ്റൊന്നിനേക്കാൾ വലുതോ ചെറുതോ അല്ല. ഒരേസമയം മൂന്നും വ്യതിരിക്തങ്ങളായും സാരാംശത്തിൽ ഏക ദൈവമായും സഭ മനസ്സിലാക്കുന്നു. പെന്തിക്കോസ്തി പെരുന്നാളിന്റെ പ്രാർത്ഥനകളിൽ ഇത് വ്യക്തമാക്കുന്നുണ്ട്. അപ്പോൾ സൃഷ്ടിയിൽ മാത്രം ഒതുക്കി നിർത്തേണ്ട അക്കോലുഥിയയുടെ ക്രമം സ്രഷ്ടാവിൽ ആരോപിക്കുന്നത് വളരെ ഗൗരവമേറിയ തെറ്റായി നിസ്സായിലെ ഗ്രീഗോറിയോസ് പറയുന്നു (ഓർത്തഡോക്സ് വേദശാസ്ത്രത്തിന്റെ മെതഡോളജിയിലെ പ്രധാന തത്വമാണിത്).

പ്രപഞ്ചത്തിൽ നിറഞ്ഞുനിൽക്കുന്ന സുഭഗമായ യുക്തിയുടെ താളക്രമം മനുഷ്യഭാഷയുടെ അടിസ്ഥാനമാണ്. അതുപോലെതന്നെ എല്ലാവിധമായ വൈജ്ഞാനിക ഗ്രഹണത്തിന്റെയും (cognition) അടിസ്ഥാനം ഈ അക്കോ

ലുഥിയ ആണ്. കണ്ണികൾ ഒന്നോടൊന്ന് ചേർന്ന് സൃഷ്ടിക്കുന്ന ഒരു ചങ്ങല (chain) പോലെയാണ് പ്രപഞ്ചത്തിന്റെ ആന്തരിക പാരസ്പര്യം. അതു കൊണ്ട് ദൈവസൃഷ്ടിക്കുള്ളിൽ എല്ലാം തമ്മിൽ അന്യോന്യം ബന്ധപ്പെട്ടി രിക്കുന്നു.

പഴയനിയമവും പുതിയനിയമവും ചേർന്ന വിശുദ്ധ ഗ്രന്ഥം ഇതുപോലെ അനുസ്യൂതമായ ദൈവിക വെളിപാടാണ്. ഇവിടെ പരിശുദ്ധാത്മാവാണ് സൃഷ്ടിയിലെന്നതുപോലെ തിരുവെഴുത്തുകളിലും പാരസ്പര്യത്തിന്റെ അക്കോലുഥിയ സൃഷ്ടിക്കുന്നത്. വേദപുസ്തകത്തിന്റെ ക്രമീകരണത്തിൽ, ഉദാഹരണമായി മോശയുടെ അഞ്ച് പുസ്തകങ്ങൾ, 150 സങ്കീർത്തനങ്ങ ളുടെ ക്രമാനുഗതമായ സംവിധാനം എന്നിവയെല്ലാം മനുഷ്യാത്മാവിന്റെ നിരന്തരമായ ആദ്ധ്യാത്മിക പരിണാമത്തെ വെളിപ്പെടുത്തുന്നതാണ്. വേദ ഗ്രന്ഥത്തിൽ സൃഷ്ടി മുഴുവനിലുമെന്നതുപോലെ മനുഷ്യാത്മാവ് സവിശേ ഷമായ ഒരു ക്രമത്തെയാണ് അനുധാവനം ചെയ്യുന്നത്.

അക്കോലുഥിയ അഥവാ അനുക്രമണം ഒരു ചങ്ങല പോലെയാണെന്ന് സൂചിപ്പിച്ചല്ലോ. മനുഷ്യജീവിതത്തിലേക്ക് വരുമ്പോൾ ഈ ചങ്ങല രണ്ടു തരത്തിൽ കാണാം. ഒന്ന്, നന്മയുടെ ചങ്ങല (Akolouthia of the good). മറ്റത് തിന്മയുടെ ചങ്ങല (Akolouthia of the evil). മനുഷ്യൻ അവന്റെ ജീവി തവ്യവഹാരത്തിൽ ചിലപ്പോൾ തിന്മയുടെ ചങ്ങലയിൽ പെട്ടുപോകാം. എന്നാൽ നമ്മുടെ യഥാർത്ഥ ക്രിസ്തീയ ധർമ്മം ഈ തിന്മയുടെ അനു സ്യൂതമായ ചങ്ങലയെ പൊട്ടിച്ചുകളയുകയാണ്. അത് പൊട്ടിക്കണമെങ്കിൽ നാം നിരന്തരമായി നന്മയുടെ കണ്ണികളോട് ചേർന്നുനിൽക്കണം. ക്രിസ്തു പരിശുദ്ധാത്മാവിലൂടെ നമ്മെ നന്മയുടെ ചങ്ങലയിൽ കണ്ണികളാകാൻ സഹാ യിക്കുന്നു. എന്നാൽ തിന്മയുടെ ചങ്ങല വളരെ ശക്തമാണ്. അതിനെ തകർക്കാൻ നന്മ കൊണ്ടു മാത്രമേ കഴിയുകയുള്ളു. അക്രമത്തിനെതിരെ അക്രമം പ്രയോഗിച്ചാൽ തിന്മയുടെ ചങ്ങലയ്ക്ക് ശക്തിയും ദൈർഘ്യവും വർദ്ധിക്കും. ഇതൊരു ന്യൂക്ലിയർ ചെയിൻ റിയാക്ഷൻ പോലെയാണ്. ഒരു തിന്മ അടുത്ത തിന്മയ്ക്ക് ഊർജ്ജമായി മാറുന്നു. ആ തിന്മ കൂടുതൽ ശക്തി യോടെ പുതിയ തിന്മയെ സൃഷ്ടിക്കുന്നു (സാധാരണ ഭാഷയിൽ ഒരു മാല പ്പടക്കത്തിന്റെ ചിത്രം എടുത്താൽ മതി. അത് പടക്കങ്ങളുടെ ഒരു ശൃംഖല യാണ്. അതിൽ ഒരറ്റത്ത് ഒന്നിനു മാത്രമേ നാം തീ കൊളുത്തുന്നുള്ളു. പക്ഷേ നിമിഷംകൊണ്ട് അത് കണ്ണികണ്ണിയായി പടർന്ന് കാതടപ്പിക്കുന്ന ശബ്ദം ഉണ്ടാക്കുന്നു).

അപ്പോൾ ക്രിസ്തീയ ജീവിതത്തിൽ ഈ അക്കോലുഥിയ അർത്ഥപൂർണ്ണ മാകുന്നത് നന്മയുടെ കണ്ണികളെ ഇടമുറിയാതെ അനുസ്യൂതമായി നമ്മുടെ ചിന്തയിലും പ്രവർത്തനത്തിലും കൊണ്ടുവരുമ്പോഴാണ്. എവിടെയെങ്കിലും

ഒരു വിടവ് വന്നുപോയാൽ അവിടെ തിന്മയുടെ കണ്ണികൾ നുഴഞ്ഞുകയറും. ഒരിക്കൽ കയറിപ്പറ്റിയാൽ പിന്നെ അർബുദകോശങ്ങൾ പോലെയോ മാല പ്പടക്കം പോലെയോ അത് അഗ്നിയിലേക്കും മരണത്തിലേക്കും ഉണ്മയില്ലാത്ത ശൂന്യതയിലേക്കും നമ്മെ നയിക്കും. നമ്മുടെ ബൗദ്ധികതലത്തിൽ നമ്മൾ വേദപുസ്തകം വ്യാഖ്യാനിക്കുകയും അതിന്റെ അനുസ്യൂതതയെക്കുറിച്ച് വാചാലമായി പറയുകയും ചെയ്താലും അതിന്റെ തുടർച്ച (follow up) നമ്മുടെ ധാർമ്മിക ജീവിതത്തിലേക്കും ലോകവ്യവഹാരത്തിലേക്കും കൊണ്ടുവന്നില്ലെങ്കിൽ നമ്മുടെ വേദജ്ഞാനം അർത്ഥരഹിതമാവുകയും തിന്മ അതിന്റെ അനസ്യൂതമായ ചങ്ങല ഉപയോഗിച്ച് നമ്മെ മരണത്തോട് ബന്ധിക്കുകയും ചെയ്യും.

**നന്മയുടെ കണ്ണികൾ**

വളരെ സംക്ഷിപ്തമായ രൂപത്തിലാണ് ഇവിടെ നാം വിവരിച്ചത്. ഇപ്പോ ഴത്തെ നമ്മുടെ സഭാജീവിതത്തിൽ ഇതിന് പ്രത്യേകമായ പ്രസക്തിയുണ്ട്. കെ. റ്റി. ഫിലിപ്പച്ചൻ, അദ്ദേഹത്തിന്റെ വ്യക്തിജീവിതത്തിലും ഇടയപരിപാ ലന ശുശ്രൂഷയിലും മുകളിൽ പറഞ്ഞ കാര്യം നന്നായി മനസ്സിലാക്കിയി രുന്നു എന്നാണ് എനിക്ക് തോന്നുന്നത്. കാരണം, സഭയുടെ സമാധാനം, ഐക്യം എന്നിവ നമ്മുടെ കർത്താവായ യേശുക്രിസ്തു പഠിപ്പിച്ച് നമ്മെ ഭരമേല്പിച്ചതാണ് എന്ന ദൃഢമായ ബോധം അദ്ദേഹത്തിന് ഉണ്ടായിരുന്നു. അതുകൊണ്ട് കുടുംബത്തിലും ചുറ്റുപാടിലും സമൂഹത്തിലും അദ്ദേഹത്തിന് പ്രതിബന്ധങ്ങളും കഷ്ടതകളും ധാരാളം ഉണ്ടായെങ്കിലും കർത്താവിന്റെ ഇഷ്ടത്തിന് അനുസൃതമായി നന്മയുടെ ചങ്ങല സൃഷ്ടിക്കാനാണ് അദ്ദേഹം ശ്രമിച്ചത്. വിഭാഗീയ പ്രവണതകളും തീവ്രവാദത്തിന്റെയും പ്രതികാരത്തി ന്റെയും സ്ഫോടനശബ്ദങ്ങളും ഫിലിപ്പച്ചനെ അതീവ ദുഃഖിതനാക്കി. ദുർ വാശിക്കാരുടെ ഭർത്സനങ്ങൾക്കും പീഡനങ്ങൾക്കും വിധേയനായപ്പോഴും അദ്ദേഹം സാത്വികരായ നമ്മുടെ പിതാക്കന്മാരെപ്പോലെ ക്ഷമയുടെയും സ്നേഹത്തിന്റെയും ചങ്ങല വിടാതെ പിടിച്ചുനിന്നു. അദ്ദേഹം വാങ്ങിപ്പോകു മ്പോൾ സ്വന്ത ജീവിതത്തെക്കുറിച്ചുള്ള ഭാരമായിരുന്നില്ല കൂടുതൽ. സഭ യുടെ ഭാവിയെക്കുറിച്ചും ഒരേ കുടുംബവും സഹോദരങ്ങളുമായ മനുഷ്യർ പരസ്പരം ഏറ്റുമുട്ടിയും വിദ്വേഷം വമിപ്പിച്ചും അകന്നകന്ന് പോകുന്നുവല്ലോ എന്നുള്ള ഭാരമായിരുന്നു. ഒരിക്കൽ ഞാൻ ഫോൺ ചെയ്തപ്പോൾ അദ്ദേഹം അവസാനമായി വെല്ലൂർ ആശുപത്രിയിലേക്കുള്ള യാത്രയിലായിരുന്നു. രോഗ വിവരം ഞാൻ അന്വേഷിച്ചപ്പോൾ അദ്ദേഹം പറഞ്ഞു, " അച്ചാ, എന്റെ ശരീര ത്തിന്റെ രോഗമല്ല എന്നെ ഭാരപ്പെടുത്തുന്നത്. നമ്മുടെ സഭയുടെ അവ സ്ഥയും തീരുമാനങ്ങൾ എടുക്കേണ്ടവരുടെ നിഷ്ക്രിയത്വവുമാണ് എന്നെ ദുഃഖിപ്പിക്കുന്നത്."

ഫിലിപ്പച്ചൻ അധികാരികൾക്ക് എഴുതിയ കത്തുകളും അദ്ദേഹം തന്റെ

വാക്കുകളിലൂടെ പൊതുവിൽ പ്രകടിപ്പിച്ച അഭിപ്രായങ്ങളും നാം മായിച്ചാലും മാഞ്ഞുപോകുകയില്ല. ദൈവരാജ്യത്തിൽ നീതിയുടെ പുസ്തകത്തിൽ അവ രേഖപ്പെടുത്തിയിട്ടുണ്ട് എന്ന് ഞാൻ ദൃഢമായി വിശ്വസിക്കുന്നു. അദ്ദേഹത്തിന്റെ ഹൃദയനേർമ്മ കൊണ്ട് ആരെയും ഭയപ്പെടാതെ സത്യം തുറന്നു പറഞ്ഞിരുന്നു. അന്ത്യന്യായവിധി എന്നൊന്നുണ്ടെങ്കിൽ, നമ്മെയൊക്കെ അഭിസംബോധന ചെയ്ത് സാത്വികനും വ്രണിതഹൃദയനുമായ കെ. റ്റി. ഫിലിപ്പച്ചൻ എഴുതുകയും പറയുകയും ചെയ്ത കാര്യങ്ങൾക്ക്, നാമൊക്കെ ദൈവസന്നിധിയിൽ കണക്ക് ബോധിപ്പിക്കേണ്ടി വരും. അത് സംഭവിക്കാതെ ഇനിയെങ്കിലും നമുക്ക് നന്മയുടെ എന്തെങ്കിലും കണ്ണികൾ അവശേഷിക്കുന്നുണ്ടോ എന്ന് അന്വേഷിക്കുകയും പല കഷണങ്ങളായിപോയ സഭാഗാത്രത്തെ കർത്താവായ യേശുവിന്റെ ശരീരത്തോട് കൂട്ടിച്ചേർക്കാൻ ശ്രമിക്കുകയും ചെയ്യാം.

കൊറോണ വൈറസ് പോലെ താമസിയാതെ ഒന്നു കൂടി വന്നാൽ (അതിന് വളരെ സാധ്യതയുണ്ട്) മതത്തിന്റെ അധികാരക്കെട്ടുകളെല്ലാം അഴിഞ്ഞുപോകുകയും മനുഷ്യസംസ്ക്കാരം പടുത്തുയർത്തിയ പലതും കല്ലോടു കല്ല് ശേഷിക്കാതെ പോവുകയും ചെയ്തേക്കാം. അതുകൊണ്ട് ദൈവവും തന്റെ സൃഷ്ടിയായ പ്രപഞ്ചവും മനുഷ്യനും തമ്മിലുള്ള ആർദ്രമായ ബന്ധത്തിന്റെ പുതിയ മാനങ്ങൾ നാം പ്രത്യാശയോടെ അന്വേഷിക്കുകയും, ദ്രവിച്ചു തുടങ്ങിയ നമ്മുടെ മതസംവിധാനങ്ങളെ പരിശുദ്ധാത്മസഹായത്തോടെ അഴിച്ചുപണിയുകയും ചെയ്യാം. ജനങ്ങൾക്കു വേണ്ടിയും ജനങ്ങളോടൊപ്പവും നിന്ന പ്രിയ ഫിലിപ്പച്ചൻ അതാണ് സ്വപ്നം കണ്ടത്.

# ആദർശ വ്യക്തിത്വത്തിനൊരുദാഹരണം

**ഫാ. ഡോ. ജേക്കബ് കുര്യൻ**
(മുൻ പ്രിൻസിപ്പൽ, ഓർത്തഡോക്സ് സെമിനാരി)

കെ. റ്റി. ഫിലിപ്പച്ചൻ! സൗഹൃദ പൂങ്കാവനത്തിലെ അനന്യ സുഗന്ധം! ധന്യസ്മരണാർഹനായ കെ. റ്റി. ഫിലിപ്പച്ചന്റെ സുഹൃത്തായിരുന്നു ഞാനെന്നു പറയുവാൻ ധൈര്യമില്ലെങ്കിലും, കെ. റ്റി. ഫിലിപ്പച്ചൻ എന്റെ സുഹൃത്തായിരുന്നുവെന്നു ഞാൻ ധൈര്യപൂർവ്വം പറയും. ഞങ്ങൾ വൈദിക സെമിനാരിയിൽ ഒരേ ബാച്ചിൽ പഠിച്ചവർ മാത്രമല്ല, ഒന്നിച്ച് ശെമ്മാശുപട്ടം സ്വീകരിച്ചവരും, സെമിനാരി സീനിയോറിട്ടിയിൽ എന്റെ തൊട്ടുതാഴെ പ്രായത്തിൽ അദ്ദേഹം കണക്കാക്കപ്പെട്ടും ഇരുന്നു. അതിലും ഉപരിയായി സെമിനാരി പഠനം മുതൽ ഇതഃപര്യന്തം ഒരു പ്രത്യേക സ്നേഹസൗഹൃദം ഞങ്ങൾ പരസ്പരം പാലിച്ചുപോന്നുവെന്ന് പറയാൻ പറ്റും. ആ സൗഹൃദം കാത്തുസൂക്ഷിക്കുവാൻ എന്നും മുൻകൈയെടുത്തിട്ടുള്ളത് ഫിലിപ്പച്ചനായിരുന്നു എന്നതും നന്ദിയോടെ ഓർക്കാതിരിക്കാൻ വയ്യ.

അഭിവന്ദ്യ ഗുരുഭൂതൻ ഡോ. പൗലോസ് മാർ ഗ്രീഗോറിയോസ് തിരുമേനിയും കെ. റ്റി. ഫിലിപ്പച്ചനും തൃപ്പൂണിത്തുറ നടമേൽ പള്ളി ഇടവകാംഗങ്ങളും ഒരേ നാട്ടുകാരും ആയിരുന്നു. സഭാവഴക്കിന്റെ പശ്ചാത്തലത്തിൽ, രണ്ടുപേരുടെയും സ്വകാര്യ ദുഃഖമായിരുന്നു, സ്വന്തം ഇടവകയിൽ ആത്മിക കാര്യങ്ങളിൽ പങ്കെടുക്കാൻ പറ്റാതിരുന്ന ദുരവസ്ഥ. അതുകൊണ്ടുതന്നെ മാത്രമല്ല മറ്റു പല കാരണങ്ങൾ കൊണ്ടും, ഗ്രീഗോറിയോസ് തിരുമേനിയുടെ പ്രത്യേക കരുതൽ ഫിലിപ്പച്ചന് എന്നും കിട്ടിയിരുന്നു. ആ കരുതലിന് മറുപടിയായി ഫിലിപ്പച്ചൻ കറതീർന്ന വിശ്വസ്തതയാലും, ആത്മാർത്ഥതയാലും ഗ്രീഗോറിയോസ് തിരുമേനിയോട് വർത്തിച്ചു എന്നതിന്റെ തെളിവാണ്, തലക്കോട് ബോയ്സ് ഹോമിന്റെയും മറ്റു സ്ഥാപനങ്ങളുടെയും പ്രവർത്തനത്തിൽ ഫിലിപ്പച്ചന്റെ ഗുരുഭക്തിയും, ത്യാഗസേവനവും. അവരുടെ രണ്ടുപേരുടെയും നടക്കാതെപോയ ഒരു സ്വപ്നവും പ്രതീക്ഷയുമായിരുന്നു, സ്വന്തം ഇടവകയിലും ആൾക്കാരുടെ ഒപ്പവുമുള്ള സമാധാനപൂർണ്ണമായ ഒരു സഭാജീവിതം. രണ്ടുപേരും ആ ആഗ്രഹത്തിന്റെ സാഫല്യത്തിനായി ഒത്തിരി പ്രാർത്ഥിച്ചു, പരിശ്രമിച്ചു എന്നു മാത്രമല്ല, ഒത്തിരി വില കൊടുക്കുകയും ചെയ്തുവെങ്കിലും, അവരുടെ വേർപാടിന്റെ നിമിഷങ്ങളിലെ ഹൃദയവ്യഥയായി ആ ദുഃഖം ബാക്കിനിന്നു. ഒരുവിധത്തിൽ പറഞ്ഞാൽ, ആ ദുഃഖത്തിന്റെ കാഠിന്യമേറിയത്, പ്രതീക്ഷ വച്ച ഇടങ്ങളിലെ നിസ്സഹകരണ നിലപാടായിരുന്നു.

വൈദികസെമിനാരിയിൽ പഠിക്കുന്ന കാലത്ത് മുതൽ കെ. റ്റി. ഫിലിപ്പ് ഒരു ആദർശ വ്യക്തിത്വമായിരുന്നു. കാപട്യം ലേശവും ഇല്ലാത്ത സാക്ഷാൽ ഇസ്രായേല്യന്റെ ഒരാൾരൂപം ആയി അദ്ദേഹം തിളങ്ങിയപ്പോൾ, ഹൃദയത്തിൽ ചിലപ്പോഴൊക്കെ അതിന്റെ പേരിൽ തന്നെ അദ്ദേഹം അനുഭവിച്ച പരിഹാസ വേദനകൾ അടുത്തുനിന്നവർക്ക് മറവായിരുന്നില്ല. ഒരാദർശ വ്യക്തിത്വത്തിന്റെ കൂടെ നിന്ന് കുടുംബം പണിതതിന്റെ സംതൃപ്തി, ബഹുമാനപ്പെട്ട അച്ചന്റെ സഹധർമ്മിണി അമ്മായിക്കും, ഏക മകൻ മീഖായ്ക്കും കൂടുതൽ ഉണ്ടായിരുന്നു.

പൗലൂസ് ശ്ലീഹായുടെ ഭാഷയിൽ, "ജഡത്തിലെ ഒരു ശൂലം" ആരോഗ്യകാര്യത്തിൽ അദ്ദേഹത്തെ ദീർഘകാലം പിൻതുടർന്നപ്പോഴും, അചഞ്ചലമായ വിശ്വാസം നൽകിയ പ്രത്യാശ അദ്ദേഹത്തെ അസാമാന്യ ധൈര്യത്തോടെ മുമ്പോട്ടു നയിച്ചത് ഞങ്ങളെ അത്ഭുതപ്പെടുത്തിയിട്ടുണ്ട്. ജീവിതത്തിലെ നിർണ്ണായക തീരുമാനങ്ങൾക്കും, പ്രതിസന്ധികൾക്കും അദ്ദേഹത്തിന് താങ്ങും തണലുമായി നിന്ന രണ്ടു പിതാക്കന്മാരെ അദ്ദേഹം എന്നും പ്രത്യേകമായി സ്മരിച്ച് കണ്ടിട്ടുണ്ട്. ഒന്ന്, ഡോ. ഗീവർഗീസ് മാർ ഒസ്താത്തിയോസ് തിരുമേനി, രണ്ട്, ഡോ. പൗലൂസ് മാർ ഗ്രീഗോറിയോസ് തിരുമേനി. എന്നും അദ്ദേഹത്തിന് ആശ്വാസദാതാവായ ഗുരുസാന്നിദ്ധ്യമായി ഡോ. ടി. ജെ. ജോഷ്വാ അച്ചന്റെ സ്ഥാനവും പ്രത്യേകം സ്മരിക്കപ്പെട്ട് കണ്ടിട്ടുണ്ട്. ദാർശനിക ചിന്തയിൽ വഴികാട്ടിയായി ഡോ. കെ. എം. ജോർജ് അച്ചനെയും അദ്ദേഹം പ്രത്യേകം ആദരിച്ചിരുന്നു. നല്ല സഹായിയും സഹപ്രവർത്തകനുമായി റ്റി. പി. ഏലിയാസ് അച്ചനും അദ്ദേഹത്തിനുണ്ടായിരുന്നു.

കെ. റ്റി. ഫിലിപ്പച്ചന്റെ ഏറ്റവും വലിയ വിജയം അദ്ദേഹത്തിന്റെ അജപാലനരംഗത്തായിരുന്നു. കൊച്ചി ഭദ്രാസനത്തിലെ വിവിധ ഇടവകകളിൽ അദ്ദേഹത്തിന്റെ സേവനം ലഭിച്ചിടത്ത് ജനങ്ങൾ തിരിച്ചറിഞ്ഞ ഒരു "നല്ല ഇടയൻ" അദ്ദേഹത്തിലെ വ്യക്തിത്വ തിളക്കമായി മാറി.

ഇതിലെല്ലാം ഉപരിയായി ഒരു നല്ല സുഹൃത്ത് എന്ന് അദ്ദേഹത്തെ ഞാൻ വിശേഷിപ്പിക്കുന്നത് രണ്ടു കാര്യങ്ങളിലാണ്: ഒന്ന്, മറ്റുള്ളവരിൽ കാണുന്ന നന്മയുടെ ചില വശങ്ങൾ അദ്ദേഹത്തെ വല്ലാതെ സന്തോഷിപ്പിക്കുകയും അവരെ അഭിനന്ദിക്കുവാൻ കലവറയില്ലാതെ ശ്രമിക്കയും ചെയ്യുമായിരുന്നു. മലങ്കരസഭയുടെ ഒരു അസോസിയേഷനിലും, ഒരു മെത്രാൻ വാഴ്ചയിലും വചനശുശ്രൂഷ നിർവഹിക്കുവാൻ പ. സഭ ബലഹീനനായ എനിക്കവസരം നൽകി. പ്രസ്തുത ശുശ്രൂഷ ദൈവകൃപയാൽ ഒരുവിധം നിർവഹിച്ചു കഴിഞ്ഞപ്പോൾ ആദ്യമായി ലഭിച്ച അഭിനന്ദനം ബഹു. കെ. റ്റി. ഫിലിപ്പച്ചന്റേതായിരുന്നു. രണ്ട്, സഭയുടെ വ്യവഹാരചരിത്രത്തിന് ഒരു വിരാമം

കുറിക്കുവാൻ, സുഹൃത്തുക്കളുടെ അടുക്കൽ ഉള്ളു തുറന്ന് ആശയവിനിമയം നടത്തുവാൻ ഫിലിപ്പച്ചൻ കാണിച്ച വ്യഗ്രത. ഇക്കാര്യത്തിൽ ആശാവഹമായ ഒരു സൂചനയും ലഭിക്കാതെ വന്നപ്പോൾ ഒരു വിധത്തിൽ പറഞ്ഞാൽ ഹൃദയം തകർന്ന് ഓടിനടന്ന ഫിലിപ്പച്ചനെ ഞങ്ങൾ സുഹൃത്തുക്കൾ ചിലരൊക്കെ അടുത്തറിഞ്ഞിട്ടുണ്ട്. ഒരു പക്ഷേ, അദ്ദേഹത്തിന്റെ ആരോഗ്യത്തെ ക്ഷയിപ്പിച്ച ഒരു പ്രധാന ഘടകം ഈ മനസ്താപമായിരിക്കും.

എന്നാൽ ഇപ്പോൾ, കെ. റ്റി. ഫിലിപ്പച്ചൻ ആയിരിക്കുന്ന സ്വർഗ്ഗീയ അവസ്ഥയിൽ, അദ്ദേഹത്തിന് ലോകത്തിൽ വെച്ച് ഉത്തരം കിട്ടാതെപോയ ചോദ്യങ്ങൾക്ക് "ശാശ്വത സമാധാനത്തിന്റെ" ഒറ്റ ഉത്തരം കിട്ടിയതിന്റെ ആനന്ദമായിരിക്കും. ഒരു നിർമ്മല പുരോഹിതൻ ആയിരുന്നതുകൊണ്ട്, അദ്ദേഹം ചോദിച്ച് ചോദിച്ച് ഉത്തരം കിട്ടാതെ പോയ ചോദ്യം, പുരോഹിത സ്ഥാനികൾക്ക് അധികാരം തലയ്ക്കു പിടിച്ചു പോകുന്നതെന്തുകൊണ്ടെന്നായിരുന്നു. ഒരു മനുഷ്യസ്നേഹി ആയിരുന്നതുകൊണ്ട്, അദ്ദേഹം ചോദിച്ചു ചോദിച്ച് ഉത്തരം കിട്ടാതെപോയ ചോദ്യം, സഹോദരബന്ധങ്ങളെയും കക്ഷിവഴക്ക് കാർന്നു തിന്നുന്നതെന്തുകൊണ്ടെന്നായിരുന്നു. ഒരു വചനശുശ്രൂഷകൻ ആയിരുന്നതുകൊണ്ട്, അദ്ദേഹം ചോദിച്ച് ചോദിച്ച് ഉത്തരം കിട്ടാതെ പോയ ചോദ്യം, സഹോദരനോട് നിരപ്പാകാൻ ഒട്ടും മനസ്സില്ലാതെ എങ്ങനെ ദൈവത്തിന് കാഴ്ചയർപ്പിക്കാൻ പറ്റും എന്നതായിരുന്നു. അകത്തൊന്നും പുറത്ത് മറ്റൊന്നുമായി ഇടപെടാൻ അറിയില്ലാത്ത ഒരു മനുഷ്യനായിരുന്നതുകൊണ്ട്, അദ്ദേഹം ചോദിച്ച് ചോദിച്ച് ഉത്തരം കിട്ടാതെ പോയ ചോദ്യം, എന്തുകൊണ്ട് പ്രാർത്ഥനയുള്ള കുടുംബങ്ങളിലും സാത്താൻ കയറി കലക്കുന്നു എന്നതായിരുന്നു. എന്നാലിപ്പോൾ, നിത്യതയുടെ മഹോന്നതങ്ങളിൽ, ദൈവസ്നേഹത്തിന്റെ മേഘപാളികളിൽ, തനിക്കു മനസ്സിലായിരിക്കുന്നു, താൻ ചോദിച്ച ചോദ്യങ്ങൾ വാടിപ്പോകുന്ന പൂക്കളെക്കുറിച്ചായിരുന്നു, പാറിപ്പറക്കുന്ന ചിത്രശലഭങ്ങളെക്കുറിച്ചല്ലായിരുന്നുവെന്ന്. സ്വർഗ്ഗീയതയുടെ ചിത്രശലഭമായി, തന്നെയും പരമകാരുണികൻ സ്വീകരിച്ചിരിക്കുന്നുവെന്ന് കണ്ടപ്പോൾ, ചോദ്യങ്ങൾക്കെല്ലാം ഒറ്റ ഉത്തരമായി അത്. പണ്ട് ഇയ്യോബ് പറഞ്ഞതുപോലെ ഫിലിപ്പച്ചനും പറയുന്നുണ്ടാകും:

"അങ്ങനെ എനിക്കറിഞ്ഞുകൂടാതവണ്ണം അത്ഭുതമേറിയത് ഞാൻ തിരിച്ചറിയാതെ പറഞ്ഞുപോയി, കേൾക്കേണമെ; ഞാൻ സംസാരിക്കും.... ഞാൻ നിന്നെക്കുറിച്ച് ഒരു കേൾവി മാത്രമേ കേട്ടിരുന്നുള്ളു; ഇപ്പോഴോ എന്റെ കണ്ണാൽ നിന്നെക്കാണുന്നു" (ഇയ്യോബ് 42:3-5).

# കുറച്ചു വാക്കുകളും കൂടുതൽ പ്രവൃത്തിയും


## ഫാ. ഡോ. ഒ. തോമസ്

(മുൻ മലങ്കരസഭാ വൈദിക ട്രസ്റ്റി)


വന്ദ്യനായ കെ. റ്റി. ഫിലിപ്പച്ചൻ, തന്റെ നിത്യ ഭവനത്തിലേക്ക് യാത്ര യായപ്പോൾ ഞാൻ നാട്ടിലില്ലായിരുന്നു. അദ്ദേഹത്തെ യാത്രയയയ്ക്കാൻ സാധിക്കാഞ്ഞതിനാൽ, ഇപ്പോഴും അദ്ദേഹം ഈ ഭൂമിയിലില്ല എന്നു ചിന്തി ക്കുവാൻ സാധിക്കുന്നില്ല. ഞങ്ങളുടെ സൗഹൃദത്തിന്, കൃത്യമായി പറ ഞ്ഞാൽ, 48 വർഷത്തെ പഴക്കമുണ്ട്. 1972-ൽ ഞാൻ ഒന്നാം വർഷ വിദ്യാർത്ഥിയായി സെമിനാരിയിൽ ചേരുമ്പോൾ ഫിലിപ്പ് ശെമ്മാശ്ശൻ നാലാം വർഷ വിദ്യാർത്ഥിയായിരുന്നു. ഇപ്പോഴത്തെ പ. ബാവാതിരുമേനി, അന്തോ ണിയോസ് തിരുമേനി, ജേക്കബ് കുര്യൻ അച്ചൻ, സി. സി. ചെറിയാൻ അച്ചൻ തുടങ്ങിയവർ അദ്ദേഹത്തിന്റെ സതീർത്ഥ്യരായിരുന്നു. ആ വർഷത്തെ ഏറ്റവും പ്രായം കുറഞ്ഞ വിദ്യാർത്ഥി (17 1/2) ഞാനായിരുന്നതിനാൽ എന്നോടു ഫിലിപ്പ് ശെമ്മാശന് പ്രത്യേകമായ വാത്സല്യമായിരുന്നു. ആ സൗഹൃദം നാൾക്കുനാൾ വർദ്ധമാനമായ തോതിൽ മരണം വരെയും നീണ്ടു നിന്നു. കുറച്ചുനാൾ പുതുപ്പാടി ആശ്രമവുമായി ബന്ധപ്പെട്ടു നിന്നപ്പോൾ, മാവേലിക്കര സുവിശേഷാലയത്തിലും നിന്നു പ്രവർത്തിച്ചതിനാൽ ഞങ്ങളുടെ സൗഹൃദം കൂടുതലാവുകയും ചെയ്തു. അഭിവന്ദ്യ ഒസ്താത്തി യോസ് തിരുമേനിയുടെ ആകർഷണവലയത്തിലുള്ള റ്റി. പി. ഏലിയാസച്ചൻ തുടങ്ങി ഒട്ടനവധി വൈദികരുമായി ശക്തമായ കൂട്ടായ്മയും, സുവിശേഷ, ജീവകാരുണ്യ പ്രവർത്തനങ്ങളിൽ ഞങ്ങളെല്ലാം ഒരുമിച്ചു ഭാഗഭാക്കാകു വാനും സാധിച്ചു. ഒടുവിൽ വൈദികനായി ഇടവക ശുശ്രൂഷയിൽ പ്രവേശി ച്ചപ്പോഴും, സുവിശേഷ, ജീവകാരുണ്യ പ്രവർത്തനങ്ങളിൽ ഊന്നിക്കൊ ണ്ടാണ്, തന്റെ പുരോഹിത ശുശ്രൂഷ നിർവഹിച്ചത്. ഓർത്തഡോക്സ് സഭയുടെ ആരാധന, ഉപവാസം, നോമ്പ് തുടങ്ങിയ നിഷ്ഠകളിൽ നിന്ന് അണുവിട വ്യതിചലിക്കാതെ, അതേ സമയം സുവിശേഷ, ജീവകാരുണ്യ പ്രവർത്തനങ്ങളിൽ ഓർത്തഡോക്സ് സഭയിലെ സാധാരണ പട്ടക്കാരുടെ നിലവാരത്തിൽ നിന്ന് അദ്ദേഹം ഏറെ ഉയരത്തിൽ തന്നെ വർത്തിച്ചു. ഗാന്ധി ജിയെക്കുറിച്ച് "താൻ പ്രസംഗിക്കുന്നതൊന്നും പ്രാവർത്തികമാക്കാതിരു ന്നിട്ടില്ല" എന്നു പ്രസ്താവിക്കുന്നതുപോലെ കെ. റ്റി. ഫിലിപ്പച്ചനും താൻ പ്രസംഗിച്ചതൊന്നും പ്രാവർത്തികമാക്കാതിരുന്നിട്ടില്ല. ഒരുപക്ഷേ, പ്രസം ഗിച്ചതിലുമധികം പ്രവർത്തിച്ചിട്ടുണ്ട് എന്നതാണ് യാഥാർത്ഥ്യം. ഒട്ടേറെ കാര്യ ങ്ങൾ അദ്ദേഹത്തെപ്പറ്റി അനുസ്മരിക്കാനുണ്ടെങ്കിലും അനുവദിച്ച സ്ഥലപ രിമിതികൾക്കുള്ളിൽ നിന്നു ചുരുക്കം ചില കാര്യങ്ങൾ രേഖപ്പെടുത്തട്ടെ.

### 1. ആഴമേറിയ ക്രിസ്താനുഭവം

ബാല്യം മുതൽ അലട്ടിയിരുന്ന ശാരീരിക അസ്വസ്ഥതയും, സഭയിലെ കക്ഷിവഴക്കിൽ അനുഭവിക്കാനിടയാക്കിയ മാനസിക സംഘർഷങ്ങളും അദ്ദേഹം അതിജീവിച്ചത് വ്യക്തിപരമായി അനുഭവിച്ചറിഞ്ഞ ഒരു ക്രിസ്താനുഭവത്തിലൂടെയാണ്. വ്യക്തിപരമായി അനുഭവിച്ച എല്ലാ മാനസിക സംഘർഷങ്ങൾക്കും അദ്ദേഹം ക്രിസ്തുവിന്റെ ക്രൂശിന്റെ അടിസ്ഥാനത്തിൽ അർത്ഥം കണ്ടെത്തി. ഒടുവിൽ തന്നെ ബാധിച്ച അസുഖത്തിലും അദ്ദേഹം തളർന്നുപോയില്ല. അവിടെയും അദ്ദേഹം തന്റെ കൂടെ വസിക്കുന്ന ക്രിസ്തു സാന്നിദ്ധ്യം തിരിച്ചറിഞ്ഞു. പ്രത്യാശയോടെ ജീവിച്ച്, പ്രത്യാശയോടെ കടന്നുപോയി. ക്രിസ്തുവിനെ രുചിച്ചറിഞ്ഞ വൈദികനായിരുന്നു ഫിലിപ്പച്ചൻ.

### 2. ദൈവവചനത്തിൽ ഊന്നിയ ജീവിതശൈലി

ദൈവവചനം ധ്യാനിക്കുന്നതിലും, പഠിക്കുന്നതിലും പ്രത്യേകമായ താല്പര്യം അദ്ദേഹം കാണിച്ചിരുന്നു. വചനം പ്രസംഗിക്കുന്നവരുടെ ചിന്തകളെ വലിപ്പചെറുപ്പമില്ലാതെ ശ്രദ്ധിക്കുകയും, നോട്ടുകുറിക്കുകയും ചെയ്തിരുന്നു. പ്രഭാഷകരെ നല്ല ചിന്തകളുടെ പേരിൽ അഭിനന്ദിക്കുവാനും അദ്ദേഹം നന്നാ ശ്രദ്ധിച്ചിരുന്നു. ഒട്ടേറെ പ്രാവശ്യം നല്ല വാക്കുകൾ കൊണ്ട് ബലഹീനനായ എനിക്കും പ്രോത്സാഹനം നൽകിയിട്ടുണ്ട്. ഒടുവിൽ വടയാപറമ്പ് പള്ളിയിലെ കൺവൻഷനിലും എന്നെ ക്ഷണിച്ച് പ്രസംഗിപ്പിച്ചിരുന്നു.

കക്ഷിവഴക്കിന്റെ തിക്താനുഭവങ്ങൾ ഉണ്ടായിരുന്നിട്ടും മറുഭാഗത്തോട് അദ്ദേഹം വിദ്വേഷം വെച്ചുപുലർത്തിയിരുന്നില്ല. ഓർത്തഡോക്സ് സഭയുടെ വിശ്വാസികളെ ഒട്ടേറെവിധത്തിൽ മറുഭാഗത്തുള്ളവർ വടക്കൻ പ്രദേശങ്ങളിൽ പീഡിപ്പിച്ചിട്ടുണ്ട്. തൃപ്പൂണിത്തുറ നടമേൽ പള്ളിയിൽ, മാതാപിതാക്കൾക്കു വേണ്ടി ഒരു വിശുദ്ധ ബലി അർപ്പിക്കണമെന്ന് വളരെ ആഗ്രഹിച്ചിരുന്നു. 2017-ലെ സുപ്രീംകോടതി വിധിക്കുശേഷം, ആ പള്ളിവികാരിയോട് അതിനായി അഭ്യർത്ഥിക്കുകയും ചെയ്തു. അത് അനുവദിക്കാഞ്ഞതിൽ അദ്ദേഹം വളരെ ദുഃഖിതനായിരുന്നു. എന്നാലും, അവരോട് അദ്ദേഹം വിദ്വേഷം വെച്ചുപുലർത്തിയിരുന്നില്ല. സഭ ഒന്നാകണമെന്ന് അദ്ദേഹം വളരെ ആഗ്രഹിച്ചിരുന്നു. പല നിർദ്ദേശങ്ങൾ വെച്ച് സതീർത്ഥ്യനായ പ. ബാവാ തിരുമേനിക്ക് കൂടെക്കൂടെ എഴുതുമായിരുന്നു. ആരോടും ഒരു പകയോ വിദ്വേഷമോ വെച്ചുപുലർത്തുവാൻ അദ്ദേഹത്തിന് സാധ്യമായിരുന്നില്ല. എന്നാൽ അനിഷ്ടം തോന്നുന്ന കാര്യങ്ങൾ മുഖദാവിൽ പറയാനും അദ്ദേഹം മടികാണിച്ചിരുന്നില്ല.

### 3. ആടുകളുടെ ശബ്ദം തിരിച്ചറിഞ്ഞ നല്ല ഇടയൻ

പണ്ഡിതരും, പ്രഗത്ഭരുമായ അനേകം വൈദികർ നമ്മുടെ സഭയിലു

ണ്ടാവാം. എന്നാൽ ആടുകളുടെ ശബ്ദം തിരിച്ചറിയുന്ന നല്ല ഇടയന്മാർ തുലോം പരിമിതമാണ്. ഈ കാര്യത്തിൽ മലങ്കരസഭയിലെ വൈദികർക്ക് ഉത്തമമായ മാതൃകയാണ് അദ്ദേഹം കാട്ടിത്തന്നത്. അദ്ദേഹം ശുശ്രൂഷിച്ചിട്ടുള്ള ഇടവകകളിലെ ഓരോ വിശ്വാസിയും തീർച്ചയായും ഇത് സാക്ഷ്യപ്പെടുത്തും. കൃത്യമായ ഇടവേളകളിൽ ഭവനസന്ദർശനം, കൂടെക്കൂടെ രോഗികളെ ചെന്നുകാണുക, കുടുംബപ്രശ്നങ്ങൾ, മദ്യപാനം മൂലമുള്ള കലഹങ്ങൾ, സാമ്പത്തിക ഞെരുക്കം തുടങ്ങി ഏതെങ്കിലുംവിധത്തിൽ പ്രയാസങ്ങൾ അനുഭവിക്കുന്ന ഭവനങ്ങളിൽ അദ്ദേഹത്തിന്റെ ഗുണപരമായ ഇടപെടൽ ഏതെങ്കിലുംവിധത്തിൽ ഉണ്ടായിരിക്കും. ചില പ്രശ്നങ്ങൾ കൈകാര്യം ചെയ്യുന്നത് കൗൺസലിംഗ് പശ്ചാത്തലത്തിൽ എങ്ങനെയായിരിക്കണമെന്ന് പലപ്പോഴും എന്നോട് ചോദിച്ചിട്ടുള്ളത് ഞാൻ കൃത്യമായി ഓർക്കുന്നു. പരിചയപ്പെടുന്നവരുടെ പേരുകൾ ഓർത്തിരിക്കാനും പ്രത്യേകമായ ഒരു കഴിവ് അദ്ദേഹത്തിനുണ്ടായിരുന്നു. അദ്ദേഹത്തിന്റെ വ്യക്തിബന്ധങ്ങൾ ഉപരിപ്ലവമല്ല, ആഴത്തിലുള്ളതായിരുന്നു. അച്ചൻ ശുശ്രൂഷിച്ചിട്ടുള്ള ഇടവകകളിൽ അദ്ദേഹത്തിന്റെ പാദമുദ്ര ഏതെങ്കിലുംവിധത്തിൽ പതിയപ്പെട്ടിരിക്കും. നല്ല ഇടയൻ എന്ന നിലയിൽ ഇടവകകളെ ശുശ്രൂഷിച്ച പട്ടക്കാരുടെ മുൻപന്തിയിലായിരിക്കും അദ്ദേഹത്തിന്റെ സ്ഥാനം.

മറ്റുള്ളവർക്കുവേണ്ടി നിരന്തരം മദ്ധ്യസ്ഥത അണച്ചിരുന്ന അച്ചൻ, ദൈവസന്നിധിയിൽ എന്നെയും കുടുംബത്തെയും ഓർത്തു പ്രാർത്ഥിക്കുന്നുണ്ട് എന്ന് ഞാൻ പൂർണ്ണമായി വിശ്വസിക്കുന്നു. "നല്ലവനും വിശ്വസ്തനുമായ ദാസാ, അല്പത്തിൽ വിശ്വസ്തനായിരുന്ന നിന്നെ, അധികത്തിനു വിചാരകനാക്കും" എന്ന ദൈവശബ്ദം കേട്ട് ഇമ്പങ്ങളുടെ പറുദീസായിൽ വസിക്കുന്ന വന്ദ്യ ആചാര്യന്റെ പ്രാർത്ഥന, അദ്ദേഹത്തിന്റെ കുടുംബത്തിനും, നമുക്കെല്ലാവർക്കും നന്മയ്ക്കായി ഭവിക്കട്ടെ.

# പക്വതയും ശൗര്യവും നിറഞ്ഞ വ്യക്തിത്വത്തിന്റെ ഉടമ

**ഫാ. ഡോ. ജോൺസ് ഏബ്രഹാം കോനാട്ട്**
(പ്രിൻസിപ്പൽ, ഓർത്തഡോക്സ് സെമിനാരി)

ബഹു. കെ. റ്റി. ഫിലിപ്പ് അച്ചനെക്കുറിച്ച് ചിന്തിക്കുമ്പോൾ പെട്ടെന്നു മനസിലേക്കു വരുന്ന രണ്ടു പ്രത്യേകതകളാണ് അച്ചന്റെ പക്വതയും, താഴ്മയും, ആത്മാർത്ഥതയും അതോടൊപ്പം നിൽക്കുന്ന ശൗര്യവും. ഇവ രണ്ടും പരസ്പരവിരുദ്ധമല്ലേ എന്നു തോന്നിയേക്കാം. പക്ഷേ അച്ചനിൽ ഇവ രണ്ടും വളരെ സന്തുലിതമായിട്ടു, പൊരുത്തപ്പെട്ടു പോകുന്നവിധത്തിൽ നിലനിന്നിരുന്നു എന്നാണ് എന്റെ വിലയിരുത്തൽ. അല്ലെങ്കിൽ തന്നെ സഭയോടും, വിശ്വാസത്തോടും, സഭയുടെ നിലപാടുകളോടും കൂറു പുലർത്തുമ്പോൾ അക്കൂട്ടത്തിൽ അൽപ്പം ശൗര്യം കൂടി ഇല്ലാതെ വരില്ലല്ലോ.

ആവശ്യമുള്ളിടത്തും ഇല്ലാത്തിടത്തും കയറി അഭിപ്രായം പറഞ്ഞ് കീർത്തി നേടാൻ ശ്രമിക്കുന്ന ഒരു സ്വഭാവം അദ്ദേഹത്തിനില്ലായിരുന്നു. സഭയിലെ ഒരു എളിയ ശുശ്രൂഷകൻ എന്ന നിലയിൽ തന്റെ കർത്തവ്യങ്ങൾ നിറപടിയായി നിർവഹിച്ച് കടന്നുപോയി. വലിയ ഭാരിച്ച ചുതലകൾ ഒന്നും സഭ ഭരമേൽപിച്ചില്ല, അത്തരത്തിലുള്ള മോഹങ്ങളോ സ്വപ്നങ്ങളോ അദ്ദേഹത്തിന് ഇല്ലായിരുന്നു താനും. മനുഷ്യരോട് സൗമ്യമായി ഇടപഴകി, ആരോഗ്യപരമായ പരിമിതികൾ ഉണ്ടായിരുന്നിട്ടും, ഇടവക ശുശ്രൂഷ നിറപടിയായി നിർവഹിച്ചു. ശുശ്രൂഷ അനുഷ്ഠിച്ചിരുന്ന ഒരു സ്ഥലത്തു നിന്നും പരാതികൾ കേൾപ്പിക്കുവാനിടയായില്ല. തലക്കോട് ബാലഭവന്റെ ചുമതലയാണ് അദ്ദേഹം ഏറ്റെടുത്തു നടത്തിയ ഒരു കാര്യം. അങ്ങേയറ്റം ആത്മാർത്ഥതയോടെ അവിടുത്തെ കുഞ്ഞുങ്ങളെ ശുശ്രൂഷിച്ചു.

ഇത്തരത്തിലെല്ലാം സൗമ്യനും ശാന്തനുമായി കാണപ്പെട്ടപ്പോഴും, ചില കാര്യങ്ങളിൽ, അദ്ദേഹം വിഭാവനം ചെയ്ത തത്വങ്ങൾക്ക് വിപരീതമായി നിന്നവരെ വിമർശിക്കുവാൻ അദ്ദേഹം മടിച്ചതുമില്ല. അവിടെയാണ് അദ്ദേഹത്തിന്റെ ശൗര്യം ഞാൻ ദർശിക്കുവാനിടയായത്. അദ്ദേഹത്തിന് ശരിയെന്ന് പൂർണ്ണ ബോധ്യമുണ്ടായിരുന്ന, സഭയെ സംബന്ധിക്കുന്ന ചില കാഴ്ചപ്പാടുകൾ ഉയർത്തിപ്പിടിക്കുവാൻ മടിച്ചില്ല. പലപ്പോഴും ഫോണിലൂടെ പല കാര്യങ്ങളും സംസാരിക്കുകയും ചിലപ്പോൾ ചില നിലപാടുകളെ ചോദ്യം ചെയ്യുകയും ചെയ്തിട്ടുണ്ട്. പക്ഷേ അവയൊന്നും സഭയെ നാണംകെടുത്തുന്ന വിധത്തിൽ അധഃപതിച്ച രീതിയിലായിരുന്നില്ല. സ്വന്ത അഭിപ്രായമെന്തായാലും അവസാനം സഭ ഒരു നിലപാടു പ്രഖ്യാപിച്ചു കഴിയുമ്പോൾ

അതിനനുസൃതമായി നിൽക്കുവാനുള്ള ധാർമ്മികബോധം അദ്ദേഹത്തിനുണ്ടായിരുന്നു എന്നാണ് ഞാൻ മനസിലാക്കിയിട്ടുള്ളത്. സ്വന്ത അഭിപ്രായങ്ങൾഏതൊരാളോടും പറയുന്നതിന് അദ്ദേഹം ഭയപ്പെട്ടിരുന്നില്ല; എന്നാൽ അതോടൊപ്പം സൗമ്യതയും പക്വതയും കൈവിട്ടിരുന്നുമില്ല.

ദീർഘനാൾ തമ്മിൽ കലഹിച്ച് കേസ് പറഞ്ഞശേഷം എല്ലാം സമാധാനത്തിൽ കലാശിച്ചു എന്ന് ആത്മാർത്ഥമായി വിശ്വസിച്ച് 1958-ലെ സമാധാന ഉടമ്പടിക്ക് പൂർണ്ണ പിന്തുണ നൽകിയവരായിരുന്നു സഭയിലെ വടക്കൻ പ്രദേശത്തെ നല്ലൊരു ശതമാനം ആളുകൾ. എന്നാൽ 12 വർഷങ്ങൾക്കു ശേഷം മുൻ നിർണ്ണയപ്രകാരം എന്ന് തോന്നിക്കുംവിധം, ഒരു കൂട്ടർ ആ സമാധാനത്തെ തൂത്തെറിഞ്ഞപ്പോൾ ദുഃഖിച്ചവർ അനേകരാണ്. വിധ്വംസക പ്രവർത്തനങ്ങളിൽ ഏർപ്പെട്ടവർ സമാധാനകാംക്ഷികളുടെ കണ്ണുനീർ കണ്ടില്ല എന്നു നടിച്ചുകൊണ്ട് മുമ്പോട്ടു പോയി. അവസാനം ചരിത്രം ആവർത്തിക്കപ്പെടുന്നതുപോലെ 1995-ലെയും 2002-ലെയും 2017-ലെയും സുപ്രീം കോടതി വിധികളിലൂടെ സത്യം വിജയിച്ചപ്പോൾ, സഭയിൽ സമാധാനം സ്ഥാപിതമാകണമെന്നതിൽ ആർക്കും തർക്കമുണ്ടായിരുന്നില്ല. പക്ഷേ, ഏതു വിധത്തിലുള്ള സമാധാനമാണ് കൂടുതൽ കരണീയം എന്നതിന് രണ്ടുപക്ഷമുണ്ട്. 1958-ലെ പോലെ ഓർത്തഡോക്സ് സഭ അനുഭവിക്കേണ്ടി വന്ന സകല പീഡനങ്ങളെയും ആക്ഷേപങ്ങളെയും മറന്ന് പരസ്പരം കെട്ടിപ്പിടിച്ച് സമാധാനം പ്രഖ്യാപിച്ചാൽ മതിയോ? അങ്ങനെ ചെയ്താൽ വീണ്ടും മുൻനിർണ്ണയപ്രകാരം എന്നപോലെ ഏതാനും വർഷങ്ങൾക്കുശേഷം കലഹം ഉണ്ടാകില്ലേ? ഭൂതകാലം മറക്കാനും ക്ഷമിക്കാനും തയ്യാറാണ്. പക്ഷേ മുതലക്കണ്ണീർ കണ്ടുകൊണ്ട് തീരുമാനങ്ങൾ എടുത്താൽ വീണ്ടും അപകടം ഉണ്ടാകില്ലേ? അതിനാലാണ്, സഭ മുഴുവനും കോടതിവിധി അനുസരിച്ച്, അതിന് വിധേയപ്പെട്ടതിനുശേഷം മാത്രമേ പൂർണ്ണ സമാധാനം കൈവരുകയുള്ളു എന്ന നിലപാട് സഭയുടെ ഔദ്യോഗിക വൃത്തങ്ങൾ സ്വീകരിച്ചത്. എന്നാൽ അത്തരത്തിൽ കാര്യങ്ങൾ വ്യക്തമായ ശേഷം സമാധാനം സ്ഥാപിക്കപ്പെട്ടാൽ തങ്ങളുടെ നിലനിൽപ്പിനെ അതു ബാധിക്കുമെന്ന് കരുതുന്ന പാത്രിയർക്കീസ് വിഭാഗത്തിലെ നേതാക്കൾ അതിനെ നഖശിഖാന്തം എതിർത്തുകൊണ്ടിരിക്കുന്നു. അവർ ഇന്നും കോടതിവിധികൾ അനുസരിക്കാൻ തയ്യാറാകാതെ വീണ്ടും വീണ്ടും കേസുകൾ കൊടുത്ത് തങ്ങളുടെ നിലപാട് ഉറപ്പിക്കുവാനും അന്തിമ വിജയം തങ്ങൾക്കാണ് എന്നു സ്ഥാപിക്കുവാനും ശ്രമിക്കുന്നു. ഇതല്ലേ വാസ്തവത്തിൽ ഓരോ പള്ളിയും ഓർത്തഡോക്സ് സഭ "പിടിച്ചെടുക്കുന്നു" എന്ന പ്രതീതി ഉളവാക്കുവാൻ ഇടയാക്കുന്നത്. യഥാർത്ഥത്തിൽ എല്ലാവരുടെയും ലക്ഷ്യം സമാധാനം തന്നെയാണ്. എന്നാൽ അത് എങ്ങനെ എന്നതിനു മാത്രമേ തർക്കമുള്ളു. അവിടെ വ്യക്തിപരമായ അഭിപ്രായങ്ങൾക്ക് മുൻതൂക്കം കൊടുക്കാതെ, സഭയുടെ

ഔദ്യോഗിക നിലപാടിന്റെ കൂടെ എല്ലാവരും നിൽക്കുകയാണ് ആവശ്യമായിരിക്കുന്നത്.

നേരത്തെ സൂചിപ്പിച്ചതുപോലെ ഇക്കാര്യങ്ങളിൽ ഫിലിപ്പച്ചന് തന്റെ സ്വന്ത അഭിപ്രായങ്ങൾ ഉണ്ടായിരുന്നിരിക്കാം. എന്നാൽ സഭയുടേതിൽ നിന്ന് തികച്ചും വിഭിന്നമായ ഒരു പരസ്യ നിലപാട് അദ്ദേഹം സ്വീകരിച്ചിരുന്നതായി തോന്നിയിട്ടില്ല. ചെറുപ്പം മുതൽ സഭാവഴക്കിന്റെ പ്രശ്നങ്ങളിൽപെട്ട് ഉഴലുന്ന ഒരാളായിരുന്നു അദ്ദേഹം. സ്വന്തക്കാരുടെ ഇടയിൽപോലും അദ്ദേഹത്തിന് സ്വസ്ഥത ലഭിച്ചിരുന്നില്ല. സ്വന്ത മാതാപിതാക്കളുടെ മരണാനന്തര ശുശ്രൂഷയിൽ നിന്നുപോലും മാറ്റി നിർത്തപ്പെടുന്ന വേദനാജനകമായ അനുഭവം രുചിച്ചറിഞ്ഞ ആളാണ് ഫിലിപ്പച്ചൻ. കക്ഷിവഴക്കിന്റെ തിക്താനുഭവങ്ങളെല്ലാം പേറി നടന്നിരുന്ന ആ മനസ്സ് കലഹങ്ങളില്ലാത്ത, എല്ലാവരും ഒരുമിച്ച് നിന്ന് ആരാധിക്കുന്ന, ഒരവസ്ഥ സംജാതമായി കാണുവാൻ ഏറെ ആഗ്രഹിച്ചിരുന്നു. എന്നാൽ അത് ഒരിക്കലും സഭാമാതാവിനെ ദുഃഖിപ്പിച്ചുകൊണ്ടാവണമെന്ന് അദ്ദേഹം ചിന്തിച്ചിരിക്കാൻ ഇടയില്ല. അദ്ദേഹത്തിന്റെ പക്വത അവിടെയും പ്രകടമായിരുന്നു. അദ്ദേഹത്തിന്റെ ആദ്യത്തെ മരണാനന്തര ഓർമ്മ നടത്തുന്ന ഈ സമയത്ത് അദ്ദേഹത്തിനുവേണ്ടി പ്രാർത്ഥിക്കുന്നു. സഭയിൽ സമാധാനവും സന്തോഷവും പുലരട്ടെ എന്ന് പ്രാർത്ഥിക്കുന്നു.

# സഭാസമാധാനം ആഗ്രഹിച്ച കെ. റ്റി. ഫിലിപ്പ് അച്ചൻ

## ഫാ. ഡോ. എം. ഒ. ജോൺ
(മലങ്കരസഭാ വൈദികട്രസ്റ്റി)

2017 ജൂലൈ 3-ലെ സുപ്രീംകോടതിവിധിക്ക് ശേഷം മലങ്കരസഭയിൽ ശാശ്വത സമാധാനം ആഗ്രഹിച്ച ഒരു ശ്രേഷ്ഠ വൈദികനായി മാത്രമേ എനിക്ക് കെ. റ്റി. ഫിലിപ്പ് അച്ചനെ കാണുവാൻ സാധിക്കുന്നുള്ളു. ഒട്ടനവധി തവണ ബഹു. കെ. റ്റി. ഫിലിപ്പച്ചൻ എന്നോട് ഫോണിൽ സംസാരിച്ചിട്ടുണ്ട്. ഒരു കാര്യം മാത്രമേ അദ്ദേഹത്തിന് എന്നോട് പറയാനുണ്ടായിരുന്നുള്ളു. "അച്ചാ, മലങ്കരസഭയിൽ സമാധാനം ഉണ്ടാകണം. അതിനുവേണ്ടി അച്ചൻ നിൽക്കണം, നിലപാടെടുക്കണം." ഇതായിരുന്നു അച്ചന്റെ ആഗ്രഹം.

ഞാൻ സെമിനാരിയിൽ പഠിക്കാൻ വരുന്നതിനു മുമ്പേ അച്ചൻ സെമിനാരി പഠനം പൂർത്തിയാക്കി ശെമ്മാശ്ശനായിരുന്നു. അദ്ദേഹം കാലംചെയ്ത ഡോ. പൗലോസ് മാർ ഗ്രീഗോറിയോസ് തിരുമേനിയെ സന്ദർശിക്കുവാൻ വരുന്നത് അന്നു മുതൽ ഞാൻ കാണുമായിരുന്നു. ഗ്രീഗോറിയോസ് തിരുമേനിക്ക് ഏറ്റവും താൽപര്യമുള്ള ഒരു ശെമ്മാശ്ശനായിട്ടാണ് ഞാൻ അദ്ദേഹത്തെ കണ്ടിട്ടുള്ളത്. പിന്നീടാണ് എനിക്ക് മനസ്സിലായത്, ഗ്രീഗോറിയോസ് തിരുമേനിയുടെ സ്വന്തം ഇടവകപള്ളിയായ തൃപ്പൂണിത്തുറ നടമേൽ പള്ളി തന്നെയാണ് കെ. റ്റി. ഫിലിപ്പച്ചന്റേയും ഇടവകപ്പള്ളിയെന്ന്. അതു മൂലമുള്ള അടുപ്പംകൊണ്ടായിരിക്കാം അവർ തമ്മിൽ ഒരു ആത്മബന്ധമുള്ളതായി സെമിനാരി വിദ്യാർത്ഥികളായ ഞങ്ങൾക്കൊക്കെ തോന്നിയത്. സഭാപ്രശ്നം സംബന്ധിച്ചും സഭാസമാധാനം സംബന്ധിച്ചും ഗ്രീഗോറിയോസ് തിരുമേനിക്കുണ്ടായിരുന്ന അതേ നിലപാട് തന്നെയായിരുന്നു കെ. റ്റി. ഫിലിപ്പച്ചനും. അതാണ് അദ്ദേഹം നീണ്ട ഫോൺവിളികളിൽ ഞാനുമായി പങ്കുവച്ചിട്ടുള്ളത്.

1958-ലെ സമാധാനത്തിന് ദൃക്സാക്ഷി ആയിരുന്നു ഡോ. പൗലോസ് മാർ ഗ്രീഗോറിയോസ് തിരുമേനി. അതിനു മുമ്പും അതിനു ശേഷവും പ. അന്ത്യോഖ്യാ പാത്രിയർക്കീസ് ബാവായുമായും ലോകത്തിലെ അതിശ്രേഷ്ഠന്മാരായ എല്ലാ സഭാമേലദ്ധ്യക്ഷന്മാരുമായും ഗ്രീഗോറിയോസ് തിരുമേനിക്ക് നല്ല ബന്ധമുണ്ടായിരുന്നു. അതിന്റെ പിൻബലത്തിൽ നിന്നുകൊണ്ടാണ് 1970-കളിലെ സഭാഭിന്നതയുടെ കാലത്ത് അദ്ദേഹം സഭാകാര്യങ്ങളിൽ ഇടപെട്ടിട്ടുള്ളത്. മലങ്കരസഭ ഒരിക്കലും ഭിന്നിച്ച് വേർതിരിഞ്ഞ് പോകരുതെന്ന് അദ്ദേഹം ആഗ്രഹിച്ചു. 1995-ലെ കോടതിവിധി ഉണ്ടായപ്പോൾ

ഇരുവിഭാഗങ്ങളും തമ്മിൽ അനുരഞ്ജന ചർച്ചകൾ നടത്തുവാൻ പ. ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് ദ്വിതീയൻ ബാവാ തിരുമേനി നിയമിച്ച അനുരഞ്ജന കമ്മിറ്റിയുടെ അദ്ധ്യക്ഷനായിരുന്നു ഡോ. പൗലോസ് മാർ ഗ്രീഗോറിയോസ് തിരുമേനി. അദ്ദേഹത്തിന്റെ ആഗ്രഹവും ദർശനങ്ങളുമൊക്കെ അദ്ദേഹം തന്റെ ശിഷ്യന്മാരുമായി പങ്കുവച്ചിരുന്നു. ഇപ്പോൾ പാത്രിയർക്കീസ് വിഭാഗത്തിന്റെ കൈവശമിരിക്കുന്ന തന്റെ സ്വന്തം ഇടവകപള്ളിയായ തൃപ്പൂണിത്തുറ നടമേൽ പള്ളിയിൽ സമാധാനമായി പ്രവേശിച്ച് വി. കുർബാന അർപ്പിക്കണമെന്നും, അവിടെ അന്ത്യവിശ്രമം കൊള്ളുന്ന പൂർവ്വ പിതാക്കന്മാരുടെ കല്ലറകളിൽ ധൂപം അർപ്പിക്കണമെന്നും അദ്ദേഹം ആഗ്രഹിച്ചിരുന്നു. മലങ്കരസഭയിലെ തന്നെ ചില ആളുകൾ വളരെ തീവ്രവാദപരമായ നിലപാട് സ്വീകരിച്ചതുകൊണ്ട് ഗ്രീഗോറിയോസ് തിരുമേനിക്ക് സഭാസമാധാനം എന്ന ദൗത്യം പൂർത്തീകരിക്കുവാൻ സാധിച്ചില്ല. അതിൽ അദ്ദേഹം വളരെ വ്രണിത ഹൃദയനായിരുന്നുവെന്നും എനിക്കറിയാം.

കോടതിവിധി പൂർണ്ണമായും നടപ്പിലാക്കിയും പോലീസിനെ ഉപയോഗിച്ച് ബലം പ്രയോഗിച്ചും പള്ളികളിലേക്ക് പ്രവേശിക്കണമെന്ന് അദ്ദേഹം ഒരിക്കലും ആഗ്രഹിച്ചിരുന്നില്ല. ഇതുതന്നെയായിരുന്നു കെ. റ്റി. ഫിലിപ്പച്ചന്റെയും സുവ്യക്തമായ നിലപാട്. അത് 2017–ലെ കോടതിവിധിക്കു ശേഷം അദ്ദേഹം ഒരു കത്തിലൂടെ പ. പൗലോസ് ദ്വിതീയൻ കാതോലിക്കാ ബാവാ തിരുമേനിയെ അറിയിക്കുകയും ഉണ്ടായി. കത്തിന്റെ കോപ്പി ഒരിക്കൽ അദ്ദേഹം തന്നെ എന്നെ കാണിച്ചു. ബാവാ തിരുമേനിയോടൊപ്പം കൊച്ചി ഭദ്രാസനത്തിനുവേണ്ടി സെമിനാരിയിൽ ഒന്നിച്ചു പഠിച്ചിരുന്നതുകൊണ്ടും അവർ സുഹൃത്തുക്കളായിരുന്നതുകൊണ്ടുമുള്ള സ്വാതന്ത്ര്യത്തിന്റെ പുറത്താണ് ഫിലിപ്പച്ചൻ തിരുമേനിക്ക് അങ്ങനെ ഒരു കത്ത് നൽകിയത്. മറ്റു പല പള്ളികളിലും സംഭവിച്ചിട്ടുള്ളതുപോലെ വഴക്കുണ്ടാകുകയും കേസ് കൊടുക്കുകയും അതുവഴി പള്ളി പൂട്ടുകയും ചെയ്യുന്ന അന്തരീക്ഷം ഒരിക്കലും നടമേൽ പള്ളിയിൽ ഉണ്ടാകണമെന്ന് അദ്ദേഹം ആഗ്രഹിച്ചിരുന്നില്ല. ലക്ഷ്യവും മാർഗ്ഗവും – സഭാസമാധാനവും ഐക്യവും അതിനു സ്വീകരിക്കുന്ന മാർഗ്ഗവും – ഒരുപോലെ സംശുദ്ധമായിരിക്കണമെന്ന നിർബന്ധം ഫിലിപ്പച്ചനും ഗുരുവായിരുന്ന ഗ്രീഗോറിയോസ് തിരുമേനിക്കും ഉണ്ടായിരുന്നതായിട്ടാണ് എനിക്ക് മനസ്സിലാക്കുവാൻ സാധിക്കുന്നത്. ദൈവത്തിൽ അടിയുറച്ച വിശ്വാസവും ദൈവജനത്തെക്കുറിച്ചുള്ള കരുതലും അവർ ഏത് കക്ഷിയിൽപെട്ടവരാണെങ്കിലും, ഈ പിതാക്കന്മാരുടെ ജീവിതസാക്ഷ്യങ്ങളിലും സഭാജീവിതത്തിലും പ്രകടമായി നിന്നിരുന്നു. അതിനുവേണ്ടി അവർ കഷ്ടതകളും വഹിച്ചിട്ടുണ്ട് എന്ന കാര്യത്തിലും സംശയമില്ല.

രോഗാവസ്ഥയിൽ ആയിരുന്നപ്പോഴും സഭാഭിന്നതയും തർക്കവും ഗ്രീഗോറിയോസ് തിരുമേനിയെയും ഫിലിപ്പച്ചനെയും ഒരുപോലെ വേദനിപ്പിച്ചിരുന്നു.

അതുകൊണ്ടാണ് സഭാസമാധാനത്തിനു വേണ്ടി പരസ്യമായ ഒരു നിലപാട് സ്വീകരിക്കുവാൻ ഗ്രീഗോറിയോസ് തിരുമേനിയും, ബാവാ തിരുമേനിക്ക് അതു സംബന്ധിച്ച് കത്തെഴുതാൻ ഫിലിപ്പച്ചനും തയ്യാറായത്. പരമാർത്ഥികളായ ദൈവജനത്തെക്കുറിച്ചുള്ള എരിവാണ് ഇവരെ നയിച്ചത്.

തങ്ങളെ ഏല്പിച്ച ആടുകളിൽ ഒരുവൻപോലും നഷ്ടപ്പെട്ടു പോകുവാൻ ഇടയാകരുത് എന്നവർ പരിശുദ്ധ ശ്ലീഹന്മാരോടൊപ്പം ചേർന്നുനിന്നു പ്രാർത്ഥിച്ചു. "നിങ്ങളെ തന്നെയും താൻ സ്വന്ത രക്തത്താൽ സമ്പാദിച്ചിരിക്കുന്ന ദൈവത്തിന്റെ സഭയെയും മേയിപ്പാൻ പരിശുദ്ധാത്മാവ് നിങ്ങളെ അദ്ധ്യക്ഷന്മാരാക്കി വെച്ച ആട്ടിൻകൂട്ടം മുഴുവനെയും സൂക്ഷിച്ചുകൊൾവിൻ" എന്ന് ഭാഗ്യവാനായ പൗലോസ് എഫെസൂസിലെ മൂപ്പന്മാരോട് അരുളിച്ചെയ്തത് സ്വന്തജീവിത വ്രതമായി സ്വീകരിച്ച് പൗരോഹിത്യ ശുശ്രൂഷ അനുഷ്ഠിച്ച ശ്രേഷ്ഠ പുരോഹിതനായിരുന്നു ഫിലിപ്പച്ചൻ. അച്ചൻ സ്വപ്നം കണ്ട സമാധാനവും ഐക്യവും മലങ്കരസഭയിൽ സംജാതമാകട്ടെ എന്ന് പ്രാർത്ഥിക്കുന്നു. അദ്ദേഹത്തിന്റെ ആത്മാവിന് നിത്യശാന്തി നേരുന്നു.

# സാക്ഷ്യപ്രത്യാശയോടെ അന്ത്യംവരെ


## ഫാ. ഡോ. ബിജേഷ് ഫിലിപ്പ്

(മുൻ പ്രിൻസിപ്പൽ, നാഗ്പൂർ സെമിനാരി)


ബഹുമാനപ്പെട്ട കെ. റ്റി. ഫിലിപ്പച്ചന്റെ സ്നേഹപൂർവ്വമായ ഇടപെടലുകൾ അനുഭവിക്കാൻ അല്പം അവസരം ലഭിച്ചിട്ടുള്ളത് സന്തോഷത്തോടെ അനുസ്മരിക്കുന്നു. നേരിൽ കണ്ടിട്ടുള്ളത് ചുരുക്കമെങ്കിലും ഫോണിലൂടെ പരസ്പരം സംസാരിക്കുവാനും അച്ചന്റെ ചില കത്തുകൾ കൈപ്പറ്റാനും ശ്രേഷ്ഠ വ്യക്തിത്വങ്ങൾക്ക് അച്ചനയച്ച കത്തുകളുടെ കോപ്പികൾ അയച്ചു തന്നത് വായിക്കാനും ഇടയായിട്ടുണ്ട്. ഒപ്പം ഉന്നതരായ പലരും അച്ചനെക്കുറിച്ച് പറഞ്ഞ നല്ല സാക്ഷ്യങ്ങൾ കേൾക്കുവാനും അവസരം ലഭിച്ചു. ഉന്നതമായ ആദർശങ്ങൾ വെച്ചുപുലർത്തിയ സ്നേഹനിധിയായ ഫിലിപ്പച്ചന്റെ അനുസ്മരണത്തിൽ പ്രഥമവും പ്രധാനവുമായി അനുഭവപ്പെടുന്നത് അച്ചന്റെ സഭാ സമാധാനത്തിനായുള്ള വേദനയും ഉത്സാഹവുമാണ്.

സഭാഗാത്രത്തിലെ വിഭാഗീയതയുടെ മുറിവിന്റെ വേദന ശരിക്കും അനുഭവിച്ച ആളെന്ന നിലയിൽ ഫിലിപ്പച്ചൻ നിരാശനാകാതെ സമാധാനത്തിനായി തീവ്രമായി ആഗ്രഹിക്കുകയും പ്രാർത്ഥിക്കുകയും പ്രവർത്തിക്കുകയും ചെയ്ത് ഒരു സുവിശേഷവാഹിയായി അന്ത്യം വരെയും തുടരാൻ കഴിഞ്ഞു എന്നത് ശ്രദ്ധേയമാണ്. 2017 ജൂലൈ 21-ന് ഔദ്യോഗിക സ്ഥാനികളുൾപ്പെടെ സഭാനേതൃത്വത്തെ സംബോധന ചെയ്തുകൊണ്ട് എഴുതിയ കത്തിൽ തന്നെക്കുറിച്ച് തന്നെ ഫിലിപ്പച്ചൻ പറയുന്നത് ഇപ്രകാരമാണ്: "സഭാതർക്കത്തിന്റെ പേരിൽ മാതൃ ഇടവകയാലും, മാതാപിതാക്കളാലും കൂടപ്പിറപ്പുകളാലും നാട്ടുകാരാലും ബഹിഷ്കരിക്കപ്പെട്ട്, ഉറ്റവരുടെയും ഉടയവരുടെയും ശവസംസ്കാരത്തിനു പോലും പങ്കെടുക്കുവാൻ കഴിയാതെ പോയ, എന്നിട്ടും ഇന്നല്ലെങ്കിൽ നാളെ ഇതിനൊരു പരിഹാരം ഉണ്ടാകും എന്നും, നീതിസൂര്യന്റെ കിരണങ്ങൾ തെളിഞ്ഞു പ്രകാശിക്കുമെന്നും ഉള്ള പ്രത്യാശയിൽ, വിശ്വാസത്തിൽ അടിയുറച്ചു നിന്ന്, തിരശീലയ്ക്കപ്പുറത്ത് മാഞ്ഞുപോയവരുടെയും ഇപ്പുറത്ത് ഉള്ളവരുടെയും ഒരു എളിയ പ്രതിനിധി." അച്ചനും അച്ചനെപ്പോലെയുള്ളവരും അനുഭവിച്ച കഷ്ടതകളെക്കുറിച്ചും കഷ്ടതയുടെ നടുവിലും വെച്ചുപുലർത്തിയ ഹൃദ്യമായ പ്രത്യാശയെക്കുറിച്ചും സൂചന നൽകുന്ന ഒരു കുറിപ്പാണിത്.

വിഭാഗീയതയുടെയും അസമാധാനത്തിന്റെയും ഇരയായി കഷ്ടതയനുഭവിച്ച അച്ചൻ സഭയുടെ ഐക്യത്തിനും സമാധാനത്തിനും തീവ്രമായി

ആഗ്രഹിച്ച് പ്രവർത്തിച്ചതിന്റെ പ്രഥമവും പ്രധാനവുമായ പ്രചോദനം സ്വാഭാവികമായും യേശുക്രിസ്തു തന്നെയാണ്. ക്രിസ്തുവിൽ വെളിപ്പെട്ട ദൈവരാജ്യ ദർശനത്തിന്റെ കാതൽ, അവഗണിക്കപ്പെടുന്നവരോടും ദുഷ്ടന്മാരോടും ഉള്ള സ്നേഹമാണ്. ഇതിനോട് ചേർത്തുതന്നെ സർവ്വത്തിന്റെയും ആത്യന്തിക സ്നേഹസ്രോതസ്സായ ദൈവത്തോടുള്ള സ്നേഹബന്ധവും ആശ്രയബോധവും ക്രിസ്തു പഠിപ്പിച്ചു. അങ്ങനെ ദൈവഹിതത്തിന് വിധേയപ്പെടുമ്പോൾ ലഭ്യമാകുന്ന സ്വാതന്ത്ര്യവും സന്തോഷവും സാക്ഷാൽക്കാരവും ദൈവരാജ്യ ദർശനത്തിൽ നിർണ്ണായകമാണ്. ഈ വെളിച്ചം ചരിത്രത്തിൽ വ്യാപിപ്പിക്കാനുള്ള സാക്ഷ്യനിർവഹണത്തിനായി നിയോഗിക്കപ്പെട്ട അനുയായികളുടെ സമൂഹമായ സഭയ്ക്ക് ക്രിസ്തു മാതൃകയും ശക്തിയും പകർന്നുകൊണ്ടേയിരിക്കുന്നു. അനേക പതിറ്റാണ്ടുകളിലെ തന്റെ ഇടയശുശ്രൂഷയിലൂടെ പ്രസരിപ്പിച്ചുകൊണ്ടിരുന്ന ഈ വെളിച്ചം സഭ പൊതുവെ നേരിടുന്ന പ്രശ്നങ്ങളിലും സഹായകരമാകണമെന്ന് അദ്ദേഹം ആഗ്രഹിച്ചു.

രണ്ടാമത്തെ പ്രചോദനം വിഭാഗീയതയും അനൈക്യവും രൂപപ്പെടുത്തുന്ന നഷ്ടങ്ങളെക്കുറിച്ചുള്ള ആഴമായ അവബോധമാണ്. പുതിയ തലമുറയിൽപെട്ട പലർക്കും വിശ്വാസം മന്ദീഭവിക്കുകയോ തകരുകയോ ചെയ്യുവാൻ വിഭാഗീയതയും തീവ്രവാദവും സഹായിക്കുമെന്ന ബോധ്യമായിരുന്നു കെ. റ്റി. ഫിലിപ്പച്ചന്റേത്. അതോടൊപ്പം സഭയ്ക്കുണ്ടാകുന്ന സാക്ഷ്യനഷ്ടം, അനിയന്ത്രിതമായ സാമ്പത്തികനഷ്ടം തുടങ്ങിയവയെക്കുറിച്ചും അച്ചൻ ബോധവാനായിരുന്നു. ഇതെല്ലാം ഉൾക്കൊണ്ടാകാം 2018 മെയ് 14-ന് പ. കാതോലിക്കാ ബാവാ തിരുമേനിക്ക് എഴുതിയ കത്തിൽ അച്ചൻ ഇങ്ങനെ പറയുന്നത്, "സമീപ ഭാവിയിലും വിദൂര ഭാവിയിലും ഉണ്ടാകാവുന്ന പ്രത്യാഘാതങ്ങൾ ചിന്തിക്കുന്നതാണ് വിവേകം. വളരെ ചിന്തോദ്ദീപകമായ ഒരു പരാമർശമാണിത്. വർദ്ധിക്കുന്ന നാസ്തിക ഭൗതിക ചിന്തകളും, വ്യാപിക്കുന്ന മതവർഗ്ഗീയതകളും തുടരുന്ന കോവിഡ് പ്രതിസന്ധികളും വേണ്ടുംവണ്ണം ഉൾക്കൊണ്ട് നമ്മുടെ വിളിയും നിയോഗവും ഭാവിയെക്കൂടി നോക്കി രൂപപ്പെടുത്തുവാൻ പ്രോത്സാഹിപ്പിക്കുന്നതാണ് അച്ചനെപ്പോലുള്ളവരുടെ ജീവിതവും ചിന്തകളും.

അച്ചനു ലഭ്യമായ മറ്റൊരു പ്രചോദനം ഡോ. പൗലോസ് മാർ ഗ്രീഗോറിയോസ് തിരുമേനിയെപ്പോലുള്ളവർ കൈമാറിയ വെളിച്ചമാണ്. പൗലോസ് മാർ ഗ്രീഗോറിയോസ് തിരുമേനിയുടെയും ഫിലിപ്പച്ചന്റെയും മാതൃഇടവക ഒന്നായിരുന്നല്ലോ. വൈദികസെമിനാരിയിൽ ശ്രേഷ്ഠ ഗുരുക്കന്മാരായ പൗലോസ് മാർ ഗ്രീഗോറിയോസ് തിരുമേനിയുടെയും ഗീവർഗീസ് മാർ ഒസ്താത്തിയോസ് തിരുമേനിയുടെയും പ്രിയ ശിഷ്യനായി പഠിക്കുവാൻ ലഭിച്ച അവസരത്തെക്കുറിച്ച് വളരെ അഭിമാനത്തോടും ആദരവോടും

കൂടിയാണ് അച്ചൻ ഓർത്തിരുന്നത്. സെമിനാരി പഠനകാലത്ത് ഗ്രീഗോറിയോസ് തിരുമേനിയിൽ നിന്നും കേട്ട "അവർ നമ്മുടെ സഹോദരങ്ങൾ തന്നെയാണ്" എന്ന പരാമർശം അച്ചൻ ആവർത്തിച്ച് ഉദ്ധരിക്കുന്നത് ശ്രദ്ധേയമാണ്. ഓർത്തഡോക്സ് സഭയുടെ അന്തഃസത്ത അതിന്റെ ആഴത്തിൽ ഉൾക്കൊണ്ട് സഭയോടുള്ള തികഞ്ഞ പ്രതിബദ്ധതയോടെ പ്രവർത്തിച്ചിരുന്നപ്പോൾ തന്നെ ഗ്രീഗോറിയോസ് തിരുമേനി വിശ്വസാഹോദര്യത്തിന്റെ ശക്തനായ വക്താവുമായിരുന്നല്ലോ. സഭയിലും സമൂഹത്തിലും വളരാൻ സാദ്ധ്യതയുള്ള സങ്കുചിതമായ വർഗ്ഗീയതയുടെയും തീവ്രവാദത്തിന്റെയും രോഗത്തെ പ്രതിരോധിക്കാൻ തിരുമേനിയുടെ ദർശന ചികിത്സ വളരെയധികം ഉപകരിക്കും.

സഭയുടെ സ്വാതന്ത്ര്യവും സ്വത്വവും സത്യാനുസരണം ഉറപ്പിക്കുന്ന സുപ്രീംകോടതി വിധികളെക്കുറിച്ച് വളരെയധികം സന്തോഷത്തോടും പ്രത്യാശയോടും കൂടിയാണ് ഫിലിപ്പച്ചൻ പ്രതികരിച്ചിട്ടുള്ളത്. ഭരണഘടനയും സുപ്രീംകോടതി വിധികളും ഉറപ്പാക്കുന്ന നീതിയോടും സത്യത്തോടും സുവിശേഷാനുസൃതം സ്നേഹവും കൂടി സമന്വയിപ്പിച്ച് അകന്നുപോയ സഹോദരങ്ങളെക്കൂടി ഒരുമിച്ച് കൊണ്ടുവരാനുള്ള അഗാധമായ സമാധാനവാഞ്ഛയാണ് അച്ചന്റെ ആത്മീയ വീക്ഷണത്തിന്റെ സൗന്ദര്യം. അതിനായി വിനിയോഗിക്കപ്പെടുവാൻ ദൈവം നൽകിയ ദാനമായി വിധികളെ അച്ചൻ വിലയിരുത്തി.

വലിയ പ്രതിസന്ധികളുടെയും നിരാശാജനകമായ സാഹചര്യങ്ങളുടെയും നടുവിലും "ദൂരസ്ഥർ സവിതസ്ഥരുമായി തമ്മിൽ നിരക്കും സമയം" കാണാനുള്ള പ്രത്യാശ അന്ത്യംവരെയും മുറുകെപ്പിടിച്ചു എന്നുള്ളത് അച്ചന്റെ വിശ്വാസജീവിതത്തിന്റെ സമുന്നത സാക്ഷ്യമാണ്. അനീതിയും അധർമ്മവും വിഭാഗീയതയും നിറഞ്ഞ സംഘർഷപൂരിതമായ ഒരു ലോകത്തിലേക്ക് വന്ന് ദൈവരാജ്യത്തിന്റെ വെളിച്ചത്തിൽ ചരിത്രത്തിൽ രൂപാന്തരം വരുത്തുവാൻ ദൈവപുത്രൻ ആരംഭം കുറിച്ചു പ്രവർത്തിച്ചത് വലിയൊരു പ്രത്യാശയിലായിരുന്നല്ലോ. ഈ പ്രത്യാശയുടെ തിരിനാളമായി ലോകത്തിൽ ജ്വലിച്ചു പ്രകാശിക്കാൻ സഭയെ ശക്തീകരിക്കുന്ന ആത്മാവിന്റെ പ്രവർത്തനമാണ് ഇതുപോലുള്ള ജീവിതങ്ങളിലൂടെ നാം കാണുന്നത്.

# മുഖകാന്തിയോടെ സ്ലീബാദാസ സമൂഹ കൂട്ടുവേലക്കാരൻ

## ശെമവൂൻ റമ്പാൻ

(സ്ലീബാദാസ സമൂഹം വൈസ് പ്രസിഡണ്ട്)

സ്ലീബാദാസ സമൂഹ സ്ഥാപകനായിരുന്ന മൂക്കഞ്ചേരിൽ തിരുമേനി (പത്രോസ് മാർ ഒസ്താത്തിയോസ് തിരുമേനി) തൃപ്പൂണിത്തുറ നടമേൽ പള്ളി ഇടവകക്കാരനായിരുന്നു. 1924-ലെ സ്ലീബാ പെരുന്നാൾ ദിവസം എം.പി. പത്രോസ് ശെമ്മാശ്ശൻ ആരംഭിച്ച സ്ലീബാദാസ സമൂഹം, ക്രിസ്തുമാർഗ്ഗം സ്വീകരിക്കുന്ന താഴ്ന്ന വർഗ്ഗക്കാരുടെ സാമൂഹികവും സാമ്പത്തികവും ആത്മികവുമായ ഉന്നമനത്തെ ലക്ഷ്യമാക്കി കേരളത്തിലെ ജാതിവ്യവസ്ഥയ്ക്കും അയിത്തത്തിനും എതിരെ ലേഖനങ്ങളിൽ കൂടിയും പ്രഭാഷണങ്ങളിൽ കൂടിയും ശക്തിയായി പ്രതികരിച്ചു. എം. പി. പത്രോസ് ശെമ്മാശൻ വൈക്കം സത്യഗ്രഹത്തിലും പങ്കെടുത്തു.

താഴ്ന്ന ജാതിക്കാരുടെ ഉന്നമനത്തിനായി സ്വജീവിതം ഉഴിഞ്ഞുവെച്ച ഈ പിതാവിന്റെ ആകർഷണ വലയത്തിൽപെട്ട ആചാര്യസ്ഥാനികൾ പലരുണ്ട്. ആ കുടുംബത്തിൽ തന്നെ മൂക്കഞ്ചേരിൽ റമ്പാച്ചൻ, പൗലോസ് മാർ ഗ്രിഗോറിയോസ് തിരുമേനി, ജോസഫ് വെണ്ടറപ്പിള്ളി അച്ചൻ, 2019-ൽ ദൈവത്തോടു ചേർക്കപ്പെട്ട ആദരണീയനായ കരപ്പള്ളിൽ കെ. റ്റി. ഫിലിപ്പച്ചൻ.

തൃപ്പൂണിത്തുറ നടമേൽ പള്ളി ജന്മം നൽകിയ ഈ മഹാരഥന്മാർ സമൂഹത്തിലെ അധഃസ്ഥിതരുടെയും അശരണരുടെയും ഉന്നമനത്തെ ലക്ഷ്യം വെച്ച് ക്രിസ്തുമാർഗ്ഗത്തിൽ ചലിച്ച് ജീവിതദൗത്യം നിർവ്വഹിച്ചവരാണ്.

കെ. റ്റി. ഫിലിപ്പച്ചൻ ശുശ്രൂഷിച്ച ഇടവകകളിൽ സ്ലീബാദാസ കുടുംബങ്ങളുടെ ബഹുമുഖമായ പ്രവർത്തനങ്ങൾക്ക് നേതൃത്വം കൊടുക്കുവാനും, വർഷംതോറും സ്ലീബാദാസ വാർഷിക സഞ്ചാരത്തിൽ അവരുടെ കുടുംബങ്ങൾ സന്ദർശിക്കുവാനും, വൈകിട്ട് പള്ളികളിൽ വെച്ച് പ്രാർത്ഥനായോഗം സംഘടിപ്പിക്കുവാനും സ്ലീബാദാസ പ്രവർത്തകരുടെ മുൻനിരയിൽ നിന്ന് അച്ചൻ ഞങ്ങളോടൊപ്പം പ്രവർത്തിച്ചതും ഓർക്കുന്നു. അവരുടെ കുടുംബങ്ങൾക്ക് സഹായങ്ങൾ എത്തിക്കുന്നതിലും അച്ചൻ കാണിച്ചിരുന്ന ശുഷ്കാന്തി എടുത്തു പറയേണ്ടതാണ്. ദൈവം നിത്യതയിലും അച്ചന് നല്ല മുഖകാന്തി നൽകട്ടെ എന്നു പ്രാർത്ഥിക്കുന്നു.

*(അര നൂറ്റാണ്ടിലധികം അത്മായനായി ശെമ്മാശ്ശനായി, വൈദികനായി സ്ലീബാദാസ സമൂഹത്തെ ശുശ്രൂഷിച്ച ലേഖകൻ ഫിലിപ്പച്ചന്റെ ആത്മമിത്രമാണ്)*

# ശാശ്വത സമാധാനകാംക്ഷി

## ഫാ. സി. സി. ചെറിയാൻ

ബഹുമാനപ്പെട്ട കെ. റ്റി. ഫിലിപ്പ് അച്ചൻ നമ്മിൽ നിന്നും പിരിഞ്ഞു പോയി എങ്കിലും നമ്മുടെ മനസ്സുകളിൽ ഇന്നും നിറഞ്ഞു നിൽക്കുന്ന വ്യക്തിത്വമാണ് അദ്ദേഹത്തിന് ഉണ്ടായിരുന്നത്. അദ്ദേഹത്തെപ്പറ്റി ഓർക്കുമ്പോൾ കോട്ടയം വൈദികസെമിനാരി വിദ്യാർത്ഥികളായി കഴിഞ്ഞിരുന്ന കാലഘട്ടമാണ് (1969–1973) ഓർമ്മയിൽ ഓടിയെത്തുന്നത്. ഞങ്ങളുടെ ബാച്ചിലെ ഏറ്റവും പ്രായം കുറഞ്ഞ വിദ്യാർത്ഥിയായിരുന്നു അദ്ദേഹം. പ. കാതോലിക്കാ ബാവാ തിരുമേനി, അഭിവന്ദ്യ അന്തോണിയോസ് തിരുമേനി എന്നിവർ ഉൾപ്പെടുന്ന ഞങ്ങളുടെ ബാച്ചിലെ ഏറ്റവും പ്രായം കുറഞ്ഞ വിദ്യാർത്ഥിയായിരുന്നു അദ്ദേഹം. യാക്കോബായ വിഭാഗത്തിൽ നിന്നും, യാഥാർത്ഥ്യം മനസ്സിലാക്കി ഓർത്തഡോക്സ് ഭാഗത്തിലേക്ക് കടന്നുവന്ന അദ്ദേഹം സമൂഹത്തിൽ എന്നപോലെ കുടുംബാംഗങ്ങളിൽ നിന്നും ഒറ്റപ്പെടുന്ന അനുഭവം സഹിക്കേണ്ടി വന്നിട്ടുണ്ട്. നല്ല ഒരു സമർപ്പണ ബോധത്തോടെയാണ് അദ്ദേഹം വൈദിക സേവനത്തിന് കടന്നുവന്നത്. അതോടൊപ്പം തന്നെ സമൂഹത്തിലെ നല്ല പ്രവണതകളുടെ പ്രവർത്തനങ്ങളുമായി സഹകരിച്ചുപോകാനുള്ള ഒരു മാനസിക അവസ്ഥ അദ്ദേഹത്തിന് ഉണ്ടായിരുന്നു. സ്വന്തം കുടുംബാംഗങ്ങൾ അദ്ദേഹത്തെ ഒറ്റപ്പെടുത്തി എങ്കിലും ഞങ്ങളെല്ലാവരും അദ്ദേഹത്തിന് ഒരു ബുദ്ധിമുട്ടും ഉണ്ടാകാതെയിരിക്കാൻ പ്രത്യേകം ശ്രദ്ധിച്ചിരുന്നു. സ്വന്തം കാര്യങ്ങൾ പ്രത്യേക ചിട്ടയോടു കൂടി നടത്തുവാൻ അദ്ദേഹം ഏറെ ശ്രദ്ധിച്ചിരുന്നു. ആരാധനാ കാര്യങ്ങളിലും പഠന കാര്യങ്ങളിലും അദ്ദേഹം വളരെയേറെ ശുഷ്കാന്തി കാണിച്ചിരുന്നു. ആരോഗ്യപരമായ കാരണങ്ങളാൽ പ്രത്യേകിച്ച് ഞങ്ങളുടെ കരുതൽ അദ്ദേഹത്തിന് ഞങ്ങൾ നൽകിയിരുന്നു.

ബഹുമാനപ്പെട്ട അച്ചന്റെ സേവനങ്ങളെ ലളിതമായി വിലയിരുത്തുമ്പോൾ, യേശുവിന്റെ ശുശ്രൂഷ നടത്തുവാൻ ആവശ്യമായ ദർശനം അദ്ദേഹത്തിനുണ്ടായിരുന്നു എന്ന് ചുരുക്കമായി പറയാം. യേശുക്രിസ്തുവിൽ നിറഞ്ഞ് നിന്നിരുന്ന രാജകീയ, പ്രവാചക, പൗരോഹിത്യ ശുശ്രൂഷ തന്റെ ജീവിതത്തിലും പരമാവധി നിർവഹിക്കുവാൻ അദ്ദേഹം പരിശ്രമിച്ചിരുന്നു.

### 1) രാജത്വ ശുശ്രൂഷ

ഇടവക പ്രവർത്തനങ്ങളിൽ ജനങ്ങളുടെ ക്ഷേമത്തിനുവേണ്ടി അദ്ദേഹം അഹോരാത്രം പ്രവർത്തിച്ചു. ജനങ്ങളുടെ ആത്മീയവും ഭൗതികവും മാനസികവുമായ എല്ലാവിധ വളർച്ചയ്ക്കുംവേണ്ടി അദ്ദേഹം പ്രവർത്തിച്ചിട്ടുണ്ട്.

നീതിബോധത്തോടൊപ്പം സ്നേഹവും നിലനിർത്തിക്കൊണ്ട് അദ്ദേഹം നടത്തിയ ഇടവക പ്രവർത്തനങ്ങൾ ഏറെ ശ്ലാഘനീയമാണ്.

**2) പ്രവാചക ദൗത്യം**

സഭയിലും സമൂഹത്തിലും കുടുംബത്തിലും ഉണ്ടായിക്കൊണ്ടിരുന്ന അസ്വസ്ഥതകൾക്കും അനീതികൾക്കും എതിരെ പ്രവാചകശബ്ദം ഉയർത്തുവാൻ അദ്ദേഹം ശ്രമിച്ചിട്ടുണ്ട്. അക്കാരണത്താൽ തന്നെ വളരെയേറെ ഭീഷണികൾ നേരിടേണ്ടി വന്നിട്ടുണ്ട്. പ്രവാചകന്മാരെ അടച്ചാക്ഷേപിച്ച് അകലെ നിർത്തുന്ന പ്രവണത പണ്ടെന്നപോലെ ഇന്നും നിലനിൽക്കുന്നുണ്ട്. അച്ചൻ അന്ത്യശ്വാസം വരെയും നീതിയുടെ പ്രവാചക നിലപാടിൽ ഉറച്ചു നിന്നു എന്നുള്ളത് അദ്ദേഹത്തിനു ദൈവമുമ്പാകെയുള്ള സ്വീകാര്യത വർദ്ധിപ്പിച്ചിട്ടുണ്ട് എന്ന് ഞാൻ കരുതുന്നു. മകന് മീഖാ എന്ന പേര് നൽകിയത് തന്നെ അച്ചന്റെ പ്രവാചക ദർശനം വ്യക്തമാക്കുന്നുണ്ടല്ലോ.

**3) പുരോഹിതൻ**

ഇടവകജനങ്ങളുടെ മുന്നിൽ നടന്ന് അവരെ നയിക്കുന്ന, അവരെ സ്നേഹിക്കുന്ന നല്ല ഇടയനാണ് യഥാർത്ഥ പുരോഹിതൻ. ആരാധനാ അനുഷ്ഠാന കാര്യങ്ങളിൽ വളരെയേറെ ഒരു നല്ല മാതൃക കാണിക്കുവാൻ അച്ചന് ദൈവം ശക്തി നൽകി സഹായിച്ചു എന്നുള്ളത് ഓർത്ത് ഞാനും ദൈവത്തെ സ്തുതിക്കുന്നു. ഇടവക അംഗങ്ങളെ സ്വന്തം മക്കളെപ്പോലെ കരുതി സ്നേഹിക്കുന്ന ഒരു ഉത്തമ പിതാവ് ആയിട്ടാണ് അദ്ദേഹം തന്റെ പൗരോഹിത്യ ശുശ്രൂഷ നിർവഹിച്ചത് എന്ന കാര്യം പലരിൽ നിന്നും അനുഭവസാക്ഷ്യം ആയി കേട്ടിട്ടുണ്ട്. അദ്ദേഹത്തിന്റെ എല്ലാ പ്രവർത്തനങ്ങൾക്കും ദൈവം ഉത്തമ പ്രതിഫലം നൽകട്ടെ എന്ന് പ്രാർത്ഥിക്കുന്നു.

മലങ്കരസഭയിൽ ശാശ്വത സമാധാനം ഉണ്ടാകുവാൻ വളരെയേറെ പ്രതീക്ഷയോടെ പ്രവർത്തിച്ച ഫിലിപ്പ് അച്ചന്റെ സമാധാന സന്ദേശങ്ങൾ ഇന്നും വളരെ പ്രസക്തമാണ്. ദൈവിക കാഴ്ചപ്പാടിൽ യഥാർത്ഥ സമാധാനം സഭയിൽ ഉണ്ടാക്കുവാനായി നമുക്കും അദ്ദേഹത്തോടൊപ്പം പ്രാർത്ഥിക്കാം. അദ്ദേഹത്തിന്റെ ആത്മാവിന് നിത്യശാന്തി നേർന്നുകൊണ്ട്, അതോടൊപ്പം അച്ചന്റെ കൊച്ചമ്മയെയും മകനെയും ദൈവകരങ്ങളിൽ സമർപ്പിച്ചുകൊണ്ട് ഈ ചെറിയ ഓർമ്മക്കുറിപ്പ് ഇവിടെ അവസാനിപ്പിക്കട്ടെ.

# Philip Achen: An Ideal Priest


## Justice Benjamin Koshy

(Rted Chief Justice and
former Human rights commission. Chairman )


My acquaintance with late Philp Achen is more than 3 decades. He was co/vicar of St Mary's church Ernakulam where I was a member. As a vicar of neighbouring parishes like Thevara , Palarivattam etc we have close contacts. His initiative is the main reason for the growth of St George Orthodox Church Palarivattam.

His services in Thalakode St Mary's Boys home was admirable. His most outstanding quality was his simplicity. His humility and amicable character made him a respectable lovable priest. Without any publicity he was helping the poor and needy. Many told me that in the case of urgent need Philip achen saved them from point of suicide.

He was very particular in development of parishes and welfare of parishioners wherever he was posted. I was invited by him to Cherai and Vadayaparambu churches where he served last for harvest festivals. I was able to see the how he got cooperation and love from parishioners. Each and every member treated him as a member of their family. His capacity to remember the names of all members was tremendous.

He was a person who was sincere in his words. A practicing Christian who lived a saintly life. He was an expert in settling family disputes also. He was loved and respected by members of other churches and religions as he was cordial to all.

In the book of Titus in chapter 1 verses 7 to 9 it is stated as follows 'Since a priest is entrusted with God's work, he must be blameless - not overbearing , not quick tempered, not given to drunkenness, not violent, not pursuing dishonest gain. Rather he must be hospitable, self controlled, upright, holy and disciplined. He must be trust worthy." As a judge for many years I can say definitely that our K. T. Philip achen had all these qualities. Yes he was a model achen I am sure that now he is in heaven praying for the church and all of us.

# ഒരു ഓടക്കുഴൽ

## ജിജി തോംസൺ ഐ.എ.എസ്.

(മുൻ ചീഫ് സെക്രട്ടറി, കേരളം)

നല്ല തലയെടുപ്പോടെ നിൽക്കുന്ന മുളച്ചെടി കാണാൻ എന്തു ഭംഗിയാണ്! മുളങ്കാടിൽ കാറ്റടിക്കുമ്പോൾ മുളകൾ ഉരുമ്മി ഉണ്ടാകുന്ന ശബ്ദം കേൾക്കാൻ എന്തു രസമാണ്! മുള കൊണ്ടുണ്ടാക്കുന്ന കരകൗശല വസ്തുക്കൾക്ക് എന്തു പ്രിയമാണ്! മുളയ്ക്ക് മറ്റൊരു പ്രയോജനം കൂടിയുണ്ട്: കൊടിമരമാകാൻ. പ്രത്യേകിച്ചും, തിരഞ്ഞെടുപ്പുകാലത്ത്. ഉയരം കൂടിയ മുളയിൽ കൊടിക്കൂറ കെട്ടി നാൽക്കവലയിൽ സ്ഥാപിക്കാൻ പാർട്ടി പ്രവർത്തകർ മത്സരിക്കുന്നത് കണ്ടിട്ടില്ലേ? മുളങ്കാടിൽ നിന്നും കടയ്ക്കൽ വെട്ടിയെടുക്കുന്ന ഈ മുളയുടെ ഭാവം 'ഞാൻ ആണ് ഏറ്റവും ഉയരം കൂടിയവൻ' എന്നാണ്. എന്നാൽ കാറ്റും, മഴയും, വെയിലും കൊണ്ട് കാലം കഴിയുമ്പോൾ അത് ഉണങ്ങി വെടിച്ചുകീറും. പിന്നെ തളർന്നു അവശനായി ഒടിഞ്ഞുവീഴും.

എന്നാൽ മുളയിൽ നിന്നും ഉണ്ടാക്കുന്ന ഓടക്കുഴൽ അങ്ങനെയല്ല. ഒരു കഷണം മുളക്കമ്പിൽ നിന്നുമാണ് ഓടക്കുഴൽ ഉണ്ടാക്കുന്നത്. ഒരു വെട്ടല്ലാ; പല വെട്ടുകൾ അതിനു കൊള്ളേണ്ടി വരും. അതിനെ ചെത്തി വെടിപ്പാക്കേണ്ടി വരും. അതിൽ അഞ്ചാറ് സുക്ഷിരങ്ങൾ ഇടേണ്ടി വരും. പലതരം പരിഷ്കരണം സഹിക്കേണ്ടി വരും. ഈ വേദനകൾ എല്ലാം സഹിച്ച് അത് ഒരു ഓടക്കുഴൽ ആകുമ്പോൾ അതിൽ നിന്നും ഗാനനിർത്ധരി ഒഴുകും. ഗായകൻ ഓടക്കുഴൽ വായിക്കുമ്പോൾ നിശകൾ സംഗീതസാന്ദ്രമാകും.

കൊടിമരവും ഓടക്കുഴലും ഒരേ മുളയിൽ നിന്നുമാണ് ജന്മമെടുക്കുന്നത്. കൊടിമരത്തിന് ഒരു വെട്ടു കൊണ്ടാൽ മതി. എന്നാൽ ഓടക്കുഴലിന് ധാരാളം വെട്ട് ഏൽക്കേണ്ടി വരും. എങ്കിലേ അതിൽ നിന്ന് സംഗീതകല്ലോലിനി ഉത്ഭവിക്കൂ.

ദിവംഗതനായ കെ. റ്റി. ഫിലിപ്പച്ചനെ ഓർക്കുമ്പോൾ ഈ ഓടക്കുഴലാണ് എന്റെ മനസ്സിൽ പതിയുന്നത്. അച്ചൻ ഒരു ഓടക്കുഴലായിരുന്നു. ഒരുപാട് വെട്ട് കൊള്ളേണ്ടി വന്നുവെങ്കിലും, സ്വർഗ്ഗീയ ഗാനമുതിർത്ത ഒരു ഓടക്കുഴൽ.

വൈദികവൃത്തി ദൈവത്തിൽ നിന്നുമുള്ള ഒരു വിളിയാണ്. വിളിക്കപ്പെടുന്നവൻ വിശ്വസ്തനായിരിക്കണം. സ്നേഹിക്കുന്നവനും കരുതലുള്ളവനുമായിരിക്കണം; നമ്മുടെ മഹാപുരോഹിതനായ യേശുനാഥനെപ്പോലെ. "നമുക്കുള്ള മഹാപുരോഹിതൻ നമ്മുടെ ബലഹീനതകളിൽ സഹതാപം കാണിപ്പാൻ കഴിയാത്തവനല്ല" എന്ന് എബ്രായർക്കുള്ള ലേഖനത്തിൽ (4:15)

പൗലോസ് അപ്പോസ്തോലൻ ഓർമ്മിപ്പിക്കുന്നു. പുരോഹിതൻ വിനയാന്വിതൻ ആയിരിക്കണം. കർത്താവിനുവേണ്ടി ആത്മാക്കളെ രക്ഷപെടുത്താൻ വിനയം വേണം. ഞാൻ ആരുമല്ല; എന്റെ കർത്താവാണ് എന്നെ നടത്തുന്നത്. എന്റെ എല്ലാ ആശ്രയവും അവനിലത്രേ എന്ന ചിന്ത വേണം. ദൈവവചനവും പ്രവൃത്തിയും ഒരുപോലെയാകണം. ദൈവവചനം നേരായി പഠിപ്പിക്കണം. നല്ല മനസ്സാക്ഷി ഉള്ളവനാകണം. സത്യസന്ധനാകണം. "ചിലർ നല്ല മനസ്സാക്ഷി തള്ളിക്കളഞ്ഞിട്ട് അവരുടെ വിശ്വാസക്കപ്പൽ തകർന്നു പോയി" എന്ന് പൗലോസ് തിമോത്തിയോസിനെ ഓർമ്മിപ്പിക്കുന്നുണ്ട് (1 തിമോത്തി 1:19). മനസ്സാക്ഷി ഇല്ലാത്തവരായാൽ അവരുടെ വിശ്വാസ നൗക തകർന്നു പോകും. പിന്നെ, എല്ലാറ്റിലുമുപരി, പുരോഹിതൻ പരിശുദ്ധ റൂഹായുടെ ആവാസസ്ഥലമായിരിക്കണം. ദൈവതേജസ്സ് പുരോഹിതനിൽ വിളങ്ങേണം. ഇരുട്ടിൽ പോലും പ്രകാശിതമാകണം, ആ മുഖം.

ഒരു പുരേഹിതനിൽ നാം കാണാൻ ആഗ്രഹിക്കുന്ന ഗുണങ്ങളാണ് മേൽ പറഞ്ഞത്. ഫിലിപ്പച്ചനെ ഒരിക്കലെങ്കിലും പരിചയപ്പെട്ടിട്ടുള്ളവർ ഇതെല്ലാം അദ്ദേഹത്തിൽ കണ്ടിട്ടുണ്ടാവും. അതായിരുന്നു. അച്ചന്റെ സവിശേഷത.

ഒരുപാട് പ്രയാസങ്ങളിലൂടെ അച്ചൻ കടന്നുപോയി. അച്ചൻ അർഹിച്ച പരിഗണന നൽകാൻ നമുക്ക് കഴിഞ്ഞില്ല. പക്ഷേ, അതിലൊന്നും പരിഭവിക്കാതെ, എല്ലായ്പ്പോഴും പുഞ്ചിരിക്കുമായിരുന്നു അച്ചൻ. തന്റെ നിയോഗം എന്തെന്നു കൃത്യമായി അറിയുന്ന ഒരാൾക്കു മാത്രമേ ഇങ്ങനെ പെരുമാറാൻ കഴിയൂ. സഭാതർക്കം ഒത്തുതീർപ്പാക്കാൻ വേണ്ടി നിരന്തരം പ്രയത്നിച്ച മഹാനുഭാവനായിരുന്നു അച്ചൻ. ചെറായി പള്ളിയിൽ വികാരിയായിരുന്നപ്പോൾ, എതിർവിഭാഗത്തിന്റെ ആദരവ് പിടിച്ചുപറ്റാൻ അദ്ദേഹത്തിനു ഒരു പ്രയാസവുമുണ്ടായില്ല. ഒരു ഇടയനും ഒരു ആട്ടിൻകൂട്ടവുമായി മലങ്കരസഭ മാറുന്നത് അദ്ദേഹം സ്വപ്നം കണ്ടു. അതിനുവേണ്ടി സുദീർഘമായ കത്ത് ബാവാ തിരുമേനിക്ക് അയച്ചു. അതിന്റെ കോപ്പി എനിക്കും തന്നു. കർത്താവിന്റെ മുന്തിരിത്തോട്ടത്തിൽ വേല ചെയ്യുന്നതിന്റെ ഉത്തരവാദിത്തം മുഴുവനും അതിൽ പ്രതിഫലിച്ചിരുന്നു. സഭ ഒന്നാകണമെന്ന് പറയുമ്പോൾ അദ്ദേഹം വികാരാധീനനാകുമായിരുന്നു. നാം ധാരാളം കണ്ടുവരുന്ന കപടവേഷധാരികളിൽ നിന്നും വളരെ വ്യത്യസ്തൻ.

അച്ചൻ പാലാരിവട്ടം സെന്റ് ജോർജ് വലിയപള്ളിയിൽ വികാരിയായപ്പോൾ ഞാൻ അവിടെ സ്ഥിരം സന്ദർശകനായിരുന്നു. അച്ചൻ അർപ്പിക്കുന്ന വി. ബലിയിൽ ദൈവവചനം പ്രസംഗിക്കാനുള്ള ഭാഗ്യം എനിക്കു പലപ്പോഴും ലഭിച്ചു. പിന്നെ, അച്ചൻ സ്ഥലം മാറിയപ്പോൾ ഞാനും അച്ചനെ പിൻഗമിച്ചു. അവസാനനാൾ വരെ ആ യാത്ര തുടർന്നുകൊണ്ടേയിരുന്നു.

"മനുഷ്യാ, നല്ലതു എന്തെന്ന് അവൻ നിനക്ക് കാണിച്ചുതന്നിരിക്കുന്നു.

ന്യായം പ്രവർത്തിപ്പാനും, ദയാതൽപ്പരനായിരിപ്പാനും നിന്റ ദൈവത്തിന്റെ സന്നിധിയിൽ താഴ്മയോടെ നടപ്പാനും അല്ലാതെ എന്താകുന്നു യഹോവ നിന്നോട് ചോദിക്കുന്നത്" എന്ന മീഖാ പ്രവാചകന്റെ വാക്കുകൾ അക്ഷ രാർത്ഥത്തിൽ അച്ചൻ ജീവിതത്തിൽ പകർത്തി. അതുകൊണ്ടുതന്നെയാ വണം, അച്ചൻ മകന് 'മീഖാ' എന്ന് പേരിട്ടത്.

ഒരു നാൾ, അജ്ഞാതമായ ഏതോ മണ്ണിൽ വീണ് മണ്ണോടുമണ്ണാകാൻ വിധിക്കപ്പെട്ടവരാണ് നാം. എന്നാൽ ദൈവകൃപ നമ്മിൽ വ്യാപരിക്കുമ്പോൾ നമ്മളും ഒരു ഓടക്കുഴലായി മാറും. നിസ്സാരമായ നമ്മുടെ ജീവിതം, അവന്റെ ശ്വാസത്താൽ ചൈതന്യപൂർണ്ണമാകും. അവൻ ഒരു ഗാനമായി നമ്മിൽ വർ ത്തിക്കുമ്പോൾ ഹൃദയഹാരിയായി പാടാൻ നമുക്കു കഴിയും. അച്ചന്റെ ജീവിതം ഇതാണ് എന്നെ ഓർമ്മിപ്പിക്കുന്നത്. കർത്താവിന്റെ കൈയിൽ അർപ്പിച്ച ആ ജീവിതം എന്നാളും സാന്ദ്രം, ധന്യം!

# സൗമ്യതയുടെ പര്യായം

**ആർ. ശ്രീലേഖ ഐ.പി.എസ്.**
(ഡി.ജി.പി., ഡയറക്ടർ ജനറൽ ഫയർ
& റെസ്ക്യൂ ഡിപ്പാർട്ട്മെന്റ്)

ഇത്രയും ശാന്തത സ്ഫുരിക്കുന്ന മുഖം ഇതിനു മുമ്പ് കണ്ടിട്ടുണ്ടോ എന്ന തോന്നലാണ് ആദ്യമായി ഫാ. ഫിലിപ്പിനെ നേരിൽ കണ്ടപ്പോൾ മനസ്സിലൂടെ പോയത്. അപ്പോൾ അദ്ദേഹത്തിന് കഷ്ടിച്ച് 50 വയസ്സിന് താഴെ മാത്രമേ പ്രായമുണ്ടായിരുന്നുള്ളു എങ്കിലും മുഖത്തിന്റെ ഗാംഭീര്യത്തിന് തെല്ലും മങ്ങൽ ഏല്പിക്കാതെയുള്ള നീണ്ട നരച്ച താടിമീശ കാരണം ബഹുമാനം കലർന്ന ഒരു മറുചിരിയാണ് അദ്ദേഹത്തിന്റെ തുറന്ന സ്നേഹത്തിനു പകരം ഞാൻ നൽകിയത്.

കുടുംബസമേതം ഞങ്ങളുടെ അടുത്ത സുഹൃത്തായ ജോൺ/മോളി മുക്കടക്കലിന്റെ സാന്നിദ്ധ്യത്തിൽ വെച്ചായിരുന്നു ആ കൂടിക്കാഴ്ച. പത്തനംതിട്ട പോലീസ് സൂപ്രണ്ടായിരുന്ന എനിക്ക് 1998-ൽ എറണാകുളം വിജിലൻസിലേക്ക് സ്ഥലംമാറ്റമായപ്പോൾ ഇരുമ്പനത്തുള്ള ഈ സുഹൃത്തിന്റെ ഉടമസ്ഥതയിലുള്ള ഒരു വീട്ടിലായിരുന്നു താമസിച്ചിരുന്നത്. അതിന്റെ അടുത്തു തന്നെയുള്ള ജോർജിയൻ അക്കാഡമി എന്നു പേരുള്ള ഒരു പ്രൈമറി സ്കൂളിൽ മകനുവേണ്ടി അഡ്മിഷൻ ചോദിച്ചിരുന്നു. അത് പബ്ലിക് സ്കൂൾ എന്ന പേരിൽ പ്രശസ്തി ആർജ്ജിച്ച ഒരു വിദ്യാഭ്യാസ സ്ഥാപനമായിരുന്നു. അതിനെക്കുറിച്ച് സംസാരിക്കവേയാണ് അച്ചൻ അവിടെ വന്നതും ഞങ്ങൾ നേരിൽ പരിചയപ്പെട്ടതും. സംസാരത്തിലും പെരുമാറ്റത്തിലും സൗമ്യതയുടെ പര്യായമായ അതുപോലൊരു വ്യക്തിയെ ഞാൻ പിന്നീട് ഇന്നേവരെ കണ്ടിട്ടുമില്ല, പരിചയപ്പെട്ടിട്ടുമില്ല.

2019 ആഗസ്റ്റ് മാസത്തിൽ അകാലചരമം പ്രാപിക്കുന്നതുവരെ ഫിലിപ്പച്ചൻ എന്റെ സ്നേഹം നിറഞ്ഞ സുഹൃത്തായും അതിലുപരി ആത്മീയ ഗുരുസ്ഥാനീയനായും നിലനിന്നിരുന്നു. ഒരു നടുക്കത്തോടെയാണ് അദ്ദേഹത്തിന്റെ വിയോഗത്തെക്കുറിച്ച് ശ്രവിച്ചതും! നല്ല കുറെയേറെ ഓർമ്മകൾ എനിക്ക് തന്നിട്ടാണ് അദ്ദേഹം വിടവാങ്ങിയത്. ഞാൻ കൊച്ചി സി.ബി.ഐ.യിൽ എസ്.പി. ആയി ജോലി ചെയ്യുമ്പോൾ തേവര അടുത്തുള്ള അച്ചൻ വൈദികനായിരുന്ന ഒരു പള്ളിയിൽ കുട്ടികളോട് സംസാരിക്കുന്നതിനു വേണ്ടി എന്നെ കൊണ്ടുപോയിട്ടുണ്ട്. പിന്നീട് മുളന്തുരുത്തിയിൽ മറ്റൊരു പള്ളിയിൽ വനിതാ കൂട്ടായ്മയിൽ പ്രസംഗിക്കുന്നതിനായി അച്ചൻ എന്നെ ക്ഷണിക്കുകയും ഞാൻ അതിൽ പങ്കെടുക്കുകയും ചെയ്തു. സെൻട്രൽ റേഞ്ചിൽ ഡി.ഐ.ജി. ആയും എറണാകുളം റേഞ്ച് പിന്നീട് ഐ.ജി. യുടെ

കീഴിൽ വന്നപ്പോൾ ഐ.ജി. ആയും ഞാൻ ജോലി ചെയ്തിരുന്നപ്പോൾ ഫിലിപ്പച്ചൻ എന്നെ മറ്റു ചില പരിപാടികൾക്ക് ക്ഷണിക്കുകയും ഞാൻ അതിലൊക്കെ പങ്കെടുക്കുകയും ചെയ്തിട്ടുണ്ട്. അതിലുപരി ജോണിയുടെയും മോളിയുടെയും ഏക മകന്റെ വിവാഹത്തിന്റെ എല്ലാ ചടങ്ങുകളും അച്ചന്റെ മേൽനോട്ടത്തിലും കാർമ്മികതയിലുമായിരുന്നു നടന്നത്. പിന്നീട് അച്ചന്റെ മകന്റെ വിവാഹത്തിന് അന്ന് തിരുവനന്തപുരത്ത് ജോലി ചെയ്തിരുന്ന ഞാൻ കുടുംബസമേതം പങ്കെടുത്തതും ഊഷ്മളമായ ഓർമ്മയാണ്.

എന്റെ എല്ലാ ക്രിസ്തുമസ്സും ഫിലിപ്പച്ചന്റെ നേരിട്ടുള്ള ഒരു സന്ദർശനമോ, കേക്കോ, ആശംസകളോ, ഗ്രീറ്റിംഗ് കാർഡോ ഇല്ലാതെ കടന്നുപോയിട്ടില്ല. ഹാപ്പി ക്രിസ്മസ് എന്നല്ല, "ഹാപ്പി ബേർത്ത്ഡേ" എന്നായിരുന്നു ആശംസയിലും, കേക്കിലും, കാർഡിലും ഒക്കെ ഉണ്ടാവുക! കാരണം എന്റെ ജന്മദിവസവും ഡിസംബർ 25 ആയിരുന്നു എന്ന് അദ്ദേഹത്തിന് എങ്ങനെയോ അറിയാമായിരുന്നു. ഞാൻ മറ്റേതു സ്ഥലത്തു ജോലി ആയിരുന്നാലും അച്ചന്റെ ബെർത്ത്ഡേ കാർഡ് ആ ദിവസം എനിക്ക് കിട്ടിയിരുന്നു. 2018-ലെ ക്രിസ്തുമസ്/പിറന്നാൾ വരെ.

കുറെ വർഷങ്ങൾക്ക് മുമ്പ് അച്ചൻ അമേരിക്കയിൽ എന്തോ പഠനത്തിനായി പോയിരുന്നു. തിരികെ വന്നപ്പോൾ എന്നെ അതിശയിപ്പിച്ചുകൊണ്ട് ഒരാവശ്യവും ഇല്ലാതിരുന്നിട്ടു കൂടി അവിടെ നിന്നും വാങ്ങിയ ഒരു പെർഫ്യൂം എനിക്ക് സമ്മാനമായി തരികയും ചെയ്തു. ഞാൻ അത് ഒട്ടും പ്രതീക്ഷിച്ചതല്ല. എങ്കിലും സഹോദര സ്നേഹത്തോടെ നീട്ടിയ ആ ഉപഹാരം സന്തോഷത്തോടെ സ്വീകരിക്കുകയും ഏറെനാൾ ഉപയോഗിക്കുകയും ചെയ്തു.

ഫിലിപ്പച്ചനെ ഒരു വിഷയവും കാര്യമായിട്ട് അലട്ടിയിരുന്നതായി എനിക്കറിവില്ല. എപ്പോഴും സന്തോഷവും സമാധാനവും സ്ഫുരിക്കുന്ന ഒരു ഭാവവുമായി മാത്രമേ അദ്ദേഹത്തെ കാണാറുള്ളു. രണ്ടു മൂന്നു ചടങ്ങുകളിൽ അതിഥിയായി ക്ഷണിച്ചതൊഴിച്ചാൽ ഒരു ശുപാർശയും പറഞ്ഞിട്ടുമില്ല, ഒരു കാര്യവും എന്നിൽ നിന്ന് ആവശ്യപ്പെട്ടിട്ടുമില്ല. ഞാൻ ഡി.ഐ.ജി. ആയിരുന്നപ്പോൾ എറണാകുളം ജില്ലയിൽ ഓർത്തഡോക്സ് - യാക്കോബായ വിഭാഗങ്ങൾ തമ്മിലുള്ള സ്പർദ്ധ കുറെ അധികമായിരുന്നു. പല പള്ളികളിലും വലിയ രീതിയിലുള്ള പ്രശ്നങ്ങൾ ഉണ്ടായിട്ടുണ്ട്. ചിലയിടങ്ങളിൽ ക്രമസമാധാന പ്രശ്നങ്ങളിൽ പോലീസിന് ലാത്തിചാർജ്ജ് വരെ നടത്തേണ്ടി വന്നിട്ടുണ്ട്. ഒരിക്കൽപോലും അച്ചൻ എന്നോട് ഈ വിഷയത്തെക്കുറിച്ച് സംസാരിച്ചിട്ടില്ല, ആർക്കുവേണ്ടിയും ഒരു ശുപാർശയും പറഞ്ഞിട്ടുമില്ല. എത്രയോ ബന്ധുജനങ്ങളും പരിചയക്കാരും ഉണ്ടായിരുന്നിട്ടും അവരുടെ ആരുടെയും ഒരു ചെറിയ കാര്യത്തിനു പോലും അച്ചൻ എന്നെ സമീപിച്ചിട്ടില്ല. വലിയ ആദരവ് എനിക്ക് അദ്ദേഹത്തോട് ഉണ്ടായിരുന്നതും ഈ കാരണം

കൊണ്ടാണ്. പള്ളി പ്രശ്നങ്ങൾ നിലനിന്നിരുന്ന സമയത്ത് എനിക്ക് തീരെ പരിചയം ഇല്ലാതിരുന്നവർ പോലും പല ശുപാർശകൾ എന്നോടു പറഞ്ഞിരുന്ന സമയത്തായിരുന്നു ഇതെന്നോർക്കണം!

ദൈവത്തിന് ഏറെ പ്രിയപ്പെട്ടവൻ ആയിരുന്നതുകൊണ്ടാവും ഫിലിപ്പച്ചൻ നേരത്തെ തന്നെ സ്വർഗ്ഗരാജ്യത്തേക്ക് പോയത്. വൈദിക ജീവിതം മുഴുവൻ സ്നേഹത്തിനും നന്മയ്ക്കും സമാധാനത്തിനും വേണ്ടി ഉഴിഞ്ഞു വെച്ച മഹനീയ വ്യക്തിയായിരുന്നു അച്ചൻ. കഴിഞ്ഞ ക്രിസ്മസ് മുതൽ എന്തൊക്കെയോ എന്നെ വൃഥാ അലട്ടുന്നുണ്ടായിരുന്നു. അത് അച്ചന്റെ പിറന്നാൾ ആശംസകൾ കിട്ടാത്തതുകൊണ്ടാണോ അതോ മറ്റേതെങ്കിലും കാരണം കൊണ്ടാണോ എന്നെനിക്കറിയില്ല. പക്ഷേ ഇപ്പോൾ കർത്താവിന്റെ വാമഭാഗത്തിരുന്നുകൊണ്ട് എന്നെ മാത്രമല്ല, നമ്മെ എല്ലാവരെയും സ്നേഹിക്കുകയും എപ്പോഴും നന്മ ആശംസിക്കുകയും ചെയ്യുന്ന ഫിലിപ്പച്ചനെ എനിക്ക് കാണാം. അദ്ദേഹത്തിന് മാത്രം സ്വന്തമായുള്ള ആ ശാന്തമായ ചിരിയോടെ!

# സ്നേഹാഗ്നി ചൂളയിൽ

**സ്വാമി അഗസ്റ്റിൻ**

(ഫൗണ്ടർ, പരിപൂർണ്ണാശ്രമം, കണ്ണൂർ)

ബഹുമാനപ്പെട്ട ഫിലിപ്പ് അച്ചനെ ഓർക്കുമ്പോൾ എളിമയും വിനയവും കാരുണ്യവും, ലാളിത്യവും നിറഞ്ഞ ആ മുഖവും കണ്ണുകളുമാണ് ആദ്യമേ മനസ്സിൽ ഓടിയെത്തുന്നത്.

ജീവിതത്തിലെ ഭാരപ്പെട്ട ഉത്തരവാദിത്തങ്ങൾ ദൈവകരങ്ങളിലെ ഒരു ഉപകരണം എന്ന നിലയിൽ നിറവേറ്റിയപ്പോൾ നമുക്ക് ഫിലിപ്പച്ചൻ ഒരു മാതൃകയാവുകയായിരുന്നു. തന്റെ ചുറ്റുമുള്ളവരിലേക്ക് ദൈവസ്നേഹവും ദൈവിക കരുണയും ഒഴുക്കിക്കൊണ്ട് അനേകരെ ദൈവത്തിങ്കലേക്ക് നയിച്ച ഉത്തമ വൈദികശ്രേഷ്ഠാ, അങ്ങേയ്ക്ക് പരലോകത്തിൽ തന്റെ വേലയ്ക്കനുസരിച്ചുള്ള ദൈവിക മഹത്വം ലഭിക്കുമാറാകട്ടെ.

തന്റെ ജീവിതത്തിലേക്ക് ദൈവം അയച്ചു നൽകിയ പ്രതിസന്ധികളിൽ, പ്രത്യേകിച്ച് രോഗപീഡകളിൽ ദൈവശരണാഗതിയിൽ സ്ഥിതപ്രജ്ഞനായി നിന്ന മഹത്വ്യക്തിത്വമേ ഞങ്ങൾക്ക് അങ്ങ് മാർഗ്ഗദീപം തന്നെ.

താൻ കണ്ടുമുട്ടിയ ചെറിയവരെയും അശക്തരെയും പാപികളെയും ചേർത്തുനിർത്തി ദൈവസ്നേഹം പകർന്നു നൽകിയ ഗുരുനാഥാ, ഞങ്ങൾ അങ്ങയോട് കടപ്പെട്ടിരിക്കുന്നു.

കൊച്ചമ്മയ്ക്കും മോനും എല്ലാവിധ നന്മകളും ദൈവാനുഗ്രഹവും നേരുന്നു. അങ്ങ് ദൈവതിരുസന്നിധിയിൽ ആയിരിക്കെ ഞങ്ങളെ ഏവരേയും സ്മരിക്കേണമേ, വഴിനടത്തേണമേ. നിത്യജീവൻ ലക്ഷ്യം വച്ച് ഈ ഭൂമിയിൽ ജീവിക്കാൻ, “ദൈവഐക്യതയിൽ” ജീവിക്കുന്നതിനുള്ള അനുഗ്രഹം ഞങ്ങൾക്ക് ദൈവസന്നിധിയിൽ നിന്ന് വാങ്ങിത്തരേണമെ. ദൈവത്തിൽ നിന്ന് വന്ന്, ദൈവാവബോധത്തിൽ ജീവിച്ച്, ദൈവത്തിൽ ചേർന്ന ശരണാഗതാ... നമിക്കുന്നു.... അങ്ങയെ നമിക്കുന്നു.

# ആകർഷക വ്യക്തിത്വം

## ടിനു യോഹന്നാൻ

(മുൻ രാജ്യാന്തര ക്രിക്കറ്റ്താരം,
കേരള ക്രിക്കറ്റ് ടീം കോച്ച്)

ഫിലിപ്പച്ചനെക്കുറിച്ച് ഒരു ഓർമ്മക്കുറിപ്പ് എന്നോട് എഴുതുവാൻ ആവശ്യപ്പെട്ടപ്പോൾ എന്റെ മനസ്സിലേക്ക് ആദ്യം കടന്നുവന്നത് പിതൃതുല്യനായ ഒരു അപ്പച്ചന്റെ, അല്ലെങ്കിൽ ഒരു അദ്ധ്യാപകന്റെ വാത്സല്യം തുളുമ്പുന്ന മുഖമാണ്.

അച്ചന്റെ വ്യക്തിത്വം ആരെയും ആകർഷിക്കുന്നതായിരുന്നു. അദ്ദേഹത്തിന്റെ എപ്പോഴും പുഞ്ചിരിക്കുന്ന മുഖവും, മധുരമുള്ള സംസാരവും, സ്നേഹത്തോടെയുള്ള ഉപദേശവും എനിക്കും എന്റെ കുടുംബത്തിനും വളരെ പ്രചോദനം തരുന്നതായിരുന്നു.

ഒരു 'ദൈവമകനെ' തിരിച്ചറിയുന്നത് അദ്ദേഹത്തിൽ നിന്ന് പുറപ്പെടുന്ന ദൈവിക ഫലങ്ങളിൽ കൂടിയാണ് (ഗലാ. 5:22). ഫിലിപ്പച്ചനെ കാണുമ്പോൾ എപ്പോഴും യേശുവിന്റെ സ്വഭാവങ്ങൾ അദ്ദേഹത്തിൽ വെളിപ്പെട്ടിരുന്നു. ആ നല്ല ഫലങ്ങൾ അദ്ദേഹത്തിൽ നിന്ന് ഞങ്ങൾക്കേവർക്കും രുചിച്ചറിയാൻ സാധിച്ചിട്ടുണ്ട്.

എന്റെ മാതാപിതാക്കൾ Jamshedpur ൽ ഉള്ള കാലം മുതൽ അച്ചന് അവരുമായി പരിചയം ഉണ്ടായിരുന്നു. പാലാരിവട്ടം പള്ളിയിൽ വന്ന നാൾ മുതലാണ് എനിക്ക് അദ്ദേഹത്തെ കൂടുതലായി അറിയാൻ സാധിച്ചത്.

ഇടപ്പള്ളി വഴി എവിടെ പോയാലും ഞങ്ങളുടെ വീട് സന്ദർശിക്കുവാൻ അച്ചൻ സമയം കണ്ടെത്തിയിരുന്നു. യാത്രാമദ്ധ്യേ സഖറിയാ മാർ അന്തോണിയോസ് തിരുമേനിയെയും ഭവനത്തിൽ കൊണ്ടുവരികയും പ്രാർത്ഥിച്ചു പോകുകയും ചെയ്തിട്ടുണ്ട്.

അച്ചൻ മുഖാന്തരം പലപ്പോഴും കുടുംബമായി തലക്കോട് ബോയ്സ് ഹോം സന്ദർശിക്കാനും അവിടുത്തെ കുട്ടികളുമായി സമയം ചിലവഴിക്കാനും ഞങ്ങൾക്ക് സാധിച്ചിട്ടുണ്ട്. അവിടുത്തെ ചാപ്പലിൽ കുർബാനയും അച്ചനോടൊപ്പം ആരാധിക്കുവാൻ ഞങ്ങൾക്ക് അവസരം ഒരുക്കി തന്നിട്ടുണ്ട്. ഒരു വികാരിയായി സേവനം അനുഷ്ഠിച്ച മിക്ക പള്ളികളിലും അച്ചന്റെ കുർബാനയിൽ പങ്കുചേരാൻ ഇടയായിട്ടുണ്ട്.

ഞങ്ങളുടെ വീട്ടിലെ പ്രധാനപ്പെട്ട എന്താവശ്യങ്ങളും, സന്തോഷങ്ങളും അച്ചനെ അറിയിക്കുമായിരുന്നു. ഉടനെതന്നെ ഫോൺ ചെയ്തും കൂടെ പങ്കെടുത്തും അച്ചന്റെ സന്തോഷം പ്രകടിപ്പിക്കുമായിരുന്നു.

ഞങ്ങൾക്ക് ഏറ്റവും നഷ്ടമായത് അദ്ദേഹത്തിന്റെ birthday wishes ആണ്. അതായത് വീട്ടിലെ എല്ലാവരുടെയും ജന്മദിനം ഓർത്തുവെച്ച് അതിരാവിലെ തന്നെ പേരുചൊല്ലി ജന്മദിനാശംസകൾ നേരുന്നത് ഒരു പതിവായിരുന്നു. വിദേശത്തുള്ള എന്റെ മൂത്ത സഹോദരന്റെയും കുഞ്ഞുങ്ങളുടെയും പേരും തീയതിയും ഓർത്തുവെച്ച് അവരെ വിഷ് ചെയ്യുമായിരുന്നു. അത് പെട്ടെന്ന് നഷ്ടപ്പെട്ടപ്പോൾ ഞങ്ങൾക്ക് എല്ലാവർക്കും ഒരുപോലെ ദുഃഖമുണ്ട്.

കൊച്ചമ്മയ്ക്കും മകനും എന്നും ഓർക്കാൻ അച്ചന്റെ ഈ നല്ല ഓർമ്മകൾ തുണയാകട്ടെ എന്ന് പ്രാർത്ഥിക്കുന്നു. ഒരു ദൈവദാസന്റെ എല്ലാ ഗുണഗണങ്ങളും ഉണ്ടായിരുന്ന ഞങ്ങളുടെ പ്രിയപ്പെട്ട ഫിലിപ്പച്ചന്റെ ആത്മാവിന് നിത്യശാന്തി നേർന്നുകൊണ്ട് നിത്യതയിൽ കാണാം എന്ന പ്രത്യാശയോടെ.

# മധുരോദാരമായ ഒരു സൗഹൃദം

## ഡോ. ചെറിയാൻ ഈപ്പൻ

(പ്രസിഡണ്ട്, ആർ.ഐ.സി. ഫൗണ്ടേഷൻ,
വൈസ് പ്രസിഡണ്ട്, പി.എം.ജി.സി. ട്രസ്റ്റ്, തലക്കോട്)

നമുക്കെല്ലാം പ്രിയങ്കരനായ കെ. റ്റി. ഫിലിപ്പ് അച്ചൻ വാങ്ങിപ്പോയിട്ട് ഓഗസ്റ്റ് 7-ന് ഒരു കൊല്ലം തികയുകയാണല്ലോ. അദ്ദേഹത്തിന്റെ ബഹുമാനാർത്ഥം, ഫാ. ഡോ. ടി. പി. ഏലിയാസ് ഒരു ലേഖനം എഴുതണമെന്നാവശ്യപ്പെട്ടപ്പോൾ അല്പം നൊമ്പരം അനുഭവപ്പെട്ടു. കാരണം നിഷ്കളങ്കനായ ഒരാളെക്കുറിച്ച് എന്തെങ്കിലും എഴുതി കുഴപ്പം സ്വയം സൃഷ്ടിക്കേണ്ട എന്ന ആഗ്രഹം കൊണ്ടു മാത്രം.

1967-ൽ ഡോ. പൗലോസ് മാർ ഗ്രീഗോറിയസ് തിരുമേനി എനിക്ക് സ്വന്തം കൈപ്പടയിൽ മൂന്നു പേജുള്ള ഒരു എഴുത്ത് എഴുതി. തലക്കോടുള്ള ഒരു സ്വകാര്യ ഓർഫനേജ് ഏറ്റെടുക്കാൻ തീരുമാനിക്കുകയാണെന്നും സാമ്പത്തിക സഹായത്തിനായി വേൾഡ് വിഷനുമായി കത്തിടപാടുകൾ തുടങ്ങിയെന്നും ഒക്കെയാണ് കത്തിലെ വിവരം. സൂപ്പർവൈസ് ചെയ്യാൻ ഒരാളെ അന്വേഷിക്കുന്നു എന്നും എഴുതി. It can be an avenue of service for me എന്നും എഴുതി. വളരെ committed ആയ ചെറുപ്പക്കാരനായ ഒരു ശെമ്മാശ്ശനെ തൽക്കാലം ഏല്പിക്കുകയാണെന്നും അദ്ദേഹത്തിന്റെ പേര് ഡീക്കൻ കെ. റ്റി. ഫിലിപ്പ് എന്നാണെന്നും എഴുതി.

താമസിയാതെ ഡോ. പൗലോസ് മാർ ഗ്രീഗോറിയോസ് തിരുമേനി ഓർഫനേജ് ഏറ്റെടുക്കുന്ന ദിവസത്തിലേക്ക് ഒരു ക്ഷണക്കത്തും വന്നു. അതൊരു ഹ്രസ്വ സ്വകാര്യ ചടങ്ങായതിനാൽ തിരുവനന്തപുരത്തു നിന്നും ഞാൻ വന്നില്ല. പിന്നീട് പലപ്പോഴും തിരുമേനിയെ കാണുകയും, ഓർഫനേജിലെയും കുട്ടികളുടെയും കാര്യങ്ങൾ വിശദമായി പറഞ്ഞുകേൾക്കുകയും ചെയ്തു. തിരുമേനിയുടെ മറ്റൊരു കത്ത് എനിക്കു വന്നു. 18 വയസ്സ് കഴിഞ്ഞാൽ ആൺകുട്ടികളെ ഓർഫനേജിൽ താമസിപ്പിക്കാൻ സാധ്യമല്ലെന്നും അവർക്കായി എന്തെങ്കിലും ഒരു പദ്ധതി ആലോചിച്ചു പറയാമോ എന്നുമാണ് കത്തിന്റെ ഉള്ളടക്കം. വളരെ ചെറുപ്പമായിരുന്നെങ്കിലും, പലരെയും അറിയാൻ കഴിഞ്ഞിരുന്നതുകൊണ്ടായിരിക്കും തിരുമേനി എനിക്ക് എഴുതിയത്. ഒരു ITI അങ്ങനെ സ്ഥാപിക്കപ്പെട്ടു. തുടർന്ന് കെൽട്രോൺ ചെയർമാനായ കെ. പി. പി. നമ്പ്യാരെ എന്തോ ആവശ്യത്തിനായി കണ്ടപ്പോൾ ഇക്കാര്യം മുന്നോട്ടു വെച്ചു. എല്ലാ ജില്ലകളിലും ഒരു കെൽട്രോൺ ബ്രാഞ്ച് സ്ഥാപിക്കുവാൻ കേരള ഗവണ്മെന്റിന്റെ ഒരു കാബിനറ്റ് തീരുമാനമായിട്ടുണ്ടെന്നും പക്ഷേ സ്വകാര്യ മേഖലയിൽ യാതൊരു കാരണവശാലും ഒരു

യൂണിറ്റ് അനുവദിച്ചു കിട്ടാൻ സാധ്യതയില്ലെന്നും അദ്ദേഹം പറഞ്ഞു. അപ്പോൾ ക്യാബിനറ്റ് അനുവദിച്ചാലോ എന്നായി ഞാൻ. അതിന് ആര് പ്രൊപ്പോസൽ വെക്കും എന്ന ചോദ്യവുമായി ഞങ്ങൾ പിരിഞ്ഞു. അന്നു തന്നെ വൈകുന്നേരം, കേരളത്തിലെ ആദ്യ ഗവണ്മെന്റിലെ മുഖ്യമന്ത്രിയായിരുന്ന സഖാവ് ഇ. എം. എസ്. നമ്പൂതിരിപ്പാടിന്റെ പ്രിൻസിപ്പൽ സെക്രട്ടറി ആയിരുന്ന സഖാവ് സുബ്രഹ്മണ്യ ശർമ്മാജിയോട് ഇക്കാര്യം ചർച്ച ചെയ്തു. അദ്ദേഹം പറഞ്ഞു, "ഇത് വ്യവസായ മന്ത്രി വേണം ക്യാബിനറ്റിൽ പറയാൻ." മന്ത്രി സഖാവ് റ്റി. വി. തോമസാണ്. നിയമത്തിന്റെ എല്ലാ വശങ്ങളും അറിയാവുന്ന സഖാവ് റ്റി. വി. യോട് എന്തു പറയും, എങ്ങനെ പറയും എന്നാലോചിച്ചു. ഒടുവിൽ കെ. പി. പി. യുടെ അടുത്ത് ഇക്കാര്യവുമായി ചെന്നു. ഓർഫനേജിന്റെ പേട്രൻ ഒരു അപേക്ഷ നമ്പ്യാർ സാറിന് എഴുതിയാൽ അദ്ദേഹം അത് മന്ത്രിയുടെ തീരുമാനത്തിന് ഫോർവേർഡ് ചെയ്യാമെന്നു പറഞ്ഞു. ക്യാബിനറ്റിൽ വെക്കണോ വേണ്ടയോ എന്ന കാര്യം മന്ത്രിയാണ് തീരുമാനിക്കേണ്ടത് എന്നു പറഞ്ഞു. എന്താണ് എഴുതേണ്ടതെന്ന് ഞാൻ ചോദിച്ചു. കെൽട്രോണിന്റെ ഒരു യൂണിറ്റ് അനുവദിക്കണമെന്നു മാത്രം, ഓർഗനൈസേഷന്റെ ബാക്ക്ഗ്രൗണ്ടും വെച്ച് എഴുതിക്കൊണ്ടുവരാൻ അദ്ദേഹം പറഞ്ഞു. തിരുമേനിയുടെ ഒരു സുന്ദരൻ എഴുത്ത് ഫിലിപ്പ് ശെമ്മാശ്ശൻ തിരുവനന്തപുരത്തു വന്ന് എന്നെ കണ്ട് തന്നു. അന്നു മുതലുള്ള സുഹൃദ്ബന്ധമാണ് ഫിലിപ്പച്ചനുമായി. കെ. പി. പി. നമ്പ്യാർ, ഒരു റേഡിയോ അസംബ്ലിംഗ് യൂണിറ്റ് അനുവദിക്കാൻ പ്രയാസമില്ല എന്ന് മന്ത്രിക്ക് എഴുതി. ശർമ്മാജി, സഖാവ് റ്റി. വി. തോമസിനോട് കാര്യം ബ്രീഫ് ചെയ്തു. ക്യാബിനറ്റിൽ വെക്കാൻ അദ്ദേഹം സമ്മതിച്ചു. മുഖ്യമന്ത്രി സഖാവ് അച്യുതമേനോനോടു പറഞ്ഞേക്കണമെന്നും പറഞ്ഞു. പറഞ്ഞതുപോലെ ഞങ്ങൾ ചെയ്തു. ക്യാബിനറ്റ് ആ പ്രൊപ്പോസൽ അംഗീകരിച്ചു. ആദ്യമായി സ്വകാര്യ മേഖലയിൽ ഒരു ഗവണ്മെന്റ് സ്ഥാപനത്തിന് അനുമതി.

ഫിലിപ്പ് ശെമ്മാശ്ശന് ഉച്ചയ്ക്ക് ഒരു ഹോട്ടലിൽ കയറി ഊണ് വാങ്ങി കൊടുത്തു. എഴുന്നേൽക്കാറായപ്പോൾ എന്നോടു പറയുന്നു: എനിക്ക് ഒരു ഐസ്ക്രീം വേണം. തിരുമേനിയുടെ കൂടെ കൂടുമ്പോൾ ഒക്കെ എനിക്ക് ഐസ്ക്രീം വാങ്ങിത്തരുന്ന പതിവുണ്ട്. എന്തായാലും ആ പതിവ് മുടക്കിയില്ല. എഴുത്തുകളിൽ കൂടിയും ഫോണിൽ കൂടിയും കുഞ്ഞുങ്ങളെ നോക്കുന്ന കാര്യങ്ങളും വേലക്കാരുടെയും കുശിനിക്കാരുടെയും പ്രശ്നങ്ങളും അച്ചൻ സ്ഥിരമായി പറയുമായിരുന്നു. കൗതുകപൂർവ്വം ഞാൻ കേട്ടുകൊണ്ടുമിരുന്നു. മാസം ഒന്നര ലക്ഷം രൂപ കൃത്യമായി എന്റെ ഫൗണ്ടേഷനിൽ നിന്ന് കൊടുക്കാൻ ശ്രദ്ധിച്ചിരുന്നു.

പിന്നീടങ്ങോട്ട് ഐ.റ്റി.ഐ. യുടെ വികസനവും ടെലിവിഷൻ അസംബ്ലിംഗ് യൂണിറ്റ് തുടങ്ങിയവയുടെ വികസനവും, കുട്ടികളുടെ സംഖ്യ

കൂടുന്നതിലുള്ള ചർച്ചകളും തുടർച്ചയായി നടന്നുപോന്നു. 128 കുട്ടികൾ ജുവനേൽ ജസ്റ്റീസ് ആക്ട് നടപ്പാക്കാൻ തുടങ്ങിയ അവസരം വരെ സെന്റ് മേരീസ് ബോയ്സ് ഹോമിലെ അന്തേവാസികളായിരുന്നു. ആദ്യകാലത്ത് ഫിലിപ്പ് ശെമ്മാശ്ശൻ ആ സ്ഥാപനത്തിന്റെ കറസ്പോണ്ടന്റ് ആയിരുന്നു. ഏതോ ഒരു ബോർഡ് മീറ്റിംഗിൽ അത് ഡയറക്ടറാക്കി മാറ്റിച്ച കാര്യം ഞാൻ ഓർക്കുന്നു. ഫിലിപ്പ് ശെമ്മാശ്ശൻ കല്യാണം കഴിച്ചു. ഞാൻ കല്യാണ ത്തിന് കൂടിയിരുന്നു. ശെമ്മാശ്ശനു ചേർന്ന ഒരു കുലീനയായ ജീവിതസഖി. പിന്നീട് അദ്ദേഹം അച്ചനായി, മകനുമുണ്ടായി. മീഖാ എന്ന ആ മകന് പ്രായ മായപ്പോൾ ഒസ്താത്തിയോസ് തിരുമേനിയുടെ സ്ഥാപനത്തിൽ ട്രെയിനിം ഗിന് അവനെ അയച്ചു.

ശാരീരികാസ്വസ്ഥതയാൽ സ്ഥിരമായുള്ള തിരുമേനിയുടെ ഓർഫനേജ് വിസിറ്റ് കുറഞ്ഞു. അച്ചനും കുടുംബമായി. ഒരു പള്ളിയുടെ വികാരിയായി. പക്ഷേ, രക്തസ്രാവമെന്ന അസുഖം കൂടെപ്പിറപ്പായിരുന്നു.

പാലാരിവട്ടത്തു നിന്ന് പിന്നെ ചെറായി പള്ളിയിലേക്ക് വികാരിയായി മാറി. എന്നെ പല തവണ കൂടെ വന്ന് താമസിക്കാൻ ക്ഷണിച്ചു. ആഗ്രഹമു ണ്ടായിരുന്നെങ്കിലും നടന്നില്ല. ഒരവസരത്തിൽ അച്ചൻ ഒരു തിരുമേനിയു മായി പിണക്കത്തിലായി. കാതോലിക്കാ ബാവായോടു പറയണമെന്ന് എന്നെ നിർബ്ബന്ധിച്ചു. ഞാൻ പറഞ്ഞു. പിന്നീട് ആ ബുദ്ധിമുട്ടിൽ നിന്നു ഒഴിവായ തായി അറിഞ്ഞു. പലപ്പോഴും കൊച്ചുപിള്ളേരുടെ പിടിവാശി കാണാമായി രുന്നു. സ്വന്തം കുടുംബത്തിലെ ഓർത്തഡോക്സ്-യാക്കോബായ വൈരു ദ്ധ്യത്തിൽ മനംനൊന്ത് കരഞ്ഞിരുന്നു. ഏറ്റവും ഒടുവിലത്തെ കാലഘട്ട ത്തിൽ “നിങ്ങൾക്ക് ലജ്ജയില്ലേ” എന്നു ചോദിച്ച് ശകാരിക്കുമായിരുന്നു. ഒരു യോജിച്ച, വലിയ സൽകർമ്മങ്ങൾ ചെയ്യുന്ന ഒരു സഭ, അതായിരുന്നു ഫിലിപ്പച്ചന്റെ സ്വപ്നം.

മരിക്കുന്നതിന് കുറെ ദിവസം മുമ്പ് ഏലിയാസ് അച്ചനോടൊപ്പം ആശു പത്രിയിൽ പോയി ഞാൻ കണ്ടു. വെല്ലൂർ ആശുപത്രിക്കാർ ഹൃദയശസ്ത്ര ക്രിയ നടത്താതെ തിരിച്ചയച്ചത് ഫിലിപ്പച്ചന് വലിയ സങ്കടമായിരുന്നു. ഒരു പക്ഷേ രക്തസ്രാവവും മറ്റു പ്രതികൂലമായ സാഹചര്യങ്ങളും കാരണം അവർ ഓപ്പറേഷൻ വേണ്ടെന്നു വെച്ചതായിരിക്കും. അതിനാൽ അല്പകാലം കൂടി അച്ചൻ ജീവിച്ചിരുന്നു എന്നു വേണം അനുമാനിക്കാൻ.

വളരെയധികം കാര്യങ്ങൾ ഫിലിപ്പച്ചനെക്കുറിച്ച് എഴുതാനുണ്ട്. എങ്കിലും ഒരു ചെറിയ കാര്യം കൂടി പറഞ്ഞു നിർത്താം. ഫിലോക്കാലിയയുടെ ആദ്യ വാല്യത്തിന്റെ പ്രകാശനം. കോട്ടയം മാമ്മൻ മാപ്പിള ഹാളിൽ വെച്ച് റഷ്യൻ പാത്രിയർക്കീസ് ആയി പിന്നീട് മാറിയ കിറിൽ തിരുമേനി, പൗലോസ് രണ്ടാ മൻ കാതോലിക്കാ ബാവാ, യൂഹാനോൻ വലിയ മെത്രാപ്പോലീത്താ,

പൗവ്വത്തിൽ തിരുമേനി, കെ. എം. മാത്യു, റഷ്യൻ എംബസി കോൺസുലർ, കോട്ടയം കളക്ടർ, യാക്കോബായ സഭ, സി.എസ്.ഐ. സഭ, മറ്റു സഭകളിലെ മെത്രാന്മാർ നിരന്നിരിക്കുന്ന വേദിയിൽ സ്വാഗതപ്രസംഗത്തിനായി ഇരിക്കുന്ന ഞാനും, നിറഞ്ഞ മാമ്മൻ മാപ്പിള ഹാളിലെ ഡയസ്സിൽ, സദസ്സിന്റെ മുൻസീറ്റിൽ മറ്റു 41 തിരുമേനിമാരോടൊപ്പം ഇരുന്നുകൊണ്ട് ഫിലിപ്പച്ചൻ എനിക്ക് ഒരു സന്ദേശം. I cannot believe. You are incredible! വായിച്ച് ഞാൻ ആംഗ്യം കാണിച്ചു, കിട്ടിയെന്ന്. അച്ചന്റെ അപ്പോഴത്തെ സന്തോഷമുഖം ഒരിക്കലും മറക്കുകയില്ല.

# സ്വാധീനശക്തിയുള്ള സാത്വികൻ

**ഫാ. വിനോദ് ജോർജ്**
(മാനേജർ, വെട്ടിക്കൽ ദയറാ)

നമ്മുടെ ജീവിതത്തിൽ ചില വ്യക്തിത്വങ്ങൾ നമ്മെ സ്വാധീനിക്കാറുണ്ട്. അത് കല, കായിക, രാഷ്ട്രീയ, സാമൂഹ്യ, സാംസ്കാരിക, ആദ്ധ്യാത്മിക രംഗങ്ങളിലെല്ലാം കാണാം. ജീവിച്ചിരിക്കുന്നവരും വാങ്ങിപ്പോയവരും ഉണ്ടാകാം. നമുക്ക് നേരിട്ട് പരിചയം വേണമെന്നില്ല; മറ്റുള്ളവർ പറഞ്ഞ് അറിഞ്ഞാൽ മതി; വായിച്ച് അറിഞ്ഞാൽ മതി.

ബഹു. കെ. റ്റി. ഫിലിപ്പ് അച്ചൻ ഞാൻ നേരിട്ടും, കേട്ടും, കണ്ടും, പറഞ്ഞറിഞ്ഞും എന്നെ സ്വാധീനിച്ച സാത്വികനായ ഒരു വൈദിക ശ്രേഷ്ഠനാണ്. അച്ചനെ തിരിച്ചറിയാനും, അദ്ദേഹത്തിന്റെ സ്വാധീനവലയത്തിൽ അകപ്പെടാനും വളരെ കാലത്തെ പരിചയമോ, ബന്ധമോ, സൗഹൃദമോ ആവശ്യം വന്നില്ല.

ഞാൻ വെട്ടിക്കൽ ദയറായിൽ താമസം തുടങ്ങുന്നതിനു മുമ്പ്, ഫിലിപ്പച്ചനെ അധികം കണ്ടിട്ടില്ല; കേട്ടിട്ടുണ്ടായിരുന്നു. ഓർത്തഡോക്സ് സഭയിലെ പ്രഗത്ഭരും പ്രശസ്തരുമായ തിരുമേനിമാരോടും വൈദികരോടും സഭാനേതൃത്വത്തിലുള്ളവരോടും വളരെ അടുത്ത് ഇടപെടുന്ന ഒരു സുന്ദരനായ വൈദികൻ എന്ന നിലയിലായിരുന്നു അത്. അതിൽനിന്നു തന്നെ സഭയുടെ വിശ്വാസത്തോടും ആചാരാനുഷ്ഠാനങ്ങളോടും വേദശാസ്ത്രത്തോടും അദ്ദേഹം എത്രമാത്രം തീഷ്ണമനോഭാവം പുലർത്തിയിരുന്നു എന്നു മനസ്സിലാക്കുവാൻ കഴിയും.

ഞാൻ വെട്ടിക്കൽ ദയറായിൽ താമസം തുടങ്ങിയതു മുതൽ, കെ. റ്റി. ഫിലിപ്പച്ചനോടും കുടുംബത്തോടും ഉള്ള ബന്ധം ശക്തവും ദൃഢവുമാകുകയായിരുന്നു. ഞാൻ ഫിലിപ്പച്ചനിൽ കണ്ടെത്തിയ ചില സ്വഭാവ സവിശേഷതകൾ ഇവിടെ കുറിക്കട്ടെ.

### നിസ്വാർത്ഥ സ്നേഹം

മറ്റുള്ളവരുടെ സ്നേഹം തനിക്ക് എപ്പോഴും ആവശ്യമെന്ന് കരുതി, നിസ്വാർത്ഥ സ്നേഹം പകരുക എന്നത് ഒരു വ്യക്തിത്വത്തിന്റെ കാതലായ നൈർമ്മല്യതയാണ്. ഭൗതികമായോ, ലൗകികമായോ ഒന്നും തിരികെ പ്രതീക്ഷിക്കാതെ ദൈവസ്നേഹം പകരുക; അത് ഏത് അളവിലും തൂക്കത്തിലും എന്നത് അച്ചന്റെ മുഖമുദ്രയായിരുന്നു. അത് തീർത്തും മുഖംമൂടിയില്ലാത്തതായിരുന്നു. അത് പ്രായവ്യത്യാസം ഉള്ളതായിരുന്നില്ല; അത് ജാതി, മത,

വർഗ്ഗ, വർണ്ണ, ലിംഗ, ഭാഷാ വ്യത്യാസമുള്ളതായിരുന്നില്ല, ഇടവകതലത്തിലും കുടുംബബന്ധങ്ങളിലും സാമൂഹ്യപ്രവർത്തനങ്ങളിലും അത് സ്പഷ്ടമായിരുന്നു. യേശുക്രിസ്തുവിന്റെ നിസ്വാർത്ഥ സ്നേഹത്തിന്റെ ഒരു പതിപ്പ്.

### ബഹുമാനിക്കുക

കെ. റ്റി ഫിലിപ്പച്ചനെ ശ്രദ്ധിക്കുന്ന ആർക്കും മനസ്സിലാകുന്ന ഒരു വികാരമാണിത്. പ്രായവ്യത്യാസമില്ലാതെ ബഹുമാനം നിലനിർത്തുക, ഗുരുക്കന്മാരെയും ശിഷ്യന്മാരെയും, മാതാപിതാക്കളെയും, മക്കളെയും, ഉന്നത ഉദ്യോഗസ്ഥരെയും, താഴ്ന്ന ജോലിക്കാരെയും, അവരവരുടെ മഹത്വം തിരിച്ചറിഞ്ഞ് ബഹുമാനിക്കുക. സഭയുടെ പ്രശസ്തരും പ്രഗത്ഭരുമായ പിതാക്കന്മാരെ അവരുടെ മഹത്വം ദർശിച്ചും തിരിച്ചറിഞ്ഞും ബഹുമാനിക്കുന്ന പ്രകൃതം.

അച്ചന്റെ ശിഷ്യനായോ മകനായോ മാത്രം എന്നെ കരുതിയാൽ മതി. പക്ഷേ അദ്ദേഹത്തിന്റെ എന്നോടുള്ള സ്നേഹം, അച്ചന്റെ ശ്രേഷ്ഠതയും മഹത്വവും വിളിച്ചറിയിക്കുന്നതായിരുന്നു. അതാണ് അച്ചനിലേക്ക് നാം ആകർഷിക്കപ്പെടുന്നതും സ്വാധീനവലയത്തിൽ അകപ്പെടുന്നതും.

### ഭക്തിജീവിതം

ഓർത്തഡോക്സ് വിശ്വാസത്തിലൂന്നിയ ഭക്തിജീവിതം അച്ചന്റെ മാതൃകാപരമായ ജീവിതത്തിന്റെ പ്രധാന ഏടായിരുന്നു. വെട്ടിക്കൽ ദയറാ, അതിനു വേണ്ട ഒരു പ്രധാന കേന്ദ്രവുമായിരുന്നു. ഞാൻ വെട്ടിക്കൽ ദയറായിൽ വന്നതു മുതൽ അത് പ്രകടമായി ബോധ്യപ്പെട്ടതാണ്. ഭക്തിജീവിതത്തിന്റെ സൂക്ഷ്മതലങ്ങൾ അന്വേഷിക്കുകയും തിരിച്ചറിയുകയും ചെയ്യുന്നത് അച്ചന്റെ പ്രത്യേകതയായിരുന്നു. നൂറ്റാണ്ടുകളുടെ ചരിത്രവും പാരമ്പര്യവും ഉള്ള വെട്ടിക്കൽ ദയറായുടെ പുണ്യവും പരിപാവനതയും പൂർണ്ണമായി ആസ്വദിക്കണമെന്ന് അച്ചൻ എപ്പോഴും പറയുമായിരുന്നു.

### പ്രോത്സാഹനം

നല്ലത് എന്ത്, എവിടെ കണ്ടാലും അതിനെ അംഗീകരിക്കുവാനും പ്രോത്സാഹിപ്പിക്കുവാനും ഉള്ള അച്ചന്റെ അധമ്യമായ അഭിവാഞ്ഛ എടുത്തു പറയേണ്ടതാണ്. സഭാപിതാക്കന്മാരുടെയും മറ്റും ലേഖനങ്ങളോ പ്രസംഗങ്ങളോ ശ്രദ്ധിച്ചാൽ, അത് നല്ലതെങ്കിൽ നല്ലതെന്നും പോരായ്മ ഉണ്ടെങ്കിൽ നിർദ്ദേശങ്ങൾ അറിയിക്കുവാനും അച്ചൻ ശ്രദ്ധിച്ചിരുന്നു. നേരിട്ട് കാണുമ്പോഴോ, ഫോണിൽ വിളിച്ചോ, കത്തുകൾ മുഖേനയോ അധികം താമസിയാതെ അത് നിർവഹിച്ചിരുന്നു എന്നത് അച്ചന്റെ സ്വഭാവസവിശേഷതകളിൽ ഏറ്റം പ്രാധാന്യമുള്ളതാണ്. നിഷ്ക്കളങ്കതയുടെ പ്രതീകമാണത്. തന്നേക്കാൾ മിടുക്കും കഴിവും കാണുമ്പോൾ അതിനെ യാതൊരു

ആസൂസയും കൂടാതെ അംഗീകരിക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്നത് ഏറ്റം ഉത്തമമാണ്.

**വ്യക്തിബന്ധം**

വ്യക്തിബന്ധം കാത്തുസൂക്ഷിക്കുവാനുള്ള അച്ചന്റെ ഉത്സാഹം അപാരമാണ്. ഇടവക ശുശ്രൂഷകളിലും സംഘടനാ പ്രവർത്തനങ്ങളിലും അത് പ്രകടമാണ്. വികാരിയായി സേവനം അനുഷ്ഠിച്ച ദേവാലയങ്ങളിലെല്ലാം വ്യക്തികളോടും കുടുംബങ്ങളോടുമുള്ള സ്ഥിരതയാർന്ന ബന്ധം നിലനിർത്തുന്നതിനുള്ള അച്ചന്റെ ഉൽക്കടമായ ആഗ്രഹം മാതൃകാപരമാണ്.

**ആത്മാർത്ഥത**

സഭാശുശ്രൂഷകളിലും ആരാധനകളിലും ആത്മാർത്ഥതയും സത്യസന്ധതയും നിലനിർത്തുന്നത് ഞങ്ങളെപ്പോലുള്ള വൈദികർക്ക് മാതൃകയാക്കാവുന്നതാണ്. ഇടവകജനങ്ങളെ ആരാധനകളിലും കൂദാശാബന്ധത്തിലും താൽപര്യവും ഉത്സാഹവുമുള്ളവരാക്കുവാൻ അച്ചന്റെ ആത്മാർത്ഥമായ സേവനം എടുത്തു പറയേണ്ടതാണ്. പണവും പ്രശസ്തിയും നോക്കാതെ വൈദികശുശ്രൂഷയുടെ നിയോഗത്തെ പൂർണ്ണമായും ആത്മാർത്ഥതയോടെ നിർവഹിക്കുവാൻ അച്ചന്റെ ശുശ്രൂഷ ഉപയോഗിച്ചു.

കെ. റ്റി. ഫിലിപ്പച്ചന്റെ അകാലത്തിലെ വിയോഗം എനിക്കും വെട്ടിക്കൽ ദയറായ്ക്കും തീരാനഷ്ടമാണ്.

# എന്റെ തലക്കോട് വാസം

## ഫാ. അനീഷ് ഐസക് മാത്യൂസ്

(ജലഹാരി, ദുബായ്)

ഡൽഹി ഭദ്രാസന വൈദികനായ ഞാൻ തലക്കോട് പ്രോജക്ടിൽ എത്തുന്നത് അവിചാരിതമായിട്ടാണ്. വേദശാസ്ത്ര പഠനത്തിന്റെ ഭാഗമായി M.Th കോഴ്സിനു കോട്ടയം ഓർത്തഡോക്സ് തിയോളജിക്കൽ സെമിനാരിയിൽ വിദ്യാർത്ഥി ആയിരുന്ന സമയത്താണ് അന്നത്തെ തലക്കോട് ചാപ്പലിന്റെ ചാപ്ലയിനായിരുന്ന കെ. ജെ. കുര്യാക്കോസ് കോർ എപ്പിസ്ക്കോപ്പായുടെ നിര്യാണത്തെ തുടർന്ന് ട്രസ്റ്റ് പ്രസിഡന്റ് ഗീവർഗീസ് മാർ കൂറിലോസ് തിരുമേനി എന്നെ ട്രസ്റ്റ് ചാപ്ലയിനായി നിയമിച്ചത്.

എന്നെ അവിടെ സ്വീകരിച്ചത് സുസ്മേരവദനനായി ഫിലിപ്പച്ചനാണ്. എനിക്ക് ഗുരുതുല്യനായ ഏലിയാസ് അച്ചന്റെ പ്രവർത്തനങ്ങളിൽ ഞാൻ ആകൃഷ്ടനായിട്ടും ഉണ്ട്. അവിടുന്ന് ലഭിച്ച അനുഭവസമ്പത്ത് എനിക്ക് വിലയേറിയതാണ്. വിശിഷ്യ നാനാജാതിമതസ്ഥരായ ബോയ്സ് ഹോം കുഞ്ഞുങ്ങളുടെ മുടങ്ങാതെയുള്ള രണ്ടുനേരത്തെ പ്രാർത്ഥന, ഞായറാഴ്ച ആ ചാപ്പലിൽ വന്നുകൂടുന്ന ക്രിസ്തീയ വിശ്വാസികൾ, ക്രിസ്തേതരരായവരുടെ പെരുന്നാൾ പോലുള്ള സന്ദർഭങ്ങളിലെ കൂട്ടായ്മ തുടങ്ങിയവ എന്നെ അതിശയിപ്പിച്ചു. സഹോദരതുല്യം എന്നെ സ്നേഹിച്ച കെ. പി. സുബിൻ, തോമസ് വർഗ്ഗീസ്, ഷാജി മലയൻ എന്നിവരെ സ്മരിക്കുന്നു. എല്ലാ ഞായറാഴ്ചയും ആരാധനയ്ക്ക് വരുന്ന ആളുകളുമായി ഒത്തുചേർന്ന് ഒരു കുടുംബാന്തരീക്ഷം എനിക്ക് ലഭിച്ചു.

ട്രസ്റ്റിന്റെ ഉടമസ്ഥതയിലുള്ള സൗജന്യ ഡയാലിസിസ് സെന്ററിന്റെ വിഭവ സമാഹരണത്തിന് ഫിലിപ്പച്ചന്റേയും ഏലിയാസ് അച്ചന്റേയും കൂടെ ബോംബെ ഭദ്രാസന ഇടവകകളിൽ പോകുവാൻ കൂറിലോസ് തിരുമേനി ഞങ്ങൾക്ക് അനുവാദ കല്പന തന്നു. അവിടെ വെച്ച് ഫിലിപ്പച്ചന്റെ ജനങ്ങളോടുള്ള അസൂയാവഹമായ ഇടപെടൽ ഞാൻ കണ്ടു; അതിശയിച്ചു. വളരെ സംതൃപ്തിയോടെ ഞങ്ങൾ നാട്ടിലേക്ക് തിരിച്ചും വന്നു.

രണ്ട് പ്രാവശ്യം അമേരിക്കയിൽ പോയി ഡയാലിസിസ് സെന്ററിനു വേണ്ടി പണം ശേഖരിച്ചു. വിസയ്ക്ക് വേണ്ട കാര്യങ്ങൾ ചെയ്യുവാൻ ഞങ്ങളുടെ ഏലിയാസ് അച്ചന്റെ സഹധർമ്മിണി (ഏലിയാമ്മ അമ്മായി) നൽകിയ സേവനം നന്ദിപൂർവ്വം ഓർക്കുന്നു. ഫിലിപ്പച്ചന്റെ വീട്ടിലെ ആതിഥേയത്വത്തിൽ ഞാൻ പലപ്പോഴും പങ്കാളിയുമായിട്ടുണ്ട്. ഫിലിപ്പച്ചന്റെ അമ്മായിയെയും മകൻ മീഖായേയും വളരെ സന്തോഷത്തോടെ ഞാൻ ഓർക്കുന്നു. അച്ചന്റെ സ്നേഹസ്മരണയ്ക്ക് മുമ്പിൽ പ്രാർത്ഥനയോടെ ശിരസ്സ് നമിക്കുന്നു.

# കുടുംബ സുഹൃത്ത്

## സലിം പി. രാജൻ

(പള്ളിപ്പുറത്ത്, എറണാകുളം)

"... എന്നെ സ്കൂട്ടർ ഓടിക്കാൻ പഠിപ്പിക്കണം. എന്നെ സ്കൂട്ടറിൽ നിന്നും വീഴിക്കരുത്. വീഴാതെ പഠിപ്പിച്ചാൽ മതി. ഡോ. പോൾ പുത്തൂരാൻ പറഞ്ഞിട്ടുണ്ട് ശരീരത്തിലെങ്ങും മുറിവുണ്ടാകാതെ സൂക്ഷിക്കണമെന്ന്". ഓലിയിൽ ഒ. സി. കുര്യാക്കോസച്ചൻ 1963-ൽ സ്ഥാപിച്ച സെന്റ് മേരീസ് ബോയ്സ് ഹോമിന്റെ മുറ്റത്തു വെച്ച് കെ. റ്റി. ഫിലിപ്പ് ശെമ്മാശ്ശൻ ആവേശത്തോടുകൂടി പറഞ്ഞ വാക്കുകളാണ് മുകളിൽ കുറിച്ചിരിക്കുന്നത്.

1976-ൽ ഡോ. പൗലോസ് മാർ ഗ്രീഗോറിയോസ് തിരുമേനി പ്രസിഡന്റായി 'പരുമല മാർ ഗ്രീഗോറിയോസ് ചാരിറ്റബിൾ ട്രസ്റ്റ്' ബോയ്സ് ഹോം ഏറ്റെടുത്തു. തുടർന്ന് തൊഴിൽരഹിതരായ യുവതീയുവാക്കൾക്കുവേണ്ടി തലക്കോട് മാർ ഗ്രീഗോറിയോസ് ഇൻഡസ്ട്രിയൽ ട്രെയിനിംഗ് സെന്റർ രൂപപ്പെടുത്തി. ട്രസ്റ്റിന്റെ പ്രവർത്തന സരണി വിവിധ മേഖലകളിലേക്ക് വ്യാപിപ്പിച്ചു എന്നതും ശ്രദ്ധേയമാണ്. ഈ കാലയളവിനാണ് പ്രധാനമായും ഫിലിപ്പ് ശെമ്മാശ്ശനെ പരിചയപ്പെടുവാനും അടുത്തിടപഴകുവാനും സാധിച്ചത്. തുടർന്നിങ്ങോട്ട് വളരെ ഊഷ്മളമായ ബന്ധം അച്ചനും ഞങ്ങളുടെ കുടുംബവുമായി പുലർത്തിപ്പോരുന്നു.

കുടുംബപരമായി, അച്ചന് ഞങ്ങളുടെ അപ്പച്ചനുമായുള്ള ബന്ധം കാത്തു സൂക്ഷിച്ചിരുന്നു. ഞങ്ങളുടെ പിതാവിന്റെ ദേഹവിയോഗത്തിൽ മക്കളായ എന്റെ സഹോദരന്മാർ ജീവൻ, സുരേഷ് സഹോദരിയായ ജയ എന്നിവരോടുള്ള സ്നേഹവും കരുതലും ഞങ്ങളെ എല്ലാവരെയും കൂടുതലായി അച്ചനിലേക്ക് ആകർഷിച്ചു. ഞങ്ങളുടെ എല്ലാവരുടെയും കുടുംബങ്ങളിലെ വിവാഹങ്ങളിലും ഇതര ചടങ്ങുകളിലും അച്ചന്റെ സജീവമായ സാന്നിദ്ധ്യം ഞങ്ങൾക്കാർക്കും മറക്കുവാൻ സാധിക്കുകയില്ല. വാർദ്ധക്യത്തിലായിരിക്കുന്ന ഞങ്ങളുടെ അമ്മച്ചിയുടെ ക്ഷേമാന്വേഷണങ്ങളിൽ അച്ചന്റെ താൽപര്യം മക്കളായ ഞങ്ങൾക്കെന്നും ഒരു പ്രചോദനമാണ്. ഞങ്ങളുടെ കുടുംബാംഗങ്ങളുടെ ഓരോരുത്തരുടേയും പേരുകൾ കൃത്യമായി ചോദിച്ച് വിവരങ്ങൾ അന്വേഷിക്കുന്ന അച്ചനെ അനുസ്മരിക്കുന്നതു തന്നെ വളരെ സന്തോഷം നൽകുന്നു.

തലക്കോട് പ്രോജക്ടുകളുടെ മീറ്റിംഗുകൾക്കും ഇതരാവശ്യങ്ങൾക്കുമായി അവിടെ വരുമ്പോൾ സുസ്മേരവദനനായി എന്റെ അടുക്കൽ വരുന്ന ഫിലിപ്പച്ചന്റെ ആ വരവ് എന്റെ ഓർമ്മയിൽ നിറഞ്ഞു നിൽക്കുന്നു. അച്ചന്റെ സ്മരണയുടെ മുമ്പിൽ ഞങ്ങളുടെ കുടുംബം തലകുനിക്കുന്നു.

# തൃപ്പൂണിത്തുറയിൽ നിന്ന് മുളന്തുരുത്തിയിലേക്ക്

## കെ. സി. വിൽസൺ, കൊളുത്താൽ

തൃപ്പൂണിത്തുറ നടമേൽ പള്ളി ഇടവകയിൽ തറയിൽ വർഗീസ് - ശോശാമ്മ ദമ്പതികളുടെ മകൾ ജയയാണ് എന്റെ ജീവിതപങ്കാളി. കരപ്പിള്ളി കുടുംബവും ഈ ഇടവകക്കാരാണ്. ജയ അച്ചനെക്കുറിച്ച് ഇപ്രകാരം പറയുന്നു. തൃപ്പൂണിത്തുറ നടമേൽ പള്ളിയിൽ ഫിലിപ്പ് ശെമ്മാശ്ശൻ സണ്ടേസ്കൂൾ പഠിപ്പിച്ചിരുന്നു. ഞങ്ങളുടെ അമ്മ വെണ്ടറപ്പിള്ളി കുടുംബാംഗമാണ്. ജയ വീണ്ടും ഓർക്കുന്നു. സണ്ടേസ്കൂളിൽ ജനറൽ ക്ലാസ്സ് എടുക്കുവാൻ വന്ന പോൾ വർഗീസ് അച്ചൻ, വെണ്ടറപ്പിള്ളി ശെമ്മാശ്ശൻ, ഫിലിപ്പ് ശെമ്മാശ്ശൻ തുടങ്ങിയവരെ കുട്ടികളും അദ്ധ്യാപകരും ജിജ്ഞാസയോടു കൂടി ശ്രദ്ധിക്കുന്നത് വിദ്യാർത്ഥികളായ ഞങ്ങളുടെ മനസ്സിലുണ്ട്.

ഞങ്ങളുടെ വിവാഹത്തോടു കൂടി 1982 മുതൽ ഫിലിപ്പ് ശെമ്മാശ്ശനെ പരിചയപ്പെട്ടു. തുടർന്ന് തലക്കോട് ബോയ്സ് ഹോം, ഐ. ടി. ഐ., വനിത വ്യവസായ സംരംഭം തുടങ്ങിയ പ്രോജക്ടുകളുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുവാൻ എനിക്ക് അവസരം ലഭിച്ചു. ഫിലിപ്പച്ചൻ കറസ്പോണ്ടന്റ് ആയിരിക്കുന്ന സമയത്താണ് പി.എം.ജി.സി. ട്രസ്റ്റിലെ ബോർഡ് മെമ്പറായി എന്നെ തിരഞ്ഞെടുക്കുന്നത്.

എന്റെ ഇടവകയായ മുളന്തുരുത്തി മാർത്തോമ്മൻ പള്ളിയിൽ സഭാവഴക്കിനെ തുടർന്ന് ഓർത്തഡോക്സ് ഭാഗത്തിന്റെ ആരാധനാകേന്ദ്രമായ മുളന്തുരുത്തി കാതോലിക്കേറ്റ് സെന്ററിൽ കെ. ജെ. കുര്യാക്കോസ് അച്ചനോടൊരുമിച്ച് ഫിലിപ്പച്ചൻ ഇടവക ശുശ്രൂഷ നിർവഹിച്ച കാര്യം ഞങ്ങളുടെ മക്കളായ ബെന്നും രമ്യ ഉൾപ്പെടെ വീട്ടിൽ സംസാരിക്കാറുണ്ടായിരുന്നു. രോഗാവസ്ഥയിലും മക്കളോടും കുടുംബത്തോടും കാണിച്ച സ്നേഹത്തോടു കൂടിയ പെരുമാറ്റം ഞങ്ങളുടെ മനസ്സിൽ സൂക്ഷിച്ചിരിക്കുന്നു.

*(ലേഖകൻ പി.എം.ജി.എം.സി. ട്രസ്റ്റ് ബോർഡ് മെമ്പറും ട്രഷററുമാണ്)*

# ആ ശൂന്യത വലുത്

**ഫാ. വിജു ഏലിയാസ്**
(ഗ്രിഗോറിയൻ സൗജന്യ ഡയാലിസിസ് സെന്റർ,
വരിക്കോലി)

വന്ദ്യ കെ. റ്റി. ഫിലിപ്പ് അച്ചൻ ഓർമ്മയായിട്ട് ഒരു വർഷം തികയുന്നു. ജനഹൃദയങ്ങളിൽ തികച്ചും വ്യത്യസ്തമായ വ്യക്തിത്വമായി ജീവിക്കുന്ന വ്യക്തിയാണ് അച്ചൻ. അടുത്തിടപെടുന്ന എല്ലാവരോടും സൗഹൃദം സ്ഥാപിക്കാനും അത് തുടർന്നുകൊണ്ടുപോകുവാനും അച്ചന് കഴിഞ്ഞിട്ടുണ്ട്. നിഷ്കപടമായ അച്ചന്റെ പുഞ്ചിരിയും പെരുമാറ്റവും ആരെയും അദ്ദേഹത്തിലേക്ക് ആകർഷിച്ചിരുന്നു എന്നതിൽ തർക്കമില്ല.

ശുശ്രൂഷാവസരങ്ങളിൽ അച്ചൻ പുലർത്തിയിരുന്ന തീക്ഷ്ണത ഈ തലമുറയിലെ വൈദികർക്ക് ഉദാത്ത മാതൃകയാണ്. ഇടവകയിലെ തന്റെ ആടുകളുടെ എല്ലാ പ്രശ്നങ്ങളിലും ആത്മാർത്ഥമായി ഇടപെട്ടിരുന്ന വ്യക്തിയായിരുന്നു ഫിലിപ്പച്ചൻ.

ഞാനൊരു വൈദിക വിദ്യാർത്ഥിയായിരുന്ന സന്ദർഭങ്ങളിലൊക്കെ അച്ചന്റെ നിസ്സീമമായ പ്രോത്സാഹനവും പിന്തുണയും ലഭിച്ചിട്ടുണ്ട് എന്നത് എടുത്തു പറയേണ്ടതാണ്. വൈദിക ശുശ്രൂഷയിൽ അവശ്യം പരിപാലിക്കേണ്ട കാര്യങ്ങളെക്കുറിച്ച് അച്ചൻ നൽകിയിട്ടുള്ള നിർദ്ദേശങ്ങൾ അവാച്യമായിരുന്നു. ഞാൻ അച്ചനായതിന്റെ അടുത്ത ദിവസങ്ങളിൽ അച്ചൻ എന്റെ വീട്ടിൽ വന്ന് എനിക്ക് കുപ്പായം തുന്നാൻ ഉള്ള രണ്ടു തരം തുണികൾ സമ്മാനിച്ച് പ്രാർത്ഥിച്ച് അനുഗ്രഹിച്ചു പോയത് ഞാൻ ഓർക്കുന്നു.

വളരെ പോസിറ്റീവായി മാത്രം കാര്യങ്ങളെ നോക്കിക്കണ്ടിരുന്ന ആളായിരുന്നു അച്ചൻ. അദ്ദേഹത്തിന്റെ സാന്നിധ്യവും സാമീപ്യവും പ്രദാനം ചെയ്യുന്ന ഊർജ്ജം വിവരണാതീതമാണ്. തന്റെ പ്രവർത്തന മേഖലകളിൽ സജീവമായി നിൽക്കുവാൻ അച്ചന് സാധിച്ചിട്ടുണ്ട്. അഭിപ്രായങ്ങൾ തുറന്നു പറയുന്നതിനുള്ള ഒരു തുറവി അച്ചനുണ്ടായിരുന്നു. അദ്ദേഹത്തിന്റെ മനസ്സിലും ചിന്തയിലും ശരിയെന്ന് തോന്നുന്ന കാര്യങ്ങൾ വെട്ടിത്തുറന്ന് പറഞ്ഞിരുന്നു. മനസ്സിന്റെ നിഷ്കളങ്കതയുടെ പ്രതിഫലനമായി അദ്ദേഹത്തെ സ്നേഹിക്കുന്നവർ അത് മനസ്സിലാക്കിയിരുന്നു എന്നതും വസ്തുതയാണ്.

ഒരു വിഷയം ആഴത്തിൽ പഠിക്കുന്നതിനും പഠിപ്പിക്കുന്നതിനും അദ്ദേഹത്തിനുള്ള പ്രാഗല്ഭ്യം വലുതാണ്. അച്ചന്റെ എഴുത്തുകളിലൂടെയും പ്രസംഗങ്ങളിലൂടെയും സന്നിവേശിപ്പിക്കപ്പെട്ടിരുന്ന സന്ദേശം ഉൽകൃഷ്ടങ്ങളായിരുന്നു. ഏത് ഇടവകയിൽ ചെന്നാലും അവിടെ തനതായ വ്യക്തിമുദ്ര

പതിപ്പിക്കുന്ന പ്രവർത്തനങ്ങൾ അദ്ദേഹം സംഘടിപ്പിച്ചിരുന്നു. ഇടവക ജനത്തെ ക്രിസ്തീയ വിശ്വാസത്തിലും ബോധ്യത്തിലും വിശുദ്ധ വേദ പുസ്തക വെളിച്ചത്തിലും നടത്തുവാൻ അച്ചനു സാധിച്ചിട്ടുണ്ട്.

ശാരീരിക അസ്വസ്ഥതകളുടെ മദ്ധ്യത്തിലും വി. കുർബാന അർപ്പിക്കാനുള്ള ആഗ്രഹം അച്ചന്റെ അന്ത്യശ്വാസം വരെ ഉണ്ടായിരുന്നു. ആഴമായ വിശ്വാസവും ഭക്തിയും വചനത്തിലുള്ള ആശ്രയവും അച്ചന്റെ ജീവിതത്തിൽ ഏറെ സഹായകമായിട്ടുണ്ട്. അച്ചന്റെ വിയോഗം സൃഷ്ടിച്ച ശൂന്യത വലുതാണ്.

സഭയിലെ പ്രഗൽഭരായ വൈദികരോടും അൽമായരോടും പിതാക്കന്മാരോടുമെല്ലാം വളരെ അടുത്ത ബന്ധം പുലർത്തിയിരുന്ന ആളായിരുന്നു ഫിലിപ്പച്ചൻ. എല്ലാവർക്കും തങ്ങളുടെ പ്രശ്നങ്ങൾ പങ്കുവയ്ക്കാൻ അച്ചൻ ഒരു ഉത്തമ സുഹൃത്തും സഹോദരനുമായിരുന്നു.

വന്ദ്യ അച്ചന്റെ ഒന്നാം ചരമവാർഷികത്തോടനുബന്ധിച്ച്, അച്ചന്റെ ആത്മമിത്രവും പരുമല മാർ ഗ്രീഗോറിയോസ് ചാരിറ്റബിൾ ട്രസ്റ്റ് ഡയറക്ടറുമായ ഡോ. ടി. പി. ഏലിയാസ് അച്ചന്റെ നേതൃത്വത്തിൽ പ്രസിദ്ധീകരിക്കുന്ന ഈ ഗ്രന്ഥത്തിന് എല്ലാ മംഗളങ്ങളും നേരുന്നു.

# സഞ്ചാരിയായ ഫിലിപ്പച്ചൻ

## തോമസ് പോൾ മ്യാലിൽ, ദുബായ്

എറണാകുളം ജില്ലയിൽ ജനനം, വൈദിക പരിശീലനം കോട്ടയം ജില്ല യിൽ, ശെമ്മാശ്ശനായി ആലപ്പുഴ ജില്ലയിലെ മാവേലിക്കര. മലബാറിലെ പുതു പ്പാടി സെന്റ് പോൾസിൽ സുവിശേഷ പ്രവർത്തനം. തീർന്നില്ല, വൈദിക നായി ഉത്തരേന്ത്യയിലെ ഒട്ടുമിക്ക ദേവാലയങ്ങളിലെയും പ്രസംഗവേദികൾ അച്ചന് ഒരു ഹരമായിരുന്നു. പൗരസ്ത്യ ദേശങ്ങളായ ഗൾഫ് മേഖലകളിലെ വിവിധ ദേവാലയങ്ങൾ യു.എ.ഇ. മേഖലകൾ മുതലായ സ്ഥലങ്ങളിൽ അച്ചൻ പര്യടനം നടത്തി ആരാധന അർപ്പിച്ച് ജനഹൃദയങ്ങളിൽ സ്ഥാനം പിടിച്ചു. പാശ്ചാത്യ രാജ്യങ്ങളിൽ യു.എസ്.എ. യിൽ പര്യടനം നടത്തുവാനും അന്താരാഷ്ട്ര മീറ്റിംഗുകളിൽ സംബന്ധിക്കുവാനും ഭാഗ്യം ലഭിച്ച വൈദി കനാണ് ഫിലിപ്പച്ചൻ.

ജീവിതത്തിൽ ധാരാളം പ്രതിസന്ധികൾ തരണം ചെയ്യേണ്ടി വന്നപ്പോൾ പ്രതീക്ഷ നഷ്ടപ്പെടുത്താതെ വ്യക്തി കുടുംബ സാമൂഹ്യ ബന്ധങ്ങൾ കാത്തുസൂക്ഷിച്ച ഫിലിപ്പച്ചൻ ഏറെ മനുഷ്യഹൃദയങ്ങളിൽ ജീവിച്ച് വ്യക്തി മുദ്ര പതിപ്പിച്ച ഒരു ആചാര്യശ്രേഷ്ഠനാണ്.

അച്ചന്റെ ഓർമ്മ ശാശ്വതീകരിക്കുവാനായി ഒരു സ്മരണിക ആവശ്യ മാണെന്ന് ടി. പി. ഏലിയാസ് അച്ചന്റെ ശ്രദ്ധയിൽപെടുത്തിയപ്പോൾ "എന്റെ ആരോഗ്യം അനുവദിക്കുമോ" എന്ന ആശങ്ക പ്രകടിപ്പിച്ചു എങ്കിലും ഇങ്ങനെ ഒരു ഗ്രന്ഥം പ്രസിദ്ധീകരിക്കുവാൻ സാധിച്ചതിൽ ദൈവത്തെ ഞാൻ മഹ ത്വപ്പെടുത്തുന്നു.

മുളന്തുരുത്തി ഇടവകാംഗമായ എനിക്ക് അഭിമാനിക്കുവാൻ വകയുണ്ട്. മുളന്തുരുത്തി മാർത്തോമ്മൻ ഇടവക ജന്മം കൊടുത്ത അനേകം വൈദിക രുണ്ട്. ആ ഇടവക അതിർത്തിയിൽ ധാരാളം പുരോഹിതരും താമസിക്കു ന്നുണ്ട്. മലങ്കരസഭയിലെ ചരിത്രം ഉറങ്ങുന്ന ഒരു പുണ്യഭൂമിയാണ് മുള ന്തുരുത്തി. ആ പ്രദേശത്ത് ജനിച്ച് താമസിച്ച അനേകം പൗരോഹിത്യ സ്ഥാനികൾ ഉണ്ട്. ആ ശൃംഖലയിലെ അവസാന കണ്ണികളായ എടപ്പങ്ങാ ടിൽ കുര്യാക്കോസ് കോർഎപ്പിസ്കോപ്പാ അച്ചനും, കെ. റ്റി. ഫിലിപ്പച്ചനും ഇന്ന് ഇമ്പങ്ങളുടെ പറുദീസായിലാണ്. ഈ പിതാക്കന്മാരുടെ സാന്നിദ്ധ്യം ഞങ്ങളുടെ ദേശത്തിന് വലിയ മദ്ധ്യസ്ഥതയാണ്.

ഈ സ്മരണിക പ്രസിദ്ധീകരണത്തിന് നേതൃത്വം നൽകിയത് പരുമല മാർ ഗ്രീഗോറിയോസ് ചാരിറ്റബിൾ ട്രസ്റ്റ് പ്രസിഡണ്ട് ഗീവർഗീസ് മാർ കൂറി ലോസ് തിരുമേനിയാണ്. തിരുമേനിയുടെ സഹോദരൻ ജോസ് കുര്യൻ

തലക്കോട് ട്രസ്റ്റ് മെമ്പറും മുൻ ബോർഡ് അംഗവുമാണ്. അദ്ദേഹത്തിന്റെ സഹോദരനാണ് ബാബു കുര്യൻ (ദുബായി). ഈ സഹോദരങ്ങൾ മൂന്നു പേരും ട്രസ്റ്റ് പ്രവർത്തനങ്ങളുടെ സാമ്പത്തിക സ്രോതസ്സിന്റെ ഭാഗമെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. വർഷങ്ങളായി ഞങ്ങളുടെ കുടുംബത്തിന്റെ അവി ഭാജ്യ ഘടകങ്ങളാണ്. ഈ സമയത്ത് ഈ സംരംഭത്തിന് ഞങ്ങളുടെ ടി. പി. ഏലിയാസ് അച്ചനെ പ്രോത്സാഹിപ്പിച്ച തിരുമേനിയോട്, ഇതിന് കൈത്താ ങ്ങൽ കൊടുത്ത ബോയ്സ് ഹോമിലെ പ്രവർത്തകരായ ഷാജി മലയൻ, കെ. പി. സുബിൻ, തോമസ് വർഗീസ്, പ്രസാധകനായ ജോയ്സ് തോട്ട യ്ക്കാട് എന്നിവരോടുള്ള ആദരവ് എഡിറ്റോറിയൽ ബോർഡിനുവേണ്ടി ഞാൻ രേഖപ്പെടുത്തുന്നു.

ഫിലിപ്പച്ചന്റെ മദ്ധ്യസ്ഥത നമുക്കുണ്ടായിരിക്കട്ടെ എന്ന് പ്രാർത്ഥിക്കുന്നു.

# മനുഷ്യസ്നേഹിയായ ആചാര്യൻ

**ഷാജി ജെ. മലയൻ**

(മാനേജർ, പി.എം.ജി.എം. ട്രസ്റ്റ്)

മുളന്തുരുത്തി ഓർത്തഡോക്സ് സെന്റർ വികാരിയായിരുന്ന ഫിലിപ്പച്ചനെ ഇടവകാംഗം എന്ന നിലയിൽ വളരെ ആദരപൂർവ്വം ഞാൻ വീക്ഷിച്ചിരുന്നു. തലക്കോട് സെന്റ് മേരീസ് ബോയ്സ് ഹോമിൽ 1990 ഡിസംബറിൽ ജോലിക്ക് നിയമിതനായപ്പോൾ മുതൽ അടുത്തറിയാൻ സാധിച്ചു. എല്ലാ സ്ഥാപനങ്ങളുടെയും അക്കൗണ്ടന്റ് എന്ന നിലയിൽ എന്റെ ജോലി ആരംഭിച്ചപ്പോൾ ഡയറക്ടർ & കറസ്പോണ്ടന്റ് എന്ന നിലയിലല്ല, ഒരു ജ്യേഷ്ഠ സഹോദരൻ എന്നപോലെ എനിക്ക് എല്ലാ സഹായവും പ്രോത്സാഹനവും നൽകി. പുറമെ കർക്കശക്കാരൻ എന്ന് തോന്നുമെങ്കിലും അച്ചന്റെയുള്ളിലെ മനുഷ്യസ്നേഹിയെ കണ്ടറിയാൻ സാധിച്ചു.

അഭ്യുദയകാംക്ഷികളുടെ സംഭാവന പ്രധാന വരുമാനമാർഗ്ഗമായ ഈ ചാരിറ്റബിൾ ട്രസ്റ്റിൽ സത്യസന്ധമായ അച്ചന്റെ പ്രവർത്തനം അനേകരെ ഈ സ്ഥാപനത്തിലേക്ക് ആകർഷിച്ചു. അച്ചൻ വികാരിയായിരുന്ന എറണാകുളം സെന്റ് മേരീസ്, പലാരിവട്ടം സെന്റ് ജോർജ് എന്നിങ്ങനെ മറ്റു പല പള്ളികളിൽ നിന്നുള്ള അനേകം സുമനസ്സുകൾ ഈ സ്ഥാപനത്തിന്റെ പ്രവർത്തനങ്ങൾക്ക് കരുത്തേകി. സംഭാവന നൽകുന്ന ഓരോ കുടുംബത്തിലേയും മുതിർന്നവർ മുതൽ കൊച്ചുകുഞ്ഞുങ്ങൾ വരെ എല്ലാവരുടെയും പേരുവിവരങ്ങളും ജനനതീയതിയും എല്ലാം ഫിലിപ്പച്ചന് മനഃപാഠമായിരുന്നു. ഇവരുടെ വീടുകളിലെ വിശേഷ ദിവസങ്ങളിൽ ബോയ്സ് ഹോം സന്ദർശിക്കുകയും ബോയ്സ് ഹോമിലെ കുഞ്ഞുങ്ങളും ഫിലിപ്പച്ചനുമൊന്നിച്ച് ഭക്ഷണം കഴിക്കാറുമുണ്ടായിരുന്നു.

സമീപപ്രദേശങ്ങളിലെ തൊഴിൽരഹിതരായ വനിതകൾക്കുവേണ്ടി ഡോ. പൗലോസ് മാർ ഗ്രീഗോറിയോസ് തിരുമേനി ആരംഭിച്ച വനിതാ സ്വയം തൊഴിൽ സംരംഭത്തിന്റെ ചുമതല ഫിലിപ്പച്ചനെ ഏൽപ്പിച്ചു. കെൽട്രോണിന് റേഡിയോ അസംബ്ലിംഗ് ജോലി ആയിരുന്നു ആദ്യത്തെ സംരംഭം. കെൽട്രോണിൽ നിന്ന് അസംസ്കൃത വസ്തുക്കൾ ലഭിക്കുന്നതിന് താമസം ഉണ്ടാകുമ്പോൾ ജോലികൾ കുറയും. അപ്പോൾ ഇവിടെ ജോലി ചെയ്യുന്നവർക്ക് വേതനം നൽകാൻ സാധിക്കാതെ വരും. ഇങ്ങനെ ഒരു ഓണക്കാലത്ത് ജോലിയില്ലാതെ ഇവർ വിഷമിച്ചപ്പോൾ "നിങ്ങൾക്ക് ഓണക്കോടി ലഭിച്ചിരിക്കും" എന്ന് അച്ചൻ ഉറപ്പു നൽകി. കോലഞ്ചേരി സിന്തൈറ്റ് ഇൻഡസ്ട്രീസ് വൈസ് ചെയർമാർ ദിവംഗതനായ ജോർജ് പോളിനെ ഇക്കാര്യം അറിയിക്കുകയും അദ്ദേഹം എല്ലാവർക്കും ഓണക്കോടിക്ക് ആവശ്യമായ

തുക ഫിലിപ്പച്ചനെ ഏൽപ്പിക്കുകയും ചെയ്തു. ഫിലിപ്പച്ചനിലെ സഹാനുഭൂതി വിളിച്ചറിയിക്കുന്ന ഒരു സംഭവം ആയിരുന്നു ഇത്.

വ്യക്തിപരമായി എന്റെയും കുടുംബത്തിന്റെയും പല ആവശ്യങ്ങളും കണ്ടറിഞ്ഞ് സഹായിക്കുന്ന അച്ചൻ എല്ലാവർക്കും ആശ്വാസം നൽകാൻ പ്രവർത്തിച്ചു. ഞങ്ങളുടെയെല്ലാം സന്തോഷത്തിലും സന്താപത്തിലും ഇഴുകി പ്രവർത്തിച്ചിരുന്ന അച്ചന്റെ ദീപ്തസ്മരണയ്ക്ക് മുമ്പിൽ ആദരാഞ്ജലികൾ.

# പ്രസന്നതയുടെ വ്യക്തിത്വം

## തോമസ് വർഗീസ്

(വാർഡൻ)

ഞാൻ ആദ്യമായി കെ. റ്റി. ഫിലിപ്പച്ചനെ കാണുന്നത് 2008 ഏപ്രിലിൽ ബോയ്സ് ഹോമിൽ ഏലിയാസ് അച്ചനൊപ്പം, വാർഡന്റെ ഒഴിവിലേക്കുള്ള കൂടിക്കാഴ്ചയിലാണ്. ട്രസ്റ്റിന്റെ കറസ്പോണ്ടന്റ് ആയിരുന്ന അച്ചൻ അന്ന് പറഞ്ഞ ഒരു വാചകം ഇന്നുമെന്റെ മനസ്സിൽ നിറഞ്ഞു നിൽക്കുന്നു. ഇവിടുന്നു ലഭിക്കുന്ന പ്രതിഫലത്തേക്കാൾ ഉപരി "ദൈവം തോമസിനെ സമൃദ്ധമായി അനുഗ്രഹിക്കും" എന്ന വാക്കുകൾ എന്റെ ജീവിതത്തിൽ യാഥാർത്ഥ്യമായി.

അച്ചൻ പല സന്ദർഭങ്ങളിലും ചാപ്പലിൽ കുർബാന അർപ്പിക്കുകയും മറ്റു ശുശ്രൂഷകളിൽ പങ്കെടുക്കുകയും ചെയ്തിട്ടുണ്ട്. ആ സന്ദർഭങ്ങളിൽ ഞാൻ ശുശ്രൂഷകനായി അച്ചനോടൊപ്പം ശുശ്രൂഷയിൽ പങ്കെടുക്കുകയും ചെയ്തിരുന്നു. അച്ചന്റെ കൃത്യനിഷ്ഠയും അർപ്പണബോധത്തോടു കൂടിയുള്ള ആരാധനയും എല്ലാവർക്കും ഒരു മാതൃകയാണ്. കുർബാനാനന്തരമുള്ള പ്രസംഗത്തിലും മറ്റു സന്ദർഭങ്ങളിലും പ്രഗത്ഭരായ വ്യക്തികളുടെ ജീവിതം നമുക്ക് വരച്ചുകാട്ടി തരുന്നു (ഉദാ. സാധു സുന്ദർ സിംഗ്, ഡോ. അബ്ദുൾ കലാം, ജോൺ എഫ്. കെന്നഡി).

അച്ചന്റെ പ്രാർത്ഥന, കുർബാന സമയങ്ങളിൽ ദൈവത്തിന്റെ സാന്നിദ്ധ്യം അച്ചനിൽ ദർശിക്കുവാൻ എനിക്ക് സാധിച്ചിട്ടുണ്ട്. അച്ചന്റെ വിയോഗത്തിനു മുമ്പുള്ള അവസാന ബലിഅർപ്പണത്തിൽ ഭാഗഭാക്കാകുവാൻ എനിക്കും സാധിച്ചതിൽ ഞാൻ കൃതാർത്ഥനാണ്. അച്ചന്റെ നിറഞ്ഞ പുഞ്ചിരിയും കാണുമ്പോഴുള്ള പേർവിളിച്ചുള്ള ക്ഷേമാന്വേഷണവും ഇന്നും ഓർമ്മയിൽ നിറഞ്ഞു നിൽക്കുന്നു. കുഞ്ഞുങ്ങളോടുള്ള അച്ചന്റെ കരുതലും വാത്സല്യവും വിസ്മരിക്കുവാൻ കഴിയില്ല. ക്രിസ്തുവിന്റെ രണ്ടാമത്തെ വരവിൽ അവന്റെ വലതുഭാഗത്ത് അച്ചനെയും ദർശിക്കുവാൻ ഇടയാകണമെ എന്ന പ്രാർത്ഥനയോടെ.

# ബോയ്സ് ഹോമും ഫിലിപ്പച്ചനും

**സുബിൻ കെ. പി.**

(വാർഡൻ, സെന്റ് മേരീസ് ബോയ്സ് ഹോം)

എന്റെ ബാല്യകാലത്തിലേ എനിക്ക് അറിയാവുന്ന പ്രിയ ഫിലിപ്പച്ചനെ കൂടുതൽ അറിയുവാനും മനസ്സിലാക്കുവാനും തുടങ്ങിയത് തലക്കോട് സെന്റ് മേരീസ് ബോയ്സ് ഹോമിൽ ഞാൻ പ്രവർത്തിക്കുവാൻ തുടങ്ങിയതിനു ശേഷമാണ്. ഈ സ്ഥാപനത്തിന്റെയും ഇതിനോടനുബന്ധിച്ചുള്ള മറ്റു പ്രസ്ഥാനങ്ങളുടെയും വളർച്ചയിൽ അച്ചന്റെ അതീവ താൽപര്യം നേരിട്ടറിയുവാൻ എനിക്ക് സാധിച്ചിട്ടുണ്ട്. ഇവിടുത്തെ വിവിധ ജാതി-മത-സംസ്കാരത്തിലുള്ള കുഞ്ഞുങ്ങൾക്ക് ആവശ്യമായ ആത്മീയവും ഭൗതികവുമായ എല്ലാ പരിരക്ഷകളും നൽകുന്നതിൽ അച്ചൻ നന്നേ ശ്രദ്ധ ചെലുത്തിയിരുന്നു. ഓരോ കുഞ്ഞുങ്ങളെയും പേർചൊല്ലി വിളിച്ച്, വിശേഷം ചോദിച്ച് അവരെ ലാളിക്കുന്ന അച്ചന്റെ മുഖം വളരെ സന്തോഷത്തോടെ ഈ സമയം അനുസ്മരിക്കുന്നു. കുട്ടികൾക്ക് ഗുണപാഠ കഥകളും, മഹത് വ്യക്തി ചരിത്രങ്ങളും, വ്യക്തിത്വ വികസന പ്രേരകമാർഗ്ഗങ്ങളും മനസ്സിലാക്കി കൊടുക്കുന്നതിലുള്ള അച്ചന്റെ കഴിവ് വിസ്മയകരമായി തോന്നിയിരുന്നു. കൂടാതെ ഇവിടുത്തെ പ്രവർത്തകരായ ഞങ്ങളോടോരോരുത്തരോടും, ഞങ്ങളുടെ കുടുംബാംഗങ്ങളോടുമുള്ള അച്ചന്റെ സ്നേഹപൂർവ്വമായ പെരുമാറ്റവും അന്വേഷണങ്ങളും അച്ചനെ ഞങ്ങൾക്ക് കൂടുതൽ പ്രിയങ്കരനാക്കുന്നു.

കഴിഞ്ഞ രണ്ടു പതിറ്റാണ്ടുകളിലായി ബോയ്സ് ഹോമിന്റെ ദൈനംദിന ചിലവുകൾ വഹിച്ചുവരുന്ന സ്ഥാപനത്തിന്റെ വൈസ് പ്രസിഡണ്ടും റോയ് ഇന്റർനാഷണൽ ചിൽഡ്രൻസ് ഫൗണ്ടേഷൻ പ്രസിഡണ്ടുമായ ഡോ. ചെറിയാൻ ഈപ്പൻ സാറുമായുള്ള അച്ചന്റെ ഊഷ്മളമായ സ്നേഹബന്ധം നമ്മുടെ ബോയ്സ് ഹോമിന് സുരക്ഷിതമായി മുന്നേറുവാനുള്ള ധൈര്യവും പ്രചോദനവും നൽകി എന്നത് എടുത്തുപറയേണ്ടതാണ്. കൂടാതെ സമൂഹത്തിന്റെ വിവിധ തലങ്ങളിലുള്ള വ്യക്തികൾ, സംഘടനകൾ ഈ സ്ഥാപനം സന്ദർശിക്കുകയും കുട്ടികൾക്ക് വേണ്ട കൗൺസലിംഗ്, വിനോദ പരിപാടികൾ, മാർഗ്ഗനിർദ്ദേശങ്ങൾ മുതലായ കാര്യങ്ങൾ ഇവരിലൂടെ ലഭ്യമാക്കുകയും ചെയ്തു.

ഇവിടെ പഠിച്ചിറങ്ങിയ ഓരോ വ്യക്തിയും എവിടെ വെച്ച് കണ്ടാലും ചോദിക്കുന്ന പേരുകളിലൊന്നാണ് ഫിലിപ്പച്ചന്റേത്. ആയിരക്കണക്കിന് കുഞ്ഞുങ്ങളുടെ ഇരുൾനിറഞ്ഞ ജീവിതത്തിൽ പ്രകാശത്തിന്റെയും പ്രതീക്ഷകളുടെയും പൊൻവെളിച്ചം നൽകിയ പ്രിയ അച്ചന്റെ ഓർമ്മകൾക്കു മുമ്പിൽ സർവ്വാംഗം പ്രണമിക്കുന്നു.

# വനിതാ ക്ഷേമ സംരംഭവും കെ. റ്റി. ഫിലിപ്പച്ചനും

## പി. പി. വിൽസൺ പുല്യാട്ട്, തുരുത്തിക്കര

വിശ്വപൗരൻ ഡോ. പൗലോസ് മാർ ഗ്രീഗോറിയോസ് തിരുമേനിയും, RIC Foundation പ്രസിഡന്റ് ഡോ. ചെറിയാൻ ഈപ്പനും തമ്മിൽ കൂടിയാലോചിച്ച് Keltron Radio Assembling Unit തലക്കോട് മാർ ഗ്രീഗോറിയോസ് ചാരിറ്റബിൾ ട്രസ്റ്റിന്റെ ഉത്തരവാദിത്വത്തിൽ വനിതാക്ഷേമ സംരംഭം എന്ന നിലയിൽ 1984–ൽ ആരംഭിച്ചു.

മുളന്തുരുത്തിയുടെ പ്രാന്തപ്രദേശത്തുള്ള തൊഴിൽരഹിതരായ വീട്ടമ്മമാരുടെ വിശ്രമവേളകളിൽ തലക്കോട് 12 വനിതകളുടെ കൂട്ടായ്മ രൂപീകരിച്ച് കെൽട്രോൺ റേഡിയോ അസംബ്ലിംഗ് യൂണിറ്റ് പ്രവർത്തനം തുടങ്ങി. താമസംവിനാ Electrical Stabilizer Unit - G.B.M. Soldat എന്നൊരു ഗ്രൂപ്പും ഈ സ്ഥാപനത്തിന്റെ കീഴിൽ പ്രവർത്തനം തുടങ്ങി. ജാതിമതഭേദമെന്യേ അനേകം കുടുംബങ്ങൾക്ക് ജീവിത സന്ധാരണത്തിനും ഈ പ്രവർത്തനം മുഖാന്തിരമായി. പ്രവർത്തനസജ്ജമായ വനിത വെൽഫെയർ സൊസൈറ്റിയുടെ പ്രധാന ചുമതലക്കാർ പരേതരായ ഏലിയാമ്മ പോൾ തുകലൻ, സാറാമ്മ തണങ്ങാട്ടിൽ എന്നിവരായിരുന്നു. അന്ന് ഫാ. കെ. റ്റി. ഫിലിപ്പ് കോ–ഓർഡിനേറ്ററായ ഒരു സമിതി പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകി.

1999–ൽ OEN Connectors Electrogiri Vettickal എന്ന സ്ഥാപനത്തിനുവേണ്ടി നൂറോളം വനിതകളെ ഉൾപ്പെടുത്തിക്കൊണ്ട് ഒരു Connector Assembling Unit കാര്യക്ഷമമായി പ്രവർത്തിച്ചപ്പോൾ M.G. I.T.I-ൽ അദ്ധ്യാപകനായ എനിക്ക് ആ പ്രസ്ഥാനത്തിന്റെ സൂപ്പർവൈസർ തസ്തികയിൽ സേവനം ചെയ്യുവാൻ അവസരം കിട്ടി. ഇവിടത്തെ Night Shift-ൽ തൊഴിൽരഹിതരായ യുവാക്കളടക്കം I.T.I വിദ്യാർത്ഥികളും ബോയ്സ് ഹോമിലെ സീനിയർ കുഞ്ഞുങ്ങളും ഈ സേവനം പ്രയോജനപ്പെടുത്തി.

ഫിലിപ്പ് അച്ചൻ ജോലിക്കാരിൽ രോഗികളായവരുടെ ഭവനങ്ങൾ സന്ദർശിച്ച് സാന്ത്വന വാക്കുകൾ കൊണ്ടും കഴിവുള്ള സഹായങ്ങൾ കൊണ്ടും അവരെ ആശ്വസിപ്പിക്കുന്നത് അവർക്കും ഞങ്ങൾക്കും ഒരു പ്രചോദനമായിരുന്നു.

ഫിലിപ്പ് അച്ചൻ ശെമ്മാശനായിരുന്നപ്പോൾ ഞായറാഴ്ചകളിൽ കെ. ജെ. കുര്യാക്കോസ് അച്ചൻ വികാരിയായിരുന്ന തുരുത്തിക്കര ചാപ്പലിൽ വന്ന് അവിടുത്തെ ആരാധനയിലും പ്രാർത്ഥനായോഗങ്ങളിലും സംബന്ധിച്ച്

പ്രസംഗിക്കുന്നത് അവിടുത്തെ സണ്ടേസ്കൂൾ അദ്ധ്യാപകരായ ഞങ്ങൾക്ക് വളരെ സന്തോഷം പകരുന്ന അനുഭവമായിരുന്നു.

മങ്ങാത്ത സ്മരണകളുമായി അച്ചൻ ഇന്ന് നിത്യതയിൽ ഞങ്ങൾക്കു വേണ്ടി കൂടിയും പ്രാർത്ഥിക്കുന്നുണ്ടല്ലോ. അതു മതി ഞങ്ങൾക്ക്.

# ഒരു മാമ്പഴക്കാലത്ത്

## സി. ഇ. ഗീവർഗീസ് വരിക്കോലി

(ഗ്രിഗോറിയൻ ഡയാലിസിസ് സെന്റർ)

വരിക്കോലി ഗ്രിഗോറിയൻ ഡയാലിസിസ് സെന്റർ നിർമ്മാണ പ്രവർത്തനവുമായി ബന്ധപ്പെട്ടാണ് ഞാൻ ആദ്യമായി ഫിലിപ്പച്ചനെ പരിചയപ്പെടുന്നത്. ടി. പി. ഏലിയാസച്ചനും വിജുവച്ചനുമായി ചേർന്ന് ഒരു മാമ്പഴക്കാലത്ത് ഞങ്ങളുടെ ഭവനത്തിൽ വരികയും ഞങ്ങളുടെ ഭവനത്തിനുവേണ്ടി പ്രാർത്ഥിക്കുകയും ചെയ്തിരുന്നു. എന്റെ ഭാര്യ ഷിജി തലക്കോട് സ്കൂളിലെ അദ്ധ്യാപികയാണ്. ബോയ്സ് ഹോമിലെ കുഞ്ഞുങ്ങളുമായുള്ള ബന്ധത്തിൽ അച്ചനെ പരിചയപ്പെട്ടിട്ടുണ്ട്. നല്ല ബന്ധവും കാത്തുസൂക്ഷിച്ചു പോന്നു.

ഡയാലിസിസ് സെന്ററിന്റെ പ്രവർത്തനങ്ങളുമായി തലക്കോട് നടക്കുന്ന ബോർഡ് മീറ്റിംഗുകളിലും അച്ചനുമായി കൂടുതൽ അടുത്തിടപഴകുവാൻ സാധിച്ചിട്ടുണ്ട്. അച്ചൻ ലൂർദ് ആശുപത്രിയിൽ ചികിത്സയ്ക്കായി കിടക്കുന്ന സമയത്ത് എന്റെ സഹോദരൻ ഫാ. സി. എ. പൗലോസ് അച്ചനുമായി സന്ദർശിച്ച് പ്രാർത്ഥിച്ച് മടങ്ങിയപ്പോൾ പ്രത്യാശയോടു കൂടിയ ഒരു മുഖം ദർശിക്കുവാൻ സാധിച്ചു. അന്നു കണ്ടപ്പോഴും വീട്ടിലെ ഓരോരുത്തരെയും പേരു ചോദിച്ച് അന്വേഷിച്ചു.

ഫിലിപ്പച്ചൻ ഒരു സൂക്ഷ്മദൃക്കാണ്. പള്ളിക്കാര്യങ്ങളിലും മനുഷ്യബന്ധങ്ങളിലും അച്ചൻ പുലർത്തിവന്ന ആ നിഷ്ഠ ചുരുക്കം ചിലരിൽ മാത്രമേ കണ്ടിട്ടുള്ളു. ചുരുക്കം നാളുകളിലുള്ള ഞങ്ങളുടെ ബന്ധത്തിന് ദീർഘകാലത്തിന്റെ ആഴമുള്ളതായിരുന്നു.

# കർമ്മനിരതനായിരുന്ന കെ. റ്റി. ഫിലിപ്പച്ചൻ

## ഫാ. ഒ. വി. ഏലിയാസ്

ബഹു. കെ. റ്റി. ഫിലിപ്പച്ചനെ, ശെമ്മാശ്ശൻ, കുടുംബസ്ഥൻ, അച്ചൻ എന്നീ നിലകളിൽ എനിക്കറിയാമായിരുന്നെങ്കിലും എറണാകുളം സെന്റ് മേരീസ് പള്ളിയിൽ ഞാൻ വികാരിയായിരിക്കെ സഹപട്ടക്കാരിൽ ഒരാളായി അച്ചൻ നിയമിതനായ കാലം മുതലാണ് അച്ചനുമായി കൂടുതൽ അടുത്തിടപെടാൻ എനിക്കു സാധിച്ചിട്ടുള്ളത്. അച്ചനും സൂസമ്മയും മകൻ മീഖായുമൊത്ത് സന്തുഷ്ടമായി കഴിഞ്ഞിരുന്ന ആ ആദ്യകാലം ഓർമ്മയിൽ വരുന്നു. അന്ന് അച്ചൻ തലക്കോട് ഐ.റ്റി.സി. അദ്ധ്യാപകനും ബോയ്സ് ഹോമിന്റെ പ്രവർത്തകനുമാണ്. അതുകൊണ്ടുതന്നെ പ്രധാന ദിവസങ്ങളിലേ അച്ചൻ എറണാകുളത്ത് വന്നിരുന്നുള്ളു. സ്ഥിരോത്സാഹിയായ അച്ചൻ പടിപടിയായി തലക്കോട് പി.എം.ജി.എം.സി. ട്രസ്റ്റിന്റെ ഡയറക്ടറും വൈസ്പ്രസിഡന്റുമായി. മാവേലിക്കര സെന്റ് പോൾസ് സുവിശേഷാലയത്തിലെ അഭ്യസനവും കോട്ടയം പഴയസെമിനാരിയിലെ പഠനവും അച്ചന്റെ ഉയർച്ചയ്ക്കും വളർച്ചയ്ക്കും സഹായകമായി. കാലം ചെയ്ത പൗലോസ് മാർ ഗ്രീഗോറിയോസ്, ഗീവർഗീസ് മാർ ഒസ്താത്തിയോസ്, റ്റി. ജെ. ജോഷ്വാ അച്ചൻ തുടങ്ങിയ ഗുരുനാഥന്മാരുടെ കീഴിലുള്ള അഭ്യസനവും ശിക്ഷണവും തന്റെ അജപാലന ശുശ്രൂഷയ്ക്ക് മുതൽക്കൂട്ടായിരുന്നു എന്ന് അച്ചൻ പലപ്പോഴും സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്.

അച്ചനിൽ തിളങ്ങിനിന്നിരുന്ന ഏതാനും കാര്യങ്ങൾ അനുസ്മരിക്കട്ടെ. ദൈവത്തിനും ദൈവജനത്തിനും മദ്ധ്യേ ഒരു പുരോഹിതൻ എന്ന നിലയിലുള്ള തന്റെ നിയോഗം അറിഞ്ഞു പ്രവർത്തിക്കുവാൻ സദാ ഉത്സുകനായിരുന്നു അച്ചൻ. ദൈവബന്ധവും അജപാലകൻ എന്ന നിലയിൽ ദൈവജനവുമായുള്ള ബന്ധവും ശരിയായ നിലയിൽ കാത്തുസൂക്ഷിക്കുവാൻ അച്ചൻ പ്രത്യേകം ശ്രദ്ധിക്കുമായിരുന്നു. വി. ബലിയർപ്പണത്തോടൊപ്പം തന്റെ ചുമതലയിൽ വരുന്ന ഓരോ ഇടവകയിലും ആത്മീയ പ്രസ്ഥാനങ്ങളായ സണ്ടേ സ്കൂൾ, വിദ്യാർത്ഥിപ്രസ്ഥാനം, യുവജനപ്രസ്ഥാനം, മർത്തമറിയം സമാജം, പ്രാർത്ഥനായോഗങ്ങൾ എന്നിവയൊക്കെ കൃത്യമായും നിഷ്ഠയായും ക്രമീകരിച്ച് സമയാസമയങ്ങളിൽ നേതൃത്വം നൽകി പരിപോഷിപ്പിച്ചു വന്നു. സഭയിൽ അത്മായർക്കുള്ള ദിവ്യബോധന പഠന പദ്ധതി ആരംഭിച്ചപ്പോൾ അച്ചൻ തന്റെ ഇടവകകളിൽ നിന്ന് ഏറ്റവും അധികംപേരെ പങ്കെടുപ്പിച്ച് ക്ലാസ്സുകൾക്ക് നേതൃത്വം നൽകുമായിരുന്നു. അച്ചൻ ഒരു സുവിശേഷ പ്രാസംഗികൻ കൂടി ആയിരുന്നല്ലോ. തനിക്ക് ചുമതലയുള്ള പള്ളികളിൽ

സുവിശേഷയോഗങ്ങൾ, വിശേഷാവസരങ്ങളിൽ ധ്യാനയോഗങ്ങൾ തുടങ്ങിയ കാര്യങ്ങൾക്കെല്ലാം പ്രാധാന്യം നൽകി പദ്ധതികൾ ആവിഷ്ക്കരിച്ച് പ്രാവർത്തികമാക്കുമായിരുന്നു.

തന്റെ ചുമതലയിൽ വരുന്ന ഓരോ പള്ളികളിലും ആത്മീയ പ്രവർത്തനങ്ങളോടൊപ്പം അവിടുത്തെ പോരായ്മകൾ കണ്ടെത്തി അവ നികത്തുന്നതിനുവേണ്ടി ഇടവകജനങ്ങളുടെ കൂട്ടായ സഹകരണത്തോടും തന്റെ മുൻ ഇടവകകളിലെ സ്നേഹിതരുടെ സഹായത്തോടും കൂടി വിൽപ്പനമേള തുടങ്ങിയ പല പദ്ധതികളും ആവിഷ്ക്കരിച്ച് ധനസമാഹരണം നടത്തി പ്രാവർത്തികമാക്കുമായിരുന്നു. ചെറായി പള്ളി പാഴ്സനേജ്, വടയാപറമ്പ് പള്ളിയുടെ മേൽക്കൂര നന്നാക്കുന്നതിനു വേണ്ടിയുള്ള പ്രവർത്തനങ്ങൾ മുതലായവ ഉദാഹരണമാണ്.

ഭവനസന്ദർശനവും, രോഗീസന്ദർശനവും വിവിധ കാരണങ്ങളാൽ ദുഃഖമനുഭവിക്കുന്നവരെ ആശ്വസിപ്പിക്കലും ഒക്കെ അച്ചന്റെ പ്രവർത്തനത്തിന്റെ ഭാഗമായിരുന്നു. വ്യക്തിബന്ധങ്ങൾ ശരിയായ ദിശയിൽ നിലനിർത്തുന്നതിന് പ്രത്യേകം ശ്രദ്ധിച്ചിരുന്നു. തന്റെ അജഗണത്തെ അടുത്തറിഞ്ഞ് പേർചൊല്ലി വിളിക്കാൻ കഴിയുന്ന ഓർമ്മശക്തി അച്ചന്റെ പ്രത്യേക വരദാനം ആണെന്ന് തോന്നിപ്പോകും. ജന്മദിനം, വിവാഹ വാർഷികം ഒക്കെ ഓർത്തിരുന്ന് അവർക്ക് ആശംസ അർപ്പിക്കുവാനും അച്ചൻ മറക്കാറില്ല. അച്ചനെ സന്ദർശിക്കുന്നവരെയും അച്ചൻ സന്ദർശിക്കുന്നവരെയും വളരെ സ്നേഹാദരങ്ങളോടെയാണ് അച്ചൻ കണ്ടിരുന്നത്. പുഞ്ചിരിയോടെയുള്ള അച്ചന്റെ സ്നേഹാന്വേഷണങ്ങൾ പലരുടെയും മനസ്സിൽ നിറഞ്ഞുനിൽക്കുന്ന ഒരനുഭവമാണ്. വ്യക്തി, കുടുംബാവശ്യങ്ങളിൽ തന്നെ ക്ഷണിച്ചാൽ അവർക്കായി ഒരു സ്നേഹനിർഭരമായ സമ്മാനം കരുതാനും അച്ചൻ മറക്കാറില്ല.

കവി കുഞ്ഞുണ്ണി മാഷ് എഴുതിയിട്ടുണ്ട്, "വായിച്ചാലും വളരും, വായിച്ചില്ലെങ്കിലും വളരും. വായിച്ചാൽ വിളയും, വായിച്ചില്ലെങ്കിൽ വളയും" എന്ന്. പരന്ന വായനാശീലമുള്ള ഒരാളായിരുന്നു ഫിലിപ്പച്ചൻ. സാമാന്യം കൊള്ളാവുന്ന ഒരു പുസ്തകശേഖരം അച്ചനുണ്ട്. വായനയിലൂടെ ലഭിക്കുന്ന അറിവ് തന്റെ പ്രവർത്തനങ്ങൾക്ക് ശക്തി പകരുമായിരുന്നു.

ജീവകാരുണ്യ പ്രവർത്തനങ്ങൾക്ക് മുൻതൂക്കം കൊടുത്ത് പ്രവർത്തിക്കുവാൻ അച്ചൻ പ്രത്യേകം ശ്രദ്ധിക്കുമായിരുന്നു. ഓരോ വിശ്വാസിയും തന്റെ വരുമാനത്തിൽ നിന്ന് ദശാംശം നീക്കി വെച്ച് ഈദൃശ കാര്യങ്ങൾ ചെയ്യണമെന്ന് ഉദ്ബോധിപ്പിക്കുമായിരുന്നു. ദശാംശം നൽകുന്നതിന്റെ പ്രാധാന്യവും ആവശ്യവും വിശദമാക്കി ക്ലാസ്സുകൾ എടുക്കുമായിരുന്നു. അച്ചൻ തന്റെ വരുമാനത്തിൽ നിന്ന് ദശാംശം മാറ്റി വെച്ച് മാതൃകയായി പ്രവർത്തിച്ചിരുന്നു എന്നാണ് ഞാൻ മനസ്സിലാക്കിയിട്ടുള്ളത്.

താനെഴുതുന്നതും പറയുന്നതുമായ കാര്യങ്ങളുടെ അനന്തരഫലങ്ങൾ കണക്കിലെടുക്കാതെ തനിക്ക് ശരിയെന്ന് തോന്നുന്ന കാര്യങ്ങൾ എവിടെയും ആരുടെ അടുത്തും തുറന്നു പറയാൻ മടിക്കാത്ത പ്രകൃതക്കാരനായിരുന്നു അച്ചൻ. അതുകൊണ്ട് ഉണ്ടാകുന്ന അകൽച്ചയോ അഭിപ്രായ വ്യത്യാസമോ ഒന്നും അച്ചൻ കണക്കിലെടുക്കാറില്ല.

അച്ചൻ എന്നും കർമ്മനിരതനായിരുന്നു. വിശ്രമരഹിതമായി പ്രവർത്തിച്ചു വന്ന അച്ചന് ദൈവം നൽകിയ ഒരു വിശ്രമാവസരമാണ് തന്റെ രോഗം. “ബല ഹീനതയിൽ ബലമേകി, ബലവാനായോൻ നടത്തീടുന്നു” എന്ന വിശ്വാസ ത്തോടും “ദൈവം നമ്മുടെ സങ്കേതവും ബലവുമാകുന്നു. കഷ്ടങ്ങളിൽ അവൻ ഏറ്റവും അടുത്ത തുണയായിരിക്കുന്നു” (സങ്കീ. 46:1) എന്ന ദൈവ വചനം മനസ്സിൽ ഉറപ്പിച്ചും അച്ചൻ ജീവിച്ചു. “അവൻ നിങ്ങൾക്കായി കരു തുന്നതാകയാൽ നിങ്ങളുടെ സകല ചിന്താകുലവും അവന്റെമേൽ ഇട്ടു കൊൾവീൻ” (1 പത്രോസ് 5:7) എന്ന തിരുവചനപ്രകാരം തന്റെയും തന്റെ കുടുംബത്തിന്റെയും സ്വകാര്യ ദുഃഖങ്ങൾ സമർപ്പിച്ചുമാണ് അച്ചൻ തന്റെ നിത്യവാസസ്ഥലത്തേക്ക് യാത്രയായത്. എല്ലാറ്റിനും പരിഹാരകൻ ദൈവ മാണല്ലോ.

പ്രിയസ്നേഹിതന്റെ, സഹപ്രവർത്തകന്റെ ആത്മശാന്തിക്കായി പ്രാർത്ഥി ച്ചുകൊണ്ട് നിർത്തുന്നു.

# ആത്മാക്കളുടെ രക്ഷയ്ക്ക് ദാഹിച്ച ഒരു പുരോഹിത ശ്രേഷ്ഠൻ

## ഫാ. ഫീലിപ്പോസ് കാർത്തികപ്പള്ളി

ദൈവിക കൂദാശകളുടെ പരിചാരകനും, സ്വർഗീയ ശ്രീഭണ്ഡാരത്തിന്റെ വിചാരകനുമായി വിളിക്കപ്പെട്ട ഫിലിപ്പച്ചന്റെ വിടവാങ്ങലിന്റെ ഒന്നാം വർഷം വന്നുചേരുമ്പോൾ ആ ധന്യാത്മാവിന്റെ നാമത്തിൽ ഒരു സ്മരണാഞ്ജലി പ്രസിദ്ധപ്പെടുത്തുവാൻ റ്റി. പി. ഏലിയാസച്ചൻ നേതൃത്വം കൊടുക്കുന്നതിൽ അദ്ദേഹത്തെ ഞാൻ ഹാർദ്ദമായി അനുമോദിക്കുന്നു. ഇത് ഫിലിപ്പ് അച്ചന് സ്നേഹിതരും സുഹൃത്തുക്കളും നൽകുന്ന ഒരു ബഹുമതിയാണ്. ഫിലിപ്പച്ചന്റെ അസംഖ്യം സുഹൃത്തുക്കൾക്കും പ്രിയപ്പെട്ടവർക്കും ആശ്വാസകരവും അദ്ദേഹത്തെക്കുറിച്ചുള്ള ഓർമ്മകൾ ഹൃദയത്തിൽ അയവിറക്കാൻ ഒരു സമയവും ആകും. സഭയിൽ ഇനി വരാൻപോകുന്ന വൈദിക തലമുറയ്ക്ക് ഉത്തേജനവും മാതൃകയുമായി ഭവിക്കുമെന്ന് എനിക്ക് പ്രതീക്ഷയുണ്ട്.

1966 ജൂൺ മുതൽ കോട്ടയം ഓർത്തഡോക്സ് സെമിനാരിയിൽ പഠനം ആരംഭിച്ച എനിക്ക് 1969-ൽ പഠനത്തിന് ചേർന്ന കെ. റ്റി. ഫിലിപ്പുമായി അടുത്ത സ്നേഹബന്ധമായിരുന്നു. കൃശഗാത്രനും സദാ ശുഭ്രവസ്ത്രധാരിയുമായ ഫിലിപ്പിന് പല്ലിന്റെ ഉള്ളിൽ നിന്നും രക്തം പൊടിക്കുന്ന 'പയോറിയ' എന്ന അസുഖം ചിലപ്പോൾ ഉണ്ടാകുമെന്നതിനാൽ പൊതുവെ ക്ഷീണിതനും വിളർച്ച ബാധിച്ച നിലയിലും കാണപ്പെട്ടിരുന്നു. 1971 മുതൽ ബാഹ്യകേരള ഭദ്രാസനത്തിൽ ഞാൻ പ്രവർത്തിച്ചു വന്നതിനാൽ ഏതാണ്ട് 19 വർഷക്കാലം ഫിലിപ്പിനെ കാണാൻ കഴിഞ്ഞിട്ടില്ലായിരുന്നു. 1990-ലെ വലിയ നോമ്പു കാലത്ത് ഞാൻ ശുശ്രൂഷിച്ചിരുന്ന ചേപ്പാട് സെന്റ് ജോർജ് പള്ളിയിൽ റ്റി. പി. ഏലിയാസച്ചനു പകരക്കാരനായി ഒരു കൺവൻഷൻ പ്രസംഗത്തിന് വന്നപ്പോൾ ഞാൻ അത്ഭുതപ്പെടുമാറ് ആരോഗ്യവാനായി, ഒരച്ചനായി ബഹു. ഫിലിപ്പ് അച്ചനെ ഞാൻ കണ്ടു. കൊച്ചി ഭദ്രാസനത്തിൽ 1998 മാർച്ച് മുതൽ ഞാൻ വിരമിച്ച 2019 മെയ് വരെ ഒരുമിച്ച് പ്രവർത്തിച്ചതിനാൽ ഞങ്ങളുടെ സ്നേഹം ദൃഢതരമായി. ഭദ്രാസനത്തിലെ ചില പള്ളികളിൽ എനിക്കു മുമ്പേ വികാരിയായും ചിലയിടങ്ങളിൽ എനിക്ക് ശേഷം വികാരിയായും അച്ചൻ പ്രവർത്തിച്ചതിനാൽ ആശയവിനിമയം കൂടുതൽ നടത്തുവാനും, അനുഭവങ്ങൾ പങ്കിടാനും പരസ്പരം ഉറ്റബന്ധം രൂപീകരിക്കുവാനും ധാരാളം അവസരങ്ങൾ ഉണ്ടായി. അച്ചന്റെ മഹനീയമായ വ്യക്തിത്വ ഗുണങ്ങൾ എന്നിൽ വലിയ സ്വാധീനം ഉണ്ടാക്കിയിട്ടുണ്ട് എന്ന് എഴുതുവാൻ മടിയില്ല.

1958-നു ശേഷമുണ്ടായ സഭാ സമാധാന വേളയിലാണ് പാത്രിയർക്കീസ് ഭാഗത്തുള്ള തൃപ്പൂണിത്തുറ നടമേൽ പള്ളിയിൽ നിന്ന് കെ. റ്റി. ഫിലിപ്പ് വൈദിക സെമിനാരിയിലേക്കു വന്നത്. 1970-നു ശേഷമുണ്ടായ സഭാ വേർതിരിവിൽ ആ കക്ഷിയിൽ നിന്നു വന്ന പല വൈദികരും ആ കക്ഷിയിലേക്ക് തന്നെ മടങ്ങിപ്പോയിരുന്നു. എന്നാൽ കുടുംബവും സഹോദരവർഗ്ഗവും അടുപ്പങ്ങളും ബന്ധങ്ങളും വെടിഞ്ഞ്, അവരുടെയൊക്കെ വിരോധവും എതിർപ്പുകളും നേരിട്ട് ഈ ഭാഗത്ത് തന്നെ വൈദികനായി തുടരുവാൻ ഇടയായത് അദ്ദേഹത്തെ വൈദികനായി അവരോധിച്ച പൗലോസ് മാർ ഗ്രീഗോറിയോസിനോടുള്ള വിധേയത്വവും മലങ്കര ഓർത്തഡോക്സ് സഭയുടെ നിലപാട് പൂർണമായി ശരിയാണെന്ന ബോധ്യവും മൂലമാണ്. സഭയോടുള്ള അചഞ്ചലമായ സ്നേഹം അന്ത്യംവരെ അദ്ദേഹം തുടർന്നു. ഫാ. ഒ. വി. ഏലിയാസ്, ഫാ. ഒ. ജെ. ജേക്കബ് അച്ചന്മാരും ഈ പട്ടികയിൽപെട്ടവർ തന്നെ.

ഫിലിപ്പ് അച്ചന്റെ ദൗത്യബോധം കരുപ്പിടിപ്പിക്കുന്നതിൽ സഭാരത്നം ഗീവർഗീസ് മാർ ഒസ്താത്തിയോസിന് വലിയ പങ്കുണ്ട്. ഫിലിപ്പ് അച്ചൻ തിരുമേനിയെ തന്റെ 'റോൾ മോഡൽ' ആയിട്ടാണ് കണ്ടിരുന്നത്. അച്ചന് പലപ്പോഴും അദ്ദേഹത്തെ മഥിച്ചിരുന്ന പ്രശ്നങ്ങളിൽ ധൈര്യം പകർന്നിരുന്നതും, ആശ്വാസത്തിനായി ഫിലിപ്പച്ചൻ കാതോർത്തിരുന്നതും റ്റി. ജെ. ജോഷ്വാ അച്ചനെ ആയിരുന്നു. ഈ ഗുരുഭൂതരോടുള്ള ഭക്തിയും ആദരവും ശ്രദ്ധേയമായ നിലയിൽ ഞാൻ ദർശിച്ചിട്ടുണ്ട്.

നിഷ്കപടമായ സ്നേഹം ഫിലിപ്പച്ചന്റെ പ്രത്യേകത ആയിരുന്നു. വെറും ചിരി ആകാതെ, ഉള്ളു തുറന്ന് മന്ദഹസിക്കുവാൻ അച്ചൻ പ്രാപ്തനായിരുന്നു. പ്രകോപനപരമായി സംസാരിക്കാതെ, പ്രകോപിക്കപ്പെട്ടാൽ പരമാവധി സംയമനം പാലിച്ചുപോകാനുള്ള സഹനശക്തി ഉണ്ടായിരുന്നു. എന്നാൽ ഒന്ന്, രണ്ട് തവണ ക്ഷമ വിട്ടു സംസാരിക്കുന്നതും പിന്നാലെ തന്റെ ഭാഗത്തു നിന്നുണ്ടായ വികാരക്ഷോഭത്തിന് മുട്ടിന്മേൽ നിന്ന് ക്ഷമ ചോദിക്കുന്നതും ഞാൻ ദർശിച്ചിട്ടുണ്ട്.

ഒരു വിജ്ഞാനദാഹിയായിരുന്നു ഫിലിപ്പച്ചൻ. വേദപുസ്തകപരമായതോ, സഭാവിജ്ഞാനീയപരമായതോ മാത്രമല്ല, ലോകസംബന്ധമായി ലഭിക്കുന്ന അറിവുകൾ എല്ലാംതന്നെ ശ്രോതാക്കൾക്ക് പങ്കിടാൻ അവസരം പാർത്തിരുന്നു അച്ചൻ. അച്ചന്റെ ഡയറികളെല്ലാം അപ്രകാരമുള്ള പുതുമയുള്ള വാർത്തകൾ നിറഞ്ഞിരുന്നു. ശുശ്രൂഷിക്കുന്ന പള്ളികളുടെ പ്രധാന സമയങ്ങളിൽ അച്ചൻ പ്രസിദ്ധപ്പെടുത്തുന്ന നോട്ടീസുകളും കുറിമാനങ്ങളും പിൽക്കാലത്തേക്കുള്ള സന്ദേശങ്ങൾ കൂടെയായിരുന്നു. ദശാംശദായക ദൂതുകൾ അച്ചന്റെ പ്രത്യേകതയാണ്. പള്ളികളിൽ അതേപ്പറ്റിയുള്ള നിരവധി സന്ദേശങ്ങൾ അച്ചൻ പഠിപ്പിക്കുമായിരുന്നു.

ഇടവക പ്രവർത്തനരംഗത്ത് ഫിലിപ്പച്ചന് പ്രത്യേക ശൈലി ഉണ്ടായിരുന്നു. പതിവു വിട്ടുള്ള ഈ രീതിയെ ഫിലിപ്പ് അച്ചൻ സ്പർശം എന്ന് എന്റെ സുഹൃത്ത് വിശേഷിപ്പിച്ചത് ഞാനോർക്കുന്നു.

എന്റെ ഈ ചെറിയ രചനയിലെ തലക്കെട്ട് ഞാൻ സാധൂകരിക്കണമല്ലോ. വലിയ രാഗവിസ്താരമൊന്നും ഫിലിപ്പച്ചന്റെ വിശുദ്ധ കുർബാനാനുഷ്ഠാനത്തിൽ ഇല്ലെങ്കിലും ഭക്തിപുരസ്സരം വിശുദ്ധ കുർബ്ബാന 'അർപ്പിക്കുവാൻ' അച്ചൻ ശ്രദ്ധിച്ചിട്ടുണ്ട്. ഞായറാഴ്ച വചന ശുശ്രൂഷയ്ക്കും പ്രാർത്ഥനായോഗ സന്ദേശങ്ങൾക്കും തയ്യാറാക്കിയ പ്രസംഗങ്ങൾ മുടക്കംവരാതെ നിവർത്തിക്കുക മാത്രമല്ല, മറ്റ് വചനശുശ്രൂഷകരെ ക്ഷണിച്ച് ഇടവകയിൽ പ്രസംഗിപ്പിക്കുവാൻ താല്പര്യമായിരുന്നു. കൺവൻഷൻ വാരം ഇടവകയിലെ ഒരു 'ഉത്സവം' തന്നെ ആയിരുന്നു. കൺവൻഷന് ഒരു മാസം മുമ്പു മുതലേ ഭവനങ്ങൾ സന്ദർശിച്ച് നോട്ടീസ് നൽകി അവരെ കുഞ്ഞുകുട്ടികൾ സഹിതം ക്ഷണിക്കുന്ന രീതി ഇന്ന് എത്ര വൈദികർക്കു സാധിക്കും. ഒരു പക്ഷേ സന്ദർശനം പൂർത്തിയായില്ലെങ്കിൽ ടെലിഫോണിൽ വിളിച്ച് പങ്കാളിത്തം ഉറപ്പാക്കുമായിരുന്നു. ഇടവകയിലെ അംഗങ്ങളെ പേരുപേരായി വിളിക്കുവാൻ ഫിലിപ്പച്ചന് ഓർമ്മശക്തിയുടെ നൽവരമുണ്ടായിരുന്നു. രണ്ടും മൂന്നും ടേമിന് മുമ്പ് പ്രവർത്തിച്ച ഇടവകയിലെ കുഞ്ഞുങ്ങളുടെ പേര് ചൊല്ലി അവരുടെ സ്ഥിതിഗതികൾ മാതാപിതാക്കന്മാരോട് അന്വേഷിക്കുന്നത് എന്നെ വിസ്മയഭരിതനാക്കിയിട്ടുണ്ട്. ജന്മദിനങ്ങളിൽ സാധ്യമെങ്കിൽ ആ ഭവനങ്ങളിൽ പോയി ഒരു ആശംസ പറയാനും പ്രാർത്ഥിക്കുവാനും അതിനു സാധിച്ചില്ലെങ്കിൽ നിശ്ചയമായും ടെലിഫോണിൽ കൂടി അനുമോദിക്കാനും അച്ചൻ മറക്കാറില്ലായിരുന്നു.

ഒരു പുരോഹിതന്റെ സഭാംഗത്തോടുള്ള അടുപ്പവും ഒടപ്പവും വിശ്വാസിയെ സഭാഗാത്രത്തോടു ചേർന്നു നിൽക്കാൻ എത്ര പ്രേരിപ്പിക്കുന്നു എന്ന നിതാന്ത സത്യം എനിക്ക് ബോധ്യമാണ്. ആ സ്നേഹബന്ധം നിഷേധിച്ച് മറ്റൊരു കൂട്ടായ്മയ്ക്കോ വിശ്വാസചേരിയിലോക്കോ മറിയുവാൻ ആത്മാർത്ഥത ഉള്ളവന് സാധിക്കുകയില്ല. 'അച്ചനോടുള്ള' പ്രതിബദ്ധത വിശ്വാസിക്ക് അത്ര വലുതാണ്. കൊച്ചി നഗരത്തിലുള്ള ഓർത്തഡോക്സ് പള്ളികളിലെ 95% വിശ്വാസികൾക്കും ഫിലിപ്പച്ചൻ പ്രിയങ്കരനായിരുന്നു. ഏതെങ്കിലും ചടങ്ങിന് അച്ചൻ എത്തിയാൽ ചടങ്ങ് കഴിഞ്ഞ് ഫിലിപ്പച്ചന്റെ ചുറ്റും ഒരു കൂട്ടം രൂപപ്പെടും. അതിൽ നിന്നു അച്ചനെ വേർപെടുത്തി കിട്ടണമെങ്കിൽ സമയം അധികം വേണ്ടിവരും. സുപ്രസിദ്ധ കർദിനാൾ ഫുൾട്ടൻ ജെ. ഷീൻ പ്രഖ്യാപിച്ച 'പുരോഹിതൻ അവന്റെ സ്വന്തമല്ല' എന്ന സത്യം ഫിലിപ്പചച്ചനിൽ അക്ഷരംപ്രതി സത്യമായിരുന്നു.

ഫിലിപ്പ് അച്ചൻ ശുശ്രൂഷിക്കുന്ന ഇടവകയുടെ സാമ്പത്തിക ഭദ്രതയെപ്പറ്റി

അച്ചൻ വളരെ ശ്രദ്ധാലുവായിരുന്നു. എറണാകുളം പട്ടണത്തിലെ എല്ലാ ഇടവകകളും ഒരു വാർഷിക സെയിൽ നടത്തിയാണ് പള്ളിയുടെ സാമ്പത്തികനില മെച്ചപ്പെടുത്തി വന്നിരുന്നത്. ഈ രീതി അച്ചൻ വികാരിയായിരുന്ന ചെറായി സെന്റ് മേരീസ്, കൊരട്ടി സെന്റ് കുറിയാക്കോസ് (കൊരട്ടി അരമന) ഇടവകയിലും നടപ്പിൽ ഇല്ലാതിരുന്നതിനാൽ രണ്ട് ഇടവകകളിലും വാർഷിക സെയിലിന്റെ രീതികൾ അവിടെ സമാരംഭിച്ച് സാമ്പത്തിക കെട്ടുറപ്പ് കുറവുള്ള ആ ഇടവകകൾക്ക് വാർഷികമായി സാമാന്യം നല്ലൊരു തുക ഉണ്ടാക്കിയെടുക്കുവാൻ തക്ക പാടവം അച്ചൻ കാണിച്ചുകൊടുത്തു. അച്ചൻ സേവനം ചെയ്തിരുന്ന ഇടവകകളിലെല്ലാം അവരുടെ സെയിലുകൾക്ക് ഫിലിപ്പ് അച്ചന്റെ ഒരു ഗിഫ്റ്റ് എത്തിച്ചുകൊടുക്കുന്ന രീതി അച്ചനുണ്ടായിരുന്നു. ഫിലിപ്പ് അച്ചന്റെ സമ്മാനം ഉയർന്ന തുകയ്ക്കാണ് ലേലത്തിൽ പോകാറുള്ളത്.

അംഗത്വം ഉണ്ടെങ്കിലും പള്ളിയുമായി ഒരു ബന്ധവുമില്ലാതെ ദുഃഖവെള്ളിയാഴ്ച പോലും പള്ളിപ്പരിസരത്തു കാലു കുത്താൻ മനസ്സില്ലാത്തവരെ ഭവനങ്ങളിൽ പോയി പള്ളിയിൽ എത്തുന്നതിന് പ്രേരിപ്പിക്കുന്ന ഒരു രീതി അച്ചന് ഉണ്ടായിരുന്നു. അതിൽ അച്ചൻ വിജയിച്ചിട്ടുമുണ്ട്.

ദൈവരാജ്യത്തിനു വേണ്ടി അക്ഷീണം പ്രവർത്തിച്ചിട്ടുള്ള ആ വന്ദ്യ പുരോഹിതൻ തന്റെ 68-ാം വയസ്സിൽ അദ്ദേഹത്തിന്റെ പ്രിയപ്പെട്ടവരെയും സ്നേഹിതരെയും ദുഃഖത്തിലാഴ്ത്തിക്കൊണ്ട് കാലയവനികയ്ക്കുള്ളിൽ മറഞ്ഞു. ദൈവ സമക്ഷത്ത് അദ്ദേഹം കാണപ്പെടുമെന്നുള്ളതിലും "നല്ലവനും വിശ്വസ്തനുമായ ദാസാ" എന്ന് കർത്താവിന്റെ അധരങ്ങളിൽ നിന്നും അച്ചൻ വിളി കേൾക്കുമെന്നും ഞാൻ ഉറപ്പായി വിശ്വസിക്കുന്നു. സൂസമ്മ അമ്മായിക്കും പ്രിയ മകൻ മീഖായ്ക്കും ഈ ഗ്രന്ഥത്തിലെ ഉള്ളടക്കം ധൈര്യവും ആശ്വാസവും നൽകട്ടെ എന്ന് ആശംസിച്ചുകൊണ്ടും, പ്രിയ അച്ചനു വേണ്ടി പ്രാർത്ഥിച്ചും ഞാൻ വിരമിക്കട്ടെ.

"ഞാൻ ആയിരിക്കുന്നിടത്ത് എന്റെ ശുശ്രൂഷക്കാരനും ഉണ്ടായിരിക്കും" (വി. യോഹന്നാൻ 12.26).

# നല്ല ഫലം കായ്ക്കുന്ന വൃക്ഷം

## ഫാ. എം. സി. കുര്യാക്കോസ്

(മാനേജർ, പരുമല സെമിനാരി)

വന്ദ്യനായ കെ. റ്റി. ഫിലിപ്പച്ചനെ ഞാൻ ആദ്യമായി പരിചയപ്പെടുന്നത് പാലാരിവട്ടം പള്ളി വികാരിയായി ശുശ്രൂഷ ചെയ്യുന്ന കാലഘട്ടത്തിലാണ്. വൈദിക സെമിനാരി വിദ്യാർത്ഥിയായിരിക്കെ സെമിനാരി ദിനത്തെക്കുറിച്ച് പ്രസംഗിക്കുവാനായി പള്ളിയിൽ ചെന്നപ്പോഴാണത്. അച്ചന്റെ കൂടെ അന്നു താമസിച്ചു. അച്ചന്റെ സ്നേഹാദരവുകൾ അനുഭവിച്ചറിയുവാൻ സാധിച്ച അവസരമായിരുന്നു. ആതിഥ്യ മര്യാദയോടും സ്നേഹവാത്സല്യത്തോടെയും പെരുമാറുന്നത് അന്ന് ഞാൻ പ്രത്യേകം ശ്രദ്ധിച്ചതാണ്. തുടർന്ന് ഞാൻ വൈദികനായ ശേഷം ഈ സ്നേഹബന്ധം തുടർന്നുകൊണ്ടുപോകാൻ സാധിച്ചു. പിന്നീട് എവിടെ വെച്ചു കണ്ടാലും വ്യക്തിപരമായി വീട്ടിലെ ക്ഷേമങ്ങൾ അന്വേഷിക്കുന്ന പ്രത്യേകത ബഹുമാനപ്പെട്ട കെ. റ്റി. ഫിലിപ്പ് അച്ചനിൽ കാണുവാൻ സാധിച്ചു.

പഴയസെമിനാരി മാനേജരായിരിക്കുമ്പോൾ ഡോ. പൗലോസ് മാർ ഗ്രീഗോറിയോസ് തിരുമേനിയുടെ ഓർമ്മപ്പെരുന്നാളിനോടനുബന്ധിച്ച് പ്രസംഗിക്കുവാൻ അച്ചനെ ക്ഷണിക്കുകയും തിരുമേനിയെക്കുറിച്ചുള്ള ശ്രേഷ്ഠമായ അറിവുകൾ ഒരു പ്രബന്ധരൂപേണ അവതരിപ്പിക്കുകയുമുണ്ടായി. ആ പ്രസംഗം കേട്ടപ്പോഴാണ് ഡോ. പൗലോസ് മാർ ഗ്രീഗോറിയോസ് തിരുമേനിയോട് അച്ചനുണ്ടായിരുന്ന ആഴമായ ബന്ധം മനസ്സിലാക്കുവാൻ സാധിച്ചത്. ശ്രേഷ്ഠരായ ഗുരുക്കന്മാരുടെ അനുഗ്രഹം അച്ചനുണ്ടായിരുന്നു. ഒന്ന് യൂഹാനോൻ മാർ സേവേറിയോസ്, രണ്ടാമൻ ഡോ. പൗലോസ് മാർ ഗ്രീഗോറിയോസ് തിരുമേനിയും. ഈ രണ്ടു ഗുരുക്കന്മാരും മലങ്കരസഭയ്ക്ക് ശക്തമായ സംഭാവനകൾ നൽകി കടന്നുപോയ പിതാക്കന്മാരാണ്. ഈ പിതാക്കന്മാരുടെ ഉപദേശങ്ങളും സംസർഗ്ഗങ്ങളും പിൽക്കാലത്ത് അച്ചന് ഒരു അനുഗ്രഹമായിരുന്നു. അച്ചനെപ്പറ്റി ഓർക്കുമ്പോൾ മൂന്നു കാര്യങ്ങൾ ഓർമ്മയിലേക്ക് വരുന്നു.

### സഭയോടുള്ള ബന്ധം

അദ്ദേഹത്തിന്റെ സഭാത്മകമായ ജീവിതത്തിൽ സഭയുടെ സ്ഥാനം വളരെ ശ്രേഷ്ഠമായിരുന്നു. പിതാക്കന്മാരോടുള്ള ആദരവും ബഹുമാനവും പ്രത്യേകം എടുത്തു പറയേണ്ടതാണ്. ഓർത്തഡോക്സ് സഭയുടെ നിലപാടുകളോട് എക്കാലത്തും ചേർന്നുനിന്നുകൊണ്ട് പ്രവർത്തിക്കുവാനും അച്ചൻ ശ്രമിച്ചിട്ടുണ്ട്. വടക്കൻ പ്രദേശങ്ങളിൽ കക്ഷിവഴക്കുകളുടെ നടുവിൽ

മലങ്കരസഭയ്ക്കൊപ്പം ശക്തനായി നിന്ന വൈദികനാണ് കെ. റ്റി. ഫിലിപ്പ് അച്ചൻ. കൂദാശയോടും ആരാധനാജീവിതത്തോടും ഒരു വൈദികന് ഉണ്ടായിരിക്കേണ്ട എല്ലാ ഗുണങ്ങളും അച്ചനിൽ കാണുവാൻ സാധിച്ചിരുന്നു.

### ഇടവകതല പ്രവർത്തനം

അച്ചൻ സേവനമനുഷ്ഠിച്ചിരുന്ന എല്ലാ ഇടവകകളിലും വിശ്വാസികളുടെ ഹൃദയത്തിൽ അച്ചൻ ഇന്നും ജീവിക്കുന്നുണ്ട്. വ്യക്തിപരമായി വിശ്വാസികളെ അറിഞ്ഞ് അവരുടെ ആവശ്യങ്ങൾ മനസ്സിലാക്കി ഇടപെടുന്ന ഒരു വൈദികനാണ് കെ. റ്റി. ഫിലിപ്പ് അച്ചൻ. കൗദാശിക അനുഷ്ഠാന ജീവിതത്തിലൂടെ വിശ്വാസികൾക്ക് ആത്മീയ അനുഗ്രഹങ്ങൾ നൽകി. വിശ്വാസികളുടെ എന്തു കാര്യങ്ങൾ ആയാലും അവിടെ അച്ചന്റെ സാന്നിദ്ധ്യം കാണാൻ സാധിക്കും. ശാന്തമായും സൗമ്യമായും ഏതൊരു പ്രശ്നത്തെയും അഭിമുഖീകരിക്കുവാനും പരിഹാരം കണ്ടെത്തുവാനും അച്ചനു കഴിഞ്ഞിട്ടുണ്ട്. ചെറിയ ഇടവകയിലും വലിയ ഇടവകയിലും അച്ചന്റെ പ്രവർത്തനങ്ങൾക്കും നിലപാടുകൾക്കും വ്യത്യാസമില്ലായിരുന്നു.

### സമൂഹത്തോടുള്ള പ്രതിബദ്ധത

അച്ചന്റെ സാമൂഹിക പ്രതിബദ്ധത വളരെ ശക്തമായിരുന്നു. ജാതിമത വർഗ്ഗ വ്യത്യാസമെന്യേ എല്ലാവരേയും ഒരുപോലെ കാണുവാനും സ്നേഹിക്കുവാനും അച്ചനു കഴിഞ്ഞു. തലക്കോട് സെന്റ് മേരീസ് ബോയ്സ് ഹോമുമായി ബന്ധപ്പെട്ട് പരുമല മാർ ഗ്രീഗോറിയോസ് ചാരിറ്റബിൾ ട്രസ്റ്റുമായി ചേർന്നുമുള്ള അദ്ദേഹത്തിന്റെ പ്രവർത്തനം പ്രത്യേകം എടുത്തുപറയേണ്ടതാണ്. ആ സ്ഥാപനത്തെ വളർത്തുന്നതിന് അച്ചൻ അഹോരാത്രം ശ്രമിച്ചിട്ടുണ്ട്. മറ്റു മേഖലകളിലും അച്ചന്റെ സാന്നിദ്ധ്യം കാണാവുന്നതാണ്. മദ്യനിരോധനം, സാമൂഹിക ഭവിഷ്യത്തുകളായ മറ്റു കാര്യങ്ങളിലും സമൂഹത്തോടൊപ്പം നിന്ന് പ്രതികരിച്ച വൈദികശ്രേഷ്ഠനാണ് കെ. റ്റി. ഫിലിപ്പച്ചൻ.

ഈ പുരോഹിത ശ്രേഷ്ഠന്റെ നല്ല ഓർമ്മകൾക്കു മുമ്പിൽ പ്രാർത്ഥനാപൂർവ്വം പ്രണാമം.

# ആകർഷക സാന്നിദ്ധ്യം

## ഫാ. യാക്കോബ് തോമസ്

(തൃക്കുന്നത്ത് സെമിനാരി, ആലുവാ)

ഫിലിപ്പ് അച്ചൻ മാവേലിക്കര സുവിശേഷാലയം, തലക്കോട് സെന്റ് മേരീസ് ബോയ്സ് ഹോം എന്നിവിടങ്ങളിലും കൊച്ചി ഭദ്രാസനത്തിലെ വിവിധ പള്ളികളിലും നിർവഹിച്ച ശുശ്രൂഷ പ്രതിസന്ധികളുടെ മദ്ധ്യത്തിലാണ്. സഭയിലെ കക്ഷിവഴക്കിനെ തുടർന്ന് സ്വകുടുംബാംഗങ്ങളിൽ നിന്ന് ഒറ്റപ്പെടൽ, മാതൃഇടവകയിലെ തിരസ്ക്കരണം തുടങ്ങിയ വേദനകളിൽ അച്ചൻ തളർന്നില്ല. ആരോഗ്യപ്രശ്നങ്ങൾ അച്ചനെ മരണം വരെയും പിന്തുടർന്നു. ഇടവക ശുശ്രൂഷകളിലും സഭാ സേവനത്തിലും, ജീവകാരുണ്യ പ്രവർത്തനങ്ങളിലും അച്ചന്റെ പ്രവർത്തനം വൈദികരായ ഞങ്ങൾക്കും എന്നും അനുകരിക്കാവുന്നത് തന്നെ.

സഭാസംബന്ധമായ കൂടിവരവുകളിൽ എല്ലാ വേദികളിലും അച്ചന്റെ സാന്നിദ്ധ്യം വേറിട്ടുനിൽക്കുന്നു. അങ്കമാലി ഭദ്രാസനാസ്ഥാനകേന്ദ്രത്തിൽ മിക്ക പരിപാടിക്കും അച്ചന്റെ സജീവ സാന്നിദ്ധ്യം ഞങ്ങളെ അച്ചനിലേക്ക് ആകർഷിക്കുവാൻ മുഖാന്തരമായിട്ടുണ്ട്. നിത്യതയുടെ തുറമുഖത്ത് അച്ചനെ കണ്ടുമുട്ടുവാൻ സാധിക്കട്ടെ എന്ന് പ്രാർത്ഥിക്കുന്നു.

# ഗുരുതുല്യനായി സ്നേഹിച്ച് ഹൃദയത്തിൽ പേറുന്ന പ്രിയ ഫിലിപ്പച്ചൻ

## ഫാ. തോമസ് മ്യാലിൽ, ബോംബെ

കെ. റ്റി. ഫിലിപ്പച്ചനെ അറിയുന്നവർക്ക് മനസ്സിൽ കടന്നുവരുന്ന ഒരു രൂപവും ഭാവവുമുണ്ട്: അത് സൗമ്യതയും, ശാന്തതയും നിറഞ്ഞ നിഷ്കളങ്ക സ്നേഹമുള്ള വൈദികശ്രേഷ്ഠന്റെയാണ്. വളരെ നല്ല സൗഹാർദ ബന്ധമാണ് എല്ലാവരോടും. അതുകൊണ്ടുതന്നെ പലരുടെയും മനസ്സിൽ അച്ചൻ ഇന്നും നിറഞ്ഞുനിൽക്കുന്നു. എന്റെ വ്യക്തിപരമായ ജീവിതത്തിൽ വളരെയധികം സ്വാധീനിച്ച ഒരു മാതൃകാ വൈദികനാണ് അദ്ദേഹം. കേവലം ആരാധനയിലും, ശുശ്രൂഷകളിലും, വേഷത്തിലും മാത്രമല്ല മനുഷ്യഹൃദയങ്ങളിൽ കുടികൊള്ളുന്നവൻ ആയിരിക്കണം വൈദികൻ. മനുഷ്യർക്കും ദൈവത്തിനും ഇടയിലെ പാലം ആണല്ലോ പുരോഹിതൻ. അതാണ് ഫിലിപ്പച്ചൻ. മറ്റുള്ളവരുടെ സന്തോഷ സന്താപ അനുഭവങ്ങളിൽ ഒപ്പം നിൽക്കുന്ന ഇടയശ്രേഷ്ഠൻ. നഗര സംസ്കാരത്തിലും വിദ്യാസമ്പന്നരുടെ ഇടയിലും പാവപ്പെട്ടവരുടെയും, പഠിത്തം ഇല്ലാത്തവരുടെ ഇടയിലും ഒരുപോലെ പ്രവർത്തിക്കുവാൻ സാധിക്കും എന്ന് തെളിയിച്ച ഉത്തമ പട്ടക്കാരൻ.

പൗരോഹിത്യ പദവി നൽകിയ മേല്പട്ടക്കാരനോട് പൂർണ്ണമായും വിധേയപ്പെട്ടും താൻ പഠിച്ച സത്യവിശ്വാസത്തിൽ തന്നെ നിലകൊണ്ട ആദർശധീരനായ സഭാസ്നേഹി. സ്വന്തം കുടുംബാംഗങ്ങളിൽ നിന്നും അവഗണന ഏൽക്കേണ്ടി വന്നപ്പോഴും നിലപാടുകളിൽ ഉറച്ചുനിന്നു. ശാന്തനും, സൗമ്യനും എങ്കിലും മുഖം നോക്കാതെ പ്രതികരിക്കുകയും വേണ്ടിവന്നാൽ ശക്തമായി പ്രതിഷേധിക്കുകയും ചെയ്യുന്ന ഒരു കൊച്ചു വിപ്ലവകാരി.

കഠിനമായ ശാരീരിക രോഗാവസ്ഥയിലും തന്റെ ശുശ്രൂഷയിൽ ഭംഗം വരുത്താതെ പൂർണ്ണമായും നിർവഹിച്ച അച്ചൻ, ശാരീരികമായും മാനസികമായും വളരെ വേദന അനുഭവിച്ചിട്ടുണ്ട് എന്നുള്ളത് ഒരു യാഥാർത്ഥ്യമാണ്. അജപരിപാലന രംഗത്തുള്ള അച്ചന്റെ മാതൃക അനുകരണീയമാണ്. ഏതൊരു വ്യക്തിയെയും പേരു ചൊല്ലി വിളിക്കുവാൻ സാധിക്കുന്ന ആത്മബന്ധം. എവിടെയും ഏതു സമയത്തും ഓടിയെത്തി ആശ്വസിപ്പിക്കുന്നതും ആത്മീയ പ്രബോധനം നൽകുന്നതും അച്ചന്റെ പ്രത്യേകതയാണ്. അത്ര വലിയ ശബ്ദമാധുര്യമോ ശാലീന ലാവണ്യമോ ഇല്ലായിരുന്നെങ്കിലും, പക്ഷേ, വി. കുർബാന മദ്ധ്യേയുള്ള അച്ചന്റെ പ്രസംഗം ആരാധനയെ ദിവ്യമാക്കുമായിരുന്നു.

കാലഘട്ടത്തിന് അനുയോജ്യമായ പരിഷ്ക്കാരവും മാറ്റവും അനിവാര്യമെന്ന് ബോദ്ധ്യമുള്ള അച്ചൻ. ജീവകാരുണ്യ പ്രവർത്തനങ്ങളിൽ വേലിക്കെട്ടില്ലാതെ ക്രിസ്തുവിന്റെ സാക്ഷ്യം പ്രകാശിപ്പിച്ചു. സഭാസമാധാനം ക്രൈസ്തവ മാർഗ്ഗമാണെന്ന് ഉറച്ചു വിശ്വസിക്കുകയും ആയതിനുവേണ്ടി പ്രവർത്തിക്കുകയും നോക്കിപ്പാർക്കുകയും ചെയ്ത ഉത്തമ സഭാസ്നേഹി.

# ദൈവികനായ വൈദികൻ


## ഫാ. ഗീവർഗീസ് കെ. കെ. നല്ലില
(കൺവീനർ, സ്നേഹസന്ദേശം)


ദീപ്തവും ചൈതന്യമാർന്നതുമായ പൗരോഹിത്യ സഞ്ചാരപഥങ്ങൾ താണ്ടി മൗലികതയാർന്ന ദൈവിക ശുശ്രൂഷ ക്രിയാത്മകമായി നിർവ്വഹിച്ച് കാലത്തിന്റെ യവനികയ്ക്കപ്പുറത്തേക്ക് മറഞ്ഞുപോയ ഫിലിപ്പച്ചൻ ഏവർക്കും പ്രിയങ്കരനായിരുന്നു. ചൈതന്യം സ്ഫുരിക്കുന്ന പുഞ്ചിരിയിലൂടെ അപരന്റെ ഹൃദയത്തിലേക്ക് പ്രവേശിക്കുന്ന വ്യക്തിത്വമായിരുന്നു അച്ചന്റേത്. ആരേയും ഒരു വാക്കുകൊണ്ടുപോലും മുറിപ്പെടുത്താത്ത സൗമ്യസാന്നിധ്യം. സൗഹൃദ സംഭാഷണങ്ങളെ നർമ്മംകൊണ്ട് സംപുഷ്ടമാക്കുന്ന വ്യക്തി. സ്നേഹത്തിന്റെയും സൗഹൃദത്തിന്റെയും നിറസാന്നിദ്ധ്യം. കണ്ടുമുട്ടുന്ന എല്ലാവരിലും ആദരം ഉളവാക്കുന്ന ശ്രേഷ്ഠ വ്യക്തിത്വത്തിനുടമ. ക്രിസ്തീയ മൂല്യങ്ങളോടും വിശ്വാസസത്യങ്ങളോടും വിട്ടുവീഴ്ച ചെയ്യാത്ത ക്രിസ്തുവിന്റെ യഥാർത്ഥ ശുശ്രൂഷകൻ. ഒരു പുരോഹിതൻ എങ്ങനെ ആയിരിക്കണമെന്നതിന്റെ ഉത്തമ ഉദാഹരണം. തന്റെ ജീവിതനിയോഗം തിരിച്ചറിഞ്ഞ് പ്രാർത്ഥനാപൂർവ്വം ശുശ്രൂഷ ചെയ്ത് ജനഹൃദയങ്ങളിൽ ഇടംപിടിച്ച ജനകീയനായ പുരോഹിതൻ. ജീവിതസാക്ഷ്യത്തിന്റെ നിർമ്മല സുഗന്ധം തനിക്ക് ചുറ്റും പ്രസരിപ്പിച്ച വ്യക്തിത്വത്തിനുടമ. ദൈവത്തിനും മനുഷ്യർക്കും മദ്ധ്യേ പ്രീതികരമായി ജീവിച്ച ഒരാൾ. ആത്മികതയിൽ മാത്രം വ്യാപരിക്കാതെ ആടുകളുടെ ജീവിതവുമായി നിരന്തരം സംവദിച്ച പുരോഹിതൻ. പുരോഹിതന്മാരിൽ വ്യത്യസ്തമായ വ്യക്തിത്വത്തിനുടമ. സഭാവ്യവഹാരങ്ങൾക്ക് സമാധാനപരമായ പര്യവസാനം ആഗ്രഹിച്ച ഒരാൾ. 'മോഡലുകൾ' വർദ്ധിക്കുകയും 'റോൾമോഡലുകൾക്ക്' വംശനാശം സംഭവിച്ചുകൊണ്ടിരിക്കുകയും ചെയ്യുന്ന സമകാലിക സാഹചര്യത്തിൽ തീർത്തും മൗലികതയാർന്ന പൗരോഹിത്യത്തിന്റെ റോൾമോഡലായിരുന്നു കെ. റ്റി. ഫിലിപ്പച്ചൻ. അച്ചനുമായി എനിക്കുണ്ടായിരുന്ന ആത്മബന്ധത്തിന്റെ മധുരസ്മരണകളാണ് താഴെ കുറിക്കുന്നത്.

### വിനയാന്വിതനായ വൈദികൻ

'എല്ലാ സുകൃതങ്ങളുടെയും മുത്തുച്ചെപ്പാണ് വിനയം' എന്നും 'താഴ്മതാൻ അഭ്യുന്നതി' എന്ന കവിവചനവും നമുക്കറിയാം. വ്യക്തിയുടെ സുതാര്യതയും ലാളിത്യവും അയാളുടെ ആന്തരികതയെ വെളിപ്പെടുത്തുന്നു. അഹങ്കാരം ഭൂഷണമായി കാണുന്നവർക്കിടയിൽ വിനയത്തിന്റെയും സൗമ്യതയുടെയും സുഗന്ധം പ്രസരിപ്പിച്ച വ്യക്തിത്വത്തിനുടമയായിരുന്നു ഫിലിപ്പച്ചൻ. തന്റെ സകല സംഭാഷണത്തിലും സഹവർത്തിത്വത്തിലും സഹവാ

സത്തിലും തന്റെ വ്യക്തിത്വത്തിലെ വിനയത്തിന്റെ വാതായനങ്ങൾ അച്ചൻ തുറന്നുവെയ്ക്കുമായിരുന്നു. താൻ ചവിട്ടി നടക്കുന്ന മണ്ണിനു പോലും വേദനിക്കരുതെന്ന രീതിയിലായിരുന്നു അച്ചൻ നടന്നിരുന്നത്. സംഭാഷണങ്ങളിൽ പ്രതിപക്ഷ ബഹുമാനം മുഴച്ചുനിന്നിരുന്നു. 'താങ്കളുടെ വിനയമെന്നെ കീഴടക്കി' എന്ന് ഒരു സന്യാസപിതാവിനോട് സാത്താൻ പറഞ്ഞതായി വായിച്ചിട്ടുണ്ട്. വിനയം കൊണ്ട് സൗഹൃദങ്ങൾ കീഴടക്കിയ ആളായിരുന്നു അച്ചൻ. വിനയമുള്ളവർക്കു മാത്രമേ വിജയത്തിന്റെ പടികൾ ചവിട്ടി കയറുവാൻ കഴിയുകയുള്ളു. പൗരോഹിത്യത്തിന്റെ വിശ്വാസ്യതയും ആത്മികതയും നിശ്ചിത വിമർശനങ്ങൾക്ക് വിധേയമാക്കപ്പെട്ടുകൊണ്ടിരിക്കുന്ന കാലമാണിത്. ഒരു പുരോഹിതനെ തുറന്നുവെച്ച ആയിരം കണ്ണുകളോടെയാണ് ജനം നോക്കിക്കാണുന്നത് എന്ന ഉത്തമബോധ്യം അച്ചനുണ്ടായിരുന്നു. തദനുസൃതമായ ജീവിതവും ശുശ്രൂഷയുമായിരുന്നു അച്ചന്റേത്.

## അനുപമമായ ഇടയത്വശുശ്രൂഷ

ഇടയത്വശുശ്രൂഷയുടെ മാതൃകയായിരുന്നു അച്ചനെന്നു പറയാം. ദൈവജനത്തെയാണ് തന്നെ ഏല്പിച്ചിരിക്കുന്നതെന്ന ബോധ്യം അച്ചനുണ്ടായിരുന്നു. അതുകൊണ്ടുതന്നെ ഇടവകജനങ്ങളുമായി അദ്ദേഹം സംവദിച്ചിരുന്നത് വാക്കുകൾ കൊണ്ടല്ല, ഹൃദയം കൊണ്ടായിരുന്നു. ആടുകളെ പേരു ചൊല്ലി വിളിക്കത്തക്ക അടുപ്പവും കരുതലും ഓരോ കുടുംബത്തോടും വ്യക്തികളോടും പുലർത്തിയിരുന്ന അച്ചൻ എല്ലാവർക്കും എപ്പോഴും പ്രാപ്യനുമായിരുന്നു. സ്നേഹസന്ദേശം ശുശ്രൂഷകളുമായി അച്ചൻ ചുമതല വഹിക്കുന്ന പള്ളികളിൽ ചെല്ലുമ്പോൾ 'ഞങ്ങളുടെ അച്ചൻ' എന്ന് ഇടവകജനങ്ങൾ പറയുന്നത് പലപ്പോഴും കേട്ടിട്ടുണ്ട്. സഹാനുഭൂതിയും സ്നേഹവും കരുതലും അച്ചന്റെ ഇടവക ശുശ്രൂഷയുടെ മുഖമുദ്രയായിരുന്നു. ജനങ്ങൾക്കുവേണ്ടി സ്വയം ദാനമായി നൽകിയ ഒരാളെന്ന് അച്ചനെ വിശേഷിപ്പിക്കുന്നതിൽ തെറ്റില്ല. ജനങ്ങളോടൊപ്പം ജീവിക്കുക എന്നുള്ളതാണ് ഒരു പുരോഹിതന്റെ പ്രഥമ ധർമ്മം. അത് അക്ഷരാർത്ഥത്തിൽ അച്ചനെ സംബന്ധിച്ച് ശരിയാണ്.

## സ്നേഹസന്ദേശവും ഫിലിപ്പച്ചനും

മലങ്കര ഓർത്തഡോക്സ് സഭയുടെ സഞ്ചാരസുവിശേഷ വിഭാഗമാണ് സ്നേഹസന്ദേശം. സഭയുടെ സുവിശേഷദൗത്യത്തിന് ഊടും പാവും നെയ്ത ഗീവർഗീസ് മാർ ഒസ്താത്തിയോസ് തിരുമേനി 1993-ലാണ് ഈ പ്രസ്ഥാനത്തിന് രൂപംനൽകിയത്. 27 വർഷങ്ങളിലായി കേരളത്തിലും പുറത്തും ഇന്ത്യക്കു വെളിയിലുമായി ആയിരക്കണക്കിനു അനുഗൃഹീത ശുശ്രൂഷകൾ ഇതിനോടകം നിർവഹിച്ചു. ഈ ശുശ്രൂഷയുടെ എളിയ ചുമതലക്കാരനാണ് ഈ ലേഖകൻ. കഴിഞ്ഞ 15 വർഷങ്ങളായി ഞാനും അച്ചനും തമ്മിൽ

വ്യക്തിപരമായ സൗഹൃദവും അടുപ്പവും പുലർത്തുന്നു. സ്നേഹസന്ദേശത്തിന് ഒരിക്കലും അച്ചനെ വിസ്മരിക്കുവാൻ കഴിയില്ല. ഫിലിപ്പ് അച്ചൻ ശുശ്രൂഷ നിർവഹിച്ച മിക്ക ദേവാലയങ്ങളിലും ഈ ശുശ്രൂഷയ്ക്കായി ഞങ്ങളെ ക്ഷണിച്ചിട്ടുണ്ട്. ഇടവകജനങ്ങളുടെ ആത്മിക അഭ്യുന്നതി മാത്രമായിരുന്നു അച്ചന്റെ ലക്ഷ്യം. അങ്ങനെയാണ് അച്ചനെ കൂടുതൽ മനസ്സിലാക്കാനും അച്ചന്റെ കരുതൽ, സ്നേഹം, ലാളിത്യം, വിനയം തുടങ്ങിയവ അടുത്തറിയാനും സാധിച്ചത്. ഞങ്ങൾക്കുവേണ്ട ക്രമീകരണങ്ങൾ എത്ര തൃപ്തികരമായാണ് അച്ചൻ ക്രമീകരിച്ചിട്ടുള്ളത് എന്നത് ഓർക്കുമ്പോൾ അച്ചന്റെ ഇടവക ശുശ്രൂഷയുടെ സൂക്ഷ്മത തിരിച്ചറിയാനാകും. അച്ചൻ പാലാരിവട്ടം സെന്റ് ജോർജ് പള്ളിയിൽ ശുശ്രൂഷ നിർവഹിക്കുമ്പോൾ സ്നേഹസന്ദേശ ശുശ്രൂഷകൾ അവിടെ നടത്തുകയുണ്ടായി. ഞങ്ങളുടെ വാഹനസംബന്ധമായ ആവശ്യത്തിന് ഒരു ലക്ഷത്തോളം രൂപ വേണമായിരുന്നു. അത് അച്ചനെ അറിയിച്ചപ്പോൾ പള്ളിയിൽ അനൗൺസ് ചെയ്യുകയും ഞങ്ങൾക്ക് ആവശ്യമായതിലും അധികം തുക ലഭിക്കുകയും ചെയ്തു എന്നത് ഞങ്ങളുടെ അനുഭവമാണ്. ഒരുപക്ഷേ ഞങ്ങൾക്ക് ഏറ്റവുമധികം പ്രചോദനം നൽകിയ വ്യക്തിയായിരുന്നു അച്ചൻ. ശുശ്രൂഷാ സമയങ്ങളിൽ മുഴുവൻ സമയവും അച്ചൻ ഞങ്ങളോടൊപ്പമുണ്ടാകും. അച്ചന്റെ നിർദ്ദേശങ്ങൾ ഞങ്ങൾക്ക് എന്നും എപ്പോഴും വിലപ്പെട്ടതാണ്. ഒരുപക്ഷേ ഈ ശുശ്രൂഷയെ ഏറ്റവും അധികം പ്രചോദിപ്പിച്ച വ്യക്തിയായിരുന്നു അച്ചൻ. ഒസ്താത്തിയോസ് തിരുമേനിയോടുള്ള ഗുരുഭക്തിയും ആദരവും ആത്മബന്ധവും ആയിരുന്നു അതിനു പിന്നിൽ. തിരുമേനിയുടെ നാമം ഉച്ചരിക്കുമ്പോൾ തന്നെ കണ്ണീർ പൊഴിയുന്നതും ശബ്ദം ഇടറുന്നതും ഞാൻ കണ്ടിട്ടുണ്ട്. അത്രയും വ്യക്തിപരമായ ആത്മബന്ധമായിരുന്നു അച്ചന് തിരുമേനിയോടുണ്ടായിരുന്നത്. ആ ബന്ധം തന്റെ മരണം വരെയും ഈ പ്രസ്ഥാനത്തോടും എന്നോടു വ്യക്തിപരമായും പുലർത്തിയിരുന്നു.

**ഉപസംഹാരം**

ചന്ദനം എത്ര മുറിച്ചാലും അതിന് ഒരു ദൗത്യമുണ്ട്. സുഗന്ധം പരത്തുക. ഫിലിപ്പച്ചന്റെ സ്മരണകൾ ഓർമ്മകളിൽ ചന്ദനം കണക്കെ സുഗന്ധം പരത്തുന്നു. ആ വ്യക്തിത്വത്തിലെ ധവളിമയും ഗരിമയും ജനഹൃദയങ്ങളിൽ എന്നുമുണ്ടാകും. ദൈവത്തിന്റെ പുരോഹിതാ, അങ്ങേയ്ക്ക് ഉത്തമ പുരോഹിതന് കർത്താവ് വാഗ്ദാനം ചെയ്ത പ്രതിഫലം ലഭിക്കട്ടെ.

# ഇടയത്വ ശുശ്രൂഷയുടെ മഹനീയ മാതൃക

## ഫാ. സൈമൺ ജോസഫ് വാഴക്കാല

കെ. റ്റി. ഫിലിപ്പ് അച്ചൻ വൈദികശ്രേണിയിൽ ഉന്നതസ്ഥാനം അലങ്കരിക്കുന്ന ഒരു ശ്രേഷ്ഠ വൈദികനാണ്. തന്നിൽ ഭരമേല്പിക്കപ്പെട്ട ആടുകളെ കരുതലോടെ സത്യസ്നേഹത്തിൽ അദ്ദേഹം വഴിനടത്തി. ചെറുതും വലുതുമായ അനുഭവങ്ങളിലൂടെ അച്ചന്റെ സാന്നിദ്ധ്യവും സ്നേഹോഷ്മളമായ ഇടപെടലുകളും അനുഭവിച്ചിട്ടുള്ള ആളുകളുടെ ഹൃദയത്തിൽ അച്ചൻ ഒളിമങ്ങാത്ത സ്മരണയായി നിലനിൽക്കുന്നു. ഏതൊരു മനുഷ്യനും ശ്രദ്ധേയമായി മാറുന്നതും ചിരകാല സ്മരണയായി അവശേഷിക്കുന്നതും അവർ ചെയ്ത നന്മകളുടെ, പകർന്നു നൽകിയ കരുത്തുറ്റ ജീവിതാനുഭവങ്ങളുടെ വെളിച്ചത്തിലാണെങ്കിൽ, അച്ചന്റെ ജീവിത കാലയളവിൽ അച്ചൻ കാഴ്ച വെച്ച പ്രവർത്തനശൈലി വലിയ സ്മരണയുടെ തിരമാലകളെ ഉണർത്തി വിടുമെന്നതിൽ സംശയമില്ല. ഒരു അസാധാരണ ആത്മീയ പുരുഷൻ തനതായ, നവീനമായ, സുന്ദരമായ കാഴ്ചപ്പാടുകൾ വെച്ചുപുലർത്തിയ ഒരു ഉത്തമ ഇടയൻ. അതായിരുന്നു കെ. റ്റി. ഫിലിപ്പച്ചൻ.

തന്റെ ആടുകളിൽ നല്ല ശതമാനം ആളുകളെക്കൊണ്ടും തന്നെപ്പറ്റി നല്ലതു പറയിപ്പിക്കുവാൻ സാധിച്ച, ആ നിലയിൽ ഇടപെടുന്ന വ്യക്തികളിൽ സ്വാധീനവും അവരിൽ സ്ഥിരപ്രതിഷ്ഠയും നേടിയ വിശിഷ്ട സ്വഭാവ ഗുണങ്ങളോടു കൂടിയ ഒരു വൈദികനാണ് അദ്ദേഹം. ആടുകളെ പേരു ചൊല്ലി വിളിക്കുന്ന നല്ല ഇടയൻ. ആടുകളെ പച്ചയായ പുൽപ്പുറങ്ങളിൽ മേയ്ക്കുന്ന സമൃദ്ധമായ അനുഭവങ്ങളിലേക്ക് നയിക്കുന്ന ഇടയൻ. ഭരമേല്പിക്കപ്പെട്ടിരിക്കുന്ന വിശ്വാസ സമൂഹത്തെ വചനത്തിൽ, സത്യാരാധനയിൽ ബലപ്പെടുത്തുവാൻ ആത്മിക ഉൽക്കർഷത്തിനുതകുന്ന പ്രവർത്തനങ്ങൾക്ക് രൂപംകൊടുക്കുന്ന അച്ചൻ.

ആളുകളുമായി നല്ല ബന്ധം പുലർത്തുകയും നല്ല ബന്ധങ്ങളെ നന്മയ്ക്കായി പരിണമിപ്പിക്കുകയും ചെയ്തു എന്നുള്ളതാണ് അച്ചന്റെ പ്രത്യേകത. ഇടവകയിലെ എല്ലാ ആളുകളുമായി വ്യക്തിപരമായി ബന്ധം പുലർത്തുവാൻ അച്ചൻ ഉത്സാഹിച്ചു. വ്യക്തിപരമായി സമൂഹത്തിൽ, സഭയിൽ ഉന്നതിയിൽ നിൽക്കുന്ന നല്ല സുമനസ്സുകളുമായി (സുമനസ്സുകൾ എന്നത് അച്ചന്റെ തന്നെ ഒരു പ്രധാനപ്പെട്ട പ്രയോഗമാണ്) നല്ല ബന്ധം പുലർത്തുകയും, ആ ബന്ധങ്ങളിലൂടെ നല്ല കാര്യങ്ങളിലേക്ക് പ്രേരണ നൽകുകയും ആ വ്യക്തികളുടെ കഴിവും, ധനവും സമൂഹത്തിൽ പ്രയാസങ്ങൾ

അനുഭവിക്കുന്ന സാധാരണക്കാരിൽ സാധാരണക്കാരായ ആളുകളെ കരുതുന്നതിലേക്കും അവരുടെ ജീവിതത്തിൽ കുറച്ചു നല്ല അവസ്ഥ ഉണ്ടാക്കുന്നതിലേക്കായി സ്വരുക്കൂട്ടുന്നതിലേക്കും അച്ചൻ പ്രയോജനപ്പെടുത്തി. നല്ല അയൽപക്ക ബന്ധം നിലനിർത്തുന്നതിൽ അച്ചനുള്ള പാടവവും, ഒരു ഇടവകയിൽ ശുശ്രൂഷ അനുഷ്ഠിക്കുവാൻ ചെല്ലുമ്പോൾ ആ നാട്ടിലെ നാനാ ജാതിമതസ്ഥരായ ആളുകളുമായി പരിചയം സ്ഥാപിക്കുകയും അവരുമായി നല്ല സ്നേഹബന്ധം വെച്ചുപുലർത്തുകയും, അവരെയും സഹകരിപ്പിച്ച് നല്ല സ്നേഹത്തിന്റെ അനുഭവങ്ങളെ പകർന്നു കൊടുക്കുവാൻ അച്ചന് സാധിച്ചിട്ടുണ്ട്.

രോഗികളോടും പ്രയാസപ്പെടുന്നവരോടും അങ്ങേയറ്റം കരുതലും സ്നേഹവും വെച്ചുപുലർത്തുകയും മറ്റുള്ളവരുടെ പ്രയാസങ്ങളോട്, വേദനകളോട് പങ്കുചേരുകയും ചെയ്തു. വിവാഹ വാർഷികത്തിനും, ജന്മദിനത്തിനും തന്റെ ആടുകളെ വിളിച്ച് അവരെ ആശംസിച്ച് അവരോട് നല്ല വാക്കുകൾ പറഞ്ഞും അവരോടുള്ള സ്നേഹവും കരുതലും ദൈവമുമ്പാകെയുള്ള ശ്രേഷ്ഠമായ പ്രാർത്ഥനയുടെ സമർപ്പണ വിചാരവും പകർന്നു നൽകുവാൻ അച്ചനെന്നും ശ്രമിച്ചിരുന്നു. തുടർച്ചയായുള്ള ഭവന സന്ദർശനവും ഫോൺ മുഖേന അവരുമായുള്ള ബന്ധപ്പെടലും എടുത്തു പറയേണ്ടതാണ്.

കാലം ചെയ്ത വേദശാസ്ത്ര പണ്ഡിതനും മഹാഗുരുവുമായ പൗലോസ് മാർ ഗ്രീഗോറിയോസ് തിരുമേനിയുടെയും, മിഷനറിവീരനും, സാമൂഹ്യസേവന തൽപരനുമായ സഭാരത്നം ഗീവർഗീസ് മാർ ഒസ്താത്തിയോസ് തിരുമേനിയുടെയും പഠിപ്പിക്കലുകളും മാർഗ്ഗദർശനങ്ങളും അച്ചൻ ഉൾക്കൊള്ളുകയും അവ മറ്റുള്ളവർക്കു പകർന്നു കൊടുക്കുകയും ചെയ്തു. ഒരു കൊച്ചു കുട്ടി പോലും ചെയ്യുന്ന നല്ല കാര്യങ്ങൾ, അതെത്ര ചെറുതാണെങ്കിലും, അതിനെ അഭിനന്ദിക്കുവാനും കഴിയുമെങ്കിൽ അത് പഠിക്കുവാനും തന്റെ ജീവിതത്തിൽ പകർത്തുവാനും അച്ചൻ ബദ്ധശ്രദ്ധനായിരുന്നു.

തന്റെ വ്യക്തിത്വം കാത്തുസൂക്ഷിക്കുകയും മറ്റുള്ളവരുടെ വ്യക്തിത്വങ്ങളെ ഒരു വലിയ പരിധിവരെ മാനിക്കുവാനും അച്ചൻ ശ്രദ്ധിച്ചിരുന്നു എന്നുള്ളതാണ് എടുത്തുപറയേണ്ട മറ്റൊരു വസ്തുത. വ്യക്തിപരമായി എന്നോടും എന്റെ കുടുംബത്തോടും വലിയ സ്നേഹബന്ധവും താല്പര്യവും വെച്ചുപുലർത്തി. എന്നാൽ തന്റെ കുറവുകളെ നിഷ്പ്രഭമാക്കുന്ന നന്മ കൊണ്ട് അലംകൃതനായ ഉത്തമസാക്ഷ്യമുള്ള വൈദിക മാണിക്യമായിരുന്നു കെ. റ്റി. ഫിലിപ്പ് അച്ചൻ. അച്ചന്റെ സ്നഹസ്മരണയ്ക്ക് മുമ്പിൽ പ്രണാമം അർപ്പിക്കുന്നു.

# ദിവ്യമീ ബോധനം

## ഫാ. തോമസ് കെ. ഏലിയാസ്

പ്രബോധന കലയിലെ പ്രധാനികൾ നമുക്കു ചുറ്റും ധാരാളമുണ്ട്. അവരിൽ നിന്നും വ്യത്യസ്തമായി കൊച്ചുകുട്ടികൾ സംസാരിക്കുന്നത് കൗതുകത്തോടെ കേട്ടിരിക്കുന്നത് കണക്കെ അദ്ദേഹത്തിന്റെ വാക്കുകൾക്ക് നാം കാതോർക്കുമായിരുന്നു. അതു മുഴുവൻ ഹൃദയത്തിൽ കടക്കുമായിരുന്നു. അതിലെ കുട്ടിത്തവും, ലാളിത്യവും തന്നെയാകാം കാരണം. എന്റെ കുട്ടിക്കാലത്തെ ഏറ്റവും ഇഷ്ടമുള്ള കാര്യമായിരുന്നു ഒ.വി.ബി.എസ്. എന്നാൽ 10 ദിനവും ആരംഭത്തിലുള്ള ധ്യാനം കുട്ടികൾക്ക് അതികഠിനവും. എങ്കിലും അത്തരം ചില നേരങ്ങളിൽ അദ്ദേഹം പറഞ്ഞ പല കാര്യങ്ങളും, കഥകളും പതിറ്റാണ്ടുകൾ പലതു കഴിഞ്ഞിട്ടും, ഇന്നും ഉള്ളിൽ മിഴിവാർന്നു നിൽക്കുന്നു. എപ്പോഴും മന്ദസ്മിതത്തോടെ കണ്ടിരുന്നു എങ്കിലും വൈകാരികത ആ സ്വഭാവത്തിൽ നിഴലിച്ചിരുന്നു. ആ വൈകാരിക തീവ്രത വചന ഘോഷണത്തിലും കാണാം.

പൗരോഹിത്യ ശുശ്രൂഷയിൽ പ്രബോധനം പ്രധാനമായി കണ്ടതുകൊണ്ടാകാം സഭയുടെ വിശ്വാസപഠനമായ ദിവ്യബോധനത്തിന്റെ പ്രധാന പ്രചാരകനായതും. വന്ദ്യ ഫിലിപ്പച്ചന്റെ സ്മരണ ദീപ്തമാവട്ടെ...

*(ലേഖകൻ കൊച്ചി ഭദ്രാസനത്തിലെ വൈദികനാണ്. വൈദിക സെമിനാരിയുടെ ആഭിമുഖ്യത്തിലുള്ള 'ദിവ്യബോധനം' പഠന പദ്ധതി കെ. റ്റി. ഫിലിപ്പ് അച്ചൻ ശുശ്രൂഷ ചെയ്ത എല്ലാ പള്ളികളിലും നടപ്പാക്കി. അത് അച്ചന്റെ വൈദിക ശുശ്രൂഷയിലെ ഒരു തൂവൽ ആയിരുന്നു. - എഡിറ്റർ)*

# ഓർമ്മകളിലെ ഫിലിപ്പച്ചൻ

## ഫാ. റ്റി. പി. കുര്യൻ തളിയച്ചിറ, പിറവം

കെ. റ്റി. ഫിലിപ്പ് ശെമ്മാശൻ മുളന്തുരുത്തി ജില്ലാ സണ്ടേസ്കൂൾ സമ്മേളനത്തിൽ ക്ലാസ്സ് എടുക്കുമ്പോൾ ഞാൻ ഒരു അദ്ധ്യാപകനായിരുന്നു. വെട്ടിക്കൽ ദയറായിൽ ഞാൻ ആചാര്യശുശ്രൂഷ നിർവ്വഹിക്കുന്ന സമയത്ത് അച്ചന്റെ ജീവിതപങ്കാളിയും മകൻ മീഖയും ദയറായിലെ ആരാധനാസമൂഹത്തിൽ സജീവസാന്നിദ്ധ്യമായിരുന്നു. അബുദാബി സെന്റ് ജോർജ് പള്ളി വികാരിയായിരുന്നപ്പോൾ അവിടത്തെ അലയൻ കോൺഗ്രിഗേഷനിലേക്ക് അച്ചനെ ക്ഷണിച്ചു. അച്ചൻ അവിടെ താമസിച്ച സമയത്ത് തലക്കോട് ബോയ്സ് ഹോമിലെ കുഞ്ഞുങ്ങൾക്ക് ഒരു തുക സമാഹരിച്ച് നൽകുവാൻ സാധിച്ചു. ആ ഇടവകയിൽ നടന്നുവന്നിരുന്ന ജന്മദിന, വിവാഹ ആശംസകൾ നേരുന്ന രീതി കണ്ട് തന്റെ ഇടവക ശുശ്രൂഷകളിലും ആ രീതി തുടങ്ങിയതായി പലപ്പോഴും പറഞ്ഞിരുന്നതായി എന്റെ ഓർമ്മയിലുണ്ട്.

അമേരിക്കയിൽ ഹവായി ദ്വീപിലുള്ള ഹഗ്ഗായി ഇൻസ്റ്റിറ്റ്യൂട്ടിൽ പഠനത്തിനു പോയപ്പോൾ ഈ ലേഖകന്റെ പേരും ശുപാർശ ചെയ്ത കാര്യവും ഓർക്കുന്നു. അച്ചൻ വികാരിയായിരുന്ന പാലാരിവട്ടം, ചെറായി, വടയാപറമ്പ് എന്നീ പള്ളികളിലെ ആരാധനകളിൽ കുടുംബമായി പങ്കെടുക്കുവാൻ ഞങ്ങൾക്ക് അവസരം കിട്ടി. ഞങ്ങളുടെ മക്കളെയും വളരെ സ്നേഹിച്ചു, കരുതി.

അച്ചന്റെ രോഗാവസ്ഥയിൽ ഞങ്ങൾ അച്ചന്റെ ഭവനത്തിൽ ചെന്നപ്പോൾ പതിവിലും കൂടുതലായി സംസാരിച്ചിരുന്നു. ഭൂതകാല സംഭവങ്ങളെ അയവിറക്കി സംസാരിച്ച് പ്രാർത്ഥിച്ചു പിരിഞ്ഞത് ഇന്നും ഓർമ്മയിൽ തങ്ങി നിൽക്കുന്നുണ്ട്.

# ആത്മാർപ്പണം തെളിയിച്ച ആചാര്യൻ


## ഫാ. ഡോ. മാത്യൂസ് എം. ഡാനിയേൽ

(മുൻ പ്രിൻസിപ്പൽ, സെന്റ് പോൾസ് എം.ടി.സി., മാവേലിക്കര)


1971-ലാണ് വന്ദ്യ കെ. റ്റി. ഫിലിപ്പ് അച്ചനെ കോട്ടയം വൈദിക സെമിനാരിയിൽ കണ്ടുമുട്ടിയത്. അന്ന് 20 വയസ്സുള്ള ആ ചെറുപ്പക്കാരൻ വൈദിക സെമിനാരിയിൽ മൂന്നാം വർഷ വിദ്യാർത്ഥിയാണ്. ഞാൻ ഒന്നാം വർഷക്കാരനും. അന്ന് ആരംഭിച്ച ആത്മിക സൗഹൃദം മരണംവരെയും, ശേഷം അതേ തുടർന്ന് മകൻ മീഖായുമായും തുടരുന്നു. സെമിനാരി പഠനജീവിതത്തിൽ അടുത്ത സുഹൃത്തുക്കളായി. പിൽക്കാലത്ത് അദ്ദേഹം കുടുംബനാഥനായി. തലക്കോട് അദ്ദേഹത്തിന്റെ ഭവനത്തിലും, സേവനം അനുഷ്ഠിച്ചിരുന്ന തലക്കോട് ബോയ്സ് ഹോമിലും പലപ്പോഴും സന്ദർശിക്കുവാനും അവസരം ലഭിച്ചിട്ടുണ്ട്. കൂടാതെ അച്ചൻ സേവനം അനുഷ്ഠിച്ചിരുന്ന കൊച്ചി ഭദ്രാസനത്തിലെ ചുരുക്കം ചില ഇടവകകളിലും സന്ദർശിക്കുവാനും ആ ദേവാലയങ്ങളിൽ വചനശുശ്രൂഷ നിർവഹിക്കുവാനും അദ്ദേഹം അവസരം ഒരുക്കിയിട്ടുള്ളത് ഈ അവസരത്തിൽ സ്മരിക്കുന്നു.

വൈദികസെമിനാരിയിൽ നിന്ന് പഠനം പൂർത്തിയാക്കിയ ശേഷം, 1972-ൽ ശെമ്മാശ്ശനായും തുടർന്ന് 1973-ൽ മലങ്കരസഭാരത്നം, ഭാഗ്യസ്മരണാർഹനായ ഡോ. ഗീവർഗീസ് മാർ ഒസ്താത്തിയോസ് തിരുമേനി (അന്ന് ഫാ. എം. വി. ജോർജ്) യോട് ചേർന്ന് പ്രവർത്തിക്കാനായി മാവേലിക്കരയിലുള്ള സെന്റ് പോൾസ് സുവിശേഷാലയത്തിൽ (ഇന്നത്തെ സെന്റ് പോൾസ് മിഷൻ ട്രെയിനിംഗ് സെന്റർ) എത്തുകയും അതിന്റെ സെക്രട്ടറിയായി ചുമതലയേൽക്കുകയും ചെയ്തു.

1976-ൽ പ. ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് പ്രഥമൻ കാതോലിക്കാ ബാവാ എന്നെ സെന്റ് പോൾസ് മിഷൻ ട്രെയിനിംഗ് സെന്ററിന്റെ പ്രഥമ പ്രിൻസിപ്പലായി നിയോഗിച്ച് ചുമതലയേറ്റപ്പോഴാണ് കെ. റ്റി. ഫിലിപ്പ് അച്ചൻ പ്രസ്തുത ചുമതലയിൽ നിന്ന് വിരമിച്ചത്.

1973-1976 കാലയളവിലുള്ള അച്ചന്റെ പ്രശംസനീയമായ പ്രവർത്തനങ്ങൾ സെന്റ് പോൾസ് സുവിശേഷാലയത്തിനും മലങ്കര ഓർത്തഡോക്സ് സഭയ്ക്കും പ്രചോദനപ്രദമായിരുന്നു. മലങ്കരസഭാരത്നം ഡോ. ഗീവർഗീസ് മാർ ഒസ്താത്തിയോസ് തിരുമേനിയോടൊപ്പം ചേർന്ന് നിന്നുകൊണ്ട് സുവിശേഷാലയത്തിന്റെ പ്രവർത്തന പരിധിയിൽ ഉൾപ്പെട്ടിരുന്ന വിവിധങ്ങളായ ആതുരസേവന മേഖലകളിൽ അച്ചൻ സ്തുത്യർഹമായ സേവനം അനുഷ്ഠിച്ചുവന്നു. വിവാഹ സഹായ നിധി, ഭവന നിർമ്മാണ സഹായ നിധി,

രോഗികൾക്കു വേണ്ടിയുള്ള സഹായനിധി എന്നിവ അവയിൽ ചിലതാണ്. കൂടാതെ അവധിക്കാല ബൈബിൾ ക്ലാസ്സുകൾ, സുവിശേഷ സംഘത്തിന്റെ ആഭിമുഖ്യത്തിൽ വിവിധ ഇടവകകളിൽ സുവിശേഷ പ്രസംഗങ്ങൾ, ഇടവകകളിൽ സുവിശേഷ സംഘ സന്ദർശനം, പുതിയ യൂണിറ്റുകൾ സ്ഥാപിക്കുക തുടങ്ങിയ പ്രവർത്തനങ്ങളിൽ അദ്ദേഹം വ്യാപൃതനായിരുന്നു. അതുകൂടാതെ സഭയിലുള്ള വിവിധ ദേവാലയങ്ങളിൽ പോയി സുവിശേഷ പ്രഘോഷണവും ധ്യാനപ്രസംഗങ്ങളും നടത്തിയിട്ടുണ്ട് എന്നതും പ്രസ്താവ്യമാണ്.

വൈദിക സെമിനാരി പഠനകാലം മുതലുള്ള സുഹൃത്ബന്ധത്തിൽ നിന്നും തുടർന്ന് സുവിശേഷാലയത്തിലെ പ്രവർത്തന കാലയളവിലും അതിനു ശേഷമുള്ള കൂട്ടായ്മയിൽ നിന്നുമൊക്കെയായി അദ്ദേഹത്തിൽ വിളഞ്ഞിരുന്ന പല സുകൃതങ്ങളും മനസ്സിലാക്കാൻ കഴിഞ്ഞിട്ടുണ്ട്.

ഒന്നാമതായി, പ്രാർത്ഥനാജീവിതം. പരിചയമായ സമയം മുതൽ അച്ചന്റെ പ്രാർത്ഥനാജീവിതം ഞാൻ ശ്രദ്ധിച്ചിരുന്നു. അത് സെമിനാരിയിലും മറ്റും നിർവിഘ്നം തുടർന്നിരുന്നു. യാമപ്രാർത്ഥനകൾ തുടർന്നുള്ള ധ്യാനം എന്നിവ തന്റെ ജീവിതത്തിന് ശക്തി പകർന്നിരുന്നു. വളരെ ചെറുപ്പം മുതൽ തന്റെ ജീവിതത്തെ അലട്ടിയിരുന്ന ശാരീരിക പ്രതികൂലം അതിജീവിക്കുവാനും പ്രവർത്തിക്കുവാനും ഇടയായത് “എന്റെ കൃപ നിനക്കു മതി” എന്ന് സ്വന്തം ജീവിതത്തിൽ കൂടി സാക്ഷിച്ച പ. പൗലോസ് ശ്ലീഹായുടെ ജീവിത അനുഭവത്തിൽ നിന്ന് ആർജ്ജിച്ച ശക്തിയാണ്. ഈ വസ്തുത പലപ്പോഴും അദ്ദേഹം പങ്കുവെയ്ക്കുമായിരുന്നു.

അച്ചന്റെ കാര്യവിചാരകത്വബോധം സെമിനാരി ജീവിതകാലയളവിലും, സുവിശേഷാലയ പ്രവർത്തന സമയത്തുമായി സ്വഗുരുവിന്റെ (ഡോ. ഗീവർഗീസ് മാർ ഒസ്താത്തിയോസ്) ജീവിതശൈലിയിൽ നിന്നും ഉൾക്കൊണ്ടതാണ്. ക്രിസ്തീയ കാര്യവിചാരകത്വം തന്റെ ജീവിതത്തിലും അനുകരിക്കുവാൻ ഒരു അളവുവരെ അദ്ദേഹത്തിന് സാധിച്ചു എന്ന് നിസ്സംശയം പറയുവാൻ സാധിക്കും. സമയവും താലന്തുകളുമെല്ലാം മറ്റുള്ളവർക്കു കൂടി പങ്കുവെയ്ക്കണം എന്നത് പ്രസംഗത്തിൽ കൂടി മാത്രമല്ല പ്രവൃത്തിയിൽ കൂടിയും ചെയ്തു മാതൃക കാട്ടുവാൻ ശ്രമിച്ചിട്ടുണ്ട് എന്നതും യാഥാർത്ഥ്യമാണ്.

മൂന്നാമതായി, തത്വദീക്ഷ ഉള്ളവൻ ആയിരുന്നു. ഇന്നത്തെ സമൂഹത്തിൽ അധികംപേരും തത്വദീക്ഷ ഉള്ളവരല്ല. സ്വാർത്ഥലാഭത്തിനായി മാറിമറിയുകയും മാറ്റിമറിക്കുകയും ചെയ്യുന്ന സമൂഹം. അതിൽ നിന്നും വ്യത്യസ്തമായി ചിന്തിക്കുകയും പ്രവർത്തിക്കുകയും ചെയ്യുന്ന പ്രകൃതമായിരുന്നു അദ്ദേഹത്തിന്. ഇന്നത്തെ സമൂഹമാകട്ടെ, അതിനെ ചോദ്യം ചെയ്യുന്ന പ്രവണതയാണുള്ളത്. എന്നാൽ അച്ചൻ വിശ്വസിക്കുന്നതിൽ ഉറച്ചു നിൽക്കുമാ

യിരുന്നു. തത്വദീക്ഷയുള്ള ചില മഹത്വ്യക്തികളുടെ ജീവിതത്തെ അനുകരിച്ചുള്ള പ്രസംഗവും പ്രവർത്തനശൈലിയും തന്നിൽ അന്തർലീനമായിരുന്നു എന്ന് പറയുന്നതിൽ വൈമനസ്യം ഇല്ല.

നാലാമതായി, ആത്മാർത്ഥതയും ആത്മാർപ്പണവും അച്ചനിൽ മുന്നിട്ടു നിന്നിരുന്നു. ശാരീരിക അസ്വസ്ഥതകളെ അവഗണിച്ചും ഏൽപിക്കുന്ന ഉത്തരവാദിത്തങ്ങൾ ഭംഗിയായി നിറപടിയായി നിറവേറ്റുവാൻ പരമാവധി പരിശ്രമിച്ചിരുന്നു. വൈദികവൃത്തിയിൽ പ്രവേശിച്ചപ്പോൾ അത് അധികമായി പ്രകടിപ്പിച്ചിരുന്നു എന്നും മനസ്സിലാക്കാൻ കഴിഞ്ഞിട്ടുണ്ട്. എങ്കിലും അതിനെക്കുറിച്ച് പ്രതിപാദിക്കാൻ മറ്റു പലരും ഉള്ളതുകൊണ്ട് അതിലേക്ക് കടക്കുന്നില്ല. അദ്ദേഹം ശെമ്മാശ്ശനായിരുന്ന കാലയളവിനെക്കുറിച്ചും പ്രത്യേകാൽ സെന്റ് പോൾസിലെ പ്രവർത്തന കാലഘട്ടത്തെ കുറിച്ചുമാണല്ലോ എന്റെ പ്രതിപാദ്യം.

പ. സഭയെ ആത്മാർത്ഥമായി സ്നേഹിക്കുകയും സേവിക്കുകയും ചെയ്ത, തന്റെ കാര്യവിചാരകത്വം ഈ ലോകത്തിൽ പൂർത്തീകരിച്ച് നാഥന്റെ സന്നിധിയിലേക്ക് ചേർക്കപ്പെട്ട ആത്മമിത്രമായിരുന്ന ഫിലിപ്പച്ചന്റെ ആത്മാവിന് നിത്യശാന്തി നേരുന്നു.

# സുവിശേഷപ്രസംഗകനായ ഫിലിപ്പച്ചൻ

## ഫാ. വി. എ. മാത്യൂസ് പിറവം

ഒരിക്കലും മറക്കാത്ത ഊഷ്മളബന്ധം ഉളവാക്കുന്നവിധത്തിലുള്ള ഹൃദ്യമായ പെരുമാറ്റത്തിന്റെ ഉടമയായിരുന്നു വന്ദ്യനായ കെ. റ്റി. ഫിലിപ്പച്ചൻ. നല്ല പ്രഗത്ഭരായ പ്രസംഗകരെ കൊണ്ട് ധന്യമാണ് നമ്മുടെ സഭ. അതുപോലെ നവ മാധ്യമങ്ങളുടെ സഹായവും ഈ രംഗത്ത് ശക്തി പകരുന്നു. നല്ല പ്രഭാഷണങ്ങളും, ക്ലാസ്സുകളും, പ്രബോധനങ്ങളും കേൾക്കുവാൻ ഇന്നു വളരെയധികം സൗകര്യങ്ങളുണ്ട്. എന്നാൽ നാലു പതിറ്റാണ്ട് മുമ്പ് ഇതുപോലുള്ള സൗകര്യങ്ങളോ, പ്രഗത്ഭമതികളുടെ സാന്നിദ്ധ്യമോ ഇല്ലാതിരുന്ന കാലത്ത് സഭയുടെ വിവിധ ദേവാലയങ്ങളിൽ വചനശുശ്രൂഷ നിർവഹിക്കുന്നതിൽ അഗ്രഗണ്യനായിരുന്നു ഫിലിപ്പച്ചൻ.

എട്ടുനോമ്പു കാലങ്ങളിൽ മാവേലിക്കര സുവിശേഷാലയത്തിലും മറ്റും സ്ഥിരമായി താമസിച്ചുകൊണ്ട് വിവിധ പള്ളികളിൽ ധ്യാനപ്രസംഗങ്ങളും സുവിശേഷ പ്രസംഗങ്ങളും മറ്റും നടത്തിയിരുന്നത് ഓർക്കുന്നു. അദ്ദേഹത്തിന് ശ്രോതാക്കളെ ആകർഷിക്കത്തക്കവിധത്തിലുള്ള സംഗീത വാസനയോ പ്രാസാലങ്കാര ഭംഗിയോ പണ്ഡിതോചിതമായ ആശയഗാംഭീര്യമോ ആളുകളെ ഇളക്കിമറിക്കുന്ന ആവേശപ്രകടനങ്ങളോ ഒന്നും ഉണ്ടായിരുന്നില്ല. എന്നാൽ ലളിതവും, സുന്ദരവുമായ പദങ്ങൾ കുറിക്കുകൊള്ളുന്ന ചെറു ചെറു വാക്യങ്ങൾ ഹൃദയത്തിൽ കുത്തുകൊള്ളുന്ന രീതിയിൽ എത്ര കേട്ടാലും മുഷിപ്പ് തോന്നാത്തവിധത്തിൽ, മതിവരാത്ത നിലയിൽ അവതരിപ്പിക്കാൻ അച്ചന് പ്രത്യേക കഴിവ് ഉണ്ടായിരുന്നു. സുവിശേഷ യോഗങ്ങളായാലും, ആരാധന-ശുശ്രൂഷ മദ്ധ്യേയുള്ള പ്രസംഗങ്ങളായാലും, സാംസ്കാരിക സമ്മേളനങ്ങളായാലും സന്ദർഭത്തിനനുസരിച്ച് ഭംഗിയായി സംസാരിക്കുമ്പോൾ ശ്രോതാക്കൾ ശ്രദ്ധാപൂർവ്വം ശ്രവിച്ചിരുന്നു. അച്ചന്റെ നേതൃത്വപാടവവും സുവിശേഷ തൽപരതയും വിശ്വാസികൾക്ക് അനുഗ്രഹമായിരുന്നു. ആ സുവിശേഷ തൽപരതയാണ് ഞങ്ങൾ തമ്മിൽ പരസ്പരം അടുക്കുവാൻ പ്രേരകമായ ഘടകം. അദ്ദേഹം ശുശ്രൂഷിച്ചിരുന്ന ദേവാലയങ്ങളിൽ പല പ്രാവശ്യം വചനശുശ്രൂഷ നിർവ്വഹിക്കാൻ എനിക്ക് അവസരം ലഭിച്ചു. കർത്തൃവചനങ്ങൾ അച്ചന്റെ നാവിൽ നിന്ന് ഉതിരുമ്പോൾ അത് തേനിനേക്കാൾ, തേൻകട്ടയേക്കാൾ മാധുര്യമുള്ളതായി അനുഭവപ്പെടുമായിരുന്നു.

ഞാൻ വചനശുശ്രൂഷയിൽ ചില ഉദാഹരണ കഥകൾ പറഞ്ഞത് അച്ചൻ

ഓർത്തിരുന്ന് എന്നെ കാണുമ്പോൾ അത് പറഞ്ഞുകൊണ്ട് എന്നോടുള്ള സൗഹൃദം പങ്കുവെയ്ക്കുന്നത് ഞാൻ അനുസ്മരിക്കുന്നു. പണ്ട് എവിടെയോ കേട്ടിട്ടുള്ള ഒരു കഥ ഞാൻ അച്ചന്റെ പള്ളിയിൽ പറഞ്ഞത് ഓർക്കുന്നു. ഒരു ഭവനത്തിലെ ഗൃഹനാഥ വിറക് വെട്ടാനായി വേലക്കാരനെ നിയോഗിച്ചു. കൂലിയും പറഞ്ഞ് നിശ്ചയിച്ചു. വിറക് വെട്ടാൻ തുടങ്ങി. വിറക് വെട്ടുന്നത് മുറിയിലിരുന്ന് ഗൃഹനാഥ വീക്ഷിച്ചുകൊണ്ടിരുന്നു. പല സമയത്തും അയാൾ മഴു മിനുക്കുകയാണ്. അവർക്ക് ദേഷ്യം വന്നു. പക്ഷേ ഒന്നും പറഞ്ഞില്ല. വൈകുന്നേരം കൂലി കൊടുത്തു വിട്ടു. അവർ പ്രതീക്ഷിച്ചിടത്തോളം വിറക് കീറിയിട്ടില്ല. പിറ്റേദിവസം മറ്റൊരാളെ നിയോഗിച്ചു. വിറക് കീറാൻ തുടങ്ങുന്നതിന് മുമ്പുതന്നെ അവർ പറഞ്ഞു, “ഇന്നലെ വന്ന ആൾ മഴു രാകിക്കൊണ്ടിരുന്നു. അതുകൊണ്ട് വളരെ കുറച്ചേ വിറക് കീറിയിട്ടുള്ളു. ഇന്ന് അത് പറ്റില്ല. മുഴുവൻ സമയവും വിറക് കീറണം. മഴു രാകാനല്ല കൂലി തരുന്നത്.” അയാൾ സമ്മതിച്ചു. വിറക് കീറാൻ തുടങ്ങി. സദാസമയവും വെട്ടോടു വെട്ട്. ഗൃഹനാഥയ്ക്ക് സന്തോഷമായി. മഴു മിനുക്കി സമയം കളഞ്ഞില്ല. പക്ഷേ വൈകുന്നേരമായപ്പോൾ തലേ ദിവസം കീറിയതിന്റെ പകുതി വിറകേ കീറിയിട്ടുള്ളു. നമ്മുടെ ആഘോഷങ്ങളും, പെരുന്നാളുകളും, സുവിശേഷ സമ്മേളനങ്ങളും എല്ലാം വിറകു വെട്ടുപോലെ ആണ്. നോമ്പും ഉപവാസവും, പ്രാർത്ഥനയും, ആരാധനയും എല്ലാം മഴു മിനുക്കലാണ്. ആയുധം മൂർച്ച വരുത്തലാണ്. ആയുധം മൂർച്ച വരുത്തിയാലേ ശരിയായ ഫലം കിട്ടുകയുള്ളു. ഈ കഥ ഞാൻ എത്രയോ വർഷം മുമ്പ് ഏതോ പള്ളിയിൽ പറഞ്ഞതാണ്. നമ്മുടെ പിതാക്കന്മാർ മഴു മിനുക്കലിന് വലിയ പ്രാധാന്യം കല്പിച്ചിരുന്നു.

എന്നെ കാണുമ്പോൾ അച്ചൻ ആദ്യം ചോദിക്കുന്ന ചോദ്യം “മഴു മിനുക്കാറുണ്ടോ?” എന്നാണ്. ആ ചോദ്യത്തിൽ എല്ലാം അടങ്ങിയിട്ടുണ്ട്. സുവിശേഷം പ്രസംഗിക്കുന്ന ആ സുന്ദര പാദങ്ങൾ എന്നും ഓർമ്മയിൽ ഉണ്ട്. ഇനി നിത്യതയിൽ സംഗമിക്കുമ്പോഴും അച്ചൻ ചോദിക്കും, “മഴു മിനുക്കാറുണ്ടോ” എന്ന്. ശരിയായി മഴു മിനുക്കി വിറക് വെട്ടുവാൻ എനിക്ക് കഴിയണേ എന്ന് പ്രാർത്ഥിക്കുന്നു.

# ഓർമ്മയിലെ അഹറോൻ

## ഫാ. സോമു കെ. ശാമുവേൽ

(ജനറൽ സെക്രട്ടറി, സ്ലീബാദാസ സമൂഹം)

ധാരാളം വ്യക്തികളെ നിത്യജീവിതത്തിൽ നാം പരിചയപ്പെടാറുണ്ടെങ്കിലും മനസ്സിൽ ചിരപ്രതിഷ്ഠ നേടുന്നവർ ചുരുക്കമാണ്. വന്ദ്യ കെ. റ്റി. ഫിലിപ്പച്ചനെ പരിചയപ്പെട്ടിട്ടുള്ള ഏതൊരാളുടെ ജീവിതത്തിലും അച്ചൻ മങ്ങാതെ നിൽക്കുന്ന ഒരു ശ്രേഷ്ഠ പുരോഹിതനാണ്. ക്രിസ്തുശിഷ്യനായ 'ഫിലിപ്പോസ്' നാമധാരിയായ അച്ചൻ തന്റെ പേരിനെ ജീവിതത്തിൽ അന്വർത്ഥമാക്കിയ ഒരു ആചാര്യനായിരുന്നു. "പ്രസംഗമുണ്ട്, പ്രവൃത്തിയില്ല" എന്ന ചൊല്ലിൽ നിന്നും വിഭിന്നമായിരുന്ന വ്യക്തിത്വമായിരുന്നു അച്ചൻ. അതികർശനമായ ജീവിതനിഷ്ഠ, ആരാധനയോടും ആചാരാനുഷ്ഠാനങ്ങളോടുമുള്ള അതീവ മമത, ഏറ്റെടുക്കുന്ന കർത്തവ്യങ്ങളോടുള്ള തികഞ്ഞ പ്രതിബദ്ധത, പിതൃതുല്യമായ സ്നേഹവാത്സല്യം തുടങ്ങി അനേകം വൈശിഷ്ട്യങ്ങൾ അച്ചനിൽ ഉണ്ടായിരുന്നു.

കാലയവനികയ്ക്കുള്ളിൽ മറഞ്ഞ ഭാഗ്യസ്മരണാർഹരായ പത്രോസ് മാർ ഒസ്താത്തിയോസ് തിരുമേനിയുടേയും ഡോ. പൗലോസ് മാർ ഗ്രീഗോറിയോസ് തിരുമേനിയുടേയും ദർശനങ്ങൾ ഒരേപോലെ ജീവിതത്തിൽ പകർത്തിയ ആചാര്യനായിരുന്നു ഫിലിപ്പച്ചൻ. ഒരേസമയം മറ്റുള്ളവരെക്കുറിച്ചുള്ള ചിന്തയും കരുതലും, അതേപോലെ ദൈവശാസ്ത്ര സത്യങ്ങൾ പഠിക്കുകയും പഠിപ്പിക്കുകയും ചെയ്യുന്ന ഒരു തീഷ്ണതയുള്ള പഠിതാവ്. ഇങ്ങനെ അനുകരിക്കേണ്ടവയെ അനുകരിക്കുകയും അനുസരിക്കുകയും ചെയ്ത ഒരു ക്രാന്തദർശിയായിരുന്നു അച്ചൻ. മരണംവരെയും ഒരു നല്ല വിദ്യാർത്ഥി ആയിരുന്നു അദ്ദേഹം. ഏതു വ്യക്തിയോടും ആ വ്യക്തിക്ക് ഒരു വിഷയത്തെപ്പറ്റി അറിവുണ്ട് എന്നു മനസ്സിലായാൽ അതു ചോദിച്ച് അറിയുകയും എഴുതി സൂക്ഷിക്കുകയും ചെയ്യുന്ന ഒരു അസാധാരണ മൂല്യം അച്ചനിൽ ഞാൻ കണ്ടിട്ടുണ്ട്.

ഞാൻ ശുശ്രൂഷിക്കുന്ന സ്ലീബാദാസ സമൂഹത്തിന് അച്ചൻ ഒരു ഉപദേശകനും സ്നേഹിതനുമായിരുന്നു. സ്ലീബാദാസ സമൂഹ സ്ഥാപകൻ പത്രോസ് മാർ ഒസ്താത്തിയോസ് തിരുമേനിയുടെ സുവിശേഷത്തോടുള്ള എരിവ് പലപ്പോഴും ഞാൻ നേരിൽ അച്ചനിൽ കണ്ടിട്ടുണ്ട്. അതിന്റെ തുടർച്ച എന്നോണമാണ് കാലംചെയ്ത ഭാഗ്യസ്മരണാർഹനായ ഗീവർഗീസ് മാർ ഒസ്താത്തിയോസ് തിരുമേനിയുടെ സുവിശേഷ തൽപരത ഏറെ അനുഭവിച്ചറിയുവാനും അച്ചന് സാധിച്ചിട്ടുള്ളത്.

അച്ചൻ നിർഭയനായ, ആദർശധീരനായ ഒരു സഭാസ്നേഹിയായിരുന്നു.

സത്യത്തിനും നീതിക്കും വിരുദ്ധമായി ഒരു വിട്ടുവീഴ്ചയ്ക്കും അച്ചൻ തയ്യാറായിരുന്നില്ല. തനിക്ക് ശരിയെന്ന് തോന്നുന്നവയെ ശരിയെന്നും തെറ്റെന്ന് തോന്നുന്നവയെ തെറ്റാണെന്നും ഉറപ്പിച്ച് ആരുടെയും മുമ്പിൽ പറയുന്ന ഒരു തീഷ്ണവാനായിരുന്നു അച്ചൻ. താൻ വിശ്വസിക്കുന്ന സത്യവും നീതിയും നടപ്പാക്കുവാൻ അച്ചൻ ഏറെ ശ്രദ്ധിച്ചിരുന്നു. കാര്യങ്ങളിൽ ഗൗരവമുള്ളവനാകയാൽ കാണുന്നവർക്ക് വലിയ ഗൗരവക്കാരനായി അച്ചൻ കാണപ്പെട്ടിരുന്നെങ്കിലും ആർദ്രതയും അനുകമ്പയും നിറഞ്ഞ വ്യക്തിത്വമായിരുന്നു എന്ന് അടുത്തിടപെടുന്നവർക്ക് മനസ്സിലാകുമായിരുന്നു.

ഇടയൻ തന്റെ ആടുകളെ പേരുചൊല്ലി വിളിക്കുവാൻ കഴിയുന്നവൻ ആയിരിക്കണം എന്നു ജീവിതത്തിൽ കാട്ടിത്തരുവാൻ അച്ചന് സാധിച്ചു. താൻ ശുശ്രൂഷിച്ച ഇടവകകളിലെ വ്യക്തികളെ പേരുചൊല്ലി വിളിക്കുവാനും അവരുടെ ചെറുതും വലുതുമായ എല്ലാ ആവശ്യങ്ങളിലും അറിഞ്ഞു പ്രവർത്തിക്കുവാനും അച്ചന് സാധിച്ചു. വരുംതലമുറ വിദ്യാഭ്യാസമുള്ളവരും വേദപുസ്തക ജ്ഞാനമുള്ളവരും ആയിരിക്കണം എന്ന് അച്ചനിലൂടെ ഞാൻ മനസ്സിലാക്കിയിട്ടുണ്ട്. അതിൻപ്രകാരം ശുശ്രൂഷിച്ച ഇടവകകളിൽ ഇടവകകളുടെ ആത്മീയ ഉണർവ്വിനുവേണ്ടി യോഗ്യരായ ആളുകളെ ക്ഷണിച്ച് ചിട്ടയോടും ക്രമീകൃതമായും ക്ലാസ്സുകൾ ക്രമീകരിക്കുകയും അങ്ങനെ ദൈവാശ്രയബോധമുള്ള ഒരു തലമുറയെ സ്വപ്നം കാണുകയും ചെയ്തു എന്നതും അച്ചനിൽ കണ്ട ഒരു മേന്മയാണ്.

അശരണരും പാവപ്പെട്ടവരുമായ സമൂഹത്തോട് അച്ചന് പ്രത്യേകമായ മാനസികാവസ്ഥ ആയിരുന്നു. അവരുടെ ഇല്ലായ്മയും വല്ലായ്മയെയും മനസ്സിലാക്കുവാൻ അച്ചൻ ശ്രമിച്ചിരുന്നു. അവരുടെ വേദനകൾ തന്റെ ഹൃദയത്തോട് ചേർത്തുവെയ്ക്കുവാൻ അച്ചൻ ശ്രദ്ധിച്ചു. തന്നാൽ കഴിയുന്നതായ സഹായങ്ങൾ ചെയ്യുക മാത്രമല്ല, മറ്റുള്ളവരെക്കൊണ്ട് കൂടുതലായി ചെയ്യിക്കുവാനുള്ള പ്രേരണയും അച്ചൻ നൽകിയിരുന്നു. ഇടവകതലത്തിൽ മറ്റുള്ളവരെ സംഘടിപ്പിച്ച് ക്രമീകൃതമായി ആതുരസേവന പ്രവർത്തനങ്ങൾ ചെയ്യുവാൻ അച്ചൻ ശുഷ്കാന്തി കാട്ടിയിരുന്നു. ഇത്തരം വസ്തുതകളെപ്പറ്റി സ്ലീബാദാസാ സമൂഹ കുടുംബാംഗങ്ങൾ വാചാലരായി സംസാരിക്കുന്നത് ഞാൻ കേട്ടിട്ടുണ്ട്. ആതുരപ്രസ്ഥാനങ്ങളോടും അതിന്റെ പ്രവർത്തകരോടും നല്ല ബന്ധം നിലനിർത്തിപ്പോന്നു എന്നുള്ളതും അച്ചനിൽ ഞാൻ കണ്ട മേന്മയാണ്.

പ. സഭയെ പലരും പലതിനും ചവിട്ടുപടിയും തിളങ്ങാനുള്ള വേദികളുമാക്കി മാറ്റിക്കൊണ്ടിരിക്കുന്ന ഈ കാലഘട്ടത്തിൽ കെ. റ്റി. ഫിലിപ്പച്ചനെക്കുറിച്ച് ഓർക്കുമ്പോൾ അദ്ദേഹത്തിന്റെ തീക്ഷ്ണവും ആഴവുമായ സഭാസ്നേഹവും സഭയെക്കുറിച്ചുള്ള എരിവും പ്രത്യേകം അനുസ്മരണീയ

മാണ്. പ. സഭയുടെ ഭാവിയെപ്പറ്റി നല്ല ദർശനമുള്ള പുരോഹിതനായിരുന്നു അച്ചൻ. പ. സഭയുടെ അടിസ്ഥാന സംവിധാനങ്ങളും ആത്മിക സംഘടനകളും ശുശ്രൂഷാവേദികളും ഇടവകകളും കൂടുതൽ കാര്യക്ഷമമായി പ്രവർത്തിച്ച് പ. സഭ ഈ രാഷ്ട്രത്തിൽ ചലനാത്മക ശക്തി ആയിത്തീരുവാൻ അച്ചൻ ആഗ്രഹിച്ചിരുന്നു.

സ്വന്തം നാടിനോടും ശുശ്രൂഷിച്ച ഇടവകകളോടും പ്രേഷിത സമൂഹത്തോടും കുലീനവും മാന്യവുമായി ഇടപെട്ട ഈ വലിയ വ്യക്തിത്വത്തിനു മുമ്പിൽ ശിരസ്സു നമിക്കുന്നു. ക്രിസ്തുനാഥനോടും പ. സഭയോടും എന്നും അനുസരണമുള്ളവനായിരുന്ന ഈ പുണ്യാത്മാവിന്റെ സ്മരണ പുതിയ തലമുറയ്ക്ക് പ്രചോദനമാകട്ടെ!

# സ്നേഹവാനായ പിതാവ്

## സന്തോഷ് സ്ലീബാ കരപ്പള്ളിൽ, തൃപ്പൂണിത്തുറ

ഞങ്ങളുടെ കുടുംബത്തിലെ പ്രിയങ്കരനായ അച്ചനെക്കുറിച്ച് ഓർക്കുമ്പോൾ ആദ്യം മനസ്സിലേക്ക് ഓടിയെത്തുന്നത് വെട്ടിക്കൽ ദയറായിൽ വെച്ച് നടന്ന ഫിലിപ്പ് ശെമ്മാശ്ശന്റെ വിവാഹ കൂദാശയാണ്. അന്ന് 10 വയസ്സുള്ള ഞാനായിരുന്നു തോഴ്മക്കാരൻ. വിവാഹ ശുശ്രൂഷ ആരംഭിക്കുന്നതിനു മുമ്പ് ശെമ്മാശ്ശൻ പൗലോസ് മാർ ഗ്രീഗോറിയോസ് തിരുമേനിയോട് പറഞ്ഞു, "ആ മോനെ ഒന്ന് അടക്കി നിർത്തണം." തിരുമേനി തോഴ്മക്കാർ പിടിക്കാറുള്ള ചെറിയ കുരിശ് കൈയിൽ പിടിച്ച് നിൽക്കണം എന്നു പറഞ്ഞ് കണ്ണുരുട്ടി കാണിക്കുക കൂടി ചെയ്തപ്പോൾ പിന്നെ ഞാൻ നിന്നിടത്തു നിന്ന് അനങ്ങിയില്ല.

കല്യാണം കഴിഞ്ഞ് 'മറുപടി പോയപ്പോൾ' എന്നെ കൊച്ചമ്മയുടെ വീട്ടിൽ കൊണ്ടുപോയത് ഇന്നലെ എന്നപോലെ ഓർക്കുന്നു. ആ സ്നേഹം അവസാനം വരെ എന്നോട് കൂടെയുണ്ടായി എന്നുള്ളത് ഞങ്ങളുടെ കുടുംബത്തിന്റെ ഭാഗ്യമായി കാണുന്നു.

# എന്റെ കൊച്ചുസഹോദരൻ

## കെ. റ്റി. സ്ലീബാ കരപ്പിള്ളിൽ തൃപ്പൂണിത്തുറ

തൃപ്പൂണിത്തുറ എരൂർ ദേശത്ത്, കരപ്പിള്ളിൽ വർക്കി തോമസിന്റെയും സാറാമ്മയുടെയും ആറ് മക്കളിൽ ഇളയ പുത്രനാണ് കെ. റ്റി. ഫിലിപ്പച്ചൻ. വർഗീസ്, ശോശാമ്മ, പത്രോസ്, ചിന്നമ്മ എന്നിവരാണ് മറ്റു സഹോദരങ്ങൾ. എന്റെ ഓർമ്മ ശരിയാണെങ്കിൽ ഞാൻ രണ്ടാം ക്ലാസ്സിൽ പഠിക്കുന്ന കാലത്താണ് ഫിലിപ്പച്ചന്റെ ജനനം. ജനിച്ച് 10 മാസം പ്രായമുള്ളപ്പോൾ ശരീരത്തിൽ പള്ളയ്ക്ക് ഒരു പരു വന്നു. അത് പൊട്ടി രക്തം വരികയും ചെയ്തു. 1950 കാലത്ത് തൃപ്പൂണിത്തുറയിൽ കാര്യമായി ആശുപത്രികൾ ഒന്നും ഇല്ല. ഇരുമ്പനത്ത് അന്നുണ്ടായിരുന്ന അയ്യപ്പൻ വൈദ്യനെ കാണിച്ചു. അദ്ദേഹം കുറിച്ചു തന്ന കഷായം ഇരുപതിൽപരം പച്ചമരുന്നുകൾ ചതച്ചരിഞ്ഞ് ഇടങ്ങഴി വെള്ളത്തിൽ വെന്ത് രണ്ടുനാഴി ആക്കി അരത്തുടം വീതം ദിവസം മൂന്നുനേരം തേൻ മേമ്പൊടി ചേർത്ത് സേവിച്ചു. കുറവില്ലാത്തതു കൊണ്ട് വൈദ്യൻ മാറിമാറി കഷായത്തിനെഴുതി. ചില അലോപ്പൊതി ഡോക്ടർമാരെയും കാണിച്ചു. കാര്യമായ ഒരു കുറവും ലഭിച്ചില്ല.

പല്ലു വന്നു കഴിഞ്ഞപ്പോൾ മോണയിൽ നിന്നായി രക്തസ്രാവം. എന്റെ ഓർമ്മ ശരിയാണെങ്കിൽ 10 വർഷത്തോളം ഫിലിപ്പച്ചൻ കഷായം കുടിച്ചു. അസുഖം ഉള്ളതുകൊണ്ടാണോ എന്തോ വല്ലാത്ത വാശിക്കാരൻ ആയിരുന്നു. അമ്മയെ അടുത്തു നിന്നും മാറാൻ സമ്മതിക്കില്ല. ഭക്ഷണം കഴിക്കാൻ പോലും അമ്മയെ അനുവദിച്ചില്ല. ഫിലിപ്പച്ചനുവേണ്ടി അമ്മ ഏറെ ക്ലേശം സഹിച്ചതിന്റെ ദൃക്സാക്ഷികളിൽ ഞാനും പെടും. സ്കൂളിൽ പോയി തുടങ്ങിയപ്പോൾ "ഗം ബ്ലീഡിംങ്" കലശലായി. എന്നും സ്കൂളിൽ പോകുവാൻ കഴിഞ്ഞിരുന്നില്ല. തലയണ രക്തത്തിൽ കുളിച്ചുകിടക്കുന്ന രാത്രികളായിരുന്നു അധികവും. ശരീരം ക്ഷീണിച്ചു തളർന്ന് കിടന്നുറങ്ങുന്നതു കണ്ടാൽ വിഷമം തോന്നുമായിരുന്നു. സ്കൂൾ വിട്ട് സ്റ്റാച്യൂവിലുള്ള പച്ചമരുന്നു കടയിൽ പോയി കഷായത്തിന് മരുന്നും മറ്റു സാമാനങ്ങളും വാങ്ങുന്നത് എന്റെ പതിവു പരിപാടിയായിരുന്നു.

മുമ്പിലുള്ള ഇടവഴിയിൽകൂടി ചങ്ങല കിലുക്കി ആന വരുന്നു. ഞാൻ ആന എത്തുന്നതിനു മുമ്പ് ഇടവഴി മുറിച്ച് കിഴക്കേ പറമ്പിലേക്കോടി. എന്റെ പുറകെ ഓടിയ ഫിലിപ്പച്ചൻ ആനയുടെ മുമ്പിൽ തൊട്ടുതൊട്ടില്ല എന്ന നിലയിൽ. അമ്മ ഒച്ചവെച്ചതു കാരണം പാപ്പാൻ ആനയെ പിടിച്ചു നിർത്തി. എല്ലാവരും ഭയന്നു പോയി. ആന പോയി കഴിഞ്ഞപ്പോൾ കിഴക്കേ പറമ്പിലേക്കോടിയതിന്, 'കൊച്ചിനെ ഇപ്പം ആന കുത്തി കൊന്നേനെ' എന്നു പറഞ്ഞ് അമ്മ എന്നെ ശാസിച്ചു. അങ്ങനെ സംഭവങ്ങളുടെ പരമ്പര തന്നെ ഉണ്ട്. വിസ്തരഭയത്താൽ അതൊന്നും വിവരിക്കുന്നില്ല.

എരൂർ കോടംകുളങ്ങര പ്രൈമറി സ്കൂളിലും തൃപ്പൂണിത്തുറ ഗവണ്മെന്റ് ബോയ്സ് ഹൈസ്കൂളിലുമായിരുന്നു ഫിലിപ്പച്ചന്റെ വിദ്യാഭ്യാസം. ഞങ്ങൾക്ക് അന്ന് കുറച്ച് നെൽകൃഷി ഉണ്ടായിരുന്നു. എനിക്ക് ഓർമ്മ വെക്കുന്ന കാലത്ത് നടമേൽ മോഡൽ പഞ്ചായത്ത് റേഷൻ കടയിലായിരുന്നു അപ്പനു ജോലി. മാസം 30 രൂപ ശമ്പളം. പറമ്പിൽ നിന്ന് വരുമാനം കുറവായതു കൊണ്ട് വല്യേട്ടനും വല്യ പെങ്ങൾക്കും കാര്യമായ വിദ്യാഭ്യാസം ലഭിച്ചില്ല. എനിക്കോർമ്മ വെയ്ക്കുന്നതിനു മുമ്പ് അവരുടെ വിവാഹം കഴിഞ്ഞിരുന്നു. അപ്പനും അമ്മയ്ക്കും വിദ്യാഭ്യാസം തീരെ കുറവായിരുന്നു. കൊച്ചേട്ടനും പെങ്ങളും ഞാനും പത്താം ക്ലാസ്സ് വരെ പഠിച്ചു. കൊച്ചേട്ടൻ കലാകാരനായതുകൊണ്ട് നാടകങ്ങൾ എഴുതുകയും അഭിനയിക്കുകയും ചെയ്തു. ക്ലെച്ചു പിടിക്കുന്നില്ലെന്നു കണ്ട് പാരാമെഡിക്കൽ ഫീൽഡിലേക്കു തിരിഞ്ഞു. ഞാൻ മൂന്നു മാസത്തെ സർവ്വേ ട്രെയിനിംഗിനു പോയത് ബന്ധുക്കളുടെ സഹായം കൊണ്ടാണ്. കോഴ്സ് പൂർത്തിയാക്കിയ ശേഷം ജോലി ലഭിച്ചെങ്കിലും ശമ്പളം തീരെ കുറവായിരുന്നു. ഫിലിപ്പച്ചൻ പത്താം ക്ലാസ്സ് പാസ്സായശേഷം വിദ്യാഭ്യാസം നിലയ്ക്കുന്ന ഘട്ടത്തിലെത്തി. എല്ലാവരും കൈവെടിഞ്ഞെങ്കിലും പ്രീഡിഗ്രി പൂർത്തിയാക്കുവാൻ ഞാൻ സഹായിച്ചു.

എരൂരുള്ള ഏലിയാസ് അച്ചൻ ഫിലിപ്പച്ചന്റെ ഉറ്റ സുഹൃത്തായിരുന്നു. അതുകൊണ്ടായിരിക്കാം വൈദിക പഠനത്തിന് താൽപര്യം തോന്നിയതും. തീരാരോഗമുള്ളതുകൊണ്ടും സഭാവഴക്ക് നിലവിലുള്ളതുകൊണ്ടും വല്യച്ചാച്ചൻ (നടാപ്പുഴ അച്ചൻ) ഫിലിപ്പച്ചനെ നിരുത്സാഹപ്പെടുത്തി. ഞങ്ങളും വല്യച്ചാച്ചനോട് യോജിച്ചു. അപ്പൻ തൃപ്പൂണിത്തുറ വളപ്പിലെ പൗലോസ് മാർ ഗ്രീഗോറിയോസ് തിരുമേനിയെ കണ്ടു. അദ്ദേഹം അന്ന് കോട്ടയം വൈദിക സെമിനാരി പ്രിൻസിപ്പാളായിരുന്നു. തിരുമേനി അപ്പനെ സമാധാനിപ്പിച്ചു, അദ്ദേഹം ജീവിതകാലം മുഴുവൻ ഒരു സമാധാനപ്രിയനായിരുന്നു.

നിർബ്ബന്ധം പിടിച്ചപ്പോൾ പിന്നെയാരും എതിർത്തില്ല. ദയറാ പട്ടക്കാരനാകാനാണ് താൽപര്യമെന്ന് പറഞ്ഞപ്പോൾ വല്യേടത്തി എതിർത്തു. ഇടയ്ക്കുവെച്ച് ദയറാ പട്ടം എന്ന ആശയം ഉപേക്ഷിച്ചു. 1978 ആഗസ്റ്റ് മാസം അപ്പൻ മരിച്ചു. ശെമ്മാശ്ശനായിരിക്കുമ്പോൾ കോട്ടയത്തു നിന്നും ഫിലിപ്പച്ചൻ വിവാഹം കഴിച്ചു. ഞാൻ തൃപ്പൂണിത്തുറയിൽ പുതിയ വീട് വെച്ച് താമസിച്ചു. ഫിലിപ്പച്ചന് പിതൃസ്വത്തായി താമസിച്ചിരുന്ന വീടും ഒരേക്കറോളം പുരയിടവും ഒരേക്കറിൽ കൂടുതലുള്ള നിലത്തിന്റെ മൂന്നിലൊന്നും ഭാഗാധാരപ്രകാരം ലഭിച്ചു. അത് വിറ്റു തുപ്പംപടിയിൽ പഴയ ഒരു വീടും വീടിരിക്കുന്ന സ്ഥലവും ഒരേക്കറിൽ താഴെ വാങ്ങി. തലക്കോട് ബോയ്സ് ഹോമിന്റെ ചാർജ്ജായിരുന്നതുകൊണ്ടാണ് അവിടെ താമസിക്കാൻ തീരുമാനിച്ചത്. അതുവരെ എന്റെ വീട്ടിലായിരുന്നു താമസം. എന്റെ വീട്ടിൽ വെച്ചാണ് ഫിലിപ്പച്ചന്റെ വിവാഹ ചടങ്ങുകൾ നടത്തിയത്. കല്യാണത്തിന്

എല്ലാവരും ആത്മാർത്ഥമായി പങ്കെടുത്തു. അതുപോലെതന്നെ പട്ടംകൊട ശുശ്രൂഷയിലും കോട്ടയത്ത് ചെന്ന് എല്ലാവരും സംബന്ധിച്ചു. 1990-ൽ മരിക്കുന്നതുവരെ അമ്മ അച്ചന്റെ വീട്ടിൽ ഇടയ്ക്കിടയ്ക്ക് പോയി താമസിക്കുമായിരുന്നു.

കോട്ടയം സെമിനാരിയിൽ പഠിക്കുമ്പോഴും ഫിലിപ്പച്ചന് 'ഗം ബ്ലീഡിംഗ്' ഉണ്ടായിരുന്നു. കൂടുതലായി കോട്ടയം മെഡിക്കൽ കോളജ് ആശുപത്രിയിൽ അഡ്മിറ്റ് ചെയ്തു. സഹപാഠികളും സുഹൃത്തുക്കളും രക്തം ദാനം ചെയ്തു. അക്കൂട്ടത്തിൽ കോട്ടയത്തുള്ള ഒരു സർക്കിൾ ഇൻസ്പെക്ടർ ഉണ്ടായിരുന്നു. ഉറക്കത്തിൽ രോഗി പോലീസ് ഇൻസ്പെക്ടറായി മാറി സഹപാഠികളെ കുറ്റവാളികളാക്കി കസ്റ്റഡിയിൽ എടുത്ത് ക്വസ്റ്റ്യൻ ചെയ്തതായി പിന്നീട് ഒരു നർമ്മ കഥയെഴുതി സഭാമാസികയിൽ പ്രസിദ്ധീകരിച്ചത് അക്കാലത്ത് ഹ്യൂമറായി. എന്നേക്കാളും 8 വയസ്സിന് ഇളപ്പമുള്ള ഫിലിപ്പച്ചൻ 'ചാച്ചൂഞ്ഞെന്നു' എന്നെ വിളിച്ച് പുറകെ നടക്കുന്ന കളികൂട്ടുകാരനായിരുന്നു.

50 വയസ്സിനു ശേഷമാണ് കറസ്പോണ്ടൻസ് കോഴ്സ് വഴി കേരള യൂണിവേഴ്സിറ്റിയിൽ നിന്നും ഞാൻ പ്രീഡിഗ്രിയും ഡിഗ്രിയും പാസ്സായത്. എറണാകുളം സെന്ററിൽ ഡിഗ്രി പരീക്ഷ എഴുതുന്നതിന് ഞാനും ഭാര്യയും ഹാൾ അന്വേഷിച്ചു നടക്കുമ്പോൾ ആകസ്മികമായി ഫിലിപ്പച്ചനെ കണ്ടുമുട്ടി. അച്ചൻ എം.എ. പരീക്ഷ എഴുതാൻ വന്നതായിരുന്നു. പഠനം തുടർന്നത് അച്ചനും എനിക്കും പുതിയ അറിവായിരുന്നതുകൊണ്ട് ആശ്ചര്യമായി.

ജീവിതചര്യ, അനുഷ്ഠാനങ്ങൾ, ഊർജ്ജസ്വലത, നിശ്ചയദാർഢ്യം ഇവ ഫിലിപ്പച്ചന്റെ സവിശേഷതകളായിരുന്നു. മെറ്റാലിക് സ്വരമുള്ള തേജസ്സുറ്റ ഇമ്പമുള്ള പ്രാർത്ഥന, കുർബാന, പ്രൗഢഗംഭീരമായ സുവിശേഷപ്രസംഗം അദ്ദേഹത്തിന്റെ കൈമുതലായിരുന്നു. നേതൃത്വത്തെ തിരുത്തുന്നതിന് ഫിലിപ്പച്ചൻ എഴുതിയ രണ്ടു തുറന്ന കത്തുകൾ ഞാൻ വായിച്ചിട്ടുണ്ട്. സഭാസമാധാനത്തിനുതകുന്നതായിരുന്നു ആ കത്തുകൾ. ഫിലിപ്പച്ചന്റെ അകാല വിയോഗത്തിൽ ഞങ്ങൾ തീവ്രദുഃഖം അനുഭവിച്ചുകൊണ്ട് അദ്ദേഹത്തിന് സ്മരണാഞ്ജലികൾ അർപ്പിക്കുന്നു.

# പ്രിയ അമ്മാച്ചൻ

## കമാണ്ടർ സന്തോഷ് ജോൺ

ഫിലിപ്പച്ചൻ എന്റെ അമ്മച്ചിയുടെ പിതൃസഹോദരീ പുത്രനാണ്. എന്റെ Architecture പഠനശേഷം പ്രാക്ടീസ് ആരംഭിക്കുന്ന സമയത്ത് എല്ലാ കാര്യ ങ്ങളിലും അച്ചന്റെ പ്രാർത്ഥനയും ആശംസകളും സാന്നിദ്ധ്യവും ഉണ്ടായി രുന്നു. ബന്ധുക്കൾ എന്നതിലുപരി ഒരു സ്നേഹസൗഹൃദ ബന്ധമാണ് ഞങ്ങ ൾക്കുണ്ടായിരുന്നത്. രണ്ടു ധ്രുവങ്ങളിൽ നിൽക്കുമ്പോഴും വളരെയേറെ നല്ല ആശയങ്ങൾ പങ്കുവെയ്ക്കുകയും ചിന്തിക്കുകയും അതിനുവേണ്ടി പ്രാർത്ഥി ക്കുകയും ചെയ്യുവാൻ സാധിച്ചിരുന്നു. അച്ചനുമായി നേരിൽ കാണാൻ പല പ്പോഴും സാധിച്ചിരുന്നില്ലെങ്കിലും ഫോണിൽകൂടി ബന്ധം തുടർന്നു പോന്നി രുന്നു.

പ. മോറാൻ മോർ ഇഗ്നാത്തിയോസ് സഖാ പ്രഥമൻ പാത്രിയർക്കീസ് ബാവാ എഴുന്നള്ളിയ സമയത്ത് വെട്ടിക്കൽ എം.എസ്.ഒ.റ്റി. സെമിനാരിയിൽ വരികയും ഞങ്ങളുടെ ബന്ധം പറഞ്ഞ് ബാവായെ പരിചയപ്പെടുത്തുകയും തിരുമനസ്സുകൊണ്ട് തലയിൽ കൈവെച്ച് പ്രാർത്ഥിച്ച് അനുഗ്രഹിക്കുകയും ചെയ്തത് എന്റെ മനസ്സിൽ മങ്ങാതെ നിൽക്കുന്നു.

തലക്കോട് ബോയ്സ് ഹോമിന്റെയും ചാപ്പലിന്റെയും ഡിസൈൻ ആൻഡ് കൺസ്ട്രക്ഷന്റെ സമയത്താണ് ഞങ്ങൾ കൂടുതലായി അടുത്തിടപഴകിയത്. ഒരു ദിവസം വീട്ടിൽ വന്നിരുന്ന സമയത്ത് ഒരു തീപ്പെട്ടിയേക്കാൾ വലിപ്പം കുറഞ്ഞ ബൈബിൾ എന്റെ ശ്രദ്ധയിൽപെടുകയും, എന്റെ മുഖത്തെ കൗതു കവും താൽപര്യവും മനസ്സിലാക്കിയ അച്ചൻ എനിക്കത് സന്തോഷത്തോടെ സമ്മാനിക്കുകയും ചെയ്തത് കൃതജ്ഞതയോടെ ഓർക്കുന്നു. ആ ബൈബിൾ എന്റെ വിശുദ്ധ വസ്തു ശേഖരത്തിൽ കൃത്യമായി സൂക്ഷിച്ചി രിക്കുന്നു.

ഏതു കാര്യം എടുത്താലും അത് ഉദ്ദേശ്യശുദ്ധിയോടും താഴ്മയോടും ലക്ഷ്യബോധത്തോടും കൂടെ ദൈവത്തിൽ ആശ്രയിച്ച് നടത്തിയിരുന്ന ഫിലി പ്പച്ചൻ എല്ലാവർക്കും പ്രത്യേകിച്ച് വൈദികർക്ക് ഒരു ഉദാത്ത മാതൃകയാണ്. കാണുമ്പോഴും വിളിക്കുമ്പോഴും അമ്മാച്ചന്റെ സ്നേഹവാത്സല്യം ലഭിച്ചി രുന്നെന്ന് എനിക്ക് പ്രത്യേകാൽ പറയാൻ കഴിയും. പ്രിയ അച്ചന്റെ ആത്മ ശാന്തിക്കായി പ്രാർത്ഥിക്കുന്നു.

# എന്റെ ആത്മീയ സഹോദരന് പ്രാർത്ഥനയോടെ

## സൂസമ്മ സുരേഷ് കരിക്കാടൻപാക്കിൽ

ഫിലിപ്പച്ചൻ എന്ന പൗരോഹിത്യ വ്യക്തിത്വത്തെ ഒരു നിമിഷം മാറ്റി നിർത്തി ഞാൻ എന്റെ ബന്ധുത്വത്തിന്റെ കാഴ്ചപ്പാടിലൂടെ നോക്കിക്കാണുമ്പോൾ ഒറ്റ വാക്കിൽ പറഞ്ഞാൽ, വളരെ സ്നേഹവാനും സൗമ്യനും പ്രസന്നവദനനുമായ എന്റെ മൂത്ത സഹോദരനായിരുന്നു അദ്ദേഹം. അച്ചനോട് സഹോദരനിർവിശേഷമായ സ്നേഹാദരവുകൾ എന്റെ മനസ്സിൽ ഞാൻ എന്നും സൂക്ഷിച്ചിരുന്നു. ജ്ഞാനവും അറിവും അലിവുമുള്ള ഒരു ആത്മീയ ശ്രേഷ്ഠനെയാണ് ആ വേർപാടിലൂടെ ഞങ്ങൾ ബന്ധുക്കൾക്ക് നഷ്ടമായത്.

ഫിലിപ്പച്ചനുമായുള്ള എന്റെ ആത്മബന്ധത്തിന് എന്റെ വിവാഹത്തോളം പഴക്കമുണ്ട്. കാരണം അദ്ദേഹത്തിന്റെ ഭാര്യ എന്റെ നാത്തൂനാണ്. ഞാൻ കത്തോലിക്കാ സമുദായത്തിൽ നിന്നു വന്ന വ്യക്തിയാണ്. എന്റെ ഇടവക പ്പള്ളി കുടമാളൂരാണ്. പുരോഹിതന്മാരെ ഞാൻ എന്റെ മനസ്സിൽ ദൈവ തുല്യരായാണ് കാണുന്നത്. വി. അൽഫോൻസാമ്മയും വി. ചാവറയച്ചനും ജന്മംകൊണ്ടും കർമ്മംകൊണ്ടും പരിലസിച്ചിരുന്ന, ആ പാദസ്പർശം കൊണ്ട് അനുഗൃഹീതമായ പുണ്യഭൂമിയിൽ ബാല്യ, കൗമാര, യൗവന കാലങ്ങൾ കഴിച്ചുകൂട്ടിയതുകൊണ്ടാവാം ആത്മീയതയോട് ഒരു താൽപര്യം എന്നിൽ എപ്പോഴും ഉണ്ടായിരുന്നത്. തീർച്ചയായും അങ്ങനെയുള്ള ഒരു കാഴ്ചപ്പാടിന്റെ പിൻബലമായിരിക്കണം ഫിലിപ്പച്ചനുമായുള്ള എന്റെ ആത്മബന്ധത്തിന് നിറം കൂട്ടിയത്. സമാനമായ അഭിരുചികൾ ഉള്ളവരിൽ അവർ പോലും അറിയാതെ ഒരു ഇഴയടുപ്പം ഉണ്ടാകുമല്ലോ. അതുകൊണ്ടാകാം എന്റെ സങ്കടങ്ങളും സന്തോഷങ്ങളും ആശയങ്ങളും ഒക്കെ പങ്കുവയ്ക്കാൻ പറ്റുന്ന ഒരു മൂത്ത സഹോദരനെ ഞാൻ അച്ചനിൽ കണ്ടത്. ദീപ്തമായ ആ ഓർമ്മകളുടെ തിരതള്ളലാണ് ഈ നിമിഷങ്ങളിൽ എന്നിലൂടെ കടന്നുപോകുന്നത്.

അച്ചനെ കാണാൻ അദ്ദേഹത്തിന്റെ വീട്ടിൽ ചെന്നപ്പോഴൊക്കെ അച്ചനിൽ നിന്ന് കിട്ടിയ നിഷ്ക്കളങ്ക സ്നേഹത്തിന്റെ സുഖദമായ ഓർമ്മ മനസ്സിൽ ഒരു വിങ്ങലായി കിടക്കുന്നു. ഇനിയും ലഭിക്കാൻ ഇടയില്ലാത്ത ആ മൃദുസാമീപ്യം ഒരു നോവാവുമ്പോഴും അച്ചൻ തന്ന സ്നേഹവാത്സല്യങ്ങളും കരുതലും ഞാൻ ഓർമ്മപ്പെടുത്തട്ടെ. എത്രമാത്രം തിരക്കുണ്ടെങ്കിലും ഞങ്ങൾ ചെല്ലുമ്പോൾ അതെല്ലാം മാറ്റിവച്ച് ഞങ്ങൾക്ക് ഭക്ഷണം തരാനും

കഴിപ്പിക്കാനുമൊക്കെ അച്ചൻ കൂടെ നിൽക്കും. ചെറിയ ചെറിയ വിശേഷ ങ്ങൾപോലും വളരെ ശ്രദ്ധയോടും ആവേശത്തോടുമാണ് അദ്ദേഹം കേട്ടി രിക്കാറ്. എവിടെയെങ്കിലും വിദേശയാത്ര പോയിവരുമ്പോൾ എന്തെങ്കിലു മൊക്കെ സമ്മാനങ്ങൾ അദ്ദേഹം ഞങ്ങൾക്കായി കരുതിയിരിക്കും. അതൊക്കെ കിട്ടുമ്പോൾ എന്നെ സന്തോഷിപ്പിച്ചത് ആ മനസ്സിലെ ഞങ്ങ ളോടുള്ള കരുതലായിരുന്നു. എന്റെ ചാച്ചൻ മരിച്ചപ്പോൾ അച്ചൻ സ്ഥലത്തി ല്ലായിരുന്നു. പിന്നീട് അമ്മയെ കാണാനും ആശ്വസിപ്പിക്കാനും അച്ചൻ വീട്ടിൽ വന്നു. അതെന്റെ പ്രായമായ അമ്മയ്ക്ക് വളരെ ആശ്വാസമായിരുന്നു. ഒരു പുരോഹിതൻ തന്നെ കാണാൻ വന്നതിലായിരുന്നു അമ്മയ്ക്ക് വലിയ സന്തോഷം. തന്നെ കാണാനും അല്പസമയം പ്രാർത്ഥിക്കാനുമൊക്കെ മനസ്സ് കാണിച്ച അച്ചനെക്കുറിച്ച് വളരെ സന്തോഷത്തോടുകൂടി അമ്മ പറ ഞ്ഞത് ഞാൻ നന്ദിയോടെ ഓർക്കുന്നു. എന്റെ ആത്മീയമായ സംശയങ്ങ ൾക്ക് നല്ലൊരു വിശദീകരണത്തോടുകൂടി മറുപടി തരാനും എന്റെ വിഡ്ഢി ചോദ്യങ്ങൾ പോലും ക്ഷമയോടു കൂടി കേട്ടിരിക്കാനും അച്ചൻ ശ്രദ്ധിച്ചി ട്ടുണ്ട്. ഒന്ന് ഈർഷ്യപ്പെടുകപോലും ചെയ്തിട്ടില്ല. അസുഖം കൊണ്ട് അവ ശനായിരുന്ന ദുരവസ്ഥയിൽപോലും ഒരു ദൈവിക തേജസ്സ് ആ മുഖത്തു ണ്ടായിരുന്നു.

വിളിക്ക് യോഗ്യമായ രീതിയിൽ തന്റെ പൗരോഹിത്യ ശുശ്രൂഷ ഭംഗി യായി നിർവഹിച്ചാണ് അച്ചൻ നമ്മോട് വിടപറഞ്ഞത്. ദൂതസംഘത്തോ ടൊപ്പം അത്യുന്നതനായ ദൈവപിതാവിന് സ്തുതിഗീതങ്ങൾ പാടി സ്വർഗ്ഗ സൗഭാഗ്യത്തിന്റെ ആനന്ദത്തിലേക്ക് എന്റെ ആചാര്യസഹോദരൻ എത്തി ച്ചേരട്ടെ എന്ന പ്രാർത്ഥനയോടെ നിർത്തുന്നു.

# ക്രിസ്തീയ ജീവിതത്തിന്റെ നേർക്കാഴ്ച

## അഡ്വ. കെ. വി. സാബു, തൃപ്പൂണിത്തുറ

'അച്ചൻചാച്ചൻ' എന്നു ഞങ്ങൾ വിളിക്കുന്ന സ്വർഗ്ഗീയ കെ. റ്റി. ഫിലിപ്പ് അച്ചനുമായി ഏതാണ്ട് മൂന്നു പതിറ്റാണ്ടോളം ബന്ധം എനിക്കുണ്ട്. അച്ചന്റെ ജ്യേഷ്ഠൻ കെ. റ്റി. പത്രോസിന്റെ മകൾ മജുനുവിനെ വിവാഹം ചെയ്ത 1989-നു മുമ്പേ തുടങ്ങിയ ബന്ധമായിരുന്നു ഞങ്ങളുടേത്. മലങ്കര ഓർത്തഡോക്സ് സഭയുടെ പുരോഹിതനാകുന്നതിൽ സ്വന്ത സഹോദരങ്ങളും ബന്ധുക്കളും വിലക്കിയിട്ടും തന്റെ തനതായ അഭിപ്രായങ്ങൾക്കും വിശ്വാസങ്ങൾക്കും യാതൊരു കോട്ടവും തട്ടാതെ സ്വജീവിതം നയിക്കുവാനും, അവസാനം വരെ ഒരു നല്ല അജപാലകനായിരിക്കുവാനുമുള്ള ഇച്ഛാശക്തിയും അച്ചനുണ്ടായിരുന്നു.

എന്റെ വിവാഹത്തിനു ശേഷമാണ് അച്ചനുമായുള്ള ബന്ധം വളരെ സുദൃഢമാകുന്നത്. ഞാൻ അന്നും ഇന്നും ഒരു എക്യുമെനിക്കൽ ക്രിസ്തീയതയിൽ വിശ്വസിക്കുന്ന ആളായതുകൊണ്ടും അച്ചന്റെ മനസ്സും ഏതാണ്ട് എല്ലാ സഭകളോടും സ്നേഹവും വാത്സല്യവും പുലർത്തുന്നതുകൊണ്ടും അച്ചന്റെ മരണംവരെ ഞങ്ങളുടെ ബന്ധം അനുഗ്രഹപ്രദമായി കാത്തുസൂക്ഷിക്കുവാൻ സാധിച്ചു. മലങ്കര ഓർത്തഡോക്സ് സഭയുടെ പ. ബസേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതീയൻ കാതോലിക്കാ ബാവായ്ക്കും സഖറിയാസ് മാർ അന്തോണിയോസ് തിരുമേനിക്കും അച്ചനോടുള്ള സ്നേഹവും ബഹുമാനവും എനിക്ക് നേരിട്ടറിയുവാൻ സാധിച്ചിട്ടുള്ളതാണ്. ബി.ജെ.പി. യുടെ ന്യൂനപക്ഷമോർച്ച സംസ്ഥാന അദ്ധ്യക്ഷൻ-ദേശീയ സെക്രട്ടറി എന്ന നിലകളിൽ ഞാൻ പ. ബാവായെ സന്ദർശിച്ചപ്പോൾ എന്റെ കൊച്ചപ്പനാണ് ഫിലിപ്പച്ചനെന്നറിയിച്ചപ്പോൾ ബാവാ തിരുമേനിയുടെ മുഖത്തിന്റെ പ്രസന്നത ആ സന്തോഷം വിളിച്ചോതുന്നതായിരുന്നു. 2019-ൽ കൊല്ലം പാർലമെന്റിൽ ഞാൻ മത്സരിക്കുമ്പോൾ സഖറിയാസ് മാർ അന്തോണിയോസ് തിരുമേനിയെ സന്ദർശിച്ചപ്പോൾ ഞാൻ സ്വർഗ്ഗീയ ഫിലിപ്പച്ചന്റെ ബന്ധുവാണെന്നറിയിച്ചപ്പോഴുണ്ടായ ആ താൽപര്യം പറഞ്ഞറിയിക്കാൻ സാധിക്കാത്തതാണ്.

# ഓർത്തഡോക്സ് വിശ്വാസത്തിൽ ഉറച്ചുനിന്നു

## ജോൺസൺ ചെമ്പാലിൽ വെട്ടിത്തറ

സൗമ്യനും, കർത്താവിൽ വിശ്വാസ തീക്ഷ്ണതയുമുള്ള ഒരു വ്യക്തി ആയിരുന്നു കെ. റ്റി. ഫിലിപ്പച്ചൻ. 1994-ൽ എന്റെ വിവാഹാനന്തരമാണ് ഞാൻ അച്ചനുമായി അടുത്ത ബന്ധത്തിൽ ആകുന്നത്. എന്റെ ഭാര്യാമാതാവിന്റെ ഏറ്റവും ഇളയ കൊച്ചപ്പനാണ് അച്ചൻ.

വ്യക്തിബന്ധങ്ങൾ ഊഷ്മളതയോടെ കൊണ്ടുനടന്നിരുന്ന അച്ചൻ പരിചയപ്പെടുന്ന വ്യക്തികളെ ആഴത്തിൽ മനസ്സിലാക്കുകയും അവർക്ക് ആവശ്യമായ സഹായം ചെയ്തുകൊടുക്കുകയും തുടർന്നും ക്ഷേമാന്വേഷണങ്ങൾ ആരായുകയും ചെയ്യുമായിരുന്നു. എന്റെ അതേ തലത്തിലുള്ള കുടുംബ ബന്ധുക്കൾ അച്ചന് വേറെ ഉണ്ടെങ്കിലും ഞാനും അച്ചനുമായി കുടുംബ ബന്ധത്തേക്കാളുപരി ആത്മബന്ധം ഉണ്ടായിരുന്നു. അത്, പക്ഷേ ഞാൻ ഒരു ഓർത്തഡോക്സ് വിശ്വാസി ആയതിനാലാകാം.

തന്റെ ഓർത്തഡോക്സ് വിശ്വാസത്തെ തള്ളിപറയാൻ സഹോദരങ്ങളുടേയും മാതുലനായ അച്ചന്റേയും നിർബന്ധം ഉണ്ടായപ്പോൾ, 'കർത്താവ് എന്നെ തിരഞ്ഞെടുത്ത് സംരക്ഷിക്കുന്നവനാണ്' എന്ന ഉത്തമബോദ്ധ്യത്തോടെ ഉറച്ചുനിന്നവനാണ് അച്ചൻ. ഞാനും അച്ചനും തമ്മിലുള്ള സമാനതകളിൽ ഒന്ന് ഞങ്ങൾ രണ്ടുപേരുടേയും കുടുംബത്തിൽ ഓർത്തഡോക്സ് വിശ്വാസത്തിൽ വളർന്നു വന്ന ഒറ്റപ്പെട്ട കുടുംബങ്ങളാണ് ഞങ്ങളുടേത് എന്നതാണ്. അതിനാൽ പല തിക്താനുഭവങ്ങൾ ഞങ്ങൾ രണ്ടുപേരും അഭിമുഖീകരിച്ചിട്ടുണ്ട്. സ്വർഗ്ഗസ്ഥനായ പിതാവ് അച്ചന്റെ ആത്മാവിന് നിത്യശാന്തി നൽകട്ടെ എന്ന് ഞങ്ങൾ പ്രാർത്ഥിക്കുന്നു.

# സ്വർഗ്ഗത്തിൽ മാലാഖമാരോടൊത്ത് നമുക്കുവേണ്ടി മദ്ധ്യസ്ഥത അണയ്ക്കുന്ന ഫിലിപ്പച്ചൻ


## ഡോ. പോൾ പുത്തൂരാൻ

(ലൂർദ് ആശുപത്രി, എറണാകുളം)


നീണ്ട 5 പതിറ്റാണ്ടിലേറെയായി തുടരുന്ന എന്റെ രോഗീപരിചരണ ശുശ്രൂഷയിൽ ഒട്ടേറെ ഊഷ്മള സ്നേഹം പകർന്നു തന്നിട്ടുള്ള വ്യക്തികളുടെ ഓർമ്മകളാണ് നുരഞ്ഞ് പൊങ്ങുന്നത്. ആ ഓർമ്മത്താളുകളിൽ ഒരു വെള്ളി നക്ഷത്രം പോലെ ഉദിച്ചുനിൽക്കുന്ന ഒരു വ്യക്തിത്വത്തെ പരിചയപ്പെടുത്തട്ടെ! - ഫാ. കെ. റ്റി. ഫിലിപ്പ്.

1970-കളിൽ ശെമ്മാശ്ശനായി ദൈവശുശ്രൂഷാരംഗത്ത് അർപ്പണ മനോഭാവത്തോടെ അദ്ദേഹം പ്രവർത്തിച്ചിരുന്ന കാലം. ഓർമ്മയുടെ താളുകൾ മറിക്കുമ്പോൾ ഒരു ദന്തചികിത്സയ്ക്കായാണ് അദ്ദേഹം കോലഞ്ചേരി മെഡിക്കൽ മിഷൻ ആശുപത്രിയിലേക്ക് കടന്നുവരുന്നത്. അതിനെ തുടർന്നുള്ള ചികിത്സയിൽ രക്തസ്രാവം നിൽക്കാതെ വന്നു. അപ്പോൾ തന്നെ അവിടെ ലഭ്യമായ പരിശോധനകൾ നടത്തിയെങ്കിലും സുവ്യക്തമായ കാരണമൊന്നും തന്നെ കണ്ടുപിടിക്കാൻ സാധിച്ചില്ല. മനുഷ്യശരീരത്തിൽ രക്തസഞ്ചാരത്തെ സുഗമമാക്കുന്നത് ശക്തമായ ഒരു സമതുലിതാവസ്ഥയിലൂടെയാണ് (Dynamic Equilibrium). ഒരേ സമയം രക്തത്തെ കട്ടപിടിപ്പിക്കുകയും അതേസമയം ഡിസോൾവ് ചെയ്യുന്നതുമായ ഒരു പ്രക്രിയ രക്തചംക്രമണത്തിൽ അതിതീവ്രതയോടെ അനുനിമിഷം നടക്കുന്നുണ്ട്. അന്ന് അവിടെ ലഭ്യമായ ചികിത്സകൾ ഒന്നുംതന്നെ ഫലം കാണാതെ വന്നപ്പോൾ, അദ്ദേഹത്തെ വിദഗ്ദ്ധ ചികിത്സയ്ക്കായി സി.എം.സി. വെല്ലൂർ ആശുപത്രിയിലെ പ്രൊഫസർ കാർമ്മന്റെ പക്കലേക്ക് അയയ്ക്കാൻ തീരുമാനിക്കുകയുണ്ടായി. രക്തത്തിലെ platelates ൽ അവിടെ വെച്ച് നടത്തിയ വിദഗ്ദ്ധ പരിശോധനയിൽ അദ്ദേഹത്തിന് അത്യപൂർവ്വമായ 'ഗ്ലാൻസ്മെൻ ഡിസീസ്' (Glanzman) ആണെന്ന് കണ്ടെത്തുകയുണ്ടായി.

വെല്ലൂർ ആശുപത്രിയിലെ ചികിത്സയിൽ നിന്നും തിരിച്ചെത്തിയതിനുശേഷമുള്ള ശിഷ്ടകാലമത്രയും ഞാനായിരുന്നു അദ്ദേഹത്തിന്റെ ചികിത്സകൻ. അദ്ദേഹത്തിന്റെ ലാളിത്യം നിറഞ്ഞ ജീവിതശൈലിയും നിഷ്കളങ്കമായ സ്നേഹവും എന്നെ അദ്ദേഹത്തിലേക്ക് കൂടുതൽ ആകൃഷ്ടനാക്കുകയായിരുന്നു. അദ്ദേഹത്തിന് എന്നിലുള്ള അകമഴിഞ്ഞ വിശ്വാസത്താൽ

വർഷങ്ങൾ കഴിയുന്തോറും ഞങ്ങൾക്കിടയിൽ ആഴത്തിൽ വേരൂന്നിയ സൗഹൃദം രൂപപ്പെട്ടു വന്നു. ഞങ്ങളുടെ സുഹൃദ്‌വലയത്തിലേക്ക് മെല്ലെ അദ്ദേഹത്തിന്റെ പ്രിയ പത്നിയും മകൻ മീഖായും കടന്നുവരികയുമുണ്ടായി.

ചരിത്രം സാക്ഷ്യം വഹിക്കുന്നതായിരുന്നു ഞങ്ങൾ തമ്മിലുള്ള സൗഹൃദം.

അത്യപൂർവ്വമായ ഈ അസുഖം നിമിത്തം tooth Extraction നു വേണ്ടി അദ്ദേഹത്തിന് നിരവധി തവണ ആശുപത്രിവാസം വേണ്ടിവരികയും, ഒന്നിലധികം തവണ രക്തം കയറ്റേണ്ടതായി വരികയും ചെയ്തു. കാലങ്ങൾ കടന്നുപോകവെ, ഞാൻ 1988-ൽ ലൂർദ് ആശുപത്രിയിൽ സേവനം ആരംഭിച്ചു. എന്നാൽ ഞങ്ങൾക്കിടയിലുള്ള സൗഹൃദം വളർന്നുകൊണ്ടേയിരുന്നു. പിന്നീടുള്ള എന്റെ തിരക്കേറിയ ഔദ്യോഗിക ജീവിതത്തിലുടനീളം സ്നേഹനിർഭരമായ നിരവധി നിമിഷങ്ങൾ എനിക്ക് അദ്ദേഹവുമായി പുലർത്തുവാൻ സാധിച്ചു.

വിദേശയാത്രകൾ കഴിഞ്ഞ് വരുമ്പോൾ അദ്ദേഹം എനിക്കായി പ്രത്യേകം നൽകിയിരുന്ന സ്നേഹസമ്മാനങ്ങൾ ഇന്നും ഞാൻ ഒരു നിധിയായി കാത്തുസൂക്ഷിക്കുന്നു.

കാലങ്ങൾ കഴിയുന്തോറും അദ്ദേഹത്തിന്റെ അവസ്ഥയും സങ്കീർണ്ണമായി തന്നെ തുടർന്നു. ഇതിനിടെ അദ്ദേഹത്തിന് നെഞ്ചുവേദന അനുഭവപ്പെടുകയും അത് ശസ്ത്രക്രിയയിലൂടെ മാറ്റാൻ സാധിക്കുമോ എന്നറിയാൻ ഞാൻ അദ്ദേഹത്തെ വീണ്ടും സി.എം.സി. വെല്ലൂരിലേക്ക് അയച്ചു. എന്നാൽ അത് പരാജയപ്പെട്ടത് അദ്ദേഹത്തെ തീർത്തും ദുഃഖത്തിലാഴ്ത്തി.

ഫിലിപ്പച്ചൻ ഇന്ന് നമ്മോടൊപ്പം ഇല്ല. എങ്കിലും അദ്ദേഹം സ്വർഗ്ഗത്തിൽ മാലാഖമാരോടൊത്ത് ചേർന്ന് നമുക്കുവേണ്ടി എന്നും മദ്ധ്യസ്ഥം വഹിക്കുന്നു. അദ്ദേഹത്തിന്റെ നിഷ്കളങ്ക സ്നേഹം ഇന്നും മനസ്സിൽ മായാത്ത ഒരു ഓർമ്മയായി നിലനിൽക്കുന്നു.

*(രോഗാതുരനായപ്പോൾ മുതൽ നിത്യതയിലേക്ക് പ്രവേശിക്കുന്നതു വരെ ഫിലിപ്പച്ചനെ കോലഞ്ചേരി മെഡിക്കൽ മിഷൻ ആശുപത്രി മുതൽ ലൂർദ് ആശുപത്രി വരെ ശാരീരിക-മാനസിക സാന്ത്വനം നൽകിയ ഡോ. പോൾ പുത്തൂരാനെ ഞങ്ങൾ എന്നും ഓർക്കും. - എഡിറ്റർ)*

# പരിശുദ്ധാത്മ ഫലങ്ങളുടെ നിറവായിരുന്ന വൈദികശ്രേഷ്ഠൻ

## ജോസ് കുര്യൻ പുളിയേരിൽ

മലങ്കര ഓർത്തഡോക്സ് സുറിയാനി സഭയിലെ അംഗങ്ങൾക്കിടയിൽ മാത്രമല്ല ഇതരസഭാ വിശ്വാസികൾക്കിടയിലും, ഇതര മതസ്ഥരുടെ ഇടയിലും ഇത്രമാത്രം സ്വാധീനം ചെലുത്തിയിട്ടുള്ള മഹത് വ്യക്തികളുടെ സംഖ്യ തുലോം പരിമിതമാണ്. ബഹു. കെ. റ്റി. ഫിലിപ്പ് അച്ചൻ ജീവിച്ചിരുന്നിടത്തോളം കാലം തികഞ്ഞ ദൈവാശ്രയത്തിൽ പുണ്യജീവിതം നയിച്ച് മറ്റുള്ളവർക്ക് ഉത്തമ മാതൃകയും വഴികാട്ടിയുമായി. അച്ചന്റെ പരിപാവന സ്മരണയ്ക്ക് മുമ്പിൽ വിനീതനായി ആദരാഞ്ജലികൾ അർപ്പിക്കുന്നു.

ഊർജ്ജസ്വലനായ സംഘാടകൻ, ആത്മാർത്ഥത നിറഞ്ഞ സേവനസന്നദ്ധൻ, വിശ്വാസ സ്ഥിരതയുടെ അവകാശി, ദൈവാശ്രയവും, ദൈവഭയവും, ദൈവഭക്തിയും നിറഞ്ഞ വ്യക്തി, ഉത്തമ വൈദികശ്രേഷ്ഠൻ എന്നീ നിലകളിൽ നിറവോടെ ശോഭിച്ചിരുന്ന അച്ചന്റെ സ്വതസിദ്ധമായ സത്സ്വഭാവങ്ങളും എളിമയും വിനയവും പരോപകാര തത്പരതയും വളരെയേറെ ശ്രേഷ്ഠവും ഏവർക്കും അനുകരണീയവുമാണ്. അച്ചന്റെ തിളക്കമാർന്ന ജീവിതത്തിൽ ശോഭ പകർന്നത് തീർച്ചയായും അദ്ദേഹത്തിൽ ഉണ്ടായിരുന്ന പരിശുദ്ധാത്മ ഫലങ്ങളുടെ പ്രതിഫലനമായിരുന്നുവെന്ന് വേർതിരിച്ചറിയുവാൻ വലിയ പ്രയാസമൊന്നുമില്ല.

തലക്കോടുള്ള പരുമല മാർ ഗ്രീഗോറിയോസ് ചാരിറ്റബിൾ ട്രസ്റ്റിന്റെ കീഴിലുള്ള സ്ഥാപനങ്ങളിലും അച്ചന്റെ സാന്നിദ്ധ്യമുണ്ടാവുമ്പോൾ എവിടെയും സ്നേഹം ആഴത്തിൽ വേരോടണമെന്ന താൽപര്യവും ഉത്സാഹവും പ്രകടിപ്പിച്ചു വന്നത് പലപ്പോഴും നേരിൽ ദർശിക്കുവാനും അടുത്തറിയുവാനും എനിക്കും ഭാഗ്യം സിദ്ധിച്ചിട്ടുണ്ട്.

ഏതാനും വർഷങ്ങൾക്കു മുമ്പ് അച്ചനെ അബുദബി സെന്റ് ജോർജ് ഓർത്തഡോക്സ് കത്തീഡ്രലിന്റെ കീഴിൽ അന്ന് നിലനിന്നിരുന്ന അലൈൻ കോൺഗ്രിഗേഷനിൽ (ഇന്നത്തെ സെന്റ് ഡയനീഷ്യസ് ഇടവക) വി. കഷ്ടാനുഭവ ആഴ്ച ശുശ്രൂഷകൾ നടത്തുവാൻ ക്ഷണിച്ചതനുസരിച്ച് അച്ചൻ ഒരാഴ്ച അലൈൻ കോൺഗ്രിഗേഷനിൽ വിശ്വാസികളുടെ ഹൃദയം കവർന്ന സേവനം അനുഷ്ഠിച്ചു. സാധാരണ അലൈനിലേക്ക് ക്ഷണിക്കപ്പെടുന്ന വൈദികർക്ക് അബുദബി ഇടവക തരപ്പെടുത്തുന്ന ഒരു മാസത്തെ വിസ ആണ്. ഒരാഴ്ച അലൈനിലും ബാക്കി മൂന്നാഴ്ച ഇതര ഭാഗങ്ങളിലും സന്ദർശനം നടത്താനുള്ള സൗകര്യത്തിലായിരുന്നു. ഫിലിപ്പച്ചൻ അലൈനിലെ

സേവനം പൂർത്തിയാക്കി അബുദബിയിൽ തിരിച്ചെത്തി രണ്ടു ദിവസം കഴിഞ്ഞപ്പോൾ നാട്ടിൽ നിന്നും അച്ചന് ഒരു ദുഃഖകരമായ സന്ദേശം ലഭിച്ചു. അച്ചന്റെ ഏക മകൻ മീഖായെ നായ് കടിച്ചു. വാർത്ത ശ്രവിച്ച ഉടനെ അച്ചൻ അസ്വസ്ഥനായെന്ന് മാത്രമല്ല എത്രയുംവേഗം നാട്ടിൽ എത്താൻ വെമ്പൽ പൂണ്ടു. പലരും നിർബ്ബന്ധിച്ചിട്ടും അച്ചൻ സകല ശേഷിച്ച പരിപാടികൾ ഉപേക്ഷിച്ച് കിട്ടിയ ആദ്യത്തെ വിമാന ടിക്കറ്റ് ഉപയോഗിച്ച് നാട്ടിലെത്തി. അച്ചന്റെ ലോലഹൃദയം അദ്ദേഹത്തിന്റെ ആഴമായ സ്നേഹത്തിന്റെ പ്രകാശനമായിരുന്നു. സ്നേഹത്തിൽ വസിക്കുന്നവൻ ദൈവത്തിൽ വസിക്കുന്നു. ഞാൻ അവനിലും വസിക്കുന്നു എന്ന വേദവാക്യം എത്രയോ സത്യമാണെന്നറിയുവാൻ അച്ചന്റെ ജീവിതം മനസ്സിലാക്കാൻ ശ്രമിക്കുന്നവർക്ക് വളരെ എളുപ്പം സാധിക്കും.

ദീർഘക്ഷമ എന്നത് വിശുദ്ധ ജീവിതത്തിന്റെ പരിപാലനത്തിന് ഉപേക്ഷിക്കാനാവാത്ത ഘടകമാണെന്ന വ്യക്തമായ ധാരണയിൽ സമ്പന്നനായിരുന്നു അച്ചൻ. കുടുംബബന്ധങ്ങളിലും സഭാജീവിതങ്ങളിലും സ്നേഹക്കുറവുണ്ടാകുമ്പോഴാണല്ലോ പിണക്കവും ഈർഷ്യയും പകയും വിദ്വേഷവും വർദ്ധിക്കുന്നത്. ആധുനിക മനുഷ്യൻ ക്ഷമിക്കാനും മറക്കാനും വളരെ വിസ്സമ്മതനാണ് എന്ന സത്യം അറിഞ്ഞുകൊണ്ടുതന്നെ അച്ചൻ ഈ വിഷയത്തിൽ തന്റെ അഭിപ്രായവും ഉപദേശവും നൽകിവന്നിരുന്നു. അച്ചൻ പ്രത്യേക പ്രാധാന്യം നൽകി മറ്റുള്ളവരെ ഉദ്ബോധിപ്പിച്ച് വന്നിരുന്ന ഒരു ഹ്രസ്വ ഉപദേശമായിരുന്നു forget and forgive (മറക്കുകയും ക്ഷമിക്കുകയും ചെയ്യുക) എന്നത്. ക്ഷമിക്കുന്ന കാര്യങ്ങൾ ഓർമ്മയിൽ നിലനിർത്താതെ പാടേ മറന്നുകളയണമെന്ന ഉപദേശം മൂലം അനേകരെ രക്ഷയുടെ മാർഗ്ഗത്തിലെത്തിക്കുവാൻ അച്ചന് കഴിഞ്ഞിരുന്നു. ക്ഷമിച്ചാലും മറക്കാൻ മടിക്കുന്നവരാണ് നമ്മിൽ പലരും. ദീർഘക്ഷമ നമ്മോട് തെറ്റു ചെയ്തവരോടും വേഗം ക്ഷമിക്കുവാനും അവരുടെ തെറ്റ് ഓർമ്മയിൽ നിന്നും മായിച്ചുകളയുവാനും വളരെ ഇമ്പകരമായി സാധിച്ചിരുന്ന ഒരു ശ്രേഷ്ഠ വ്യക്തിത്വമായിരുന്നു അച്ചന്റേത്.

ദയ എന്നത് സ്നേഹത്തിന്റെ പ്രായോഗിക വശം തന്നെയെന്ന അഭിപ്രായമായിരുന്നു അച്ചൻ പലപ്പോഴും സൂചിപ്പിച്ചിട്ടുള്ളത്. ദയ അഥവാ അനുകമ്പ അർഹിക്കുന്നവരാണ് മനുഷ്യവംശത്തിലെ എല്ലാവരും. എന്നാൽ എന്തെങ്കിലും കാരണത്താൽ ഒരാളുടെയോ അനേകരുടെ ജീവിതങ്ങളിൽ ദയ കുറയുന്നെങ്കിൽ, അത് തിരുത്തി ദയ നൽകി ആശ്വാസവും സമാധാനവും പങ്കുവെയ്ക്കുക എന്നത് ഓരോ വ്യക്തിയുടെയും ചുമതലയാണ്. സ്നേഹം പകരുന്നത് സത്യത്തിൽ ദയയുടെ പ്രകടനമാണ്. മനുഷ്യരോടായാലും മറ്റു ജീവജാലങ്ങളോടായാലും സ്നേഹം പകരുന്നതിനാണ് ദയ എന്ന് പറയുന്നതെന്നായിരുന്നു അച്ചന്റെ പക്ഷം. ദീർഘക്ഷമയെപ്പറ്റി

പഠിപ്പിക്കുക മാത്രമല്ല സ്വജീവിതത്തിൽ ഏറെ കരുതലോടെ കൈകാര്യം ചെയ്ത ഒരു ധന്യ വ്യക്തിയാണ് അച്ചൻ.

പരോപകാരം എന്നതും യഥാർത്ഥ സ്നേഹത്തിന്റെ ഒരു പ്രകടനമാണ്. ജാതി-മത-സാമൂഹ്യ വേർതിരിവുകൾക്ക് അതീതമായി മനുഷ്യനെ മനുഷ്യനായി കാണാനും സ്നേഹിക്കാനും കെൽപ്പുള്ള ഒരു വ്യക്തിക്കേ പരോപകാരത്തിന്റെ അർത്ഥം ഉൾക്കൊള്ളാനാവൂ. പരോപകാരം മനുഷ്യജീവിതത്തിലെ അവിഭാജ്യഘടകമായി കണ്ട് ധാരാളമായി പരോപകാരം ചെയ്ത ഒരു വ്യക്തിയാണ് ഫിലിപ്പ് അച്ചൻ. സ്വകാര്യ സംഭാഷണങ്ങളിൽ അച്ചൻ ഓർക്കുകയും ഓർപ്പിക്കുകയും ചെയ്യുമായിരുന്നു 'പരോപകാരാർത്ഥം ഇദം ശരീരം' എന്ന ആപ്തവാക്യം. വളരെ ധന്യമായ ഒരു ചരിത്രം തന്നെയാണ് ഫിലിപ്പ് അച്ചന്റെ പരോപകാര വിഷയത്തിലുള്ളത്.

ഇന്ദ്രിയജയത്തിന്റെ കാര്യത്തിലും അച്ചന്റെ ചിറകുകൾ പറന്ന് ഉയർന്ന് തന്നെയിരുന്നു. ഇടവകഭരണവേളകളിലും പൊതുപ്രവർത്തനങ്ങളിലും അച്ചൻ ആത്മശുദ്ധിയും വെടിപ്പും ആക്ഷേപകരമാകാതിരിപ്പാൻ പ്രത്യേകം ശ്രദ്ധിച്ച് ദൈവകരുണ നേടി. സത്യവിശ്വാസത്തിന്റെ കാവൽഭടനായി ആദിയോടന്ത്യം വരെ നിറഞ്ഞ് ശോഭിക്കുവാൻ തക്കവണ്ണം ദൈവം നൽകിയ സകല കരുണകൾക്കും സ്നേഹത്തിനും, കരുതലിനും നടത്തിപ്പിനുമായി നന്ദി പ്രകാശിപ്പിക്കാം.

# കെടാവിളക്ക്

## പ്രൊഫ. എം. വൈ. യോഹന്നാൻ
(മുൻ പ്രിൻസിപ്പൽ, സെന്റ് പീറ്റേഴ്സ് കോളജ്, കോലഞ്ചേരി)

നീതിമാനായ ഒരു അനുഗൃഹീത വൈദികനായിരുന്നു ഫാ. കെ. റ്റി. ഫിലിപ്പ്. ദീർഘനാളത്തെ പരിചയവും സ്നേഹബന്ധവും ഊട്ടിഉറപ്പിച്ച സൗഹൃദത്തിന്റെ പശ്ചാത്തലത്തിൽ ചില കാര്യങ്ങൾ എഴുതട്ടെ. പ്രകാശം പ്രാപിച്ച് അനുഗൃഹീതനായ ഒരു വൈദികനായിരുന്നു അദ്ദേഹം. പാലാരി വട്ടം പള്ളിയിലും മാന്തുരുത്തേൽ പള്ളിയിലും അദ്ദേഹം വികാരിയായിരിക്കെ ഞാൻ വചനശുശ്രൂഷ നിർവ്വഹിച്ചിരുന്നു. മാന്തുരുത്തേൽ പള്ളിയിൽ വെച്ച് ഞാൻ ചെയ്ത പ്രസംഗം അന്ന് ടി.വി. ക്കു വേണ്ടി റെക്കോർഡ് ചെയ്യുന്നതിന് അദ്ദേഹം പള്ളിയിൽ ക്രമീകരണം ചെയ്തു തന്നു. പ്രസംഗം കഴിഞ്ഞതിന് ശേഷം അച്ചൻ ഇടറുന്ന കണ്ഠത്തോടെ ഗദ്ഗദസ്വരത്തിൽ എന്നെ അഭിനന്ദിച്ച് സംസാരിച്ചത് ഞാൻ ഇന്നും ഓർക്കുന്നു.

സഭയിൽ സമാധാനം ഉണ്ടാകുന്നതിനുവേണ്ടി തീവ്രമായി പരിശ്രമിച്ച ഒരു സഭാനേതാവായിരുന്നു അച്ചൻ. അദ്ദേഹം ഒരു ലേഖനം എഴുതി. അതിന്റെ ഒരു കോപ്പി എനിക്കും അയച്ചുതന്നു. സഭാസമാധാനത്തിനുവേണ്ടിയുള്ള യത്നമായിരുന്നു അതിന്റെ പിന്നിൽ. സഭയുടെ വ്യവഹാരം ഓർത്തഡോക്സ് സഭയ്ക്ക് അനുകൂലമായി തീർന്നപ്പോൾ ആരുടെയും ഹൃദയം ആകർഷിക്കത്തക്കവണ്ണം ഇപ്പോഴാണ് പാത്രിയർക്കീസ് വിഭാഗവുമായി യോജിക്കാൻ ഏറ്റവും പറ്റിയ സമയം, അതിന് മുൻകൈ എടുത്തില്ലെങ്കിൽ അത് ചരിത്രത്തിൽ വലിയ ഒരു മൗഢ്യമായി കണക്കാക്കപ്പെടും എന്ന ആശയം പ്രകാശിപ്പിച്ചുകൊണ്ട് അച്ചൻ എഴുതിയ ലേഖനം പലർക്കും അത്ര തന്നെ സ്വീകാര്യമായില്ലെങ്കിൽ പോലും സഭാസ്നേഹികളുടെ ഉള്ളം തൊട്ട ഒരു ലേഖനമായിരുന്നു അത്.

അച്ചന്റെ ഒരു പ്രസംഗത്തിൽ ‘ലോയിഡ് സി ഡഗ്ളേഴ്സിന്റെ The Rope (മേലങ്കി) എന്ന പുസ്തകത്തിൽ നിന്ന് ഒരു ഭാഗം ഉദ്ധരിച്ചത് ഞാൻ ഇപ്പോഴും ഓർക്കുന്നു. ബഹുമാനപ്പെട്ട ജോഷ്വാ അച്ചന്റെ ഭാര്യ അപകടത്തിൽ മരിച്ചു കഴിഞ്ഞ് കെ. റ്റി. ഫിലിപ്പ് അച്ചൻ എന്നെ വിളിക്കുകയും എന്നോട് ജോഷ്വാ അച്ചന്റെ അടുക്കൽ പോകാൻ സാറിനു അസൗകര്യമുണ്ടെങ്കിൽ ഒരു എഴുത്ത് അയയ്ക്കുന്നത് അച്ചന് ആശ്വാസമായിരിക്കുമെന്ന് പറയുകയും ചെയ്തത് എനിക്ക് ഓർമ്മയുണ്ട്. ഞാൻ റ്റി. ജെ. ജോഷ്വാ അച്ചന്റെ ഒരു കൺവെൻഷൻ പ്രസംഗത്തിന് കോലഞ്ചേരി പള്ളിയിൽ വന്നപ്പോൾ, അന്ന് മൂവാറ്റുപുഴ ഗവൺമെന്റ് ഹോസ്പിറ്റലിൽ ഡോക്ടറായിരുന്ന അച്ചന്റെ ഭാര്യ അവിടെ അച്ചനോട് ഒരുമിച്ച് കോലഞ്ചേരി പള്ളിയിൽ

വന്നതും ഞാൻ വളരെ ആദരവോടെ കണ്ടതും എല്ലാം ഓർമ്മപ്പെടുത്തിക്കൊണ്ട് ഞാൻ എഴുതിയ എഴുത്ത് അച്ചൻ വായിച്ചതിനു ശേഷം എനിക്ക് ഒരു മറുപടി അയച്ചു. ഹൃദയത്തെ ആർദ്രമാക്കുന്ന കണ്ണിനെ ഈറനണിയിക്കുന്ന വാക്കുകളായിരുന്നു ജോഷ്വാ അച്ചൻ അന്ന് എനിക്ക് എഴുതി അയച്ചത്. ആ എഴുത്ത് ഇപ്പോഴും ഞാൻ സൂക്ഷിച്ചുവെച്ചിട്ടുണ്ട്.

തലക്കോട് ബോയ്സ് ഹോമിൽ അച്ചൻ എന്നെ ക്ഷണിച്ച് പ്രസംഗിപ്പിച്ചു. ആ കുട്ടികളെ ഞാൻ അഭിമുഖീകരിക്കുകയും ഒരു അദ്ധ്യാപകൻ എന്ന നിലയ്ക്ക് എനിക്കുള്ള അനുഭവങ്ങൾ പങ്കുവെച്ചുകൊണ്ട് ഞാൻ സംസാരിക്കുകയും ചെയ്തു.

കെ. റ്റി. ഫിലിപ്പച്ചൻ ഒരു വലിയ മനുഷ്യൻ ആയിരുന്നു എന്ന് ഞാൻ പറയും. കാഴ്ചയിൽ പക്ഷേ പൊക്കം കുറഞ്ഞ ആൾ ആണെങ്കിലും മറ്റ് അനേകം വൈദികരേക്കാൾ പൊക്കം ഏറിയ ഒരു വൈദികനായിരുന്നു അദ്ദേഹം. ഈ പൊക്കം എന്ന് ഞാൻ പറഞ്ഞത് സ്വഭാവത്തിന്റെ മഹിമയാണ്, ആദർശത്തിന്റെ മേന്മയാണ്. സഭാവിശ്വാസത്തിലുള്ളതായ ആഢ്യത്തം തിങ്ങുന്ന സ്വഭാവ മഹിമയാണ്, കുലീനത്വം പുലർത്തുന്ന സൽസ്വഭാവം, വിനയാന്വിതമായ പെരുമാറ്റം, ഹൃദയസ്പർശിയായ സൗഹൃദം, വിശാലവീക്ഷണം എന്നിങ്ങനെ എടുത്തു പറയേണ്ടതായ അനേകം സദ്ഗുണങ്ങളുടെ വിളനിലമായിരുന്നു കെ. റ്റി. ഫിലിപ്പച്ചൻ.

വെല്ലൂർ ഹോസ്പിറ്റലിൽ ആദ്യം അച്ചൻ ചികിത്സയിൽ ആയിരുന്ന സമയത്ത് അച്ചൻ എന്നെ വിളിക്കുകയും സംസാരിക്കുകയും ചെയ്തപ്പോൾ ഞാൻ പറഞ്ഞു, 'അച്ചൻ എഴുന്നേറ്റ് വി. കുർബാന അർപ്പിക്കുമെന്ന്.' ഭാഗ്യം അങ്ങനെ തന്നെ സംഭവിച്ചു. അച്ചൻ വീണ്ടും സുഖം പ്രാപിച്ചു വരികയും വി. ബലി അർപ്പിക്കുകയും ചെയ്തു. എന്നാൽ പിന്നെയും ഹോസ്പിറ്റലിൽ ആയപ്പോൾ ഞാൻ ഒട്ടും നിരൂപിച്ചില്ല അത് നിത്യതയിലേക്കുള്ള യാത്രയുടെ നാന്ദി ആണെന്ന്. ദൈവഹിതം നിറവേറട്ടെ എന്നു മാത്രമേയുള്ളു.

ഞാൻ ആസ്റ്റർ മെഡിസിറ്റിയിൽ രോഗിയായി കിടന്നപ്പോൾ അച്ചന്റെ മകൻ മീഖാ അവിടെത്തന്നെ ഒരു ഉദ്യോഗസ്ഥനായതുകൊണ്ട് അച്ചൻ എന്നെ വന്നു കണ്ടു. അതിന് എനിക്ക് ഉള്ളഴിഞ്ഞ നന്ദിയുണ്ട്. അച്ചൻ കടന്നുപോയി എന്നൊരു ഓർമ്മയില്ല എനിക്ക്. ഇന്നും ജീവിക്കുന്നു എന്ന വിചാരമാണ് എനിക്കുള്ളത്. കടന്നുപോയി എന്ന് വിചാരിക്കാൻ പറ്റുന്നില്ല. അച്ചന്റെ സജീവമായ സാന്നിദ്ധ്യം വിശ്വാസാധിഷ്ഠിതമായും സൗഹൃദത്തിന്റെ അതിരുകൾക്കപ്പുറവും എന്നെ സ്വാധീനം ചെയ്തു. എന്നെ പ്രോത്സാഹിപ്പിച്ചു, എന്നെ ധൈര്യപ്പെടുത്തി. ഞാൻ അതിൽ അത്യന്തം കൃതജ്ഞത ഉള്ളവനാണ്. അച്ചന്റെ കുടുംബത്തിന് ഈ അനുസ്മരണവേളയിൽ സർവ്വ ആശ്വാസവും കാരുണ്യവാനായ ക്രിസ്തു നൽകട്ടെ എന്നും ആശംസിക്കുന്നു.

# ആ ജീവിത സുഗന്ധം തലമുറകളിലേക്ക് പകരട്ടെ

## ജോയ്സ് തോട്ടയ്ക്കാട്

1994. കോട്ടയം ഓർത്തഡോക്സ് സെമിനാരിയിലെ സോഫിയാ സെന്ററിന്റെ പ്രോഗ്രാം സെക്രട്ടറി ഫാ. ടി. പി. ഏലിയാസിന്റെ മുറി. ഞാനും അച്ചനുമായി സംസാരിച്ചിരിക്കവെ ഒരു അച്ചൻ മുറിയിലേക്കു വന്നു. ഏലിയാസച്ചൻ അന്ന് 24 വയസുള്ള എന്നെ അച്ചനു പരിചയപ്പെടുത്തി. "ഇത് ജോയ്സ് തോട്ടയ്ക്കാട്." വന്ന അച്ചൻ പൊടുന്നനവെ ഞെട്ടി. "ഇത്രയും ചെറുപ്പമായിരുന്നോ! ഞാനൊരു 50-60 വയസ്സുള്ള ആളായിരിക്കുമെന്ന് കരുതി. ഗ്രീഗോറിയോസ് തിരുമേനി അവിടെ 'വാത്സല്യവാനായ ജോയ്സേ' എന്നു തുടങ്ങി എന്തോ എഴുതി വച്ചിരിക്കുന്നത് കണ്ടു." ഏലിയാസച്ചൻ സ്വതസിദ്ധമായ ശൈലിയിൽ വന്ന അച്ചനെ എനിക്ക് പരിചയപ്പെടുത്തി. " ഇതാണ് കെ. റ്റി. ഫിലിപ്പച്ചൻ. ഗ്രീഗോറിയോസ് തിരുമേനിയുടെ തലക്കോടുള്ള സെന്റ് മേരീസ് ബാലഭവനത്തിന്റെ ചുമതലക്കാരനാണ്."

കെ. റ്റി. ഫിലിപ്പച്ചനെ അന്നാണ് പരിചയപ്പെട്ടത്. 1992 മുതൽ സെമിനാരിയിൽ മൈക്രോഫിലിം പ്രോജക്ട്, സഭാവിജ്ഞാനകോശം പ്രസിദ്ധീകരണം തുടങ്ങിയവയുമായി ബന്ധപ്പെട്ട് ഞാൻ സേവനം ചെയ്യുന്നുണ്ടായിരുന്നു. 1992 സെപ്റ്റംബറിൽ നടന്ന പൗലോസ് മാർ ഗ്രീഗോറിയോസ് തിരുമേനിയുടെ സപ്തതി സമ്മേളനത്തിനു കെ. റ്റി. ഫിലിപ്പച്ചൻ തീർച്ചയായും വന്നിട്ടുണ്ടാവണം. ദിവ്യബോധനം പഠനപദ്ധതിയുടെ കാര്യങ്ങൾക്കായി ദിവ്യബോധനം ഓഫീസിലും അച്ചൻ വന്നിട്ടുണ്ടാവണം. പക്ഷേ നിർഭാഗ്യവശാൽ അതിനു മുമ്പ് ഞങ്ങൾ പരിചയപ്പെട്ടിരുന്നില്ല.

1992 ഫെബ്രുവരിയിൽ 'ദാർശനികന്റെ വിചാരലോകം' എന്ന ഞാൻ എഡിറ്റ് ചെയ്ത പുസ്തകം കറന്റ് ബുക്സ് പ്രസിദ്ധീകരിച്ചു. ലോക പ്രശസ്ത ദാർശനികനും ചിന്തകനുമായ ഡോ. പൗലോസ് മാർ ഗ്രീഗോറിയോസിന്റെ ദർശനങ്ങളെ മലയാളികൾക്ക് പരിചയപ്പെടുത്താനുള്ള ഒരു എളിയ ശ്രമമായിരുന്നു അത്. തിരുമേനിയോട് മുൻകൂട്ടി അനുവാദം ചോദിച്ചിട്ടായിരുന്നില്ല ആ പുസ്തകം തയ്യാറാക്കിയതും പ്രസിദ്ധീകരിച്ചതും. 1993 മെയ് മാസത്തിൽ ജർമ്മനിയിൽ വച്ചുണ്ടായ പക്ഷാഘാതത്തെ തുടർന്ന് ഡൽഹിയിൽ താമസിച്ചിരുന്ന തിരുമേനി, 1994 മെയ് മാസത്തിൽ ഓർത്തഡോക്സ് സെമിനാരിയിൽ വരുന്നുണ്ടെന്ന് ഞങ്ങൾ അറിഞ്ഞു. മാങ്ങാനം റ്റി.എം.എ.എം. ഓറിയന്റേഷൻ സെന്ററിന്റെ ചുമതലക്കാരനായിരുന്ന സണ്ണി ജോർജ് അച്ചൻ ഞങ്ങളുടെ സ്നേഹിതനായിരുന്നതിനാൽ ഒരു പ്രഭാഷണം

അവിടെ വെച്ച് നടത്തുവാൻ അനുവാദം ചോദിച്ച് അച്ചനെക്കൊണ്ട് കത്ത യപ്പിച്ചു. തിരുമേനി പോസിറ്റീവായി മറുപടി അയച്ചു. സെമിനാരിയിൽ എത്തി യപ്പോൾ സി. സി. ചെറിയാനച്ചനോടൊപ്പം പോയി കണ്ട് ആ ആവശ്യം വീണ്ടും ഉന്നയിച്ചു. യാത്ര ചെയ്യുവാൻ ബുദ്ധിമുട്ട് ഉള്ളതുകൊണ്ട് സെമി നാരിയിൽ വെച്ച് പ്രഭാഷണം നടത്താമെന്ന് തീരുമാനമായി. 'ശ്രുതി'യിൽ വെച്ച് 'പോസ്റ്റ് മോഡേൺ ഫിലോസഫി'യെക്കുറിച്ച് പ്രഭാഷണം നടന്നു. അന്ന് അവിടെവെച്ച് 'ദാർശനികന്റെ വിചാരലോകം' മനോരമ പത്രാധിപർ കെ. എം. മാത്യു പ്രകാശനം ചെയ്തു. പുസ്തകത്തിൽ തന്റെ പുതിയ ആശയങ്ങൾ ഒരു ലേഖനമായി ചേർക്കണമെന്ന് തിരുമേനി ആഗ്രഹിച്ചു. അങ്ങനെ എഴുതി തുടങ്ങിയ ആമുഖ ലേഖനത്തിന്റെ ആദ്യ വരികളാണ് കെ. റ്റി. ഫിലിപ്പച്ചൻ മേശപ്പുറത്ത് കണ്ടത്.

ഏതാനും മാസങ്ങൾ കഴിഞ്ഞപ്പോൾ പൗലോസ് മാർ ഗ്രീഗോറിയോസ് തിരുമേനിയുടെ പേഴ്സണൽ അസിസ്റ്റന്റ് ആയി എന്നെ നിയോഗിച്ചു. ആ കാലത്താണ് തലക്കോട് ചാപ്പലിന്റെ പണികൾ നടന്നുകൊണ്ടിരുന്നത്. തല ക്കോട് ബാലഭവനം സന്ദർശിക്കാനും ട്രസ്റ്റ് മീറ്റിംഗിൽ അദ്ധ്യക്ഷം വഹി ക്കാനുമായി തിരുമേനിയെ കെ. റ്റി. ഫിലിപ്പച്ചൻ ഒരിക്കൽ വന്നു ക്ഷണിച്ചു. എന്നോടും കൂടെ വരണമെന്നു പറഞ്ഞു. തിരുമേനി യാത്ര പോകുമ്പോൾ, എന്നോടു കൂടെ വരുവാൻ പറയാറില്ലാത്തതുകൊണ്ട് ഞാൻ പ്രത്യേകം അനുവാദം ചോദിച്ചു കൂടെ പോയി. തലക്കോട് ബാലഭവനം അങ്ങനെയാണ് ആദ്യമായി സന്ദർശിച്ചത്.

പിന്നീട് സെമിനാരിയിൽ വെച്ച് പല തവണ അച്ചനെ കണ്ടിട്ടുണ്ട്. ഗ്രീഗോ റിയോസ് തിരുമേനി സോഫിയാ സെന്ററിൽ വ്യാഴാഴ്ചകളിൽ നടത്തിയ പ്രഭാഷണങ്ങൾ കേൾക്കാൻ സ്ഥിരമായി അച്ചൻ വന്നിരുന്നു. എന്നെ കാണു മ്പോൾ അച്ചൻ വലിയ സ്നേഹവാത്സല്യങ്ങളോടെ പെരുമാറും. തിരുമേനി കാലംചെയ്ത ശേഷം അദ്ദേഹത്തിന്റെ ജീവചരിത്രം ഒന്നാം ഓർമ്മപെരു ന്നാളിന് പ്രസിദ്ധീകരിക്കുവാനുള്ള ശ്രമത്തിൽ അച്ചൻ അയ്യായിരം രൂപ നൽകി ഞങ്ങളെ പ്രോത്സാഹിപ്പിച്ചു. എറണാകുളത്തെ ചില പള്ളികളിൽ അതിന്റെ കോപ്പി വിൽക്കാനും സഹായിച്ചു. രണ്ടാം പതിപ്പ് 2018-ൽ പ്രസി ദ്ധീകരിച്ചപ്പോഴും അച്ചൻ ചെറിയ സാമ്പത്തിക കൈത്താങ്ങൽ നൽകി.

2001-ൽ എന്റെ വിവാഹ ശുശ്രൂഷയ്ക്ക് മുഖ്യകാർമ്മികത്വം വഹിച്ചത് കെ. ജെ. ഗബ്രിയേൽ അച്ചൻ ആയിരുന്നു (ഗബ്രിയേൽ മാർ ഗ്രീഗോറി യോസ് തിരുമേനി). എങ്കിലും പ്രസംഗിച്ചത് കെ. റ്റി. ഫിലിപ്പച്ചനായിരുന്നു. 'വധുവിന്റെ പേരുപോലെ ശോഭയും ശോഭനവുമായി തീരട്ടെ നിങ്ങളുടെ ദാമ്പത്യം' എന്നായിരുന്നു പ്രസംഗത്തിന്റെ സംക്ഷിപ്തം.

തിരുമേനിയുടെ കാലശേഷം തലക്കോട് പല പരിപാടികൾക്കായി

നിരവധി തവണ ഞാൻ പോയി. 2007-ൽ ഞാൻ മലങ്കര ഓർത്തഡോക്സ് ടി.വി. ആരംഭിച്ച ശേഷം പല പരിപാടികളും റിക്കോർഡ് ചെയ്ത് സംപ്രേക്ഷണം ചെയ്യുകയുമുണ്ടായി. അങ്ങനെ ചെന്ന രണ്ടു സന്ദർഭങ്ങളിൽ, ഏലിയാസച്ചനും ഫിലിപ്പച്ചനും എന്നോടുള്ള വാത്സല്യം കൊണ്ടും പൗലോസ് മാർ ഗ്രീഗോറിയോസ് തിരുമേനിയുടെ പുസ്തകങ്ങൾ പ്രസിദ്ധീകരിക്കാനും ചിന്തകൾ പ്രചരിപ്പിക്കുവാനും ചെയ്യുന്ന പരിശ്രമങ്ങളെ പ്രോത്സാഹിപ്പിച്ചും എന്നെ പൊതുവേദിയിൽ വെച്ച് ആദരിച്ചത് നന്ദി നിറഞ്ഞ ഹൃദയത്തോടെയാണ് ഓർക്കുന്നത്.

മലങ്കരസഭാ തർക്കത്തിന് അവസാനം കുറിച്ചുകൊണ്ട് 2017 ജൂലൈ 3-ന് ഉണ്ടായ വിധിയെ തുടർന്ന് കെ. റ്റി. ഫിലിപ്പച്ചൻ സതീർത്ഥ്യനായ പ. പൗലോസ് രണ്ടാമൻ കാതോലിക്കാ ബാവായ്ക്ക് ഒരു കത്തയച്ചു. ബാവാ ആ കത്തിന്റെ കാര്യം ആരയച്ചുതന്നതാണെന്ന് വെളിപ്പെടുത്താതെ തുടർന്നു നടന്ന മാനേജിംഗ് കമ്മിറ്റിയിൽ (8-8-2017) പറയുകയുണ്ടായി. സഭായോജിപ്പ് ഉണ്ടാകണമെന്നും അതിനായുള്ള പരിശ്രമങ്ങൾ തുടരണമെന്നും കാണിച്ച് പല കത്തുകൾ ബാവാ തിരുമേനിക്ക് അച്ചൻ അയച്ചു. കത്തിന്റെ കോപ്പികൾ അദ്ദേഹം സ്നേഹിക്കുകയും ബഹുമാനിക്കുകയും ചെയ്യുന്ന പ്രമുഖരായ പലർക്കും അയച്ചുകൊടുത്തു. സഭാസമാധാന നീക്കങ്ങളുടെ പുരോഗതി അറിയാൻ അച്ചൻ ആ കാലത്ത് പല തവണ എന്നെ ഫോണിൽ വിളിച്ചിട്ടുണ്ട്. അച്ചന്റെ ആത്മാർത്ഥതയും നിഷ്കളങ്കതയും ഫോൺ സംഭാഷണത്തിലൂടെ അറിയുന്ന എനിക്ക്, പലപ്പോഴും എന്ത് മറുപടി പറഞ്ഞ് അച്ചനെ സാന്ത്വനപ്പെടുത്തണമെന്ന് അറിയാത്ത അവസ്ഥ വന്നിട്ടുണ്ട്. ക്രമേണ അച്ചൻ രോഗിയായത് മൂലമാകാം അത്തരം വിളികൾ നിന്നു. സഭാസമാധാന പരിശ്രമത്തിലെ 'രക്തസാക്ഷി' എന്ന് അദ്ദേഹത്തെ വിശേഷിപ്പിക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു. 'സഭാതർക്കം: എന്താണ് സത്യം' എന്ന പേരിൽ കക്ഷിവഴക്കിന്റെയും 1958-ലെ സഭാസമാധാനത്തിന്റെയും ചരിത്രവും രേഖകളും സമാഹരിച്ച് പ്രസിദ്ധീകരിച്ച ഗ്രന്ഥം പൗലോസ് മാർ ഗ്രീഗോറിയോസ് തിരുമേനിക്കും കെ. റ്റി. ഫിലിപ്പച്ചനുമാണ് ഞങ്ങൾ സമർപ്പിച്ചത്.

പൗലോസ് മാർ ഗ്രീഗോറിയോസ് തിരുമേനി, തന്റെ അടുക്കൽ വരുന്നവരുടെ ഒന്നിലേറെ ഗുണങ്ങൾ ഒറ്റനോട്ടത്തിൽ മനസ്സിലാക്കുവാൻ കെൽപ്പുള്ള ആളായിരുന്നു എന്ന് പലരും പറഞ്ഞു കേട്ടിട്ടുണ്ട്. അതുകൊണ്ടാവാം കെ. റ്റി. ഫിലിപ്പച്ചനെയും ഏലിയാസച്ചനെയും സി. സി. ചെറിയാനച്ചനെയും എന്നെയുമൊക്കെ അദ്ദേഹം ചേർത്തുപിടിച്ചത്. ഫിലിപ്പച്ചന്റെ നിഷ്കളങ്കതയാവാം തിരുമേനിയുടെ വാത്സല്യത്തിന് കാരണമെന്ന് എനിക്ക് തോന്നുന്നു. മുൻകോപിയും ശാഠ്യക്കാരനുമായ തിരുമേനിയോടൊന്നിച്ച് മൂന്ന് പതിറ്റാണ്ടുകൾ പ്രവർത്തിച്ചു എന്നത് തിരുമേനിയുടെ ജീവചരിത്രം

എഴുതിയ ആളെന്ന നിലയിലും, കുറച്ചുനാൾ കൂടെ നിന്ന വ്യക്തി എന്ന നിലയിലും എന്നെ അദ്ഭുതപ്പെടുത്തുന്നു.

കെ. റ്റി. ഫിലിപ്പച്ചന്റെ സഭാപിതാക്കന്മാരോടുള്ള അടുപ്പവും ബന്ധവും എന്നെ ഏറെ അത്ഭുതപ്പെടുത്തിയിട്ടുണ്ട്. ഡോ. ഗീവർഗീസ് മാർ ഒസ്താത്തിയോസ്, മാത്യൂസ് മാർ ബർണബാസ് എന്നീ തിരുമേനിമാരോട് സാധാരണക്കാർക്ക് എളുപ്പത്തിൽ അടുപ്പം ഉണ്ടാകും. 1990-കളിൽ പരിചയപ്പെട്ട എന്നെ രണ്ടു പേരും മരണംവരെ ഓർത്തിരുന്നു എന്നത് നിറകണ്ണുകളോടെയാണ് ഇവിടെ കുറിക്കുന്നത്. പക്ഷേ, പ. മാത്യൂസ് പ്രഥമൻ ബാവാ, ജോസഫ് മാർ പക്കോമിയോസ്, ഡോ. പൗലോസ് മാർ ഗ്രീഗോറിയോസ്, യാക്കോബ് മാർ പോളിക്കർപ്പോസ് തിരുമേനിമാരോട് അടുക്കുക സാധാരണക്കാർക്കും വൈദികർക്കും എളുപ്പമായിരുന്നു എന്ന് എനിക്ക് തോന്നുന്നില്ല. കട്ടിയുള്ള പുറംതോട് പൊട്ടിച്ച് ഉള്ളിൽ കയറി അവരുടെ വാത്സല്യവും സ്നേഹവും അനുഭവിക്കുവാൻ ഭാഗ്യം ലഭിച്ച വ്യക്തിയായാണ് ഫിലിപ്പ് അച്ചനെ ഞാൻ കാണുന്നത്. കെ. റ്റി. ഫിലിപ്പ്, ഒ. ജെ. ജേക്കബ് ശെമ്മാശന്മാരും ജോസഫ് വെണ്ടപ്പിള്ളിൽ അച്ചൻ തുടങ്ങിയ കൊച്ചി ഭദ്രാസനത്തിലെ പലരും സഭാ വിഭജനത്തിൽ പാത്രിയർക്കീസ് ഭാഗത്തേക്ക് തിരികെ പോകാതിരുന്നതിന് ഒരു പ്രധാന കാരണം, സാത്വികനും പണ്ഡിതനുമായിരുന്ന യൂഹാനോൻ മാർ സേവേറിയോസ് തിരുമേനിയെ ഉപേക്ഷിച്ചു പോകാനുള്ള മടി കൊണ്ടായിരുന്നുവെന്ന് അവരിൽ ചിലർ പറഞ്ഞിട്ടുണ്ട്.

“കെ. റ്റി. ഫിലിപ്പച്ചനെക്കുറിച്ച് ഒരു പുസ്തകം തയ്യാറാക്കണം. തലക്കോട് ഒരു മീറ്റിംഗ് വെച്ചിട്ടുണ്ട്. നീ വരണം” എന്നു പറഞ്ഞ് ടി. പി. ഏലിയാസച്ചൻ എന്നെ വിളിച്ചു. ആലോചനാ സമ്മേളനത്തിൽ ചർച്ച ചെയ്യുന്നതിനായി ചില ആശയങ്ങൾ ഒരു പേപ്പർ എടുത്ത് കുറിക്കാനൊരുങ്ങി. പൊടുന്നനവെ കിട്ടിയ ആശയമാണ്, അച്ചന്റെ ജീവിതത്തെ മൊത്തത്തിൽ മൂന്നു വാക്കുകളിൽ ഒതുക്കാമെന്നത്: “വിനയം, സൗമ്യം, മധുരം.” അച്ചനുമായി ഇടപെട്ടവർക്കെല്ലാം ഈ മൂന്നു വാക്കുകൾ ഉണർത്തുന്ന എല്ലാ അനുഭവങ്ങളും ഉണ്ടായിരിക്കുമെന്ന് എനിക്കുറപ്പുണ്ട്.

കെ. ജെ. ഗബ്രിയേലച്ചൻ (മാർ ഗ്രീഗോറിയോസ്), ഏലിയാസച്ചൻ, ഫിലിപ്പച്ചൻ, ഞാൻ എന്നിവരെ കൂട്ടിയിണക്കുന്ന സ്നേഹവലയം പൗലോസ് മാർ ഗ്രീഗോറിയോസ് തിരുമേനി ആണ്. തിരുമേനിയുടെ കാലശേഷം അദ്ദേഹത്തിന്റെ സോഫിയാ പബ്ലിക്കേഷൻസ് എന്ന പ്രസ്ഥാനത്തിന്റെ പേര് സോഫിയാ ബുക്സ് എന്ന് മാറ്റിയാണ് “പ്രകാശത്തിലേക്ക് ഒരു തീർത്ഥയാത്ര” എന്ന തിരുമേനിയുടെ ജീവചരിത്രം ഞാൻ പ്രസിദ്ധീകരിച്ചത്. പൗരസ്ത്യ ഓർത്തഡോക്സ് വേദശാസ്ത്ര ദർശനങ്ങൾ മലയാളികൾക്ക് നൽകുന്ന നല്ല ഒരു പ്രസിദ്ധീകരണശാലയായി അത് മാറണമെന്ന കെ.

ജെ. ഗബ്രിയേലച്ചന്റെ ആശയത്തോടൊപ്പം ടി. പി. ഏലിയാസച്ചനും കൂടി. അങ്ങനെ ഞങ്ങൾ മൂവരും ചേർന്ന് 1998-ൽ ആരംഭിച്ച സോഫിയാ ബുക്സ് എന്ന പ്രസ്ഥാനം രണ്ടു പതിറ്റാണ്ടുകൊണ്ട് 75-ഓളം ഗ്രന്ഥങ്ങൾ പ്രസിദ്ധീകരിച്ചു കഴിഞ്ഞു. പൗലോസ് മാർ ഗ്രീഗോറിയോസ് തിരുമേനിയുടെ രചനകൾ സമാഹരിച്ച് ഒരു ഡസനോളം ഗ്രന്ഥങ്ങൾ പ്രസിദ്ധീകരിക്കാൻ സാധിച്ചു എന്നത് ഏറെ അഭിമാനത്തോടും ആത്മസംതൃപ്തിയോടെയുമാണ് ഓർക്കുന്നത്.

ജീവിത സുഗന്ധം കൊണ്ട് സൗരഭ്യം പരത്തിയ കെ. റ്റി. ഫിലിപ്പച്ചനെക്കുറിച്ചുള്ള ഈ ഗ്രന്ഥം സോഫിയാ ബുക്സിന്റെ ആഭിമുഖ്യത്തിൽ തയ്യാറാക്കാനും പ്രസിദ്ധീകരിക്കാനും സാധിച്ചുവെന്നത് ഞങ്ങൾക്ക് ഏറെ സന്തോഷം നൽകുന്നു. വരുംതലമുറകളിൽ ഫിലിപ്പച്ചനെപ്പോലുള്ള നല്ല ഇടയന്മാർ ഉണ്ടാകുവാൻ ഈ ഗ്രന്ഥം ആർക്കെങ്കിലും പ്രചോദനമാകുമെന്ന് പ്രതീക്ഷിക്കുന്നു.

# ആ പുഞ്ചിരിക്ക് പ്രണാമം

## ഡോ. ഫിലിപ്പ് ജോൺ

ക്ലിനിക്കിലേക്കിറങ്ങാൻ ദിവസേന കാർ സ്റ്റാർട്ട് ചെയ്യുമ്പോൾ ഫിലിപ്പച്ചന്റെ ആത്മാർത്ഥമായ പുഞ്ചിരി കണ്ണിൽപെടും. അച്ചന്റെ ഓർമ്മദിവസം കയ്യിൽ വന്നുചേർന്ന ഫോട്ടോയുള്ള കാർഡ് കാറിൽ നിന്നെടുക്കാൻ മനസ്സനുവദിച്ചിട്ടില്ല. ആ പുഞ്ചിരിയുടെ പിന്നിലെ നിത്യസുന്ദരമായ വലിയ ഓർമ്മയ്ക്ക് മുന്നിൽ എന്റെയും എന്റെ കുടുംബത്തിന്റെയും പ്രണാമം!

അസാധാരണമായ വശ്യശക്തിയുള്ള ഒരു മനസ്സിന്റെ ഉടമയായിരുന്നു ഞങ്ങളുടെ, നമ്മുടെ ഫിലിപ്പച്ചൻ. എന്നേക്കാളും എത്രയോ പറ്റം കൂടുതൽ കുടുംബങ്ങൾ ആ വ്യക്തിത്വത്തോടു കടപ്പെട്ടും ചേർന്നും നിൽക്കുന്നു എന്നു കാണുമ്പോൾ ദൈവത്തോടു അത്യന്തം നന്ദി തോന്നുന്നു, ഇങ്ങനെയൊരു ആത്മീയത ചേർന്ന സുഹൃദ്ബന്ധം ദൈവം എനിക്ക് സമ്മാനിച്ചതിന്.

വിനയം നിറഞ്ഞതും, അതുല്യവും ആത്മാർത്ഥവുമായ സ്നേഹം കൊണ്ട് വീർപ്പുമുട്ടിക്കുകയും ചെയ്യുന്ന ഒരത്ഭുതമായിരുന്നു ഫിലിപ്പച്ചൻ. ശരിയും തെറ്റും അഗാധമായി, ചിലപ്പോൾ അന്ധമായി കൊള്ളുകയും തള്ളുകയും ചെയ്യുന്ന ദൃഢമനസ്സ് ഒരു വശത്ത്. അച്ചന്റെ വിനയത്തെ ദൗർബല്യമായി കണ്ടിട്ടുള്ള ചിലരെങ്കിലും മറുവശത്ത്. ഇത്തരം അവസരങ്ങളിൽ, തന്റെ ഉടമയായ ക്രിസ്തുവിനെ മാറിൽ ചേർത്തു പിടിച്ച്, ചില തീരുമാനങ്ങളുടെ ശരിയിൽ നിന്നുളവാകുന്ന വേദനകൾ ഉള്ളിൽ തടയുമ്പോഴും സുസ്മേരവദനനായിരിക്കുന്ന ഫിലിപ്പച്ചനെ ആർക്കാണു മറക്കാൻ കഴിയുക!

അച്ചൻ പ്രകാശിപ്പിച്ച ഒത്തിരി ഒത്തിരി കുടുംബങ്ങളുണ്ട് നമുക്കിടയിൽ. ഫിലിപ്പച്ചനാണ് എന്റെ ഓരോ കുടുംബാംഗങ്ങളുടെയും ജന്മദിനം അതിരാവിലെ പ്രാർത്ഥനയോടെ എന്നും ഓർപ്പിച്ചിരുന്നത്. ഇന്ന് ജന്മദിനങ്ങൾ ഞാൻ വിട്ടുപോകുമ്പോൾ, ഓർക്കുന്നത് അച്ചന്റെ മൃദുസ്വരവും, പ്രാർത്ഥനയുമാണ്.

എന്റെ അനേകം ബുദ്ധിമുട്ടുകൾക്കുത്തരമായി പ്രാർത്ഥനയോടെ ചാരത്തക്കവിധം എന്നെ സ്നേഹിച്ച ഉറച്ച മതിലായിരുന്നു ഫിലിപ്പച്ചൻ. എന്റെ ക്ലിനിക്കിലെ വാതിലുകളുടെ ചന്ദനനിറമുള്ള കുരിശുരൂപം കാണുമ്പോൾ അച്ചനെയോർക്കും; ശ്വാസം മുട്ടിച്ചു മുട്ടിച്ചാണെങ്കിലും എന്റെയും എന്റെ കുടുംബത്തെയും അർഹിക്കാത്തത്ര ഉയരത്തിൽ എത്തിച്ച നമ്മുടെ ദൈവത്തെയും അങ്ങനെയോർക്കും.

വളരെ താമസിച്ചാണെങ്കിലും ഒരു വീട് എറണാകുളത്ത് പണിതെടുത്തപ്പോൾ തറക്കല്ലിടാനും, കൂദാശ ചെയ്യാനും മറ്റാരും വേണ്ട എന്നു

കരുതിയത് അച്ചൻ ഏറെ സ്നേഹിച്ചിരുന്ന എന്റെ കുടുംബമാണ്. അച്ച നിട്ട കുരിശിന്റെ പാടുകൾ പ്രാർത്ഥനകളിലൂടെ ഞങ്ങൾക്കിപ്പോഴും അനു ഗ്രഹപ്രഭാവം നൽകുന്നുണ്ട്.

അച്ചനും ഞാനും തമ്മിൽ ഭഗവത്ഗീതയിലെ ആശയങ്ങളെപ്പറ്റി നടത്തിയ ചർച്ചകൾ ഞാൻ അനുസ്മരിക്കുന്നു. ഞാൻ വളരെയധികം അനുഭവിച്ച റിഞ്ഞ ഒരു സംഹിതയാണ് നമ്മുടെ വിശുദ്ധ വേദപുസ്തകം പോലെ, ഭഗ വത്ഗീതയും. എന്റെ ദൈനംദിന ജീവിതത്തിലെ അനുസ്യൂതമായ ധാരാളം പരിണാമങ്ങൾ എനിക്കു വന്നിട്ടുള്ളത് ഗീതോപദേശത്തിലൂന്നിയാണ്. അവ യെപ്പറ്റി തീക്ഷ്ണമായി ചർച്ച ചെയ്യുമ്പോൾ എന്റെ ന്യായവാദങ്ങളുടെ പൊരുൾ കാണാൻ അച്ചൻ ഒരിക്കലെങ്കിലും ഒരു വൈമുഖ്യം കാണിച്ചി ട്ടില്ല. മാത്രവുമല്ല, പല പ്രസംഗങ്ങളിലും പലയിടത്തും അച്ചൻ എന്റെ യുക്തി കളെ പരാമർശിച്ചിട്ടുണ്ടെന്നു അറിയുമ്പോൾ എനിക്കുണ്ടായിട്ടുള്ള വൈകാ രികാനുഭവം വിവരിക്കാവുന്നതല്ല; അച്ചന്റെ ഗുണനിരൂപണം എനിക്കത്ര വിലപ്പെട്ടതായിരുന്നു.

ആധുനിക ജീവിതത്തിന്റെ വശ്യതകളും, അധികാര പ്രവണതകളും അച്ചനെ ഒരിക്കലും ബാധിച്ചതായി എനിക്കറിവില്ല. നാട്ടുംപുറത്തിന്റെ വേരു കൾ മറക്കാതെ അവിടേക്ക് തന്നെ തിരികെപ്പോകാനുള്ള വാഞ്ഛയാണ് അച്ചനെന്നും ഉണ്ടായിരുന്നത്. അച്ചന്റെ ചില ഇച്ഛാഭംഗങ്ങൾക്ക് ഞാൻ സാക്ഷിയാണ്; പക്ഷേ അപ്പോഴൊക്കെ അവ ദൈവഹിതമാണെന്ന് എന്നെ പഠിപ്പിച്ച, എന്നിലും പ്രായം കുറഞ്ഞ ഗുരുവായിരുന്നു അച്ചൻ!

ഫിലിപ്പച്ചന്റെ ജീവിതവും, ജീവിത ദർശനങ്ങളും നമുക്കെല്ലാം ഒരു ചൂണ്ടു പലകയാകട്ടെ. ആ ധന്യജീവിതത്തിന്റെ നിർവ്യാജമായ ലാളിത്യവും, കൃത്രിമ ത്തമില്ലായ്മയും പുതിയ തലമുറയിലെ ആചാര്യന്മാർ ഉൾപ്പെടെ എല്ലാ വർക്കും കാതലായി സാക്ഷാൽക്കരിക്കാനാവട്ടെ, മൂർത്തിമത്താക്കേണ്ട ഉത്തുംഗമമായ പാഠങ്ങളാവട്ടെ.

നമുക്കാചാര്യനായിരുന്ന അച്ചന് ആത്മശാന്തിയും നമ്മുടെ ദൈവംതമ്പു രാനിൽ നിത്യവാസവും, അച്ചന്റെ വാത്സല്യ കുടുംബത്തിന് ആത്മീയത യുള്ള സന്തോഷവും സമാധാനവും പ്രാർത്ഥനയിലൂടെ നേർന്നുകൊണ്ട് നിർത്തട്ടെ. പ്രണാമം!

# കരഞ്ഞു പ്രാർത്ഥിക്കുന്ന ആചാര്യൻ

## ലിൻസ് ഐനാട്ട്

(ചീഫ് എഡിറ്റർ, ഇന്നവേഷൻ നെസ്റ്റ് മാഗസിൻ, ലിവർപൂൾ)

ഒരു പരിധിക്കുമപ്പുറം ഒരു വ്യക്തിയുടെയും ആത്മീയ ജീവിതം മറ്റുള്ള വർക്ക് തിരിച്ചറിയുവാൻ ബുദ്ധിമുട്ടാണ്. അങ്ങനെ പരിധിവിട്ട് തിരിച്ചറിയ ണമെങ്കിൽ, ആത്മീയതയിലെ പ്രാർത്ഥനയുടെ അംശവും പൊതുജീവിത ത്തിലെ പ്രവർത്തന മണ്ഡലത്തിലെ സത്യസന്ധതയുടെ നേർക്കാഴ്ചയും മറ്റുള്ളവർക്ക് നേരിട്ട് ബോദ്ധ്യപ്പെടണം.

ഒരു വ്യക്തിപരമായ അനുഭവം ഇവിടെ കുറിക്കുവാൻ ആഗ്രഹിക്കുന്നു. ഫിലിപ്പച്ചൻ രോഗാതുരനായിരിക്കുന്ന അവസ്ഥയിൽ പ്രവാസിയായ ഞാൻ നാട്ടിൽ വന്നപ്പോൾ സമയം കിട്ടുമ്പോളെല്ലാം അദ്ദേഹത്തെ സന്ദർശിക്കു വാൻ ശ്രമിക്കാറുണ്ട്. കാരണം എന്റെ കുടുംബത്തോട് ഏറ്റവും കൂടുതൽ അടുത്തിരിക്കുന്ന, എന്റെ പിതാവിന്റെ ഏറ്റവും അടുത്ത സഹപ്രവർത്ത കൻ കൂടി ആയതുകൊണ്ടാണ്.

സംഭവത്തിലേക്ക് കടക്കാം. അദ്ദേഹത്തിന്റെ ഏറ്റവും ഇഷ്ടഭക്ഷണമായ വരാൽ മീൻകറി പൊതുവിപണിയിൽ അത്ര ലഭ്യമല്ലാത്തതിനാൽ ഞാൻ അത് എത്തിച്ചുകൊടുക്കാമെന്ന് പറയുകയും അത് സാധിക്കാതെ വന്ന പ്പോൾ, വൈകിട്ട് അച്ചന്റെ വീട്ടിലെത്തി 'മീൻ കിട്ടിയില്ല' എന്ന് പറയുകയും ചെയ്തു.

അപ്പോൾ എന്നോട് അച്ചൻ പറഞ്ഞ ഒരു കാര്യമുണ്ട്. മീനിനേക്കാൾ എനിക്ക് പ്രധാനപ്പെട്ടത് നിങ്ങൾ അതിനുവേണ്ടി എന്നോടു കാണിച്ച കരു തൽ ഇന്നേദിവസം കൂടുതൽ രുചിയുള്ളതാക്കി എന്നാണ്.

അന്നേ ദിവസം അദ്ദേഹത്തോടൊപ്പം വീട്ടിലെ സന്ധ്യാനമസ്ക്കാരത്തിൽ പങ്കെടുത്തപ്പോൾ അച്ചന്റെ പ്രാർത്ഥന ഇന്നും മനസ്സിൽ നിൽക്കുന്നു. അത് ഇപ്രകാരമായിരുന്നു "ഒത്തിരി അനുഗ്രഹങ്ങൾ നമുക്ക് തന്ന ദൈവത്തെ സ്തുതിക്കാം. വിഷമത്തിലായിരിക്കുന്നവരുടെയും അവശതയിലായിരിക്കു ന്നവരുടെയും കൂടെ ഇയ്യോബിനു കൊടുത്ത പരീക്ഷണങ്ങൾക്ക് ഞാനും അർഹനാണ്. എന്നോട് സ്നേഹവും കരുതലും കാണിക്കുന്നവരെ നീ തന്നെ അയച്ചുവല്ലോ" എന്ന് കണ്ഠമിടറി ആ വൈദികൻ പ്രാർത്ഥിച്ചപ്പോൾ മീൻ കൊടുക്കാതിരുന്ന എന്റെ ജാള്യത തന്നെ മാറിപ്പോയി. ആ പ്രാർത്ഥനയുടെ മനോഹാരിതയും നിഷ്കളങ്കതയും അച്ചന്റെ മകനായ എന്റെ സഹോദര തുല്യനായ മീഖായോട് അന്ന് പറയുവാൻ സാധിക്കാത്തതിൽ വിഷമമു ണ്ടെങ്കിലും ഈ എഴുത്ത് അതിനൊരു പരിഹാരം ആകട്ടെ.

മനമുരുകി, നിസ്വാർത്ഥമായി പ്രാർത്ഥിക്കുന്ന സമൂഹനന്മയ്ക്കുവേണ്ടി പ്രവർത്തിക്കുന്ന ഒരുപാട് ആചാര്യന്മാർ ഉണ്ടാകാം. എന്നാൽ അതിന്റെ ഉദാഹരണമായി പിൻതലമുറയ്ക്ക് കാണിച്ചുകൊടുക്കുവാൻ കഴിയുന്ന വൈദിക ശ്രേഷ്ഠനാണ് ബഹുമാനപ്പെട്ട ഫിലിപ്പച്ചൻ.

# Long and Fruitful Relationship

**Thomas Varghese, Vyshyanparambil**

(Vee Kay Vee's Caters, Ernakulam)

When I think of Philip Achen, what immediately comes to mind is his smiling face, which vividly brought to light qualities of inner peace, understanding and compassion. I firmly believe that these spiritual gifts which Achen gracefully embodied, emanated from his deep relationship with God. During Achen's lifetime, especially through the priestly vocation he was called into, he prayerfully made himself a vessel for receiving and channeling God's grace for the faithful community – conveying a strong reminder of the blessed role and purpose of priests, both within the church and the larger society.

At a personal level, I and my family, have had the good fortune to share a long and fruitful relationship with Achen, where his presence has been a source of great encouragement and blessing.. Achen was the officiating priest for my wedding eleven years ago and I consider it a great blessing to have had Achen to celebrate this important sacrament and for graciously inaugurating the social gathering that ensued. Secondly, when I informed Achen that I was going to Harvard University's Divinity School to pursue further research in religious studies, Achen showed up at our home on the day of my departure to pray and bless my journey. Both these events have brought forth much fruit and I am sure Achen's prayers and blessings helped me tide over challenges which otherwise would have been insurmountable. I believe that his spirit rejoices in heaven in the company of angels.It a blessing for my family and honor to have had the opportunity to be in close contact with Achen and projects associated with our Phlip Achen.

# പുഞ്ചിരിയുടെ വാതായനം

## ജോൺസൺ കൊളുത്താൽ

പുഞ്ചിരിക്കുന്ന മുഖവുമായി വിദ്യാർത്ഥികളുടെ മുമ്പിൽ പ്രത്യക്ഷപ്പെടുന്ന ബഹുമാനപ്പെട്ട കെ. റ്റി. ഫിലിപ്പച്ചൻ കാലം മായിക്കാത്ത ഒരു സുവർണ്ണ ജീവിതത്തിന്റെ ഉടമയെന്ന് വിദ്യാർത്ഥിലോകം വിലയിരുത്തും. മികച്ച സംഘാടകൻ, അദ്ധ്യാപകൻ, വാഗ്മി എന്നീ നിലകളിൽ തിളങ്ങി നിന്നിരുന്ന വ്യക്തിത്വമാണ് അച്ചന്റേത്. 1982-ൽ തലക്കോട് മാർ ഗ്രീഗോറിയോസ് ഐ.ടി.സി. യിൽ വിദ്യാർത്ഥിയായി ചെന്നപ്പോളാണ് അച്ചനെ പരിചയപ്പെടുന്നത്. അന്നു മുതൽ അച്ചന്റെ മരണംവരെ ഗുരുശിഷ്യ സഹോദരബന്ധം കാത്തുസൂക്ഷിക്കുവാൻ സാധിച്ചതിൽ ദൈവത്തെ മഹത്വപ്പെടുത്തുന്നു.

ഈ ഗുരുവിന്റെ അദ്ധ്യാപനശൈലി ഓരോ വിദ്യാർത്ഥിയുടെയും മനസ്സിൽ ആഴത്തിൽ നിറഞ്ഞു നിൽക്കുന്നതാണ്. ഉദാഹരണസഹിതം വിഷയങ്ങൾ അവതരിപ്പിക്കുന്നതിൽ അച്ചന്റെ കഴിവ് അവർണ്ണനീയം തന്നെയാണ്. ഓരോ വിദ്യാർത്ഥിയുടെയും സുഖദുഃഖങ്ങളിൽ ഇടപെട്ട് അവർക്കു വേണ്ടതായ മാർഗ്ഗനിർദ്ദേശങ്ങൾ സമയാസമയങ്ങളിൽ നൽകിയിട്ടുമുണ്ട്. അവശതയനുഭവിക്കുന്നവർക്ക് വേണ്ട സഹായം നൽകുന്നതിനും അച്ചൻ പ്രവർത്തിച്ചിട്ടുള്ള കാര്യം വളരെ ബഹുമാനത്തോടെയാണ് പല വിദ്യാർത്ഥികളും ഇന്നും സ്മരിക്കുന്നത്. സ്വദേശത്തും വിദേശത്തുമുള്ള ആളുകളുമായി വ്യക്തിബന്ധങ്ങൾ സ്ഥാപിക്കുന്നതിനും നിലനിർത്തുന്നതിനും അച്ചൻ പ്രത്യേകം ശ്രദ്ധിച്ചിരുന്നു.

അച്ചൻ വൈദിക ശുശ്രൂഷയിലേക്ക് ചുമതലയേറ്റെടുത്ത ഉടനെതന്നെ മുളന്തുരുത്തി സെന്റ് തോമസ് കാതോലിക്കേറ്റ് സെന്റർ സഹവികാരിയായി നിയമിതനായി. അച്ചനിലൂടെയാണ് മാർത്തോമ്മൻ ഇടവകക്കാർ വൈദികരുടേയും, ആത്മീയസംഘടനാ ഭാരവാഹികളുടേയും നേതൃത്വത്തിലുള്ള ഭവന സന്ദർശനങ്ങളും പ്രാർത്ഥനായോഗങ്ങളും ആദ്യമായി അനുഭവിച്ചറിയുന്നത്. കേവലം 6 മാസം മാത്രമാണ് അച്ചൻ പ്രവർത്തിച്ചതെങ്കിലും 6 വർഷത്തെ ആത്മീയ പ്രവർത്തനങ്ങൾ സമ്മാനിച്ചാണ് എറണാകുളം സെന്റ് മേരീസ് പള്ളിയിലേക്ക് യാത്രയായത്.

അടിയുറച്ച ഓർത്തഡോക്സ് വിശ്വാസിയായിരുന്ന അച്ചൻ ഇതര സഭകളിലെ പിതാക്കന്മാരെയും അണികളെയും ബഹുമാനത്തോടും സ്നേഹത്തോടും ആദരിക്കുകയും ബന്ധപ്പെടുകയും ചെയ്തിരുന്നു. വലിയ കാര്യങ്ങളോടൊപ്പം ചെറിയ കാര്യങ്ങളും ഒരേ രീതിയിൽ നടപ്പിലാക്കുവാനുള്ള അച്ചന്റെ കഴിവും അവർണ്ണനീയമാണ്. ബഹുമാനപ്പെട്ട അച്ചനെക്കുറിച്ചുള്ള ഒളിമങ്ങാത്ത ഓർമ്മകൾക്കു മുമ്പിൽ വിനീത പ്രണാമം.

# എന്റെ ഓർമ്മകളിലെ ഫിലിപ്പച്ചൻ

## ഷാജി അറയ്ക്കൽ, തലക്കോട്

നേർകാഴ്ചയുടെ മായാത്ത തിളക്കമാർന്ന വ്യക്തിത്വം, എല്ലാവർക്കും സ്നേഹം പകർന്നു കൊടുത്ത അറിവിന്റെ നിറകുടം, ദൈവസന്നിധിയിൽ ഫിലിപ്പച്ചൻ ഒരു വയസ്സ് പൂർത്തിയാക്കുന്നു.

പൈതൽപ്രായം മുതൽ എന്റെ ഹൃദയത്തിൽ നിറഞ്ഞുനിൽക്കുന്ന പുഞ്ചിരിയോടെ പ്രകാശിതമായ മുഖം ഓർക്കുവാനുള്ള സ്നേഹത്തിന്റെ വിശ്വസ്ഥതയുടെ അനുഭവങ്ങൾ സഹജീവികൾക്ക് ഹൃദയത്തിൽ നൽകിയിട്ട് തിരശ്ശീലയ്ക്ക് അപ്പുറം വിശ്രമിക്കുന്നു.

സത്യത്തിനും നന്മയ്ക്കും വേണ്ടി എതിർപ്പിനെ അവഗണിച്ച് മുന്നേറുന്ന പ്രവർത്തനശൈലി, ഇടവകതലത്തിൽ മറ്റുള്ളവർക്ക് അസൂയ തോന്നുന്ന തരത്തിലുള്ള പ്രവർത്തനപാടവം, ജീവിതാവസാനം വരെ സാധുക്കൾക്കു വേണ്ടി പ്രയത്നിച്ച വ്യക്തി, വരുമാനത്തിന്റെ ദശാംശം മാറ്റിവെച്ച് അർഹതപ്പെട്ടവർക്ക് കൊടുക്കുന്ന പ്രവർത്തനശൈലി – ഇതൊക്കെയാണ് ഫിലിപ്പച്ചൻ.

ബോയ്സ് ഹോം ജീവിതത്തിൽ എനിക്ക് പിതാവായും ഗുരുവായും കൂട്ടുകാരനുമായ അച്ചൻ. വളരെ കൗതുകം കൊള്ളിച്ച ബോയ്സ് ഹോമിലെ ഷട്ടിൽ കളി. ടി. പി. ഏലിയാസച്ചനും ഫിലിപ്പ് ശെമ്മാശ്ശനും ജോസഫ് ചേട്ടനും മുതിർന്ന ചേട്ടന്മാരും വാശിയേറിയ ഷട്ടിൽകളി മത്സരം നടത്തുന്നത് വളരെ കൗതുകത്തോടെ വിദ്യാർത്ഥികളായ ഞങ്ങൾ നോക്കിനിന്നിട്ടുണ്ട്. ഒച്ചയും ഓളിയുമായി സന്തോഷം നിറഞ്ഞ കാലഘട്ടം.

അച്ചന്റെ സുവിശേഷയോഗ സ്ഥലങ്ങളിൽ സഹയാത്രികനായി യാത്ര ചെയ്യുവാൻ എനിക്ക് അവസരം കിട്ടിയിട്ടുണ്ട്. മടക്കയാത്രയിൽ, ഞാൻ റെക്കോർഡ് ചെയ്ത അച്ചന്റെ പ്രസംഗം കേൾപ്പിക്കും, അഭിപ്രായം പറയും. എന്നെ സ്പർശിച്ച ഒരു ഭാഗം ഇപ്പോഴും എന്റെ മനസ്സിൽ നിറഞ്ഞു നിൽക്കുന്നു. “കർത്താവിന്റെ ഗിരിപ്രഭാഷണത്തിൽ സമാധാനം ഉണ്ടാക്കുന്നവർ ഭാഗ്യവാന്മാർ, അവർ ദൈവത്തിന്റെ പുത്രന്മാർ എന്ന് വിളിക്കപ്പെടും” ആ വാക്യം അച്ചൻ പൂർത്തീകരിക്കുന്നത് ഇപ്രകാരമാണ്. “അസമാധാനം ഉണ്ടാക്കുന്നവർ നിർഭാഗ്യവാന്മാർ അവർ സാത്താന്റെ സന്തതി എന്നു വിളിക്കപ്പെടും”

അച്ചൻ ‘കുഞ്ഞേട്ടൻ’ എന്നു വിളിക്കുന്ന എന്റെ പിതാവും ‘പെങ്ങൾ’ എന്നു വിളിക്കുന്ന എന്റെ മാതാവും ഞങ്ങളും അച്ചനും കുടുംബവുമായിട്ടുള്ള ആഴമേറിയ കുടുംബബന്ധം ഇന്നും ഭംഗിയായി തുടരുന്നു.

ഇങ്ങനെ ഒരു കഥ ഞാൻ കേട്ടിട്ടുണ്ട്. ഒരിക്കൽ ശങ്കരാചാര്യരും ശിഷ്യരും ഒരു യാത്ര പോകുമ്പോൾ അങ്ങ് ദൂരെനിന്ന് ഒരു ചണ്ഡാളൻ നടന്നുവരുന്നതു കണ്ടു. അന്നത്തെ കാലഘട്ടത്തിൽ മേൽജാതിക്കാർ യാത്ര ചെയ്യുമ്പോൾ കീഴ്ജാതിക്കാർ സമീപത്തുകൂടെ വന്നാൽ അത് അയിത്തമായി. ദൂരെനിന്ന് ചണ്ഡാളൻ നടന്നുവരുന്നതു കണ്ടപ്പോൾ ശങ്കരാചാര്യർ ഉറക്കെ വിളിച്ചു പറഞ്ഞു, 'ദൂരെ പോ... ദൂരെ പോ' എന്ന്. പക്ഷേ ചണ്ഡാളൻ വഴിമാറി പോയില്ല. പകരം അടുത്തുവന്ന് ആചാര്യരോടു പറഞ്ഞു, അല്ലയോ ആചാര്യശ്രേഷ്ഠാ, അങ്ങ് ആരോടാണ് ദൂരെ പോകുവാൻ പറഞ്ഞത്. ഏതായാലും എന്നോടല്ല. എന്നിലെ ദൈവിക ചൈതന്യത്തോടാണ്. പക്ഷേ ഞാൻ അങ്ങയിലെ ദൈവികതയെ തിരിച്ചറിയുന്നു. അതുകൊണ്ട് താങ്കളെ പ്രണാമം ചെയ്യുകയാണെന്നും പറഞ്ഞ് സാഷ്ടാംഗ പ്രണാമം നടത്തി. അൽപനേരം നിശ്ശബ്ദമായി നിന്നുപോയ ആചാര്യർ ചണ്ഡാളനോടു പറഞ്ഞു, 'നിങ്ങളിലെ ദൈവിക ചൈതന്യത്തെ തിരിച്ചറിയുവാൻ വൈകിയതിൽ ഞാൻ ഖേദിക്കുന്നു.' അദ്ദേഹം ചണ്ഡാളനെ പ്രണാമം ചെയ്തു. ഇത് ഒരു തിരിച്ചറിവാണ്. ഫിലിപ്പച്ചന്റെ ജീവിതത്തിലെ അത്തരം തിരിച്ചറിവുകൾ, സഹജീവികളെ വേദനിപ്പിക്കുവാനോ ഉപദ്രവിക്കുവാനോ തോന്നുകയില്ല, മറിച്ച് ആത്മാർത്ഥമായി സ്നേഹിക്കുവാനും കരുതുവാനും അവരുടെ ദുഃഖത്തിലും സന്തോഷത്തിലും പങ്കാളിയാകുവാനും സഹായിച്ചിരുന്നു.

ദൈവം ഓരോരുത്തരോടും ചോദിക്കുന്ന ചോദ്യമുണ്ട്. നിന്റെ സഹജീവിയിലും നിന്നിലും ഞാൻ ഉണ്ടായിരുന്നു. നീ എന്നെ തിരിച്ചറിഞ്ഞോ? നീ ഭൂമിയിൽ കരുതിയ സമ്പത്തിനെക്കുറിച്ചോ സ്ഥാനമാനത്തെക്കുറിച്ചോ വിദ്യാഭ്യാസത്തെക്കുറിച്ചോ ഒന്നും എനിക്കറിയേണ്ട, ഒന്നു മാത്രം, നീ എന്നെ തിരിച്ചറിഞ്ഞോ?

ആ തിരിച്ചറിവിൽ ജീവിച്ച്, സമൂഹത്തിന് മാതൃക കാട്ടിയ വൈദികശ്രേഷ്ഠാ, അങ്ങ് ഞങ്ങൾക്ക് തന്നതായ എല്ലാ ഉപകാരങ്ങൾക്കും ഉപദേശങ്ങൾക്കും നല്ല നല്ല അനുഭവങ്ങൾക്കും നന്ദി.

# തേജസ്സുറ്റ മുഖം

## അജി കുര്യൻ ഇടപ്പങ്ങാട്ടിൽ, മുളന്തുരുത്തി

പുഞ്ചിരിക്കുന്ന തേജസ്സുള്ള മുഖത്തിന്റെ ഉടമയായ ഫിലിപ്പച്ചന്റെ സ്നേഹത്തോടും വിനയത്തോടുമുള്ള പെരുമാറ്റം അച്ചനെ മറ്റുള്ളവരിൽ നിന്ന് വ്യതിരക്തനാക്കുന്നു. തുരുത്തിക്കര മാർ ഗ്രീഗോറിയോസ് ചാപ്പലിൽ അർപ്പിക്കുന്ന അച്ചന്റെ ബലിയിലും പ്രസംഗത്തിലും ഞാൻ ആകൃഷ്ടനായിട്ടുണ്ട്. തുടർന്ന് ഞങ്ങളുടെ ഭവനവുമായി അച്ചൻ ബന്ധപ്പെട്ടു. ഞങ്ങളുടെ രണ്ടു കുടുംബങ്ങളും ആ ബന്ധം കാത്തുസൂക്ഷിച്ചു പോരുന്നു.

സഭാവഴക്ക് മുളന്തുരുത്തി പള്ളിയിൽ രൂക്ഷമായ സമയത്ത്, എന്റെ പിതാവും ഞങ്ങളും കുടുംബവും അനുഭവിച്ച മാനസിക വ്യഥയ്ക്കും പീഡനങ്ങൾക്കും, ഫിലിപ്പച്ചന്റെ മാതൃഇടവകയായ തൃപ്പൂണിത്തുറ നടമേൽ പള്ളിയിൽ നിന്നും അച്ചൻ അനുഭവിച്ച തിരസ്ക്കരണവുമായി ഏറെ സമാനതകൾ ഉണ്ട്. കാലാന്തരേണ ഞങ്ങളുടെ കുടുംബം ഇതിൽ നിന്നും കരകയറിയെങ്കിലും ഫിലിപ്പച്ചന് മരണംവരെ ഈ ദുഃസ്ഥിതി അനുഭവിക്കേണ്ടി വന്നു എന്നുള്ളത് വളരെ വേദനാജനകമാണ്.

ഞങ്ങളുടെ ഭവനത്തിലെ എല്ലാ ചടങ്ങുകളിലും അച്ചന്റെ നിറസാന്നിദ്ധ്യം എന്നുമുണ്ടായിരുന്നു. അച്ചൻ മണിപ്പാലിൽ ശുശ്രൂഷയ്ക്ക് ചെന്നപ്പോൾ എന്റെ സഹോദരി (സിജി) യുടെ ഭവനം സന്ദർശിച്ചത് (2006–2007) ഓർക്കുന്നു. ബഹറിൻ പള്ളി കൺവെൻഷനിൽ പ്രസംഗിക്കാൻ അച്ചൻ വന്നതും ഞങ്ങൾ നന്ദിയോടെ ഓർക്കുന്നു. തുരുത്തിക്കരയിൽ ഫാ. കെ. ജെ. കുര്യാക്കോസ് മെമ്മോറിയൽ ഓഡിറ്റോറിയം കൂദാശയിലുള്ള അച്ചന്റ സാന്നിദ്ധ്യവും ഞങ്ങൾ സ്മരിക്കുന്നു.

എല്ലാറ്റിനും ഉപരിയായി, ഡോ. പൗലോസ് മാർ ഗ്രീഗോറിയോസ് തിരുമേനി അദ്ധ്യക്ഷനായി രൂപീകൃതമായ പി.എം.ജി.എം.സി. ട്രസ്റ്റിന്റെ ഇപ്പോഴത്തെ പ്രസിഡന്റായ ഗീവർഗീസ് മാർ കൂറിലോസ് മെത്രാപ്പോലീത്താ, ഡയറക്ടർ ഫാ. റ്റി. പി. ഏലിയാസ്, ഫാ. കെ. റ്റി, ഫിലിപ്പ് എന്നിവരോട് ചേർന്നു നിന്ന് തലക്കോട് മാർ ഗ്രീഗോറിയോസ് ചാപ്പലിൽ 2007 മുതൽ എന്റെ പിതാവിന് വൈദിക ചുമതല നിർവ്വഹിക്കാൻ അവസരം കൊടുത്തതിൽ എന്റെ സന്തോഷം പങ്കുവയ്ക്കുന്നു. ഞങ്ങളുടെ കുടുംബം ഇതൊരു ദൈവനിയോഗമായി കാണുന്നു. പൗരോഹിത്യ ശുശ്രൂഷകൾക്കും, ഇതര മതസ്ഥരുടെ ഇടയിൽ നടത്തിയ സാമൂഹ്യ പ്രവർത്തനങ്ങൾക്കും തലക്കോട് ചാപ്പൽ ഒരു വേദിയാകുവാൻ സഹായിച്ചതാണ് ദൈവനിയോഗം.

ഫിലിപ്പച്ചന്റെ ആശയങ്ങളും പ്രസംഗങ്ങളും മനസ്സിൽ നിന്ന് മായാതെ

നിൽക്കുന്നു. വളരെ ലളിതമായ ഭാഷയിൽ സാധാരണക്കാർക്ക് മനസ്സിലാകുന്ന രീതിയിൽ അവതരിപ്പിക്കാനുള്ള കഴിവ് പ്രശംസനീയമാണ്. ദൈവമാതാവിന്റെ വാങ്ങിപ്പ് പെരുന്നാളിന് അനുബന്ധിച്ച് ചാപ്പലിലെ പെരുന്നാളിന് എല്ലാ വർഷവും അച്ചന്റെ പ്രസംഗം ഉണ്ടായിരുന്നു. അച്ചന്റെ ദൈവിക വേലയ്ക്ക് ദൈവം പ്രതിഫലം നൽകട്ടെ.

# സ്നേഹവത്സലൻ

## ജേക്കബ് റ്റി. റ്റി. പൈനുങ്കൽപാറ, മുളന്തുരുത്തി

എല്ലാവർക്കും മാതൃകാപരമായ ഒരു ജീവിതം തന്റെ പൗരോഹിത്യ ശുശ്രൂഷയിലും ഊഷ്മളമായ വ്യക്തിബന്ധങ്ങളിലും എല്ലാവിധത്തിലും കാഴ്ചവെച്ചിട്ട് നിത്യതയിലേക്ക് പ്രവേശിച്ച ഫാ. കെ. റ്റി. ഫിലിപ്പ് ലഭിച്ച ദൈവകൃപയുടെ നല്ല ഗൃഹവിചാരകനായിരുന്നു. യുവജനപ്രസ്ഥാനം, സണ്ടേസ്കൂൾ പ്രസ്ഥാനം, ദിവ്യബോധന കർമ്മപദ്ധതി ഹ്രസ്വകാല മുളന്തുരുത്തി കാതോലിക്കാ സെന്റർ സഹവികാരി തുടങ്ങിയ മേഖലകളിൽ അച്ചനുമായിട്ടുള്ള വ്യക്തിബന്ധം എനിക്കും എന്റെ കുടുംബത്തിനും ഒരിക്കലും മറക്കാൻ പറ്റാത്തതാണ്.

അച്ചന്റെ കുടുംബവും എന്റെ കുടുംബവും തമ്മിലുള്ള കുടുംബബന്ധം വിവരണാതീതമാണ്. മുളന്തുരുത്തി കാതോലിക്കാ സെന്ററിലെ വി. ബലിയർപ്പണത്തിൽ ഞാൻ ഒരു മദ്ബഹാ ശുശ്രൂഷകനായി അച്ചനോടൊപ്പം പങ്കെടുത്തിട്ടുണ്ട്. സ്വരമാധുരിയേക്കാളുപരി ഭക്തിസാന്ദ്രമായിരുന്നു അച്ചന്റെ ആരാധന. വി. കുർബാനാനുബന്ധ പ്രസംഗങ്ങൾ ഓരോ ദിവസവും വിശ്വാസികൾക്ക് ആത്മീയ ആശയവും ആനുകാലിക പുതുമകളും നിറഞ്ഞതായിരുന്നു. പൊതുവേദികളിലെ പ്രസംഗങ്ങൾ വളരെ അടുക്കും ചിട്ടയോടും അവസരോചിതമായ ആശയങ്ങളോടും കൂടി അവതരിപ്പിക്കുന്നതിനുള്ള അച്ചന്റെ കഴിവ് ശ്രദ്ധേയമാണ്.

അച്ചൻ സേവനം ചെയ്തിട്ടുള്ള ഓരോ ഇടവകകളിലെയും ആളുകൾക്ക് അച്ചന്റെ സ്നേഹവായ്പുകളെ കുറിച്ച് ഒരുപാട് പറയുവാനുണ്ട്. സ്നേഹം പ്രകടിപ്പിക്കുകയല്ല പ്രവർത്തിക്കുകയാണ് അച്ചന്റെ ശൈലി. പട്ടത്വത്തിന്റെ ഗൗരവം കൈവിടാതിരിക്കുകയും ഓർത്തഡോക്സ് വിശ്വാസത്തിൽ ഉറച്ചു നിന്നിരുന്നതിനാൽ അച്ചന്റെ കുടുംബക്കാരിൽ നിന്ന് അവഗണനയും ഒറ്റപ്പെടുത്തലുകളും വളരെ വേദനയോടെ അനുഭവിക്കേണ്ടി വന്നിട്ടുള്ളത് നേരിട്ടറിയാവുന്നത് ഇവിടെ വിവരിക്കുന്നതിൽ എനിക്ക് പ്രയാസമുണ്ട്. വിദേശത്തുള്ള വിശ്വാസികൾ അച്ചനെ അങ്ങോട്ട് ക്ഷണിച്ച് അച്ചന്റെ ആരാധനാനുബന്ധ പ്രവർത്തന മികവ് പലപ്പോഴായി അംഗീകരിച്ചിട്ടുള്ളതാണ്.

അച്ചന്റെ മരണാനന്തര ശുശ്രൂഷയിൽ അച്ചൻ ശുശ്രൂഷ ചെയ്ത എല്ലാ ഇടവകകളിലെയും വിശ്വാസികളുടെ സാന്നിദ്ധ്യവും, തിരുമേനിമാരുടെയും, വൈദികരുടെയും, അയ്മേനികളുടെയും സന്ദേശങ്ങളും ആ ശുശ്രൂഷയിൽ സംബന്ധിച്ച എല്ലാവർക്കും ഹൃദയസ്പർശിയായിരുന്നു. ദൈവസന്നിധിയിൽ കാണാം എന്ന ക്രിസ്തീയ പ്രത്യാശയിൽ നിർത്തുന്നു.

# ദിവ്യബോധനവും കെ. റ്റി. ഫിലിപ്പച്ചനും

## എസ്. കെ. അടൂർ
(ദിവ്യബോധനം, കൊച്ചി ഭദ്രാസന ഡയറക്ടർ)

സഭയിൽ അത്മായക്കാർക്കുവേണ്ടി ആരംഭിച്ച വേദശാസ്ത്ര പഠനപദ്ധതിയാണ് ദിവ്യബോധനം. ഓർത്തഡോക്സ് തിയോളജിക്കൽ സെമിനാരിയുടെ ആഭിമുഖ്യത്തിലാണ് 1984-ൽ ഈ പാഠ്യപദ്ധതി തുടങ്ങിയത്. ഈ പാഠ്യപദ്ധതിയുടെ തേരാളിയാണ് ഡോ. പൗലോസ് മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്താ. സെമിനാരി ഫാക്കൽറ്റി മെമ്പേഴ്സ് ഫാ. ഡോ. ടി. ജെ. ജോഷ്വാ, ഫാ. സി. സി. ചെറിയാൻ മറ്റ് അദ്ധ്യാപകരുടെയും നേതൃത്വത്തിൽ ആരംഭിച്ചു. P.O.C.E., D.O.C.E ഡിഗ്രി സർട്ടിഫിക്കറ്റും ഉള്ളതായ ഈ പാഠ്യ പദ്ധതി മലങ്കരസഭാമക്കൾ സമ്പൂർണ്ണമായി ഉൾക്കൊണ്ടു. സഭയിലെ മിക്ക ഭദ്രാസനങ്ങളും ഇതിൽ പങ്കാളികളുമായി.

1988-ൽ മുളന്തുരുത്തിയിൽ വൈറ്റ് ഹൗസിൽ പ്രഥമ യൂണിറ്റ് റ്റി. പി. ഏലിയാസച്ചന്റെ നേതൃത്വത്തിൽ ആരംഭിച്ചു. മുളന്തുരുത്തിയുടെ സമീപ പ്രദേശങ്ങളായ വെട്ടിക്കൽ ദയറ, തലക്കോട് ബോയ്സ് ഹോം, എം. ജി. ആശ്രമം, കണ്ടനാട് തുടങ്ങിയവയായിരുന്നു ആരംഭ സ്ഥലങ്ങൾ. തുടർന്ന് കൊച്ചി ഭദ്രാസനത്തിലെ എറണാകുളം സെന്റ് മേരീസ് പള്ളി ഇതിന്റെ പ്രധാന പ്രവർത്തന മേഖലയായി മാറി.

പിറവം മാർ ഗ്രീഗോറിയോസ് കാതോലിക്കേറ്റ് സെന്ററിൽ വെച്ച് കൊച്ചി, അങ്കമാലി, കണ്ടനാട് ഭദ്രാസനങ്ങളുടെ ആദ്ധ്യാത്മിക സംഘടനകളുടെ നേതൃയോഗം നടന്നു. കണ്ടനാട് ഭദ്രാസന മെത്രാപ്പോലീത്താ ജോസഫ് മാർ പക്കോമിയോസ് തിരുമേനി അദ്ധ്യക്ഷനായിരുന്നു. ഈ യോഗത്തിൽ റ്റി. പി. ഏലിയാസ് അച്ചന്റെ നിർദ്ദേശപ്രകാരം ദിവ്യബോധന പദ്ധതി ഈ ഭദ്രാസനങ്ങളിലെ എല്ലാ പള്ളികളിലും നടപ്പാക്കാൻ തീരുമാനമായി. അതിന്റെ കോ-ഓർഡിനേറ്റർ ആയി എന്നെ നിയമിച്ചു.

കൊച്ചി ഭദ്രാസനത്തിന്റെ തൃശൂർ മേഖലകളിലുള്ളതായ പള്ളികൾ ഉൾപ്പെടെ ദിവ്യബോധനത്തെക്കുറിച്ച് അവബോധം നൽകുന്നതിൽ കെ. റ്റി. ഫിലിപ്പച്ചന്റെ പങ്കാളിത്തം ശ്രദ്ധേയമായിരുന്നു. അച്ചൻ സേവനം നടത്തിയ എല്ലാ പള്ളികളിലും കുറഞ്ഞത് 40 പേരെ പങ്കെടുപ്പിച്ച് ദിവ്യബോധനം നടത്തുവാൻ കാണിച്ച ശുഷ്കാന്തി സഭയിലെ എല്ലാ വൈദികർക്കും മാതൃകയാണ്. അച്ചൻ അവസാനം ശുശ്രൂഷ ചെയ്ത വടയാപറമ്പ് മാർ

ബെഹനാൻ പള്ളിയിലും ഈ പാഠ്യപദ്ധതിയുടെ വിജയഫലം കണ്ടിട്ടാണ് ഫിലിപ്പച്ചൻ നിത്യതയിൽ പ്രവേശിച്ചത്.

ഈ പാഠ്യപദ്ധതിയുടെ സവിശേഷത റെഗുലർ ക്ലാസ്സുകളില്ല എന്ന താണ്. ആഴ്ചയിൽ ഒരിക്കൽ വിദ്യാർത്ഥികൾ ഒരുമിച്ചു കൂടുന്നു. പാഠ്യ പദ്ധതിയെക്കുറിച്ച് ഗ്രാഹ്യമുള്ള ആദ്ധ്യാത്മിക പ്രവർത്തകർ ചർച്ചയ്ക്ക് നേതൃത്വം കൊടുക്കുന്നു. പാഠപുസ്തകത്തിന്റെ ഗ്രന്ഥകർത്താവ് പുസ്തക സംഗ്രഹം നടത്തുന്നു. പരീക്ഷ എഴുതാൻ സാധിക്കാത്ത വിദ്യാർത്ഥികൾ പ്രബന്ധങ്ങൾ എഴുതി ലോക്കൽ അദ്ധ്യാപകർ വഴി കേന്ദ്രത്തിന് അയച്ചു കൊടുത്ത് ഗ്രേഡ് നിർണ്ണയിക്കുന്ന ഒരു സമ്പ്രദായവും ഉണ്ട്. പിലിപ്പച്ചനെ ക്കുറിച്ച്, ഓർക്കുമ്പോൾ ഈ ക്ലാസ്സ്, സെമിനാറുകൾ മുതലായവയ്ക്ക് നേതൃത്വം കൊടുത്ത് പരീക്ഷകൾ നടത്തി ഉത്തരപേപ്പറുകളും പ്രബന്ധ ങ്ങളും കൃത്യമായി സമാഹരിച്ച് കോട്ടയം ഓഫീസിൽ എത്തിക്കുന്നതിലൂടെ ഈ പ്രസ്ഥാനത്തോടുള്ള ഉത്തരവാദിത്തവും ആത്മാർത്ഥതയും നിറവേറ്റി യിരുന്നു.

വടക്കൻ മേഖലയിൽ സഭാവഴക്കിന്റെ രൂക്ഷസമയത്ത് ദിവ്യബോധന പദ്ധതിക്ക് പ്രോത്സാഹനം നൽകിയ ഡോ. പൗലോസ് മാർ ഗ്രീഗോറിയോസ്, ജോസഫ് മാർ പക്കോമിയോസ്, യൂഹാനോൻ മാർ സേവേറിയോസ്, അന്നത്തെ കുന്നംകുളം ഭദ്രാസന മെത്രാപ്പോലീത്തായായ പൗലോസ് മാർ മിലിത്തിയോസ്, സഖറിയാസ് മാർ അന്തോണിയോസ്, യാക്കോബ് മാർ ഐറേനിയോസ്, വൈസ് പ്രസിഡണ്ട് ആയിരുന്ന കെ. റ്റി. ഫിലിപ്പച്ചൻ എന്നിവരുടെ സേവനങ്ങൾ നിസ്തുലമാണ്. ദിവ്യബോധന പ്രസ്ഥാനം ഈ മേഖലയിൽ തുടങ്ങുവാൻ പ്രേരകശക്തിയായ ഫാ. ഡോ. റ്റി. ജെ. ജോഷ്വാ, ഫാ. ഡോ. റ്റി. പി. ഏലിയാസ് എന്നീ വൈദികരോടുള്ള നന്ദി നിസീമമാണ്.

# വന്ദ്യ ഗുരു

## അനന്തു അനിൽ ഗീവർഗീസ്

ബോയ്സ് ഹോമിൽ അഞ്ചാം ക്ലാസ്സ് മുതൽ എന്റെ ബിരുദപഠന കാലം വരെയും അച്ചനുമായി നല്ലൊരു ബന്ധം കാത്തുസൂക്ഷിക്കുവാൻ സാധിച്ചിട്ടുണ്ട്. ബോയ്സ് ഹോമിലെ ജീവിതം ഹൈന്ദവ പശ്ചാത്തലത്തിൽ ജനിച്ചു വളർന്ന എന്നെ 'ഗീവർഗീസ്' എന്ന ക്രൈസ്തവ വിശ്വാസിയാക്കി തീർത്തു. അവിടത്തെ റ്റി. പി. ഏലിയാസ് അച്ചനും, ഫിലിപ്പച്ചനും വാർഡന്മാരും, സ്കൂൾ അദ്ധ്യാപകരും എന്റെ ജീവിതത്തെ സ്വാധീനിച്ചിട്ടുണ്ട്. പഠനത്തോടൊപ്പം, ബോയ്സ് ഹോമിലെ ജീവിതവും തലക്കോട് മാർ ഗ്രീഗോറിയോസ് ചാപ്പലിൽ നിന്ന് ലഭിച്ച ചൈതന്യവും തൃപ്പൂണിത്തുറ സെന്റ് ഗ്രിഗോറിയോസ് പള്ളിയിലെ പ്രധാന മദ്ബഹാ ശുശ്രൂഷകനിലേക്ക് എന്നെ എത്തിച്ചു. അനന്തുവിൽ നിന്ന് ഗീവർഗീസിലേക്കുള്ള എന്റെ യാത്രയിൽ ഫിലിപ്പ് അച്ചൻ എന്റെ ഗുരുസ്ഥാനീയനാണ്.

കെ. റ്റി. ഫിലിപ്പച്ചന്റെ വൈദിക-സാമൂഹിക ശുശ്രൂഷ വിലയിരുത്തുമ്പോൾ, ബിഷപ്പ് ഫുൾട്ടൺ ജെ. ഷിന്റു രചിച്ച "പുരോഹിതൻ അവന് സ്വന്തമല്ല" (The priest is not His own) എന്ന വിഖ്യാത കൃതിയുടെ ഭാഷാന്തരത്തിൽ രേഖപ്പെടുത്തിയത് ഇവിടെ കുറിക്കുന്നു (പേജ് 62): "ഒരിക്കൽ ഏതുതരം വൈദികരാണ് തങ്ങളെ ആകർഷിക്കുന്നതെന്നും തങ്ങൾക്ക് പ്രചോദനമായി വർത്തിക്കുന്നതെന്നും അറിയുവാൻ 300 ചെറുപ്പക്കാർക്കിടയിൽ ഒരു ഹിതപരിശോധന നടത്തുകയുണ്ടായി. വിദേശ മിഷനറിമാരെയാണ് ഏറ്റവും കൂടുതൽ പേർക്ക് ഇഷ്ടമായത്. ദരിദ്രർക്കിടയിൽ സേവനമനുഷ്ഠിക്കുന്നവർക്കായിരുന്നു രണ്ടാം സ്ഥാനം. തൊഴിലാളികൾക്കിടയിൽ പ്രേഷിതവൃത്തി ചെയ്യുന്ന വൈദികർക്ക് അവർ അടുത്ത സ്ഥാനം നൽകി. ത്യാഗപൂർണ്ണവും സുധീരവുമായ ദൈവിക നിവർത്തനത്തോടാണ് ചെറുപ്പക്കാർക്കിടയിൽ ആഭിമുഖ്യം എന്ന് ഇതിൽ നിന്നും വ്യക്തമാണ്."

ഫിലിപ്പച്ചൻ ദരിദ്രർക്കിടയിൽ വൈദികനായി സേവനമനുഷ്ഠിച്ച സാമൂഹ്യ പ്രതിബദ്ധതയുള്ള ഒരു പുരോഹിതൻ എന്ന് സംശയരഹിതമായി അച്ചനെക്കുറിച്ച് ഒരു സാക്ഷ്യപത്രം നൽകുവാൻ അടുത്തറിയാവുന്ന എല്ലാവർക്കും സാധിക്കും.

"ത്യാഗമനോഭാവത്തോടെ പ്രാർത്ഥിക്കുക.... നന്നായി പഠിക്കുക" എന്ന് അച്ചൻ വിദ്യാർത്ഥികളായ ഞങ്ങളെ എപ്പോഴും ഓർപ്പിക്കുമായിരുന്നു. ഫിലിപ്പ് അച്ചനോട് ഒരുമിച്ച് മദ്ബഹാ ശുശ്രൂഷയിൽ പങ്കെടുക്കുവാൻ സാധിച്ചത് എനിക്ക് ലഭിച്ച ദൈവിക അനുഗ്രഹമാണ്. അച്ചന്റെ സ്നേഹസ്മരണകൾ കോർത്തിണക്കുന്ന ഈ അമൂല്യ സ്മരണകൾ എഴുതുവാൻ എന്നെ പ്രാപ്തനാക്കിയ എന്റെ പ്രഥമ ഗുരുസ്ഥാനീയനായ റ്റി. പി. ഏലിയാസ് അച്ചനോടുള്ള നന്ദിയും സ്നേഹവും വാക്കുകൾക്കതീതമാണ്.

# കർമ്മനിരതനായിരുന്ന പുരോഹിതൻ

ഫാ. പി. ഐ. വർഗീസ്
(വികാരി, സെന്റ് ജോർജ് വലിയപള്ളി, പാലാരിവട്ടം)

പൗരോഹിത്യത്തിന്റെ ആത്മസത്ത സ്വജീവിതത്തിൽ അനുഭവിച്ചറിഞ്ഞ ഒരു ഉത്തമ വൈദിക ശ്രേഷ്ഠനാണ് ബഹു. കെ. റ്റി. ഫിലിപ്പച്ചൻ. പൗരോഹിത്യം എന്ന ദൈവവിളി പരിശുദ്ധാത്മ നിറവിൽ തിരിച്ചറിയുവാനും, "അരുളിച്ചെയ്യണമെ അടിയൻ കേൾക്കുന്നു" എന്ന മനോഭാവത്തിൽ അതിനെ സ്വീകരിക്കുവാനും കഴിയുമ്പോഴാണ് ഒരു വ്യക്തി ആ പദവിക്ക് യോഗ്യനായി തീരുന്നത്. ആത്മീയ പൗരോഹിത്യ ശുശ്രൂഷകളിൽ ഉത്തമ മാതൃകകളായി നാം നിരീക്ഷിക്കുന്നവരിൽ, ജീവിതനൈർമ്മല്യം, ആരാധനയിലെ ശുഷ്കാന്തി, ഇടവക പരിപാലനം, ഉത്തരവാദിത്വങ്ങളിലെ പ്രതിബദ്ധത, എല്ലാറ്റിലുമുപരി തികഞ്ഞ സമർപ്പണം ഇവയെല്ലാം നിരന്തരം ശ്രദ്ധിക്കപ്പെടുന്നവയാണ്. ഈ കാര്യങ്ങളോട് ബന്ധപ്പെട്ട് മനുഷ്യരുടെ സാക്ഷ്യവും, വിലയിരുത്തലും എപ്പോഴും നിർണ്ണായകവുമാണ്.

ദൈവത്തിന്റെ അനന്തമായ കാരുണ്യാതിരേകത്താൽ ഒരു വ്യക്തിയെ പുരോഹിത സ്ഥാനത്തേക്ക് തെരഞ്ഞെടുത്ത് അവരോധിക്കുമ്പോൾ, അനസ്യൂതമായ കൃപാപ്രവാഹം ലഭിക്കുക സഹജമാണ്. അങ്ങനെയുള്ള ദൈവാത്മ നിറവിൽ മാത്രമാണ് ഉത്തമ മാതൃകകൾ ജന്മം കൊള്ളുന്നത്. ആ നിലയിൽ പൗരോഹിത്യ സഞ്ചാരപഥത്തിൽ ആത്മിക മാതൃക സൂക്ഷ്മതയോടെ പരിപാലിച്ചിരുന്ന നിഷ്ഠയുള്ള ഒരു പട്ടക്കാരൻ എന്ന നിലയിലാണ് ഫിലിപ്പച്ചനെ ആദരിക്കുന്നത്.

പരിശുദ്ധ സഭയിൽ മൂന്നര പതിറ്റാണ്ടിലധികം പൗരോഹിത്യ ശുശ്രൂഷ അനുഷ്ഠിച്ച് 2019 ഓഗസ്റ്റ് 7-ാം തീയതി ദൈവസന്നിധിയിലേക്ക് വാങ്ങിപ്പോയിരിക്കുന്ന കെ. റ്റി. ഫിലിപ്പച്ചന്റെ ഒന്നാം ചരമവാർഷികത്തോടനുബന്ധിച്ച് ഒരു അനുസ്മരണാ ഗ്രന്ഥം പ്രസിദ്ധീകരിക്കുന്നത് തികച്ചും സന്തോഷകരമായ വസ്തുതയാണ്. ഈ സന്ദർഭത്തിൽ ഏതാണ്ട് അൻപതിൽപരം വർഷങ്ങൾക്ക് പിന്നിലേക്ക് എന്റെ ഓർമ്മ സഞ്ചരിക്കുകയാണ്. ഓർത്തഡോക്സ് വൈദിക സെമിനാരിയിൽ ഞങ്ങൾ സതീർത്ഥ്യരായിരുന്ന കാലഘട്ടമാണത്. കൊച്ചി മെത്രാസനത്തിൽ നിന്നും ആ ബാച്ചിലുണ്ടായിരുന്ന വൈദിക വിദ്യാർത്ഥികൾ ഫിലിപ്പച്ചനെ കൂടാതെ ഇന്നത്തെ പ. കാതോലിക്കാ ബാവാ തിരുമേനി, ഫാ. സി. സി. ചെറിയാൻ, ഫാ. ഒ. ജെ. ജേക്കബ് എന്നിവരായിരുന്നു. ഞങ്ങളുടെ ഇടയിലെ സൗഹൃദം ഹൃദ്യവും നിഷ്കളങ്കവും ആയിരുന്നു. സെമിനാരി സമുച്ചയത്തിലെ ചാപ്പലും, അവിടെ നടക്കുന്ന ആരാധനയും അനുബന്ധ പഠന സാഹചര്യങ്ങളും ഞങ്ങളുടെ സെമിനാരി

ജീവിതത്തെ സ്വർഗ്ഗതുല്യമാക്കിയിരുന്നു. പ്രഗത്ഭമതികളായ അദ്ധ്യാപകർ അന്ന് പോൾ വർഗീസ് അച്ചന്റെ (പിന്നീട് ഡോ. പൗലോസ് മാർ ഗ്രീഗോറിയോസ്) നേതൃത്വത്തിൽ നൽകിയ ശിക്ഷണവും, വേദശാസ്ത്ര അഭ്യസനവും, ആത്മിക ദിശാബോധവും, വൈദികശുശ്രൂഷയ്ക്ക് ഞങ്ങളെ പ്രാപ്തരാക്കുന്നതിൽ വഹിച്ച അവർണ്ണനീയമായ പങ്ക് സാന്ദർഭികമായി ഇവിടെ അനുസ്മരിക്കുന്നു.

മനുഷ്യഹൃദയങ്ങളിൽ ഒരു വ്യക്തി ചിരപ്രതിഷ്ഠ നേടുന്നത് അവരുടെ ജീവിതശൈലിയും, ദർശനവും, സ്നേഹാർദ്രഭാവങ്ങളും, പെരുമാറ്റരീതികളും കാണുമ്പോഴാണ്. ഫിലിപ്പച്ചന്റെ വൈദികഭാവം പൊതുവെ ആകർഷണീയമായിരുന്നു. പ. പൗലൂസ് ശ്ലീഹാ തെസ്സലോനിക്യ സഭയിലെ വിശ്വാസികളെ ഉദ്ബോധിപ്പിക്കുന്ന ഒരു നിയോഗം ഈ അനുസ്മരണത്തിൽ സ്വാഗതമാണെന്ന് തോന്നുന്നു. "സഹോദരന്മാരേ, നിങ്ങളുടെ ഇടയിൽ അദ്ധ്വാനിക്കുകയും കർത്താവിൽ നിങ്ങളെ ഭരിക്കുകയും പ്രബോധിപ്പിക്കുകയും ചെയ്യുന്നവരെ അറിഞ്ഞ് അവരുടെ വേല നിമിത്തം ഏറ്റം സ്നേഹത്തോടെ വിചാരിക്കേണം" (1 തെസ്സ. 5:12). ആദ്ധ്യാത്മികരംഗത്ത് നമുക്കു നേതൃത്വം നൽകുകയും ക്രിസ്തീയമാർഗ്ഗത്തിൽ ചരിക്കുവാൻ നമ്മെ സഹായിക്കുകയും ചെയ്തവരെ, സ്നേഹത്തോടെ അനുസ്മരിക്കുവാനാണ് അപ്പോസ്തോലന്റെ പ്രബോധനം. അങ്ങനെയുള്ള ആത്മിക ഗുരുക്കന്മാരോട് നമുക്ക് അഗാധമായ ആത്മിക ബന്ധമുണ്ടാകുന്നത് ആനന്ദകരമായ ഒരു അനുഭവമാണ്.

ഒരു വൈദികന്റെ പരമപ്രധാനമായ ശ്രദ്ധ ആരാധനാപരമായ കാര്യങ്ങളിൽ ആയിരിക്കണം. വി. മദ്ബഹായിലേക്ക് ആരാധനയ്ക്കായി പ്രവേശിക്കുമ്പോൾ പട്ടക്കാരൻ ചൊല്ലുന്ന പ്രാർത്ഥന ശ്രദ്ധേയമാണ്, "കാരുണ്യവാനും മനുഷ്യസ്നേഹമുള്ളവനുമായ കർത്താവേ, ജ്ഞാനത്തോടും ഭക്തിയോടും വെടിപ്പോടും തിരുമുമ്പാകെ നിന്നുകൊണ്ട് വി. ആരാധന അർപ്പിക്കുവാൻ യോഗ്യനാക്കേണമെ." ഈ വിധത്തിൽ ആരാധനയ്ക്കായി തന്റെ ജനത്തെ ഒരു പുരോഹിതൻ ഒരുക്കുകയും ഉത്സാഹിപ്പിക്കുകയും വേണം.

രണ്ടാമതായി ഇടവകയുടെ ആദ്ധ്യാത്മിക സംഘടനകളെ കാര്യക്ഷമമായും ഉത്സാഹപൂർവ്വവും നയിക്കുക എന്നത് ശ്രദ്ധേയമായ പൗരോഹിത്യ ദൗത്യമാണ്. ഇടവകജനങ്ങളെ വ്യക്തിപരമായി അറിയുകയും ആത്മബന്ധം പുലർത്തുകയും, സാന്നിദ്ധ്യം നൽകി ആത്മീയാവശ്യങ്ങൾ നിർവഹിക്കുകയും ചെയ്യുക എന്നുള്ളത് മറ്റൊരു സുപ്രധാന വൈദിക ധർമ്മവുമാണ്. ഇവയെല്ലാം പരമാവധി പാലിക്കുവാൻ നിഷ്കർഷ കാട്ടിയിരുന്ന മാതൃകാ പുരോഹിതനായിരുന്നു ഫിലിപ്പച്ചൻ. അങ്ങനെ എല്ലാവരുടെയും സ്നേഹാദരങ്ങൾ ആർജ്ജിച്ചുകൊണ്ട് ഇതരസഭാംഗങ്ങളുടെയും, സമുദായാംഗങ്ങളുടെയും ഇടയിൽ പോലും സമാരാധ്യനായി ജീവിച്ച് തിരോധാനം ചെയ്ത കെ. റ്റി. ഫിലിപ്പച്ചന്റെ ദീപ്തമായ സ്മരണ എന്നാളും നമ്മുടെ ഇടയിൽ നിലനിൽക്കട്ടെ.

# ഞങ്ങളുടെ പ്രിയ ഫിലിപ്പച്ചൻ

## ഡോ. നവോമി വെട്ടത്ത്

കോലഞ്ചേരി മെഡിക്കൻ മിഷൻ ഹോസ്പിറ്റൽ, ഐ ഡിപ്പാർട്ട്മെന്റിൽ ജോലി ചെയ്യുന്ന സമയം. 1970-കളിൽ ആശുപത്രി ചാപ്പലിൽ എല്ലാ ശനിയാഴ്ചയും രാവിലെ അര മണിക്കൂർ നീളുന്ന പ്രെയർ മീറ്റിംഗിന്റെ ഇടയിൽ ആരെങ്കിലും ഒരു പ്രസംഗം നടത്തുമായിരുന്നു. ഒരു ദിവസത്തെ പ്രസംഗം കെ. റ്റി. ഫിലിപ്പ് ശെമ്മാശൻ വളരെ ചുറുചുറുക്കോടും ഊർജ്ജസ്വലതയോടും കൂടെ ജീവന്റെ ദാതാവായ യേശുകർത്താവിനെക്കുറിച്ചും അവനുമായി ബന്ധപ്പെട്ട പല കാര്യങ്ങളെക്കുറിച്ചും പ്രസംഗിക്കുന്നത് ഞാനിപ്പോഴും ഓർക്കുന്നു. ഫിലിപ്പച്ചന് അന്ന് തീരെ ചെറുപ്രായം.

അധികം താമസിയാതെ അദ്ദേഹത്തിന്റെ കാഴ്ചക്കുറവ് പരിഹരിപ്പാൻ ഐ ഡിപ്പാർട്ട്മെന്റിൽ വന്ന് അദ്ദേഹത്തിന്റെ കണ്ണുകൾ പരിശോധിക്കുകയും ആവശ്യമായ കണ്ണാടി കൊടുക്കുകയും ചെയ്തു. വളരെ കോംപ്ലിക്കേറ്റഡ് നമ്പറായിരുന്നു കണ്ണടയുടേത്. അതിനുശേഷം കുറെ നാളത്തേക്ക് അച്ചൻ എന്റെ അടുത്ത് തന്നെ വന്ന് ഈ പ്രശ്നം പരിഹരിക്കുകയും ചെയ്യുമായിരുന്നു. അധികം താമസിയാതെ അച്ചൻ ഒസ്താത്തിയോസ് തിരുമേനിയുടെ കൂടെ കോഴിക്കോട് പുതുപ്പാടിയിലുള്ള സെന്റ് പോൾസ് ആശ്രമം മുതലായ പല സ്ഥലങ്ങളിലും യാത്ര ചെയ്ത് കർത്താവിനുവേണ്ടി സേവനം ചെയ്തു.

അതുകഴിഞ്ഞ്, പിന്നീട് അച്ചന്റെ മേൽനോട്ടത്തിലുള്ള തലക്കോട് ബോയ്സ് ഹോമിൽ നേത്രപരിശോധന ക്യാമ്പ് നടത്തി. കൗൺസിലിംഗിൽ സ്വല്പം അറിവുള്ളതിനാൽ അവിടുത്തെ ബാലന്മാരുമായി ഇടപെടാൻ ഫിലിപ്പച്ചൻ എന്നോട് ആവശ്യപ്പെട്ടു. ഞങ്ങൾ എല്ലാ മാസവും ഒരു ദിവസം ബോയ്സ് ഹോമിൽ പോയി ആ കുട്ടികളോട് നല്ല വർത്തമാനം പറയുകയും പാട്ട് പഠിപ്പിക്കുകയും അങ്ങനെ കുറെ സമയം സ്നേഹം പങ്കിടുകയും ചെയ്യാൻ തുടങ്ങി. കുട്ടികളെ മൂന്ന് നാല് ഗ്രൂപ്പുകളായി തിരിച്ച് ഓരോരുത്തർക്കും സ്പെഷ്യൽ ശ്രദ്ധ കൊടുക്കാൻ തുടങ്ങി. പാട്ട് പഠിപ്പിക്കാൻ ഞാൻ ഉപയോഗിച്ചിരുന്ന പിയാനോ അക്കോർഡിയൻ കുട്ടികൾക്ക് കൂടുതൽ സന്തോഷവും ഒരു ഉത്തേജനവും ആയി.

ഒരു പ്രാവശ്യം സർജനായിരുന്ന എന്റെ ഭർത്താവ് ഡോ. ജോൺ വെട്ടത്ത് ഞങ്ങളുടെ കൂടെ വന്ന് തനിക്ക് അറിയാമായിരുന്ന മാജിക്കുകൾ കുട്ടികളെ കാണിച്ച് അവരെ സന്തോഷിപ്പിച്ചു. ഏകദേശം ഒന്നര മണിക്കൂറോളം ഈ പ്രക്രിയ വളരെ സന്തോഷത്തോടെ കുട്ടികൾ ആസ്വദിച്ചു. പാലാരിവട്ടം സെന്റ് ജോർജ് വലിയപള്ളിയിലെ ആളുകൾ ഈ വേല തുടർന്നുകൊണ്ടു

പോയി. ഞങ്ങൾ കോലഞ്ചേരിയിൽ നിന്നും എറണാകുളത്തെ ലൂർദ് ഹോസ്പിറ്റലിൽ ജോലിയിൽ പ്രവേശിച്ചു (1983-84). ഞങ്ങൾ ബോട്ടുജെട്ടിക്കടുത്തുള്ള സെന്റ് മേരീസ് കത്തീഡ്രലിലെ താൽക്കാലിക അംഗങ്ങളായി. ഞങ്ങൾ അവിടെ ശുശ്രൂഷയ്ക്ക് പോകുമായിരുന്നു. ഒരു ദിവസം MGOCSM ന്റെ ഉദ്ഘാടനകർമ്മം നിർവഹിച്ചപ്പോൾ ഞാനും അതിൽ പങ്കുചേർന്നു. അവർ സാധുക്കൾക്ക് അരി വിതരണം ചെയ്യുകയും പല നല്ല കാര്യങ്ങൾ ചെയ്യുകയും ചെയ്യും. റെഗുലർ ആയി വേദപുസ്തക പഠന ക്ലാസ്സുകളോ അതുപോലുള്ള ആത്മിക ശുശ്രൂഷകളോ ഇല്ലായിരുന്നു. അങ്ങനെ അവിടത്തെ സഹവികാരിമാരായിരുന്ന നമ്മുടെ ഫിലിപ്പച്ചനും ഇപ്പോഴത്തെ പോളിക്കർപ്പോസ് തിരുമേനിയായ യോഹന്നാൻ അച്ചനും ഞാനും കൂടി ആലോചിച്ച് വികാരിയായിരുന്ന ഒ. വി. ഏലിയാസ് അച്ചന്റെ അനുഗ്രഹാശിസ്സുകളോടെ രണ്ടാമത്തെയും നാലാമത്തെയും ശനിയാഴ്ചകളിൽ രണ്ടര മുതൽ 4 മണി വരെ വിദ്യാർത്ഥികളെ ബൈബിൾ ക്ലാസ്സിലും പാട്ടിലും മറ്റു നല്ല ജീവകാരുണ്യ പ്രവർത്തനങ്ങളിലുമൊക്കെ ശ്രദ്ധ പതിപ്പിച്ചു. ഇതിനോടൊപ്പം സെന്റ് തെരേസ കോളജിൽ എല്ലാ ചൊവ്വാഴ്ചയും വൈകിട്ട് 5-6 പി.എം. വരെ ഫിലിപ്പച്ചനും യോഹന്നാൻ അച്ചനും (പോളിക്കർപ്പോസ് തിരുമേനി) മാറി മാറി ബൈബിൾ ക്ലാസ്സ്എടുക്കാൻ തുടങ്ങി. കൂടെ സൗകര്യമുള്ളപ്പോഴൊക്കെ ഞാനും പോകുമായിരുന്നു.

ആ സമയത്ത് ബ്രോഡ്‌വേ സെന്റ് മേരീസ് കത്തീഡ്രലിന്റെ ചാപ്പൽ മൂന്നു സ്ഥലങ്ങളിൽ വന്നു. ഞങ്ങൾ പാലാരിവട്ടത്തെ പള്ളിയിൽ ശുശ്രൂഷ കൂടാൻ തുടങ്ങി. കുറച്ചു നാളുകൾക്കുശേഷം, നമ്മുടെ ഫിലിപ്പച്ചൻ അവിടെ വികാരിയായിട്ട് വന്നു. അച്ചൻ വന്നപ്പോൾ ഞാനുൾപ്പെടെയുള്ള കുറെപ്പേർക്ക് ഒത്തിരി സന്തോഷമായി. ഞങ്ങളെ പരിചയമുള്ളതും, നല്ല സ്നേഹവുമുള്ള നല്ലൊരു അച്ചനായിരുന്നു ഫിലിപ്പച്ചൻ. എല്ലാവരെയും അച്ചൻ വളരെയധികം സ്നേഹിച്ചു. അച്ചന്റെ വരവ് പള്ളിയിൽ വലിയൊരു മാറ്റം ഉണ്ടാക്കി. അച്ചനവിടെ ദിവ്യബോധനം പഠനപദ്ധതിയും ആരംഭിച്ചു. ഞാനും കുറെപേരും കൂടെ അതിൽ പങ്കെടുത്തു. പ. മാത്യൂസ് രണ്ടാമൻ ബാവാ തിരുമേനി ഞങ്ങൾക്ക് കോട്ടയത്തു വെച്ച് സർട്ടിഫിക്കറ്റ് തന്നു.

ഞങ്ങളുടെ പള്ളിയുടെ അടുത്തുതന്നെ കുറെ സ്ഥലം കിടപ്പുണ്ടായിരുന്നു. അങ്ങനെ കുറെപേർ ചേർന്ന് പിരിവ് നടത്തി. അങ്ങനെ അവിടെ അഞ്ച് നിലയുള്ള സെന്റ് ജോർജ് ടവേഴ്സ് വന്നു. ഫിലിപ്പച്ചനായിരുന്നു അതിനെല്ലാം നേതൃത്വം വഹിച്ചത്. സ്ത്രീകൾക്കായുള്ള മർത്ത മറിയം സമാജത്തിൽ ഞാനും കൂടുമായിരുന്നു. പല തവണ അച്ചന് എവിടെയെങ്കിലും പോകാനുള്ളപ്പോൾ “ഇനി ഡോക്ടർ തുടർന്നു നോക്കിക്കോളൂ” എന്ന് പറഞ്ഞ് അച്ചൻ എന്നെ ഏല്പിച്ചിട്ട് പോകും.

വലിയൊരു സംഭവം എടുത്തു പറയാനുള്ളത്, ഫിലിപ്പച്ചൻ പള്ളിയിൽ പ്രസംഗത്തിന്റെ സമയത്ത്, ദശാംശം കൊടുക്കുന്നതിനെപ്പറ്റി കുറെ ആഴ്ചകളിൽ പറയുകയും, പിന്നീട് ബൈബിളിൽ നിന്നുള്ള എല്ലാ ഉദാഹരണങ്ങളും എടുത്ത് വളരെ നല്ല രീതിയിൽ പ്രസെന്റ് ചെയ്യുമായിരുന്നു. ആ പ്രസംഗം കേട്ട് പല യുവാക്കളും, ചെറുപ്പക്കാരായ വിദ്യാർത്ഥികളും മറ്റും ദശാംശം കൊടുക്കുന്നതായി ഞങ്ങൾ പിന്നീട് അറിഞ്ഞു.

വലിയ നോമ്പിന്റെ സമയത്തുള്ള കൺവൻഷൻ പാലാരിവട്ടം പള്ളിയിലാണ് ആദ്യമായി തുടങ്ങിയത്. എറണാകുളത്തെ മറ്റു പള്ളികളിൽ ഒന്നും തന്നെ അങ്ങനെയൊരു സംരംഭം ഉണ്ടായിരുന്നില്ല. അച്ചനാണ് കൺവൻഷന്റെ ആശയം കൊണ്ടുവന്നത്.

അച്ചൻ ഇവിടെ ഉണ്ടായിരുന്ന സമയത്ത് എം.ജി.ഒ.സി.എസ്.എം. ലെ കുട്ടികൾക്കൊപ്പം ഞങ്ങൾ മാസത്തിൽ ഒരു ഞായറാഴ്ച സോഷ്യൽ വർക്കിനും, മറ്റു നല്ല കാര്യങ്ങൾക്കുമായൊക്കെ ചിലവഴിച്ചിരുന്നു. അവരോടൊപ്പം ഓർഫനേജും മറ്റും സന്ദർശിക്കാനും, അവരുടെ പ്രയാസങ്ങളിൽ സഹായിക്കാനും സാധിച്ചിട്ടുണ്ട്. വളരെ രസകരമായിട്ടുള്ള ഒരു പ്രോഗ്രാം ഞങ്ങൾ അവിടെ ചെയ്തു. കുറച്ചുനാൾ അത് തുടർന്നു. പിന്നീട് സെന്റ് തെരേസാ കോളജിൽ നിന്നുള്ളവർ അവിടെ സോഷ്യൽ വർക്കിന് വന്നു. ഞങ്ങൾക്ക് അവിടെ നിന്ന് പോരേണ്ടി വന്നു.

സുഖമില്ലാത്തവർക്കായി ആഴ്ചയിൽ ഒരിക്കൽ അവരുടെ ഭവനം സന്ദർശിച്ച് അവർക്കായി പ്രാർത്ഥന നടത്തുമായിരുന്നു. അതല്ലാതെ ഇടവകയിലെ ഒട്ടുമിക്ക വീടുകളിലും വർഷത്തിൽ രണ്ടോ മൂന്നോ തവണ സന്ദർശനം നടത്തുമായിരുന്നു.

ഒടുവിൽ അച്ചൻ അവിടെ നിന്ന് തേവരയിൽ പുതിയതായി നിർമ്മിച്ച സെന്റ് തോമസ് പള്ളിയിലേക്ക് സ്ഥലംമാറി പോയി. വളരെ ഭംഗിയായി അച്ചൻ അവിടെ സേവനം ചെയ്തു. അവിടെ മെമ്പർഷിപ്പ് എടുത്ത് എന്റെ രണ്ടാമത്തെ മകളും ഭർത്താവും, കുട്ടികളുമൊക്കെ സ്ഥിരമായിട്ട് പോകാൻ തുടങ്ങി. ഞങ്ങൾക്ക് അതൊരു വലിയ അതിശയമായി തോന്നി. അങ്ങനെ അച്ചന് ഞങ്ങളെല്ലാവരിൽ നിന്നും വളരെയധികം സ്നേഹം കൊടുക്കാൻ കർത്താവ് സഹായിച്ചു.

അതുകഴിഞ്ഞ് അച്ചൻ ആമ്പല്ലൂർ പള്ളിയിലേക്ക് സ്ഥലംമാറി പോയി. സാധാരണ കണ്ടിട്ടില്ലാത്ത ഒരു ബന്ധമായിരുന്നു അച്ചൻ എല്ലാവരോടും പുലർത്തിയിരുന്നത്. ഞങ്ങളുടെ വീട്ടിലെ എല്ലാവരെയും പിറന്നാളിന് അച്ചൻ വിഷ് ചെയ്യും. ഞങ്ങൾ ഒരിക്കൽ ആമ്പല്ലൂർ പള്ളിയിൽ പോയി. കുർബാനയ്ക്ക് പ്രസംഗത്തിനിടയിൽ പെട്ടെന്ന് അച്ചൻ വളരെ ഉച്ചത്തിൽ “ഡോക്ടറേ എന്തെങ്കിലും രണ്ടു വാക്ക് പറയാമോ” എന്ന് ചോദിച്ചു. അതു

കേട്ട് ഞാൻ ഞെട്ടിപ്പോയി. കാരണം, പള്ളിയിൽ സ്ത്രീകൾ പ്രസംഗം പറയാൻ പാടില്ല എന്ന് ഞാൻ കേട്ടിട്ടുണ്ട്. എന്നാൽ അച്ചൻ എനിക്ക് ധൈര്യം തന്നു. അങ്ങനെ, കർത്താവ് എനിക്ക് മനസ്സിൽ തോന്നിച്ച രണ്ടുമൂന്ന് കാര്യങ്ങളൊക്കെ പറഞ്ഞു. അങ്ങനെ വലിയൊരനുഗ്രഹം കർത്താവ് എനിക്ക് തന്നു.

അച്ചൻ പാലാരിവട്ടം പള്ളിയിൽ നിന്ന് പോയ കാലത്ത്, പള്ളിയുടെ പരിപാടികൾ നടത്താനും കാർ പാർക്കിംഗിനൊന്നും സ്ഥലമില്ലാതിരുന്നതു കൊണ്ട് പള്ളിക്കാരൊക്കെ ചേർന്ന് കടം വാങ്ങിയും മറ്റും പള്ളിയുടെ കുറച്ചടുത്തായി തേജസ് ഓഡിറ്റോറിയം പണിതു. ആ കടം വാങ്ങൽ വലിയൊരു പ്രശ്നത്തിലെത്തി. അച്ചനെ ആമ്പല്ലൂരിൽ നിന്നും പാലാരിവട്ടം പള്ളിയിലേക്ക് വീണ്ടും 5 വർഷത്തേക്ക് നിയമിച്ചു. അച്ചന്റെ തിരിച്ചുവരവ് ഞങ്ങൾക്കെല്ലാവർക്കും വളരെയധികം അതിശയവും, അതിലധികം സന്തോഷവുമായി. പിന്നെ പഴയതിനേക്കാൾ പൂർവ്വാധികം ശക്തിയോടു കൂടെ കാര്യങ്ങളൊക്കെ നടത്തിക്കൊണ്ടുപോകാൻ ദൈവംതമ്പുരാൻ അച്ചനെ സഹായിച്ചു. പിന്നെ പല സുമനസ്സുകളുടെയും കൈത്താങ്ങലുകളാലും എല്ലാത്തിലുമുപരി ദൈവകൃപയാലും കടബാദ്ധ്യതകൾ അവസാനിച്ചു. അത് ഒരു വലിയ അനുഗ്രഹമായി മാറി. ഇവിടെ പള്ളിയിൽ നോമ്പുകാലത്തുള്ള വെള്ളിയാഴ്ചകളിൽ ധ്യാനം നടത്താറുണ്ടായിരുന്നു. അച്ചൻ ഇവിടെ നിന്ന് പോയ കാലത്താണെങ്കിലും, അച്ചന്റെ അസാന്നിദ്ധ്യത്തിൽ മറ്റ് അച്ചന്മാരിൽ ഏതെങ്കിലും ഒരു അച്ചൻ പ്രസംഗിക്കാൻ ഒന്നോ രണ്ടോ പ്രാവശ്യമൊക്കെ വരുമായിരുന്നു. അങ്ങനെ ഫിലിപ്പച്ചൻ പല പ്രാവശ്യം ധ്യാന പ്രസംഗം നടത്താൻ വന്നിട്ടുണ്ട്.

5 വർഷത്തിനുശേഷം, അച്ചൻ വീണ്ടും ചെറായിയിലുള്ള പള്ളിയിലേക്ക് സ്ഥലംമാറി പോയി. അവിടെ കക്ഷിവഴക്കുകൾ ഉണ്ടായിരുന്നു. അച്ചന്റെ കാര്യമായ ഇടപെടൽ മൂലം രണ്ടു കൂട്ടരെയും അച്ചൻ ഒരുവിധം സൗഹൃദത്തിലാക്കി. പിന്നെ, അവിടെയുള്ള ആളുകളുടെ വീടുകളിൽ വലിയ നോമ്പിന് പ്രാർത്ഥന നടത്തും. ഞങ്ങളും ഒരിക്കൽ അവിടെ പോയിട്ടുണ്ട്. ഞങ്ങളുടെ സാന്നിദ്ധ്യം അച്ചന് വളരെ ആശ്വാസമായി.

1970 മുതലുള്ള പരിചയം ഞങ്ങളുടെ ഫ്രണ്ട്ഷിപ്പും, ഫെലോഷിപ്പും വളരെ ദൃഢമാക്കി. അച്ചൻ ഞങ്ങളുടെ വീട്ടിലേക്ക് കയറിവരുമ്പോൾ ഞങ്ങളെല്ലാവരും വളരെ സന്തോഷിക്കും. അച്ചനും, അമ്മായിയും (അച്ചന്റെ ഭാര്യ) ഇപ്പോൾ ഫിലിപ്പച്ചന്റെ മകൻ മീഖായും ഞങ്ങളെ ഒരുപോലെ സ്നേഹിച്ചു.

ഞാൻ ഹൈദരബാദിൽ ഒരു ക്രിസ്ത്യൻ കൗൺസലിംഗ് കോൺഫ്രൻസിനു പോയപ്പോൾ രണ്ടു തവണ ഒസ്താത്തിയോസ് തിരുമേനി സ്ഥാപിച്ച കുഷ്ഠരോഗികളുടെ കുഞ്ഞുങ്ങൾക്കായുള്ള യാച്ചാരത്തെ ബാലഭവനിൽ

പോയി. അവരുടെ കൂടെ കുറെ സമയം ചിലവഴിച്ചു. പിന്നീട് ഫിലിപ്പച്ചൻ തന്റെ ഏക മകൻ മീഖായെ ഈ മിഷനറി വേലയിൽ പങ്കുചേരുവാനായി അവിടെ കൊണ്ടുപോയി. ഒരു വർഷത്തിനു ശേഷം ഫിലിപ്പച്ചനും കൊച്ച മ്മയും യാച്ചാരത്തു പോയി അവിടെ കുറച്ചു സമയം ചിലവഴിച്ചു. ഈ വേള യുലാണ് മീഖാ ഒരു വർഷത്തെ ഹോസ്പിറ്റൽ അഡ്മിനിസ്ട്രേഷൻ കോഴ്സ് പഠിച്ചത്. അതിനുശേഷം അവിടെത്തന്നെ മൂന്നു വർഷം ആശുപ ത്രിയിൽ സേവനം ചെയ്തു. അങ്ങനെ അഞ്ചു വർഷങ്ങൾക്കു ശേഷമാണ് മീഖാ തിരിച്ചു വന്നത്. ഞങ്ങളുടെ പള്ളിയിലെ സണ്ടേസ്കൂളിൽ നിന്നും, അല്ലാതെയും കുറെപ്പേർ ട്രെയിനിൽ പോയി യാച്ചാരം സന്ദർശിച്ചിട്ടുണ്ട്.

ഒരിടയ്ക്ക് എനിക്ക് പള്ളിയിൽ പോയി ക്ലാസ്സ് എടുക്കുവാൻ വയ്യാതായി. ഞങ്ങളുടെ പള്ളിയിൽ 11 ഫാമിലി യൂണിറ്റുണ്ടായിരുന്നു. മാസത്തിൽ ഒരി ക്കൽ എല്ലാ യൂണിറ്റിലും പ്രാർത്ഥനായോഗങ്ങൾ കാണും. ഞാൻ ചേർന്ന യൂണിറ്റിലെ സ്ത്രീകൾക്കായി പള്ളിയിലെ അച്ചന്റെ അനുവാദത്തോടു കൂടി സൈമൺ അച്ചന്റെ നേതൃത്വത്തിൽ മാസംതോറും ഒരു ബൈബിൾ ക്ലാസ്സ് എന്റെ വീട്ടിൽ വെച്ച് സംഘടിപ്പിച്ചു. ഫിലിപ്പച്ചനാണ് ഉദ്ഘാടനം ചെയ്തത്. കുറച്ചുനാൾ കഴിഞ്ഞപ്പോൾ ഞങ്ങൾ എല്ലാവരും ചേർന്ന് ഒരു വൺ ഡേ റിട്രീറ്റ് വെച്ചു. അന്ന് ഫിലിപ്പച്ചനും വന്നു. ഞങ്ങൾ എല്ലാവരും ഒത്തിരി സന്തോഷിച്ചു. അച്ചനായിരുന്നു അതിനു നേതൃത്വം തന്നത്.

എന്റെ മകന്റെ കല്യാണവും അവരുടെ മൂത്ത കുട്ടിയുടെ (നവോമി മോൾ) മാമോദീസായും അച്ചനാണ് നടത്തിത്തന്നത്. 'ഡോക്ടറേ' എന്നു വിളിച്ചു കൊണ്ട് ചിരിച്ച് അച്ചൻ കയറിവരുന്ന കാഴ്ച ഞാനിപ്പോഴും ഓർക്കുന്നു.

അച്ചൻ ഏതു പള്ളിയിൽ പോയാലും, എവിടെ ചെന്നാലും അവിടെ നട ക്കുന്ന സംഭവങ്ങളും, കൺവൻഷനും മറ്റു കാര്യങ്ങളുമൊക്കെ പാലാരി വട്ടം പള്ളിയിലും, മറ്റെല്ലായിടത്തും അറിയിക്കുമായിരുന്നു. അച്ചൻ പടമുകൾ പള്ളിയിൽ സേവനം അനുഷ്ഠിച്ചിരുന്ന കാലം. അന്നൊരിക്കൽ ടി. ജെ. ജോഷ്വാ അച്ചന്റെ പ്രസംഗം ഉണ്ടായിരുന്നു. ആ വിവരം എന്നെ നേരത്തെ തന്നെ അറിയിച്ചിരുന്നു. ആ പ്രസംഗം എനിക്ക് വളരെ ശക്തിയേറിയ സന്ദേശം ഉൾക്കൊള്ളുന്നതിനും അച്ചന്റെ അനുഗ്രഹം പ്രാപിക്കുന്നതിനും ഇടയാക്കി.

അച്ചൻ പാലാരിവട്ടം പള്ളിയിൽ പ്രവർത്തിച്ചിരുന്ന കാലം. ആദ്യത്തെ 5 വർഷത്തിനിടയിൽ ഒരിക്കൽ ഫിലിപ്പ് കുരുവിള അച്ചൻ ഇവിടെ വരികയു ണ്ടായി. അച്ചൻ കെ. റ്റി. ഫിലിപ്പച്ചനോട് കൊച്ചി മെത്രാസനത്തിലുള്ള പള്ളി കളിലൊന്നും, ഇംഗ്ലീഷ് കുർബാനകളില്ലല്ലോ എന്ന് പറയുകയുണ്ടായി. ഈ വിഷയം ഫിലിപ്പച്ചൻ ഒരു ചലഞ്ച് ആയി ഏറ്റെടുത്തു. അച്ചൻ ഞങ്ങളോട് ഈ കാര്യം സംസാരിച്ചു. ഞങ്ങൾ ധൈര്യം കൊടുത്തു. ഞങ്ങളുടെ വീട്ടിൽ ആണ് അതിന്റെ ചെറിയൊരു മീറ്റിംഗ് വിളിച്ചുകൂട്ടിയത്.

തുബ്ദേൻ ഇംഗ്ലീഷിൽ വായിക്കാനായിട്ട് പിള്ളേരെയൊക്കെ പഠിപ്പിക്കും. മലയാളത്തിൽ നിന്ന് ഇംഗ്ലീഷിലേക്ക് തർജ്ജമ ചെയ്ത ഒരു കാസറ്റ് കിട്ടിയിരുന്നു. അത് ഞങ്ങൾ നല്ലപോലെ പഠിച്ചു. അത് പാലാരിവട്ടം പള്ളിയിൽ ആദ്യമായി അവതരിപ്പിച്ചു. അന്ന് ഇടദിവസങ്ങളിൽ കുർബാനയ്ക്ക് ഓർഗനിസ്റ്റ് ഉണ്ടായിരുന്നില്ല. ആ കുർബാനയ്ക്ക് എന്റെ ഒരു കൊച്ചു കീബോർഡ് പ്ലേ ചെയ്തത് ഞാനോർക്കുന്നു.

എം.ജി.ഒ.സി.എസ്.എം. ന്റെ ആനുവൽ ക്യാമ്പ് ഇവിടെ മരിയാ പാർക്ക് എന്ന സ്ഥലത്തു വെച്ച് നടന്നു. ബോംബെ ഭദ്രാസനത്തിലെ മാർ കൂറിലോസ് തിരുമേനി (എം.ജി.ഒ.സി. എസ്.എം. പ്രസിഡന്റ്) അന്നവിടെ വന്നു. എം.ജി.ഒ.സി.എസ്.എം. ന്റെ നേതൃത്വത്തിൽ കുർബാന ഇംഗ്ലീഷിൽ അവിടെ നടന്നു.

ഞാൻ ഒരു പുസ്തകം എഴുതണമെന്ന് കർത്താവ് മനസ്സിൽ തോന്നിച്ചു. സെന്റ് മാത്യുവിന്റെ ആദ്യത്തെ നാല് അദ്ധ്യായമൊക്കെ വെച്ച് അമ്മമാർക്ക് വേദപുസ്തകം പഠിക്കാൻ സഹായിക്കുന്ന കുറെ ലേഖനം എഴുതിയതിനെ ഒരു ചെറിയ പുസ്തകമാക്കി. അതിന്റെ അവതാരിക പിലിപ്പച്ചനോട് എഴുതി തരാമോ എന്ന് ഞാൻ ചോദിച്ചു. അച്ചൻ സന്തോഷത്തോടെ എനിക്കത് എഴുതി തന്നു. 15 അദ്ധ്യായം ഉള്ള "അമൂല്യസത്യങ്ങൾ" എന്ന ചെറിയ ഒരു ബുക്കായിരുന്നു അത്.

**കൗൺസലിംഗ് മിനിസ്ട്രി**

പാലാരിവട്ടം സെന്റ് ജോർജ് വലിയപള്ളിയിൽ ഒ. വി. ഏലിയാസ് അച്ചൻ വികാരിയായിരുന്ന സമയം. 2000 ഡിസംബർ 4-ന് കെ. ഒ. തോമസ് അച്ചന്റെ ഒരു കൗൺസലിംഗ് ക്ലാസ്സ് സംഘടിപ്പിച്ചു. കൊച്ചി മെത്രാസനത്തിലെ അന്നത്തെ 5 പള്ളികളിൽ അറിയിപ്പ് നൽകി. 90 പേർ ആ മീറ്റിംഗിൽ പങ്കെടുത്തു. മീറ്റിംഗിനു ശേഷം കൗൺസലിംഗ് കൂടുതലായി പഠിക്കുവാൻ താൽപര്യമുള്ളവർക്കായി ഒരു സ്പെഷ്യൽ മീറ്റിംഗ് കൂടി. 20 പേരോളം ഉണ്ടായിരുന്നു. നമ്മുടെ പ്രിയപ്പെട്ട ഫിലിപ്പച്ചനും സന്നിഹിതനായിരുന്നു. മാസം തോറും ഒരു ശനിയാഴ്ച എന്ന നിലയിൽ 12 ക്ലാസ്സുകൾ ചിട്ടപ്പെടുത്തി. അത് എല്ലാവർക്കും അത്ഭുതകരമായ അനുഭവങ്ങൾ സൃഷ്ടിച്ചു. പിന്നീട് ഫിലിപ്പച്ചൻ രണ്ടാമതും വികാരിയായി വന്നപ്പോൾ പ്രീ-മാരിറ്റൽ കൗൺസലിംഗ് പല ബാച്ചുകൾക്കായി സംഘടിപ്പിച്ചു. പ്രധാനമായി പാമ്പാക്കുടയിൽ നിന്ന് കൗൺസലിംഗ് വിദഗ്ദ്ധരായ ഫാ. ജോൺസണും ജിജി ജോൺസൺ കൊച്ചമ്മയും നേതൃത്വം നൽകി.

പിൽക്കാലങ്ങളിൽ കൗൺസലിംഗ് ആവശ്യമുണ്ടെന്ന് തോന്നിയ കുട്ടികളിൽ ചിലരെ അച്ചൻ എന്റെ അടുക്കൽ വിടും. ബർണബാസ് തിരുമേനി

പഠിപ്പിച്ചുതന്ന മരുന്ന് (യഹോവ എന്റെ ഇടയനാകുന്നു എന്ന 23-ാം സങ്കീർത്തനം ദിവസം മൂന്നു പ്രാവശ്യം ചൊല്ലി പ്രാർത്ഥിക്കുക) ഞാനുൾപ്പെടെ പലർക്കും അനുഭവമായി. ഫിലിപ്പച്ചന്റെ അവസാന നിമിഷങ്ങളിൽ ഈ സങ്കീർത്തനം തന്നെ ചൊല്ലിക്കൊടുക്കുവാൻ അമ്മായിയോട് പറഞ്ഞതായി പിന്നീട് അമ്മായി പറയുകയുണ്ടായി.

**യെരുശലേം യാത്ര**

ഞാനും എന്റെ ഭർത്താവും മൂത്ത മകൾ മിനിയും കൂടി യെരുശലേം സന്ദർശിച്ചതിന് ശേഷമുള്ള മർത്തമറിയം സമാജം മീറ്റിംഗിൽ അതിനെപ്പറ്റി പറയാൻ അച്ചനെന്നോട് ആവശ്യപ്പെട്ടു. ഓരോ ഇടങ്ങൾ സന്ദർശിച്ചപ്പോൾ ഉണ്ടായ വികാരങ്ങൾ ഞങ്ങളെ എല്ലാവരെയും എന്നെയും വീണ്ടും ഹൃദ്യമായി സ്പർശിച്ചു; പ്രത്യേകിച്ച് ഗദ്സമന തോട്ടത്തിൽ കർത്താവ് പ്രാർത്ഥിച്ച പാറയുടെ അടുത്തും, വി. ദൈവമാതാവിന്റെ വീടിന്റെ മുമ്പിലും മുട്ടുകുത്തി പ്രാർത്ഥിച്ചപ്പോൾ. അങ്ങനെ ഒരു അനുഗ്രഹ സംഭാഷണം നടത്തുവാൻ കർത്താവ് കൃപ തന്നു. കുറച്ചുനാളുകൾക്കു ശേഷം പള്ളിയിൽ നിന്ന് ഗ്രൂപ്പുകളായി വി. നാട് സന്ദർശനം നടത്തി. ഫിലിപ്പച്ചനും അമ്മായിയും ഒരിക്കൽ അതിന് നേതൃത്വം വഹിച്ചു.

ബഹുമാനപ്പെട്ട ഫിലിപ്പച്ചന്റെ ആത്മശാന്തിക്കുവേണ്ടി പ്രാർത്ഥിക്കുന്നു. ഞങ്ങളുടെ കുടുംബാംഗങ്ങൾ ഒന്നടങ്കം അച്ചന്റെ മുമ്പിൽ ആദരാഞ്ജലികൾ സമർപ്പിക്കുന്നു.

# സുസ്മരണാർഹനായ ഫിലിപ്പച്ചൻ

## അഡ്വ. വർഗീസ് പി. തോമസ്, പാലാരിവട്ടം

നമ്മുടെ ജീവിതത്തിൽ ഓർത്തെടുക്കാൻ അനേകർ ഉണ്ടെങ്കിലും ഒരിക്കലും മറക്കാൻ കഴിയാത്ത ചിലരുണ്ട്. ആ വ്യക്തികളുടെ നന്മകളും സുകൃതങ്ങളും സന്ദർഭോചിതമായി പ്രശംസിച്ചാൽ, മറ്റുള്ളവർക്ക് പ്രയോജനവും പ്രചോദനവും നൽകും. സുസ്മരണാർഹനായ ഫിലിപ്പച്ചനെക്കുറിച്ച് എഴുതുമ്പോൾ, മുന്നോടിയായി ഒരു പൊതു തത്വം കുറിച്ചെന്നു മാത്രം.

ആമുഖമായി പറയട്ടെ, ബൈബിളിലെ പരിചിതങ്ങളായ ചില വാക്യങ്ങൾ നമുക്കു നല്ല ആലോചനകൾ നൽകാറുണ്ട്. എബ്രായർ 13–ാം അദ്ധ്യായം 7–ാം വാക്യം ശ്രദ്ധിക്കാം. അവിടെ ഇപ്രകാരം പറയുന്നു "നിങ്ങളോട് ദൈവവചനം പ്രസംഗിച്ചു നിങ്ങളെ നടത്തിയവരെ ഓർത്തുകൊൾവിൻ; അവരുടെ ജീവാവസാനം ഓർത്തു അവരുടെ വിശ്വാസം അനുകരിപ്പിൻ." ചുരുക്കത്തിൽ അവരെ ഓർക്കണം, അനുകരിക്കണം, കാരണം നമ്മെ ദൈവവചനത്തിൽ നടത്തിയവരുണ്ട്. ആ നിയോഗത്താൽ ഈ എളിയ ലേഖനം സമർപ്പിക്കുന്നു.

രണ്ടു കാലഘട്ടങ്ങളിലായി ഒൻപതു വർഷം ഫിലിപ്പച്ചൻ, ഞാൻ അംഗമായ പാലാരിവട്ടം സെന്റ് ജോർജ് ഓർത്തഡോക്സ് വലിയപള്ളിയിൽ വികാരിയായിരുന്നു. ആ കാലയളവിൽ പരിചയപ്പെടും മുമ്പ്, ഭാഗ്യസ്മരണാർഹനായ നിരണം ഭദ്രാസന മെത്രാപ്പോലീത്താ ഗീവർഗീസ് മാർ ഒസ്താത്തിയോസ് തിരുമേനിയുമായി ഉണ്ടായിട്ടുള്ള സ്വകാര്യ സംഭാഷണങ്ങളിൽ തിരുമേനി സ്നേഹവാത്സല്യത്തോടെ ഫിലിപ്പച്ചനെ പരാമർശിച്ചിട്ടുള്ളത് ഞാൻ ഓർക്കുന്നു. തന്റെ ഗുരുവിന്റെ ജീവിത വീക്ഷണവും പ്രവൃത്തികളും സ്വജീവിതത്തിൽ വളരെയധികം ഉൾക്കൊണ്ട് പ്രവർത്തിച്ച ഒരു വൈദികൻ ആയിരുന്നു അച്ചൻ.

മാമോദീസായിലൂടെ അച്ചന്റെ പേര് ഫിലിപ്പെന്ന് സ്വീകരിച്ചതു മൂലം ഈ പേരിന്റെ ചരിത്ര പശ്ചാത്തലവും വൈശിഷ്ട്യവും എന്റെ അന്വേഷണ ഭാഗമായി. ക്രിസ്തുവിന് മുമ്പ് നാലാം നൂറ്റാണ്ടിൽ മാസിഡോണിയയിൽ ജീവിച്ചിരുന്ന മഹാനായ അലക്സാണ്ടർ ചക്രവർത്തിയുടെ പിതാവിന്റെ പേര് ഫിലിപ്പെന്നായിരുന്നു. ഈ പേരിൽ വാത്സല്യം എന്ന വാക്കിന്റെ ആശയവും സംജ്ഞയും അംശം അംശമായി കലർന്നിരിക്കുന്നു.

ബൈബിളിൽ ഈ പേരുകാരൻ (ഫിലിപ്പിന്റെ അപരനാമം ഫീലിപ്പോസ്) യോഹന്നാന്റെ സുവിശേഷം 1–ാം അദ്ധ്യായത്തിന്റെ അവസാനഭാഗത്തു കാണുന്നു. പത്രോസിനെ ശിഷ്യനാക്കിയ യേശു, പിറ്റേദിവസം ഗലീലയ്ക്ക്

പുറപ്പെടാൻ ഭാവിച്ചപ്പോൾ ഫീലിപ്പോസിനെ കണ്ട്, 'എന്നെ അനുഗമിക്ക' എന്നവനോട് പറഞ്ഞു. ഈ ഫീലിപ്പോസാണ്, തിരുവെഴുത്തിൽ മോശയും പ്രവാചകന്മാരും എഴുതിയിരിക്കുന്ന നസ്രായനായ യേശുവിനെ കണ്ടെത്തിയിരിക്കുന്നു എന്ന് നഥാനിയേലിനോട് സാക്ഷീകരിച്ച്, അവനെ യേശുവിനരികിൽ കൂട്ടിക്കൊണ്ടു വന്നത്. ഈ ശിഷ്യൻ കാണിച്ചപോലെയുള്ള ശൈലി സ്വാംശീകരിച്ച്, ഫിലിപ്പച്ചൻ വിനയപൂർവ്വം അദ്ദേഹത്തിന്റെ പൗരോഹിത്യ ജീവിത സാഹചര്യങ്ങൾക്കനുസരണമായി പ്രേഷിതവേല ചെയ്തിരുന്നു.

ഒരു വൈദികൻ ആരായിരിക്കണമെന്ന് ഒസ്താത്തിയോസ് തിരുമേനി ചിത്രം വരയ്ക്കുംപോലെ ഉപദേശിച്ചതിങ്ങനെ: 'അതിവിശുദ്ധ സ്ഥലമായ മദ്ബഹയിലെ ദർഗയിൽ പുരോഹിതൻ കിഴക്കോട്ട് നിൽക്കുമ്പോൾ ബലി അർപ്പിക്കുന്നവനും, പടിഞ്ഞാറേയ്ക്ക് എഴുന്നെള്ളി ഏവൻഗേലിയോൻ വായിക്കുമ്പോൾ പ്രവാചകനും, പ്രാകാരങ്ങളിൽ ഇറങ്ങിയാൽ ഇടയനുമായിരിക്കണം.' ഈ ദർശനവും ഉൾക്കൊണ്ട് ശുശ്രൂഷ നടത്തിയ പുരോഹിതനായിരുന്നു ഫിലിപ്പച്ചൻ.

വരുംതലമുറകൾക്കും അച്ചനെ പരിചയപ്പെടുത്തി കൊടുക്കാൻ ആനുകാലിക സഭാസമൂഹം ബാദ്ധ്യസ്ഥരാണ്. മലങ്കരസഭയിൽ മാത്രമല്ല ഇതര സഭകളിലും മതങ്ങളിലുമുള്ള മനുഷ്യഹൃദയങ്ങളിൽ സ്ഥിരപ്രതിഷ്ഠ നേടിയ സർവ്വാദരണീയനായ വൈദികനായിരുന്നു. ആർദ്രതയോടെയും കരുണയോടെയും പൗരോഹിത്യ ശുശ്രൂഷ മഹിമയോടെ നിർവ്വഹിച്ചതിനാൽ ഒരു ദൈവിക പ്രഭ ആ മുഖത്ത് കണ്ടിരുന്നു. എപ്പോഴും നിഷ്കളങ്കതയോടെ പുഞ്ചിരിച്ച്, വാത്സല്യത്തോടെ അടുത്തു വരികയും, ശിശുക്കളും യൗവനക്കാരും ഭയരഹിതരായി അടുക്കുന്നതും നിത്യസംഭവമായിരുന്നു. വെള്ളികെട്ടിയ താടിയും ചുവന്നു തുടുത്ത മുഖവും ആർദ്രതയാർന്ന നേത്രങ്ങളും ചിരിതൂകുന്ന ചുണ്ടുകളും എപ്പോഴും ശോഭയുള്ളതായിരുന്നു.

കുമാരനാശാൻ തന്റെ കവിതയിൽ ഒരു ഭാഗത്ത് ചോദ്യഭാവേന കുറിച്ചതിങ്ങനെ:

'ജീവിച്ചിടുന്നു മൃതിയിൽ ചിലർ<br>
ചത്തുകൊണ്ടു ജീവിക്കുന്നു ചിലർ<br>
കേവലം കരിന്തിരി കത്തി<br>
ജീവിച്ചിട്ടെന്തു കാര്യം ...'

ദൈവസ്നേഹത്തിന്റെ നീരുറവ ഉണ്ടാകുമ്പോൾ ഈ കരിന്തിരി കത്തുന്ന അനുഭവം പാടേ മാറും. പൗരോഹിത്യം ദൈവത്തിന്റെ പ്രത്യേക തിരഞ്ഞെടുപ്പാണ്. പുരോഹിതൻ ആർദ്രതയും അനുകമ്പയും ഉള്ളവൻ ആയിരിക്കുക മാത്രമല്ല സഭയ്ക്കും സമൂഹത്തിനും ആചാര്യനും ഗുരുവുമായിരിക്കണം. ലോകപ്രസിദ്ധരായിരുന്ന രണ്ട് ആത്മിക ആചാര്യന്മാരായിരുന്ന ഡോ.

പൗലോസ് മാർ ഗ്രീഗോറിയോസ്, ഡോ. ഗീവർഗീസ് മാർ ഒസ്താത്തിയോസ് എന്നിവർ ഫിലിപ്പച്ചന്റെ ഗുരുക്കന്മാരായിരുന്നു.

ഒരു ദേവാലയത്തിൽ നിന്നും ഫിലിപ്പച്ചനെതിരായി വിമർശനത്തിന്റെയോ പരാതിയുടെയോ ശബ്ദം ഉയർന്നിട്ടില്ല. മറിച്ച് സന്തോഷത്തിന്റെയും കൃതജ്ഞതയുടെയും അഭിനന്ദനത്തിന്റെയും പ്രതികരണമാണ് ഉണ്ടായിട്ടുള്ളത്.

ഫിലിപ്പച്ചൻ വികാരി എന്ന ഔദ്യോഗിക സ്ഥാനം ആദ്യമായി ഏറ്റത് പാലാരിവട്ടം പള്ളിയിൽ നിയമിതനായതോടെയാണ്. അക്ഷരാർത്ഥത്തിൽ പാലാരിവട്ടം ഇടവക വലിയപള്ളിയാക്കി ഉയർത്തപ്പെടുവാനും മലങ്കരസഭയിൽ ശ്രദ്ധേയമായ സ്ഥാനം കൈവരിക്കാനും പ്രധാന ശില്പിയായി പ്രവർത്തിച്ചു. മനോഹരമായി പുനർ നിർമ്മിച്ച ഇപ്പോഴുള്ള ദേവാലയം 24 ഫ്ളാറ്റുകളുള്ള സെന്റ് ജോർജ് ടവർ, ഏലൂർ പാതാളത്ത് സെമിത്തേരിക്ക് വേണ്ടി വാങ്ങിയ രണ്ടര ഏക്കറോളം സ്ഥലം, മഞ്ഞുമ്മൽ എന്ന സ്ഥലത്ത് ഭവനരഹിതർക്കായി ഉണ്ടാക്കിയ 'ബഥേൽ ഹോംസ് ', ദേവാലയത്തിന് മുമ്പിലെ വലിയ കൽക്കുരിശ്, സെന്റ് ജോർജ് ബുക്ക് സ്റ്റാൾ, പൗലോസ് മാർ ഗ്രീഗോറിയോസ് ലൈബ്രറി എന്നിവകൾ ഫിലിപ്പച്ചൻ ഇടവക വികാരി ആയിരുന്നപ്പോൾ ഉണ്ടായവയാണ്.

മലങ്കരയിൽ ഇന്ന് കിടപിടിക്കാൻ സമാനതകളില്ലാത്ത പാലാരിവട്ടം ദേവാലയത്തിൽ നിന്നും ഇറങ്ങുന്ന 'ജോർജിയൻ മിറർ' എന്ന ത്രൈമാസികയ്ക്ക് തുടക്കം കുറിച്ചത് (പി. സി. ചാക്കോ എന്ന യുവഅഭിഭാഷകന്റെ ചിന്തയിൽ ഉദിച്ചത്) ഫിലിപ്പച്ചന്റെ ദീർഘദൃഷ്ടി മൂലമാണ്. ഈ ദേവാലയത്തിൽ വികാരിയായിരിക്കുമ്പോൾ ദിവ്യബോധനം എന്ന പഠന ശിബിരത്തിന് ഇവിടെ അച്ചൻ ആരംഭം കുറിച്ചു.

യശഃശരീരനായ ഏബ്രഹാം പടിഞ്ഞാറേതലയ്ക്കൽ എന്ന പ്രസിദ്ധ സംഗീതജ്ഞന്റെ ശിക്ഷണത്തിൽ രൂപീകരിച്ച ഗായകസംഘത്തിന് തുടക്കം കുറിക്കാനും രൂപവും ഭാവവും നൽകാനും പ്രചോദനമായതും ഫിലിപ്പച്ചന്റെ പരിശ്രമം കൊണ്ടാണ്. പാലാരിവട്ടം പള്ളി മലങ്കരസഭയിൽ മാത്രമല്ല രാജ്യാന്തരതലത്തിൽ വരെ അതു മൂലം അറിയപ്പെട്ടു.

അച്ചന്റെ ആരാധനയിൽ സംബന്ധിക്കുന്നത് ഒരു ആത്മീയ അനുഭവം ആയിരുന്നു. എല്ലാ ഞായറാഴ്ചയും ഏവൻഗേലിയോൻ അടിസ്ഥാനമാക്കി ഒരു നിശ്ചിത സമയം സന്ദേശം നൽകിയിരുന്നു. വചന ശുശ്രൂഷയ്ക്കായി ഒരുങ്ങി പഠിച്ച് പ്രാർത്ഥനയോടെ അച്ചൻ എത്തുമായിരുന്നു. "വിശറിക്കു കാറ്റു വേണ്ട, കൈയിൽ എടുക്കുമ്പോൾ കാറ്റ് താനേ വന്നോളും" എന്നു പറയുംപോലെ ഒരുക്കമില്ലാതെ എത്തുന്ന വൈദികർ ഉള്ള ഈ കാലത്ത്, അച്ചൻ വ്യത്യസ്തനായിരുന്നു.

സഭാവിഘടനത്തിന്റെ നീണ്ട അതിപ്രസരണ സമയങ്ങളിൽ ഫിലിപ്പച്ചൻ, ദൈവവിളിയോടും നിയോഗത്തോടും മലങ്കര ഓർത്തഡോക്സ് സഭയോടും സത്യവിശ്വാസത്തോടും മരണംവരെ കാട്ടിയ പ്രതിബദ്ധത വലിയതായിരുന്നു. അവസാന കാലംവരെ സ്വന്ത ഇടവക ദേവാലയമായ നടമേൽ പള്ളിയിൽ വിശുദ്ധ ബലി അർപ്പിക്കാൻ ഒരവസരത്തിനായി പ്രതീക്ഷയോടെ നോക്കിപാർത്തിരുന്നു. ആഗ്രഹം സഫലമാകാതെ മനഃക്ലേശം അനുഭവിച്ചപ്പോൾ പലപ്പോഴും സാന്ത്വനം ഏകുവാൻ ആദരണീയനായ ജസ്റ്റിസ് കെ. ജോൺ മാത്യു സാറിനും എനിക്കും കഴിഞ്ഞിട്ടുണ്ട്.

നല്ല ഇടയൻ ആടുകളെ പേർ ചൊല്ലി വിളിപ്പാൻ തക്ക അടുപ്പവും അവയെ പച്ചയായ പുൽപ്പുറങ്ങളിൽ നയിക്കുന്നവനുമാണ്. വ്യക്തിപരമായി ഈ വൈദികനോട് കടപ്പെട്ടിരിക്കുവാനുള്ള പ്രധാന കാരണം ചെറുതായി കുറിക്കുവാൻ ഈ അവസരം ഉപയോഗിക്കുന്നു. ചില സംഭവങ്ങൾ വിവരിക്കുമ്പോൾ വ്യക്തിപരമായ പരാമർശനങ്ങൾ ഒഴിവാക്കാൻ പറ്റാത്തതും, സംഭവവിവരണത്തിന് അവരെ ചേർത്തു പറയേണ്ടതുമാണ്.

എന്റെ ഭാര്യ 2003 മുതൽ 7 വർഷക്കാലം ക്യാൻസർ രോഗാവസ്ഥയിൽ കൂടി കടന്നുപോയിരുന്നു. അത് ദൈവഹിതമായിരുന്നു എന്ന് ഞാൻ പരിപൂർണ്ണമായി വിശ്വസിക്കുന്നു. എന്റെയും കുടുംബാംഗങ്ങളുടെയും ജീവിത പരീക്ഷകളിൽ താങ്ങും തണലുമായിരുന്നവരിൽ അച്ചന്റെ കരുതലും സാമീപ്യവും മറക്കാനാവുന്നതല്ല. 2009-ൽ രോഗം അതികഠിനാവസ്ഥയിലായപ്പോൾ ഒരു രാത്രിയിൽ കുമ്പസാരിപ്പിക്കുകയും പിറ്റെദിവസം കുർബാനാന്തരം തൈലാഭിഷേകം നടത്തി കുർബാന കൊടുക്കുകയും ചെയ്തു. ഭാര്യ പോയെങ്കിലും പുറകെ ചെന്ന് പിൻപറ്റി സാന്ത്വനമേകി എന്നെയും മക്കളെയും ബലപ്പെടുത്തിയ കരുതലും കരുണയും മറക്കാൻ സാധിക്കുന്നില്ല.

ഫിലിപ്പച്ചന്റെ മരണാനന്തര ചടങ്ങുകൾക്ക് എത്തിയ അനേകം ആളുകളുടെ സാമീപ്യം, അവർക്ക് ലഭിച്ച സ്നേഹത്തിന്റെ പ്രതികരണം ആയിരുന്നു. പാലാരിവട്ടം ദേവാലയം അതീവ ദുഃഖത്തോടെ നൽകിയ അവസാന യാത്രയയപ്പ് മറ്റൊരു വൈദികനും ലഭിക്കുന്നതിനുപരിയായിരുന്നു. ഫിലിപ്പച്ചൻ ഇമ്പങ്ങളുടെ പറുദീസായിൽ എല്ലാവർക്കും വേണ്ടി മദ്ധ്യസ്ഥത അണയ്ക്കുന്നു. ആ മദ്ധ്യസ്ഥതയിൽ ഞാനും അഭയപ്പെടുന്നു.

# സ്നേഹത്തിന്റെ നിറകുടം

## ജോർജ് ജോസഫ്, പാലാരിവട്ടം

ഓർത്തഡോക്സ് സഭയെ നെഞ്ചിലേറ്റി നടക്കുന്ന ഒരു വൈദികനായിരുന്നു കെ. റ്റി. ഫിലിപ്പച്ചൻ. സഭാനേതൃത്വം നിർദ്ദേശിക്കുന്ന എല്ലാ പദ്ധതികളും വളരെ ഭംഗിയായി നടപ്പാക്കുവാൻ അച്ചന്റെ ഉത്സാഹം ശ്രദ്ധേയമാണ്. ഓർത്തഡോക്സ് സെമിനാരിയുടെ ആഭിമുഖ്യത്തിൽ നടപ്പാക്കിയ ദിവ്യബോധനം പാഠ്യപദ്ധതി കോൺവൊക്കേഷനിൽ സംബന്ധിക്കുവാൻ ഒരു ടെമ്പോ ട്രാവലർ നിറയെ പി.ഒ.സി.ഇ. പൂർത്തിയാക്കിയ വിദ്യാർത്ഥികളെ കോട്ടയത്ത് എത്തിച്ചത് പാലാരിവട്ടം പോലുള്ള വലിയപള്ളി മാത്രമല്ല, ചെറായി പള്ളിയിലും ഈ പദ്ധതി നടപ്പാക്കി. എറണാകുളം മെൽത്തോ കൺവൻഷൻ തുടങ്ങുമ്പോൾ ഇടവകയിലെ കഴിവുള്ളിടത്തോളം ആളുകളെ ഫോണിൽ ബന്ധപ്പെട്ട് കൺവൻഷനിൽ പങ്കെടുക്കേണ്ട ആവശ്യകത അച്ചൻ ഊന്നിപ്പറയുന്ന കാര്യവും ഞങ്ങളുടെ സ്മരണയിൽ ഉണ്ട്. ഇടവകാംഗങ്ങളുമായി വ്യക്തിപരമായ ബന്ധം പുലർത്തുവാൻ അച്ചൻ പ്രകടിപ്പിച്ചിരുന്ന ഊർജ്ജം വൈദികസമൂഹത്തിന് ആകെ അനുകരണീയ മാതൃകയാണ്.

രോഗബാധിതരുടെയും, ബുദ്ധിമുട്ട് അനുഭവിക്കുന്നവരുടെയും ജീവിതത്തിൽ അപ്രതീക്ഷിത തിരിച്ചടി നേരിടുന്നവരുടെയും പ്രഥമ അത്താണി ഫിലിപ്പച്ചനായിരുന്നു. ഫിലിപ്പച്ചൻ തന്റെ ബലഹീനതകളെ തിരിച്ചറിഞ്ഞ് അതനുസരിച്ച് ജീവിതം ക്രമപ്പെടുത്തി. തന്റെ ജീവിതം മറ്റുള്ളവർക്ക് പ്രയോജനമാകണമെന്ന് ദൃഢനിശ്ചയം ചെയ്ത ഒരു മഹത് വ്യക്തിയായിരുന്നു. പ്രായഭേദമെന്യേ, വലിപ്പചെറുപ്പം നോക്കാതെ ഓരോ വ്യക്തിയെയും കുടുംബത്തെയും ശ്രദ്ധിച്ചിരുന്നു. ഈ മഹത് വ്യക്തിയുടെ വിടവ് നികത്താൻ പറ്റാത്തതാണ്. അച്ചന്റെ മദ്ധ്യസ്ഥത നമുക്ക് കാവലും കോട്ടയുമായിരിക്കട്ടെ.

# സ്നേഹവും കരുതലുമുള്ള ഇടയൻ

**ലീലാമ്മ കുര്യൻ**

(സെക്രട്ടറി, ശെമവൂൻ മാർ ദീവന്നാസ്യോസ് ചാരിറ്റബിൾ ട്രസ്റ്റ്, എറണാകുളം)

ഒരു മനുഷ്യന് ജീവിതത്തിൽ ലഭിക്കുന്ന ഏറ്റവും ശ്രേഷ്ഠമായ പദവിയാണ് പൗരോഹിത്യം. എന്നാൽ ദൈവം വിളിക്കുന്നവൻ അല്ലാതെ ആരും ആ സ്ഥാനം സ്വതവേ എടുക്കുന്നില്ല എന്ന് വചനം പഠിപ്പിക്കുന്നു. 1993-1998 കാലഘട്ടത്തിലാണ് പാലാരിവട്ടം സെന്റ് ജോർജ് ഓർത്തഡോക്സ് വലിയ പള്ളിയിൽ അച്ചൻ കർത്തൃശുശ്രൂഷ നിർവഹിച്ചത്. പരിമിതമായ ആരാധനാ സൗകര്യങ്ങൾ മാത്രം ഉണ്ടായിരുന്ന ഇടവകയ്ക്ക് അത് ഒരു സുവർണ്ണ കാലമായിരുന്നു എന്നു പറയാം. ഇടവകയുടെ ആത്മികവും ഭൗതികവുമായ വളർച്ചയ്ക്ക് അച്ചൻ നൽകിയ നേതൃത്വം ശ്രദ്ധേയമാണ്. താമസിയാതെ തന്നെ ഇടവകയുടെ ചിരകാല സ്വപ്നമായിരുന്ന സെമിത്തേരിക്ക് സ്ഥലം വാങ്ങുവാൻ സാധിച്ചു. സെന്റ് ജോർജ് ഫ്ളാറ്റ് തുടങ്ങി. ഇടവകയുടെ ആത്മികവും സാമ്പത്തികവുമായ വളർച്ചയുടെ കാലമാണത്.

അദ്ദേഹത്തിന്റെ പഠിപ്പിക്കലുകൾ മൂലം "ദൈവം ദാനമായി തരുന്ന വരുമാനത്തിന്റെ ദശാംശം ദൈവത്തിനുള്ളതാണ്" എന്ന ബോദ്ധ്യം ഇടവക അംഗങ്ങൾക്കുണ്ടായി. മലാഖി പ്രവചനം 3:7 മുതൽ 11 വരെയുള്ള വാക്യങ്ങൾ എല്ലാവർക്കും കാണാപാഠം ആയി. തുടർച്ചയായ 5 ഞായറാഴ്ചകളിൽ കുർബാനമദ്ധ്യേ ദശാംശത്തെക്കുറിച്ച് അദ്ദേഹം പ്രസംഗിച്ചു. അതോടുകൂടി മിക്കവാറും എല്ലാ കുടുംബങ്ങളും ദശാംശം മാറ്റിവച്ച് പള്ളിയുടെ ആവശ്യങ്ങൾക്കായി കൊടുക്കാൻ തുടങ്ങി.

ആദ്ധ്യാത്മിക ജീവിതത്തിൽ ഓരോ ഇടവക അംഗങ്ങളുടെയും ഹൃദയത്തിൽ ഒരു ഗുരുസ്ഥാനീയനായിരുന്നു ഫിലിപ്പ് അച്ചൻ. സഭയുടെ ദിവ്യബോധനം പഠനക്ലാസ്സുകളും "ജോർജ്ജിയൻ മിറർ" എന്ന ത്രൈമാസികയും അച്ചന്റെ നേതൃത്വത്തിൽ ആരംഭിച്ചു. ഇടവകയുടെ ആത്മിക പ്രസ്ഥാനങ്ങളും എം.ജി.ഒ.സി.എസ്.എം. ഉം നിറവോടെ പ്രവർത്തിച്ചു. മീറ്റിംഗുകൾ കൊച്ചി മെത്രാസനത്തിൽ എവിടെ നടന്നാലും ഒരു നല്ല ഇടയനെപ്പോലെ അംഗങ്ങളോടൊപ്പം അദ്ദേഹവും ഉണ്ടാകും. ദശാംശം മാറ്റി വെച്ച് ചാരിറ്റി ചെയ്യാൻ കുഞ്ഞുങ്ങൾക്ക് അദ്ദേഹം പ്രോത്സാഹനം നൽകി. ഇന്നും മുതിർന്ന കുഞ്ഞുങ്ങൾ അവരുടെ ദശാംശം ചാരിറ്റി ചെയ്യുന്നുണ്ട്.

2005-ൽ വീണ്ടും ഇടവകയെ നയിക്കുവാൻ ഫിലിപ്പച്ചൻ എത്തി. സ്നേഹത്തിലൂടെയും കരുതലുകളോടുകൂടിയും ഓരോ കുടുംബാംഗങ്ങളുടെയും

ഹൃദയത്തിൽ അദ്ദേഹം സ്ഥിരപ്രതിഷ്ഠ നേടി. കഷ്ടതകളും പ്രയാസങ്ങളും നേരിടുന്ന കുടുംബങ്ങളിൽ ഒരു ദൈവദൂതനെപ്പോലെ ആശ്വാസവചനങ്ങളുമായി അദ്ദേഹം എത്തും. അന്യസമുദായത്തിൽ പെട്ടവർപോലും രോഗാവസ്ഥയിൽ ഇരിക്കുമ്പോൾ അച്ചൻ ചെന്ന് പ്രാർത്ഥിക്കും. അങ്ങനെ സൗഖ്യം പ്രാപിച്ചവർ ഇന്നും നിറകണ്ണുകളോടെ ആ സംഭവം പറയാറുണ്ട്. "നീതിമാന്റെ ശ്രദ്ധയോടുകൂടിയ പ്രാർത്ഥന വളരെ ഫലിക്കുന്നു."

# സ്നേഹവും കരുതലും നൽകി

## ക്രിസ്ത്യൻ കൃപാ ജോൺ

(എം.ജി.ഒ.സി.എസ്.എം., പാലാരിവട്ടം)

സണ്ടേസ്കൂൾ മത്സരങ്ങളിൽ അച്ചന്റെ കൈയിൽ നിന്ന് സമ്മാനം വാങ്ങുമ്പോൾ അച്ചൻ നൽകുന്ന പ്രോത്സാഹനം വീണ്ടും വീണ്ടും മത്സരിക്കുവാൻ എനിക്ക് പ്രചോദനം ആയിരുന്നു. ആത്മിക ജീവിതത്തിന് വഴികാട്ടി എന്നതിനുപരി എന്റെ വിജയങ്ങളിലും പരാജയങ്ങളിലും ഒരു പിതാവിനെപ്പോലെ എനിക്ക് സ്നേഹവും കരുതലും നൽകി. അച്ചന്റെ പ്രവർത്തനശൈലിയിലെ ഒരു ചെറുപുഞ്ചിരി മാത്രം മതി സ്മരണയിൽ നിറയാൻ. സ്നേഹം തുളുമ്പുന്ന ആ കണ്ണുകളും കരുതലാർന്ന ആ കരങ്ങളും ഒരിക്കലും മായാത്ത ചെറുപുഞ്ചിരിയും അണയാത്ത വെളിച്ചമായി എന്നെ ഇന്നും വഴിനടത്തുന്നു.

# എന്റെ ഫിലിപ്പച്ചൻ

## നോലിൻ പാലാരിവട്ടം

ക്രിസ്മസ് പപ്പാനിയെപ്പോലെ അപ്പൂപ്പൻതാടിയും വെച്ച് കൈനിറയെ മിഠായിയും ആയി വന്ന് നെറുകയിൽ മുത്തവും തന്ന് മടിയിൽ ഇരുത്തി കളിപ്പിച്ചിരുന്ന ഫിലിപ്പച്ചൻ എനിക്കൊരു ഇടവക വികാരി മാത്രമായിരുന്നില്ല. ക്രിസ്തുവിന്റെ സ്നേഹം പഠിപ്പിച്ചു തന്ന വാത്സല്യവാനായ ഒരു പിതാവായിരുന്നു.

തിരിച്ചറിയുവാൻ തുടങ്ങിയ പ്രായത്തിൽ ഞാൻ ആദ്യമായി കാണുന്ന തേജസ്സേറിയ വൈദികനായിരുന്നു അദ്ദേഹം. ചിത്രം വരയ്ക്കാൻ അറിവില്ലാതിരുന്നിട്ടും ഞാൻ ആദ്യമായി വരച്ച ചിത്രം ഫിലിപ്പച്ചൻ കാപ്പയും ധരിച്ച് വി. മദ്ബഹായിൽ വി. കുർബാന അർപ്പിക്കുന്നതാണ്. അങ്ങനെയൊരു ചിത്രം ഒരു നാലു വയസ്സുകാരി വരയ്ക്കണമെങ്കിൽ അച്ചൻ എന്നിൽ ചെലുത്തിയ സ്വാധീനം വളരെ വലുതാണെന്നുള്ള വസ്തുത നിസ്സംശയമാണല്ലോ. ഇത് ഞാൻ എഴുതുന്ന വാക്കുകൾ എങ്കിലും അദ്ദേഹത്തിന്റെ പിതൃസ്നേഹം അനുഭവിച്ചറിഞ്ഞിട്ടുള്ള അനവധി യുവതീയുവാക്കന്മാർ നമുക്കു ചുറ്റുമുണ്ട്.

23 കൊല്ലം മുടങ്ങാതെ എനിക്ക് ആശംസകൾ നേർന്നിരുന്ന അച്ചന്റെ പിറന്നാൾ ഒരിക്കൽ മാത്രമേ ഞാൻ ഓർത്തിരുന്നു വിളിച്ചിട്ടുള്ളു. അത് അദ്ദേഹം ഈ ലോകത്തിൽ നിന്ന് യാത്രയായ വർഷമായിരുന്നു. 2019 മാർച്ച് 8-ാം തീയതി "ഹാപ്പി ബേർത്തഡേ അച്ചാ" എന്ന എന്റെ മെസ്സേജിന് മൂന്നു ദിവസം കഴിഞ്ഞിട്ടും മറുപടി കാണാതെയായപ്പോൾ ഞാൻ ഒന്നു വിളിച്ചു നോക്കി. അപ്പോഴാണ് അദ്ദേഹം വെല്ലൂർ ആശുപത്രിയിൽ ആണെന്ന വിവരം അമ്മായിയിൽ നിന്ന് ഞാൻ അറിയുന്നത്. പിതാവും പിതൃതുല്യനും ഒരേ ആശുപത്രിയുടെ നാലു ചുവരുകൾക്കുള്ളിൽ ചികിത്സ തേടി കിടക്കുന്ന ചിത്രം മനസ്സിൽ തന്ന വേദനയിൽ അദ്ദേഹത്തെ പിറന്നാൾ ആശംസകൾ അറിയിച്ച് സന്തോഷിപ്പിക്കാമെന്ന ചിന്ത ഉപേക്ഷിച്ച് ഞാൻ ആ ഫോൺ വെച്ചു. എന്നാൽ ഒരാഴ്ചയ്ക്കകം എന്നെ തേടിയെത്തിയ ഒരു ഫോൺകോൾ സന്തോഷവും അത്ഭുതവും വേർതിരിച്ചറിയുവാൻ പ്രയാസപ്പെടുത്തുന്നതായിരുന്നു. ചികിത്സയിൽ കഴിയുന്ന ക്ഷീണിതനായ അച്ചന്റെ ശബ്ദമല്ല ആ ഫോണിലൂടെ ഞാൻ കേട്ടത്. വളരെ സന്തോഷത്തോടെയും ഉത്സാഹത്തോടെയും പണ്ടത്തെ രണ്ടര വയസ്സുകാരിയോടെന്നപോലെയുള്ള സംസാരം. കർത്താവിൽ പൂർണ്ണമായി ശരണം പ്രാപിക്കുന്നവന് ദേഹം തളർന്നാലും ദേഹി ഒരുനാളും തളരുകയില്ല എന്ന പാഠം മനസ്സിലാക്കി തരുന്നവിധമായിരുന്നു ഞങ്ങൾ സംസാരിച്ച ആ നിമിഷങ്ങൾ.

അച്ചൻ നാട്ടിൽ തിരിച്ചെത്തിയ ശേഷം എല്ലാവരെയും പോലെ ഞാനും അദ്ദേഹത്തെ വീട്ടിൽ ചെന്നു കണ്ടു. പാന്റും ഷർട്ടും ഇട്ട് ഒരു കുഞ്ഞിന്റെ നിഷ്കളങ്കമായ ചിരിയും ചിരിച്ചുകൊണ്ട് വാതിൽ തുറന്ന് അദ്ദേഹം ഇറങ്ങി വന്ന് നെറുകയിൽ മുത്തം തന്ന് എന്നെ സ്വീകരിച്ചു. സന്തോഷത്തോടു കൂടി ഒത്തിരി നേരം അവിടെ ചിലവിട്ടതിനുശേഷം ഇറങ്ങാൻ തുടങ്ങിയപ്പോൾ അച്ചൻ പറഞ്ഞു, "നമുക്കൊരു ഫോട്ടോ എടുത്താലോ" എന്ന്. പതിവില്ലാത്തൊരു ചോദ്യം കേട്ടപ്പോൾ ഞാൻ ഒന്നു അമ്പരന്നു നോക്കി. അപ്പോൾ അച്ചൻ എന്നോടു പറഞ്ഞു, "നിനക്കിത് ഫിലിപ്പച്ചന്റെ ഓർമ്മയ്ക്കായി സൂക്ഷിക്കാ"മെന്ന്. അന്ന് ആ വാക്കിന്റെ അർത്ഥം എനിക്ക് മനസ്സിലായില്ല. പിന്നീട് എന്റെ സുഹൃത്തുക്കളും സ്നേഹിതരും അവിടെ ചെന്നപ്പോഴും ഇതേ വാക്കുകൾ അച്ചൻ പറഞ്ഞതായി അറിഞ്ഞു. അധികം നാളുകൾ ഒന്നും കാത്തിരിക്കേണ്ടി വന്നില്ല ഈ വാക്കുകളുടെ അർത്ഥം വിവരിച്ചെടുക്കുവാൻ.

അവസാനമായി ഒരുനോക്ക് കാണുവാൻ ലൂർദ് ആശുപത്രിയുടെ മോർച്ചറിയിൽ അച്ചന്റെ ഒരു കുടുംബാംഗത്തെ പോലെ ഞാനും എത്തി. ഒരു പുരോഹിതൻ ദൈവത്തിന്റെ പ്രതിപുരുഷനാണെന്നും ദൈവസ്നേഹം കൊണ്ട് ഈ ലോകത്തെ സ്വാധീനിക്കുന്നവനാണെന്നുമുള്ള ബോദ്ധ്യം മനസ്സിൽ ഉൾക്കൊണ്ട് ഞാൻ അവസാന ചുംബനം അച്ചന് സമ്മാനിച്ചു. ഒരു വൈദികന് ലഭിക്കേണ്ട എല്ലാ ആദരവുകളോടും ശുശ്രൂഷകളോടും കൂടി അദ്ദേഹത്തെ പ. മദ്ബഹായോട് അവസാന സമാധാനം ചോദിച്ച നിമിഷം വരെയും അദ്ദേഹത്തെ യാത്രയാക്കുവാൻ നൂറുകണക്കിന് ജനങ്ങളോടൊന്നിച്ച് എനിക്കും ദൈവം അവസരം തന്നു.

# ദൈവത്തെയും മനുഷ്യനെയും അറിഞ്ഞ പുരോഹിതശ്രേഷ്ഠൻ

## ഫാ. ദീപു ജോബ് ഡേവിസ്

(വൈദിക സെക്രട്ടറി, കൊച്ചി ഭദ്രാസനം)

ദൈവാഭിമുഖമായി നിലകൊണ്ട് ആരാധന അർപ്പിക്കുകയും, ലോകത്തിന് അഭിമുഖമായി നിന്ന് ദൈവജനത്തിന്റെ ശുശ്രൂഷ ആത്മാർത്ഥമായി നിർവഹിക്കുകയും ചെയ്ത ആചാര്യശ്രേഷ്ഠനായിരുന്നു ബഹു. കെ. റ്റി. ഫിലിപ്പച്ചൻ. മനുഷ്യസ്നേഹം എന്നത് ദൈവസ്നേഹത്തിന്റെ പ്രകടനമാണ് എന്ന് പൂർണ്ണമായി ഈ പുരോഹിതൻ വിശ്വസിച്ചിരുന്നു. 1995–ലാണ് ആഴമായ ഈ ഗുരുശിഷ്യബന്ധം ആരംഭിക്കുന്നത്. അച്ചൻ അന്ന് എന്റെ ഇടവക (പാലാരിവട്ടം, സെന്റ് ജോർജ് ഓർത്തഡോക്സ് പള്ളി) വികാരിയായിരുന്നു. ഒരിക്കൽ ഭവനസന്ദർശനവുമായി ബന്ധപ്പെട്ട് അദ്ദേഹം കടന്നു വന്നപ്പോൾ എന്റെ മാതാവ് പ. മദ്ബഹായിൽ ശുശ്രൂഷിക്കുവാൻ എനിക്കും ആഗ്രഹമുണ്ടെന്ന് അറിയിച്ചു, അന്ന് എന്നെ ചേർത്തുപിടിച്ചതാണ്. അത് അവസാനം അദ്ദേഹത്തിന്റെ ജീവന്റെ തുടിപ്പുകൾ നിൽക്കുന്നതുവരേക്കും അങ്ങനെ തന്നെ ആയിരുന്നു. ഇടയശുശ്രൂഷയിലേക്ക് ദൈവം എന്നെ കൈപിടിച്ച് ഉയർത്തിയപ്പോൾ എന്റെ മാതാപിതാക്കളോടൊപ്പം ഏറ്റവും കൂടുതൽ സന്തോഷിച്ചതും അച്ചൻ തന്നെയായിരുന്നു. അച്ചൻ വി. മദ്ബഹായിൽ പ്രവേശിപ്പിച്ചവരിൽ ഞാൻ മാത്രമാണ് വൈദിക ശുശ്രൂഷയിലേക്ക് പ്രവേശിച്ചത് എന്ന് പലവട്ടം പറഞ്ഞിട്ടുണ്ട്. അച്ചനെ ഏൽപിച്ച ഉത്തരവാദിത്തങ്ങൾ എല്ലാം തന്റെ ആരോഗ്യം പോലും വകവെയ്ക്കാതെ കഴിവിന്റെ പരമാവധി ഭംഗിയാക്കുവാൻ അദ്ദേഹം അദ്ധ്വാനിച്ചിരുന്നു. ഇടയശുശ്രൂഷകളിൽ തന്റേതായ ഒരു ശൈലി രൂപപ്പെടുത്തുവാൻ ഈ വന്ദ്യ വൈദികൻ ശ്രദ്ധിച്ചിരുന്നു, ചെറിയ കാര്യങ്ങളിൽ പോലും അത് പ്രകടവുമായിരുന്നു. അച്ചൻ ഉപയോഗിച്ചിരുന്ന പേനയുടെ മഷിയുടെ നിറം പോലും വ്യത്യസ്തമായിരുന്നു. ഇടവകകളിലെ ചെറുതും, വലുതുമായ എല്ലാ ആവശ്യങ്ങളിലും വ്യക്തിപരമായി വിഷയത്തിന്റെ പ്രാധാന്യം അറിയിച്ചുകൊണ്ട് എഴുത്തുകൾ അയച്ചിരുന്നു. ഇടവകകളിൽ വി. കുർബാനാനന്തരം നടത്തിയിരുന്ന അറിയിപ്പുകൾക്കു പോലും വ്യത്യസ്തത ഉണ്ടായിരുന്നു. അദ്ദേഹം അവതരിപ്പിച്ചിരുന്ന ഏതിലും ഒരു പുതുമ ഏവർക്കും അനുഭവപ്പെട്ടിരുന്നു. പ. സഭയുടെ വരമ്പുകൾക്ക് അപ്പുറത്ത് പോലും സ്നേഹിതരെ ഉണ്ടാക്കിയെടുക്കുവാൻ അച്ചന് സാധിച്ചിരുന്നു. ഇടവകാംഗങ്ങളുടെ ഭവനങ്ങളിൽ സന്ദർശനം നടത്തുന്ന വേളകളിൽ ആ ഭവനത്തിന്റെ സമീപത്ത് താമസിക്കുന്ന വ്യക്തികളുടെ (ഇതര മതസ്ഥരുടെ) പോലും വീടുകൾ സന്ദർശിക്കുകയും

ക്രൈസ്തവ ശുശ്രൂഷ എന്താണെന്ന് വെളിപ്പെടുത്തുവാനും ഈ പുരോഹിതൻ ശ്രദ്ധിച്ചിരുന്നു. സഹോദരീസഭകളിലെ അംഗങ്ങൾ പോലും "ഞങ്ങളുടെ ഫിലിപ്പച്ചൻ" എന്ന് വിളിച്ചിരുന്നത് കേൾക്കുവാൻ അവസരം ഉണ്ടായിട്ടുണ്ട്.

അച്ചൻ ശുശ്രൂഷിച്ച രണ്ട് ദേവാലയങ്ങളിൽ എനിക്ക് പിന്നീട് ശുശ്രൂഷിക്കുവാനുള്ള ഭാഗ്യം ലഭിച്ചിട്ടുണ്ട്. ഇടവകജനങ്ങൾ വർഷങ്ങൾക്കു ശേഷവും അദ്ദേഹത്തിന്റെ ശുശ്രൂഷകളെ കുറിച്ച് മധുരസ്മരണകൾ പങ്കുവെക്കുന്നെങ്കിൽ അത് എത്ര ഹൃദയങ്ങളെ സ്വാധീനിച്ചിട്ടുണ്ടായിരിക്കാം എന്ന് ഞാൻ ചിന്തിക്കാറുണ്ട്. അച്ചനോട് നമ്മൾ അകലം പാലിക്കാൻ ശ്രമിച്ചാലും അച്ചന്റെ ഹൃദ്യമായ പെരുമാറ്റശൈലിയിൽ നമ്മളെ അച്ചനിലേക്ക് അടുപ്പിക്കുമായിരുന്നു.

അച്ചൻ കൂടെ നിൽക്കുന്നവരെ കരുതുകയും അവർക്ക് അവസരങ്ങൾ ലഭ്യമാക്കുവാനും, പ്രോത്സാഹിപ്പിക്കുവാനും ഏറെ ശ്രദ്ധിച്ചിരുന്നു. പലപ്പോഴും കൂടെ ഉള്ളവരുടെ ചെറിയ നന്മ പോലും എടുത്ത് പറഞ്ഞ് അവരുടെ ഉള്ളിലെ ഏറ്റവും നല്ലതിനെ പുറത്ത് കൊണ്ടുവരുവാൻ ഏറെ അദ്ദേഹം പരിശ്രമിച്ചിരുന്നു. മറ്റുള്ളവരുടെ ഹൃദയത്തെ വേദനിപ്പിക്കുന്നത് ഒന്നും തന്നിൽ നിന്ന് ഉണ്ടാകരുത് എന്ന ഒരു നിർബന്ധം പലപ്പോഴും പ്രകടമായിരുന്നു. ഒരിക്കൽ അദ്ദേഹം ശുശ്രൂഷ നടത്തിയിരുന്ന ഇടവകയിൽ ഒരു കുട്ടിയെ പ. മദ്ബഹായിൽ ശുശ്രൂഷയ്ക്ക് പ്രവേശിപ്പിക്കുവാനായി തീരുമാനം അറിയിച്ചു. എന്നാൽ അന്നേദിവസം വി. കുർബാന ആരംഭിക്കുന്നതിന് മുമ്പായി ശാരീരിക ബുദ്ധിമുട്ട് അച്ചന് അനുഭവപ്പെട്ടു. ഇതേ തുടർന്ന് പലരും അച്ചനോട് കൈവെയ്പിന്റെ ശുശ്രൂഷ പിന്നീടൊരിക്കൽ നടത്തിയാൽ മതിയെന്ന് അഭ്യർത്ഥിച്ചു. എങ്കിലും ഒരുങ്ങി നിൽക്കുന്ന കുട്ടിക്കും മാതാപിതാക്കൾക്കും അതൊരു പ്രയാസം ആകും എന്നാണ് മറുപടി നൽകിയത്. ഏറെ ക്ഷീണിതനായിരുന്നിട്ടും അന്നേ ദിവസത്തെ ശുശ്രൂഷകൾ മുഴുവനും പൂർത്തീകരിക്കുകയും ചെയ്തു. ആരാധനാകാര്യങ്ങൾക്ക് ഏറെ ചിട്ട പുലർത്തിയിരുന്ന വ്യക്തിയായിരുന്നു അച്ചൻ. വി. കുർബാന അർപ്പിക്കുന്നതിന്റെ തലേസന്ധ്യയിൽ തന്നെ ദേവാലയത്തിൽ എത്തിച്ചേർന്ന് സന്ധ്യാനമസ്കാരം നടത്തിയിരുന്നു. പാഴ്സനേജുള്ള ഇടവകകളിൽ എല്ലാ ദിവസവും സന്ധ്യാനമസ്കാരം വിശ്വാസികളുടെ പങ്കാളിത്തത്തോടെ നടത്തുവാൻ ശ്രദ്ധിച്ചിരുന്നു. വി. കുർബാന അർപ്പിക്കുന്ന സമയത്ത് ബലിപീഠത്തിന്റെ അടുക്കലേക്ക് ശുശ്രൂഷകർ ആവശ്യമില്ലാതെ വന്നിരുന്നതിനെ കർശനമായി ശാസിച്ചിരുന്നു. വി. കുർബാന അർപ്പിക്കുവാനായി ദേവാലയത്തിൽ പ്രവേശിച്ചാൽ നേർച്ച അർപ്പിച്ചതിന് ശേഷം മാത്രമേ നമസ്കാരങ്ങൾ ആരംഭിച്ചിരുന്നുള്ളു. ഈ ചിട്ടകളൊക്കെ തന്റെ അവസാനകാലം വരെ മുടക്കം കൂടാതെ പാലിക്കുകയും ചെയ്തു. തന്റെ വ്യക്തിപരമായ പല ആവശ്യ

ങ്ങളും മാറ്റിവെച്ച് തന്റെ സ്നേഹിതരുടെയും, സഭാംഗങ്ങളുടെയും സന്തോഷത്തിലും, സങ്കടങ്ങളിലും ഓടിയെത്തുവാൻ അദ്ദേഹം ഉത്സാഹിച്ചിരുന്നു. ഇതിനുവേണ്ടി ഏറെ ത്യാഗങ്ങൾ സഹിക്കുവാനും മടിയില്ലായിരുന്നു.

തനിക്ക് എത്തിച്ചേരുവാൻ സാധിക്കാത്ത ദൂരത്തായിരുന്നെങ്കിൽ പോലും സാന്ത്വനത്തിന്റെ, പ്രോത്സാഹനത്തിന്റെ ഒരു കത്ത് എഴുതുവാനെങ്കിലും ഈ പുരോഹിതൻ ശ്രദ്ധിച്ചിരുന്നു. അച്ചൻ തന്റെ ഗുരുക്കന്മാരായ ഡോ. പൗലോസ് മാർ ഗ്രീഗോറിയോസ് തിരുമേനിയോടും, സഭാരത്നം ഡോ. ഗീവറുഗീസ് മാർ ഒസ്താത്തിയോസ് തിരുമേനിയോടും പുലർത്തിയിരുന്ന സ്നേഹവും, ഭക്തിയും എത്ര വലുതായിരുന്നു എന്നത് സംഭാഷണങ്ങളിൽ പ്രകടമായിരുന്നു.

അച്ചൻ എന്നെ കരുതിയതുപോലെ തിരികെ ആ സ്നേഹം നൽകുവാൻ എനിക്ക് സാധിച്ചിട്ടുണ്ടോ എന്ന് പലപ്പോഴും ഞാൻ ചിന്തിക്കാറുണ്ട്. നമ്മളെ അത്ഭുതപ്പെടുത്തുന്ന രീതിയിലായിരിക്കും അച്ചന്റെ ഇടപെടലുകൾ. അച്ചൻ ഈ ലോകത്തിൽ നിന്ന് യാത്രയാകുന്നതിന് ഏതാനും ആഴ്ചകൾക്ക് മുമ്പ് അദ്ദേഹം വരുത്തിയിരുന്ന ഒരു ക്രൈസ്തവ മാസിക എന്റെ പേരിൽ വരിസംഖ്യ അടച്ച് ലഭ്യമാക്കിയിരുന്നു. ഇന്നും അത് മുടക്കം കൂടാതെ ലഭിക്കുമ്പോൾ ഗുരുവിന്റെ സ്നേഹവാത്സല്യം എത്രയോ വലുതായിരുന്നു എന്ന ചിന്ത എന്നെ ഭരിക്കുന്നു. എന്റെ ശെമ്മാശ പട്ടംകൊടയ്ക്ക് ഞാൻ പോലും അറിയാതെ ഇൻവിറ്റേഷൻ സ്വന്തം ചെലവിൽ പ്രിന്റ് ചെയ്ത് നൽകിയതും മറക്കാത്ത മറ്റൊരു ഓർമ്മയാണ്. അച്ചൻ അവസാനമായി പങ്കെടുത്ത പൊതുപരിപാടി ഞാൻ ശുശ്രൂഷിക്കുന്ന ദേവാലയത്തിൽ ആയിരുന്നു എന്നത് ദൈവനിശ്ചയം. ഭദ്രാസന മെത്രാപ്പോലീത്താ ഡോ. യാക്കോബ് മാർ ഐറേനിയോസ് മെത്രാപ്പോലീത്തായുടെ നിർദ്ദേശത്താൽ അച്ചന്റെ വി. തൈലാഭിഷേക ശുശ്രൂഷയിലും, അന്ത്യനിമിഷങ്ങൾക്കും സാക്ഷിയാകുവാൻ എനിക്കും സാധിച്ചു. നിർമ്മല മനസ്സാക്ഷിയോടെ തന്നെ പരിസേവിച്ച ആചാര്യന്മാർക്ക് മശിഹാ ഒരുക്കിയ പറുദീസായിൽ കെ. റ്റി. ഫിലിപ്പച്ചൻ ഉണ്ടാകും നിശ്ചയം.

# തേവര ഇടവകയുടെ പ്രഥമ ഇടയൻ

## കെ. കെ. ഫിലിപ്പോസ് തേവര

എറണാകുളം സെന്റ് മേരീസ് പള്ളിയുടെ ഒരു ചാപ്പലായിരുന്ന തേവര പള്ളി ഇടവകയായി ഉയർത്തപ്പെടുമ്പോൾ പ്രഥമ ഇടയനായിട്ടാണ് ഫിലിപ്പ് അച്ചൻ 1998 ജൂലൈ 1 മുതൽ നിയമിതനാകുന്നത്. ജൂലൈ മൂന്നാം തീയതി പ. മാർത്തോമ്മാ ശ്ലീഹായുടെ ദുഖ്റോനോ പെരുന്നാളിൽ ഞാനും സംബന്ധിച്ചു. വിശുദ്ധ ബലിയിൽ ലഭിച്ച എളിയ കാണിക്കയാണ് പരാധീനതകളുണ്ടായിരുന്ന ഇടവകയുടെ ആദ്യ മൂലധനം. കോന്തുരുത്തി, തേവര, പനമ്പിള്ളി നഗർ, നെട്ടൂർ, കടവന്തറ സൗത്ത്, ഐലൻഡ് പ്രദേശങ്ങളിൽ ചിതറിപ്പാർത്തിരുന്ന ഓർത്തഡോക്സ് വിശ്വാസികളുടെ ഭവനങ്ങൾ തേടിപ്പിടിച്ച് അച്ചന്റെ ശക്തമായ പ്രേരണയിൽ ഏതാണ്ട് 1110-ഓളം അംഗങ്ങളെ വളരെ വേഗം ചേർക്കുവാൻ സാധിച്ചു. വെട്ടിക്കൽ നിന്നും ദിവസേന ബസ് കയറി വന്നിരുന്ന അച്ചന്റെ ത്യാഗമനോഭാവം എടുത്തു പറയേണ്ടതാണ്.

ദൈനംദിന കാര്യങ്ങൾ പോലും എങ്ങനെ നിർവ്വഹിക്കും എന്ന് നിശ്ചയമില്ലാതിരുന്ന ഇടവകജനങ്ങൾക്ക് കരുത്തും ആത്മവിശ്വാസവും പകർന്നു മുന്നോട്ടു നയിച്ചത് ഫിലിപ്പച്ചന്റെ ആത്മീയ ശുശ്രൂഷയുടെ മികവാണ്.

പള്ളിയിലെ എല്ലാം അംഗങ്ങളെയും പേരുചൊല്ലി വിളിച്ചിരുന്നു. ജന്മദിനങ്ങളിലും, വിവാഹവാർഷിക ദിനങ്ങളിലും ഓരോരുത്തരെയും രാവിലെ വിളിച്ച് ആശംസകൾ അർപ്പിക്കുന്ന ആദ്യ വ്യക്തി അച്ചനായിരുന്നു. എറണാകുളം പട്ടണത്തിൽ മാത്രമല്ല സഭയിലും തേവര ഇടവകയ്ക്ക് സൽപ്പേര് അച്ചൻ നേടിക്കൊടുത്തു.

ഗീവർഗീസ് മാർ ഒസ്താത്തിയോസിന്റെ ശിഷ്യത്വത്തിൽ സെന്റ് പോൾസ് മിഷനിലും, സുവിശേഷ സമാജത്തിലും മറ്റും പ്രവർത്തിച്ചു നേടിയ പരിശീലനം അച്ചന്റെ ശുശ്രൂഷാവേലയ്ക്ക് ഏറെ മികവു പകർന്നു. എല്ലാ ആത്മിക സംഘടനകളും ചിട്ടയായും മാതൃകാപരമായും ഇടവകയിൽ പ്രവർത്തനമാരംഭിച്ചു. ഭവനങ്ങളിലെ പ്രാർത്ഥനായോഗാംഗങ്ങൾ തമ്മിലുള്ള കൂട്ടായ്മയ്ക്കും ഊഷ്മളത പകർന്നു. ഇടവകയ്ക്ക് വ്യക്തമായ സാമൂഹ്യ ദർശനം കൂടി ഉണ്ടാകണം എന്നു മനസ്സിലാക്കിയിരുന്ന അച്ചൻ ദശാംശം നൽകുന്നതിന് ജനങ്ങളെ പ്രചോദിപ്പിക്കുകയും ജാതിമതഭേദമെന്യേ അർഹരായവർക്ക് സഹായം നൽകുന്നതിനായി ഒരു ഫണ്ടും രൂപീകരിച്ചു. ഇടവകയുടെ വരവുചെലവ് കണക്കുകളും, മറ്റു റെക്കോർഡുകളും കൃത്യമായും വ്യവസ്ഥാപിതമായും എഴുതി സൂക്ഷിക്കുന്നതിന് മാർഗ്ഗനിർദ്ദേശം നൽകി.

കിടന്നുറങ്ങുവാൻ ഉള്ള സൗകര്യംപോലും ആരംഭകാലത്ത് ഉണ്ടായിരു

ന്നില്ല. അച്ചന്റെ പരിശ്രമഫലമായി പടിപടിയായി ഭൗതിക സൗകര്യങ്ങൾ ചുരുങ്ങിയ കാലംകൊണ്ട് തന്നെ മെച്ചപ്പെടുത്തി. രണ്ട് ദശാബ്ദങ്ങൾക്ക് ശേഷം തേവര ഇടവക ഏറെ വളർന്നു. പള്ളിക്കു സമീപം സ്വന്തമായി സെമിത്തേരി ഉൾപ്പെടെ എല്ലാ സൗകര്യങ്ങളുമുണ്ട് ഇപ്പോൾ. കെട്ടുറപ്പുള്ള ഒരു ഇടവകയെ വളർത്തി പരിരക്ഷിക്കുന്നതിൽ അച്ചൻ നിർവ്വഹിച്ച നിസ്തുലമായ പങ്ക് ഒരു കാലത്തും വിസ്മരിക്കുവാൻ കഴിയുന്നതല്ല.

# ചെറായി പള്ളിയെ ഉണർത്തി

## അഡ്വ. ഓബ്രി ചെറായി

2011–ലാണ് പ്രിയ ഫിലിപ്പച്ചൻ ചെറായി പള്ളിയിൽ വികാരിയായി എത്തുന്നത്. കഴിഞ്ഞ 65 വർഷമായി കേസുകളും പള്ളി പൂട്ടിയിടലുമായി മുരടിച്ചു നിന്ന വിശ്വാസികൾക്ക് അച്ചന്റെ പ്രവർത്തനം പുത്തൻ ഊർജ്ജം നൽകി. ഇടവകയിലെ ജനങ്ങളെ വി. കുർബാനയിലെ പ്രതിവാക്യങ്ങൾ, ഗീതങ്ങൾ മുതലായവ പഠിപ്പിക്കുകയും ഒരു ഗായകസംഘം രൂപീകരിക്കുകയും ചെയ്തു.

പള്ളിയുടെ പാഴ്സനേജ് ഭംഗിയായി പുതുക്കിപ്പണിത് കൂദാശ ചെയ്തു. കുർബാനാനന്തര ഭക്ഷണം, ഇടവക ദിനം, ആദ്യഫല പെരുന്നാൾ, വിൽപ്പന മേള, ക്രിസ്തുമസ് കരോൾ, ധ്യാനയോഗങ്ങൾ എന്നിവ ആരംഭിച്ചു. കൂടാതെ ഇടവകയിൽ മാനേജിംഗ് കമ്മിറ്റി ഉണ്ടാക്കുകയും പൊതുയോഗം നടത്തുകയും സ്ത്രീകൾക്ക് വലിയ പ്രാതിനിധ്യം ഭരണത്തിൽ നൽകുകയും ചെയ്തു. ഭദ്രാസനത്തിലെ ആദ്യ വനിതാ സെക്രട്ടറി ചെറായി പള്ളിയിൽ നിന്ന് ആയിരുന്നുവെന്നത് ഞങ്ങൾ അഭിമാനത്തോടെ ഓർക്കുന്നു.

ദിവ്യബോധനം പഠന പദ്ധതി ക്ലാസ്സുകൾ സംഘടിപ്പിക്കുകയും ഡിപ്ലോമ, സർട്ടിഫിക്കറ്റുകൾ നേടിയതും മാർത്തമറിയം വനിതാ സമാജം പല മത്സരങ്ങളിലും മേഖലാതല വിജയങ്ങൾ നേടിയതും അച്ചന്റെ നിരന്തര സമ്മർദ്ദം സ്നേഹപൂർവ്വം ഉണ്ടായിരുന്നതുകൊണ്ടാണെന്ന് നന്ദിയോടെ സ്മരിക്കുന്നു.

# മാതൃകാപരമായ വൈദികശുശ്രൂഷ

## തോമസ് കുര്യാക്കോസ്

(ട്രസ്റ്റി, തേവനാൽ മാർ ബെഹനാൻ
ഓർത്തഡോക്സ് പള്ളി)

ഞങ്ങളുടെ പിതാവ്, തേവനാൽ മാർ ബെഹനാൻ ഓർത്തഡോക്സ് പള്ളി പുനർ നിർമ്മിതാവും തലക്കോട് ബോയ്സ് ഹോം, ഐ.റ്റി.സി. എന്നിവയുടെ സ്ഥാപകനുമായിരുന്ന വന്ദ്യ ഓലിയിൽ കൂനപ്പിള്ളിൽ ഒ. സി. കുര്യാക്കോസ് കോർഎപ്പിസ്കോപ്പാ 1985-ൽ ഇംഗ്ലണ്ടിൽ ഉപരിപഠനത്തിന് പോയ കാലഘട്ടത്തിൽ ബഹു. കെ. റ്റി. ഫിലിപ്പച്ചൻ തേവനാൽ പള്ളി സഹവികാരിയായി വി. കുർബാന അർപ്പിച്ചത് ഞാൻ ഇപ്പോഴും ഓർക്കുന്നു.

വളരെ ശാന്തപ്രകൃതിക്കാരൻ ആയിരുന്നു അച്ചൻ എന്ന് പറയുന്നതിൽ ആർക്കും രണ്ടഭിപ്രായം ഉണ്ടായിരിക്കുകയില്ല. സ്വതസിദ്ധമായ ചിരിയും, നല്ല പെരുമാറ്റവും, ആരെയും തന്നിലേക്കാകർഷിക്കുന്നതാണ്. എല്ലാ വിഭാഗം ആളുകളുമായി, ദൃഢമായ ബന്ധം സ്ഥാപിക്കുവാനും, അച്ചന് സാധിച്ചിരുന്നു എന്നത് അദ്ദേഹത്തിന്റെ ഒരു പ്രത്യേകതയാണ്. ഒരു പുരോഹിതന് ഉണ്ടായിരിക്കേണ്ട എല്ലാതരം ഗുണഗണങ്ങളും അച്ചനിൽ പ്രകടമായിരുന്നു. നല്ല പ്രഭാഷകൻ, ലേഖന കർത്താവ്, ആരാധനാകാര്യങ്ങളിൽ കർക്കശക്കാരൻ തുടങ്ങിയ കാര്യങ്ങൾ എടുത്തുപറയേണ്ടതാണ്.

അച്ചൻ ഇഹലോകവാസം വെടിഞ്ഞിട്ട് ഒരു വർഷം തികയുമ്പോൾ അദ്ദേഹത്തെ കുറിച്ചുള്ള ഒരു സ്മരണിക പ്രസിദ്ധീകരിക്കുന്നതിൽ ഏറെ സന്തോഷമുണ്ട്. മാതൃകാപരമായ വൈദികശുശ്രൂഷ നിർവഹിച്ചു ദൈവസന്നിധിയിലേക്ക് വാങ്ങിപ്പോയ അച്ചന്റെ കാലടികളെ പിൻതുടരുവാൻ അനന്തര തലമുറയ്ക്ക് ഈ സംരംഭം പ്രയോജനകരമാകാൻ ഇടവരട്ടെ. എല്ലാവിധ പ്രാർത്ഥനാമംഗളങ്ങളും നേരുന്നു.

# സ്നേഹസ്മരണ

## ടി. സി. സോളമൻ ഇളംകുളം, എറണാകുളം

1970-കളിൽ കെ. റ്റി. ഫിലിപ്പ് അച്ചൻ വൈദിക വിദ്യാർത്ഥി ആയിരിക്കുമ്പോൾ മാവേലിക്കര സുവിശേഷാലത്തിൽ എം. വി. ജോർജ് അച്ചന്റെ (പിന്നീട് ഗീവർഗീസ് മാർ ഒസ്താത്തിയോസ്) ശിഷ്യനായി പ്രസംഗ പഠന വിദ്യാർത്ഥിയായി വന്നു. ആ കാലഘട്ടം മുതൽ ചേപ്പാട്ട് തണ്ടളത്ത് റ്റി. സി. ജോണച്ചനുമായും, അദ്ദേഹത്തിന്റെ ഭവനവുമായുള്ള ബന്ധമാണ് ഞാനും അച്ചനുമായി ഇത്രമാത്രം സ്നേഹബന്ധത്തിന് കാരണം. അച്ചൻ എറണാകുളം സെന്റ് മേരീസ് പള്ളിയിൽ അസിസ്റ്റന്റ് വികാരിയായിരിക്കുമ്പോൾ എന്റെ കുടുംബവും അവിടുത്തെ അംഗമായതിനാൽ ആ ബന്ധം ദൃഢീകരിക്കുവാൻ ഇടയായി.

1994-ൽ ഇളംകുളം മാർ ഗ്രീഗോറിയോസ് അസോസിയേഷൻ രൂപം കൊണ്ടതു മുതൽ അച്ചൻ അന്ന് ഇളംകുളം ചാപ്പലിൽ കൂടിനടന്നിരുന്ന ഏവരോടും സൗഹൃദബന്ധം ഉണ്ടാക്കുകയും ചെയ്തു. അദ്ദേഹം ശുശ്രൂഷ ചെയ്തിരുന്ന ഇടവകകളിലെ എല്ലാവരുടെയും ഹൃദയത്തിൽ ദൈവനാമത്തിൽ സൂക്ഷിക്കുന്ന ഒരു സ്നേഹവാനായ വൈദികനായി തീർന്നു.

ഇളംകുളം മാർ ഗ്രീഗോറിയോസ് അസ്സോസിയേഷൻ രൂപംകൊണ്ടത് മുതൽ അതിന്റെ ആഭിമുഖ്യത്തിൽ, ജീവകാരുണ്യ പ്രവർത്തനങ്ങളിൽ ഫിലിപ്പച്ചൻ ഔദ്യോഗിക അംഗമായ തലക്കോട് ബാലഭവനും, ഐ.റ്റി.സി. യുമായി അന്യോന്യം സൗഹൃദശുശ്രൂഷാ ബന്ധമുള്ള രണ്ട് സ്ഥാപനങ്ങളായി. ഫിലിപ്പച്ചൻ അസ്സോസിയേഷന്റെ പല മാസാന്ത്യ പ്രസംഗ യോഗങ്ങളിലും ക്ലാസ്സുകൾ എടുത്തിരുന്നു. വിശ്വാസാചാരങ്ങളിലും, ആരാധനയുടെ പരിശുദ്ധിയിലും, വിശുദ്ധ കുർബാനയുടെ സമർപ്പണത്തിലും അതീവ ശ്രദ്ധാലുവും, കണിശക്കാരനും, വിട്ടുവീഴ്ചയില്ലാതെ, നീതിബോധം നിലനിർത്തുന്നവനും ആയിരുന്നു.

ഇളംകുളം ചാപ്പൽ ഒരു സ്വതന്ത്ര ഇടവകയായി ഉയർത്തുന്നതിന് വളരെ ആഗ്രഹിച്ചിരുന്ന ഒരു വൈദികനായിരുന്നു അദ്ദേഹം. കർമ്മനിരതനും, വാഗ്മിയും, ആചാര്യനുമായി തന്നിൽ നിക്ഷിപ്തമായിരിക്കുന്ന ദൈവനിയോഗങ്ങളെ പൂർണ്ണ ഉത്തരവാദിത്വത്തോടെ കൈകാര്യം ചെയ്തിരുന്ന ഒരു വൈദികനായിരുന്നു. ഇളംകുളം ചാപ്പൽ പള്ളിയായി ഉയർത്തപ്പെട്ടതോടെ ചാപ്പലിൽ ആരാധനയ്ക്കായി ഉപയോഗിച്ചിരുന്ന വിശുദ്ധ വസ്തുക്കളെല്ലാം അവിടെ നിന്നും മാറ്റപ്പെട്ടിരുന്നു. തുടർന്നുള്ള ദിവസങ്ങളിൽ ആരാധനയ്ക്ക് ആവശ്യമായ വിശുദ്ധ വസ്തുക്കൾ, വി. കുർബാന  തക്സാ, കാസാ, പീലാസാ, മെഴുകുതിരിക്കാൽ, മെഴുകുതിരികൾ, ആരാധനാപുസ്തകങ്ങൾ

എന്നിവയെല്ലാം അന്ന് അച്ചൻ വികാരിയായിരുന്ന പാലാരിവട്ടം വലിയപള്ളിയിലെ ഭരണാധികാരികളുമായി ആലോചിച്ച് അച്ചൻ ലഭ്യമാക്കിയിരുന്നു.

ദേവാലയ ശുശ്രൂഷ മുടങ്ങരുതെന്ന വലിയ നിർബന്ധവും, നീതിയും അദ്ദേഹം കർക്കശമായി പാലിച്ചിരുന്നു. ഏവരേയും സ്നേഹിക്കുന്നവനും, ഏവരാലും സ്നേഹിക്കപ്പെടാനും ഉതകുന്നതരത്തിൽ തനിക്ക് ലഭിച്ചിരുന്ന പരിശുദ്ധാത്മ നൽവരത്തെ പരിവർത്തിപ്പിക്കുവാൻ അദ്ദേഹത്തിന് സാധിക്കുമായിരുന്നു.

അത്യുന്നതങ്ങളിൽ ആനന്ദത്തോടെ സ്വർഗ്ഗീയസേനകളുടെ സംസർഗ്ഗത്തിൽ വസിക്കുവാൻ ഇടയാകട്ടെ എന്ന് വിശ്വസിക്കുകയും പ്രാർത്ഥിക്കുകയും ചെയ്യുന്നു.

# ആടിനെ അറിയുന്ന ഇടയൻ

**ജെയിംസ് കെ. കെ. പടമുകൾ**
(സെന്റ് ജോൺസ് ദി ബാപ്റ്റിസ്റ്റ് ചർച്ച്, എറണാകുളം)

ഫിലിപ്പച്ചൻ കാലത്തിന്റെ സൂചനകൾ തിരിച്ചറിയുകയും സഭയുടെ മൗലിക സത്ത ഒട്ടും നഷ്ടപ്പെടാതെ കാലാനുസൃത വ്യാഖ്യാനവും പ്രയോഗവും വഴി കാലാതീതമായ സത്യങ്ങൾക്ക് സമകാലിക പ്രസക്തി നൽകുകയും ചെയ്യുന്നതിൽ വിജയിച്ചു എന്നതാണ് അച്ചനെ മറ്റ് ഇടയന്മാരിൽ നിന്ന് വ്യത്യസ്തനാക്കുന്നത്. ആടുകളുടെ ചെറിയ മൂളൽ പോലും തിരിച്ചറിയുവാൻ അച്ചനു സാധിച്ചിരുന്നു. കൃപയോടെ അതിനു പ്രതികരിച്ച ഈ ആചാര്യനെ അടുത്തിടപഴകിയ ഒരു ആടിനും മറക്കുവാൻ കഴിയുകയില്ല.

# ഗുരുസ്മരണ

## മേരി പോൾ തറയിൽ, മാന്തുരുത്തേൽ

ഫിലിപ്പച്ചനെക്കുറിച്ച് ഓർക്കുമ്പോൾ ദൈവിക തേജസ്സ് നിറഞ്ഞ ആ മുഖവും പുഞ്ചിരിയുമാണ് ഓർമ്മ വരുന്നത്. അച്ചന്റെ ഓരോ പ്രവൃത്തി പഥത്തിലും അച്ചന്റെ തനിമയാർന്ന രീതി തെളിഞ്ഞു കാണാം. 2001–2005 കാലഘട്ടത്തിലാണ് മാന്തുരുത്തേൽ പള്ളിയിൽ ശുശ്രൂഷ ചെയ്തത്.

പരിചയപ്പെടുന്ന ഏവരുടെയും മനസ്സിൽ സ്ഥിരപ്രതിഷ്ഠ നേടുന്ന ഒരു വ്യക്തി. ചെറുപ്പം മുതലേ ആരോഗ്യപ്രശ്നമുള്ള അച്ചന്റെ ആരാധനയിലോ, ഔദ്യോഗിക കാര്യങ്ങളിലോ അതൊന്നും നിഴലിച്ചു കണ്ടിട്ടില്ല. സ്വന്തം വീട്ടുകാരിൽ നിന്നു പോലും സഭാപരമായ എതിർപ്പുകൾ ഉണ്ടായ പ്രതിസന്ധിഘട്ടത്തിലും നൊമ്പരത്തോടെയെങ്കിലും ഓർത്തഡോക്സ് സഭയ്ക്കുവേണ്ടി ഉറച്ചുനിന്നു. സ്വാർത്ഥ താൽപര്യങ്ങൾക്കായി മാത്രം അച്ചനെ സമീപിക്കുന്നവരോട് കാർക്കശ്യത്തോടെ പെരുമാറാനും മടികാണിച്ചിട്ടില്ല. “ഇത് പഞ്ചായത്ത് ആപ്പീസ് അല്ല” എന്ന് മുഖം നോക്കാതെ പറയുമായിരുന്നു.

സണ്ടേസ്കൂൾ, യുവജനപ്രസ്ഥാനം, വനിതാസമാജം, പ്രാർത്ഥനായോഗം, ദിവ്യബോധനം തുടങ്ങിയ സംഘടനാപ്രവർത്തനങ്ങളിലെ നേതൃപാടവം മറ്റു വൈദികർക്ക് മാതൃകയാണ്. ഇടവകയിൽ മാത്രമല്ല, കാരുണ്യഹസ്തങ്ങൾ നാനാജാതിമതസ്ഥരിലേക്കും ഒഴുകിയിരുന്നു.

മണലിൽ അച്ചന്റെ മെമ്മോറിയൽ ഹാൾ പണി പൂർത്തിയാക്കാതെ കിടക്കുകയായിരുന്നു. സ്വദേശത്തും വിദേശത്തുമുള്ള സ്നേഹിതരിൽ നിന്ന് തുക സമ്പാദിച്ചു “MAM ആഡിറ്റോറിയം” പൂർത്തിയാക്കി. ഇടവകകാരിൽ അർഹരായവരെ കണ്ടുപിടിച്ച് മൂന്നു വീടുകൾ പണി കഴിപ്പിച്ച് താക്കോൽ കൈമാറി. അതിൽ ഒന്ന് ഇടവക മെത്രാപ്പോലീത്തായുടെ സഹായത്തോടെയായിരുന്നു.

പള്ളിയുടെ കിഴക്കെ കുരിശിൻതൊട്ടി മുതൽ പള്ളിവരെയുള്ള വഴി നന്നാക്കി ഒരു റോഡിന്റെ രൂപത്തിലാക്കിത്തീർത്തതും ഫിലിപ്പച്ചന്റെ കാലത്താണ്. പള്ളിമുറ്റം മനോഹരമാക്കി. പള്ളി വിശുദ്ധിയോടെ സൂക്ഷിക്കാൻ പ്രബോധിപ്പിച്ചു. പള്ളിമേടയും മുൻ വികാരിമാരുടെ കബറിടങ്ങളും നവീകരിച്ചു. ആദ്യഫലപെരുന്നാളും ഇടവകസംഗമവും നടത്തി ലഭിക്കുന്ന തുക ഇടവക പുരോഗമനത്തിനു ഉപയോഗിച്ചു.

കുർബാനയ്ക്ക് മുമ്പേ പള്ളിയിലെത്തി ഹൂസോയോ പ്രാപിക്കാത്തവർക്ക് വിശുദ്ധ കുർബാന നൽകില്ല എന്ന നിർബന്ധവും ഒരു പെസഹാ വ്യാഴാഴ്ച കാൽകഴുകൽ ശുശ്രൂഷയുടെ കർമ്മവും അച്ചൻ സംഘടിപ്പിച്ചു.

ആരാധനയുടെ വിവിധ തലങ്ങളെക്കുറിച്ചു പല ഞായറാഴ്ചകളിലായി അച്ചൻ പഠിപ്പിച്ചു തന്നു. ദിവ്യബോധനം പഠനപദ്ധതിയിൽ കുടുംബമായി ഞാനും പഠിതാക്കളായി ചേർന്നു. അച്ചൻ സ്ഥലം മാറിപ്പോയി എങ്കിലും തുടങ്ങിവെച്ച മൂന്നു കോഴ്സുകളും വിജയകരമായി പൂർത്തിയാക്കുവാൻ ശ്രദ്ധിച്ചു.

ആത്മിക കാര്യങ്ങളിൽ ഒരു അറിവും ഇല്ലാതിരുന്ന എനിക്ക് ധാരാള മായ അറിവ് ലഭിച്ചത് ഫിലിപ്പച്ചനെ ആത്മിക ഗുരുവായി സ്വീകരിച്ചതു കൊണ്ടാണ്. ഇടവകയിലെ ഓരോ കുടുംബങ്ങൾക്കും അച്ചനെക്കുറിച്ച് എന്തെങ്കിലുമൊരു കാര്യം മനസ്സിൽ സൂക്ഷിക്കുവാനുണ്ട് എന്ന് ഞങ്ങളുടെ കുടുംബ സദസ്സിൽ ജയിംസ് തറയിൽ പറയാറുണ്ട്.

# ഇടവകാംഗങ്ങളുമായി നല്ല ബന്ധം

## ജെയിംസ് സി. തറയിൽ ആമ്പല്ലൂർ

എന്നെ സംബന്ധിച്ച് അച്ചൻ എന്റെ ജേഷ്ഠ സഹോദരനാണ്. എന്റെ മമ്മിയെ അച്ചൻ 'മമ്മി' എന്നു തന്നെയാണ് വിളിച്ചിരുന്നത്. അദ്ദേഹം പറഞ്ഞു തന്നിട്ടുള്ള നല്ല കാര്യങ്ങൾ എന്റെ ഓർമ്മയിൽ ഞാൻ സൂക്ഷിച്ചു വെച്ചിട്ടുണ്ട്. നാല് വർഷക്കാലം മാത്രം ഞങ്ങളുടെ മാന്തുരുത്തേൽ പള്ളി വികാരിയായിരുന്നുവെങ്കിലും 40 വർഷത്തെ സ്നേഹബന്ധമാണ് അച്ച നോടും കുടുംബത്തോടും തോന്നിയിട്ടുള്ളത്.

പള്ളിയിൽ അച്ചന്റെ അദ്ധ്യക്ഷതയിൽ പൊതുയോഗങ്ങളെല്ലാം നടന്നത് നല്ല അടുക്കിലും ചിട്ടയിലും ആയിരുന്നു. ജീവകാരുണ്യ പ്രവർത്തനങ്ങൾ ക്കുള്ള പണം കൂടുതലും മറ്റ് ഇടവകകളിൽ നിന്നും സുഹൃത് ബന്ധങ്ങളിൽ നിന്നുമാണ് അച്ചൻ കണ്ടെത്തിയിരുന്നത്. ഇടവകയിൽ നിന്നു പോയതിനു ശേഷവും ഇടവകക്കാരുമായി നല്ല ബന്ധം പുലർത്തിയിരുന്നു.

ഏവൻഗേലിയോനിലെ സന്ദേശം സമകാലീന സംഭവങ്ങളുമായി കോർ ത്തിണക്കിയ ഒരു ക്ലാസ്സായി വളരെ മനോഹരമായി അച്ചൻ അവതരിപ്പിക്കു മായിരുന്നു.

അമ്മായിയും മകൻ മീഖായും ഇന്നും ഞങ്ങളുടെ കുടുംബവുമായി ചേർന്നു നിൽക്കുന്നു.

# ചെറായി ഇടവകാംഗങ്ങളുടെ ഓർമ്മയിൽ നിന്ന്

## മിസ്സിസ്സ് മാർത്ത തര്യയത്, ചെറായി

സഭാവഴക്കിൽ ഓർത്തഡോക്സ് - യാക്കോബായ വിഭാഗങ്ങൾ വീതം വെച്ച്, ശുശ്രൂഷ നടത്തിവരുന്ന കാലഘട്ടത്തിൽ ഓർത്തഡോക്സ് വിഭാഗത്തോട് യാക്കോബായക്കാർ കാണിച്ച അവഗണനയിൽ ദുഃഖിച്ചിരിക്കുമ്പോഴാണ് 1-5-2011-ൽ കെ. റ്റി. ഫിലിപ്പച്ചൻ ചുമതലയേൽക്കുന്നത്. ആ കാലം വരെയും ഓർത്തഡോക്സ് സഭയ്ക്ക് നേതൃത്വം ഇല്ലായിരുന്ന സമയത്ത് മെത്രാപ്പോലീത്തായുടെ കൽപനപ്രകാരം അച്ചന്റെ നേതൃത്വത്തിൽ പൊതുയോഗം കൂടി. ഇടവക മെത്രാപ്പോലീത്താ അംഗീകരിച്ച്, പുനഃസ്ഥാപിതമായ ഇടവകഭരണം നിലവിൽ വന്നു. വാസയോഗ്യമല്ലാത്ത പാഴ്സനേജ് അച്ചന്റെ ശ്രമപരമായി സ്വരൂപിച്ച പണം ഉപയോഗിച്ച് അറ്റകുറ്റപ്പണി നിർവഹിച്ച് ഇന്നും വാസയോഗ്യമായി നിലനിൽക്കുന്നു.

ഇന്ന് ചെറായി പള്ളി ഓർത്തഡോക്സ് വിഭാഗത്തിന് ലഭിച്ചിട്ടുണ്ട്. ദിവ്യബോധന പദ്ധതി, ഡിസംബർ മാസത്തെ കൺവൻഷൻ, ആദ്യഫല പെരുന്നാൾ എന്നിവ ആരംഭിച്ചു. ഈ ഇടവകാംഗവും കൊച്ചി ഭദ്രാസന പ്രഥമ മെത്രാപ്പോലീത്തായുമായ പൗലോസ് മാർ സേവേറിയോസ് തിരുമേനിയുടെ 50-ാം ചരമദിനം സമുചിതമായി ആഘോഷിച്ച് തുടർന്നുള്ള വർഷങ്ങളിൽ ശ്രാദ്ധം നടത്തുവാൻ ഇടവകയെ പ്രതിജ്ഞാബദ്ധമാക്കി.

വലിയ നോമ്പ് ദിവസങ്ങളിൽ ഓരോ ഭവനങ്ങളിൽ ഇടവകാംഗങ്ങൾ ഒത്തൊരുമിച്ച് സന്ധ്യാപ്രാർത്ഥന നടത്തുന്നു. ക്രിസ്തുമസ് നൈറ്റ് പള്ളിയിൽ സമുചിതമായി നടത്തി ഇടവകയുടെ കൂട്ടായ്മയ്ക്ക് വേദിയാകുന്നു. ഓർത്തഡോക്സ് വിഭാഗത്തിന് സമ്പൂർണ്ണ ആരാധനാ സ്വാതന്ത്ര്യം ഇല്ലാതിരുന്ന സമയത്ത് ഹാശാ ശുശ്രൂഷയും മറ്റും സ്വതന്ത്രമായി നടത്തുവാൻ മെത്രാപ്പോലീത്തായുടെ അനുവാദത്തോടുകൂടി പ്രത്യേക ക്രമീകരണം ഉണ്ടാക്കിയതും അച്ചന്റെ പൗരോഹിത്യ ശുശ്രൂഷയുടെ മഹിമ വെളിവാക്കുന്ന ഒന്നായിരുന്നു. അച്ചൻ ഇടവകയിൽ നിന്ന് സ്ഥലം മാറി പോകുന്ന സമയത്ത് ഇടവക നൽകിയ പാരിതോഷിക ചെക്ക്, പൗലോസ് മാർ സേവേറിയോസ് ട്രസ്റ്റ് തുടങ്ങുന്നതിനുള്ള ആദ്യപടിയായിരുന്നു. ഞങ്ങൾക്ക് ലഭിച്ച സ്നേഹവും പ്രാർത്ഥനയും സ്മരിച്ചുകൊണ്ട് അച്ചനുവേണ്ടി പ്രാർത്ഥിക്കുന്നു.

# ഫിലിപ്പച്ചൻ 'ഒരു പാഠപുസ്തകം'

## ഫാ. ജോൺ ബേബി തുരുത്തിക്കര

ബഹു. കെ. റ്റി. ഫിലിപ്പച്ചനുമായി ചുരുങ്ങിയ നാളത്തെ പരിചയം ഒരു ആത്മബന്ധത്തിന് വഴിയൊരുക്കി. പിതൃതുല്യമായി ആ ബന്ധം വളർന്നു. അച്ചന്റെ വേർപാടിലൂടെ ഒരു നല്ല ഇടയനെ അതിലുപരി ദൈവസ്നേഹിയെയാണ് നഷ്ടമായത്. അച്ചന്റെ പ്രവർത്തനങ്ങൾ എന്നും മറ്റുള്ളവർക്ക് ആകർഷകമായിരുന്നു.

അച്ചൻ എന്റെ ജീവിതത്തിൽ എന്തായിരുന്നു എന്നതിന്റെ സാക്ഷ്യപ്പെടുത്തൽ കൂടിയാണ് ഈ ലേഖനത്തിന്റെ തലക്കെട്ട്. വൈദിക ശുശ്രൂഷയുടെ ആരംഭകാലത്ത് ഇടവക ശുശ്രൂഷയിൽ എനിക്ക് തുറന്നു കിട്ടിയ പുസ്തകമാണ് ഫിലിപ്പച്ചൻ. ആ പുസ്തകം വളരെ ലളിതവും, ആസ്വാദ്യകരവും ആയിരുന്നു. ആ ജീവിതമാകുന്ന പുസ്തകത്തോടൊപ്പം ആയിരുന്നപ്പോൾ അനേകം കാര്യങ്ങൾ പഠിക്കുവാനും മനസ്സിലാക്കുവാനും കഴിഞ്ഞു.

ഏതൊരു പുസ്തകവും ആകർഷണീയവും ആസ്വാദ്യകരവുമായി മാറുന്നത് അത് നമ്മുടെ പ്രായോഗിക ജീവിതവുമായി ബന്ധപ്പെടുമ്പോഴാണ്. ആ ഒരു ബന്ധം അച്ചനോടൊപ്പമായിരുന്ന കാലം അനുഭവിക്കുവാൻ സാധിച്ചു. എല്ലാം തന്റെ സ്രഷ്ടാവിൽ സമർപ്പിക്കുന്ന ആത്മീയത. ആ ആത്മീയത അച്ചന് എന്നും, എപ്പോഴും ഉത്സാഹത്തോടെയും സന്തോഷത്തോടെയും ജീവിതം മുന്നോട്ട് നയിക്കുവാൻ കരുത്തു നൽകി.

അച്ചന് ഇടവക ശുശ്രൂഷയിൽ വലിയ ഉത്സാഹവും താൽപര്യവും തെളിഞ്ഞു കാണുന്ന കാര്യമായിരുന്നു. ഏറ്റെടുക്കുന്ന എല്ലാ കാര്യങ്ങളും ഏറ്റവും ഭംഗിയായി നിറവേറ്റുക എന്നത് അച്ചന്റെ വലിയ കഴിവ് തന്നെയായിരുന്നു. എന്നാൽ അതിലെല്ലാമുപരി അച്ചന്റെ ജീവിതത്തിൽ വി. കുർബാനയുടെ സ്ഥാനവും, അതിനോടുള്ള തീക്ഷ്ണതയും വളരെ വലുതായിരുന്നു എന്ന് തിരിച്ചറിയാൻ കഴിഞ്ഞിട്ടുണ്ട്. ശാരീരികമായി പ്രയാസങ്ങൾ ഉള്ളപ്പോൾ പോലും വി. കുർബാനയിൽ സംബന്ധിക്കുവാനുള്ള അദ്ദേഹത്തിന്റെ അതിയായ ആഗ്രഹവും എനിക്ക് കണ്ടറിയാൻ കഴിഞ്ഞ കാര്യങ്ങളാണ്. അച്ചൻ ആശുപത്രിയിലെ ചികിത്സയൊക്കെ കഴിഞ്ഞ് തിരികെ ഇടവക ശുശ്രൂഷയിലേക്ക് വന്നപ്പോഴും ആരോഗ്യപരമായ പ്രശ്നങ്ങൾ അദ്ദേഹത്തെ വല്ലാതെ അലട്ടുന്നുണ്ടായിരുന്നു. വി. കുർബാന അർപ്പിക്കുമ്പോൾ അത് പൂർത്തീകരിക്കാനാവുമോ എന്ന് അദ്ദേഹത്തിന്റെ ഉള്ളിൽ വളരെ ഭയമുണ്ടായിരുന്നു. എന്നാൽ അതെല്ലാം അതിജീവിച്ച് വി. കുർബാന പൂർത്തീകരിച്ചു കഴിയുമ്പോൾ അദ്ദേഹത്തിനുണ്ടായ സന്തോഷവും, ആത്മവിശ്വാസവും

അതിനപ്പുറമായി അദ്ദേഹത്തിന്റെ മുഖത്തെ തേജസ്സും വർണ്ണനകൾക്കപ്പുറമാണ്. നമുക്ക് കണ്ടുപഠിക്കുവാനായി അനേകം കാര്യങ്ങൾ ഫിലിപ്പച്ചൻ എന്ന പുസ്തകത്തിലുണ്ട്. എന്നാൽ അതിനു മുമ്പ് ആ പുസ്തകം ദൈവം തിരികെ എടുത്തു, അത് ദൈവേഷ്ടം.

ഫിലിപ്പച്ചൻ എന്ന പുസ്തകത്തിന്റെ മഹത്വം വളരെ വലുതാണ്. അത് അതിന്റെ വലിപ്പമോ, പുറംചട്ടയുടെ ആർഭാടമോ, സൗന്ദര്യമോ ഒന്നുമല്ല, മറിച്ച് അതിൽ നിറഞ്ഞു നിൽക്കുന്ന ലളിതമായ ജീവിതത്തിന്റെ, തീക്ഷ്ണമായ വിശ്വാസത്തിന്റെ, ഉറച്ച തീരുമാനങ്ങളുടെയൊക്കെ ഭംഗിയാണ്.

അച്ചന്റെ നല്ല ഓർമ്മ എന്നും മായാതെ നിൽക്കട്ടെ.

*(തുരുത്തിക്കര മാർ ഗ്രീഗോറിയോസ് ചാപ്പലിലാണ് ഫിലിപ്പച്ചന്റെ അന്ത്യവിശ്രമം. അവിടത്തെ വികാരിയാണ് ലേഖകൻ. - എഡിറ്റർ)*

# വടയാപറമ്പിലെ അതുല്യ സേവനം

## വി. എം. മർക്കോസ്

ഫിലിപ്പച്ചൻ 2016 മെയ് 15 മുതലാണ് വടയാപറമ്പ് മാർ ബഹനാൻ ഇടവക വികാരിയായി ചുമതലയേറ്റത്. ശനിയാഴ്ച സന്ധ്യയ്ക്ക് പള്ളിയിൽ വന്ന് സന്ധ്യാനമസ്കാരം, ധ്യാനം, രാത്രിനമസ്കാരം എന്നിവ നടത്തിയാണ് വി. കുർബാന അർപ്പിക്കുന്നത്. ഇടവകക്കാർ ഈ കാര്യത്തിൽ തൃപ്തരാണ്. സണ്ടേസ്കൂൾ, ഒ.വി.ബി.എസ്., മർത്തമറിയം സമാജം, യുവജനപ്രസ്ഥാനം, ദിവ്യബോധന പഠനം, പ്രാർത്ഥനായോഗം, ഭവന സന്ദർശനം, സാധുജന സംരക്ഷണം തുടങ്ങിയ എല്ലാ രംഗങ്ങളിലും മുൻനിരക്കാരനാണ്.

പള്ളിയിലെ പെരുന്നാളുകൾ ആത്മീയമായും ശ്രേഷ്ഠമായും നടത്തുന്നതിന് അച്ചൻ പരിശ്രമിച്ചിരുന്നു. ഏതെങ്കിലും ഒരു പെരുന്നാളിൽ ഇടവക മെത്രാപ്പോലീത്തായുടെ സാന്നിദ്ധ്യം നിർബ്ബന്ധമാക്കിയത് അച്ചന്റെ നിശ്ചയദാർഢ്യം ഒന്നുകൊണ്ടു മാത്രമാണ്.

ആദ്യഫലപെരുന്നാളും വിൽപ്പനമേളയും ശുബ്ക്കോനോ ശുശ്രൂഷയും ആദ്യം നടത്തിയത് ഫിലിപ്പച്ചനാണ്. പാതി നോമ്പു മുതൽ എല്ലാ ദിവസവും അച്ചന്റെ സേവനം പള്ളിയിൽ ലഭ്യമാണ്. ലാസറിന്റെ ശനിയാഴ്ച മുതൽ പള്ളിയിൽ താമസിച്ച് യാമപ്രാർത്ഥനകൾ പൂർത്തീകരിക്കും. ദുഃഖവെള്ളിയാഴ്ച ക്രമത്തിനുശേഷം സന്ധ്യയ്ക്ക് വിജിൽ ശുശ്രൂഷയും നടത്തിവന്നിരുന്നു. വലിയ നോമ്പു ദിവസങ്ങളിൽ, ഉപവാസങ്ങളിൽ മിച്ചം വരുന്ന തുക യാച്ചാരം ബാലഭവനിലെ കുഞ്ഞുങ്ങൾക്ക് ഇടവകയിൽ നിന്ന് അയച്ചുകൊടുത്തിരുന്നു.

പള്ളിയുടെയും കീഴിലുള്ള കുരിശുപള്ളിയുടെയും മരാമത്തു പണികൾക്ക് വിഭവശേഷി സമാഹരണം നടത്തുവാൻ ആദ്യഫലപെരുന്നാളും വിൽപ്പനമേളയും മുഖാന്തരമായി. പള്ളി സെക്രട്ടറിയുടെയും കമ്മിറ്റിയുടെയും സാന്നിദ്ധ്യത്തിൽ രോഗികളുടെ ഭവനങ്ങൾ സന്ദർശിച്ച് പ്രാർത്ഥന നടത്തി. കിട്ടാവുന്ന സാമ്പത്തികം സമാഹരിച്ച് സാധുരോഗികളെ സഹായിക്കുക എന്നത് അച്ചന്റെ ഒരു പതിവായിരുന്നു. ജന്മദിന, വിവാഹ വാർഷിക കാർഡുകൾ അയച്ച് അവരിൽ നിന്ന് ലഭിക്കുന്ന സ്തോത്ര വഴിപാട് മറ്റൊന്നിനും ഉപയോഗിക്കാതെ ആതുരസേവനത്തിന് മാത്രം ഉപയോഗിക്കാൻ നിർദ്ദേശിച്ചു.

മലങ്കര ഓർത്തഡോക്സ് മിഷൻ ബോർഡിന്റെ സ്നേഹസന്ദേശ

പരിപാടി അനേകം വിശ്വാസികൾക്ക് അനുഗ്രഹമായി തീർന്നത് ശ്രദ്ധേയമാണ്. മർത്തമറിയം സമാജത്തിന്റെ നേതൃത്വത്തിൽ ഭദ്രാസന മേഖല സമ്മേളനം നടത്തിയപ്പോൾ ഇതര ദേവാലയങ്ങളിൽ നിന്നു വന്ന പ്രതിനിധികൾ നമ്മുടെ പള്ളിയെക്കുറിച്ച് പ്രശംസനീയമായി റിപ്പോർട്ട് നടത്തിയത് ശ്രദ്ധേയമാണ്. അൾത്താരയും ഹാളും കബറും മാമ്മോദീസാ മുറിയും മുറ്റവും നന്നായി കാത്തുസൂക്ഷിക്കുവാൻ അച്ചൻ മുൻനിരയിലുണ്ടായിരുന്നു. പള്ളിയുടെയും കുരിശടിയുടെയും നവീകരണത്തിന് ഗ്രാമപ്രദേശമായ വടയാപറമ്പ് പള്ളിയിൽ സി.സി. ടി.വി, കമ്പ്യൂട്ടർ, സൗണ്ട് സിസ്റ്റം ഇത്യാദി ചെറുതും വലുതുമായ എല്ലാ സൗകര്യങ്ങളും അച്ചന്റെ വശ്യമായ പുഞ്ചിരിയാൽ വടയാപറമ്പ് ആർജ്ജിച്ചെടുത്തു.

# ഞാൻ അറിയുന്ന ഫിലിപ്പച്ചൻ

**കെ. വി. കുര്യാക്കോസ്, തുരുത്തിക്കര**

(കൊച്ചി ഭദ്രാസന സണ്ടേസ്കൂൾ ഡയറക്ടർ)

ഞാൻ എറണാകുളത്ത് താമസിക്കുന്ന സമയത്താണ് ഫിലിപ്പച്ചനെ പരിചയപ്പെടുന്നത്. അന്ന് അദ്ദേഹം പാലാരിവട്ടം പള്ളി വികാരിയായിരുന്നു. പള്ളിയുടെ മുഖപത്രമായ ജോർജിയൻ മിറർ അച്ചന്റെ നേതൃത്വത്തിലാണ് പ്രസിദ്ധീകരണം ആരംഭിച്ചത്. ഈ മാസിക സഭയിലെ പ്രസിദ്ധീകരണങ്ങളിൽ ഒരു പുതിയ കാൽവെപ്പായി മാറി. ഇന്നും അത് ഉന്നതനിലവാരം പുലർത്തുന്നു.

അച്ചനിൽ ഞാൻ ദർശിച്ച ഒരു കാര്യം, ജീവകാരുണ്യ പ്രവർത്തനങ്ങളിൽ അച്ചൻ വ്യാപൃതനായിരുന്നു എന്നതാണ്. പല ജീവകാരുണ്യ പ്രവർത്തനങ്ങളും അച്ചന്റെ നേതൃത്വത്തിൽ നടത്തപ്പെടുകയും ചെയ്തു. അതു ധാരാളം നിരാലംബർക്കും, അശരണർക്കും ഒരു തുണയായി മാറിയിട്ടുണ്ട്. പാലാരിവട്ടം പള്ളിയുടെ നേതൃത്വത്തിൽ നടത്തിയ സഖറിയ മാർ അന്തോണിയോസ് തിരുമേനിയുടെ ഷഷ്ഠിപൂർത്തി ആഘോഷത്തിലും എനിക്ക് അച്ചനോടൊപ്പം പ്രവർത്തിക്കാൻ അവസരം ലഭിച്ചു.

അച്ചൻ വ്യക്തിബന്ധങ്ങൾ നിലനിർത്തിപ്പോന്നിരുന്നു. ഭവനസന്ദർശന വേളയിൽ പേർ ചൊല്ലി വിളിച്ചാണ് അച്ചൻ കയറി ചെല്ലുന്നത്. ഇടവക ജനങ്ങളുടെ ഇടയിൽ എന്തു കാര്യം ഉണ്ടായാലും അച്ചന്റെ സാന്നിദ്ധ്യം ഉണ്ടായിരിക്കും. പ്രത്യേകിച്ച് രോഗികളായിരിക്കുന്നവരെ ഭവനത്തിലും ആശുപത്രികളിലും സന്ദർശിച്ച് അവർക്കുവേണ്ടി പ്രാർത്ഥിക്കുന്ന പതിവ് അച്ചന്റെ പ്രത്യേകതയാണ്.

അച്ചൻ വലിയപള്ളികളിൽ മാത്രമല്ല സേവനം അനുഷ്ഠിച്ചിട്ടുള്ളത്. ചെറിയ ഇടവകകളിലും അച്ചൻ സമുചിതമായി പ്രവർത്തിച്ചു. ചെറായി പള്ളിയിൽ അച്ചൻ വികാരിയായിരുന്നപ്പോൾ ജീർണ്ണതയിലായിരുന്ന സണ്ടേസ്കൂൾ പ്രവർത്തനത്തെ അച്ചൻ പുനർജീവിപ്പിച്ചു. മാന്തുരുത്തേൽ പള്ളിയിലും അച്ചന്റെ പ്രവർത്തനശൈലിക്ക് യാതൊരു മാറ്റവും വന്നില്ല. അവിടെ കുടുംബ കൂട്ടായ്മകൾ വളരെ അടുക്കും ചിട്ടയോടുംകൂടി മാസം തോറും നടത്തി വന്നിരുന്നു. അച്ചൻ എവിടെയായിരുന്നാലും ആ ഇടവകയ്ക്ക് വേണ്ട ധനാഗമമാർഗ്ഗങ്ങളും കണ്ടെത്തിയിരുന്നു. മാന്തുരുത്തേലെ "മ" ഓഡിറ്റോറിയം അതിനൊരുദാഹരണമാണ്.

എനിക്ക് പ്രത്യേകം എടുത്തു പറയുവാനുള്ള മറ്റൊരു കാര്യം ഞാൻ സണ്ടേസ്കൂൾ ഇൻസ്പെക്ടർ ആയിരിക്കെ മുളന്തുരുത്തി ജില്ലാ

ആസ്പദമാക്കി സണ്ടേസ്കൂൾ കുട്ടികളുടെ ഒരു സംഗമം നടത്തി. അതിനു വേണ്ടി മുഖ്യ അതിഥിയായി ക്യാപ്റ്റൻ രാജു സാറിനെ ക്ഷണിക്കുകയും, അതിന്റെ നടത്തിപ്പിനുവേണ്ട എല്ലാ കാര്യങ്ങളിലും അച്ചൻ മുൻകൈ എടുക്കുകയും ചെയ്തു. അതുപോലെ ജില്ലാതല മത്സരങ്ങൾ നടത്താൻ തലക്കോട് ഐ.റ്റി.സി. ഓഡിറ്റോറിയം അനുവദിച്ചു തന്നിരുന്നു. സണ്ടേസ്കൂൾ പ്രസ്ഥാനത്തെ അച്ചൻ അത്യധികമായി സ്നേഹിച്ചിരുന്നു.

അച്ചന്റെ വ്യക്തിജീവിതം വളരെ ആത്മീയത നിറഞ്ഞതായിരുന്നു. ആ മാതൃകാപരമായ ജീവിതരീതിയും അതിനെ മാതൃകയാക്കിയുള്ള അച്ചന്റെ പ്രഭാഷണങ്ങളും ഇടവകജനങ്ങളെ അച്ചനിലേക്ക് ആകൃഷ്ടരാക്കിയിരുന്നു. അച്ചൻ എപ്പോഴും ഒരു വ്യത്യസ്തത പുലർത്തിയിരുന്നു. ഈ ദേശത്ത് അച്ചൻ ഒരു റോൾ മോഡൽ ആണ്. തുരുത്തിക്കര ചാപ്പലിൽ അന്ത്യവിശ്രമം കൊള്ളുന്ന അദ്ദേഹത്തിന്റെ മാതൃകാപരമായ ജീവിതരീതികൾ നമുക്കും പിൻതുടരാം.

# ആരാധകസമൂഹത്തിന്റെ മനസ്സുതൊട്ട വൈദികൻ


## ഡെന്നി വർഗീസ്, തുരുത്തിക്കര

(കൊച്ചി ഭദ്രാസന പ്രാർത്ഥനായോഗം സെക്രട്ടറി)


പൗരോഹിത്യത്തിന്റെ ശുഭ്രതയ്ക്ക് പുറത്ത് പൂനിലാവിന്റെ പാൽവെളിച്ചം തൂകുന്ന പുഞ്ചിരിയും ഹൃദയത്തിലേക്കൊഴുകി എത്തുന്ന സ്നേഹസംഗീതവുമാണ് എനിക്ക് ഫിലിപ്പച്ചൻ. കരുണാർദ്രമായ കണ്ണുകളോടെ ഓരോരുത്തരുടെയും ആത്മാവിന്റെ അടിത്തട്ടുവരെ അദ്ദേഹം കടന്നുചെന്നു. ആ നോട്ടത്തിലൂടെ അവരെല്ലാം അദ്ദേഹത്തിൽ അലിഞ്ഞു ചേരുന്നു.

ഈ അഭിഷിക്തന്റെ പൗരോഹിത്യ ശുശ്രൂഷകളിൽ രണ്ടുതരത്തിലുള്ള ബന്ധം കാത്തുസൂക്ഷിക്കുന്നു. സർവ്വശക്തനായ ദൈവവും അജപാലകഗണവുമായുള്ള പരസ്പരബന്ധം. ദൈവികഭാവം സ്വായത്തമാക്കിയ ഒരു വ്യക്തിക്ക് മാത്രമേ അതു മറ്റുള്ളവരിലേക്ക് ഒഴുക്കുവാനും സാധിക്കുകയുള്ളു. അത്തരത്തിൽ ഫിലിപ്പച്ചൻ എന്നും തന്റെ ആത്മീയ മക്കളുടെ ഹൃദയത്തിൽ ജ്വലിച്ചു നിൽക്കുന്ന ദീപ്തമായ ഒരു ഓർമ്മയാണ്. അച്ചൻ ശുശ്രൂഷകൾ നിർവഹിച്ച ഇടവകകളിലെ ഓരോരുത്തർക്കും അച്ചനെക്കുറിച്ച് എന്തെങ്കിലും പറയുവാനുണ്ടാകും. തന്റെ ആത്മീയ മക്കളുടെ ആവശ്യങ്ങൾ കണ്ടറിഞ്ഞ് ഇടപെടുന്ന സ്നേഹം. അജപാലകഗണവുമായുള്ള ബന്ധം കാത്തുസൂക്ഷിക്കുന്നതിലും മനുഷ്യബന്ധങ്ങളിലെ ഊഷ്മളത നിലനിർത്തുന്നതിലും അച്ചന്റെ കാര്യക്ഷമത ശ്രദ്ധേയമാണ്.

ദേവാലയ ശുശ്രൂഷകളിലുള്ള ആദ്ധ്യാത്മിക ഉണർവ്വ്, കൺവൻഷൻ, പ്രാർത്ഥനായോഗം, ഇടവകസന്ദർശനം, രോഗി/ആശുപത്രി സന്ദർശനം തുടങ്ങിയ കർമ്മപദ്ധതികൾ മറ്റുള്ളവർക്ക് ഒരു മാർഗ്ഗദർശമാണ്. അച്ചൻ വികാരിയായിരുന്ന പല ഇടവകപ്പള്ളികളിലും എനിക്ക് പങ്കെടുത്ത് അച്ചനുമായി സൗഹൃദം പങ്കിടുവാനും സാധിച്ചതിൽ ഞാൻ ദൈവത്തെ മഹത്വപ്പെടുത്തുന്നു. രോഗാതുരനായിരിക്കുമ്പോഴും ഏവർക്കും അച്ചൻ സമീപസ്ഥനായിരുന്നു. അച്ചന്റെ ആതിഥേയത്വം ആരെയും കീഴ്പ്പെടുത്തുന്നതായിരുന്നു.

എന്റെ 25-ാം വയസ്സിൽ ആരംഭിച്ച ഈ ബന്ധം അവസാനമായി അച്ചൻ ശുശ്രൂഷ നിർവഹിച്ച വടയാപറമ്പ് മാർ ബഹനാം ഓർത്തഡോക്സ് ദേവാലയത്തിലെ അച്ചന്റെ യാത്രയയപ്പ് സമ്മേളനത്തിൽ സണ്ടേസ്കൂൾ ഇൻസ്പെക്ടർ എന്ന നിലയിൽ എനിക്കും പങ്കെടുക്കുവാൻ സാധിച്ചു. ആ സമ്മേളനത്തിൽ ആ പള്ളിയിൽ നിന്ന് അച്ചന് ലഭിച്ച സ്വർണ്ണപ്പതക്കം പൂർണ്ണ സന്തോഷത്തോടെ പത്രോസ് മാർ ഒസ്താത്തിയോസ് തിരുമേനി സ്ഥാപിച്ച

ആ ഇടവകയിലെ സ്ലീബാദാസ സമൂഹത്തിലെ കുടുംബങ്ങളുടെ ഉന്നമന ത്തിനുവേണ്ടി നൽകണമെന്ന് പറഞ്ഞ് ബന്ധപ്പെട്ടവരെ ഏല്പിച്ചു. അച്ചന്റെ നിത്യതയിലേക്കുള്ള പ്രവേശനത്തിങ്കൽ ഞാൻ അറിയാതെ മന്ത്രിച്ചു.

എൻ ഹൃദയമേ സമാധാനമായിരിക്കുക.
വേർപാടിന്റെ നിമിഷങ്ങൾ ധന്യമായിരിക്കട്ടെ.
അങ്ങു മരണത്തിന്റേതല്ല; പൂർണ്ണതയുടേതാണ്.
സ്നേഹം ഓർമ്മയായും – വേദന സംഗീതമായും ഒഴുകട്ടെ.

**ഫാ. കെ. റ്റി. ഫിലിപ്പിന്റെ പുത്രൻ മീഖായുടെ മാമോദീസാ ശുശ്രൂഷയിൽ ജോസഫ് മാർ പക്കോമിയോസ് മെത്രാപ്പോലീത്താ 'തലതൊട്ടപ്പനായി' വിശ്വാസം ഏറ്റുപറയുന്നു.**

# ഒരു മനോഹര പുഷ്പം

## സന്തോഷ് തുരുത്തിക്കര, ദുബായ്

"വിമലതയോടെ ജീവിപ്പോനും ധാർമികനും
ഹൃദയേ സത്യമുരപ്പോനും
നാവിൽ വഞ്ചന ഇല്ലാത്തോനും
സ്നേഹിതനോടു ദോഷം ചെയ്യാത്തോനും
കർത്താവിൽ ഭക്തരെ ബഹുമാനിപ്പോനും..."

തുരുത്തിക്കര ചാലിലെ ശൂനോയോ പെരുന്നാളിനോടനുബന്ധിച്ചുള്ള കൺവൻഷൻ പ്രസംഗത്തിന്റെ ക്ഷണക്കത്ത് കെ. ജെ. കുര്യാക്കോസ് അച്ചന്റെ നിർദ്ദേശപ്രകാരം കൊടുക്കുവാനായി പോയപ്പോൾ തുടങ്ങിയ ബന്ധം അച്ചൻ നിത്യതയിൽ പ്രവേശിക്കുന്നതു വരെ തുടർന്നു. എവിടെ വെച്ചു കണ്ടാലും ചിരിക്കുന്ന മുഖവും സൗഹൃദ സംഭാഷണവും നടത്തുന്ന അച്ചനെ ഇന്നും ഓർക്കുന്നു.

അച്ചന്റെ ആദ്യകാല പ്രസംഗങ്ങളിൽ, പ്രത്യേകിച്ച് മരണവീടുകളിലുള്ള മറ്റും പ്രസംഗിക്കുമ്പോൾ ഒരു പൂന്തോട്ടത്തിലെ മനോഹരമായ പുഷ്പം വാടിക്കൊഴിഞ്ഞു പോകുന്നതുപോലെ ആണ് മരണം എന്ന് വർണിച്ചിരുന്നു. അച്ചന്റെ വേർപാടിലും അത് യാഥാർത്ഥ്യമായി. ആ മനോഹര പുഷ്പം കൊഴിഞ്ഞുപോയിട്ട്, നിത്യതയിലായിട്ട് ഒരു വർഷം പൂർത്തിയാകുന്നു.

എല്ലാ തലത്തിലുംപെട്ട അർഹതപ്പെട്ട ആളുകളെ യഥാസമയം അച്ചൻ സഹായിച്ചിരുന്നു. എന്റെ അനുഭവത്തിലും അത് ഒരു നേർകാഴ്ച തന്നെ. ഈദൃശ്യ ഓർമ്മകൾ ഏവരിലും നിറഞ്ഞു നിൽക്കും.

സ്വർഗ്ഗത്തിലെ യേശു അപ്പച്ചന്റെ പൂന്തോട്ടത്തിൽ ഇരുന്നുകൊണ്ട് നമുക്ക് ”വേണ്ടി മദ്ധ്യസ്ഥത അണയ്ക്കുന്ന ഫിലിപ്പ് അച്ചനെ നമുക്കും പ്രാർത്ഥനകളിൽ ഓർക്കാം.

ഈ ഗ്രന്ഥ പ്രസിദ്ധീകരണത്തിന്റെ മുൻനിരക്കാരനായ റ്റി. പി. ഏലിയാസ് അച്ചനെ കുടുംബമായി ഓർക്കുന്നു.

# നിർമ്മലസ്മിതം

## സാൻജോ വർഗീസ് കൊരട്ടി

(മുൻ സെക്രട്ടറി, കൊരട്ടി അരമനപള്ളി)

ആത്മാർത്ഥ സ്നേഹത്തിന്റെ വിശുദ്ധവും സുതാര്യവുമായ ഒരു മനോഹര സ്മിതം. 2014 ജൂലൈ മാസം മുതലുള്ള രണ്ടു വർഷങ്ങളിലാണ് ഞങ്ങൾ കൊരട്ടി ഇടവകക്കാർ ആ നിറചിരിയെ അടുത്തറിഞ്ഞത്.

അതുവരെ കാണാത്ത തരത്തിലുള്ള ഒരു ആത്മീയ നവോത്ഥാനത്തിലേക്കാണ് ഫിലിപ്പച്ചൻ ഇടവകയെ നയിച്ചത്. ആത്മീയ ഭൗതിക തലങ്ങളിൽ പത്ത് പുതിയ സംരംഭങ്ങൾക്കാണ് സമാരംഭം കുറിച്ചത്. കേവലം ആ നേട്ടങ്ങളുടെ ആഖ്യാനം എന്നതിലുപരി അത് സാദ്ധ്യമാക്കിയ ഫിലിപ്പച്ചന്റെ സ്വഭാവ മാസ്മരികതയാണ് ഇവിടെ ചിന്തനീയം.

ഇന്നാട്ടിൽ ജനിച്ച് വളർന്നവരെപ്പോലും ലജ്ജിപ്പിക്കുംവിധം ഇടവകയിലെ ചെറുതും വലുതുമായ ഓരോ അംഗങ്ങളെയും പേരുചൊല്ലി വിളിക്കാൻ അച്ചനു സാധിച്ചു. ഈ വ്യക്തിബന്ധത്തിന്റെ ഊഷ്മളത തന്നെയായിരുന്നു ഇടവകയുടെ ആത്മീയ വളർച്ചയുടെ പ്രധാന മൂലധനം.

എല്ലാ തലങ്ങളിലും ഉള്ള ഇടവകാംഗങ്ങളെ ഭാഗഭാക്കുകളാക്കിക്കൊണ്ട് അച്ചൻ നയിച്ച മദ്ധ്യസ്ഥ പ്രാർത്ഥനാദിനത്തിലൂടെ അതിനു തുടക്കം കുറിച്ചു. വിവിധ പ്രാർത്ഥനാ ഘടകങ്ങൾക്ക് രൂപംനൽകി. കുടുംബ പ്രാർത്ഥനായോഗങ്ങൾ, നോമ്പുകാല ഉപവാസ ധ്യാനം, പീഡാനുഭവവാര ജാഗരണം, ദുഃഖവെള്ളിയാഴ്ചയിലെ സങ്കീർത്തന പാരായണം എന്നിങ്ങനെ ഒരു മനോഹര പ്രാർത്ഥനാ കാലമായിരുന്നു ആ വർഷങ്ങൾ.

ഒരു പ്രാദേശിക ബൈബിൾ കൺവൻഷന് ആരംഭം കുറിച്ചു. വലിയ നോമ്പിലെ ചിറങ്ങര സീയോൻ ബൈബിൾ കൺവൻഷൻ ഇന്നും ഈ ഇടവകയ്ക്ക് ആത്മീയ വെളിച്ചം പകരുമ്പോൾ അത് വിഭാവനം ചെയ്ത ആദ്യ സംഘാടകനാണ് ഫിലിപ്പച്ചൻ.

അച്ചൻ ഒരു മികച്ച ആത്മീയ പ്രബോധകനായിരുന്നു. ദൈവിക മർമ്മങ്ങളുടെ ധ്യാനചിന്തകളെ ഏറ്റവും അനുയോജ്യമായ വാക്കുകളിലൂടെ ജനമനസ്സിൽ പതിപ്പിക്കുന്നതിൽ അച്ചൻ വിജയിച്ചിരുന്നു. ഉചിതമായ ഉദാഹരണ കഥകൾ ചേർത്ത് വേദവിശദീകരണങ്ങൾ നൽകുന്നതിന്റെ തീവ്രതയിൽ പലപ്പോഴും അച്ചന്റെ കണ്ഠമിടറാറുണ്ട്. ഒന്നുറപ്പാണ് ശബ്ദവ്യതിയാനങ്ങളുടെ ആ അലയൊലി ഓരോരോ ശ്രോതാവിന്റെയും കർണ്ണപുടങ്ങൾക്കുമപ്പുറം ഹൃദയഭിത്തികളെ തന്നെയാണ് നേരിട്ട് പ്രകമ്പനം കൊള്ളിച്ചിരുന്നത്. അതിന്റെ പരിവർത്തനങ്ങൾ ഇടവക പ്രവർത്തനത്തിൽ നേരിട്ട് കാണാമായിരുന്നു.

തന്നെ ഏല്പിച്ചിരുന്ന ശുശ്രൂഷയിൽ അച്ചൻ പുലർത്തിയ ആത്മാർത്ഥത എക്കാലവും ഒരു മാതൃകയായി മനസ്സിൽ നിറയുന്നു. നോമ്പിലെ അച്ചന്റെ ഒരു ഭവന സന്ദർശന ദിനം. വേണ്ടത്ര ശാരീരിക സൗഖ്യമില്ലാതിരുന്നിട്ടും ക്രമപ്പെടുത്തി അറിയിച്ചതിൻപ്രകാരം രാവിലെ അച്ചൻ ഭവന സന്ദർശനം നടത്തി. മദ്ധ്യാഹ്ന വിശ്രമശേഷം നോക്കുമ്പോൾ ചെരുപ്പുകൾ കാലിൽ കയറാത്തവിധം കാലുകൾ നീരു വന്ന് വീർത്തിരിക്കുന്നു. മറ്റൊരു ദിവസം തുടരാം എന്ന് ഞങ്ങളുടെ സ്നേഹനിർബന്ധങ്ങൾക്കുമപ്പുറം, പാദരക്ഷകൾ ധരിക്കാതെ നഗ്നപാദനായി പറഞ്ഞ സമയത്ത് ഭവനസന്ദർശന ശുശ്രൂഷ നിർവ്വഹിച്ച അച്ചന്റെ കർമ്മസമർപ്പണ ചിത്രം തികച്ചും അനിതരസാധാരണം.

കുടുംബസംഗമ വേളകളിൽ 50 കിലോമീറ്റർ അകലെ താമസിക്കുന്ന അച്ചന്റെ കുടുംബത്തെയും അച്ചൻ പങ്കെടുപ്പിച്ചിരുന്നു. ഇടവക വികസന നിധിപോലെയുള്ള ഓരോ ധനസമാഹരണ പദ്ധതികളിലും ഇടവകയിലേക്കുള്ള ആദ്യ സംഭാവന അച്ചന്റെ വക ആയിരുന്നു. ഇടവകയ്ക്ക് പുറത്ത് മറ്റു സഭകളിൽ നിന്നും ഇതര സമുദായങ്ങളിൽ നിന്നും അച്ചന് ഏറെ ഇഴയടുപ്പമുള്ള ബന്ധങ്ങൾ ഉണ്ടായിരുന്നു. അതേ, ഗാന്ധിവചനം പോലെ അച്ചന്റെ ജീവിതം തന്നെ ആയിരുന്നു അച്ചന്റെ സന്ദേശവും.

അച്ചനുമായി നേരിൽ സംവദിക്കുന്ന ഏതൊരാളോടും വ്യക്തിഗത ക്ഷേമാന്വേഷണങ്ങളോടെ ആരംഭിക്കുന്ന ആ വെൺചിരി ഏറെ ഹൃദ്യമായിരുന്നു. അതിൽ കുഞ്ഞുങ്ങളെന്നോ യുവാക്കളെന്നോ മുതിർന്നവരെന്നോ മാറ്റമുണ്ടായിരുന്നില്ല. തികച്ചും വ്യക്തിയധിഷ്ഠിതമായ വഴികാട്ടിയായിരുന്നു അച്ചന്റെ അടുത്തുള്ള വി. കുമ്പസാരം. അലസതയിലും ദുസ്വഭാവങ്ങളിലും കഴിഞ്ഞിരുന്ന പലരെയും അച്ചന്റെ നേരിട്ടുള്ള പ്രവർത്തനത്തിൽ കൂടെ മുഖ്യധാരയിൽ എത്തിക്കാൻ കഴിഞ്ഞിട്ടുണ്ട്.

മലാഖി പ്രവാചകന്റെ പുസ്തകം രണ്ടാം അദ്ധ്യായം ആറാം വാക്യത്തിൽ ഉത്തമ പുരോഹിതനെ ഇങ്ങനെ വർണ്ണിക്കുന്നു: “സത്യത്തിന്റെ ഉപദേശം അവന്റെ വായിൽ ഉണ്ടായിരുന്നു. നീതികേട് അവന്റെ അധരത്തിൽ കണ്ടതുമില്ല. അവൻ സമാധാനത്തിലും പരമാർത്ഥതയോടും എന്റെ കൂടെ നടന്ന് അനേകരെ അന്യായത്തിൽ നിന്ന് പിൻതിരിപ്പിച്ചു.”



ഭാഗം രണ്ട്

# ഗുരുപ്രണാമം

## തന്റെ രണ്ടു പ്രമുഖ ഗുരുക്കന്മാരെക്കുറിച്ച് ഫാ. കെ. റ്റി. ഫിലിപ്പ് എഴുതിയ അനുസ്മരണം

# ഡോ. പൗലോസ് മാർ ഗ്രീഗോറിയോസ്: കുട്ടികളുടെ സ്നേഹിതൻ

## ഫാ. കെ. റ്റി. ഫിലിപ്പ്

മലങ്കര ഓർത്തഡോക്സ് സഭയുടെ പേരും പെരുമയും അഖിലലോക സഭാതലങ്ങളിലും സാമൂഹിക രാഷ്ട്രീയ സാംസ്കാരിക മേഖലകളിലും ഉയർത്തിപ്പിടിക്കുവാൻ ദൈവം ഉപയോഗിച്ച അതുല്യ പ്രതിഭാശാലിയാണ് ഡോ. പൗലോസ് മാർ ഗ്രീഗോറിയോസ്.

ജനനം കൊണ്ട് മലയാളി ആയിരുന്നുവെങ്കിലും നാലു ഭൂഖണ്ഡങ്ങളിലും (ഏഷ്യാ, യൂറോപ്പ്, ആഫ്രിക്ക, അമേരിക്ക) അനേകം സംസ്കാരങ്ങളിലു മായി പരന്നു കിടക്കുന്ന കർമ്മമണ്ഡലത്തിലായിരുന്നു അദ്ദേഹത്തിന്റെ മനസ്സും ശരീരവും. ആഗോള വ്യാപകമായ നീതി, നിരായുധീകരണം, സമാ ധാനം എന്നീ മേഖലകളിൽ ലോകോത്തരമായ സംഭാവനകൾ അദ്ദേഹം നൽകി.

1922 ആഗസ്റ്റ് 9-ന് തൃപ്പൂണിത്തുറ തടിക്കൽ വീട്ടിൽ ടി. പി. പൈലിയു ടെയും ഏലിയുടെയും മകനായി ജനിച്ച് 1996 നവംബർ 24-ന് ഡൽഹി ഓർ ത്തഡോക്സ് സെന്ററിൽ കാലം ചെയ്യുന്നതു വരെയുള്ള തിരുമേനിയുടെ ജീവിതം ഒറ്റവാക്കിൽ പറഞ്ഞാൽ ഒരു മഹാത്ഭുതം തന്നെ. കണ്ണുനീരിൽ കുതിർന്ന ബാല്യകാലവും കഷ്ടതകളേറെ സഹിക്കേണ്ടി വന്ന കൗമാര കാലവും പാണ്ഡിത്യത്തിന്റെ പരമോന്നത ശൃംഗങ്ങളിൽ വിരാജിച്ച പിൽ ക്കാല ജീവിതവും അദ്ദേഹത്തെ വിശ്വമാനവനാക്കി മാറ്റിയെടുത്തു. പൗരസ്ത്യ ക്രൈസ്തവ ജീവിതത്തിന്റെ അർത്ഥവും ആഴവും ആന്തരിക ശോഭയും ആത്മാവിൽ ഉൾക്കൊണ്ടിരുന്ന ഒരു ആദ്ധ്യാത്മിക ആചാര്യനെ യാണ് തിരുമേനിയിൽ ലോകം ദർശിച്ചത്.

തിരുമേനിയുടെ ചിന്തകളും രചനകളും ഇന്ന് യൂറോപ്യൻ യൂണിവേഴ്സി റ്റികളിൽ ഗവേഷണ പഠനവിഷയങ്ങളാണ്. മലങ്കര ഓർത്തഡോക്സ് സഭ അറിയുന്നതിനേക്കാൾ അദ്ദേഹത്തെ അറിയുന്നതും ആദരിക്കുന്നതും ഇതര ഭൂഖണ്ഡങ്ങളിലുള്ള ചിന്തകരും പണ്ഡിതരും ആണെന്നുള്ളത് ഒരു പര മാർത്ഥമാണ്.

തിരുമേനിയുടെ 'എൻലൈറ്റൻമെന്റ് ഈസ്റ്റ് ആന്റ് വെസ്റ്റ്' എന്ന പുസ്ത കത്തെക്കുറിച്ച് 1992-ൽ ടൈംസ് ഓഫ് ഇന്ത്യ എഴുതി: "കഴിഞ്ഞ ദശാബ്ദ ത്തിൽ ഇറങ്ങിയ മികച്ച പത്തു ഗ്രന്ഥങ്ങളിൽ ഒന്നാണിത്. സ്വാമി വിവേകാ നന്ദനു ശേഷം ഇന്ത്യയുടെ ആത്മാവിനെ അടുത്തറിയുവാൻ ഇതുപകരി ക്കുന്നു."

പാശ്ചാത്യരെ വിസ്മയിപ്പിച്ച വിഖ്യാതമായ വേറെയും ഗ്രന്ഥങ്ങൾ ഡോ. ഗ്രീഗോറിയോസ് തിരുമേനി രചിച്ചിട്ടുണ്ട്. 'കോസ്മിക് മാൻ', 'ജോയ് ഓഫ് ഫ്രീഡം', 'ഫ്രീഡം ഓഫ് മാൻ', 'ദ് ഹ്യൂമൻ പ്രസൻസ്' എന്നിങ്ങനെ നിരവധി ഗ്രന്ഥങ്ങൾ ഉണ്ട്. ഇംഗ്ലീഷിൽ രചിക്കപ്പെട്ട ഈ ഗ്രന്ഥങ്ങൾക്ക് ലോകത്തിലെ വിവിധ ഭാഷകളിൽ വിവർത്തനങ്ങൾ വന്നിട്ടുണ്ട്. മലയാളത്തിൽ എഴുതിയ 'ദർശനത്തിന്റെ പൂക്കൾ' എന്ന ഗ്രന്ഥം വളരെ ശ്രദ്ധേയമത്രെ.

ദാർശനികൻ, വേദശാസ്ത്ര ചിന്തകൻ, ബഹുഭാഷാ പണ്ഡിതൻ, ഫ്യൂച്ചറോളജിസ്റ്റ് എന്നീ നിലകളിലെല്ലാം വിശ്രുതനായിരുന്ന തിരുമേനിയുടെ പഠനങ്ങൾ ഗവേഷണ വിഷയങ്ങളാക്കുന്നവർക്കുവേണ്ടി മഹാത്മാഗാന്ധി യൂണിവേഴ്സിറ്റിയിൽ 'പൗലോസ് മാർ ഗ്രീഗോറിയോസ് ചെയർ' സജ്ജമാക്കിയിട്ടുണ്ട്. സ്വാമി വിവേകാനന്ദന്റെയും ശ്രീനാരായണ ഗുരുവിന്റെയും ഡോ. ബി. ആർ. അംബേദ്ക്കറിന്റെയും മറ്റും പേരിലാണ് ഇപ്രകാരമുള്ള ചെയറുകൾ മുമ്പ് ഏർപ്പെടുത്തിയിട്ടുള്ളത്.

ഒരു ദിവസം ന്യൂയോർക്കിലാണെങ്കിൽ അടുത്ത ദിവസം പാരീസിലും തുടർന്നുള്ള ദിവസം മോസ്കോയിലും എന്ന മട്ടിലായിരുന്നു തിരുമേനിയുടെ പ്രഭാഷണ പരിപാടികൾ. മാത്രമല്ല സീതാറാം യച്ചൂരി മുതൽ മിഖായേൽ ഗോർബച്ചേവു വരെയുള്ളവരുമായി അദ്ദേഹം രാഷ്ട്രീയ സംവാദത്തിൽ ഏർപ്പെടാറുണ്ടായിരുന്നു.

തിരുമേനിയുടെ 70-ാം ജന്മദിനത്തിൽ ഒരു പത്രപ്രവർത്തകന്റെ "അങ്ങയുടെ ജീവിതത്തെയും ചിന്തയെയും രൂപപ്പെടുത്തിയ ദർശനമെന്താണ്?" എന്ന ചോദ്യത്തിന്റെ മറുപടി ഏറ്റവും വിനയാന്വിതനായിട്ടായിരുന്നു അദ്ദേഹം നൽകിയത്: "അതെന്റെ മതവിശ്വാസമാണ്. യേശുക്രിസ്തുവിനെ അറിയാൻ ശ്രമിച്ചതാണ്. ക്രിസ്തു എല്ലാ മനുഷ്യർക്കും വേണ്ടിയാണ് മനുഷ്യാവതാരം ചെയ്തത്. ക്രിസ്തു മനുഷ്യവർഗ്ഗത്തെ സ്നേഹിക്കുകയും മനുഷ്യവർഗ്ഗത്തിനുവേണ്ടി ജീവിക്കുകയും ചെയ്തു. ഈ ദർശനം എന്നെ സ്വാധീനിച്ചു. മനുഷ്യനാണ് എന്റെ ദർശനം."

ബഹുമുഖ വ്യക്തിപ്രഭാവവും അതിനനുസരിച്ചുള്ള തിരക്കുകളും ഉള്ള തിരുമേനിയുടെ നിഷ്ഠയുള്ള ആരാധനാജീവിതവും ആത്മീയതയും അതിശയിപ്പിക്കുന്നവിധത്തിലുള്ളതായിരുന്നു. ആദ്ധ്യാത്മികതയുടെ പാരമ്യം ആതുരരെ പരിപാലിക്കുന്നതിലാണെന്ന് അദ്ദേഹം വിശ്വസിച്ചിരുന്നു. അതിന്റെ ഒരു പ്രതിഫലനമാണ് ശിശുക്കളോട് അദ്ദേഹം കാണിച്ചിരുന്ന പ്രതിപത്തി.

മുളന്തുരുത്തി തലക്കോടിലെ സെന്റ് മേരീസ് ബോയ്സ് ഹോമിൽ അദ്ദേഹം വരുമ്പോഴെല്ലാം എത്ര വലിയ കൃത്യാന്തര ബാഹുല്യത്തിനിടയിലാണെങ്കിലും കുഞ്ഞുങ്ങളെ താലോലിച്ച് തലോടി അവരുമായി സല്ലപി

ക്കുവാൻ തിരുമേനി എപ്പോഴും സമയം കണ്ടെത്തിയിരുന്നു. അവരോടു കൂടെയിരുന്ന് ഭക്ഷണം കഴിക്കുന്നതിനു മാത്രമല്ല അവരുടെ നോട്ടുബുക്കുകൾ പോലും പരിശോധിച്ച് തെറ്റുകൾ തിരുത്തിക്കൊടുക്കുന്നതും ലേഖകൻ നേരിൽ കണ്ടിട്ടുള്ളതാണ്.

തിരുമേനി കാലം ചെയ്തതിനെ തുടർന്ന് മലയാള മനോരമയിൽ പ്രത്യക്ഷപ്പെട്ട ലേഖനങ്ങൾ 'അവസാന നിമിഷം വരെ കർമ്മനിരതൻ' (ഡി. വിജയമോഹൻ), 'ഇടിഞ്ഞത് ഒരു കുലപർവ്വതം' (സുകുമാർ അഴിക്കോട്), 'ഈ ജീവിതയാത്ര എത്ര ധന്യം, സഫലം' (പോൾ മണലിൽ), 'മഹാനായ പണ്ഡിതൻ' (ഇ. എം. എസ്.), 'മാർ ഗ്രീഗോറിയോസ്, പണ്ഡിതൻ' (ഉപരാഷ്ട്രപതി കെ. ആർ. നാരായണൻ), 'കണക്കിലെ കേമനായി എന്നുമീ കുഞ്ഞുങ്ങൾ' (ജെക്കോബി), 'ഗ്രിഗോറിയോസിന്റെ ദേഹവിയോഗം കനത്ത നഷ്ടം' (സുർജിത്) എന്നിവയ്ക്കെല്ലാം മകുടം ചാർത്തുന്നവിധത്തിലായിരുന്നു "പൗരസ്ത്യ ദർശനത്തിന്റെ അപൂർവ്വ ജ്യോതിസ്സ്" എന്ന പേരിലുള്ള വിജ്ഞാനപ്രദമായ എഡിറ്റോറിയൽ.

സഭാതർക്കത്തെ തുടർന്ന് സ്വജനങ്ങളും ചാർച്ചക്കാരും മാതൃഇടവകയും നിഷ്കരുണം ബഹിഷ്കരിച്ചപ്പോൾ ഒരു വ്യക്തമായ നിലപാടെടുക്കുവാനും പ്രതിസന്ധികളിലും ഭീഷണികളിലും തളരാതെ മാർത്തോമ്മാ ശ്ലീഹായാൽ സ്ഥാപിതമായ മലങ്കര ഓർത്തഡോക്സ് സഭയിലെ ഒരു എളിയ ശുശ്രൂഷകനായി നിലനിൽക്കുവാനും ഈ ലേഖകനെ ഏറെ സഹായിച്ചത്, തിരുമേനിയിൽ നിന്നും അനുസ്യൂതം ലഭിച്ചുകൊണ്ടിരുന്നതും കാലയവനികയിൽ മറഞ്ഞുപോയെങ്കിലും ആ കബറിടത്തിൽ നിന്നും നിരന്തരം നൽകപ്പെടുന്നതുമായ പിതൃവാത്സല്യമാണ് എന്ന സാക്ഷ്യത്തോടെ ഈ ലേഖനം ഉപസംഹരിക്കട്ടെ. എന്നെപ്പോലെ ജീവിതവഴിയിൽ താങ്ങും തണലുമായി തിരുമേനിയെ കണ്ട വൈദികരും അവൈദികരും സഭയിലേറെയുണ്ടെന്നുള്ളതും പരമസത്യം തന്നെ.

# സ്നേഹത്തിന്റെ തൂവൽസ്പർശം

## ഫാ. കെ. റ്റി. ഫിലിപ്പ്

മലങ്കര ഓർത്തഡോക്സ് സുറിയാനി സഭയിൽ ഏറ്റവും കൂടുതൽ മനുഷ്യരെ അറിയുകയും ഏറ്റവും കൂടുതൽ മനുഷ്യർ അറിയുകയും ചെയ്യുന്ന തിരുമേനി ആയിരുന്നു ഭാഗ്യസ്മരണാർഹനായ സഭാരത്നം ഡോ. ഗീവർഗീസ് മാർ ഒസ്താത്തിയോസ് തിരുമേനി. ഉന്നതനായ തിരുമേനിയുമായി ഒരു ഗാഢമായ ആത്മബന്ധം കാത്തുസൂക്ഷിക്കുവാൻ എളിയവനായ എനിക്കു കഴിഞ്ഞത് ഒരു സൗഭാഗ്യമായി കരുതുകയാണ്.

ഇപ്പോൾ ഞാൻ ശുശ്രൂഷ ചെയ്യുന്ന പുരാതന ദേവാലയമായ ചെറായി സെന്റ് മേരീസ് ഓർത്തഡോക്സ് പള്ളി ഒഴികെ, ഞാൻ നിയോഗിക്കപ്പെട്ട എല്ലാ ദേവാലയങ്ങളിലും എളിയ ക്ഷണം സ്വീകരിച്ച്, ശാരീരികക്ലേശങ്ങൾ അവഗണിച്ച് തിരുമേനി എഴുന്നെള്ളി വന്ന് ധന്യമായി അനുഗ്രഹിച്ച്, ശുശ്രൂഷകൾക്ക് നേതൃത്വം നൽകി പരിപോഷിപ്പിച്ചിട്ടുള്ളത് ഒരിക്കലും മറക്കാനൊക്കുകയില്ല. ചെറായി പള്ളിയിലും അദ്ദേഹത്തിന്റെ സാന്നിദ്ധ്യവും മദ്ധ്യസ്ഥതയും ശുശ്രൂഷകൾക്ക് എനിക്ക് ശക്തിപകരുന്നു.

ദശാംശം കൃത്യമായി വേർതിരിക്കാനും, പണമിടപാടുകളിൽ നൂറു ശതമാനവും സുതാര്യത പാലിക്കാനും പള്ളികൾക്കോ, സ്ഥാപനങ്ങൾക്കോ സുമനസ്സുകൾ നൽകുന്നത് ഒരു രൂപയാണെങ്കിൽ പോലും കൃത്യമായി കണക്കെഴുതി, രശീതു നൽകുവാനും അതിൽ നിന്ന് ഉപ്പുനോക്കാനും തൊട്ടുനക്കാനും (തിരുമേനിയുടെ ഭാഷ) ഇടയാകാതെ വിശ്വസ്തത നിലനിർത്തുവാനും തിരുമേനി പരിശീലിപ്പിച്ചത് ഇന്നും എനിക്കൊരു മുതൽക്കൂട്ടാണ്. ആണ്ടോടാണ്ട് വി. വേദപുസ്തകം ഓരോ തവണയെങ്കിലും വായിച്ചു പഠിക്കണമെന്ന തിരുമേനിയുടെ നിർദ്ദേശവും ഞാനിന്നും ദൈവാനുഗ്രഹത്താൽ പാലിച്ചു പോരുന്നു.

നാം ചില വ്യക്തികളെ സന്ദർശിച്ചു മടങ്ങുമ്പോൾ ചിലപ്പോൾ നിരാശയും ഒരു പ്രത്യേക തരത്തിലുള്ള ഡിപ്രഷനും നമ്മെ കുറെ നേരത്തേക്ക് പിടികൂടും. ചില വ്യക്തികളെ സന്ദർശിച്ചു മടങ്ങുമ്പോൾ നാം പതിവിൽ കൂടുതൽ ഉന്മേഷഭരിതരും ആഹ്ലാദമുള്ളവരും ആയിരിക്കും. ഇതൊരു പ്രകൃതിയുടെ പ്രതിഭാസമാണെന്ന് ഏതോ ഗ്രന്ഥത്തിൽ വായിച്ചിട്ടുണ്ട്. ഇതു സത്യമാണെന്ന് അനുഭവത്തിൽ ബോദ്ധ്യപ്പെട്ടിട്ടുണ്ട്. ഒസ്താത്തിയോസ് തിരുമേനിയുടെ സമീപത്ത് എപ്പോൾ കടന്നുചെന്നാലും ഒരുപക്ഷേ തിരുമേനി ഉറങ്ങുകയാണെങ്കിൽ പോലും ഒരു പ്രത്യേക സ്വസ്ഥതയും ശാന്തിയുമാണ് ആ സാമീപ്യത്തിൽ എനിക്ക് അനുഭവിക്കാൻ കഴിഞ്ഞിട്ടുള്ളത്. ഇത് എന്റെ മാത്രം അനുഭവം അല്ല താനും. തന്നെ സമീപിക്കുന്നവരെ നിരാശ നീക്കി

ഉന്മേഷഭരിതരാക്കുന്ന ഏതോ ഒരു അദൃശ്യ ജീവപ്രഭ തിരുമേനിയിൽ ഉണ്ടായിരുന്നു.

തിരുമേനി വൈദികനായിരുന്നപ്പോൾ എന്നെ സ്വാധീനിച്ച ഒരു സംഭവം പറയട്ടെ. എന്റെ സെമിനാരി വിദ്യാഭ്യാസം കഴിഞ്ഞ സമയം (1973). സഭയിൽ ആവിർഭവിച്ച നിർഭാഗ്യമായ തർക്കം വളർന്നപ്പോൾ ഓർത്തഡോക്സ് ഭാഗത്തു തന്നെ ഉറച്ചുനിൽക്കാൻ ഞാൻ തീരുമാനിച്ചതിനാൽ, സ്വന്ത ഭവനത്തിലും ജന്മനാട്ടിലും മാതൃ ഇടവകയിലും (തൃപ്പൂണിത്തുറ നടമേൽ സെന്റ് മേരീസ്) എനിക്ക് സ്ഥാനമില്ലാതായി. ഞാൻ പഠിച്ച സെമിനാരിയും വന്ദ്യരായ ഗുരുഭൂതരും ഇപ്രകാരം ഒരു നിലപാടെടുക്കുവാൻ എനിക്കു പ്രചോദനവും മാതൃകയുമായി. അപ്പോൾ ബഹു. എം. വി. ജോർജ് അച്ചൻ എന്റെ ദുരവസ്ഥ മനസ്സിലാക്കി മാവേലിക്കര സെന്റ് പോൾസ് വയോമിങ് ഗോസ്പൽ ഹാളിന്റെ സെക്രട്ടറിയായി നിയമിച്ചു. 1974-ലെ മദ്ധ്യവേനൽ അവധിക്കാലത്ത് എനിക്ക് ലഭിച്ചത് ഒരു സുവർണ്ണാവസരമായിരുന്നു. അച്ചന്റെ ഒന്നര മാസം നീണ്ടുനിൽക്കുന്ന ഉത്തരേന്ത്യൻ പര്യടനത്തിനും സുവിശേഷ പ്രഘോഷണത്തിനും സഹയാത്രികനായി എന്നെയും കൂട്ടി. തമിഴ്നാട്, ആന്ധ്രാപ്രദേശ്, മദ്ധ്യപ്രദേശ്, ഉത്തർപ്രദേശ്, പഞ്ചാബ്, ഡൽഹി തുടങ്ങിയ സ്ഥലങ്ങളിലെ പ്രധാന പള്ളികളിലേക്കായിരുന്നു യാത്ര.

അദ്ദേഹത്തെ സ്വീകരിക്കുവാൻ റയിൽവേ സ്റ്റേഷനുകളിലും പള്ളികളിലും തിങ്ങിനിൽക്കുന്നവരെ പേരുചൊല്ലി വിളിച്ചും കത്തുകളിലൂടെ കൈമാറിയ ആശയങ്ങൾ ചർച്ച ചെയ്തും പരിപാടികൾക്കു രൂപംകൊടുക്കുന്ന കാഴ്ച എനിക്ക് വിസ്മയമായി. പള്ളികളിലെ ശുശ്രൂഷകൾക്കു ശേഷം വ്യക്തികൾ തമ്മിൽ എന്തെങ്കിലും സൗന്ദര്യപിണക്കങ്ങൾ ഉണ്ടെങ്കിൽ എല്ലാവരും ഒരുമിച്ചിരുന്ന് പറഞ്ഞു തീർത്ത് രമ്യതയിൽ എത്തുന്നത് ഇന്നും എന്റെ ഓർമ്മയിലുണ്ട്.

മറുനാടുകൾ തികച്ചും അപരിചിതമായിരുന്ന എന്നെ, അദ്ദേഹം പ്രസംഗിച്ച പ്രൗഢമായ എല്ലാ സദസ്സുകളിലും പുത്രനിർവിശേഷമായ വാത്സല്യത്തോടെ പരിചയപ്പെടുത്തുകയും തിരുമേനിയുടെ പ്രസംഗത്തിനു മുമ്പായി 15 മിനിട്ട് വീതം പ്രസംഗിക്കാൻ അവസരം നൽകുകയും ചെയ്തു. 'മദ്രാസ് മുതൽ ചണ്ഡിഗഡ്' വരെ എന്ന ഒരു ലേഖനം ഇതു സംബന്ധിച്ച് തിരുമേനി എഴുതി പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്. അന്ന് ചണ്ഡിഗഡിൽ ഞാൻ പ്രസംഗിച്ച വേദവാക്യം 30-32 വർഷങ്ങൾക്കു ശേഷം പാലാരിവട്ടം പള്ളിയിൽ കണ്ടുമുട്ടിയപ്പോൾ രാജൻ കോശി (ലളിതാ ഈപ്പന്റെ സഹോദരൻ) എടുത്തു പറഞ്ഞതും ദൈവവചനത്തിന്റെ ശക്തിയും സ്വാധീനവും തന്നെ. മഴവെള്ളത്തിനായി വേഴാമ്പൽ കാത്തിരിക്കുന്നതുപോലെ ഞങ്ങൾ വേദദൂതിനായി കാത്തിരിക്കുകയായിരുന്നെന്നും ബഹു. എം. വി. ജോർജ്

അച്ചനും ഫിലിപ്പ് ശെമ്മാശ്ശനും നൽകിയ സന്ദേശങ്ങൾ ഞങ്ങളുടെ ദാഹം വർദ്ധിപ്പിച്ചെന്നും രാജൻ കോശി നന്ദിപ്രകാശനത്തിൽ പറഞ്ഞതും ഇന്നലെ എന്നതുപോലെ ഓർക്കുന്നു.

അദ്ദേഹത്തോടൊപ്പമുള്ള തീവണ്ടി യാത്രയുടെ സുഖം ഒന്നു വേറെ തന്നെയാണ്. തീവണ്ടി സ്റ്റേഷനുകളിൽ നിർത്തുമ്പോൾ അദ്ദേഹം ചാടിയിറങ്ങും. തിരികെ വരുന്നത് ഒരു കൈ നിറയെ ആനുകാലിക പ്രസിദ്ധീകരണങ്ങളും മറുകൈയിൽ എനിക്കു പലഹാരങ്ങളുമായിട്ടാണ്. പ്രസിദ്ധീകരണങ്ങൾ വായിച്ച് ആശയങ്ങൾ സ്വാംശീകരിച്ചുകൊണ്ടാണ് ഓരോ ദിവസവും പ്രസംഗിച്ചിരുന്നത്. അദ്ദേഹത്തിന്റെ പ്രസംഗത്തിന്റെ പുതുമയും കാലിക പ്രാധാന്യവും എടുത്തു പറയേണ്ടതില്ലല്ലോ (പ്രാസംഗികന്റെ ഒരു കൈയിൽ വേദപുസ്തകവും മറുകൈയിൽ ന്യൂസ്പേപ്പറും ഉണ്ടായിരിക്കണമെന്നു സെമിനാരിയിൽ അച്ചൻ പഠിപ്പിച്ചതും ഓർത്തുപോകുന്നു).

മടക്കയാത്രയിലെ ഒരു സംഭവം കുറിക്കുന്നത് അദ്ദേഹത്തിന്റെ ഹൃദയ വിശാലത എത്രയോ നിസ്വാർത്ഥവും അപാരവുമായിരുന്നു എന്ന് അനുസ്മരിക്കാനാണ്. മാർഗ്ഗമദ്ധ്യേ ഒരു വിജനസ്ഥലത്ത് ട്രെയിൻ ബ്രേക്ക്ഡൗൺ ആയി. 7-8 മണിക്കൂറുകൾ കഴിഞ്ഞാണ് വീണ്ടും യാത്ര ആരംഭിക്കുന്നത്. ആരുടെയും പക്കൽ ഭക്ഷണസാധനങ്ങൾ ഒന്നുമില്ല. ചില സ്ത്രീകൾ ദൂരെ എവിടെയോ ഒരു വീട്ടിൽ ചെന്ന് കട്ടൻ കാപ്പി ഉണ്ടാക്കി കൊണ്ടുവന്ന് കമ്പാർട്ട്മെന്റിൽ ഉണ്ടായിരുന്നവർക്ക് നൽകി. അച്ചൻ എവിടെനിന്നോ കുറെ ബിസ്കറ്റ് വാങ്ങി കമ്പാർട്ട്മെന്റിലുള്ള എല്ലാവർക്കും വിതരണം ചെയ്തു. ഇതോർക്കുമ്പോൾ ഇന്നും എന്റെ കണ്ണുകൾ നിറയും. ഉള്ളവരും ഇല്ലാത്തവരും തമ്മിൽ പങ്കുവെയ്ക്കാൻ പ്രസംഗിക്കുക മാത്രമല്ല, പ്രവർത്തിച്ചു കാണിക്കാനും അവസരത്തിനൊത്തു അദ്ദേഹം ഉയർന്നു. കർത്താവ് അഞ്ചപ്പം കൊണ്ട് അയ്യായിരം പേരെ പോഷിപ്പിച്ചതുപോലെ.

സഭാതർക്കം മൂലം ദുരിതം അനുഭവിക്കുന്ന വൈദികർക്ക് അദ്ദേഹം അത്താണിയായിരുന്നു. തർക്കം ആരംഭിച്ചപ്പോൾ തന്നെ അദ്ദേഹം ലഘുലേഖ പ്രസിദ്ധം ചെയ്തു. “ദൈവം യോജിപ്പിച്ചതിനെ മനുഷ്യൻ വേർതിരിക്കരുത്.” പാലാരിവട്ടം പള്ളിയിൽ നൽകിയ നവതി സ്വീകരണത്തിൽ, തിരുമേനി മറുപടി പ്രസംഗം അവസാനിപ്പിച്ചത്, സഭാ യോജിപ്പ് സാദ്ധ്യമാകണം എന്ന ആഗ്രഹത്തോടു കൂടെയാണ്. മാത്രമല്ല ഹൃദയസ്പർശിയായ അന്ത്യകല്പനയിലും കുറിച്ചിരിക്കുന്നത് “സഭാ സമാധാനം ആഗ്രഹിച്ചു, നടന്നില്ല എന്ന ദുഃഖമുണ്ട്. നിങ്ങൾ പ്രാർത്ഥിക്കുക. ദൈവ ഇഷ്ടം നടക്കട്ടെ” എന്നാണ്. പ. സഭയെ കുറിച്ച് അദ്ദേഹത്തിന്റെ വീക്ഷണവും ദർശനവും വെളിപ്പെടുത്തുവാൻ ഇതിൽ കൂടുതൽ എന്തു വേണം. ഇന്നല്ലെങ്കിൽ നാളെ സഭയിൽ യോജിപ്പുണ്ടാകും.

തിരുമേനി ആരംഭിച്ചിട്ടുള്ള സ്ഥാപനങ്ങളും പ്രസ്ഥാനങ്ങളും ഏറെയാണ്. അമ്പതിൽ അധികം വരുമെന്നാണ് തോന്നുന്നത്. അവയിൽ പലതിലും ആവശ്യത്തിനു വേലക്കാരില്ല. നമ്മുടെ യുവതീയുവാക്കൾ കഴിവുപോലെ തങ്ങളുടെ ജീവിതത്തിന്റെ ഒരു ഭാഗമെങ്കിലും ഈ സ്ഥാപനങ്ങളിൽ സേവനത്തിനായി നൽകാൻ മുന്നോട്ടു വരുന്നത്, നിത്യതയിൽ വലിയൊരു മുതൽക്കൂട്ടായിരിക്കും. 'കൊയ്ത്തു വളരെ ഉണ്ട് സത്യം, വേലക്കാരോ ചുരുക്കം.' (ലൂക്കോസ് 10:2).

## ഭാഗം മൂന്ന്

# കശീശാ: ദിവ്യരഹസ്യങ്ങളുടെ പരിസേവകൻ

# പൗരോഹിത്യം

## അതിന്റെ രൂപവും അടിസ്ഥാനവും

### ഡോ. പൗലോസ് മാർ ഗ്രീഗോറിയോസ്

ക്രിസ്തീയ പൗരോഹിത്യം സംബന്ധിച്ചുള്ള നമ്മുടെ ധാരണകൾ പലതും പൗരസ്ത്യ സഭാ പാരമ്പര്യത്തിന് നിരക്കാത്തവയാണ്.

ഏറ്റവും വലിയ തെറ്റിദ്ധാരണകൾ രണ്ടാണ്.

1. പുരോഹിതർക്കല്ലാതെ അത്മായക്കാർക്ക് പൗരോഹിത്യ നൽവരം ഇല്ല എന്ന അബദ്ധം.

2. പുരോഹിതൻ എന്ന് പറയുന്നത് പ്രാഥമികമായി കശീശന്മാരെ ഉദ്ദേശിച്ചാണെന്നും, മേല്പട്ടക്കാരനും മറ്റുമൊക്കെ ഏറെക്കുറെ കശീശന്മാർക്കുള്ള പട്ടത്വം മാത്രമേയുള്ളു എന്നും ഉള്ള തെറ്റിദ്ധാരണ.

ഇവ രണ്ടിനേയും തിരുത്തുവാൻ പൗരോഹിത്യ നൽവരത്തെക്കുറിച്ചുള്ള ഒരു സമഗ്രപഠനം ആവശ്യമാണ്. പാശ്ചാത്യസഭകളുടെ ഉപദേശത്തിൽ നിന്നും നാം എടുത്തുവെച്ചിട്ടുള്ളവ പലതും താഴെ വയ്ക്കാതെ ഈ സമഗ്രപഠനം സാദ്ധ്യവുമല്ല.

അടിസ്ഥാനപരമായ ഒന്നു രണ്ടു കാര്യങ്ങൾ പ്രത്യേകിച്ചും നമ്മുടെ പട്ടക്കാരുടെ അറിവിനായി ചൂണ്ടിക്കാട്ടിക്കൊള്ളട്ടെ.

ഒന്നാമതായി കൊഹനോയും കശീശായും തമ്മിലുള്ള വ്യത്യാസം. സുറിയാനിയിലെ ഈ വാക്കുകളുടെ ഗ്രീക്ക് തൽസമം hiereus എന്നും presbyteros എന്നുമാണ്. സുറിയാനിയിൽ കാഹേൻ എന്ന ക്രിയാപദത്തിന് ബലിയർപ്പിക്കുക, പൗരോഹിത്യവൃത്തി നിവർത്തിക്കുക എന്നാണർത്ഥം. "മ്ശീഹോ എത്കാനാൻ ബബ്സാർ അൽ കൈസോ" എന്ന് പറഞ്ഞാൽ "മിശിഹാ ജഡത്തിൽ മരത്തിന്മേൽ ബലിയർപ്പിക്കപ്പെട്ടു" എന്നാണർത്ഥം. കാഷീഷോ (qashisho – സുറിയാനിയിൽ "ശ" കാരം ഇല്ല എന്നറിയാമല്ലോ) എന്ന് പറഞ്ഞാൽ മൂപ്പൻ, വൃദ്ധൻ, വല്യപ്പൻ എന്നാണർത്ഥം. മൂലക്രിയ കാഷ് എന്ന പദത്തിന്റെ അർത്ഥം "വയസ്സാവുക" എന്ന് തന്നെ ഭരണാധികാരി എന്നുള്ള അർത്ഥം ഈ പദത്തിന് പിന്നീടുണ്ടായി. ഒരു പ്രശ്നം തീർക്കുവാൻ അയയ്ക്കപ്പെട്ട മൂപ്പൻ എന്ന അർത്ഥത്തിൽ presbyteros എന്ന ഗ്രീക്ക് പദത്തിന് അംബാസഡർ എന്നയർത്ഥവുമുണ്ട്. 2 കോരിന്തി 5:20 -ലും എഫേസ്യ 9.20 -ലും ഇംഗ്ലീഷിൽ ambassador എന്ന് പരിഭാഷപ്പെടുത്തിയിട്ടുള്ളിടത്ത് ഗ്രീക്ക് മൂലത്തിൽ കിടക്കുന്നത് presbuomen, presbuco എന്നീ ക്രിയാപദങ്ങളാണ്. പുതിയനിയമത്തിൽ ഈ presbuteroi (ബഹു

വചനം) അധികവും ഉപയോഗിക്കുന്നത് ഇസ്രയേൽ ജനതയുടെ ഭരണാധികാരികളെക്കുറിച്ചാണ്; അല്ലാതെ യഹൂദ പുരോഹിതന്മാരെക്കുറിച്ചല്ല. 67 പ്രാവശ്യം ഈ പദം ഉപയോഗിച്ചിട്ടുള്ളതിൽ 64 ഉം ബഹുവചനമാണെന്നുള്ളത് പ്രത്യേകം ശ്രദ്ധേയമാണ്.

കശീശായ്ക്ക് കൊഹനൂസോ അല്ലെങ്കിൽ പൗരോഹിത്യവുമായി പഴയ നിയമത്തിൽ ബന്ധമൊന്നുമുണ്ടായിരുന്നില്ല. ഭരണത്തിൽ മോശയെ സഹായിക്കുന്നതിന് വേണ്ടി വിളിയ്ക്കപ്പെട്ട്, ആയിരങ്ങളുടേയും നൂറുകളുടെയും പത്തുകളുടേയും മേൽ ന്യായാധിപതിമാരായി നിയമിക്കപ്പെട്ടവരാണ് (പുറപ്പാട് 15:24-26) കശീശന്മാർ.

കൊഹനോ അല്ലെങ്കിൽ ഹിയറെവ്സ് എന്ന പദം പുതിയനിയമത്തിൽ ക്രിസ്തീയ പുരോഹിതന്മാരെ ഉദ്ദേശിച്ച് ഉപയോഗിക്കുന്നില്ല. പുരോഹിതൻ എന്ന പദം ഒന്നുകിൽ പേഗൻ (അ. പ്ര. 14:13) അല്ലെങ്കിൽ യഹൂദ പുരോഹിതന്മാരെക്കുറിക്കുന്നു (ലൂക്കോ. 1:5, 5:14, 6;4, 10:31, 17:14). അല്ലെങ്കിൽ കർത്താവിനെയോ (ഹെബ്രായ 10:21) കർത്താവിൽ വിശ്വസിക്കുന്ന എല്ലാവരെയുമോ (വെളിപാട് 1:6, 5:10, 20:6) ഉദ്ദേശിക്കുന്നു.

കാശീശോയും കൊഹനോയും ഒന്നല്ല. ഒന്നാമത്തേത് ഭരണത്തേയും രണ്ടാമത്തേത് ബലിയേയും കുറിക്കുന്നു.

സഭാ പാരമ്പര്യത്തിന്റെ ആദിമ നൂറ്റാണ്ടുകളിൽ കശീശന്മാരെ പുരോഹിതന്മാർ (കൊഹ്നേ) എന്ന് വിളിച്ചിരുന്നില്ല. പഴയ പാരമ്പര്യത്തിൽ അതായത് മൂന്നാം ശതാബ്ദത്തിന് മുമ്പ് കൊഹനോ, hiereus, sacerdos (latin) എന്ന പദം എവിടെയെങ്കിലും ക്രിസ്തീയ പൗരോഹിത്യത്തോടനുബന്ധിച്ചുപയോഗിക്കുന്നുണ്ടെങ്കിൽ അത് എപ്പിസ്കോപ്പായെ ഉദ്ദേശിച്ചു തന്നെയാണ്. അക്കാലത്ത് ഓരോ ഇടവകയ്ക്കും ഒരു എപ്പിസ്കോപ്പായും പന്ത്രണ്ടോ അതിൽ കൂടുതലോ കശീശന്മാരും ഏഴോ കൂടുതലോ ശെമ്മാശ്ശന്മാരുമുണ്ടായിരുന്നു. ബലിയർപ്പണത്തിൽ, അതായത് പരിശുദ്ധ കുർബാനയിൽ എപ്പോഴും ആദ്ധ്യക്ഷം വഹിച്ചിരുന്നത് എപ്പിസ്കോപ്പാ തന്നെയായിരുന്നു.

നിഖ്യാ സുന്നഹദോസിനു ശേഷം കുസ്തന്തീനോസ് രാജാവിന്റെ കാലത്തുണ്ടായ വലിയ വികസനത്തിൽ, നൂറംഗങ്ങളുണ്ടായിരുന്ന ഇടവകയിൽ പെട്ടെന്ന് അംഗസംഖ്യ പതിനായിരക്കണക്കിന്നായി. അപ്പോഴാണ് വി. കുർബാന ഒരിടവകയിലെ പലയിടത്ത് വെച്ച് നടത്താമെന്നും ചിലതിൽ എപ്പിസ്കോപ്പായുടെ സ്ഥാനത്ത് കശീശായ്ക്ക് നിൽക്കാം എന്നും ഉള്ള വ്യവസ്ഥിതിയുണ്ടായിത്തീർന്നത്. വികാരി അല്ലെങ്കിൽ വികാർ എന്ന പദത്തിന് പ്രതിനിധി, ഒരാളുടെ സ്ഥാനത്ത് നിൽക്കുന്ന മറ്റൊരാൾ എന്നാണർത്ഥം.

ഒരിടവക വികാരി ആ ഇടവകയുടെ മാനേജരോ ഉടമസ്ഥനോ അല്ല.

ഇടവകയുടെ ഇടയൻ എപ്പിസ്കോപ്പായാണ്. എപ്പിസ്കോപ്പായെ കൂടാതെ ഇടവകയില്ല. ഇതാണ് ഓർത്തഡോക്സ് സഭയുടെ പാരമ്പര്യം. ഇത് മനസിലാക്കാതെയാണ് ചില കോടതിവിധികളിലും ഇടവകക്കാർക്ക് ഇഷ്ടമുള്ള മെത്രാപ്പോലീത്തായെ സ്വീകരിക്കാം എന്ന വിധിയുണ്ടാക്കിയിരിക്കുന്നത്.

അതുകൊണ്ട് ഇടവക എപ്പിസ്കോപ്പായുടേതാണെന്നർത്ഥമില്ല. കശീശാ പ്രെസ്ബിറ്ററി എന്നു പറയുന്ന സമൂഹത്തിന്റെ അംഗമാണ്. എപ്പിസ്കോപ്പാ എപ്പിസ്കോപ്പൽ കോളേജ് എന്ന് പറയുന്ന സമൂഹത്തിന്റെ അംഗമാണ്. ശെമ്മാശ്ശനും ശുശ്രൂഷക സമൂഹത്തിന്റെ അംഗമാണ്. ഈ മൂന്നു സമൂഹങ്ങളും നിലകൊള്ളുന്നത് സഭയാകുന്ന വലിയ സമൂഹത്തിന്റെ കെട്ടുപണിക്കും ആത്മീയ വർദ്ധനയ്ക്കും വേണ്ടിയാണ്.

എപ്പിസ്കോപ്പൽ കോളേജ് അല്ലെങ്കിൽ എപ്പിസ്കോപ്പൽ സുന്നഹദോസ്, കശീശന്മാരുടെ സമൂഹത്തേയും ശെമ്മാശ്ശ സമൂഹത്തേയും വിശ്വാസികളുടെ സമൂഹത്തേയും വിട്ട്, സ്വന്ത ഇഷ്ടപ്രകാരമോ, സ്വന്ത അധികാരം വെച്ചു കൊണ്ടോ ഒന്നും പ്രവർത്തിച്ചുകൂടാ. ചെയ്യുന്നതെല്ലാം സഭയുടെ ഉന്നമനത്തിനും അഭിവൃദ്ധിക്കും വേണ്ടിയായിരിക്കണം. എന്നാൽ എപ്പിസ്കോപ്പൽ സമൂഹത്തിന്റെയും അതിന്റെ പ്രതിനിധിയുടെയും ഔപചാരികമായ അധികാരപ്പെടുത്തൽ കൂടാതെ ഒരു കശീശായ്ക്ക് കൊഹനൂസോ അല്ലെങ്കിൽ ബലിയർപ്പണം നടത്തുവാൻ അവകാശമില്ല. മെത്രാപ്പോലീത്തായോട് മറുതലിയ്ക്കുമ്പോൾ തന്നെ പട്ടത്വത്തിൽ നിന്ന് വീണുപോകുമെന്ന് പട്ടംകൊടയുടെ അമലോഗിയായിൽ സമ്മതിച്ച് ഒപ്പിട്ടവരാണല്ലോ കശീശന്മാർ.

പൗരോഹിത്യ നൽവരം സഭയ്ക്ക് മുഴുവനായിട്ടാണ് നൽകപ്പെട്ടിരിക്കുന്നത്. അതുകൊണ്ടാണ് "പൗരോഹിത്യ നൽവരമുള്ള നിന്റെ ഇടവക" എന്ന പ്രയോഗം വി. കുർബാനയിൽ കാണുന്നത്.

കുർബാനയിൽ പരിശുദ്ധ ബലിയർപ്പിക്കുന്നത് കർത്താവായ യേശുമിശിഹാ തന്നെയാണ്. എന്നാൽ ഈ പൗരോഹിത്യ ശുശ്രൂഷയിൽ തന്റെ ശരീരത്തിലെ അവയവങ്ങളായ എല്ലാ വിശ്വാസികളും ഭാഗഭാക്കുകളാകുന്നു.

അതേ സമയം തന്നെ, മഹാപുരോഹിതനായ കർത്താവേശുമശിഹായുടെ കാണപ്പെട്ട രൂപമായി ബലിപീഠത്തിൻ മുമ്പാകെ നിൽക്കുന്നത് എപ്പിസ്കോപ്പായും എപ്പിസ്കോപ്പായില്ലാത്തപ്പോൾ അദ്ദേഹത്താൽ അധികാരപ്പെടുത്തപ്പെട്ടിട്ടുള്ള കശീശായുമാണ്.

എപ്പിസ്കോപ്പായുടെ അധികാരപ്പെടുത്തൽ കൂടാതെയുള്ള ബലിയിൽ പൗരോഹിത്യ നൽവരത്തിന്റെ പൂർണ്ണതയുണ്ടെന്ന് പൗരസ്ത്യസഭ വിശ്വസിക്കുന്നില്ല.

ഈ വിഷയത്തെക്കുറിച്ച് പല വൈദീകരും ചോദ്യങ്ങൾ ചോദിച്ചിട്ടുള്ളതുകൊണ്ടാണ് ഇത്രയും എഴുതിയത്. ആദിയിൽ എപ്പിസ്കോപ്പായും കശീശായും തമ്മിൽ വ്യത്യാസമൊന്നുമില്ലായിരുന്നു എന്നതിന് വലിയ തെളിവൊന്നുമില്ല. ചില പാശ്ചാത്യ പഠിതാക്കൾ അങ്ങനെ പറഞ്ഞതു കൊണ്ടു മാത്രം അത് സത്യമാവുന്നില്ല.

എന്നാൽ ഇതിന്റെ ഒരുവശം മറന്നു കളയരുത്. പൗരോഹിത്യം എന്നുള്ളത് എപ്പിസ്കോപ്പായാകുന്ന ഏക വ്യക്തിയിലല്ല നിക്ഷേപിയ്ക്കപ്പെട്ടിരിക്കുന്നത്. അതിന്റെ അടിസ്ഥാനം സഭയ്ക്ക് ദൈവം നൽകിയിട്ടുള്ള നൽവരമാണ്. സഭയ്ക്ക് പൊതുവേയുള്ളതാണ് പൗരോഹിത്യം. സഭയ്ക്ക് മുഴുവനും വേണ്ടിയുള്ളതാണ് എപ്പിസ്കോപ്പായുടെ പ്രത്യേക പൗരോഹിത്യവും. ആ പ്രത്യേക പൗരോഹിത്യത്തിന്റെ ചുമതലകൾ തന്റെ വ്യക്തിപരമായ നിലയിൽ നിർവ്വഹിയ്ക്കുവാൻ അദ്ദേഹത്തിന് സാദ്ധ്യമല്ല. പട്ടം കൊടശുശ്രൂഷയിൽ സഭ മുഴുവനുമാണല്ലോ സംബന്ധിയ്ക്കുന്നത്. മാത്രമല്ല എപ്പിസ്കോപ്പാ കഹനൂസോ അല്ലെങ്കിൽ ഗ്രീക്കിൽ hier ateuma എന്ന് പറയുന്ന സമൂഹത്തിന്റെ തലവനായിട്ടാണ് പൗരോഹിത്യവൃത്തികൾ അനുഷ്ഠിക്കുന്നത്. എപ്പിസ്കോപ്പായോടു കൂടെ കശീശന്മാരും ശെമ്മാശ്ശന്മാരും ഈ പ്രത്യേക പൗരോഹിത്യവൃത്തികളിൽ ഭാഗഭാക്കുകളാകുന്നു. Presbytery അല്ലെങ്കിൽ Presbyterium എന്ന് പറയുന്നതാണ് പാരമ്പര്യമനുസരിച്ചുള്ള ഭദ്രാസന കൗൺസിൽ. തന്റെ കശീശന്മാരോടാലോചിച്ചും അവരുടെ സഹകരണത്തോടു കൂടിയുമാണ് എപ്പിസ്കോപ്പാ തന്റെ പൗരോഹിത്യ ചുമതലകളും ഭരണകാര്യങ്ങളും നിർവ്വഹിക്കേണ്ടത്. എപ്പിസ്കോപ്പാ മോണാർഖിയ്ക്കൽ (Monarchical) ആയി പ്രവർത്തിക്കുവാൻ പൗരസ്ത്യ പാരമ്പര്യം അനുവദിക്കുന്നില്ല. ഒരു കൺസിലിയർ ഘടനയിൽ (Conciliar Structure) നിന്നുകൊണ്ടാണ് അദ്ദേഹം പ്രവർത്തിക്കുന്നത്. ഒരു വശത്ത് എപ്പിസ്കോപ്പൽ സിനഡും മറുവശത്ത് തന്റെ ഭദ്രാസനത്തിലെ കഹനേന്മാരുടെ സംഘവും ഈ കൺസിലിയർ ഘടനയുടെ ഭാഗങ്ങളാണ്.

ഇത് മറന്ന് സ്വന്ത ഇഷ്ടപ്രകാരം പഠിപ്പിക്കുകയും ഭരിക്കുകയും ചെയ്യുന്ന മെത്രാപ്പോലീത്താ സഭയുടെ മുൻപിൽ കുറ്റക്കാരനാണ്.

ഇതിന്നെല്ലാമുപരിയായി മെത്രാപ്പോലീത്തായോടു കൂടെ, ജനങ്ങൾക്ക് വേണ്ടിയുള്ള പ്രാർത്ഥനയിലും ജാഗരണത്തിലും, ഉപവാസത്തിലും സദാ നിരതരാകുന്നവരാണ് കശീശന്മാർ. ഈ പ്രാർത്ഥനാഭാഗഭാഗിത്വം കഹനൂസായുടെ പ്രധാനഭാഗം തന്നെയാണ്.

# വികസനവും ക്രിസ്തീയ കാര്യവിചാരകത്വവും

## ഡോ. ഗീവർഗീസ് മാർ ഒസ്താത്തിയോസ്

ക്രിസ്തീയ കാര്യവിചാരകത്വം അനുദിനം വർദ്ധിതമായിരിക്കുന്ന ഒരു കാലഘട്ടത്തിൽ നാം എത്തിക്കഴിഞ്ഞിരിക്കുകയാണ്. പള്ളിക്കു പണം വർദ്ധിപ്പിക്കുവാനുള്ള ഒരു മാർഗമായി ഇത് തെറ്റിദ്ധരിക്കപ്പെടരുത്. "സ്റ്റുവേഡ്ഷിപ്പ് കാമ്പയിൻ" ഇടവകകളുടെ വരുമാനം വർദ്ധിപ്പിച്ചിട്ടുണ്ടെന്നുള്ളതു പരമാർത്ഥമാണ്. എന്നാൽ ക്രിസ്തീയ കാര്യവിചാരകത്വം ഇതിനെല്ലാം ഉപരിയായ ഒരു ജീവിത തത്വസംഹിതയാണ്. പണം, സമയം, താലന്തുകൾ ഇവ മാത്രമല്ല, ഒരു വ്യക്തിയുടെ മനസ്സു തന്നെ ക്രിസ്തുവിനാൽ ഭരിക്കപ്പെടുക എന്നുള്ളതാണ് ക്രിസ്തീയ കാര്യവിചാരകത്വം. ഇത് ഏറ്റവും പ്രയാസമുള്ളതും അതേസമയം ഏറ്റം ആനന്ദദായകവുമായ ഒരു ജീവിതരീതിയാണ്. മനുഷ്യന് ജന്മവാസനയായി ലഭിച്ചിരിക്കുന്ന സ്വാർത്ഥത അത്രവേഗം ഹനിക്കപ്പെടാവുന്ന ഒന്നല്ല. അതിനാലാണ് "ദൈവമേ ഞാൻ മരിക്കുന്നതിന് അരമണിക്കൂർ മുമ്പെങ്കിലും എന്റെ സ്വാർത്ഥത മരിക്കുവാൻ തുണയ്ക്കണമെ" എന്ന് ഒരു പരിശുദ്ധൻ പ്രാർത്ഥിച്ചത്. നൂറു ശതമാനം സ്വാർത്ഥത മരിക്കുകയും നൂറു ശതമാനം ക്രിസ്തു ജീവിക്കുകയും ചെയ്യുന്നതുവരെ ക്രിസ്തീയ കാര്യവിചാരകത്വം പൂർണതയിൽ എത്തുകയില്ല.

സാമ്പത്തിക സാമൂഹ്യ അനീതികളും ഉച്ചനീചത്വങ്ങളും കുറയ്ക്കുവാനും ഇല്ലാത്തവനും ഉള്ളവനും തമ്മിലുള്ള വിടവ് കുറയ്ക്കുവാനും ക്രിസ്തീയ കാര്യവിചാരകത്വം മാത്രമാണ് ശാശ്വതമായ മാർഗം. സാമൂഹ്യനീതി കൈവരുത്തുന്നതിൽ കമ്മ്യൂണിസം ഒരളവുവരെ വിജയിക്കുന്നുണ്ടെങ്കിലും അതു വ്യക്തിസ്വാതന്ത്ര്യത്തെ പൂർണ്ണമായും ഹനിക്കുന്നു. മുതലാളിത്തം വ്യക്തിസ്വാതന്ത്ര്യത്തെ സംരക്ഷിക്കുന്നുവെന്ന് അവകാശപ്പെടുന്നുണ്ടെങ്കിലും അത് സാമൂഹ്യനീതി നടത്തുന്നില്ല. വ്യക്തിസ്വാതന്ത്ര്യവും സാമൂഹ്യനീതിയും ഉത്തരവാദിത്വമുള്ള സാമൂഹ്യസൃഷ്ടി വിജയിക്കണമെങ്കിൽ കാര്യവിചാരകത്വബോധം വ്യക്തികളിലും കുടുംബങ്ങളിലും സമൂഹത്തിലും ആഴമാകണം. അതായത് തനിക്കുള്ള എല്ലാ കഴിവുകളും സമയവും ധനവും ലോകത്തിന് മുഴുവനായി ഉപയോഗിക്കുവാൻ തയ്യാറാകണം.

കർത്താവിന്റെ കാര്യപരിപാടി നടപ്പിലാക്കുന്നതിന് നിയമിതരായിരിക്കുന്നവരാണ് നാം. ദൈവഹിതം നിറവേറ്റുന്നതിന് കഠിനാദ്ധ്വാനം ചെയ്യുവാൻ ഓരോ വ്യക്തിയും സമൂഹവും വിളിക്കപ്പെട്ടിരിക്കുന്നു. ഈ വിളിയുടെ മുഴക്കം നമ്മുടെ ചുറ്റുപാടും എപ്പോഴും നാം കേട്ടുകൊണ്ടാണിരിക്കുന്നത്.

എന്നാൽ ബോധപൂർവ്വം ചെവി പൊത്തിക്കൊണ്ട് ഈ വിളി കേട്ടില്ല എന്നു ഭാവിച്ച് സമാധാനമായി കഴിയുവാൻ ആർക്കും സാധ്യമല്ല. മനുഷ്യസമൂഹത്തെ ഒന്നായി കാണുവാൻ ഓരോ വ്യക്തിക്കും ഉത്തരവാദിത്വമുണ്ട്.

ജനസംഖ്യ 50 വർഷത്തിനകം ഇരട്ടിക്കുവാൻ പോകുന്ന ലോകത്തിൽ നാം വന്നെത്തിയിരിക്കുന്നു. തൊഴിലില്ലായ്മ, പട്ടിണി, താമസ സൗകര്യക്കുറവ്, വിദ്യാഭ്യാസ സൗകര്യക്കുറവ് മുതലായവ അനുനിമിഷം വർദ്ധിച്ചുകൊണ്ടിരിക്കുന്നു. പരിമിതമായ ഭൂമിയിൽ വസിക്കുവാനുള്ളവർ അപരിമിതമാകുമ്പോൾ പരസ്പരമുള്ള ഉത്തരവാദിത്തം വർദ്ധിക്കാതെ തരമില്ല. നമ്മുടെ പൂർവ്വപിതാക്കന്മാർക്ക് സ്വന്തമായി വളരെ ഭൂമി വേർതിരിച്ചു മതിൽകെട്ടുവാൻ സാധിച്ചെങ്കിലും നാം ഇന്നതുതന്നെ ചെയ്താൽ സ്വയരക്ഷയ്ക്കുവേണ്ടി ആ മതിൽ പൊളിക്കുവാൻ ചുറ്റുപാടുമുള്ളവർ നിർബന്ധിതരാകും. അനേകർ യാതൊരു താമസസൗകര്യവുമില്ലാതെ കഷ്ടപ്പെടുമ്പോൾ ചിലർ അവരുടെ കുടുംബങ്ങൾക്കുവേണ്ടി വലിയ സൗധങ്ങൾ പണിയുന്നത് നീതീകരിക്കപ്പെടുമെന്നാണോ വിചാരിക്കുന്നത്? ഇത് കർത്താവിന്റെ സമാധാനത്തിനായുള്ള വിളിയെ ഉപേക്ഷിച്ച് രക്തപ്പുഴയൊഴുക്കുന്ന വിപ്ലവത്തെ മാടിവിളിക്കുകയായിരിക്കും ചെയ്യുന്നത്. കർത്തൃഹിതം നാം തന്റെ കാര്യവിചാരകന്മാരെപ്പോലെ പെരുമാറണമെന്നുള്ളതാണ്. നാം അങ്ങനെ ചെയ്യണം. അവനെ അനുസരിക്കാത്തവൻ മാമോൻ ദേവന്റെ അടിമയായി ഭൗതികവാദത്തിന്റെ ഇരുമ്പുനുകത്തിൻകീഴിൽ ഞെരുങ്ങേണ്ടി വരും എന്ന് ചരിത്രം തെളിയിച്ചു കഴിഞ്ഞിരിക്കുന്നു. ആകയാൽ ബുദ്ധിമാന്മാർ ഇനിയുമെങ്കിലും ദൈവവിളിയുടെ ശബ്ദം കേട്ട് ബുദ്ധിപൂർവ്വം പെരുമാറണം. ഏറ്റവും ബുദ്ധിപൂർവ്വമായ പെരുമാറ്റം ക്രിസ്തീയ കാര്യവിചാരകത്വം പ്രായോഗികമാക്കുക എന്നുള്ളതാണ്. സകലവും ദൈവദത്തമാണെന്നും വിശ്വസ്തതയോടുകൂടി കാര്യവിചാരകത്വം നടത്തണമെന്നും കണക്കു ചോദിക്കുമ്പോൾ നിഷ്കാസിതനാകാനിട വരരുതെന്നുമുള്ള തത്വങ്ങൾ കാര്യവിചാരകത്വത്തിന്റെ അടിസ്ഥാനമാണ്.

യഹോവയായ ദൈവം മനുഷ്യനെ ഏദൻതോട്ടത്തിൽ വേല ചെയ്യാനും അതിനെ കാപ്പാനും അവിടെ ആക്കി (ഉൽപ. 2:15). ഒരു വൃക്ഷത്തിന്റെ ഫലം തിന്നരുത് എന്ന വിലക്ക് അവിടെവച്ച് ലംഘിച്ചതു വെറും കൽപനലംഘനം മാത്രമല്ലായിരുന്നു. കാര്യവിചാരകൻ ഉടമസ്ഥനെപോലെ പെരുമാറി, അവിടെ വീഴ്ച ഭവിച്ചു. യഹോവയായ ദൈവം തന്റെ മഹത്വം മറ്റാർക്കും കൊടുക്കുന്നവനല്ല. ദൈവകൽപനകളിൽ പ്രഥമവും പ്രധാനവുമായത് "ഞാനല്ലാതെ അന്യദൈവങ്ങൾ നിനക്കുണ്ടാകരുത്" എന്നുള്ളതത്രെ. ദൈവത്തിന്റെ തോട്ടം സ്വന്തമെന്നു പറയുന്നവൻ സ്വയം ദൈവമാക്കുന്നതിനാൽ ബഹിഷ്കൃതനാകും.

ആധുനിക കാലത്തെ ആരാധനകളിൽ പാട്ട്, പ്രാർത്ഥന, പ്രസംഗം, ആശീർവാദം, കാണിക്ക എന്നിവ കാണുന്നുണ്ടെങ്കിലും പഴയനിയമത്തിലെ പല ആരാധനകളും കാണിക്കയർപ്പണത്തിൽ അഥവാ വഴിപാടിൽ ഒതുങ്ങി നിന്നിരുന്നു. കായിന്റെ യാഗം സ്വീകരിക്കാതിരുന്നത് കൃഷിയുടെ ആദ്യ ഫലം കൊണ്ടുവരായ്കയാലാണ്. ഹാബേലാകട്ടെ കടിഞ്ഞൂലുകളിൽ നിന്ന് അവയുടെ മേദസുകളിൽ നിന്നുതന്നെ വഴിപാട് കൊണ്ടുവന്നു. തന്മൂലം യഹോവ ഹാബേലിലും അവന്റെ വഴിപാടുകളിലും പ്രസാദിച്ചു. പ്രത്യേക പൗരോഹിത്യസ്ഥാനിയായ അഹറോനിൽ നിന്നു മാത്രമല്ല പൊതുപൗരോഹിത്യം കാണിക്കുന്ന ഹാബേലിൽ നിന്നുപോലും ദൈവം വഴിപാടു പ്രതീക്ഷിക്കുന്നു. അത് “ആദ്യഫലവും മേദസ്സും” തന്നെ ആയിരിക്കണം. അതുകൊണ്ട് ആദിയിൽ ദൈവം എന്ന തത്വം ദാനത്തിലും നാം അംഗീകരിക്കണം.

നോഹയുടെ വിടുതലിന്റെ നന്ദിക്കായി അവൻ ആദ്യം ചെയ്തത് ഒരു യാഗപീഠം പണിത് ശുദ്ധിയുള്ള മൃഗങ്ങളേയും പറവകളേയും ഹോമയാഗം അർപ്പിക്കുകയായിരുന്നു. ക്രിസ്തീയദാനത്തിന്റെ പ്രചോദനം ക്രിസ്തുവിലും സഭയിലുംകൂടി നമുക്കു ലഭിക്കുന്ന വീണ്ടെടുപ്പിന്റെ നന്ദിയായിരിക്കണം. പറഞ്ഞു തീരാത്ത ദാനം നിമിത്തം ദൈവത്തിനു സ്തോത്രം (2 കൊരി. 9:15). കൃപയാലല്ലോ നിങ്ങൾ വിശ്വാസം മൂലം രക്ഷിക്കപ്പെട്ടിരിക്കുന്നത് (എഫെ. 2:8). ഈ വീണ്ടെടുപ്പിന്റെ നാന്ദിയായിരിക്കണം ദാനം.

അബ്രഹാമിന്റെ വിജയത്തെത്തുടർന്ന് മൽക്കീസദേക്കിനു ദശാംശം കൊടുക്കുന്നത് ദശാംശത്തെക്കുറിച്ച് പഴയനിയമത്തിൽ കാണുന്ന ആദ്യ ഭാഗമത്രെ (ഉൽപ. 14:20). വിശ്വാസികളുടെ പിതാവ് അത്യുന്നതനായ ദൈവത്തിന്റെ പുരോഹിതനു ദശാംശം കൊടുത്തത് അവൻ യുദ്ധത്തിൽ പിടിച്ചെടുത്തതെല്ലാം ദൈവദത്തമാണെന്നുള്ള ഉത്തമ ബോദ്ധ്യത്തിലായിരുന്നു. അതിനാലാണ് അബ്രഹാം പോയ എല്ലാ സ്ഥലങ്ങളിലും ദൈവത്തിനു യാഗപീഠം പണിതു ബലിയർപ്പിച്ചത്.

യിസഹാക്കിന്റെ വിജയം അവൻ എവിടെയെല്ലാം കിണർ കുഴിച്ചാലും അവിടെയെല്ലാം വെള്ളം കണ്ടിരുന്നു എന്നുള്ളതായിരുന്നു. യഹോവയുടെ കൃപയാലുള്ള ഈ നൽവരത്തിന്റെ ഫലം മറ്റുള്ളവർക്കു വിട്ടുകൊടുക്കുന്നതിന് അവന് മടി തോന്നിയിരുന്നില്ല. (ഉൽപ. 26:12–23). ബേർശേബായിൽ അവർ ഒരു യാഗപീഠം പണിതു. അവന്റെ ദാസന്മാർ അവിടെയും ഒരു കിണർ കുഴിച്ച് വെള്ളം കണ്ടു. യിസഹാക്ക് എത്രയധികം മറ്റുള്ളവർക്കായി കൊടുത്തുവോ അത്രയധികം യഹോവ അവനു കൊടുത്തുകൊണ്ടിരുന്നു. ദൈവം ആർക്കും കടക്കാരനല്ലല്ലോ.

യാക്കോബ് ഒരു നേർച്ച നേർന്നു (ഉൽപ. 28:20–22). ദൈവം അവനെ പദ്ദൻ ആരാമിൽനിന്നും തിരികെ കൊണ്ടുവന്നശേഷം അവൻ ബഥേലിൽ

ഒരു യാഗപീഠം പണിയുകയും ദശാംശം കൊടുക്കുകയും ചെയ്തു. ലാബാൻ പത്തു പ്രാവശ്യം യാക്കോബിനോടു വാക്കു വ്യത്യാസം കാണിക്കുകയും പ്രതിഫലം മാറ്റുകയും ചെയ്തിട്ടും (ഉൽപ. 31:41) യാക്കോബ് ദൈവത്തോടു ചെയ്ത ഉഭയസമ്മതം നിറവേറ്റി. തന്റെ സകല സമ്പത്തും ദൈവം ദാനം നൽകിയതാണെന്നുള്ള ബോധം യാക്കോബിനെ വലിയവനാക്കി.

മോശ സമാഗമനകൂടാരം പണിയുവാനായി ഇങ്ങനെ ജനത്തെ വെല്ലുവിളിച്ചു. “നല്ല മനസ്സുള്ളവരെല്ലാം യഹോവയ്ക്ക് വഴിപാടു കൊണ്ടുവരേണം” (പുറ. 35:4). പൊന്ന്, വെള്ളി എന്നുവേണ്ട സകലവും സമൃദ്ധിയായി ലഭിച്ചു. ഇങ്ങനെ കൊടുക്കുവാൻ അവർക്കു കഴിഞ്ഞത് ഹൃദയത്തിൽ ഉത്സാഹവും താൽപര്യവും തോന്നിയതിനാലാണ്. പൊതു ആവശ്യം സ്വന്തം ആവശ്യത്തേക്കാൾ പ്രാധാന്യം അർഹിക്കുന്നു എന്ന ബോധം ജനങ്ങളിൽ ഉളവാക്കുവാൻ മോശയ്ക്കു കഴിഞ്ഞു എന്നുള്ളതാണ് അതിലെ വിജയരഹസ്യം.

പഴയനിയമകാലത്ത് മൂന്നു പെരുന്നാളുകൾ ആചരിച്ചു വന്നിരുന്നു. ഈ മൂന്നു പെരുന്നാളുകളും ദൈവസന്നിധിയിൽ നേർച്ച കാഴ്ചകളുമായി ചെല്ലുന്നതിനുവേണ്ടി പ്രത്യേകം വേർതിരിക്കപ്പെട്ടിരുന്നതാണ്. പെസഹായും പുളിപ്പില്ലാത്ത അപ്പത്തിന്റെ പെരുന്നാളും മിസ്രയീമിൽ നിന്നുള്ള മോചനത്തിന്റെ ഓർമ്മയ്ക്കായിരുന്നതിനാൽ ആ നന്ദിയോടുകൂടി ഇസ്രയേൽ മക്കൾ അനുസരിച്ചുവന്ന ഒരു കൽപനയുണ്ട്, “വെറും കൈയോടുകൂടി നിങ്ങൾ എന്റെ മുമ്പിൽ വരരുത്.”

ആദ്യഫലം എടുത്തുകഴിഞ്ഞാൽ സന്തോഷത്തോടെ ആദ്യഫലവുമേന്തി അവർ ദേവാലയത്തിലേക്കു പോയി ദൈവം നൽകിയ കൃപകളെ നന്ദിയോടെ സ്മരിക്കും. വെറുംകൈയോടെ ദൈവാലയത്തിൽ പോകുവാൻ അവർ ഇഷ്ടപ്പെട്ടിരുന്നില്ല.

കൊയ്ത്തു കഴിഞ്ഞാൽ കായ്കനിപ്പെരുന്നാളും കൂടാരപ്പെരുന്നാളും അവർ ആചരിച്ചുവന്നു. ഏഴാം മാസത്തിൽ ഏഴുദിവസം അവർ കൂടാരങ്ങളിൽ പാർത്ത് അവരുടെ പിതാക്കന്മാരുടെ മരുഭൂമിയിലൂടെയുള്ള പ്രയാണാനുഭവങ്ങളെ ആനുകാലികമാക്കും. കൊയ്ത്തു കഴിഞ്ഞാൽ സാധുക്കൾക്കും അഗതികൾക്കും പരദേശികൾക്കും കാലാപെറുക്കത്തക്കവണ്ണം നിലങ്ങളുടെ അതിരും മൂലയും കൊയ്യാതിട്ടേക്കുകയും ചെയ്യുമായിരുന്നു (പുറ. 35:3–35; 36:1–3). എല്ലാ പെരുന്നാളുകളും അവർ ദാനത്തിനുള്ള കാലമായി ആചരിച്ചുവന്നു.

ദാവീദു രാജാവിന്റെ ആലയം പണിയെക്കുറിച്ചു പ്രതിപാദിക്കുന്ന 1 ദിനവൃത്താന്തം 29–ാം അദ്ധ്യായം നാം ഓരോരുത്തരുടേയും സവിശേഷമായ ശ്രദ്ധയ്ക്കു വിഷയീഭവിക്കേണ്ടതാണ്. ദേവാലയപണിക്കുള്ളതെല്ലാം ശേഖ

രിച്ചശേഷം ദാവീദ് ഇപ്രകാരം പ്രാർത്ഥിച്ചതായി കാണുന്നു. 'യഹോവേ മഹത്വവും തേജസ്സും ശക്തിയും എല്ലാം നിനക്കുള്ളത്. ധനവും ബഹുമാനവും എല്ലാം നിങ്കൽ നിന്നു വരുന്നു. സകലവും നിങ്കൽ നിന്നല്ലോ വരുന്നത്. നിന്റെ കൈയിൽനിന്നു വാങ്ങി ഞങ്ങൾ നിനക്കു തന്നതേയുള്ളു.' ദൈവത്തിന്റെ ഉടമസ്ഥാവകാശം ഇതിൽ ശക്തിയായി സമ്മതിക്കുവാൻ ആർക്കാണു കഴിയുന്നത്. ആഗോളവ്യാപകമായി ഏവരും ഇതു സമ്മതിച്ചാൽ ക്രിസ്തീയ കാര്യവിചാരകത്വത്തിന്റെ അടിസ്ഥാനം രൂപംകൊള്ളുകയായി.

യശയ്യാ പ്രവാചകന്റെ സമർപ്പണം സമയമോ താലന്തോ പണമോ മാത്രമായിരുന്നില്ല. പിന്നെയോ തന്നെത്തന്നെ മുഴുവനായി ദൈവത്തിനു സമർപ്പിക്കുകയായിരുന്നു. 'ഞാൻ ആരെ അയയ്ക്കേണ്ടു? ആർ നമുക്കുവേണ്ടി പോകും' എന്ന ദൈവവിളിക്ക് മറുപടിയായി 'ഇതാ അടിയൻ, അടിയനെ അയയ്ക്കണമെ' (യെശ. 6:8) എന്ന് മഹത്വമുള്ള യെശയ്യാ പ്രവാചകൻ മറുപടി പറഞ്ഞു. ഇതു കാര്യവിചാരകത്വം എന്ന ഉന്നത ആശയം ആയിരുന്നു. ഹിസ്കീയാവിന്റെ ആലയശുദ്ധീകരണവും നെഹമ്യാവിന്റെ ഉപവാസവും പ്രാർത്ഥനയും ജനങ്ങളെ കാര്യവിചാരകത്വബോധമുള്ളവരാക്കിത്തീർത്തു. ആദ്ധ്യാത്മിക ചൈതന്യം ഉള്ളിടത്ത് ദാനവും, ദാനം ഉള്ളിടത്ത് ആദ്ധ്യാത്മിക ചൈതന്യവും വർദ്ധിക്കുന്നു എന്ന് ഈ സംഭവങ്ങൾ തെളിയിക്കുന്നു.

കാര്യവിചാരകത്വമുള്ള ചില നേതാക്കന്മാരെ എക്കാലവും കാണുവാൻ സാധിക്കും. അവരാണ് പുരോഗതിയുടെ ചവിട്ടുപടികൾ. 'ഈ ആലയം ശൂന്യമായിരിക്കെ നിങ്ങൾ തട്ടുള്ള വീടുകളിൽ പാർപ്പാൻ കാലമായോ' എന്നുള്ള ഹഗ്ഗായിയുടെ ആഹ്വാനം കേട്ടില്ലെന്നു നടിക്കുവാൻ നമുക്ക് എത്രകാലം കഴിയും എന്നു ചിന്തിക്കണം. നിങ്ങൾ വളരെ വിതച്ചിട്ടും അൽപമേ കൊയ്യുന്നുള്ളു. കൂലിക്കാരൻ ഓട്ടസഞ്ചിയിൽ ഇടുവാൻ കൂലി വാങ്ങുന്നു. നമ്മുടെ ഇടയിലെ തൊഴിലാളിയും മുതലാളിയും കർഷകനും ചിന്തിക്കേണ്ട ഒരു വിഷയമാണിത്. ആത്മാക്കളാകുന്ന ദൈവാലയം പണിയുന്നതിൽ നിങ്ങൾ ഉത്സുകരാണോ? അതിനാൽ 'നിങ്ങൾ അതു വീട്ടിൽ കൊണ്ടുവന്നു, ഞാനോ അതു തൂകിക്കളഞ്ഞു' എന്നു നമ്മെക്കുറിച്ചു പറയുന്ന കാലം അടുത്തുവരുന്നതു നാം മനസ്സിലാക്കണം. ദൈവത്തോടു മത്സരിക്കുന്നവരായിട്ടാണ് ദശാംശം കൊടുക്കാത്തവരെ മലാഖി മൂന്നാം അദ്ധ്യായത്തിൽ ചിത്രീകരിച്ചിരിക്കുന്നത്. ഇങ്ങനെ പഴയനിയമത്തിലുടനീളം ദൈവത്തിന്റെ ഉടമസ്ഥാവകാശവും ദശാംശവും തെളിഞ്ഞു കാണുന്നു. എങ്കിലും നമ്മുടെ സമ്പത്തിലും സമയത്തിലും താലന്തിലും ഉള്ള കാര്യവിചാരകത്വം ശരിയായി കാണാത്തതിനാൽ ഇനി പുതിയനിയമവും കൂടി പരിശോധിക്കാം.

കാര്യവിചാരകൻ എന്ന വാക്ക് വളരെ അർത്ഥഗാംഭീര്യമുള്ള ഒന്നാണ്. അബ്രഹാമിനും ശമുവേലിനും ദാവീദിനും എല്ലാം കാര്യവിചാരകന്മാരുണ്ടായിരുന്നു. യൗസേപ്പ് പൊത്തിപ്പേറിന്റെ ഭവനത്തിലെ ഗൃഹവിചാരകനായി ഉയർന്നത് അവന്റെ കഴിവും വിശ്വസ്തതയും കൊണ്ടായിരുന്നു. ഈ പഴയ നിയമ പശ്ചാത്തലത്തിൽ നിന്നുകൊണ്ടു വേണം പുതിയനിയമത്തിൽ കാര്യവിചാരകന്മാരെക്കുറിച്ചുള്ള ഉപമകളും, മറ്റു പഠിപ്പിക്കലുകളും മനസ്സിലാക്കുവാൻ.

“നിന്റെ കാര്യവിചാരകത്വത്തിന്റെ കണക്ക് ഏൽപിച്ചു തരിക. നീ ഇനി കാര്യവിചാരകനായിരിപ്പാൻ പാടില്ല” (ലൂക്കോ. 16:1-13). ഇത് ഒരു അന്ത്യശാസനമായിരുന്നല്ലോ. ആ കാര്യവിചാരകൻ തനിക്കു സ്നേഹിതന്മാരെ ഉണ്ടാക്കി എന്നതിൽ ബുദ്ധിയും യജമാനന്റെ സ്വത്തുകൊണ്ട് അതു ചെയ്തതിൽ അനീതിയും കാണുന്നു. ദൈവീക ദാനമാകുന്ന താലന്തുകൾ കൈകാര്യം ചെയ്യുന്ന നാം ഓരോരുത്തരോടും ഇതുപോലൊരു ചോദ്യം ഉണ്ടാകും എന്ന കാര്യം ചിന്തിക്കണം. വിവിധ അളവിലുള്ള താലന്തുകൾ ആയാലും ഒരുപോലെയുള്ള താലന്തുകൾ ആയാലും അവ വർദ്ധിപ്പിക്കണമെന്നുള്ളതാണ് ദാതാവിന്റെ ഉദ്ദേശ്യം (മത്താ. 25:14-30, ലൂക്കോ. 19:12-26). താലന്തുകൾ കുഴിച്ചിടുന്ന കാര്യവിചാരകനു ക്ഷമ ലഭിക്കുകയില്ല. കൈകാര്യം ചെയ്യപ്പെടാത്ത ഏതും ക്ഷയിച്ചുകൊണ്ടിരിക്കും എന്നുള്ളത് ഒരു പൊതു സത്യമാണ്. പണം പ്രയോജനപ്പെടത്തക്കവിധം കൃഷിയിലോ വ്യവസായത്തിലോ മുടക്കാതെ നോട്ടുകെട്ടുകളോ സ്വർണ്ണപണ്ടങ്ങളോ ആയി സൂക്ഷിച്ചുവച്ചിരിക്കുന്ന കരിഞ്ചന്തക്കാരും പൂഴ്ത്തിവയ്പുകാരും താലന്തുകൾ കുഴിച്ചിടുന്നവരിൽ ഉൾപ്പെടും എന്ന കാര്യം വിസ്മരിക്കരുത്.

മൂഢനായ ധനവാനു കാര്യവിചാരകത്വബോധം ഉണ്ടായിരുന്നില്ല (ലൂക്കോ. 16:12-21). അവന്റെ ധാന്യം മുഴുവൻ അവനുവേണ്ടി മാത്രം എന്നു നിരൂപിച്ചിരുന്നതിനാൽ അവൻ മൂഢൻ എന്ന പേരിന് അർഹനായി. ഈ ധനവാൻ താലന്തുകളെ വർദ്ധിപ്പിച്ചില്ലെന്നു മാത്രമല്ല അവയെ നശിപ്പിക്കുക കൂടി ചെയ്തു. ദൈവവിഷയമായി സമ്പന്നനാകാതെ തനിക്കുവേണ്ടിത്തന്നെ നിക്ഷേപിക്കുന്നവൻ പൊതു നന്മയ്ക്കായി ചെലവഴിച്ച് ദൈവികമായി സമ്പന്നനാകേണ്ടതത്രെ.

ധനവാനായ ചെറുപ്പക്കാരനോട് ‘നീ പോയി നിനക്കുള്ളതെല്ലാം വിറ്റ് ദരിദ്രർക്കു കൊടുക്കുക’ (മർക്കോ. 10:17-22) എന്നു നമ്മുടെ കർത്താവ് കൽപിച്ചത് പ്രത്യേക പരിഗണന അർഹിക്കുന്ന ഒരു കാര്യമാണ്. ദരിദ്രന്മാർ അരക്ഷിതരായി അലയുമ്പോൾ പണം സുരക്ഷിതമായിരിക്കുവാൻ കർത്താവിന്റെ മനസ്സ് അനുവദിക്കുകയില്ല. പണത്തേക്കാൾ പ്രധാനം വ്യക്തി എന്ന പ്രമാണമാണ് കർത്താവു പഠിപ്പിക്കുന്നത്. ധനവാന്റെയും ലാസറി

ന്റെയും ഉപമയിലും ഇതു തന്നെയാണ് കാണുന്നത്. ധനവാന്റെ പാപം അവൻ ധനവാനായിരിക്കെ ലാസർ ദരിദ്രനായി മരിക്കുവാൻ ഇടയാക്കി എന്നുള്ളതായിരുന്നു. മാനവരാശി ഒരു കുടുംബമാകയാൽ കരയുന്നവരോടുകൂടി കരയുന്നതിനും സന്തോഷിക്കുന്നവരോടുകൂടി സന്തോഷിക്കുന്നതിനും കർത്താവ് നമ്മെ ഉപദേശിക്കുന്നു. വിധവയുടെ രണ്ടു ചില്ലിക്കാശിന്റെ വിനിമയവും കർത്താവിനാൽ പുകഴ്ത്തപ്പെടുവാൻ ഇടയായത് അവൾ തനിക്കുള്ള സമ്പത്തു മുഴുവനും ദൈവത്തിന്റെ മുമ്പാകെ സമർപ്പിച്ചതാണ്. എന്തു കൊടുത്തു എന്നു മനുഷ്യർ നോക്കുമ്പോൾ എന്തു കൊടുക്കാതെ വച്ചിരിക്കുന്നു എന്നു ദൈവപുത്രൻ നോക്കുന്നു. അസമർപ്പിതമായ യാതൊന്നും ഒരു വിശ്വാസിക്ക് ഉണ്ടായിരിക്കരുത്.

11-ാം മണി നേരത്തെ വേലക്കാരനു, പകൽ മുഴുവനും അദ്ധ്വാനിച്ചവനു തുല്യമായ വേതനം കൊടുത്തതുപോലെ (മത്താ. 20:16) കരുണയും നീതിയും ഒരുമിച്ചു കൊണ്ടുപോകുന്നവനാണ് ക്രിസ്തീയ കാര്യവിചാരകൻ. തൊഴിലാളിയെ തന്റെ സഹോദരനായി കാണുവാൻ മുതലാളിക്കു കഴിയണം. ഒരു മണിക്കൂർ ജോലി ചെയ്തവന്റെ ഭവനത്തിലും പട്ടിണി ഉണ്ടാകരുത്. അവനും ജോലിക്കു കാത്തുനിന്നവനാണ്. ഈ ഉപമയെ ആധാരമാക്കി എഴുതിയ ഒരു ഗ്രന്ഥമാണ് സർവ്വോദയ സൃഷ്ടിക്ക് മഹാത്മാഗാന്ധിക്കു പ്രേരണ നൽകിയത്. 'ഈ ഒടുവിൽ വന്നവനും' എന്ന കർത്തൃവചനത്തിന്റെ ആശയമാണ് സർവ്വോദയം എന്ന വാക്കിൽ അന്തർഭവിച്ചിരിക്കുന്നത്. ആദ്യം വന്നവനു നീതി ലഭിച്ചതിനാൽ ജീവിതക്ലേശം തീർന്നപ്പോൾ ഒടുവിൽ വന്നവനു കരുണ ലഭിക്കാതെ തരമില്ലല്ലോ.

തക്കസമയത്ത് ആഹാരവീതം കൊടുക്കേണ്ടതിന് യജമാനൻ തന്റെ വേലക്കാരുടെമേൽ ആക്കിവച്ച വിശ്വസ്തനും ബുദ്ധിമാനുമായ ഗൃഹവിചാരകൻ ആർ? (ലൂക്കോ. 12:41-48). യജമാനൻ വരുമ്പോൾ അങ്ങനെ ചെയ്തു കാണുന്ന ദാസൻ ഭാഗ്യവാൻ. യജമാനൻ അവനെ തനിക്കുള്ള സകലത്തിനും കാര്യവിചാരകനാക്കും. എല്ലാം ദൈവകൃപയാണെന്നും നല്ല ഗൃഹവിചാരകന്മാരായിരിക്കണമെന്നും അന്യോന്യം ശുശ്രൂഷിപ്പാനാണ് കൃപകൾ നൽകപ്പെട്ടിരിക്കുന്നതെന്നും വി. പത്രോസ് ശ്ലീഹാ നമ്മെ പഠിപ്പിക്കുന്നു. നമ്മിൽ ആരും തനിക്കായി തന്നെ ജീവിക്കുകയോ തനിക്കായിത്തന്നെ മരിക്കുകയോ ചെയ്യുന്നില്ല എന്നു വി. പൗലോസ് ശ്ലീഹായും പറയുന്നു. ദൈവഹിതത്തിനായി ജീവിക്കുന്നവർ ശുശ്രൂഷാനിരതരായിരിക്കുമെന്നു നമ്മുടെ കർത്താവിന്റെ മാതൃകയും പഠിപ്പിക്കലും തെളിയിക്കുന്നു.

ദൈവം ഓരോ വിനാഴികയും നമുക്കു സൃഷ്ടിച്ചു തന്നുകൊണ്ടിരിക്കുന്നു. സമയവും കാലങ്ങളും ദൈവദൃഷ്ടിയിൽപെടുന്നു (ഉൽപ. 1:14). അതിന് അവസാനവും ഉണ്ട്. അതിനാൽ ബുദ്ധിയുള്ള കാര്യവിചാരകൻ സമയം

തക്കത്തിനു സൂക്ഷ്മതയോടെ ഉപയോഗിക്കുന്നു. അവൻ ഓരോന്നിനും വേണ്ടി സമയം വേർതിരിച്ചു വച്ചിരിക്കുന്നു. കർത്താവിന്റെ മനസ്സോടുകൂടി സമയം പ്രയോജനപ്പെടുത്തുന്നതാണ് സമയത്തിന്റെ ശരിയായ ക്രിസ്തീയ കാര്യവിചാരകത്വം.

മനുഷ്യനു ലഭിച്ചിരിക്കുന്ന ഓരോ കഴിവും അവനു ദൈവം ദാനം ചെയ്തിരിക്കുന്ന താലന്തുകളാണ്. ഈ താലന്തുകളെ ഉത്തരവാദിത്വത്തോടുകൂടി നിസ്വാർത്ഥമായി വിനിയോഗിക്കുന്നതാണു കഴിവുകളുടെ കാര്യവിചാരകത്വം. കഴിവുകളുടെ ഈ താലന്തുകൾ കുഴിച്ചിടുന്നത് അക്ഷന്തവ്യമായ അപരാധമാണ്. നിഷ്കാമകർമ്മം എന്നു ഭഗവത്ഗീതയിൽ പറയുന്ന ആശയത്തേക്കാൾ ശ്രേഷ്ഠമാണ് ദൈവമഹത്വം ആഗ്രഹിച്ചുകൊണ്ടു ചെയ്യുന്ന സത്കാമകർമ്മം. അതിനാൽ നമുക്കു കഴിവുകൾ തന്ന ദൈവത്തിനായി നമ്മുടെ കഴിവുകൾ ഉപയോഗിക്കപ്പെടണം.

പണത്തെക്കുറിച്ചും നമ്മുടെ കർത്താവ് വളരെ ഏറെ പറഞ്ഞിട്ടുണ്ട്. യാതൊരു പദാർത്ഥവും തിന്മയാണെന്നു സൃഷ്ടിയുടെ അദ്ധ്യായങ്ങളിൽ കാണുന്നില്ല. 'താൻ ഉണ്ടാക്കിയതിനെ ഒക്കെയും ദൈവം നോക്കി, അത് എത്രയും നല്ലത് എന്നു കണ്ടു' (ഉൽപ. 1:31). സകലവും അവൻ മുഖാന്തരവും അവനായും സൃഷ്ടിക്കപ്പെട്ടതാകയാൽ ക്രിസ്തുവിന്റെ കർത്തൃത്വത്തിനു വിധേയമായി ദൃശ്യവും അദൃശ്യവുമായ സകലവും ഉപയോഗിക്കപ്പെടണം. 'ഭൂമിയും അതിന്റെ പൂർണതയും കർത്താവിനുള്ളത്.' ദൈവത്തേയും മാമോനേയും സേവിക്കുന്നവനു ദൈവം ദൈവമായിരിക്കുകയില്ല. മാമ്മോനുവേണ്ടി ദൈവത്തെ സേവിക്കുന്നവന്റെ ദൈവം മാമ്മോനാണ്. എന്നാൽ യഥാർത്ഥ ദൈവസേവകനാകട്ടെ മാമ്മോനെ ദൈവഹിതപ്രകാരം വിനിയോഗിക്കുവാൻ വെമ്പൽകൊള്ളുന്നു. സ്വർണനാവുകാരനായ ഈവാനിയോസ് ആദിയായി പല സഭാപിതാക്കന്മാരുടേയും എഴുത്തുകളിലും ധനം ദൈവഹിതപ്രകാരം വിനിയോഗിക്കേണ്ട ഒരു ട്രസ്റ്റാണെന്നു കാണുന്നു. ധൂർത്തടിച്ചുള്ള ജീവിത സമ്പ്രദായങ്ങൾ, മദ്യപാനം, അമിതാഡംബര വസ്ത്രധാരണം തുടങ്ങി സ്വന്തം സഹോദരനെ കണ്ടില്ലെന്നു നടിച്ചുകൊണ്ടുള്ള ധനവിനിയോഗം ഒരു ക്രിസ്തീയ കാര്യവിചാരകനും സാദ്ധ്യമല്ല. എന്നാൽ മനുഷ്യരെ പുതിയ സൃഷ്ടികളാക്കുന്ന ക്രിസ്തു ഹൃദയങ്ങളെ ഭരിക്കുന്നതുവരെ പണത്തിന്റെ കാര്യവിചാരകത്വം അപ്രായോഗികമായിരിക്കും.

കമ്യൂണിസ്റ്റ് തത്വസംഹിതകളുടെ ജനയിതാവായ കാറൽ മാക്സ് ആംഗ്ലേയ സഭയെക്കുറിച്ച് പറഞ്ഞത് ഇപ്രകാരമാണ്: "ഇംഗ്ലണ്ടിലെ സഭയുടെ 39 മതസംഗതികളിൽ ഒരു മതസംഗതി നഷ്ടപ്പെട്ടാൽ ആ സഭ അതു സഹിക്കും. എന്നാൽ അതിന്റെ ധനത്തിന്റെ 39-ൽ ഒരംശം നഷ്ടപ്പെട്ടാൽ

സഭ അതു സഹിക്കുകയില്ല.” ഇത് നാം ഓരോരുത്തരെയും നമ്മുടെ സഭയേയും സംബന്ധിച്ചും എത്രയോ ശരിയാണ്. ക്രിസ്തീയവിശ്വാസവും സ്നേഹവും അനുസരിച്ച് പണം വിനിയോഗിക്കുവാൻ നാം പഠിക്കണം. ഇന്നത്തെ ലോകത്തിൽ സമ്പന്നരാജ്യങ്ങളും നിർദ്ധനരാജ്യങ്ങളും തമ്മിലുള്ള വിടവ് ആരേയും ഞെട്ടിപ്പിക്കുന്നതാണ്. ആഗോള അവസരസമത്വമാണ് ദൈവഹിതം എന്നതിനു രണ്ടുപക്ഷമില്ല. അതിനായി സ്വത്തിന്റെ കാര്യവിചാരകത്വബോധം പ്രചരിപ്പിക്കുക എന്നത് നാം ഓരോരുത്തരുടേയും കർത്തവ്യമാണ്. “പാപിയുടെ സമ്പത്തോ നീതിമാനുവേണ്ടി സംഗ്രഹിക്കപ്പെടുന്നു” (സദൃ. 13:22). “ന്യായമല്ലാതെ പണം സമ്പാദിക്കുന്നവൻ താൻ ഇടാത്ത മുട്ടയുടെമേൽ അടയിരിക്കുന്ന തിത്തിരിപക്ഷിയെപ്പോലെയാകുന്നു. അവന്റെ സമൃദ്ധിയിൽ അത് അവനെ വിട്ടുപോകും. ഒടുവിൽ അവൻ ഭോഷനായിത്തീരും.” കരിഞ്ചന്ത, പൂഴ്ത്തിവയ്പ്, കൊള്ളലാഭം, കൈക്കൂലി തുടങ്ങിയവ അന്യായമായി ധനം സമ്പാദിക്കുന്ന മാർഗങ്ങളാണ്. ക്രിസ്ത്യാനികൾ പണക്കാര്യത്തിൽ അധാർമ്മികമായി പെരുമാറുന്നതുകൊണ്ട് സഭയുടെ സാക്ഷ്യംതന്നെ ഇന്ന് വിരോധാഭാസമായിത്തീർന്നിരിക്കുകയാണ്.

ദൈവം തന്റെ ഏകജാതനായ പുത്രനെ മനുഷ്യവർഗത്തിനുവേണ്ടി ദാനമായി നൽകി. അതിനാൽ നമുക്ക് ഏറ്റവും പ്രിയപ്പെട്ടതും വില കൂടിയതും ഉപേക്ഷിക്കാൻ മനസ്സില്ലാത്തതും സന്തോഷത്തോടുകൂടി കൊടുക്കണം. ക്രിസ്തുവിന്റെ സ്വയംപരിത്യാഗത്തിന്റെ അടിസ്ഥാനത്തിലല്ലാതെ ക്രിസ്തീയ കാര്യവിചാരകത്വം സുഗ്രാഹ്യമല്ല. ദൈവം തന്റെ സ്വന്തപുത്രനെ തനിക്കായിത്തന്നെ സുരക്ഷിതാവസ്ഥയിൽ വെച്ചുകൊള്ളാതെ നമുക്കുവേണ്ടി ഏൽപിച്ചുതന്നു (റോമർ 28:32). ഇതാണ് സുവിശേഷം. കാൽവരിയിൽ മറ്റുള്ളവരുടെ രക്ഷയ്ക്കായി മരിച്ചതിൽ ദുഃഖത്തേക്കാളേറെ സംതൃപ്തി ഉണ്ടായിരുന്നതിനാലായിരിക്കണമല്ലോ അവസാനത്തെ വചനങ്ങൾ വിജയഭേരിയുടെ “നിവൃത്തിയായ്” എന്നതും “പിതാവേ എന്റെ ആത്മാവിനെ തൃക്കൈയിൽ ഭരമേൽപ്പിക്കുന്നു” എന്നതും ആയിരുന്നത്. സുവിശേഷം എന്നത് ദുഃഖത്തിലെ സന്തോഷവും, മരണത്തിലെ ജീവനും, സ്വയത്യാഗത്തിലെ സ്വയം കണ്ടെത്തലും, ശത്രുവിനെ പ്രാർത്ഥിച്ച് മിത്രമാക്കുന്നതും, ചരിത്രത്തിലെ നിത്യതയും, സേവനത്തിലെ രാജത്വവും, നരകത്തിനുള്ളിൽ മറ്റുള്ളവരെ രക്ഷിക്കുവാൻ പ്രവേശിക്കുമ്പോൾ അനുഭവിക്കുന്ന സ്വർഗവുമാകുന്നു. ആ രക്ഷണ്യ സുവിശേഷം ലോകം മുഴുവനും എത്തിക്കുവാനുള്ള കാര്യവിചാരകത്വമാണ് നമ്മുടെ കർത്താവിന്റെ അന്ത്യശാസന നമ്മോട് ആവശ്യപ്പെടുന്നത്. സുവിശേഷം മാനവരാശിയെ എല്ലാ അന്ധതയിൽനിന്നും ബന്ധനങ്ങളിൽനിന്നും ചൂഷണങ്ങളിൽനിന്നും മോചിപ്പിക്കുന്നു എന്ന സത്യം ഓരോരുത്തരും അറിഞ്ഞിരിക്കണം.

സുവിശേഷസത്യങ്ങൾ പ്രാവർത്തികമാക്കുന്നത് ക്രിസ്തീയ കാര്യവി

ചാരകത്വത്തിലൂടെയാണ്. അതിന് നമ്മുടെ ഇടവകകൾക്ക് ധാരാളം അവസരങ്ങൾ ഉണ്ട്. സണ്ടേസ്കൂളുകൾ വഴി ക്രിസ്തീയ കാര്യവിചാരകത്വം നമ്മുടെ കുഞ്ഞുങ്ങളെ അഭ്യസിപ്പിക്കാവുന്നതാണ്. കഴിവുള്ള കുട്ടികൾ കഴിവില്ലാത്തവരെ സഹായിക്കുവാനുള്ള അവസരം ഉണ്ടാക്കിക്കൊടുക്കണം. വെറുംകൈയോടെ ദൈവസന്നിധിയിൽ വരരുതെന്നുള്ള പ്രമാണം പ്രായോഗികമാക്കണം. ജീവിതം സമ്പൂർണമാണെന്നും ഞായറാഴ്ചത്തെ പ്രത്യേക വിശുദ്ധി തിങ്കൾ മുതൽ ശനി വരെ വിശുദ്ധമാക്കാനാണെന്നും പഠിപ്പിക്കണം. യുവജനസംഘടനകളും ഈ വിഷയം പ്രത്യേക ചർച്ചയ്ക്ക് വിധേയമാക്കണം. ദൈവത്തിന്റെ പിതൃത്വവും മനുഷ്യന്റെ സഹോദരത്വവും യേശുക്രിസ്തു വെളിപ്പെടുത്തിയത് സഭ എങ്ങനെ പ്രായോഗികമാക്കാമെന്നു ചിന്തിക്കണം. "മറ്റുള്ളവർ അദ്ധ്വാനിച്ചു. അവരുടെ അദ്ധ്വാനഫലത്തിലേക്ക് നിങ്ങൾ പ്രവേശിച്ചിരിക്കുന്നു" (യോഹ. 4:38) എന്ന കർത്തൃവചനപ്രകാരമല്ലേ മനുഷ്യർ മുഴുവനും ജീവിക്കുന്നത്. ഇതിൽ നിന്നും നമ്മുടെ അദ്ധ്വാനഫലത്തിന്മേൽ മറ്റുള്ളവർക്കുള്ള അവകാശം സ്ഥിരീകരിക്കപ്പെടുകയാണല്ലോ ചെയ്യുന്നത്.

"നിന്റെ കാര്യവിചാരകത്വത്തിന്റെ കണക്കു ഏൽപിച്ചുതരിക. നീ ഇനി കാര്യവിചാരകനായിരിപ്പാൻ പാടില്ല" എന്ന് സകലത്തിന്റെയും ഉടമസ്ഥനായ ദൈവം തമ്പുരാൻ തന്റെ കാര്യവിചാരകനായ നമ്മോട് എപ്പോൾ പറയുമെന്ന് ആർക്കും ഒരറിവുമില്ല. അനീതിയും അവിശ്വസ്തതയും സ്നേഹമില്ലായ്മയും കാര്യവിചാരകന്മാരിൽ കണ്ടാൽ ഉടമസ്ഥൻ നമ്മോട് കണക്കു ചോദിക്കും. അവൻ നമ്മെ ഉന്നതസ്ഥാനത്തു നിന്നും പുറംതള്ളും. വിശ്വസ്ത കാര്യവിചാരകന് തന്റെ സേവനത്തിൽ നിന്നു ലഭിക്കുന്ന ആനന്ദം മതിയായ പ്രതിഫലമാണ്. കൂടാതെ പ്രതിഫലപൂർണത കാലസമ്പൂർണതയിൽ "നല്ലവനും വിശ്വസ്തനുമായ ദാസന്" ലഭിക്കാതെയിരിക്കുകയില്ല. "നാം അവനോടുകൂടി കഷ്ടം അനുഭവിച്ചാൽ അവനോടു കൂടി തേജസ്കരിക്കപ്പെടുകയും ചെയ്യും" (റോമ. 8:17). നമ്മുടെ കർത്താവിന്റെ സ്വന്ത വാചകത്തിൽ പറഞ്ഞാൽ "ഞാൻ ഇരിക്കുന്നിടത്ത് എന്റെ ശുശ്രൂഷക്കാരനും ഇരിക്കും. എനിക്ക് ശുശ്രൂഷ ചെയ്യുന്നവനെ എന്റെ പിതാവ് മാനിക്കും" (യോഹ. 12:26).

# ദൈവദൂതരോട് ചേർന്ന് ദൈവസന്നിധിയിൽ

## ഡോ. ഗബ്രിയേൽ മാർ ഗ്രീഗോറിയോസ്
(തിരുവനന്തപുരം മെത്രാസന ഇടയൻ)

**ആമുഖം**

1969–ൽ ബഹു. കെ. റ്റി. ഫിലിപ്പച്ചൻ കോട്ടയം വൈദികസെമിനാരിയിൽ വൈദിക വിദ്യാർത്ഥിയായി ചേർന്നു. അന്ന് ഞാൻ വൈദിക സെമിനാരിയിൽ അവസാന വർഷ വിദ്യാർത്ഥിയായിരുന്നു. അന്നു മുതൽ ഞങ്ങൾ സ്നേഹിതരായിരുന്നു. തലക്കോട് ബോയ്സ് ഹോമിന്റെയും അനുബന്ധ സ്ഥാപനങ്ങളുടെയും അമരക്കാരനായ റ്റി. പി. ഏലിയാസ് അച്ചനോടൊപ്പം എപ്പോഴും കെ. റ്റി. ഫിലിപ്പച്ചനും ഉണ്ടായിരുന്നു. അവർ മാറിമാറി വിവിധ ചുമതലകൾ നിർവഹിച്ചുകൊണ്ടിരുന്ന ഘട്ടത്തിലാണ് ഫിലിപ്പച്ചന്റെ ദേഹവിയോഗം. വൈദിക ശുശ്രൂഷയും സാമൂഹ്യസേവനവും ഇഴചേർത്തുകൊണ്ട് പോകുവാൻ അദ്ദേഹം എപ്പോഴും ശ്രദ്ധിച്ചിരുന്നു. അദ്ദേഹം നിഷ്കളങ്കനും നിസ്വാർത്ഥനും നിർമ്മദനും നേർബുദ്ധിയുമായിരുന്നു. ഇക്കാരണത്താൽ തന്നെ അദ്ദേഹം സർവ്വസമ്മതനും എല്ലാവർക്കും എപ്പോഴും സ്വീകാര്യനുമായിരുന്നു.

ഫിലിപ്പച്ചൻ കർത്തൃസന്നിധിയിലേക്ക് വാങ്ങിപ്പോയിട്ട് ഇപ്പോൾ ഒരു വർഷം പൂർത്തിയാകുന്നു. ദൈവസന്നിധിയിൽ ദൈവദൂതരോട് ചേർന്ന് പരിശുദ്ധരുടെ സംഘത്തോട് കലർന്ന് വീണ മീട്ടി ദൈവത്തെ സ്തുതിക്കുകയും ധൂപമർപ്പിച്ച് മദ്ധ്യസ്ഥത അണയ്ക്കുകയും ചെയ്യുന്ന ദൈവികഗണത്തിൽ കെ. റ്റി. ഫിലിപ്പച്ചനെയും ദൈവം ചേർത്തു നിർത്തിയിരിക്കുന്നു. നാം അദ്ദേഹത്തിനു വേണ്ടിയും അദ്ദേഹം നമുക്കുവേണ്ടിയും പ്രാർത്ഥിക്കുന്നു. ഈ വലിയ അനുഗൃഹീത നില ക്രിസ്തുവിൽ നിദ്ര പ്രാപിച്ച എല്ലാ ഭക്തർക്കും ദൈവം ഒരുക്കിയിരിക്കുന്നു. ഇത് വിശദമാക്കുന്ന ഒരു ലേഖനം കെ. റ്റി. ഫിലിപ്പച്ചന്റെ സ്മരണയ്ക്ക് മുമ്പിൽ പ്രണമിച്ചുകൊണ്ട് സമർപ്പിക്കുന്നു.

1. ഓർത്തഡോക്സ് ആരാധനയുടെ സുപ്രധാനമായ ഒരു തലം ദൈവസന്നിധിയിൽ നിൽക്കുന്ന പരിശുദ്ധരോടും ദൂതരോടും ചേർന്നു നാം ആരാധിക്കുന്നു എന്നതത്രേ. ഇവിടെ പരിശുദ്ധർ എന്നതുകൊണ്ട് ക്രിസ്തുവിൽ വിളിച്ച് വേർതിരിക്കപ്പെട്ട് വിശുദ്ധ മാമോദീസായിലൂടെ ക്രിസ്തുശരീരത്തിന്റെ ഭാഗമായി തീർന്ന് വി. കുർബാനാനുഭവത്തിലൂടെ യേശുക്രിസ്തുവിൽ നില നിൽക്കുന്ന എല്ലാ വിശ്വാസികളും എന്ന അർത്ഥത്തിലാകുന്നു. ഇവിടെ വിശ്വാസികളുടെ മദ്ധ്യസ്ഥരായ പരിശുദ്ധർ എന്ന പ്രത്യേക അർത്ഥത്തിൽ

മാത്രമല്ല കർത്താവിൽ നിദ്ര പ്രാപിച്ച് ആത്മപ്രകാരം ദൈവസന്നിധിയിലേക്ക് വാങ്ങിപ്പോയ എല്ലാ വിശ്വാസികളും എന്ന വിശാലാർത്ഥത്തിൽ വേണം മനസ്സിലാക്കാൻ. വീണ്ടും, വാങ്ങിപ്പോയ വിശ്വാസികൾ മാത്രമല്ല ഇവിടെ ശരീരത്തിൽ വസിക്കുന്ന വിശ്വാസികളും പരിശുദ്ധ എന്ന ഗണത്തിൽ ഉൾപ്പെടുന്നു (റോമർ 1:3, 1 കൊരി. 1:2, 2 കൊരി. 1:1, എഫെ. 1:1, ഫിലി. 1:1, കൊലോ. 1:1). ഇങ്ങനെ വാങ്ങിപ്പോയവരും ജീവനോടിരിക്കുന്നവരുമായ എല്ലാ വിശ്വാസികളും ദൈവദൂതരും ചേർന്ന് ദൈവസന്നിധിയിൽ നിൽക്കുന്നു. ദൈവത്തെ ആരാധിക്കുന്നു. സ്വർഗ്ഗത്തിലെ ആരാധനയിൽ നിന്ന് അകന്നല്ല ഭൂമിയിലെ ആരാധന, പിന്നെയോ ഒന്നുചേർന്നാണ്, ഒന്നായാണ്. ദൃശ്യവും അദൃശ്യവുമെന്ന് തിരിച്ച് പിരിച്ചൊരു സങ്കൽപ്പമല്ല; അഖണ്ഡമായൊരു മുഴുവീക്ഷണം നമ്മുടെ ബോധത്തിൽ ഉറയ്ക്കേണ്ടതുണ്ട്. സ്വർഗ്ഗവും ഭൂമിയും ഒരു പരിവൃത്തിക്കുള്ളിൽ, വൃത്താകാരത്തിനുള്ളിൽ ഒന്നായി വരുന്നു; ഒന്നിച്ചു കൂടുന്നു. ഒരു കൂട്ടായ്മയായി, സംയോഗമായി (Communion) തീരുന്നു. ഇതാണ് സഭയെ സംബന്ധിച്ച സമ്യക്കും സമഗ്രവുമായ ദർശനം. ദൈവസന്നിധിയിൽ നിൽക്കുന്ന ദൈവദൂതരും ശരീരികളും അശരീരികളുമായി സ്വർഗ്ഗത്തിലും ഭൂമിയിലുമുള്ള സർവ്വ വിശുദ്ധരും ദൈവത്തെ ആരാധിക്കുന്നു. ഈ സ്വർഗ്ഗീയാരാധനയിൽ ദൈവദൂതരുടെ സവിശേഷ സാന്നിദ്ധ്യവും സംസർഗ്ഗവും ശ്രദ്ധേമായും വരുന്നു.

2. യേശുക്രിസ്തുവിന്റെ മനുഷ്യാവതാരം എന്തിനായിട്ടാകുന്നു? നമ്മെ പാപത്തിൽ നിന്ന് വീണ്ടെടുക്കുവാൻ എന്നാകും ഈ ചോദ്യത്തിന് സാധാരണയായി കേൾക്കുന്ന ഉത്തരം. എന്നാൽ ഇത് ക്രിസ്തുവിന്റെ രക്ഷണ്യപ്രവർത്തനത്തിലെ ആദ്യതലം മാത്രമേ ആകുന്നുള്ളു എന്ന് നാം തിരിച്ചറിയണം. ക്രിസ്തുവിലുള്ള നമ്മുടെ വീണ്ടെടുപ്പിന് സർഗ്ഗാത്മകവും ധനാത്മകവുമായ മറ്റൊരു തലമുണ്ട്. ക്രിസ്തു അവതരിച്ചത് പാപത്തിൽ നിന്ന് വീണ്ടെടുത്ത് സ്വർഗ്ഗസ്ഥനായ പിതാവിനോട് നിരപ്പിക്കാനും തിരുസന്നിധിയിൽ നിൽക്കുന്ന ദൈവദൂതരുടെ സംഘത്തോട് ചേർന്ന് അനവരതം അവനെ ആരാധിക്കുന്ന സ്വർഗ്ഗോന്നതിയിലേക്ക് നമ്മെ ഉപനയിപ്പിക്കാനുമാകുന്നു. പൗരസ്ത്യ ക്രിസ്തീയ സഭകൾ ക്രിസ്തീയ രക്ഷയ്ക്ക് ഇപ്രകാരം ഒരു ഊന്നൽ നൽകുന്നു. മനുഷ്യജീവിതത്തിന്റെ ആത്യന്തിക ഭാഗധേയം ദൈവസന്നിധിയിൽ നിന്ന് അവനെ സ്തുതിക്കുക എന്നതത്രേ. ഒരു വശത്ത് ഇതൊരു തിരിച്ചുവരവാണ്. പാപം ചെയ്ത് ദൈവസന്നിധിയിൽ നിന്ന് വീണുപോയ മനുഷ്യൻ പൂർവ്വാവസ്ഥയിലേക്ക് യേശുക്രിസ്തുവിൽ പരിശുദ്ധാത്മവ്യാപാരത്തിലൂടെ മടങ്ങിവരുന്നു. ഈ മടങ്ങിവരവ് ദൈവസന്നിധിയിൽ നിലനിൽക്കുന്ന ദൈവദൂതന്മാരുടെ സംസർഗ്ഗത്തിലേക്കുള്ള, കൂട്ടായ്മയിലേക്കുള്ള തിരിച്ചുവരവും കൂടിയാകുന്നു.

3. ദൈവസന്നിധിയിൽ ദൈവദൂതരോട് ചേർന്നു നിന്ന് ദൈവത്തെ

ആരാധിക്കുന്ന പുതിയനിയമ സഭയുടെ സുന്ദര ദൃശ്യം വെളിപ്പാട് പുസ്തകത്തിലെ മുഖ്യപ്രമേയങ്ങളിൽ ഒന്നാകുന്നു. പിതാവാം ദൈവത്തിന്റെ സിംഹാസനത്തിന്റെയും (വെളി. 4:2) അറുക്കപ്പെട്ട കുഞ്ഞാടായ ക്രിസ്തുവിന്റെയും (വെളി. 5:6) അഗ്നിയായി, ദീപമായ് ജ്വലിച്ചു നിൽക്കുന്ന പരിശുദ്ധാത്മാവിന്റെയും (വെളി. 4:5, 5:6) മുമ്പാകെ വീണ മീട്ടി ദൈവത്തെ സ്തുതിച്ചും ധൂപമർപ്പിച്ചും മദ്ധ്യസ്ഥതയണച്ചും നിൽക്കുന്ന പുരോഹിതഗണങ്ങൾ (മൂപ്പന്മാർ = കാശീശേ = പ്രസ്ബിറ്ററോയ്) (വെളി. 5:8), ദൈവവചനവും സുവിശേഷവും; നിമിത്തം അറുക്കപ്പെട്ട സാക്ഷിമരണം പ്രാപിച്ച സഹദേന്മാർ (വെളി. 6:9), സകല ജാതികളിലും, ഗോത്രങ്ങളിലും, വംശങ്ങളിലും, ഭാഷകളിൽ നിന്നുമുള്ള ശുഭ്രവസ്ത്രധാരികളായ എണ്ണമറ്റ മഹാപുരുഷാരം (വെളി. 7:9). ഈ വിശുദ്ധ സംഘത്തോട് ചേർന്ന് കലർന്ന് നിന്ന് ദൈവത്തെ സ്തുതിക്കുന്ന പതിനായിരം പതിനായിരവും ആയിരം ആയിരവുമായ ദൈവദൂതർ (വെളി. 5:11, 7:11); ഈ ബൃഹത് സംഘത്തോട് ചേർന്നു നിന്ന് ആരാധിപ്പാൻ ക്ഷണിച്ചുകൊണ്ടുള്ള സ്വർഗ്ഗീയ ശബ്ദം ഇവിടെയായിരിക്കുന്ന സഭ കേൾക്കുന്നു, “ഇവിടെ കയറി വരിക” (വെളി. 4:1). ആരാധന ഒരു കയറ്റമാകുന്നു, ദൃശ്യലോകത്തുള്ള വിശുദ്ധരുടെ ദൈവസന്നിധിയിലേക്കുള്ള കയറ്റം (വെളി. 4:1); അതേസമയം ഒരു ഇറക്കവുമാകുന്നു. അദൃശ്യലോകത്തെ ദൈവനഗരമായ സ്വർഗ്ഗീയ യെരുശലേമിന്റെ ഇറക്കം; ഇത് സൂചിപ്പിച്ചുകൊണ്ടുള്ള സ്വർഗ്ഗീയ ശബ്ദവും കേൾക്കാം, “ഇതാ മനുഷ്യരോടു കൂടെ ദൈവത്തിന്റെ കൂടാരം” (വെളി. 21:2, 3). ഇങ്ങനെ സ്വർഗ്ഗവും ഭൂമിയും സ്വർഗ്ഗവാസികളും ഭൂവാസികളുമായ സഭ ഇപ്പോൾ, ഇവിടെ ആരാധനയിൽ ഒന്നിക്കുകയായി. ഈ പ്രവിശാലവും സമഗ്രവുമായ ലോകവീക്ഷണത്തിൽ വേണം ദൈവദൂതരോട് ചേർന്ന് ദൈവസന്നിധിയിൽ നിന്ന് ആരാധിക്കുന്ന സഭയുടെ സങ്കൽപ്പം രൂപപ്പെടുത്തിയെടുക്കാൻ എന്നു സാരം. ഇതോടൊപ്പം ശ്രദ്ധേയമായ മറ്റൊരു കാര്യം പൗരസ്ത്യ ക്രിസ്തീയ പാരമ്പര്യത്തിൽ ആരാധനാ സങ്കൽപ്പവും സഭാസങ്കൽപ്പവും ഇഴചേർന്നു വരുന്നു എന്നതിന് മറ്റൊരു ദൃഷ്ടാന്തമായും ഇതിനെ വിലയിരുത്താം എന്നതത്രേ.

4. മുൻപറഞ്ഞപ്രകാരം ദൈവദൂതരോട് ചേർന്ന് സഭ ആരാധിക്കുന്നു എന്ന് നമ്മുടെ നമസ്കാരങ്ങളിലും ശുശ്രൂഷകളിലും, വിശുദ്ധ കുർബാനയിലുമുള്ള പ്രാർത്ഥനകളിൽ ആവർത്തിച്ച് കാണാം. ഏതാനും മാതൃകകൾ ചുവടെ ചേർക്കുന്നു.

(1) രാത്രി നമസ്കാരം പ്രാരംഭ പ്രാർത്ഥന ഇങ്ങനെ തുടങ്ങുന്നു, “ഉറക്കമില്ലാത്ത ഉണർവ്വുള്ളവനായ എന്റെ കർത്താവേ..”. അവസാന വാചകം ഇവിടെ ഉദ്ധരിക്കാം. “പിതാവും പുത്രനും പരിശുദ്ധാത്മാവുമായുള്ളോവേ! സ്വർഗ്ഗത്തിലും ഭൂമിയിലും നിന്നെ സ്തുതിക്കുന്നവരായ സ്വർഗ്ഗീയ മാലാഖമാരുടെ തേജസ്സുള്ള (മഹത്വമുള്ള) വൃന്ദങ്ങളോടൊരുമിച്ച് വിശുദ്ധിയോടു

കൂടി ഇപ്പോഴും എപ്പോഴും എന്നേക്കും നിന്നെ സ്തുതിച്ച് വാഴ്ത്തുവാൻ ഞങ്ങളെ യോഗ്യരാക്കേണമെ."

(2) വിശുദ്ധ കുർബാനയിൽ ഒരു സെദ്റാ പ്രാർത്ഥനയിൽ ഇങ്ങനെ ചൊല്ലുന്നു, "ഭൂമിയിലെ നിന്ദ്യ പൂഴിയായ എന്നെ നിന്റെ ദൈവിക രഹസ്യങ്ങളുടെ തിരുനിവാസ സ്ഥാനത്ത് പ്രവേശിക്കുവാൻ കരുണയോടെ നീ അർഹനാക്കി തീർക്കുകയും നിന്റെ ശ്രേഷ്ഠതയുടെ മഹാവിശുദ്ധ സ്ഥലമാകുന്ന മഹോന്നതങ്ങളിലേക്ക് എന്നെ ഉയർത്തുകയും നിന്നെ സ്തുതിക്കുന്നവരായ ക്രോബകളുടെയും നിനക്ക് 'പരിശുദ്ധൻ' എന്ന് പാടുന്ന സെറാഫുകളുടെയും ഗണത്തിൽ എന്നെ ചേർക്കുകയും ചെയ്തിരിക്കുന്നതിനാൽ ദൈവമേ! നിന്നെ ഞാൻ സ്തോത്രം ചെയ്യുന്നു."

(3) വീണ്ടും, വി. കുർബാനയിൽ 'പരിശുദ്ധൻ, പരിശുദ്ധൻ, പരിശുദ്ധൻ' എന്ന ത്രിത്വസ്തുതി (Trisagion) വളരെ പ്രധാനമാണല്ലോ. ഇതിനായി ദൈവജനത്തെ ഒരുക്കിക്കൊണ്ട് കാർമ്മികൻ അർപ്പിക്കുന്ന പ്രാർത്ഥന മാർ ക്സൊസ്തോസിന്റെ ക്രമത്തിൽ ഇങ്ങനെ കാണുന്നു: "കർത്താവേ! അദൃശ്യസംഘങ്ങളോടും സംഖ്യാതീതമായ കൂട്ടങ്ങളോടും ആത്മീയമായി ചേർന്നുകൊണ്ട് വിശ്വാസികളായ നിന്റെ ജനം മുഴുവനും സെറാഫുകളെപ്പോലെ 'പരിശുദ്ധൻ' എന്ന് പാടി ഉച്ചസ്വരത്തിൽ നിന്നെ മഹത്വപ്പെടുത്തുന്നു."

(4) ദൈവദൂതരുടെ സ്വർഗ്ഗീയ ആരാധനയിലേക്ക് കടന്നുചെല്ലാനും അവരുടെ കീർത്തനശബ്ദം കേൾപ്പാനും ആ ആരാധനയിൽ പങ്കുചേരാനും കൃപ ലഭിച്ച പരിശുദ്ധർ അവരുടെ അനുഭവം പ്രാർത്ഥനകളിലൂടെ തന്നെ പങ്കുവെയ്ക്കുന്നതായി കാണാം. ഉദാഹരണമായി നമ്മുടെ നമസ്കാരത്തിൽ രഹസ്യപ്രാർത്ഥന ഞായർ രാത്രി ഒന്നാം കൗമയിൽ ഇങ്ങനെ ചൊല്ലുന്നു: "എന്റെ കർത്താവേ! നിന്റെ പെരുമയെ ആഘോഷിക്കുന്ന മേലുള്ള സൈന്യങ്ങളുടെ ഭയങ്കരമായ ആർപ്പ് എന്റെ ആത്മചെവികൾ കൊണ്ട് കേൾപ്പാൻ ഈ സമയത്ത് കൃപയോടെ എന്നെ യോഗ്യനാക്കേണമെ. കർത്താവായ യേശുമശിഹാ! ഈ സമയത്ത് നിന്റെ പരിശുദ്ധന്മാരുടെ ബോധത്തിന് കേൾക്കപ്പെടാവുന്ന സംഗീതത്തെയും പുകഴ്ചയെയും കേൾപ്പാൻ എനിക്ക് സംഗതിയാക്കേണമെ. കർത്താവായ യേശുമശിഹാ! പ്രാർത്ഥനാസമയത്ത് പ്രത്യക്ഷപ്പെടുന്ന അഗ്നിമയരെ കാണുന്നതിനും അവരിൽ നിന്നു വീശുന്ന സുഗന്ധവാസനയേറ്റ് ആനന്ദിക്കുന്നതിനും കൃപയോടെ എന്നെ യോഗ്യനാക്കേണമെ." ഇതേ പ്രാർത്ഥന തന്നെ രഹസ്യ പ്രാർത്ഥന ശനി രാത്രി നാലാം കൗമയിലും ഇതേപടി ആവർത്തിക്കുന്നു.

(5) ആരാധനയിൽ ദൈവദൂതരുടെ സാന്നിദ്ധ്യവും സംസർഗ്ഗവും സംബന്ധിച്ച് നാം ചിന്തിക്കുകയായിരുന്നു മുൻ ഖണ്ഡികകളിൽ. കർത്താവിന്റെ ജീവിതം നമ്മെ പഠിപ്പിക്കുന്ന മറ്റൊരു പാഠവും കൂടി ഇവിടെ നാം ചേർത്ത്

ചിന്തിക്കേണ്ടതുണ്ട്. യേശുതമ്പുരാന്റെ ജീവിതത്തിൽ രണ്ട് നിർണ്ണായക നിമിഷങ്ങളിൽ ദൈവദൂതരുടെ സാന്നിദ്ധ്യം സുവിശേഷങ്ങൾ പ്രത്യേകം രേഖപ്പെടുത്തുന്നു. ഒന്നാമത്തേത് പിശാചിനാൽ പരീക്ഷിക്കപ്പെടുന്ന സന്ദർഭം ആണ്. ഏറ്റം ഒടുവിൽ വിശുദ്ധ മത്തായി ശ്ലീഹാ രേഖപ്പെടുത്തുന്നത്, "അപ്പോൾ പിശാച് അവനെ വിട്ടുപോയി, ദൂതർ അടുത്തുവന്ന് അവനെ ശുശ്രൂഷിച്ചു" (മത്തായി 4:11). പിശാചുമായുള്ള പോരാട്ടത്തിനൊടുവിൽ ദൈവദൂതരുടെ സാന്നിദ്ധ്യം ഉണ്ടായതായി ഇവിടെ കാണുന്നു. അതോടൊപ്പം നാൽപത് നാൾ ഉപവാസത്തിലും പ്രാർത്ഥനയിലും ഏകാന്തതയിൽ കഴിഞ്ഞ പശ്ചാത്തലവും നാം പ്രത്യേകം ശ്രദ്ധിക്കുന്നു. പ്രാർത്ഥനയും പോരാട്ടവും സാന്ത്വനിപ്പിക്കുന്ന ദൈവദൂതസാന്നിധ്യവും ചേർന്നിണങ്ങി വരുന്ന നിമിഷങ്ങൾ ജീവിതത്തെ സ്വച്ഛവും സുന്ദരവുമാക്കുന്നു. ഗത്സമന തോട്ടത്തിലും ഈ അനുഭവം ആവർത്തിക്കുന്നു. പശ്ചാത്തലം ഏകാന്തതയിൽ പ്രാർത്ഥനയും ദൈവസംസർഗ്ഗവും തന്നെ. പോരാട്ടം തന്നെ സന്ദർഭം. എന്നാൽ പോരാട്ടം പിശാചിനു പകരം ആൾരൂപം പൂണ്ട പൈശാചിക ശക്തികളോടായിരുന്നു. സുവിശേഷകനായ ലൂക്കോസ് രേഖപ്പെടുത്തുന്നു, "യേശുവിനെ ശക്തിപ്പെടുത്തുവാൻ സ്വർഗ്ഗത്തിൽ നിന്ന് ഒരു ദൂതൻ അവനു പ്രത്യക്ഷനായി" (ലൂക്കോസ് 22:43).

(6) ദൈവദൂതരുടെ സാന്നിദ്ധ്യവും സംസർഗ്ഗവും സവിശേഷമായും രുചിച്ചറിഞ്ഞ പുണ്യപിതാവായിരുന്നു പരിശുദ്ധ ഗീവർഗീസ് രണ്ടാമൻ ബാവ. ആ പിതാവിന്റെ ജീവിത പശ്ചാത്തലം പ്രാർത്ഥനയും നിഷ്ഠയോടെയുള്ള അനുഷ്ഠാനവുമായിരുന്നു. ശുശ്രൂഷാ സന്ദർഭം പോരാട്ടത്തിന്റേതായിരുന്നു. ദൈവസന്നിധിയിൽ നിന്നുകൊണ്ട് ദൈവദൂതർ അർപ്പിക്കുന്ന സ്തുതിഗീതം കേൾക്കാനും അതിൽ പങ്കുചേരാനുമുള്ള കൃപാവരം പരിശുദ്ധ പിതാവിനുണ്ടായിരുന്നു. ബാവാ തിരുമനസ്സിനോട് സഹകരിച്ചവർ ഇത് സാക്ഷിക്കുന്നുണ്ട്. പിതാവിന്റെ ജീവിതത്തിൽ മൂന്ന് സന്ദർഭങ്ങൾ പ്രത്യേകമായും എടുത്തുകാട്ടുന്നു: പരുമല സെമിനാരി, കുണ്ടറ സെമിനാരി, തിരുവനന്തപുരം പാളയം കത്തീഡ്രൽ പള്ളി മുറ്റത്ത് ഉലാത്തിക്കൊണ്ടിരുന്നപ്പോൾ. മൂന്നിടത്തും ആരാധനയിലല്ല മറ്റു ജീവിത സന്ദർഭങ്ങളിലാണ് ഈ അനുഭവം. ദൈവദൂതരുടെ ഭാഷ സംസാരിക്കാനും ഗ്രഹിക്കാനുമുള്ള ഭാഷാവരം പിതാവിനുണ്ടായിരുന്നതായി സാക്ഷ്യപ്പെടുത്തുന്നു. 1 കോരി. 13:1–ൽ ദൈവദൂതരുടെ ഭാഷ സംബന്ധിച്ച് പൗലോസ് അപ്പോസ്തോലൻ പരാമർശിക്കുന്നുണ്ടല്ലോ.

(7) സമാനമായ മറ്റൊരു അനുഭവം. ഒരു മുത്തശ്ശിയിൽ നിന്ന് കേട്ടത് ഇവിടെ കുറിക്കുന്നു. ഒരു സാധാരണ ചെറുപ്പക്കാരിയായ കുടുംബ നായിക. എങ്കിലും ഭക്ത. പ്രാർത്ഥനയും വേദവായനയും ആരാധനയും മുടക്കാതെ നിഷ്ഠയിൽ ജീവിതം നയിക്കുന്നു. നാലു മക്കളുടെ അമ്മയായിരുന്ന

കാലത്ത് ഭർത്താവ് രോഗിയായി അകലെ ആശുപത്രിയിൽ ചികിത്സയിലായി. ഏതാണ്ട് മൂന്നു മാസം ഭർത്താവിന് അവിടെ കഴിയേണ്ടി വന്നു. കർഷക കുടുംബം. കൃഷിയിടം, വളർത്തുമൃഗങ്ങൾ, കൃഷിപണിക്കാർ, കുഞ്ഞുങ്ങൾ, ഇങ്ങനെ ജീവിതഭാരങ്ങൾ. അല്ലലില്ല, എന്നാലും അദ്ധ്വാനം വേണം. അതോടൊപ്പം ഭർത്താവിന്റെ അനാരോഗ്യം ഓർത്തുള്ള ദുഃഖവും; എങ്കിലും ദൈവാശ്രയം കൈവിട്ടില്ല. രാത്രിയിൽ സ്വപ്നമെന്ന് പറയാമെങ്കിലും അതിലുമപ്പുറമുള്ള ദൈവദൂതരുടെ സാന്നിദ്ധ്യം, അവർ വന്നു പ്രാർത്ഥന പഠിപ്പിക്കുന്നു. അത് കാണാപ്പാഠം ചൊല്ലുന്നു. പ്രാർത്ഥന മനസ്സിൽ ഉരുവിട്ടുകൊണ്ടിരുന്നു. ആശ്വാസവും ആനന്ദവും നിറഞ്ഞ ദിനങ്ങളായിരുന്നു ദൈവദൂത സംസർഗ്ഗത്തിന്റെ ആ നാളുകൾ. ഒരു ദുഃഖം ബാക്കി നിൽക്കുന്നു അമ്മച്ചിക്ക്. ദൂതർ പഠിപ്പിച്ച പ്രാർത്ഥന കുറെനാൾ ചൊല്ലി നടന്നു. എന്നാൽ ആരെയെങ്കിലും പഠിപ്പിക്കാനോ കുറിച്ചുവെക്കാനോ തോന്നിയില്ല. പിന്നെ മറന്നുപോയി. വിശുദ്ധ ജീവിതം നയിക്കുന്ന സാധാരണക്കാരുടെ ജീവിതത്തിലും ദൈവദൂതരുടെ സാന്നിദ്ധ്യവും സംസർഗ്ഗവും ഉണ്ടാവും എന്നതിന് ഇത്തരം അനുഭവങ്ങൾ ധാരാളം ഭക്തർക്ക് പറയാനുണ്ടാവും.

(8) "ഹൃദയശുദ്ധിയുള്ളവർ അനുഗൃഹീതർ; അവർ ദൈവത്തെ കാണും" എന്ന കർത്താവിന്റെ വചനവും (മത്തായി 5:8) "ശുദ്ധീകരണം കൂടാതെ കർത്താവിനെ കാണുകയില്ല" (എബ്രാ. 12:14) എന്ന് അപ്പോസ്തോലൻ പങ്കുവെയ്ക്കുന്നതും ഈ സന്ദർഭം മുൻപറഞ്ഞു വരുന്ന ചിന്തകളോട് ചേർത്ത് വെയ്ക്കാം. ഹൃദയം നിർമ്മലീകരിക്കപ്പെടുമ്പോൾ അത് സ്വച്ഛസ്ഫടിക സമാനമായി തീരുന്നു. ബോധം ഏറെയേറെ തെളിവാർന്ന് വരുന്നു. ആന്തരേന്ദ്രിയങ്ങളെല്ലാം വെളിവായി പ്രകാശിതമാവുന്നു. ബോധം ബോധാതീതത്തിലേക്ക് ഉൾപ്രവേശിക്കുന്നു. അഥവാ ബോധാതീതം ബോധത്തിൽ കണ്ണാടിയിലെന്നപോലെ തെളിയുന്നു. ദൈവസാന്നിദ്ധ്യം അനുഭവിച്ചറിയുന്നു. ദൈവസന്നിധിയിൽ നിൽക്കുന്ന ദൈവദൂതരെ കാണുന്നു. അവരുടെ കീർത്തനാലാപം കേൾക്കുന്നു (യെശ. 6:5, യെഹ. 3:12). ക്രിസ്തീയ ജീവിതത്തിന്റെ ആത്യന്തികമായ ഭാഗധേയം സ്വച്ഛവും ശുദ്ധവും സ്വതന്ത്രവുമായ ജീവിതം വഴി ബോധാതീതത്തെ ബോധത്തിലുറപ്പിക്കാനാവുന്നതും കാലാതീതത്തെ ഇക്കാലാനുഭവമായി രുചിച്ചറിയാനാവുന്നതും കാലസമ്പൂർണ്ണതയിൽ മുഖാമുഖമാവുന്നിടം വരെ വളർന്നുയരുന്നതുമാകുന്നു. ദൈവസന്നിധിയിൽ ദൈവദൂതരോട് ചേർന്നും കലർന്നുമുള്ള നമ്മുടെ ആദ്ധ്യാത്മിക ജീവിതം വർത്തമാനവും ഭാവിയും എന്നും ഇഹവും പരവും എന്നുമുള്ള അന്തരം നേർത്തു നേർത്തില്ലാതെയായി നിത്യതയിലേക്ക് പ്രവേശിച്ച് അതിന്റെ പൂർണ്ണതയിലേക്ക് നീങ്ങുകയായി. വിശ്വാസം അനുഭവമായും അനുഭവം ബോധ്യമായും ബോധ്യം ജീവിത ദർശനമായും പരിവർത്തനം വന്നുറയ്ക്കും വരെ അനുഷ്ഠാനം നിഷ്ഠയോടെ തുടരാം.

# ദിവ്യരഹസ്യങ്ങളുടെ പരിസേവകർ

## ഫാ. ഡോ. കെ. എം. ജോർജ്

### മോശയുടെ മാതൃക

ക്രിസ്തീയ പൗരോഹിത്യത്തിനു പഴയനിയമത്തിൽ മാതൃക തേടാനുള്ള പ്രവണത പല സഭാപിതാക്കന്മാരുടെയും കൃതികളിൽ കാണാം. അവരിൽ പലരേയും ഏറ്റവുമധികം ആകർഷിച്ച വ്യക്തിത്വം മോശയുടേതാണ്: മോശ ഇസ്രയേൽ ജനതയുടെ മഹാചാര്യനും ഭരണകർത്താവും രാഷ്ട്രപിതാവുമായിരുന്നു. എല്ലാറ്റിനുമുപരി യഹോവയ്ക്കും ജനങ്ങൾക്കും ഇടയിലുള്ള മദ്ധ്യസ്ഥനുമായിരുന്നു മോശ. സമുന്നത പുരോഹിതനായിരുന്ന അഹറോനു പോലും ദൈവത്തിന്റെ അരുളപ്പാട് ലഭിച്ചത് മോശയിലൂടെയായിരുന്നു. മറ്റാർക്കും പ്രവേശനമില്ലാതിരുന്ന യഹോവയുടെ വിശുദ്ധ സാന്നിദ്ധ്യത്തിലേക്ക് മോശയ്ക്ക് പ്രവേശനം ലഭിച്ചു. എല്ലാ അർത്ഥത്തിലും മോശയെ ദിവ്യരഹസ്യങ്ങളുടെ പരിസേവകനും കാര്യസ്ഥനും (Servant and Steward of the Mysteries of God) എന്നു വിശേഷിപ്പിക്കുവാൻ ക്രിസ്തീയ പാരമ്പര്യം തയ്യാറായിരുന്നു.

ദിവ്യജ്ഞാനം ആർജിക്കാനും ദൈവിക തേജസ് ആഴമായി അനുഭവിക്കാനും ആഗ്രഹിക്കുന്ന ഏതൊരാൾക്കും മാതൃകയായിട്ടാണ് മോശയെ അവതരിപ്പിക്കുന്നത്. ഇക്കാര്യത്തിൽ പുരോഹിതരും അത്മായക്കാരും എന്ന വ്യത്യാസമില്ല. എല്ലാ ക്രിസ്ത്യാനികളും ക്രിസ്തുവിന്റെ ശുശ്രൂഷകരും ദൈവമർമ്മങ്ങളുടെ ഗൃഹവിചാരകന്മാരുമായിത്തീരണമെന്നാണ് ഉദ്ദേശിക്കപ്പെട്ടിട്ടുള്ളത്. കാരണം ദൈവജനത്തിനു മുഴുവൻ ക്രിസ്തുവിന്റെ പൗരോഹിത്യത്തിൽ പങ്കാളിത്തമുണ്ട്. സഭയെ മുഴുവൻ ഈ പുരോഹിത ധർമ്മത്തിലേക്ക് അതായത് ദിവ്യരഹസ്യങ്ങളുടെ പരിസേവകരും വിചാരിപ്പുകാരുമായിത്തീരുന്ന അവസ്ഥയിലേക്ക് നയിക്കുവാനാണ് നാം പ്രത്യേകം പട്ടം കൊടുത്ത് ചിലരെ പട്ടക്കാരും മേല്പട്ടക്കാരുമായി നിയമിക്കുന്നത്. അങ്ങനെ അവർ ദൈവജനത്തിന്റെ നായകന്മാരും ഭരണകർത്താക്കളും ആചാര്യന്മാരും ആയിത്തീരുന്നു. ഇവിടെയാണ് മോശ ക്രിസ്തീയ പുരോഹിതനു മാതൃകയായിത്തീരുന്നത്. സാധാരണക്കാരനായിരുന്ന, വാഗ്മിത്വമോ മറ്റ് വലിയ കഴിവുകളോ ഇല്ലാതിരുന്ന മോശ ദൈവതേജസ് അഭിമുഖമായിക്കണ്ടു. ആത്മികാനുഭവത്തിന്റെ അത്യുന്നത സോപാനങ്ങൾ കയറി. ദൈവജനത്തെ മുഴുവൻ ആ മഹത്വാനുഭവത്തിലേക്ക് ആകർഷിച്ചു.

ക്രിസ്തീയ പുരോഹിതനും മഹാപുരോഹിതനും മൗലികമായി ജനങ്ങളിൽ നിന്ന് വ്യത്യസ്തരല്ല. അടിസ്ഥാനപരമായി പുരോഹിതൻ ദൈവജന

ത്തിലൊരുവനാണ്. മാമോദീസായേറ്റ് ക്രിസ്തുവിന്റെ ശരീര രക്തങ്ങളിൽ പങ്കാളിയായ ഒരു ക്രിസ്ത്യാനിയാണ് മൗലികമായി ഏതൊരു പുരോഹിതനും. ആത്യന്തികമായ ഈശ്വരാനുഭവത്തിലും പുരോഹിതൻ ജനങ്ങളിൽ നിന്ന് വ്യത്യസ്തനല്ല. കാരണം ദിവ്യരഹസ്യങ്ങളുടെ പരിസേവകരായിത്തീരാനുള്ള വിളി പുരോഹിതനും ജനങ്ങൾക്കും ഒരുപോലെയാണ്. ജനങ്ങളെ ഈ അനുഭവത്തിലേക്കു നയിക്കാനുള്ള പ്രത്യേക വിളിയും നൽവരവും ജനസ്വീകരണവും പുരോഹിതനു ലഭിക്കുന്നതുമൂലമാണ് അദ്ദേഹം മറ്റുള്ളവരിൽ നിന്ന് വ്യത്യസ്തനാണ് എന്ന് നാം പറയുന്നത്.

**മോശയും അഹറോനും**

ഇവിടെ മോശയും അഹറോനും തമ്മിലുള്ള വ്യത്യാസം ശ്രദ്ധേയമാണ്. അഹറോൻ നിയമാനുസൃത ലേവ്യ പൗരോഹിത്യത്തിന്റെ പ്രതിനിധിയാണ്. പൂജാരിയും അനുഷ്ഠാനകനുമാണ്. മോശയും പുരോഹിതനാണ്. പക്ഷേ ഏതെങ്കിലും സങ്കുചിതമായ നിയമത്തിന്റേയോ വ്യവസ്ഥാപിത പൗരോഹിത്യത്തിന്റെയോ ചട്ടക്കൂടുകൾക്കുള്ളിൽ മോശ ഒതുങ്ങുന്നില്ല. ദിവ്യജ്ഞാനത്തിന്റെ ഉന്നതഗിരികളിലെത്തിയ മോശ യോഗിയാണ്, മഹാഗുരുവാണ്, ശ്രേഷ്ഠാചാര്യനാണ്, അതുല്യനായ ജനനായകനാണ്. മോശ വംശവിമോചകനാണ്, പ്രവാചകനാണ്, പ്രവാചകന്മാരുടെ തലവനാണ്. പുരോഹിതനായ അഹറോനെയല്ല ക്രിസ്തീയ പുരോഹിതന്റെ മാതൃകയായി പാരമ്പര്യം എടുത്തു കാണിക്കുന്നത്; സീനായ് മലയിൽ അജ്ഞേയമായ ദിവ്യരഹസ്യങ്ങളുടെ മേഘാവരണത്തിനുള്ളിലേക്കു പ്രവേശിക്കുന്ന മഹർഷിയായ മോശയാണ് മാതൃക. മരുഭൂമികളിലൂടെ വർഷങ്ങളോളം ജനങ്ങളെ ക്ഷമയോടെ നയിക്കുന്ന സൗമ്യനായ ഭരണകർത്താവായ മോശയാണ് മാതൃക. വിക്കനെങ്കിലും ദൈവത്തിന്റെ വിളി മൂലം ജനങ്ങൾക്ക് ആചാര്യനായിത്തീർന്ന മഹാഗുരുവായ മോശയാണ് മാതൃക.

അഹറോൻ നിയമാനുസൃത പുരോഹിതനായിരുന്നെങ്കിൽ മോശ പ്രത്യേക നൽവരങ്ങളും സിദ്ധികളും ലഭിച്ച "കാരിസ്മാറ്റിക്" പുരോഹിതനായിരുന്നു. ഈ പൗരോഹിത്യത്തിനാണ് ക്രിസ്തീയ പൗരോഹിത്യവുമായി ഗാഢബന്ധമുള്ളത്. കാനോൻ നിയമങ്ങളിലും അനുഷ്ഠാന പ്രധാനമായ മതത്തിലും മാത്രം ഒതുങ്ങിനിൽക്കുന്ന ഒന്നായിട്ടല്ല ക്രിസ്തീയ പൗരോഹിത്യത്തെ സഭ വിഭാവനം ചെയ്യുന്നത്.

**സീനായ് സംഭവത്തിന്റെ സ്വാധീനം**

മോശ സീനായ് പർവ്വതത്തിന്റെ ദൈവസന്നിധിയിലേക്കു പ്രവേശിക്കുന്നതായി വിവരിക്കുന്ന പഴയനിയമ വേദഭാഗം പൗരസ്ത്യ ദൈവശാസ്ത്രത്തിൽ വളരെ മൗലികമായ സ്വാധീനം ചെലുത്തിയിട്ടുണ്ട് (പുറ. 24:34).

ഒന്നാം നൂറ്റാണ്ടിൽ അലക്സാന്ത്രിയയിലെ ഫിലോ എന്ന പണ്ഡിതന്റെ കാലം മുതൽ ദൈവത്തിന്റെ സ്വഭാവത്തെക്കുറിച്ചും ദൈവജ്ഞാനത്തെ ക്കുറിച്ചുമുള്ള ചിന്തകൾക്ക് ആധാരമായി സീനായ് സംഭവത്തെ സ്വീകരി ക്കുന്നതായി കാണാം. പുറപ്പാടു പുസ്തകത്തിൽ വിവരിച്ചിരിക്കുന്ന സംഭ വങ്ങളെ അന്യാപദേശരൂപത്തിലും (allegory) ആലങ്കാരികമായും വ്യാഖ്യാ നിച്ച് ദിവ്യജ്ഞാനത്തിന്റെ സ്വഭാവം വെളിപ്പെടുത്താനാണ് ഫിലോയും അതിനുശേഷം അലക്സാന്ത്രിയയിലെ ക്ലിമീസ്, ഓറിജൻ, കൈസര്യയിലെ ബസേലിയോസ്, നാസിയാൻസിലെ ഗ്രീഗോറിയോസ്, നിസ്സായിലെ ഗ്രീഗോറിയോസ് തുടങ്ങിയവരും ശ്രമിക്കുന്നത്.

പ്രതിഭാശാലികളും ആത്മിക സിദ്ധികൾ ഉള്ളവരുമായിരുന്ന ഈ ക്രിസ്തീയ ചിന്തകന്മാരുടെ ദൈവശാസ്ത്ര ചിന്തയെ രൂപപ്പെടുത്തിയ ഈ വേദഭാഗങ്ങളെ അടിസ്ഥാനമാക്കി ഏതാനും കാര്യങ്ങൾ നമുക്കു ചിന്തിക്കാം.

### ദിവ്യരഹസ്യങ്ങളിലേക്കുള്ള ഉപനയനം
(Initiation into the Mysteries of God)

മോശ മാത്രമാണ് സീനായ് മലയുടെ ഉന്നതത്തിൽ മേഘത്തിനുള്ളിൽ പ്രവേശിക്കുന്നത്. അഹറോനും മൂപ്പൻമാരും അവരവരുടെ ആത്മിക നിലവാരത്തിനനുസരണമായി മലയുടെ ചരിവിൽ നിൽക്കുന്നു. സാധാരണ ജനങ്ങൾ അങ്ങ് താഴെ, മലയെ തൊടാതെ മാറിനിൽക്കുന്നു. മോശ ഇരുണ്ട മേഘത്തിലേക്കാണ് പ്രവേശിക്കുന്നത്. നിസ്സായിലെ ഗ്രിഗോറിയോസി ന്റെയും മറ്റും വ്യാഖ്യാനമനുസരിച്ച് മോശയ്ക്ക് ദൈവസാന്നിദ്ധ്യം വെളി പ്പെടുന്നത് അന്ധകാരമായിട്ടാണ്. എന്നുവച്ചാൽ ദൈവത്തിന്റെ യഥാർത്ഥ സത്ത അജ്ഞേയമാണ്, ദുർഗ്രാഹ്യമാണ്, മനുഷ്യമനസ്സിന് ഒരിക്കലും പിടിച്ചെടുക്കാൻ കഴിയാത്തതാണ് എന്നർത്ഥം. ദൈവത്തിന്റെ കാതലായ അജ്ഞേയതയുടെ പ്രതീകമാണ് ഇരുണ്ട മേഘം. ഈ മേഘത്തിനുള്ളിൽ മനുഷ്യബുദ്ധിയുടെയും കഴിവിന്റെയും കണ്ണുകൾ അന്ധമായിപ്പോകുന്നു.

മോശ വെറുമൊരു ആട്ടിടയനായിരുന്ന കാലത്ത്, ആത്മികമായി സാധാ രണതലത്തിൽ നിന്ന കാലത്ത്, അവനു ദൈവിക ദർശനമുണ്ടായി. മുൾ പ്പടർപ്പിൽ കത്തുന്ന തീയായി, പ്രകാശമായി അന്ന് ദൈവത്തെ മോശയ റിഞ്ഞു. മോശ കൂടുതൽ ആത്മികമായി ഉയരുന്തോറും ഈ ബാഹ്യ പ്രകാശം നഷ്ടപ്പെടുന്നു. അവസാനം സീനായ് മലയിൽ അന്ധകാരമായി ദൈവം മോശയ്ക്കു വെളിപ്പെടുന്നു. ജ്ഞാനവും ആത്മാവും തന്നിൽ വർ ദ്ധിച്ചുവന്ന് ആത്മീയാനുഭവത്തിന്റെ ഉച്ചകോടിയിലെത്തിയപ്പോൾ മോശ അറിഞ്ഞത് ദൈവത്തിന്റെ കാതലായ സത്തയെ അറിയാൻ ഒരിക്കലും മനു ഷ്യനു കഴിവില്ലെന്നാണ്. എല്ലാ അറിവിനെയും നിഷേധിക്കുന്ന ഈ അറി വായിരുന്നു യഥാർത്ഥ അറിവ്.

ദൈവത്തിന്റെ ഈ നിഗൂഢസ്വഭാവത്തെ മനസ്സിലാക്കിക്കൊണ്ടാണ് "ആഴങ്ങളിൽ ആച്ഛാദിതമായിരിക്കുന്ന ദിവ്യദീപ്തി" എന്ന് ദൈവത്തെക്കുറിച്ച് നാസിയാൻസിലെ ഗ്രീഗോറിയോസ് പറഞ്ഞത്.

സീനായ് മലയിലേക്കുള്ള മോശയുടെ ഈ ആരോഹണം ആത്മികമായ തീർത്ഥാടനമാണ്. നമ്മുടെ ജീവന്റെ ഉറവയിലേക്ക്, പ്രകാശത്തിന്റെ പ്രഭവസ്ഥാനത്തേക്കുള്ള ശ്രമകരമായ തീർത്ഥാടനമാണിത്. ഈ തീർത്ഥാടനം പൗരോഹിത്യ ധർമ്മമാണ്. ദൈവത്തെ അറിയാനുള്ള ആത്മാർത്ഥമായ ശ്രമങ്ങളിലൂടെ, ജ്ഞാനത്തിന്റെ ലൗകികമായ എല്ലാ തലങ്ങളും കടന്ന് അവസാനം സകല ജ്ഞാനത്തെയും ശ്രമത്തെയും കഴിവിനെയും നിഷേധിച്ച് അതീതാജ്ഞാനത്തിലേക്കും (transcendental ignorance) അതുമൂലം അതീതജ്ഞാന (transcendental knowledge) ത്തിലേക്കുമാണ് തീർത്ഥാടകൻ പ്രവേശിക്കുന്നത്.

## 1. വെളിപാടിന്റെ അർത്ഥം

യേശുക്രിസ്തുവിൽ ദൈവം സ്വയം വെളിപ്പെടുത്തിയതുകൊണ്ട് ഇനി കൂടുതലൊന്നും ദൈവത്തെക്കുറിച്ച് അറിയാനില്ല, അന്വേഷിക്കാനില്ല എന്ന ചിന്ത ചിലർക്കുണ്ട്. ഇത് വെളിപാടിനെക്കുറിച്ചുള്ള ഒരു തെറ്റിദ്ധാരണ മൂലമാണ്. വെളിപാടെന്നു വച്ചാൽ ബുദ്ധിപരമായി ദൈവത്തെ കൂടുതൽ മനസ്സിലാക്കാനുള്ള അവസരമാണെന്നും, എഴുതപ്പെട്ട വചനത്തിലൂടെ നമുക്കെല്ലാം മനസ്സിലായിക്കഴിഞ്ഞു എന്നുമാണ് ചിലർ ചിന്തിക്കുന്നത്. മാർട്ടിൻ ഹൈഡഗ്ഗർ ഈ നൂറ്റാണ്ടിൽ പാശ്ചാത്യസംസ്കാരം ജനിപ്പിച്ച സമുന്നത ദാർശനികനായിരുന്നു. ഉള്ളതെന്താണ്, ഉള്ളതിന്റെ (ഉണ്മയുടെ) സ്വഭാവമെന്താണ്, ഉണ്മയെ എങ്ങനെ വെളിപ്പെടുത്താം എന്നൊക്കെയാണ് അദ്ദേഹം ചിന്തിച്ചത്. ക്രിസ്തീയ വിശ്വാസത്തിൽ വെളിപാട് എന്ന ആശയമുള്ളതുകൊണ്ട് ഉണ്മയെക്കുറിച്ചുള്ള ഈ ദാർശനികമായ അന്വേഷണം ഉണ്ടാവാനിടയില്ല എന്ന് ഹൈഡഗ്ഗർ പറഞ്ഞു. പ്രമുഖ പ്രോട്ടസ്റ്റന്റ് വേദശാസ്ത്രജ്ഞനായിരുന്ന കാൾ ബാർത്തും വേറൊരുതരത്തിൽ ഇതേ അഭിപ്രായം പറഞ്ഞു. അദ്ദേഹത്തിന്റെ ചിന്ത അനുസരിച്ച് ക്രിസ്തുവിൽ ദൈവം പൂർണ്ണമായി സ്വയം വെളിപ്പെടുത്തി. പാപിയും നിസ്സഹായനുമായ മനുഷ്യന്റെ അന്വേഷണങ്ങൾക്കും ചിന്തയ്ക്കും ശ്രമത്തിനും യാതൊരു വിലയുമില്ല. ക്രിസ്തുവിലൂടെ ദൈവം മുൻകൈയെടുത്ത് ഏകപക്ഷീയമായി മനുഷ്യനെ രക്ഷിച്ചു. അതുകൊണ്ട് ഈശ്വരസത്തയെക്കുറിച്ചും മറ്റുമുള്ള മനുഷ്യന്റെ ദാർശനികമായ അന്വേഷണങ്ങൾ നിരർത്ഥകമാണ്.

ഇവർ രണ്ടുപേരും 'ക്രിസ്തുവിലുള്ള വെളിപാടി'നെ തെറ്റിദ്ധരിച്ചിട്ടുണ്ട്. ബുദ്ധിപരമായ അറിവുമായിട്ടാണ് അവർ വെളിപാടിനെ ബന്ധപ്പെടുത്തിയത്. പൗരസ്ത്യ ക്രിസ്തീയ ചിന്തയനുസരിച്ച് മനുഷ്യാവതാരം ചെയ്ത

ക്രിസ്തുവിലൂടെയുള്ള വെളിപാട് നമ്മെ ദിവ്യരഹസ്യങ്ങളിലേക്ക് ഉപനയിക്കുന്നു (Revelation in Christ initiates us to the mysteries of God).

ഉപനയനം പ്രവേനമാണ്, പുതിയൊരു തുടക്കമാണ്. സമ്പന്നവും സങ്കീർണ്ണവുമായ ഒരു പുതിയ ജീവിതാനുഭവത്തിന്റെ ആരംഭമാണ്. മാമോദീസായിലൂടെയും വിശുദ്ധ കുർബ്ബാനയിലൂടെയും ക്രിസ്തുവിന്റെ ജീവനിൽ നാം പങ്കാളികളാകുകയും പുതിയ ആഴമേറിയ ഈശ്വരാനുഭവത്തിലേക്ക് ഉപനയിക്കപ്പെടുകയും ചെയ്യുന്നു. ദൈവം സ്നേഹമാണ് എന്നുള്ള വെളിപാട് ലഭിച്ചതുകൊണ്ടു മാത്രം ദൈവസ്നേഹത്തിന്റെ ആഴമറിയാനും അളക്കാനും നമുക്കു സാദ്ധ്യമല്ല. നേരെമറിച്ച്, ക്രിസ്തുവിലൂടെ ലഭിച്ച ആ വെളിപാട് ദൈവസ്നേഹത്തിന്റെ ആഴങ്ങളിലേക്കും അനന്തതയിലേക്കും നമ്മെ പ്രവേശിപ്പിക്കുകയാണ്. അങ്ങനെ പ്രവേശിച്ചു കഴിഞ്ഞാൽ പിന്നെ അവിടെ ദൈവസ്നേഹത്തെ അളക്കാനോ ബുദ്ധിയിൽ വിശകലനം ചെയ്തു മനസ്സിലാക്കാനോ ഉള്ള ശ്രമമില്ല. സ്നേഹത്തിന്റെ അനുഭവത്തിലൂടെ, നമ്മുടെ സ്വഭാവത്തിന്റെ രൂപാന്തരത്തിലൂടെ, ദൈവസ്വഭാവത്തിന് അനുരൂപരായിത്തീരുകയാണ് നാം.

ആത്മികാനുഭവത്തിന്റെയും ദൈവദർശനത്തിന്റെയും പ്രതീകമായ സീനായ് മലയാണ് നമ്മുടെ മുമ്പിലുള്ളത്. നാം വി. കുർബ്ബാനയർപ്പിക്കുന്ന ബലിപീഠത്തിന്റെയും അതിനുപരി സ്വർഗ്ഗത്തിന്റെയും പ്രതീകമാണ് സീനായിമലയുടെ കൊടുമുടി. കൂദാശകളുടെ, അല്ലെങ്കിൽ പൗരസ്ത്യശൈലിയിൽ പറഞ്ഞാൽ 'രഹസ്യങ്ങളു'ടെ, പരിസേവകരായി നാം വിളിക്കപ്പെട്ടിരിക്കുന്നു. മോശയെപ്പോലെ നാം ചെന്നെത്തേണ്ടത് ദിവ്യജ്ഞാനത്തിലേക്കും ദൈവദർശനത്തിലേക്കുമാണ്. നമ്മുടെ പാരമ്പര്യമനുസരിച്ച് ഭൂമിയിലുള്ള ബലിപീഠത്തിൽ അനുഷ്ഠിക്കുന്ന രഹസ്യങ്ങളിലൂടെ നാം പ്രവേശിക്കുന്നത് സ്വർഗ്ഗീയ ബലിയിലേക്കാണ്. ദൈവത്തിന്റെ മഹനീയ സന്നിധിയിലേക്കാണ്. അവിടേക്ക് സൃഷ്ടിയെ മുഴുവൻ കൊണ്ടുവരുവാൻ വേണ്ടി, സകല സൃഷ്ടിക്കുംവേണ്ടി നാം ദൈവസന്നിധിയിൽ കൈകളുയർത്തി നിൽക്കുന്നു. അങ്ങനെ നിൽക്കുമ്പോഴും, വിക്കനും സാധാരണക്കാരനുമായിരുന്ന മോശയെപ്പോലെ സാധാരണജനങ്ങളിലൊരുവൻ മാത്രമാണ് നാം ഓരോരുത്തരുമെന്ന് മറക്കാതിരിക്കുക.

### 2. മൂടുപടമിട്ട ദിവ്യതേജസ്സ് (Veiled Glory of God)

മോശ മേഘത്തിനുള്ളിൽ ദൈവസന്നിധിയിൽ നിന്നപ്പോൾ തന്റെ മുഖത്തിന്റെ ത്വക്ക് പ്രകാശിച്ചു. ഇതറിയാതെയാണ് മോശ നിയമത്തിന്റെ കൽപലകകളുമായി താഴേക്കിറങ്ങിയത്. അഹരോനും മൂപ്പന്മാരും ജനങ്ങളുമെല്ലാം തന്നെ മോശയുടെ മുഖത്തേയ്ക്ക് നോക്കുവാൻ ഭയപ്പെട്ടു. ക്രമേണ മോശയ്ക്ക് കാര്യം മനസ്സിലായി. മൂടുപടം വലിച്ചിട്ട് തന്റെ പ്രകാശിക്കുന്ന

മുഖത്തെ മോശ മറച്ചു. പിന്നീടു ദൈവസന്നിധിയിൽ നിൽക്കുന്ന സമയത്തൊക്കെ മോശ മൂടുപടം നീക്കുകയും ജനങ്ങളെ അഭിമുഖീകരിക്കുമ്പോഴൊക്കെ മുഖത്ത് മൂടുപടമിടുകയും ചെയ്യും. എന്തുകൊണ്ടായിരിക്കാം മോശ ജനങ്ങളുടെ നേരെ തിരിഞ്ഞപ്പോഴൊക്കെ തന്റെ മുഖത്തിന്റെ ശോഭ മറച്ചുകളഞ്ഞത്? ജനങ്ങൾക്ക് ഈ ശോഭ താങ്ങാനാവാത്തതുകൊണ്ടാണെന്ന് പഴയനിയമത്തിൽ സൂചിപ്പിക്കുന്നു. എന്നാൽ പൗലോസ് ശ്ലീഹാ കൊരിന്ത്യ ലേഖനത്തിൽ നല്കുന്നുണ്ട് അദ്ദേഹത്തിന്റേതായ ഉത്തരം (കോരി. 4:12-18). മോശയുടെ മുഖത്തെ തേജസ്സ് ക്രമേണ മായുന്നതായിരുന്നു. അങ്ങനെ തന്റെ മുഖശോഭ നഷ്ടപ്പെടുന്നതായി ജനങ്ങൾ അറിയുന്നതിനെക്കുറിച്ച് മോശയ്ക്കു ഭയവും ലജ്ജയും തോന്നി. അതുകൊണ്ട് തേജസ്സ് മാഞ്ഞുപോകുന്നത് ആരും അറിയാതിരിക്കാനായി മോശ മുഖത്തു മൂടുപടമിട്ടു. ഇത് അൽപ്പം പരിഹാസം കലർത്തിയാണ് പൗലോസ് ശ്ലീഹാ പറയുന്നത്. മോശയെയല്ല അദ്ദേഹം പരിഹസിക്കുന്നത്, ന്യായപ്രമാണത്തെ പൊതുവായിട്ടാണ്. ന്യായപ്രമാണത്തിന്റെ നീതിയും മഹത്വവും മാഞ്ഞുപോകുന്നതാണെന്നും പഴയനിയമത്തിൽ ഒതുങ്ങിനിന്ന് അതു വായിക്കുന്നവരുടെയെല്ലാം മുഖത്ത് ഇപ്പോഴും ഭയത്തിന്റെയും ലജ്ജയുടെയും മൂടുപടം കിടക്കുന്നുവെന്നും പൗലോസ് ശ്ലീഹാ പറഞ്ഞു. പുതിയനിയമത്തിൽ, യേശുക്രിസ്തുവിലൂടെ അനാവൃതമായ മുഖത്തോടെ, ദൈവതേജസ്സിനെ പ്രതിഫലിപ്പിക്കുവാൻ നമുക്ക് സാദ്ധ്യമാണ് എന്ന് ഊന്നിപ്പറയാനാണ് പൗലോസ് ശ്ലീഹാ ആഗ്രഹിച്ചത്.

ഏതായാലും മോശ മുഖത്തു മൂടുപടമിട്ടതിനെ വേറൊരു തരത്തിൽ നമുക്കു വ്യാഖ്യാനിക്കാം. ദൈവത്തിന്റെ നിഗൂഢമായ പ്രകാശം നിഗൂഢമായിത്തന്നെ സൂക്ഷിക്കാൻ മോശ ആഗ്രഹിച്ചു. പ്രത്യേക ഒരുക്കവും അർഹതയുമില്ലാത്തവർക്ക് ഒരു പക്ഷേ ദിവ്യപ്രകാശത്തിന്റെ ഈ പ്രതിഫലനം പോലും അപകടമുണ്ടാക്കിയേക്കാമെന്ന് മോശ ഭയപ്പെട്ടു.

ദൈവസിംഹാസനത്തിനു ചുറ്റും നിൽക്കുന്ന മാലാഖമാർ പോലും ദിവ്യപ്രകാശത്തെ കാണാതിരിക്കാൻ മുഖംമൂടുന്നതായി പാരമ്പര്യം പറയുന്നു. ആറാറു ചിറകുകളുള്ള സ്രാപ്പേന്മാർ ആറു ചിറകുകളിൽ രണ്ടെണ്ണം കൊണ്ട് കാൽ മൂടുന്നു, രണ്ടെണ്ണം കൊണ്ട് മുഖം മൂടുന്നു രണ്ടു കൊണ്ട് പറന്നു നിൽക്കുന്നു. പുരാതനമായ ഒരു പാരമ്പര്യമാണിത്. മോശയ്ക്കും ആദ്യം ദൈവദർശനമുണ്ടാകുമ്പോൾ ദൈവമഹത്വം കാണാനാവാതെ തന്റെ മുഖം മൂടുന്നുണ്ട്. ഇതേ വികാരം കൊണ്ടു തന്നെയാകണം മോശ ജനത്തിന്റെ മുമ്പിൽ മുഖം മൂടി നിൽക്കുന്നത്.

മറ്റൊരു കാരണം കൂടിയുണ്ട്. മോശ ഒട്ടുംതന്നെ പരസ്യം ആഗ്രഹിച്ചിരുന്ന വ്യക്തിയല്ല. “സകല മനുഷ്യരിലും സൗമ്യൻ” എന്നു അറിയപ്പെട്ടി

രുന്നു മോശ. വാഗ്മിത്വമില്ലാതിരുന്നതുകൊണ്ടും വിക്കനായിരുന്നതു കൊണ്ടും അഹറോനാണ് മോശയ്ക്കു വേണ്ടി ജനത്തോടും മൂപ്പന്മാരോടും സംസാരിക്കുന്നത്. പരസ്യത്തിനും പ്രസിദ്ധീകരണത്തിനും പൊതുവെ വിമുഖനായ മോശയാണ് പ്രകാശിക്കുന്ന സ്വന്തം മുഖം മൂടുന്നതായി നാം കാണുന്നത്. 'ക്യാമറ'യ്ക്കു നേരെ തിരിയാൻ മോശയ്ക്ക് എപ്പോഴും മടിയായിരുന്നു.

ഇന്നത്തെ നമ്മുടെ സംസ്ക്കാരത്തിൽ നിന്ന് വളരെ വ്യത്യസ്തമായിരുന്നു മോശയുടെ മനോഭാവം; പേര് പരസ്യപ്പെടുത്തുകയും, അതിൽ ആനന്ദം കണ്ടെത്തുകയും ചെയ്യുന്ന തലമുറയാണ് നമ്മുടേത്. സമ്മാനം കൊടുക്കുകയും വാങ്ങുകയും ചെയ്യുന്നവർ, ദാനധർമ്മം ചെയ്യുന്നവർ, കുടിവെള്ളം വിതരണം ചെയ്യുന്നവർ, സാധുക്കളുടെ പുര മേഞ്ഞുകൊടുക്കുന്നവർ, ഉദ്ഘാടനം ചെയ്യുന്നവർ, ഊരു ചുറ്റുന്നവർ, പ്രസംഗിക്കുന്നവർ എല്ലാവരും ക്യാമറയ്ക്ക് അഭിമുഖമായി തിരിയുന്നു. പത്രമാസികകളും റേഡിയോയും ടെലിവിഷനുമെല്ലാം സുലഭമായപ്പോൾ ആർക്കും എന്തും പരസ്യപ്പെടുത്താമെന്നു വരുന്നു.

ഇവിടെയാണ് നമ്മുടെ പ്രശ്നം. നമ്മുടെ ജീവിതത്തിന്റെ ഉപരിതലത്തിൽ തിളങ്ങിക്കാണുന്നതെന്തൊക്കെയോ, അത്രയുമേ ആകെ നമ്മിൽ പലർക്കുമുള്ളു. നമ്മുടെ ജീവിതം ഒരു "ഷോകേസ്" ആയി മാറുന്നു. ആഴമായി ഒന്നുമില്ല. മറഞ്ഞിരിക്കുന്ന ധനമൊന്നുമില്ല. നിഗൂഢമായ നെല്ലറകളൊന്നുമില്ല. ആഴമായി ഒന്നുമില്ലെന്ന് നമുക്കറിയാവുന്നതുകൊണ്ട്, ഉപരിതലത്തിലുള്ളതിനെ വീണ്ടും വീണ്ടും നാം തേച്ചുമിനുക്കുകയും എത്രയും വ്യക്തമായി അത് പ്രദർശിപ്പിക്കാമോ അങ്ങനെ പ്രദർശിപ്പിക്കുകയും ചെയ്യുന്നു. ദൈവദർശനത്തിന്റെ ആഴത്തെക്കുറിച്ച് ബോദ്ധ്യമുണ്ടായിരുന്ന മോശ, ഒരിക്കലും തീർന്നുപോകാത്ത മഹാധനത്തിന് അവകാശിയായ മോശ പുറത്തൊന്നും കാണിക്കുന്നില്ല. മോശ തിളങ്ങുന്ന തന്റെ മുഖത്തെ പ്രദർശിപ്പിക്കാതെ മൂടുപടമിടുന്നു. ആ മൂടുപടത്തിനടിയിൽ അഗാധ രഹസ്യങ്ങൾ നിഗൂഢമായിരിക്കുന്നു. മോശ ആ രഹസ്യങ്ങളുടെ സാക്ഷിയും ശുശ്രൂഷകനും കാര്യസ്ഥനുമായി മാറുന്നു.

ദൈവത്തിൽ നിന്നു ലഭിക്കുന്ന അപൂർവ്വ ദർശനങ്ങളും ചില നൽവരങ്ങളും, അദ്ഭുതകരമായ ആത്മീയാനുഭൂതികളും നിഗൂഢമായി സൂക്ഷിക്കുന്ന ഒരു പാരമ്പര്യമാണ് യഥാർത്ഥ ക്രിസ്തീയാചാര്യന്മാർ കാണിച്ചു തന്നിട്ടുള്ളത്. ഈ മറച്ചുവയ്ക്കലും, പ്രസിദ്ധപ്പെടുത്താനുള്ള വൈമുഖ്യവും ആ അനുഭവങ്ങളുടെ സത്യാവസ്ഥയുടെ തെളിവുകളായിരുന്നു. എന്നാൽ ഇന്നു നാം കാണുന്ന പല സിദ്ധന്മാരും രോഗശാന്തിക്കാരും ആത്മീയാചാര്യന്മാരുമെല്ലാം ആൾക്കൂട്ടം തങ്ങളെ പൊതിഞ്ഞു നിൽക്കുന്നതിൽ

വിശ്വസിക്കുന്നവരാണ്. ലക്ഷക്കണക്കിൽ പണം ചെലവു ചെയ്ത് പരസ്യങ്ങൾ നൽകിയും ആരാധകരെ വിഭ്രമിപ്പിച്ച് അവരെക്കൊണ്ട് പെരുമ്പറയടിപ്പിച്ചും വിരാജിക്കുന്ന സിദ്ധന്മാരും ഗുരുക്കന്മാരും നിറഞ്ഞതാണ് ഇന്നത്തെ ലോകം.

### നന്മയുടെ വിത്തുകൾ

ഇതുപോലെ ഇന്ന് രഹസ്യമായി ചെയ്യപ്പെടുന്ന നന്മകൾ വളരെ ചുരുക്കമാണ്. ഇന്ന് വലംകൈ ചെയ്യുന്നത് ഇടംകൈ അറിയുമെന്നു മാത്രമല്ല പത്രക്കാരും നാട്ടുകാരുമെല്ലാം അത് തീർച്ചയായും അറിഞ്ഞിരിക്കണമെന്ന് നന്മ ചെയ്യുന്ന ഉദാരമതികൾക്ക് നിർബന്ധവുമാണ്. നമ്മുടെ ഭക്തസംഘടനകളേയും പള്ളികളേയും പുരോഹിതന്മാരേയും ഈ രോഗം പിടികൂടുമ്പോൾ അത് അങ്ങേയറ്റം അപഹാസ്യമാണ്. ഇരുന്നതിന്റേയും, എഴുന്നേറ്റതിന്റെയും, ഉണ്ടതിന്റേയും, ഉറങ്ങിയതിന്റെയും ജൂബിലികൾ ആഘോഷിക്കുകയും അത്തരം കൃത്രിമാവസരങ്ങളിൽ സ്തുതിപാഠകന്മാരുടെ പൊളിവചനങ്ങളും മുഖസ്തുതികളും കേട്ട് സന്തോഷിക്കുകയും അതിന്റെ റിപ്പോർട്ട് സവിസ്തരം പത്രങ്ങളിൽ കൊടുത്ത് ആനന്ദമടയുകയും ചെയ്യുന്ന ധാരാളംപേർ നമ്മുടെ സമൂഹത്തിലുണ്ട്. മഹാനായ മോശയെന്ന നേതാവ് ഇത്തരക്കാരിൽ നിന്ന് എത്ര വിദൂരസ്ഥനാണ്. മോശ തേജസ്സുറ്റ മുഖത്ത് മൂടുപടമിട്ട നേതാവായിരുന്നു.

ആരും ഒരിക്കലും അറിയാത്ത ഏതാനും ചില നന്മകളെങ്കിലും നമ്മുടെ ജീവിതത്തിൽ ഉണ്ടായിരുന്നെങ്കിൽ എത്ര നന്നായിരുന്നു! ഒരിക്കലും അവ അറിയപ്പെടാതിരിക്കണം. നമ്മുടെ മരണത്തോടെ എന്നെന്നേക്കുമായി അതു വിസ്മരിക്കപ്പെടണം. ഇത്തരം നന്മകൾ വലിയ ചില മരങ്ങളുടെ വിത്തുകൾ പോലെയാണ്. ചിലപ്പോൾ അനുകൂലമായ കാലാവസ്ഥ പ്രതീക്ഷിച്ച് വർഷങ്ങളോളം ഭൂഗർഭത്തിൽ അവ മറഞ്ഞുകിടക്കും. ആരുമറിയാത്ത, ആരാലും പ്രശംസിക്കപ്പെടാത്ത, അവാർഡ് നേടാത്ത, ജൂബിലിയാഘോഷിക്കാത്ത ഈ വിത്തുകൾ ഒരുനാൾ മുളയ്ക്കും, വളരും, പടർന്നു പന്തലിച്ചു മഹാവൃക്ഷമായി അനേകർക്കു തണലും ഫലങ്ങളും നൽകും. ആകാശത്തിലെ പക്ഷികൾക്കും, ഭൂമിയിലെ മനുഷ്യർക്കും സന്തോഷകാരണമായിത്തീരും. അത്തരം അജ്ഞാതമായ വിത്തുകളിൽ നിന്ന് വളർന്ന തരുലതാദികളായിരിക്കണം നമ്മുടെ ലോകത്തെ പൂർണ്ണമായ നാശത്തിൽ നിന്ന് തടഞ്ഞു നിർത്തുന്നത്.

വിശുദ്ധ കുർബ്ബാനയിൽ രഹസ്യപ്രാർത്ഥനകളുണ്ട്. ജനങ്ങളറിയാതെ, കേൾക്കാതെ, അവർക്കുവേണ്ടി പുരോഹിതൻ പ്രാർത്ഥിക്കുന്നുണ്ട്. ഈ രീതി തെറ്റാണെന്നും എല്ലാ പ്രാർത്ഥനകളും എല്ലാവർക്കും കേൾക്കണമെന്നും, കുർബാനയിലും പ്രാർത്ഥനയിലും സമ്പൂർണ്ണ "ജനാധിപത്യം"

നടപ്പാക്കണമെന്നും വാദിക്കുന്ന ഓർത്തഡോക്സ് ചിന്തകരുണ്ട്. അവരുടെ വാദങ്ങളിൽ ഒരുപക്ഷേ കുറേ ന്യായങ്ങളുണ്ടായിരിക്കാം. പക്ഷേ, ഞാനറിയാതെ ആരെങ്കിലും എനിക്കുവേണ്ടി പ്രാർത്ഥിക്കുന്നുണ്ടെങ്കിൽ ആ പ്രാർത്ഥനയ്ക്ക് ആഴം കൂടുതലുണ്ടെന്ന് തോന്നുന്നു. യേശുക്രിസ്തുവിൽ നമ്മെയും സകല സൃഷ്ടിയെയും വലയം ചെയ്യുന്ന ദിവ്യജീവനെക്കുറിച്ചുള്ള ബോധമാണ് നിശ്ശബ്ദവും നിഗൂഢവുമായ അത്തരം പ്രാർത്ഥനയുടെ പുറകിലുള്ളത്. മറ്റുള്ളവരറിയാതെ അവർക്കുവേണ്ടി നാം നടത്തുന്ന പ്രാർത്ഥനകളും അപേക്ഷകളും ചൊരിയുന്ന കണ്ണുനീരും നന്മയുടെ അറിയപ്പെടാത്ത വിത്തുകളാണ്. ശക്തിയുള്ള വിത്തുകളാണവ. ചില നവീകരണ സഭകളിൽ ചെയ്യുന്നതുപോലെ ആളുകളെ എണ്ണിയെണ്ണിയും ഉച്ചത്തിലും നടത്തുന്ന പ്രാർത്ഥനകൾക്ക് തീർച്ചയായും പ്രയോജനകരമായ ഒരു വശമുണ്ട്. എന്നാൽ ഓർത്തഡോക്സ് പാരമ്പര്യത്തിൽ താൽക്കാലികമായ ആ പ്രയോജനത്തേക്കാൾ സ്ഥായിയായതും ആഴമേറിയതുമായ നന്മയ്ക്കു പ്രാധാന്യം കൊടുക്കുന്ന രീതിയാണുള്ളത്.

## കൽപ്പലകയുടെ മറുവശം

മോശ കൽപ്പലകകൾ കൈയിൽ ജനത്തിനഭിമുഖമായി പിടിച്ചുകൊണ്ട് മലയിൽ നിന്നും ഇറങ്ങിവന്നു. അവന്റെ മുഖം തിളങ്ങിക്കൊണ്ടിരുന്നു. കൽപ്പലക യഹോവ തന്നെ എഴുതിയതായിരുന്നുവെങ്കിലും അതിനു തിളക്കമില്ലായിരുന്നു. ജനങ്ങൾ സ്വാഭാവികമായും തിളക്കമുള്ളിടത്താണ് അവരുടെ ശ്രദ്ധ കേന്ദ്രീകരിച്ചത്. മോശ മുഖത്തു മൂടുപടമിട്ടപ്പോൾ ജനങ്ങൾ കൽപ്പലകയിലേക്കു ശ്രദ്ധ തിരിച്ചു.

നാസിയാൻസിലെ മാർ ഗ്രീഗോറിയോസ് പറയുന്നത് ജനങ്ങൾ കൽപ്പലകയുടെ ഒരു വശം മാത്രം കണ്ടു, മറുവശം മോശയ്ക്ക് അഭിമുഖമായിരുന്നതുകൊണ്ട് മോശ മാത്രമേ അതു കാണുകയുണ്ടായുള്ളു എന്നാണ്. അഹരോനും മൂപ്പന്മാരും ജനങ്ങളും കണ്ട ഒരു വശം നിയമത്തിന്റെ വശമാണ്. നിയമത്തിന്റെ അക്ഷരങ്ങൾക്കപ്പുറം ഉയരാൻ അവർക്കു കഴിയുന്നില്ല. മോശ കൽപ്പലകകൾ കൊണ്ടുവന്നതോടെയാണല്ലോ നിയമ നിബദ്ധമായ മതം ഇസ്രയേലിൽ ആരംഭിക്കുന്നത്.

കൽപ്പലകയുടെ മറുവശം, നിയമത്തിനതീതമായി ഉയരുന്ന, സമ്പന്നവും ആഴമേറിയതുമായ ആത്മികാനുഭവത്തിന്റെ പ്രതീകമായിരുന്നു. രണ്ടു വശവും കണ്ടവൻ മോശയായിരുന്നു. കൽപ്പലകയുടെ ഇരു പുറവും വായിച്ച മോശയാണ് ക്രിസ്തീയ പുരോഹിതന്റെ മാതൃക.

കൽപ്പലകയുടെ മറുവശം കാണാത്തതിൽ താഴെ നിന്നവരെ കുറ്റം പറഞ്ഞിട്ടു കാര്യമില്ല. കാരണം മോശ അങ്ങനെയാണതു പിടിച്ചിരുന്നത്. പക്ഷേ അതല്ല അവിടത്തെ പ്രശ്നം. താഴെ നിൽക്കുന്നവർ അജ്ഞന്മാരും

മടിയന്മാരുമാണ്. കൽപ്പലകയുടെ ഒരു വശം തന്നെ ശരിക്കു വായിച്ചു മനസ്സിലാക്കുവാൻ അവർക്ക് താത്പര്യമില്ല. പിന്നെയാണ് മറുവശം! സ്വർണ്ണക്കാളക്കുട്ടിയെ വാർക്കാനും അതിനെ ആഘോഷിച്ചുകൊണ്ട് ഉൽസവവും പെരുന്നാളും റാസയും വെടിക്കെട്ടും നടത്താനുമേ അവർക്കു താൽപര്യമുള്ളു. പുരോഹിതനായ അഹരോൻ പോലും അവിടെ അറിവില്ലാത്ത ജനങ്ങളുടെ താളത്തിനൊത്ത് തുള്ളുകയാണ്. അഹരോന്യ പൗരോഹിത്യം ഏറ്റവുമുയർന്നാൽ കൽപ്പലകയുടെ ഒരുവശത്തെ നിയമങ്ങളെ ആക്ഷരികമായി ആചരിക്കും. അത്ര മാത്രം. കഠിനമായ ആത്മീയ നിഷ്ഠയിലൂടെയും ദിവ്യരഹസ്യങ്ങളുടെ മനനത്തിലൂടെയും, മോശയെപ്പോലെ ഉയർന്ന ആർക്കും കൽപ്പലകയുടെ മറുവശം കാണാമായിരുന്നു. അതിൽ ആർക്കും താൽപര്യമില്ലായിരുന്നു എന്നതാണ് വാസ്തവം.

പുരോഹിതൻ നിയമം അറിയുന്നവനും അനുസരിക്കുന്നവനുമായിരിക്കണമെന്നതിൽ ആർക്കും സംശയമില്ല. പക്ഷേ, സംഘടിത പൗരോഹിത്യത്തിന്റെ ഏറ്റവും വലിയ പ്രശ്നം അത് നിയമത്തിന്റെ ശുഷ്കമായ ചട്ടക്കൂട്ടിലൊതുങ്ങാനും സഭയെ മുഴുവൻ നിയമത്തിന്റെ മുനകളിൽ തളച്ചിടാനുമുള്ള പ്രവണത കാണിക്കുന്നു എന്നതാണ്. അതിന്റെ ഫലമായി വിപുലമായ ആത്മികാനുഭവങ്ങളും മനുഷ്യസ്നേഹപരമായ മഹൽ ദർശനങ്ങളും നഷ്ടപ്പെടുത്തിക്കൊണ്ട് ഇടുങ്ങിയതും അർത്ഥമില്ലാത്തതുമായ പ്രശ്നങ്ങളിൽ നാം കുടുങ്ങുന്നു. മരണാസന്നയായ ഒരു സ്ത്രീക്കു തൈലാഭിഷേകം നടത്തുമ്പോൾ അവരുടെ ചുണ്ടിൽ ലിപ്സ്റ്റിക്കുണ്ടായിരിക്കുകയും ലിപ്സ്റ്റിക്കിനു പുറത്ത് തൈലം പൂശുകയും ചെയ്താൽ ആ കൂദാശയ്ക്ക് എത്ര ഡിഗ്രി ഫലമുണ്ടാകും എന്ന് കൃത്യമായി കണക്കു കൂട്ടാൻ ഒരു കാലത്ത് ചില റോമൻ കത്തോലിക്കാ പണ്ഡിതന്മാർ ശ്രമിച്ചിരുന്നു. വിശുദ്ധ കുർബാന സൂക്ഷിച്ചു വച്ചത് എലിയെടുത്താലുണ്ടാകുന്ന അനന്തരഫലങ്ങളെക്കുറിച്ച് ഇവിടെയും ചർച്ചകൾ നടന്നിട്ടുണ്ടല്ലോ.

നമ്മുടെ പല പള്ളിത്തർക്കങ്ങളും ഇവയിലൊക്കെ കഷ്ടമായി മനുഷ്യരെ യഥാർത്ഥ ദൈവദർശനത്തിൽ നിന്നും ബഹുദൂരം അകറ്റുന്നതാണ്. അർത്ഥമില്ലാത്തതും, അക്രൈസ്തവവുമായ ലക്ഷ്യങ്ങൾക്കുവേണ്ടി ജനങ്ങളെ ഇളക്കി പ്രകടനങ്ങൾ നടത്താനും പണവും ശക്തിയും വാരിക്കോരി ചെലവാക്കാനും നമുക്കു മടിയില്ല. ഇത്തരം വിഭ്രാന്തികൾക്കു നേതൃത്വം കൊടുക്കുന്നവരാണ് മാതൃകാ പുരോഹിതന്മാർ എന്നു പോലും ചിന്തിക്കുന്ന ജനങ്ങൾ കുറെയെങ്കിലുമുണ്ട്. സീനായ് മലയിൽ കയറിയവനും കൽപ്പലകയുടെ ഇരുപുറങ്ങളും കണ്ടവനുമായ മോശയുടെ മാതൃക നിർഭാഗ്യവശാൽ ഇന്ന് നമുക്കധികമില്ലല്ലോ.

മോശ നിയമദാതാവായിരുന്നു. കൽപ്പലകകൾ ഒരവസരത്തിൽ എറിഞ്ഞുടച്ച നിയമ ലംഘകനുമായിരുന്നു. യഥാർത്ഥ പുരോഹിതൻ നിയമ

ത്തിന്റെ ഇടുങ്ങിയ ഭിത്തികൾക്കുപരിയായി സീനായ് മലയിൽ മേഘതമസ്സിൽ പ്രവേശിക്കുന്നവനാകണം. ഫറവോയുടെ സാമ്രാജ്യത്തിന്റെ അതിരുകൾ ലംഘിച്ച് കടക്കാനും, ചെങ്കടൽ തരണം ചെയ്യാനും ജനങ്ങളെ സഹായിക്കാൻ മോശയെപ്പോലുള്ള ദർശകനായ പുരോഹിതനേ കഴിയൂ.

### മനുഷ്യരഹസ്യത്തിന്റെ ശുശ്രൂഷകർ

ദൈവരഹസ്യങ്ങളിൽ പങ്കാളികളാകുന്നവരാണ് മനുഷ്യരും പ്രകൃതിയും. അതുകൊണ്ട് പുരോഹിതൻ മനുഷ്യരുടെയും പ്രകൃതിയുടെയും ശുശ്രൂഷകനും കാര്യസ്ഥനുമായിത്തീരുന്നു. ഇതെക്കുറിച്ചു കൂടി ഒരു വാക്ക് പറഞ്ഞുകൊള്ളട്ടെ.

കഴിഞ്ഞ നൂറ്റാണ്ടിന്റെ അവസാനം മനുഷ്യനെയും മനുഷ്യസമൂഹത്തെയും പറ്റി മൗലികമായി വിചിന്തനം ചെയ്യുന്ന മൂന്നു ചിന്താ പദ്ധതികൾ ഉടലെടുത്തു. മാർക്സിന്റെ സാമൂഹ്യ സാമ്പത്തിക സിദ്ധാന്തം, ഫ്രോയിഡിന്റെ മനഃശാസ്ത്ര സിദ്ധാന്തം, ഡാർവിന്റെ പരിണാമസിദ്ധാന്തം. ഇവയുടെ അടിസ്ഥാനത്തിൽ ഉണ്ടായ പഠനങ്ങളും സാമൂഹ്യ സാമ്പത്തിക വിപ്ലവങ്ങളും ചിന്താധാരകളും എല്ലാം കൂടിച്ചേർന്ന് ഒരു പുതിയ ലോകം സൃഷ്ടിച്ചു. മനുഷ്യനേയും അവന്റെ സ്വഭാവത്തേയും പെരുമാറ്റത്തേയും പൂർണ്ണമായി മനസ്സിലാക്കാനും നിയന്ത്രിക്കാനും ഇതുമൂലം കഴിയുമെന്ന് പലരും വിശ്വസിച്ചിരുന്നു. പക്ഷേ, ആ വിശ്വാസങ്ങളെല്ലാം അസ്ഥാനത്തായിരുന്നു. മാർക്സിന്റെയും, ഫ്രോയിഡിന്റെയും, ഡാർവിന്റെയും സിദ്ധാന്തങ്ങൾക്കു തിരിച്ചടികളും, തിരുത്തലുകളുമുണ്ടായി. ഇന്ന്, മനുഷ്യൻ പ്രശ്നങ്ങളുടെ മദ്ധ്യത്തിൽ, അഴിക്കുന്തോറും കുരുക്കു വീഴുന്ന ഒരു പ്രഹേളികയായിത്തന്നെ നില്ക്കുന്നു. മനുഷ്യൻ തന്നെ കൂട്ടിവച്ച ആയുധക്കൂമ്പാരങ്ങൾക്കിടയിൽ, അവൻ തന്നെ സൃഷ്ടിച്ച പ്രകൃതിനാശത്തിനു മദ്ധ്യത്തിൽ മനുഷ്യൻ ഭയന്നു വിറച്ച് ഭാവിയെക്കുറിച്ച് പ്രത്യാശയില്ലാതെ മനുഷ്യത്വത്തിന്റെ അന്തസ്സ് നഷ്ടപ്പെട്ട് നിസ്സഹായനായി കഴിയുന്നു.

മനുഷ്യനെ മനസ്സിലാക്കാൻ തീവ്രശ്രമങ്ങൾ ഇപ്പോഴും നടക്കുന്നുണ്ട്. ജീവശാസ്ത്രത്തിൽ ജീവകോശങ്ങളുടെ രഹസ്യത്തെക്കുറിച്ചും ജീവന്റെ പാരമ്പര്യത്തെക്കുറിച്ചും ഉല്പത്തിയെക്കുറിച്ചുമെല്ലാം ഒരു വശത്ത് ഗവേഷണങ്ങൾ നടക്കുന്നു. വേറൊരുവശത്ത് മനുഷ്യന്റെ തലച്ചോറിനെ സംബന്ധിച്ച പുതിയ ഗവേഷണങ്ങൾ ആരംഭിച്ചു കഴിഞ്ഞു. ഇതുവരെ ഏറ്റവും കുറച്ച് അറിയപ്പെട്ടിരുന്ന ശരീരഭാഗമാണ് മസ്തിഷ്കം. പ്രപഞ്ചത്തിലെ ഏറ്റവും സങ്കീർണ്ണമായ വസ്തു (The most complex piece of matter) എന്നും പലരും വിശേഷിപ്പിക്കുന്ന മസ്തിഷ്കത്തെക്കുറിച്ചുള്ള പഠനങ്ങൾ അദ്ഭുതകരമായ ഒരു പ്രപഞ്ചമാണ് നമുക്ക് തുറന്നു തരുന്നത്. ഒരു കാലത്ത് മനുഷ്യനെക്കുറിച്ച് മിക്കവാറും എല്ലാം പഠിച്ചുകഴിഞ്ഞു എന്ന് വിചാരിച്ചിരുന്ന

ലോകത്തിനു മുമ്പിൽ ആയിരക്കണക്കിനു വർഷങ്ങൾ ഗവേഷണം നടത്താവുന്ന സമസ്യകൾ വിടർന്നു വരുന്നു.

അജ്ഞേയനായ ദൈവത്തിന്റെ സ്വരൂപത്തിലും സാദൃശ്യത്തിലുമാണ് മനുഷ്യനെ സൃഷ്ടിച്ചിരിക്കുന്നത് എന്ന് ഇന്നു പല ദൈവശാസ്ത്രജ്ഞന്മാരേക്കാളും ബോദ്ധ്യം വലിയ വിശ്വാസികളല്ലാത്ത ജീവശാസ്ത്രജ്ഞന്മാർക്കും ഭൗതിക ശാസ്ത്രജ്ഞന്മാർക്കുമാണ്. അത്ര ആഴമേറിയതാണ് മനുഷ്യന്റെ രഹസ്യം. ഇന്ന് അതീന്ദ്രിയ ധ്യാനത്തിലൂടെയും മറ്റും മനുഷ്യരഹസ്യത്തെ പിടിച്ചെടുക്കുവാൻ മനുഷ്യൻ യത്നിക്കുന്നു. മനുഷ്യജീവിതത്തിന്റെ ഓരോ നിമിഷവും രഹസ്യാത്മകമാണ്. പരിചയംകൊണ്ട് നാമതു വിസ്മരിക്കുന്നു. കന്യകമറിയാമിന്റെ ഗർഭധാരണവും ക്രിസ്തുവിന്റെ ജനനവും മഹാരഹസ്യമായി സഭ ചൂണ്ടിക്കാണിക്കുന്നു. ക്രിസ്തീയ പാരമ്പര്യം ആ രീതിയിൽ അതിനെ വർണ്ണിക്കാൻ ശ്രമിക്കുന്നു. എന്നാൽ ലോകത്തിലേക്കു വരുന്ന ഓരോ ശിശുവിന്റെയും ജനനം അതുപോലെ തന്നെ ദൈവത്തിന്റെ മഹാരഹസ്യമാണ് (ഉദരത്തിൽ ശിശുവിനെപ്പേറുന്ന ഒരു സ്ത്രീയുടെ ഹൃദയത്തുടിപ്പുകൾ ഒരു പക്ഷേ പുരുഷന്മാർക്കും പുരുഷന്മാരായ പുരോഹിതന്മാർക്കും മനസ്സിലാക്കുക സാദ്ധ്യമല്ല. അതുകൊണ്ടായിരിക്കാം ഗർഭിണിയായ കന്യകമറിയം തന്നെ മനസ്സിലാക്കാൻ കഴിയുന്ന മറ്റൊരു സ്ത്രീയുടെ – എലിസബേത്തിന്റെ – അടുത്തേക്ക് കഷ്ടപ്പെട്ട് യാത്ര ചെയ്യുന്നത്).

ഓർത്തഡോക്സ് സഭകൾ സ്ത്രീകൾക്കു പൗരോഹിത്യം നൽകുന്നില്ല. എങ്കിലും ജീവന്റെ രഹസ്യത്തിനു പരിസേവകരായിത്തീരാൻ പുരുഷന്മാരേക്കാൾ കൂടുതൽ യോഗ്യത സ്ത്രീകൾക്കാണെന്നു തോന്നുന്നു. ദിവ്യജീവന്റെ അതീത രഹസ്യത്തിൽ നിന്നു ഭൂമിയിൽ ജനിച്ചു വീഴുന്ന കുഞ്ഞുങ്ങൾ പട്ടിണിയിലേക്കും അപമാനത്തിലേക്കും ജനിക്കുന്നു എന്നതാണ് നമ്മുടെ ദുരന്തം. മനുഷ്യന്റെ അന്തസ്സുയർത്തുകയും ദൈവത്തിന്റെ ജീവനിൽ അവനുള്ള സ്ഥാനം വീണ്ടെടുക്കുകയും ചെയ്യുകയെന്നത് സുപ്രധാനമായ പൗരോഹിത്യധർമ്മമാണ്. നിർഭാഗ്യവശാൽ നമ്മുടെ സാധുജന സംരക്ഷണവും ഇടവകയുടെ മറ്റു ജീവകാരുണ്യ പ്രവർത്തനങ്ങളും, പിച്ചക്കാശ് കൊടുക്കുന്നതിലും കൊടുക്കുന്നവരുടെ പടം പത്രത്തിൽ വരുന്നതിലും മിക്കവാറും കേന്ദ്രീകരിച്ചിരിക്കുന്നു. ഇത് മനുഷ്യന്റെ ജീവനെ അപമാനിക്കുകയാണ്. മനുഷ്യജീവന്റെ രഹസ്യത്തെക്കുറിച്ചും വിശുദ്ധിയെക്കുറിച്ചും ഗൗരവപൂർവ്വം മനസ്സിലാക്കാൻ നമുക്ക് ഇനിയും പരിശീലനം ലഭിക്കേണ്ടിയിരിക്കുന്നു. ജീവന്റെ കുരുന്നു നാമ്പുകൾ കാത്തുസൂക്ഷിക്കുവാൻ, അവയെ ബഹുമാനിച്ച് വളർത്തുവാൻ സീനായ് മലയുടെ കൊടുമുടിയോളം അവയെ നയിക്കുവാൻ നാം വിളിക്കപ്പെട്ടിരിക്കുന്നു.

## പ്രകൃതിയുടെ പരിസേവകർ

ഇതുപോലെ തന്നെയാണ് പ്രകൃതിയോടുള്ള ബന്ധവും. 17-ാം നൂറ്റാണ്ടിൽ ഫ്രാൻസിസ് ബേക്കൺ പറഞ്ഞു: 'Scientia est Potestas.' അറിവ് ശക്തിയാണ്. ശാസ്ത്രീയ വിജ്ഞാനമാണ് ഇവിടെ ഉദ്ദേശിച്ചിട്ടുള്ളത്. അതിനുശേഷം ദെക്കാർത്ത് എന്ന മഹാപ്രതിഭാശാലി പറഞ്ഞു, ഈ അറിവുപയോഗിച്ച് നാം പ്രകൃതിയുടെ യജമാനനും ഉടമയുമായിത്തീരണമെന്ന്. ഇവർ രണ്ടുപേരും ആധുനിക ശാസ്ത്രീയ സംസ്കാരത്തെ കരുപ്പിടിപ്പിച്ച രണ്ടു ചിന്തകന്മാരാണ്. അവിടുന്നിങ്ങോട്ട് പ്രകൃതിയെ ചൂക്ഷണം ചെയ്ത്, ഭൂമിയെ നശിപ്പിച്ച്, നമ്മുടെ കൊച്ചുഭൂമിയെ അധിവാസയോഗ്യമല്ലാത്ത, ശ്വാസം മുട്ടിക്കുന്ന ഒരു പുതിയ തടവറയാക്കിത്തീർത്തുകൊണ്ടിരിക്കുകയാണ് അത്യാഗ്രഹിയായ മനുഷ്യൻ. ഉല്പത്തി പുസ്തകത്തിലെ "ഭൂമിയെ അടക്കിവാഴാനുള്ള" ദൈവകല്പന സ്വാർത്ഥപരമായി വ്യാഖ്യാനിച്ച് മനുഷ്യൻ മനോഹരമായ ഭൂമിയിൽ അവന്റെ നരകം സൃഷ്ടിക്കുന്നു.

സൃഷ്ടിയുടെ പുരോഹിതൻ എന്ന നിലയിൽ നാം അടിസ്ഥാനപരമായി മനസ്സിലാക്കേണ്ടത് ദൈവത്തെയും മനുഷ്യനെയും പ്രപഞ്ചത്തെയും ഒന്നാക്കുന്ന ദിവ്യജീവനെക്കുറിച്ചാണ്. മനുഷ്യനിലും വസ്തുവിലൂടെയുമെല്ലാം നിഗൂഢമായ ഏക ജീവൻ വ്യാപരിക്കുന്നു. വിദൂരസ്ഥമായ നക്ഷത്രജാലങ്ങളെയും, നമ്മെയും, ഈ പ്രകൃതിയെയും, പ്രപഞ്ചത്തെ മുഴുവനും ഒരു ശരീരമാക്കിത്തീർക്കുന്ന ജീവനാണത്. ഷൂമാക്കർ എന്ന പണ്ഡിതൻ അടുത്തകാലത്തെഴുതിയ ഒരു പുസ്തകത്തിൽ ജീവന്റെ അവിഭാജ്യത വ്യക്തമാക്കുന്നുണ്ട്. നാമൊരു കല്ലെടുത്തു രണ്ടായി മുറിച്ചാൽ കല്ലിന്റെ സ്വഭാവത്തിനു മൗലികമായി മാറ്റം വരുന്നില്ല. കാരണം അതിൽ ജീവൻ സുസംഘടിതമല്ല. ഒരു ചെടി മുറിച്ചാൽ, മുറിഞ്ഞുവീണ കമ്പ് ചിലപ്പോൾ പൊട്ടികിളിർക്കും (എന്നാൽ തെങ്ങോ കമുകോ പോലുള്ള മരങ്ങൾ വെട്ടിയിട്ടാൽ മാറ്റപ്പെട്ട ഭാഗം വീണ്ടും വളരുന്നില്ല). സസ്യങ്ങളുടെ തലത്തിൽ സസ്യശരീരത്തിന്റെ ആന്തരിക ജീവൻ കുറേക്കൂടി സുസംഘടിതമാണ്. എന്നാൽ മൃഗത്തിന്റെയോ മനുഷ്യന്റെയോ അവയവങ്ങൾ വെട്ടിക്കളഞ്ഞാൽ വെട്ടിമാറ്റിയ കഷണങ്ങൾ വീണ്ടും ജീവിക്കുന്നില്ല. ഇവിടെ ശരീരത്തിന്റെ ആന്തരിക ജീവൻ പൂർണ്ണമായും സുസംഘടിതമാണ്. പരസ്പരം ബന്ധപ്പെടാതെ അവയവങ്ങൾക്കു ജീവനില്ല; പരസ്പരബന്ധത്തിലാണ് ജീവൻ നിലനില്ക്കുന്നത്.

ഏതാണ്ടിതുപോലെ ദൈവവും മനുഷ്യനും പ്രകൃതിയും തമ്മിലുള്ള ബന്ധത്തെ കാണാം. അത് ഏക ശരീരമാണ്. ദൈവത്തിന്റെ അനശ്വരജീവനാണ് നമ്മെ ജീവിപ്പിക്കുന്നത്, വാനഗോളങ്ങളെ ഭ്രമണപഥങ്ങളിൽ ചലിപ്പിക്കുന്നത്, മൊട്ടുകളെ വിടർത്തുന്നത്, മുളകളെ വിരിയിക്കുന്നത്. ജീവന്റെ

മഹാരഹസ്യം നമ്മിലും നമുക്കു ചുറ്റും അനുനിമിഷം ഇതൾ വിരിയുന്നു. ഈ ജീവന്റെ പരിസേവകരായി, സൂക്ഷിപ്പുകാരായി, പങ്കാളികളായി നാം വിളിക്കപ്പെട്ടിരിക്കുന്നു.

കൂദാശകൾക്ക് Mysteries എന്ന് പേരു കൊടുത്തത് അർത്ഥവത്താണ്. സ്നേഹത്തിലും സത്യത്തിലും നാം ജീവിക്കുന്ന ഓരോ നിമിഷവും കൂദാശാനുഷ്ഠാനമാണ്. നമ്മുടെ കുർബ്ബാന ഒന്നര മണിക്കൂറല്ല, 24 മണിക്കൂറുകളാണ്, 365 ദിവസങ്ങളാണ്, ആയുസ്സ് മുഴുവനാണ്. നമ്മുടെ ബലിപീഠം പള്ളിക്കുള്ളിലെ ത്രോണോസല്ല, ദൈവത്തിന്റെ സൃഷ്ടിയായ ഈ പ്രപഞ്ചമാണ്. ഈ പ്രപഞ്ചവേദിയിൽ സൃഷ്ടിക്കുവേണ്ടി നാം ബലിയർപ്പിക്കുന്നു. കൈകളുയർത്തി ദിവ്യജീവനെ സൃഷ്ടിയിലേക്ക് ആവാഹിക്കുന്നു. മാലാഖമാരുടെ എണ്ണമറ്റ സംഘങ്ങളിൽ മനുഷ്യരും ചേരുന്നു. ഇങ്ങനെ ആരാധിക്കുന്ന സമൂഹത്തിന്മേൽ ദൈവത്തിന്റെ മഹത്വം ആവസിക്കുന്നു. ഈ മഹത്വത്തിന്റെ മേഘത്തിനുള്ളിൽ നമുക്കു ലഭിക്കുന്ന അനുഭവം മോശയുടെ അനുഭവമാണ്. അനുഭവമെന്താണെന്ന് വാക്കുകളിലൂടെ മോശ വിശദീകരിച്ചിട്ടില്ല. പക്ഷേ, മോശയുടെ മുഖത്തിന്റെ ത്വക്ക് പ്രകാശിക്കുന്നത് അല്പനിമിഷത്തേക്ക് ജനങ്ങൾ കണ്ടു. പിന്നെ ഒരു മൂടുപടം അതിന്മേൽ വീഴുകയും ചെയ്തു.

*(1983 മെയ് മാസത്തിൽ പരുമല വച്ച് നടന്ന അഖില മലങ്കര വൈദിക സമ്മേളനത്തിൽ ചെയ്ത പ്രസംഗം. പുരോഹിതൻ, 1983 ജൂൺ)*

# പൗരോഹിത്യ ശുശ്രൂഷ 21-ാം നൂറ്റാണ്ടിൽ

**ഫാ. ഡോ. ജോസ്സി ജേക്കബ്**
(പ്രിൻസിപ്പാൾ, നാഗ്പൂർ തിയോളജിക്കൽ സെമിനാരി)

ലോകചരിത്രത്തിൽ സമാനതകൾ ഏറെ ഇല്ലാത്ത സാഹചര്യങ്ങൾക്കാണ് 21-ാം നൂറ്റാണ്ട് സാക്ഷ്യം വഹിച്ചുകൊണ്ടിരിക്കുന്നത്. സാംസ്കാരിക ആധുനികതയും (Cultural Modernity), ആഗോളവൽക്കരണവും (Globalisation) ഉത്തരാധുനിക കാഴ്ചപ്പാടുകളും (Post Modern Perspective) നടമാടുന്ന സാമൂഹിക സാഹചര്യത്തിൽ കോവിഡ്-19 എന്ന മഹാമാരിയുടെ പിടിയിൽ ലോകം അമർന്നു പോകുന്നു. കൊറോണ വൈറസിന്റെ വ്യാപനം ഇനി എത്രനാൾ, ലോകസമൂഹത്തിന്റെ സ്വഭാവവും ക്രമവും ഇനി എന്തായിരിക്കും തുടങ്ങിയ നിരവധി ചോദ്യോത്തരങ്ങളും അതിജീവനത്തെക്കുറിച്ചുള്ള ആകുലതകളും ഇന്ന് മനുഷ്യവംശത്തിന്റെ മുഴുവൻ ചിന്തകളെ ഗ്രസിച്ചു നിൽക്കുന്നു.

സാമൂഹിക വ്യതിയാനങ്ങൾ എല്ലാ കാലഘട്ടങ്ങളിലും സംഭവിച്ചിട്ടുള്ളവയാണെങ്കിലും പൗരസ്ത്യ സാമൂഹ്യദർശനങ്ങളിൽ അതിന്റെ തീക്ഷ്ണതയും വേഗതയും പാശ്ചാത്യ സമൂഹങ്ങളെ അപേക്ഷിച്ച് തുലോം പരിമിതമായിരുന്നു. അതോടൊപ്പം 20-ാം നൂറ്റാണ്ടിന്റെ ഉത്തരാന്ത്യത്തിൽ നടന്ന ആധുനിക ആഗോളവൽക്കരണത്തിന്റെ കടന്നുവരവ് സാമൂഹിക സാമ്പത്തിക പരിവർത്തനങ്ങളെ ത്വരിതപ്പെടുത്തുന്നു. പരമ്പരാഗതമായ കാഴ്ചപ്പാടുകളും സങ്കേതങ്ങളും 21-ാം നൂറ്റാണ്ടിലെ മാറിയ സമൂഹത്തിൽ സഭയിലെ പൗരോഹിത്യ ശുശ്രൂഷകർക്ക് ഒരു വെല്ലുവിളിയാണ്. കാലത്തിന്റെ ചുവരെഴുത്തുകളിലൂടെ സമൂഹത്തിന്റെ സ്വഭാവ വിശേഷതകൾ മനസ്സിലാക്കിയുള്ള പൗരോഹിത്യ ശുശ്രൂഷ ഫലപ്രദമായി നിർവഹിക്കുക എന്നത് അനിവാര്യമാണ്.

സാമൂഹിക വ്യതിയാനങ്ങളെ തിരിച്ചറിഞ്ഞ് സഭയുടെ ബോദ്ധ്യങ്ങൾ, മൂല്യങ്ങൾ, പാരമ്പര്യങ്ങൾ മുതലായവയിൽ നിന്നും വ്യതിചലിക്കാതെ ദൈവജനത്തെ നയിക്കുക എന്നതാണ് പൗരോഹിത്യ ശുശ്രൂഷയുടെ പ്രധാന ധർമ്മം. ഈ നൂറ്റാണ്ടിലെ സാമൂഹിക വ്യക്തിഗത കാഴ്ചപ്പാടുകൾ തിരിച്ചറിഞ്ഞ് പൗരോഹിത്യ ശുശ്രൂഷ നിർവഹിക്കുന്നതിനുള്ള ചില ചിന്തകളാണ് ഇവിടെ പരാമർശിക്കുന്നത്.

## 21–ാം നൂറ്റാണ്ടിലെ മലങ്കരസഭ: പ്രവണതകളും വെല്ലുവിളികളും

മലങ്കര ഓർത്തഡോക്സ് സഭ വ്യത്യസ്ത മേഖലകളിൽ, പ്രത്യേകതകൾ നിറഞ്ഞ ഒരു കാലഘട്ടത്തിലൂടെ ഇന്നു കടന്നുപോകുന്നു. ആമുഖമായി സൂചിപ്പിച്ച ആധുനികത, ആഗോളവൽക്കരണം, ഉത്തരാധുനിക ചിന്താഗതികൾ മുതലായവയിലൂടെ രൂപപ്പെട്ട സാമൂഹിക സാംസ്കാരിക മതപരമായ സാഹചര്യം ഒരു വശത്ത്. ഒരു നൂറ്റാണ്ടിലേറെയായി സത്യം, സ്വാതന്ത്ര്യം, സ്വയംഭരണം, സ്വയംശീർഷകത്വം എന്നിവ നിലനിർത്തുവാനായി സഭ നടത്തുന്ന നിയമപോരാട്ടങ്ങൾ മിക്കതും നിർണ്ണായകമായ ഘട്ടത്തിൽ എത്തിനിൽക്കുന്നു. അതിന്റെ അനുരണനങ്ങൾ മറ്റൊരു വശത്ത്.

ഇതര സഭകളുടെ വിശ്വാസാചാരങ്ങളെ അമിതമായി സ്വാംശീകരിക്കുവാനും അവയുമായി സമന്വയിപ്പിച്ചുകൊണ്ട് സഭയിൽ കാതലായ മാറ്റങ്ങൾ വരുത്തണമെന്ന് അപക്വമായി ആവശ്യപ്പെടുന്ന ഒരു കൂട്ടരുടെ മുറവിളികൾ വേറെയുമുണ്ട്.

മലങ്കര ഓർത്തഡോക്സ് സഭ ധാരാളം വെല്ലുവിളികൾ നേരിട്ടുകൊണ്ടിരിക്കുന്ന ഈദൃശ സാഹചര്യത്തിൽ ഫലപ്രദമായി പൗരോഹിത്യ ശുശ്രൂഷ നിർവഹിക്കുക എന്നത് ദുഷ്കരമാണ്. സഭയെ സമൂഹത്തിന്റെ മുഖ്യധാരയിൽ നിലനിർത്തുകയും, ആപത്ക്കരമായ പ്രവണതകളിൽ നിന്നും, അതായത് സത്യവിശ്വാസത്തിൽ നിന്നും, ആരാധനാജീവിതത്തിൽ നിന്നും വ്യതിചലിക്കാതെ സഭയെ സംരക്ഷിക്കേണ്ടതും ഇന്ന് പൗരോഹിത്യ ശുശ്രൂഷയിലെ പ്രധാന വെല്ലുവിളിയാണ്.

## ആധുനികതയും മലങ്കരസഭയും

ആധുനികത എന്നതിനെ ഒരു കാലഘട്ടം എന്ന നിലയിലാണ് പൊതുവെ വീക്ഷിക്കാറുള്ളത്. എന്നാൽ സാംസ്കാരിക ആധുനികത (Cultural Modernity) എന്നത് കാലത്തിന്റെ പരിക്രമണത്തിലൂടെ പാശ്ചാത്യ ലോകത്ത് രൂപീകൃതമായ ചിന്താധാരയെയും ജീവിതക്രമത്തെയുമാണ് ദ്യോതിപ്പിക്കുന്നത്. മനുഷ്യയുക്തിയുടെ (human rationality) അമിത ഉപയോഗവും, അതിരില്ലാത്ത ആശ്രയവും സാംസ്കാരിക ആധുനികത എന്ന പ്രതിഭാസത്തിന്റെ പ്രധാന പ്രത്യേകതകളാണ്.

മനുഷ്യന്റെ സ്വയംഭരണത്തിന്റെ പ്രഖ്യാപനവും ദൈവഗ്രഹണവും (Declaration of the Auctonomy of man and eclipse of God) ആണ് ആധുനികതയുടെ പ്രധാന മുഖമുദ്രകൾ എന്ന് ഡോ. പൗലോസ് മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്താ അഭിപ്രായപ്പെട്ടിട്ടുണ്ട്. ഓരോ വ്യക്തിയുടെയും മതവിശ്വാസവും, ധാർമ്മിക മൂല്യങ്ങളും, ജീവിതക്രമവും സ്വയം നിർവചിക്കാനുള്ള

സ്വാതന്ത്ര്യം അയാൾക്കുണ്ട് എന്ന് സമൂഹം മുഴുവൻ അംഗീകരിക്കുന്ന സാഹചര്യം ആധുനികതയിൽ നിലനിൽക്കുന്നു. സ്വന്തം വിശ്വാസത്തെ നിർവചിക്കുവാൻ ഓരോ വ്യക്തിക്കും സ്വാതന്ത്ര്യം ഉണ്ട് എന്നും വിശ്വാസം സംബന്ധിച്ചുള്ള കാര്യങ്ങളിൽ പോലും സഭയുടെ ആധികാരികത അംഗീകരിക്കപ്പെടേണ്ടതില്ല എന്ന ചിന്തയും ആധുനികതയുടെ സൃഷ്ടിയാണ്. മനുഷ്യന്റെ താൻപോരിമയെക്കുറിച്ചുള്ള വൃഥാ മഹത്വവത്കരിക്കപ്പെട്ട അവബോധവും അതു മൂലം ഗ്രഹണത്തിൽ സൂര്യനെന്നതുപോലെ മനുഷ്യനിൽ നിന്ന് ദൈവം മറയ്ക്കപ്പെടുന്നതും സഭാമക്കളുടെ സത്യാരാധനയിലുള്ള നിലനിൽപ്പിന് വിഘാതമാകുന്നു. ഓർത്തഡോക്സ് വിശ്വാസത്തെക്കുറിച്ചുള്ള ശരിയായ അവബോധം വിശ്വാസികളിൽ എത്തിക്കുന്നതിന് ആചാര്യസ്ഥാനികളായ നാം ഓരോരുത്തരും പ്രതിജ്ഞാബദ്ധരാണ്.

ആദ്ധ്യാത്മികതയുടെ (spirituality) അടിത്തറയിൽ നിന്നുകൊണ്ട് പരിശുദ്ധാത്മ വ്യാപാരത്താലും (Economy of Holy Spirit), സ്വയാർജ്ജിതമായ തത്വജ്ഞാനത്തിന്റെയും യുക്തിബോധത്തിന്റെയും അടിത്തറകളിൽ പരിശുദ്ധ പിതാക്കന്മാർ വികസിപ്പിച്ച വിശ്വാസ സത്യങ്ങൾ മനസ്സിലാക്കുവാൻ സാധിക്കാത്തവരാണ് അതിന്റെ യുക്തിഭദ്രതയെ (logical stability) ദുർബല വാദങ്ങളാൽ എതിർക്കുവാൻ ശ്രമിക്കുന്നത്. സഭയുടെ സുവർണ്ണ കാലഘട്ടങ്ങളിൽ ആദ്ധ്യാത്മിക വിജ്ഞാനത്തിന്റെ നിറകുടങ്ങളായി നിന്ന് പ്രവർത്തിച്ച പ. പിതാക്കന്മാരുടെ ജീവിതവും, ചിന്തകളും, രചനകളും കാലാനുസൃതമായ വ്യാഖ്യാനങ്ങളോടെ അവതരിപ്പിക്കുന്നത് ദൈവജനത്തിന് വിശ്വാസത്തിൽ വളരുന്നതിന് സഹായകമാകും.

ആധുനികതയ്ക്ക് ഉണ്ടെന്നവകാശപ്പെടുന്ന യുക്തിയേക്കാൾ ഏറെ യുക്തിപരവും താത്വികവും ആയ അടിത്തറകൾ ഓർത്തഡോക്സ് വിശ്വാസ സംഹിതകളിൽ ലീനമാണ്.

### ആഗോളവൽക്കരണവും മലങ്കരസഭയും

ആഗോളവൽക്കരണം എന്ന പ്രതിഭാസം ലോകത്ത് മനുഷ്യരുടെ കാഴ്ചപ്പാടുകളിലും ജീവിതക്രമത്തിലും സമാനതകൾ കൊണ്ടുവരുന്നു എന്ന് പൊതുവെ കരുതപ്പെടുന്നുണ്ട്. ആധുനിക പാശ്ചാത്യ സംസ്കൃതിയുടെ വ്യാപനം ആഗോളവൽക്കരണത്തിലൂടെ സാദ്ധ്യമാകുന്നു എന്നത് സത്യമാണ്. പ്രധാനമായും മൂന്ന് വ്യത്യസ്ത വശങ്ങളാണ് ആഗോളവൽക്കരണം എന്ന പ്രതിഭാസത്തിനുള്ളത്.

1. ആധുനിക നവലിബറൽ (neo - liberal) സാമ്പത്തികക്രമത്തിൽ രൂപപ്പെട്ട ധനാർജ്ജന സാദ്ധ്യതകൾ, 2. വിജ്ഞാന വ്യാപന സങ്കേതങ്ങളുടെ (Information Technology) അമിതമായ വളർച്ച, 3. ലോകം മുഴുവൻ വ്യാപിച്ചു

കൊണ്ടിരിക്കുന്ന ഒരു പുതിയ സംസ്കാരം. ആദ്യ രണ്ട് കാര്യങ്ങളുടെ ഫലമായി രൂപപ്പെട്ടതാണ് മൂന്നാമത്തേത്. പൗരസ്ത്യ ജനസമൂഹങ്ങളെ സംബന്ധിച്ച് ആദ്യ രണ്ടും സ്വീകാര്യമാവുകയും പുതിയ ഒരു സംസ്കൃതിയിലേക്കുള്ള പരിക്രമണം പ്രതിസന്ധികൾ ഉണ്ടാക്കുകയും ചെയ്യുന്നുണ്ട്. വ്യത്യസ്ത ജനസമൂഹങ്ങൾ തമ്മിൽ നടക്കുന്ന സാംസ്കാരികമായ സംവേദനങ്ങൾ (cross-cultural communication) സ്വാഭാവികമായും പുതിയ ഒരു സംസ്കാരം രൂപപ്പെടുത്തുന്നു. പഴയ ജീവിതക്രമങ്ങളിൽ നിന്നുള്ള വ്യതിയാനം ചില സാമൂഹിക പ്രതിസന്ധികൾ സൃഷ്ടിക്കുന്നുണ്ട്.

ആഗോളവൽക്കരണം മലങ്കരസഭയുടെ ജീവിതക്രമത്തിലും വ്യതിയാനങ്ങൾ ഉണ്ടാക്കുന്നുണ്ട് എന്നത് ഒരു വസ്തുതയാണ്. ഈ വ്യതിയാനങ്ങളെ വ്യക്തതയോടെ മനസ്സിലാക്കുന്നത് ക്രിയാത്മകമായ പൗരോഹിത്യ ശുശ്രൂഷ നിർവഹിക്കുന്നതിന് അത്യാവശ്യമാണ്. സഭ എല്ലായ്പ്പോഴും ചില സാമൂഹിക വ്യതിയാനങ്ങളെ വിവേകപൂർവ്വം പ്രതിരോധിക്കുകയും ശരിയായ ദിശയിലേക്ക് സമൂഹത്തെ നയിക്കുകയും ചെയ്യുന്നതിന് ഉത്തരവാദിത്വപ്പെട്ടിരിക്കുന്നു.

മലങ്കര സഭാംഗങ്ങൾ അനേക പതിറ്റാണ്ടുകളായി ലോകത്തിന്റെ പല ഭാഗങ്ങളിലേക്ക് സഞ്ചരിക്കുകയും നിവസിക്കുകയും ചെയ്യുന്നുണ്ടല്ലോ. വ്യത്യസ്ത സംസ്കാരങ്ങളുള്ള സമൂഹങ്ങളുമായി ഉണ്ടായ ഇടപെടലുകളിൽ പുതിയ കാഴ്ചപ്പാടുകൾ അവരിൽ രൂപപ്പെട്ടിരിക്കും. എന്നാൽ ആഗോളവൽക്കരണത്തിന്റെ കാലത്ത് ബഹുസ്വരതയുടെ മദ്ധ്യത്തിലും ചില പ്രവണതകൾ വ്യക്തമായി തിരിച്ചറിയുന്നതിന് സാധിക്കും. സാംസ്കാരിക ആധുനികതയുടെ അതിപ്രചാരത്തിന് എതിരെയുള്ള സാമൂഹിക പ്രതികരണം എന്ന നിലയിൽ പഴയ അടിത്തറകളിലേക്ക് ഒരു തിരിച്ചുപോക്ക് എന്ന ചിന്താഗതി ഈയിടെയായി രൂപപ്പെടുന്നുണ്ട്. പഴയ പാരമ്പര്യങ്ങളിലേക്ക് തിരികെ പോകണം എന്ന ആശയത്തെ ആദ്ധ്യാത്മികതയുടെ സ്രോതസ്സുകളിലേക്കുള്ള മടക്കമാണോ അതോ കേവലമായ സ്വത്വബോധത്തിന്റെ (Identity Consciousness) പ്രകടനമാണോ എന്ന് വിവേചിച്ചറിയേണ്ടിയിരിക്കുന്നു. ആഗോളവൽക്കരണത്തിന്റെ ചലനാത്മകതയിൽ താൻ അംഗമായിരിക്കുന്ന സമൂഹത്തിന്റെ സ്വത്വത്തെ സംരക്ഷിക്കാനുള്ള ത്വര പൊതുവെ പലരും പ്രകടമാക്കാറുണ്ട്. അങ്ങനെ മതാത്മകത ആത്മികതയിൽ നിന്ന് വേറിട്ട് കേവലമായ സ്വത്വബോധ അടിസ്ഥാനമാകുമ്പോൾ അതിന്റെ ആഴവും ചൈതന്യവും നഷ്ടപ്പെടുന്നു.

പാരമ്പര്യത്തെ പുരാവസ്തു എന്ന നിലയിൽ കണ്ട് സംരക്ഷിക്കുകയല്ല, മറിച്ച് അപ്പോസ്തോലിക കാലം മുതലുള്ള ജീവിതത്തിലൂടെ രൂപപ്പെട്ട വി. സഭയുടെ മനസ്സും മനസ്സാക്ഷിയും ആണ് അത് എന്ന തിരിച്ചറിവാണ്

ഉണ്ടാവേണ്ടത്. സഭയുടെ രക്ഷാകരമായ യുഗാന്ത്യത്തിലേക്കുള്ള യാത്രയിൽ വളരുന്നതും ചലനാത്മകവുമായ പാരമ്പര്യത്തെ പരിപോഷിപ്പിക്കുന്നതിനും കാലാനുസൃതമായി പ്രയോജനപ്പെടുത്തുന്നതിനും സഭയ്ക്ക് സാധിക്കണം. പുരോഹിതസ്ഥാനികളുടെ അറിവും, ദർശനവും, ആദ്ധ്യാത്മിക ചൈതന്യവും സമർപ്പണവും ഈ വിധത്തിലുള്ള സഭയുടെ സാമൂഹിക ജീവിതത്തെ കാര്യമായി ബാധിക്കുന്നു.

പ. സഭാപിതാക്കന്മാരെ അവർ ജീവിച്ചിരുന്ന കാലഘട്ടങ്ങളിൽ നിന്ന് ഈ നൂറ്റാണ്ടിലേക്ക് നാം കൊണ്ടുവരേണ്ടിയിരിക്കുന്നു. അതായത് വി. വേദപുസ്തകത്തിന്റെ തുടർച്ചയായ പഠനം, മനനം, വ്യാഖ്യാനം എന്നിവയിലൂടെ പ. പിതാക്കന്മാർ തങ്ങൾ ജീവിച്ചിരുന്ന കാലത്തു സമൂഹത്തിന് നൽകിയ സന്ദേശവും സാക്ഷ്യവും കാലാനുസൃതമായി അവതരിപ്പിക്കുക എന്നത് പുരോഹിതസ്ഥാനികളുടെ ധർമ്മമാണ്. ആഗോളവൽക്കരണത്തിലൂടെ രൂപീകൃതമാകുന്ന പുതിയ സംസ്കൃതിയിൽ മഹാനായ കവിയും ദാർശനികനുമായ രവീന്ദ്രനാഥ ടാഗോറിന്റെ വാക്കുകൾ സംഗതമാണ്. “Emancipation from the Bondage of soil is no freedom for the tree” (മണ്ണിന്റെ ബന്ധനത്തിൽ നിന്നുള്ള മോചനം മരത്തിന് സ്വാതന്ത്ര്യം അല്ല). എന്തിനെയും ഏതിനെയും സ്വതന്ത്രമായി നിർവചിക്കുവാനും ജീവിതക്രമങ്ങളെയും, പ്രമാണങ്ങളെയും തൃണവൽഗണിക്കുവാനും ഉള്ള ഉത്തരാധുനിക പ്രവണതകളിൽ നാം മഹാകവി ടാഗോറിന്റെ വരികളുടെ സന്ദേശം ഓർക്കുന്നത് നല്ലതാണ്.

**ഉപസംഹാരം**

മനുഷ്യയുക്തിക്കും ശാസ്ത്രീയമായ അറിവിനും മാത്രം മൂല്യം കൽപിക്കുന്ന ആധുനികതയും സമന്വിതമായ പുതിയ സംസ്കാരത്തെ രൂപപ്പെടുത്തുന്ന ആഗോളവൽക്കരണവും, അടിത്തറകളെ മുറുകെ പിടിക്കാതെയും നിയതമായ ആശാഗതികളില്ലാതെയും ജീവിതത്തിൽ സ്വാതന്ത്ര്യമായി ഒഴുകുവാൻ പ്രേരിപ്പിക്കുന്ന ഉത്തരാധുനികതയും 21-ാം നൂറ്റാണ്ടിന്റെ വെല്ലുവിളികളാണ്. പൊതുസമൂഹത്തെയും അതിന്റെ വ്യതിയാനങ്ങളെയും കുറിച്ചുള്ള തിരിച്ചറിവും, സഭയുടെ വിശ്വാസ പാരമ്പര്യങ്ങളെ കുറിച്ചുള്ള ശരിയായ ബോധ്യവും, പഴയതിനെ തള്ളിക്കളയാതെ അതിന്റെ അന്തസത്തയെ സ്വാംശീകരിച്ച് ആനുകാലികമായി അവതരിപ്പിക്കുവാനുള്ള ഒരുക്കവും ഇന്നത്തെ പുരോഹിതസ്ഥാനികൾക്ക് ഉണ്ടാകണം. ദൈവാശ്രയത്തോടെ അപ്പോസ്തോലിക കാലം മുതലുള്ള സഭയുടെ ജീവിതത്തോടും വിശ്വാസാചാരങ്ങളോടും പാരമ്പര്യത്തോടും ചേർന്നു നിന്നുകൊണ്ട് പുതിയ കാലത്തിന്റെ വെല്ലുവിളികളെ തിരിച്ചറിഞ്ഞ് ദൈവജനത്തെ നയിക്കുന്നതിന് സഭയിലെ പുരോഹിതസ്ഥാനികളെ ദൈവം ശക്തീകരിക്കട്ടെ എന്ന് പ്രാർത്ഥിക്കുന്നു.

വിളിക്കപ്പെട്ട വിളിക്ക് യോഗ്യമാകുന്നപ്രകാരം ആധുനിക കാലത്ത് തന്റെ പൗരോഹിത്യ ശുശ്രൂഷ നിർവ്വഹിച്ച് കർതൃസന്നിധിയിലേക്ക് വിളിച്ച് ചേർക്കപ്പെട്ട ബഹുമാനപ്പെട്ട കെ. റ്റി. ഫിലിപ്പച്ചന്റെ അനുഗൃഹീത സ്മരണയ്ക്കു മുമ്പിൽ ഈ ലേഖനം സമർപ്പിക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു.

# അദ്ധ്യാത്മികസംഘടനകളുടെ അദ്ധ്യക്ഷനായ വൈദികൻ: എന്റെ സങ്കൽപ്പം

## പി. തോമസ്, പിറവം

വൈജ്ഞാനികതലത്തിലുള്ള ചിന്തകളല്ല, ഞാൻ ഇഷ്ടപ്പെടുന്ന വൈദികൻ എങ്ങനെയുള്ള ആളായിരിക്കണമെന്നതാണ് ഞാൻ ഇവിടെ വെളിപ്പെടുത്തുന്നത്. ക്രൈസ്തവ മതതത്ത്വങ്ങളുടെയോ വിശ്വാസപ്രമാണങ്ങളുടെയോ ബൈബിളിന്റെയോ വേദശാസ്ത്രചിന്തകളുടെയോ അടിസ്ഥാനത്തിലുള്ള സൈദ്ധാന്തിക ചിന്തകളല്ല, ചുവടെ കുറിക്കുന്ന എന്റെ മോഹങ്ങളും പ്രതീക്ഷകളും.

**വൈദികരെപ്പറ്റിയുള്ള പ്രതീക്ഷ**

എന്നെപ്പോലുള്ള അന്മേനികൾ ജീവിതത്തിൽ പ്രയോഗത്തിൽ വരുത്താത്ത ഒരു മാതൃകാജീവിതം പട്ടക്കാരിൽ പ്രതീക്ഷിക്കും. ചിറകു വെട്ടി കുപ്പായമിടുവിച്ച മാലാഖമാരെപ്പോലെ അച്ചന്മാർ ആയിരുന്നാൽ കൊള്ളാമെന്നാണ് ഞങ്ങളുടെ പ്രതീക്ഷ. ഞങ്ങളുടെതന്നെ ബലഹീനതകൾ വൈദികരിൽ കാണുന്നത് ഞങ്ങൾക്കസഹ്യമാണ്.

വൈദികർക്കും അന്മേനികളെപ്പറ്റി ചില സങ്കൽപ്പങ്ങൾ ഉണ്ടാകും. മാതൃകാക്രൈസ്തവജീവിതം നയിക്കുന്ന ഉത്തമ ഇടവകാംഗങ്ങളുടെ അഭാവമാണ് തങ്ങളുടെ പ്രവർത്തനവിജയത്തിനു വിലങ്ങുതടിയെന്ന് അവർ വിലപിച്ചേക്കാം. ഇവിടെ സങ്കൽപ്പവും യാഥാർത്ഥ്യവും തമ്മിൽ ഏറ്റുമുട്ടലുണ്ട്. ആശയതലവും പ്രായോഗികതലവും ഭിന്നമാണ്. എന്നാലും നേതൃത്വരംഗത്ത് ഒരു മാതൃകയില്ലെങ്കിൽ ഇഛാഭംഗവും നിഷേധാത്മകസമീപനവും ഉണ്ടായാൽ അദ്ഭുതമില്ല. തിരുവചനഭാഷ്യം പരമ്പരയിൽ തീമൊത്തിയോസ് തീത്തോസ് ഫിലെമോൻ ലേഖനങ്ങളുടെ വ്യാഖ്യാനം അവതരിപ്പിക്കുമ്പോൾ ബ. ടി.ജെ.ജോഷ്വാ അച്ചൻ ഇങ്ങനെ കുറിച്ചു: ‘സഭാസമൂഹങ്ങളുടെ സുസ്ഥിതിയും വളർച്ചയും നിലനിൽപ്പുമെല്ലാം അജപാലകരുടെ പ്രവർത്തനവുമായി ബന്ധപ്പെട്ടിരിക്കുന്നു. ഇടവകകൾ ആത്മിയമായി മുരടിക്കുന്നതിന്റെ കാരണം പ്രധാനമായും അവരുടെ അലസതയും നിഷ്ക്രിയത്വവുമാണ്. അബദ്ധോപദേശങ്ങൾ പ്രചരിക്കുന്നതിന്റെ കാരണവും വേറെ ആരായേണ്ടതില്ല.’

**വൈദികന്റെ ധർമ്മങ്ങൾ**

ഞായറാഴ്ചകളിലോ ദിവസംതോറുമോ ഉള്ള വിശുദ്ധ കുർബ്ബാനയും

ആണ്ടിൽ രണ്ടോ മൂന്നോ പെരുന്നാളുകളും ഊട്ടുകളും നേർച്ചകളും ഭണ്ഡാരവും അതിന്റെ വരവുചെലവുകളും അവയുടെ കൈകാര്യങ്ങളുമൊക്കെയായി ഈ സഭ നിലനിന്നു; നിലനിൽക്കയും ചെയ്തേക്കാം. ഇതിനു പുറമേ പട്ടക്കാർക്കും അമ്മേനിമാർക്കും വല്ല ചുമതലയുമുണ്ടോ എന്ന് പലരും ചിന്തിച്ചേക്കും. സഭയുടെ ആരോഗ്യകരമായ നിലനിൽപ്പിനും വളർച്ചക്കും മേൽപ്പറഞ്ഞവയൊക്കെ മതിയെന്ന മട്ടിൽ യാഥാസ്ഥിതികതയുടെ ആചാര്യന്മാരായി കാലം കഴിക്കുന്ന വൈദികൻ എന്റെ സങ്കൽപ്പത്തിലുള്ളയാളല്ല. അതുകൊണ്ട് ആരാധനയ്ക്കും ദേവാലയശുശ്രൂഷകൾക്കും അപ്പുറമുള്ള വൈദികന്റെ ധർമ്മത്തെക്കുറിച്ചുള്ള എന്റെ എളിയ ചിന്തകളാണ് വെളിപ്പെടുത്തുന്നത്.

പുരോഹിതന് സഭ കേവലം ഒരു സ്ഥാപനമല്ല; ഒരു കാര്യാലയവുമല്ല. ക്രിസ്തുവെന്ന തലയോളം വളരേണ്ട, വളർത്തേണ്ട ക്രിസ്തുശരീരാംഗങ്ങളുടെ സമൂഹമാണെന്ന ബോധം പട്ടക്കാരനുണ്ടായിരിക്കണമെന്നാണ് ഞാൻ കരുതുന്നത്. കൗദാശികാനുഷ്ഠാനങ്ങളും ഭരണഘടനാനുസൃതമായ പ്രവർത്തനങ്ങളുംകൊണ്ടുമാത്രം ജനങ്ങളുടെ അർത്ഥവത്തായ സഭാജീവിതം യാഥാർത്ഥ്യമാകയില്ല. 'ക്രിസ്തുവിൽ സഭാംഗങ്ങൾ ഒരുമിക്കുന്ന കൂട്ടായ്മ' നടത്തണം; നടക്കണം. ചട്ടപ്രകാരം ഉള്ള 'കൂട്ടൽ' ഔപചാരികമാകും. അവിടെ ജീവനും ജീവിതവും കാണുകയില്ല. സഭാസംസർഗ്ഗത്തിൽ നിന്ന് ഒരംഗം വിട്ടുപോയാൽ 'പോനാൽ പോകട്ടും; പോടാ' എന്ന് നിസംഗതയോടെ വീക്ഷിക്കുന്ന വൈദികൻ എന്റെ മാതൃകാനായകനല്ല. ഓരോരുത്തരെപ്പറ്റിയും വ്യക്തിപരമായ കരുതലുള്ളയാളാകണം എന്റെ വൈദികൻ.

**അദ്ധ്യാത്മികസംഘടനാപ്രവർത്തനങ്ങൾ**

അദ്ധ്യാത്മികസംഘടനാപ്രവർത്തനത്തിലൂടെ ഇടവകയിലെ സഭാംഗങ്ങൾക്ക് ക്രിസ്തുവിന്റെ പ്രേഷിതദൗത്യത്തെക്കുറിച്ച് ബോദ്ധ്യമുണ്ടാക്കുന്ന പുരോഹിതനാണ് എന്റെ സങ്കൽപ്പത്തിലെ വൈദികൻ. ദൗത്യബോധമുള്ള സഭാംഗങ്ങളിലൂടെയാണ് ഇടവകയുടെ വളർച്ചയുണ്ടാവുക. ഇത്തരം ഇടവകയിൽ ഭരണസമിതിയും വികാരിയും അദ്ധ്യാത്മികസംഘടനകളും തമ്മിൽ ഭിന്നതയുണ്ടാവില്ല. കാരണം സാക്ഷ്യവും ദൗത്യവും സംബന്ധിച്ച കാഴ്ചപ്പാടിന്റെ വ്യത്യാസംകൊണ്ടാണ് ഭിന്നത ഉടലെടുക്കുന്നത്. സഭാദൗത്യവും കാഴ്ചപ്പാടുകളും ബന്ധപ്പെട്ടവർക്കെല്ലാം ഒന്നുതന്നെയെങ്കിൽ ഭിന്നതയ്ക്ക് അവസരമെവിടെ?

**ശുശ്രൂഷയിൽ വ്യാപരിക്കണം**

അച്ചൻ ശ്രേഷ്ഠനാണ്, യജമാനനാണ്. നിലയും വിലയുമുള്ളയാൾ. അധികാരവുമുണ്ട്. ഭരണാധികാരം ആകർഷണീയമാണ്. എന്നാൽ ഭാവിക്കേണ്ടതിനു മീതേ ഭാവിച്ചുയരാതെ ശുശ്രൂഷയിൽ വ്യാപരിക്കണം (റോമ. 12:3).

ദൈവത്തിന്റെ സഭയിൽ നിഷ്കാമമായി പ്രതിഫലേച്ഛയില്ലാതെ സേവനം ചെയ്യുന്നവരുണ്ടാകും. പല അവയവങ്ങൾ; പല പ്രവൃത്തി. അവരെ 'ഭരിക്കു' മ്പോൾ 'ശുശ്രൂഷ'യുടെ ചുമതലയിലാണെന്നത് മറക്കരുത്.

വൈദികന് സമൂഹത്തിൽ പദവിയും ഉന്നതസ്ഥാനവുമൊക്കെ ഇന്നു ലഭ്യ മാണ്. ക്ഷണിച്ച് മാന്യസ്ഥാനത്തിരുത്തി പ്രശംസയിൽ പൊതിയുന്നതു കാത്തിരിക്കുന്നയാളല്ല, എന്റെ മനസ്സിലെ വൈദികൻ. 'ഞാനറിഞ്ഞില്ല; എന്നോടൊന്നും പറഞ്ഞില്ല' എന്ന് പരിഭവവുമായി ഒഴികഴിവ് പറഞ്ഞ് ഇട വകശുശ്രൂഷയിൽ പുറംതിരിഞ്ഞു നിൽക്കുകയുമില്ല, എന്റെ സ്വപ്നത്തിലെ പുരോഹിതൻ. ആടുകളെ ശുശ്രൂഷിക്കുന്നതിലൂടെയാണ് യഥാർത്ഥമഹത്ത്വം ആർജ്ജിക്കേണ്ടതെന്ന് അദ്ദേഹത്തിനറിവുണ്ടാകും. അദ്ധ്യാത്മിക സംഘട നാപ്രവർത്തനങ്ങൾക്ക് വേണ്ട നേതൃത്വം നൽകേണ്ടത് തന്റെ പ്രഥമചുമത ലയാണ് എന്ന ബോധമുള്ള വെദികനാണ് എന്റെ മനസ്സിലുള്ളത്. അന്മേനി കൾക്ക് അപ്പപ്പോൾ വേണ്ട നിർദ്ദേശങ്ങൾ അദ്ദേഹം നൽകി, അവരെ പ്രവർത്തനങ്ങളിൽ സജ്ജീവരാക്കും. അദ്ധ്യാത്മികസംഘടനാപ്രവർത്തന ങ്ങളുമായി ബന്ധപ്പെട്ട് പള്ളിയിൽ സമയം ചെലവഴിച്ചിട്ട് വീട്ടിൽ ചെന്ന പ്പോൾ അച്ചനോട് ബസ്ക്യാമ ചോദിച്ചത്രേ, 'ഈ അച്ചനു മാത്രമേ പള്ളി യുള്ളോ, സദാസമയവും അവിടെ പൊരുന്നിയിരിക്കാൻ' എന്ന്. ബസ്ക്യാ മയുടെ നോട്ടത്തിൽ കുടുംബത്തോടാണ് അച്ചന്റെ പ്രാഥമിക ഉത്തരവാദി ത്വം. ദൈവത്തോടും സഭയോടുമാണ് പ്രഥമികോത്തരവാദിത്തമെന്ന് കരു തുന്നവരുമുണ്ട്. കൈവെപ്പിന്റെ ശുശ്രൂഷയിൽ അങ്ങനെ ഉദ്ബോധിപ്പിക്കു മല്ലോ. ഏതായാലും കുടുംബചുമതലകളും സഭാസംബന്ധമായ കർമ്മ ധർമ്മങ്ങളും കോട്ടംതട്ടാതെയും ഏറ്റുമുട്ടാതെയും കൊണ്ടുപോകേണ്ട 'ഞാണിന്മേൽ കളി'യിൽ വൈദികൻ വൈദഗ്ദ്ധ്യം നേടേണ്ടതുണ്ട്.

**പട്ടക്കാരന്റെ കുടുംബം**

പട്ടക്കാരൻ പൊതുവിനു വേണ്ടി രാജാവും പുരോഹിതനും പ്രവാചക നുമായി അഭിഷിക്തനാണ്. കിരീടം ധരിപ്പിക്കപ്പെട്ടവനാണ്. പൊതുവിന്റെ ആളാണ് ഇടയൻ. പൊതുകാര്യങ്ങൾക്ക് പ്രാധാന്യം കൊടുക്കുമ്പോൾ ഗൃഹ കാര്യം ചിലപ്പോൾ അപ്രധാനമായിപ്പോയേക്കും. കുടുംബാംഗങ്ങൾ ഈ പരിമിതി ഉൾക്കൊള്ളേണ്ടതുണ്ട്. ഇടയൻ വേർതിരിക്കപ്പെട്ടവനായി (Set apart) - വിശുദ്ധനായി - നിലനിൽക്കാൻ കുടുംബാംഗങ്ങൾക്ക് ഒരു നല്ല പങ്കുണ്ട്. ബസ്ക്യാമയും മക്കളുമെല്ലാം വേർതിരിക്കപ്പെട്ട പട്ടക്കാരന്റെ വ്രത നിഷ്ഠകളിൽ ലോകസാധാരണതയെന്ന വെള്ളം ചേർക്കുവാൻ തുനിയരുത്. വിശുദ്ധരുടെ സംഘത്തിലേ വിശുദ്ധിയിൽ നിലനിൽക്കാനാവൂ. കുടുംബാ ന്തരീക്ഷം വിശുദ്ധമായും വേർതിരിക്കപ്പെട്ടതായും നിലനിർത്തുവാൻ അവരും സഹായിക്കണം. ആരാധനയും മറ്റ് ഭക്ത്യഭ്യാസങ്ങളും എളിയ

വിശ്വാസിക്ക് ഉതപ്പ് ആകാതെ സൂക്ഷിക്കണം. പട്ടക്കാരന്റെ കുടുംബത്തോട് അടുക്കുന്നവർക്ക് 'അച്ചനായാൽ ഇങ്ങനെയൊക്ക മതി' എന്ന ധാരണയുണ്ടാകുംവിധമാകരുത് പെരുമാറ്റങ്ങൾ. മറ്റുള്ളവർക്ക് Ideal family ആയി വർത്തിക്കണം.

വൈദികവൃത്തിയിലേക്ക് വരുന്നവർ ഇന്നുള്ള വൈദികരെ മാതൃകയാക്കുമെന്നതിനാൽ നല്ല മാതൃക അവർക്ക് കാണിച്ചുകൊടുക്കണം. സെമിനാരിയിലെ മാതൃകാവിദ്യാർത്ഥികൾ പോലും ഇടവകയിലെത്തുമ്പോൾ പഴയ വല്യച്ചന്മാരുടെ ആശാസ്യമല്ലാത്ത നടപടികൾ അനുകരിക്കുന്നത് ബാല്യകാലത്ത് അവരുടെ തലച്ചോറിൽ രേഖപ്പെടുത്തപ്പെട്ട മാതൃക അപ്രകാരമായതിനാലാവാം.

വൈദികരുടെ മക്കളുടെ കാര്യത്തിൽ ഞങ്ങളുടെ മക്കൾക്കില്ലാത്ത ചില പരിധികൾ ഞങ്ങൾ വയ്ക്കും. അച്ചന്റെ മകനല്ലേ, മകളല്ലേ; അവർക്ക് ഇങ്ങനെയൊക്കെ ആകാമോ എന്നാവും ചോദ്യം. ആ പരിവേഷം അവർക്ക് ലോകപ്രകാരം ഭാരമായി തോന്നും. എന്നാലും അനേകരുടെ Simple faith നശിക്കാനിടവരുത്തരുത് (1 കൊരി. 8:12, 13). ഞാനാര്; ആരുടെ സന്തതിയാണ്; എന്നതെല്ലാം പരിഗണിച്ച് ആ ഭാരം ദൈവത്തിനായി ചുമക്കുക.

**പക്വത**

കശ്ശീശാ - മൂപ്പൻ - മൂപ്പുള്ളവനാണ്. മൂപ്പ് പാകം വരുന്നതാണ്. പ്രായം കൊണ്ടല്ല, പാകമാകുന്നതുകൊണ്ട്. പാകം പക്വതയാണല്ലോ. ഇളപ്പത്തിന്റെ ഇളക്കം വേണ്ട. ഇരുത്തം വരണം. മൂത്തതേ കുരുക്കൂ; കരുപ്പിക്കൂ. സമചിത്തത വരണം വൈദികന്. കേട്ടതു വച്ചു മാത്രമാകരുത് തീരുമാനങ്ങളെടുക്കുന്നത്. ലഭ്യമായ വിവരം ലഭ്യമാക്കിയവന്റെ സ്വർത്ഥതാൽപ്പര്യാനുസരണമായിരിക്കാം. മുഴുവൻ കേട്ടു മനസ്സിലാക്കി അറിഞ്ഞ് തെറ്റിദ്ധാരണയ്ക്ക് വശംവദനാകാതെ പക്ഷപാതരഹിതമായി വേണം തീരുമാനങ്ങൾ ചെയ്യുവാൻ.

നേതാവ് നേതൃശക്തി ആർജ്ജിക്കേണ്ടതാണ്. അതിന് പക്വതയും കഴിവും അത്യാവശ്യമാണ്. ഉത്തമഗുരുവിന്റെ സ്ഥാനമാണ് കശ്ശീശായ്ക്കുള്ളത്. ഭരണകർത്താവ് എന്ന Role ആകർഷണീയമാണ്. അതിന്റെ അതിരു കടന്ന പ്രയോഗം ഗുരുസ്ഥാനത്തെ ക്ഷീണിപ്പിക്കും.

**എണ്ണ നിറയ്ക്കുക**

മറ്റുള്ളവരുടെ മുമ്പിൽ നിരന്തരം പ്രകാശിച്ചിരിക്കുവാൻ, കത്തിത്തീരുന്നതനുസരിച്ച് എണ്ണ നിറച്ചുകൊണ്ടിരിക്കണം. ഇല്ലെങ്കിൽ തിരി കെടും. പിന്നെ ഇരുളാകും ഫലം; തനിക്കും കൂടെയുള്ളവർക്കും. ഇക്കാര്യങ്ങൾ മനസ്സിൽ സൂക്ഷിക്കേണ്ടവനാണ് ആചാര്യൻ. ആചാര്യൻ - ഗുരു - പഠിപ്പി

ക്കേണ്ടത് യേശുക്രിസ്തുവിന്റെ സുവിശേഷം തന്നെ. അത് സനാതനമാണ്. എന്നാൽ, അതുതന്നെ കാലാനുസൃതം ജീവിതസാഹചര്യങ്ങളുമായിണക്കി ആവിഷ്കരിച്ചാലേ ഉള്ളിൽ തട്ടൂ. നിരന്തരമായി സ്വീകരിച്ചും നവീകരിച്ചും കൊണ്ടിരുന്നാലേ അത് ദാനം ചെയ്യുവാനാകൂ. കിട്ടിയതും സ്വാംശികരിച്ച തുമേ വിതരണം ചെയ്യുവാനാകൂ. സെമിനാരിപഠനകാലത്തെ പഴയ പ്രസം ഗക്കുറിപ്പുകൾ ഒരു സ്ഥലത്ത് ഒരു വട്ടമേ ഉപയോഗക്ഷമമായിരിക്കൂ. പ്രസംഗം ആവർത്തിക്കപ്പെടുന്നത് ഒരുപക്ഷേ ജനത്തിന്റെ ഓർമ്മക്കുറവിന്റെ മറവിൽ ശ്രദ്ധിക്കപ്പെടാതെ പോയേക്കാമെങ്കിലും.

**നടപ്പുകൾ**

പുരോഹിതൻ മുമ്പേ നടക്കുന്നവനും വഴികാണിച്ചുകൊണ്ട് നടക്കേണ്ട വനുമാണല്ലോ. അതിനാൽ അദ്ദേഹം ശരിയായ വഴിയിലൂടെ മാതൃകാപര മായി നടന്നേ പറ്റൂ. പറയുന്നവ പ്രവൃത്തിയിലുള്ളവനായിരിക്കണം. വാക്കു കളല്ല, പോക്കുകളാവും അനുകരിക്കപ്പെടുക (1 യോഹ. 2:6). ഇങ്ഗ്ലീഷ് മീഡിയം അല്ല സൺഡേസ്കൂളെന്ന ന്യായം പറഞ്ഞ് മക്കളെ സൺഡേ സ്കൂളിൽ വിടാത്ത സൺഡേസ്കൂളിന്റെ പ്രഡിഡണ്ടായ വികാരി എന്റെ മാതൃകാപുരുഷനല്ല. സ്വന്തം മക്കളെ യുവജനപ്രസ്ഥാനത്തിലോ പ്രാർത്ഥ നായോഗത്തിലോ അയയ്ക്കാത്ത അവയുടെ പ്രസിഡണ്ടായ കത്തനാർ ഒരു മാതൃകാപുരുഷനല്ലല്ലോ. ബസ്ക്യാമ്മയെ അടുക്കളയിൽ തളച്ചിടുന്ന അച്ചൻ വിളിച്ചുപറഞ്ഞാൽ ഞാനെന്റെ ഭാര്യയെ വനിതാസമാജപ്രവർത്തനത്തിനു വിടാൻ ഒരുവട്ടം കൂടി ആലോചിച്ചുപോകും!

**'ഭരണം വിഭജിക്കുക'**

ഏത് ഇടവകപ്രവർത്തനത്തിനും വൈദികൻ ഉണ്ടായിരിക്കണമെന്നാണ് പൊതുവേ കാണുന്ന രീതി. വൈദികന്റെ അസാന്നിദ്ധ്യത്തിൽ അദ്ധ്യാത്മിക പ്രവർത്തനങ്ങൾ നടത്താനാവാത്ത സ്ഥിതിയാണ്. വൈദികനെ വേണ്ടും വിധം നേതൃത്വത്തിനു ലഭ്യമല്ലെന്ന് ഒരു വശം. അന്മേനികൾ വേണ്ടത്ര പിന്തു ണയും നേതൃത്വവും നൽകുന്നില്ല എന്ന പരാതി മറുവശം. എന്റെ സങ്കൽപ്പ ത്തിലെ കത്തനാർ തന്നെക്കാൾ ഏതും കുറവുള്ളവരായി അന്മേനികളെ കാണുകയില്ല. ക്രിസ്തുവിൽ തുല്യകൃപയ്ക്ക് അവകാശികളായി അവരെ ബഹുമാനിക്കും. എല്ലാ ചുമതലകളും തന്നിലേയ്ക്കൊതുക്കാതെ തന്റെ അസാന്നിദ്ധ്യത്തിലും അദ്ധ്യാത്മികപ്രസ്ഥാനങ്ങൾക്ക് പക്വവും ഫലപ്രദവു മായ നേതൃത്വം നൽകുവാൻ ആളുകൾ ഉണ്ടാകുംവിധം സഭയുടെ കെട്ടുപ ണിക്കായി പ്രവർത്തകരെ കണ്ടെത്തി പ്രയോജനപ്പെടുത്തും. അതിനായി പ്രവർത്തകരെ സജ്ജമാക്കും. തന്റെ ചുമതലയാണ് പ്രവർത്തകർ പങ്കിട്ടെ ടുത്ത് തന്നെ സഹായിക്കുന്നതെന്ന് അദ്ദേഹം കരുതും. യിത്രോ മോശയ്ക്കു നൽകിയ ഉപദേശം (പുറ. 18: 18-22) അദ്ദേഹം എപ്പോഴും ഓർമ്മിക്കും.

'വിഭജിച്ചു ഭരിക്കുക' (Divide and rule) എന്നല്ല, 'ഭരണം വിഭജിക്കുക' (Divide the rule) എന്നാണ് ഇവിടത്തെ തത്ത്വം. സഭയുടെ കെട്ടുപണി കൂട്ടായ യത്നമാണ്. പങ്കാളിത്തം നൽകിയേ വളർച്ചയുണ്ടാക്കാനാവൂ. ഇല്ലെങ്കിൽ തനിയേ ഭാരം വഹിച്ച് തളർന്നു പോയേക്കും. സമർത്ഥരും വിശ്വസ്തരുമായവരെ സഭാശുശ്രൂഷയ്ക്കായി കണ്ടെത്തുകയും പരിശീലിപ്പിക്കുകയും ചുമതലപ്പെടുത്തുകയും ചെയ്യുന്നത് സഭയുടെ കടമ തന്നെയാണ് (2 തീമൊ. 2:2).

വ്യക്തിപരമായ ബന്ധങ്ങളിലൂടെ നേതൃത്വസാദ്ധ്യതയുള്ള പ്രവർത്തകരെ കണ്ടെത്തി അവരെ അദ്ധ്യാത്മികപ്രവർത്തനങ്ങളുടെ ചുമതല നൽകി ഉപയോഗിക്കണം, വൈദികൻ. ഇവിടെ അന്മേനിമാർതന്നെ തടസ്സം ഉണ്ടാക്കിയേക്കാം. മറ്റുള്ളവരോടു ബഹുമാനമില്ലാത്ത, തങ്ങളിൽകഴിഞ്ഞ് ആരുമില്ലെന്ന് കരുതുന്ന ഇക്കൂട്ടർ പറയും: 'അച്ചൻ പറയുകയോ പ്രവർത്തിക്കുകയോ ചെയ്താൽ ഞങ്ങൾ സഹകരിക്കാം. കണ്ടവരെയൊന്നും ഇക്കാര്യങ്ങൾ ഏൽപ്പിക്കരുതേ.' പരസ്പരാശ്രയത്തിന്റെയും അന്യോന്യസഹകരണത്തിന്റെയും സന്ദേശം ഇവിടെ പ്രാവർത്തികമാക്കണം. പൊതുവിന്റെ നന്മയ്ക്കും പ്രയോജനത്തിനുമായി ഓരോരുത്തരുടെയും താലന്തുകളുടെ യഥാർത്ഥവിനിമയത്തിന് ഇവിടെ ബോധവത്കരണം വേണ്ടിവരും. എല്ലാവർക്കും പങ്കാളിത്തമുള്ളിടത്തേ ആത്മാർത്ഥസഹകരണവും തദ്വാരാ പുരോഗമനവും വരൂ.

ഒരിടത്ത് നോമ്പുകാലം മുഴുവനും സൺഡേസ്കൂളിൽവച്ച് കഷ്ടാനുഭവനമസ്കാരത്തിന്റെ ഗീതങ്ങൾ പഠിപ്പിച്ചു. ഏറ്റവും പുതിയതും പ്രചാരമുള്ളതുമായ നമസ്കാരക്രമത്തിൽ നിന്നായിരുന്നു പരിശീലനം. കഷ്ടാനുഭവാഴ്ച വന്നപ്പോൾ അച്ചൻ തുടങ്ങിക്കൊടുത്ത ഗീതഭാഗങ്ങളൊന്നും ആരാധനയ്ക്ക് എത്തിയവർക്ക് തങ്ങൾ വർഷങ്ങളായി ഉപയോഗിച്ചു വന്ന പുസ്തകത്തിൽ കണ്ടെത്താനായില്ല. (അദ്ദേഹം വർഷങ്ങൾക്കു മുമ്പ് സെമിനാരിയിൽ പഠിച്ചിരുന്നപ്പോൾ കൈവശപ്പെടുത്തിയ പഴയ പുസ്തകമാണുപയോഗിച്ചത്. അതിൽ സുറിയാനി എക്കാറാഗീതഭാഗം എഴുതിവച്ചിരുന്നു.) സൺഡേസ്കൂളുകാരും യുവജനപ്രസ്ഥാനക്കാരുമെല്ലാംകൂടി സന്ധ്യനമസ്കാരാനന്തരം അച്ചനെ സമീപിച്ച് നിലവിൽ അവിടെ ഉപയോഗിച്ചുവന്ന പുസ്തകംതന്നെ ഉപയോഗിക്കണമേയെന്ന് അപേക്ഷിച്ചു. ഒന്നിടവിട്ട പദ്യഖണ്ഡികകൾ നിങ്ങളുടെ പുസ്തകത്തിൽ നിന്ന് ചൊല്ലിക്കൊള്ളാനായിരുന്നു അച്ചൻ കനിഞ്ഞ് അനുവദിച്ച സൗജന്യം. ഇവിടെ വൈദികൻ സഹകരിക്കുകയോ വളർത്തുകയോ ചെയ്തുവെന്ന ബോദ്ധ്യം എനിക്കില്ല. കാലാനുസൃതമായ പരിവർത്തനത്തിന് ഒരുങ്ങാതെ ഉടുമ്പിനെപ്പോലെ പിടിച്ച പിടിയിൽ ഉറച്ചയാളായിരുന്നു അദ്ദേഹം.

**വിമർശനങ്ങൾ**

ആത്മിയസമൂഹസംഘാടകനായ വൈദികൻ വിമർശനങ്ങൾ കേൾക്കുവാനും ഉൾക്കൊള്ളുവാനും മനസ്സുള്ളവനാവണം. തന്നെപ്പറ്റിയുള്ള വിമർശനം പോലും തുറന്ന മനസ്സോടെ കേൾക്കുവാൻ അദ്ദേഹം തയ്യാറാകണം. വിമർശനങ്ങൾ അരോചകമായി കരുതുകയും, തന്നെ അനുസരിച്ചുകൊണ്ടാൽ മതി എന്ന മനോഭാവം നിലനിർത്തുകയും ചെയ്യുന്ന വികാരി സഭാസമൂഹത്തിന് പ്രയോജനമുള്ളവനായിരിക്കില്ല എന്നാണെന്റെ ചിന്ത. വിമർശനം കേൾക്കാനുള്ള ഭാഗ്യം അധികാരികൾക്ക് ഉണ്ടാകേണ്ടതുണ്ടെന്നാണ് ഞാൻ കരുതുന്നത്. ക്രിയാത്മകവിമർശനങ്ങൾ തിരുത്തലിനും വളർച്ചയ്ക്കും സഹായകമാണ്. വിമർശനങ്ങളും സദുദ്ദേശ്യപരമായ നിർദ്ദേശങ്ങളും അവഗണിക്കുന്ന അധികാരികളാണ് ഏതു രംഗത്തും ക്രമേണ അധഃപതിക്കുന്നത്.

**താരതമ്യം**

എന്റെ സ്വപ്നത്തിലെ നായകൻ തന്റെ പ്രവർത്തനങ്ങളെ തന്നോടുതുല്യമോ തന്നിലും കുറവായോ അദ്ധ്യാത്മികപ്രവർത്തനങ്ങൾ നടത്തുന്നവരുമായിട്ടല്ല, താരതമ്യം ചെയ്ത് സംതൃപ്തിയടയുക. തന്നിലും മെച്ചമായി പ്രവർത്തിക്കുന്നവരോടു മാത്രമേ അദ്ദേഹം തന്നത്തന്നെ തുലനം ചെയ്യുകയുള്ളൂ.

**സൺഡേസ്കൂൾ**

സൺഡേസ്കൂളിലെ അദ്ധ്യാപകർക്കും കുട്ടികൾക്കും പ്രധാന സന്ദർഭങ്ങളിലെങ്കിലും മുഖം കൊടുക്കുന്ന ആളാകണം ആ പ്രസ്ഥാനത്തിന്റെ പ്രസിഡണ്ടായ വികാരി. അദ്ധ്യാപകരോ കുട്ടികളോ വിട്ടുപോകുന്നുണ്ടെങ്കിൽ അത് പ്രസിഡണ്ടറിയും; അറിയണം. അവരെ തിരികെ വരുത്തുവാൻ വേണ്ടതു ചെയ്യും. അനിവാര്യസാഹചര്യങ്ങളിൽ വിട്ടുപോകുന്ന അദ്ധ്യാപകർക്കു പകരം ആളെ കണ്ടെത്തുവാൻ കൂട്ടായ ശ്രമത്തിന് അദ്ദേഹം നേതൃത്വം നൽകും. കുടുംബസന്ദർശനങ്ങൾ അദ്ധ്യാപകരെയും കുട്ടികളെയും വലിച്ചടുപ്പിക്കുന്ന അവസരമാക്കും. അമ്മേനിയുടെ മിഷൻരംഗമാണ് സൺഡേസ്കൂൾ എന്ന അവബോധം അവർക്കുണ്ടാക്കും.

**വനിതാസമാജം**

വനിതാസമാജം തെളിച്ച ചാലിലൂടെ പ്രശ്നങ്ങളില്ലാതെ ഒഴുകുന്ന ഒരു പ്രസ്ഥാനമാണ്. പൊതുവേ, ആത്മിയസംഘടനകളിൽ വൈദികന്റെ വാത്സല്യ പ്രോത്സാഹനങ്ങൾ നേടുന്ന ഒന്നാണത്. ഇതിന്റെ പ്രവർത്തനം മിക്കയിടത്തും കാണും; മറ്റൊന്നുംതന്നെ ഇല്ലെങ്കിലും. വളരെ സാദ്ധ്യതകളുള്ള ഈ പ്രസ്ഥാനത്തെ യഥാർത്ഥക്രൈസ്തവജീവിതത്തിന്റെ പ്രേരക

ശക്തിയും പ്രയോഗരംഗവുമാക്കി മാറ്റുവാനാകും. അതിനുള്ള ബോധവത്കരണം ഈ പ്രസ്ഥാനത്തിലൂടെ നൽകുവാൻ വൈദികനു കഴിയും. വനിതാ സമാജം അച്ചന്റെ സാന്നിദ്ധ്യത്തിൽ പാട്ടു പാടി പ്രാർത്ഥിച്ചു പിരിഞ്ഞാൽ പോരാ. കുടുംബം, ദാമ്പത്യം, ശിശുപരിപാലനം ആദിയായ രംഗങ്ങളിലെ ക്രൈസ്തവദൗത്യം ഏറ്റെടുക്കാനാവുംവിധം സ്തീകൾ പരിശീലിക്കപ്പെടണം. ആനുകാലികപ്രശ്നങ്ങളോടുള്ള ക്രൈസ്തവ പ്രതികരണം, സമീപനം മുതലായവ ചർച്ചാവിഷയമാക്കണം. തൊഴിലന്വേഷണരംഗത്തും തൊഴിൽ പരിശശീലനരംഗത്തും ആവശ്യമായ സഹായം ഇതിലൂടെ നടത്താം. ഇവിടെ വിവിധ രംഗങ്ങളിലും വിഷയങ്ങളിലും അറിവും പരിചയവും ഉള്ളവരെ നേതൃരംഗത്തേക്ക് കൊണ്ടുവരണം. എല്ലാ ആദ്ധ്യാത്മികപ്രസ്ഥാനങ്ങൾക്കും പ്രവർത്തകരെ വിട്ടുതരാൻ ശക്തിയും സ്വാധീനവുമുള്ള അടിസ്ഥാനപ്രസ്ഥാനമായി വനിതാസമാജത്തെ എന്റെ വൈദികൻ കരുതും. സ്ത്രീ കുടുംബനായികയാണ്. സ്തീയുടെ അദ്ധ്യാത്മികജീവിതനിലവാരം കുടുംബാംഗങ്ങളുടെ ജീവിതത്തെ സ്വാധീനിക്കും; നയിക്കും.

**യുവജനപ്രസ്ഥാനം**

യുവജനപ്രസ്ഥാനം മിക്ക വൈദികർക്കും ഇടവകഭരണസമിതികൾക്കും തലവേദനപ്രസ്ഥാനമാണ്. 'അതു മാത്രം ഇവിടെ വേണ്ട' എന്ന് പലരും പറയും. സ്ഥാനത്തും അസ്ഥാനത്തും അഭിപ്രായസംഘട്ടനം ഈ പ്രസ്ഥാനവുമായി ഉണ്ടായിട്ടുണ്ട്. മുമ്പു പറഞ്ഞതുപോലെ കാഴ്ചപ്പാടിന്റെയും ധാരണയുടെയും വ്യത്യാസം മൂലം ഉളവാകുന്നതാണല്ലോ അഭിപ്രായസംഘട്ടനം. ഇത് എന്റെ സങ്കൽപ്പത്തിലുള്ള വൈദികന് അറിയാം. ഗായകസംഘം യുവാക്കൾക്കു വേണം. അച്ചനോ ഭരണസമിതിയോ എതിരാകും. രണ്ടു കൂട്ടർക്കുമിടയിൽ ആശയവിനിമയവിടവും ധാരണപ്പിശകുമുണ്ടാകും. അതു മാറുമ്പോൾ ഐക്യവും യോജിപ്പും വരും. വൈദികന്റെ തുറന്ന മനസ്സോടെയുള്ള നേതൃത്വവും സമീപനവും ബോധവത്കരണവും പ്രശ്നങ്ങൾ പരിഹരിക്കും. എന്നാൽ അറിവില്ലാത്ത കാര്യങ്ങളെക്കുറിച്ച് അവസാനവാക്കു പറഞ്ഞ് 'ഇരിയെടാ, അവിടെ' എന്ന നയം സ്വീകരിച്ചാൽ യുവാക്കൾ അടുത്തു നിൽക്കയില്ല. Specialization-ന്റെ ഇക്കാലത്ത് 'കണ്ട നീയല്ല, കേട്ട ഞാൻ' എന്ന ന്യായം സ്വീകാര്യമാകില്ല. പങ്കാളിത്തവും ബോധവത്കരണവും കൊണ്ടേ യുവാക്കളെ സഭാജീവിതത്തിലേക്ക് അടുപ്പിക്കാനാകൂ. ഇന്നത്തെ Status quo സമ്പ്രദായം യുവാക്കൾക്ക് ആകർഷണീയമാവില്ല. ആദ്ധ്യാത്മികതയുടെ മാനദണ്ഡം നവീകരണസഭകളുടെയോ പെന്തക്കൊസ്തുകൂട്ടായ്മകളുടെയോ രീതികളാണെന്ന മിഥ്യാധാരണയും ഗുണകരമാകില്ല. ആരംഭത്തിലുണ്ടാകുന്ന അനുഭൂതി കുറയുന്നതോടെ അവർ വിട്ടുപോകും. ക്രൈസ്തവമൂല്യങ്ങളുടെ കാലികപ്രസക്തിയും പ്രയോഗവും യുവജനസമ്മേളനങ്ങളിൽ ചർച്ചാവിഷയമാകണം. യുവാക്കളുടെ കർമ്മശേഷി

ക്രിസ്തീയമാർഗ്ഗത്തിലേക്ക് തിരിച്ചുവിടണം. മറ്റേതു പ്രസ്ഥാനക്കാരെക്കാളും കർമ്മകുശലരും ഊർജ്ജസ്വലരും നവീനാശയാകൃഷ്ടരുമായ അംഗങ്ങളുള്ള യുവജനപ്രസ്ഥാനത്തിന്റെ നേതാവും അങ്ങനെയൊക്കത്തന്നെയാവണം. പഴഞ്ചനാകരുത്. അത്യന്താധുനികനാവണമെന്നല്ല, അത്യന്താധുനികപ്രവണതകളെക്കുറിച്ച് അജ്ഞാനിയായിരിക്കരുത്. ഭക്തരായ കുറേ യുവാക്കളെ കൊണ്ടുനടക്കുന്നതിലല്ല, അങ്ങനെയല്ലാത്തവരെ ക്രിസ്തുവിനായി നേടുന്നതിലാണ് വൈദികൻ ഉത്സാഹിക്കേണ്ടത്. ജീവസന്ധാരണരംഗങ്ങളിലുണ്ടാകുന്ന വെല്ലുവിളികളെ നേരിടുവാൻ യുവാക്കളെ സജ്ജരാക്കുന്ന വ്യക്തിത്വവികസന പരിശീലനപദ്ധതികൾ വൈദികനിൽ നിന്ന് പ്രതീക്ഷിക്കുന്നുണ്ട്.

**പ്രാർത്ഥനായോഗം**

പ്രർത്ഥനായോഗത്തിന് പണ്ടൊക്കെ ഞങ്ങളുടെ നാട്ടിൽ കുടുബയോഗം എന്നാണ് പറഞ്ഞിരുന്നത്. ഒരു വല്യപ്പാപ്പന്റെ മക്കളും പേരക്കിടാങ്ങളും കൂടുന്ന ഇന്നത്തെ കുടുംബയോഗമല്ല, ഇടവകയിലെ ഒരു പ്രദേശത്തെ കുടുംബങ്ങൾ ഒരുമിക്കുന്ന ഒരു പ്രാർത്ഥനായോഗമാണ് അന്നത്തേത്. ഇപ്പോൾ അതിനും ഭരണഘടനയും മറ്റു സംവിധാനങ്ങളുമായി. സ്ഥാപനാത്മകമായ ഒരു പ്രവർത്തനരീതിക്കുപരിയായി പരിശുദ്ധാത്മാവിൽ ക്രൈസ്തവകൂട്ടായ്മയും മതബോധനവും നടക്കുന്നതിലൂടെ യഥാർത്ഥ ക്രൈസ്തവസാക്ഷ്യമുള്ള ഒരു ഇടവകയും ജനങ്ങളും രൂപപ്പെടുകയാണ് ആവശ്യം. പ്രാർത്ഥനായോഗം എല്ലാ ആത്മിയപ്രസ്ഥാനങ്ങളുടെയും ഒരു സംയുക്തവേദിയും നേതൃത്വപരിശീലനക്കളരിയും ആക്കിത്തീർക്കുവാൻ ഇടവകവൈദികൻ യത്നിക്കണം. ഒരിക്കലും മാറാത്ത സ്ഥാനികളും റിട്ടയർ ചെയ്ത നേതൃമോഹികളും കൈയടക്കുന്ന ഇടമാകരുത് പ്രാർത്ഥനായോഗങ്ങൾ. അവർ മറ്റുള്ളവർക്ക് പങ്കാളിത്തം നൽകി നേതൃത്വപരിശീലനസൗകര്യം ഉണ്ടാക്കണം. പ്രോത്സാഹനവും അവസരവും നൽകിയേ പുതുനാമ്പുകളെ വളർത്താനാവൂ. നേതൃത്വത്തിലേക്ക് വരുന്നവർ ദിവ്യബോധനം തുടങ്ങിയ പരിശീലനപദ്ധതികളിലൂടെ സഭാപരിജ്ഞാനവളർച്ച നേടിയെടുക്കണം. ഇതരസഭകളുടെ പ്രസിദ്ധീകരണങ്ങളോ ആൾദൈവങ്ങളുടെ സൗജന്യലഘുലേഖകളോ ആശ്രയമാക്കി സഭാംഗങ്ങളെ 'പള്ളിയിൽ നിന്ന് പന്തലിലേക്ക്' നയിക്കുന്ന 'വചനഘോഷകരെ' ലഭ്യതയുടെ സൗകര്യമോർത്ത് വൈദികൻ പ്രോത്സാഹിപ്പിക്കേണ്ടതില്ല.

പ്രാർത്ഥനായോഗത്തിനു മുമ്പായി ആ പ്രദേശത്തെ ഭവനങ്ങൾ സംഘടനാപ്രവർത്തകരോടൊപ്പം സന്ദർശിച്ച് വീട്ടുകാരെ യോഗസ്ഥലത്തേക്ക് ആകർഷിക്കുന്നത് ഒരു പതിവുപരിപാടിയാക്കാം, വൈദികന്. വൈദികൻ അൽപ്പസ്വൽപ്പം സാമ്പദികസൌകര്യമുള്ളവരുടെ ഭവനത്തിലേ ഹാജരുണ്ടാവൂ എന്ന പരാതിക്ക് ഇടവരുത്തരുത്. ഏതെങ്കിലും കാരണവശാൽ

വൈദികൻ ഇല്ലെങ്കിലും യോഗം കോട്ടംകൂടാതെ നടക്കുവാൻ വേണ്ട സംവിധാനം വൈദികൻ ഉണ്ടക്കണം. നേതാക്കളുടെ ഒരു രണ്ടാംനിര ഉണ്ടാക്കുന്നതിൽ വൈദികൻ ശ്രദ്ധിച്ചിരിക്കണം.

പ്രാർത്ഥനായോഗവേദി സമകാലികവും ആനുകാലികവുമായ വിഷയങ്ങൾ വേദാനുസൃതം ചർച്ച ചെയ്യുകയും അവയോടുള്ള ക്രൈസ്തവസമീപനം വ്യക്തമാക്കിക്കൊടുക്കുകയും വേണം. ലൗകികതയിൽനിന്ന് ഒളിച്ചോടുന്നതല്ല, ആത്മിയത എന്ന് ബോദ്ധ്യപ്പെടുത്തുവാൻ ഈ സന്ദർഭം ഉപകരിക്കണം. വേദപഠനവും വിശ്വാസാചാരങ്ങളുടെ സമർത്ഥനവും അവിടെയുണ്ടാകണം. അപ്പോൾ സഭാവിരുദ്ധാശയങ്ങൾക്ക് ആ ഇടവകയിൽ വേരോട്ടമുണ്ടാകയില്ല. നവീകരണസഭാപ്രവർത്തകർ ആ ഇടവകയോട് സുല്ലിട്ട് പിരിയും. ആത്മീയദാഹം ഉള്ളവരുടെ ദാഹശമനം ഇത്തരം കൂട്ടായ്മയിൽ ലഭിക്കുമെന്നതിനാൽ ആരും അതിനായി പന്തലുകളിലേക്കും ധ്യാനകേന്ദ്രങ്ങളിലേക്കും ഓടിനടക്കുകയില്ല.

ക്രൈസ്തവജീവിതം ആത്മികവും ലൗകികവുമായി വേർതിരിക്കാനാകാത്ത ഒന്നാണെന്ന ബോദ്ധ്യത്തിൽ മനുഷ്യജീവിതത്തിന്റെ സമസ്തരംഗങ്ങളിലും ക്രൈസ്തവസാക്ഷ്യവും ദൗത്യവുമുണ്ട് എന്ന് സ്വന്തം ജനങ്ങളെ ബോദ്ധ്യപ്പെടുത്തി അപ്രകാരം ജീവിക്കാൻ പ്രേരണയും മാതൃകയും നൽകുന്നയാളാണ് എന്റെ മനസ്സിൽ ജീവിക്കുന്ന കശ്ശീശാ.

എന്റെ ഈ സങ്കൽപ്പം രൂപപ്പെട്ടിട്ടുള്ളത് സഭയുടെ ആരാധനക്രമങ്ങളും സഭാപിതാക്കന്മാരുടെ വേദവ്യാഖ്യാനങ്ങളും രചനകളും കണ്ടും കേട്ടും, സമകാലീന സഭാചിന്തകരുടെ പഠനങ്ങളും പ്രസംഗങ്ങളും പിന്തുടർന്നതുകൊണ്ടുമാണ്. അതിന് എനിക്കു നാളതുവരെ ധാരാളം അവസരം തന്ന ദൈവത്തോട് ഞാൻ എന്നും കൃതജ്ഞനുമാണ്.

# Ministering the Mysteries of God

## Fr. John Mathew

(Chaplain ,St Marys Boys Home Thalacode)

St. Paul the apostle of Jesus Christ exhorts his beloved disciple and co-worker Timothy that our Lord Jesus Christ is the Mediator between God and Man, being both God and Man (1Tim 2:5). This mediatorship of Jesus is peculiar because He is the sole mediator who gave His life as a ransom for all. But in order to meditate His economy of salvation, He desires human instruments between Himself and the world, each of whom is the "the minister and dispenser of the Mysteries of God" (1 Cor 4:1). Thereby, some men are appointed by God to deliver the sacraments to others, just as in the secular world one group serves and ministers to another: "The purpose for which any high priest is chosen from among his fellowmen and made a representative of men in their dealings with God, is to offer gifts and sacrifices in expiation of their sins." (Heb. 5:11)

"His vocation comes from God, as Aaron's did; nobody can take on himself such a privilege as this." Heb 5:4 When a priest receives his calling from God, his soul lingers in a state of unrest just as Peter experienced when he met Christ. The person encountering the call reacts as Peter said: "Depart from me, O Lord, for I am a sinful man." There is a dilemma: one of attraction to the divine; the other, withdrawal, because of one's own unworthiness. There is, simultaneously, a deep desire to approach the All-Holy and a shrinking because of one's own sense of sinfulness.

The Priest knows how human he is, and yet, like Christ on the Cross, he feels suspended between heaven and earth, abandoned by one and rejected by the other. The world expects a priest to be more than human. Called to be as pure and as holy as an angel, the Priest is conscious of his own weakness, carrying the rich treasure in a fragile vessel. And yet he must fulfill the words of his Master: "As you sent me into the world, I have sent them into the world" (John 17:18). From now on, he no longer takes the short breaths of the world; he must draw in strength from the world of the spirit. All said and done there are certain services that are to be ministered by a Priest. Based on the writings of the Church Fathers, here are three such services:

**Three Dimensions of Priestly Ministry** (Based on the writings of the Church Fathers)

1. Ministry of a Physician, 2. Ministry of a Doorkeeper, 3. Ministry of an Angel

**Ministry of a Physician**

A good physician depicts a natural flair for medicine, has an in-depth knowledge and uses it to effectively diagnose and treat even the most complicated cases. In the same way, the priest must be able to unravel and soothe the torments of the souls of the faithful in a way that is similar to how a doctor treats the afflictions of the body. The priest is also a surgeon wielding the Word of God as an instrument of healing, a spiritual advisor. The most powerful instrument for healing that adorns the priest is the Word. It is effective both in rejuvenating the soul when it is asleep and soothing it when it is inflamed. The Word cuts off excesses and fills up defects. This image is a favorite of St. John Chrysostom. The task of preaching is paramount to Chrysostom's theology of the priesthood: only by the preaching of the Word can the souls of the faithful be treated in such a way as to be healed.

**Ministry of the Doorkeeper:** The vocation of priesthood can be equated with that of the doorkeeper. St. John in his gospel talks about the gatekeeper who opens the door of the sheep pen to the good shepherd but keeps the sheep safe from thieves and strangers. Every Priest is a gatekeeper who opens the door for Christ to enter the lives of the faithful and also opens the door to the Kingdom of God. A priest is endowed with the mission of warning the congregation?/people of the grave peril which might befall them due to their ignorance and sins. The motive to this allegory is also used to caution the one who would aspire to the priesthood. Ezekiel 33:6 says: "For if when the sword comes, the watchman does not sound the trumpet to the people nor give them a sign, and the sword comes and takes any man away, he indeed is taken away on account of his iniquity, but his blood will I require at the watchman's hands." It is a dire warning to the doorkeeper if he fails to perform his duty judiciously.

**Ministry of the Angel:** The priest is at the nexus of material and spiritual realities, engaging in spiritual combat and is himself a participant in the invisible. Gregory the Theologian creates a tenth category in the hierarchy of angels: "Who is to take his stand with Angels and give glory with Archangels and cause the sacrifice to ascend to the altar on high and share the priesthood of Christ?" It is this heavenly status which the priest enjoys while being an inhabitant of the earth which empowers him to elevate others.

Supporting the claims of Gregory, St. John Chrysostom also views the role of the priest as angelic: "For the priestly office is indeed discharged on earth, but it ranks amongst heavenly ordinances; and very naturally so: for neither man, nor angel, nor archangel, nor any other created power, but the Paraclete Himself, instituted this vocation, and persuaded men while still abiding in the flesh to represent the ministry of the angels. Wherefore the consecrated priest

ought to be as pure as if he were standing in the heavens themselves in the midst of those powers. For when you see the Lord sacrificed, and laid upon the altar, and the priest standing and praying over the victim, and all the worshippers empurpled with that precious blood, can you then think that you are still among men, and standing upon the earth? Are you not, on the contrary, straightway translated to heaven?"

Fr. K. T. Philip - Reflecting the priestly calling: Today the priest has to face conflicts not only in his ministry but also in his self-understanding of the way of life and creating a balance between scriptures, dogmas of the church and the modern society. The present crisis in priesthood is a result of the world becoming materialistic, increasing secularization and because the love of God is reduced to purely human fellow feeling. Even in such a perilous age, Fr. K. T. Philip capably administered his duties as an able physician who would reach out to the sick and their families and soothe their afflictions through prayers encouraging them to face adversities and sickness with renewed faith. He is an exemplary example of a trustworthy doorkeeper who would through his inspirational sermons deliver a better understanding of the scriptures to the congregation. His sermons instilled in people the desire to live by the Word of God thereby opening the doors to the Kingdom of God. He was actively and whole-heartedly devoted to the cause of raising funds for the downtrodden in the society. His benevolent deeds have made him an embodiment of an angel who instills hope and joy in the hearts of many distressed families.

My association with him is only of a few weeks after I met him at Mar Gregorios Chapel, Thalacode where he used to attend the liturgy in the days leading to his untimely demise. Those few interactions with him have left a deep mark on my mind. In spite of enduring a lot of physical pain, he was extremely attentive in the liturgy especially the sermon. Every Sunday after the Holy Eucharist, he would share his opinion and insights about my views on the gospel passage. His words of encouragement propelled me to take renewed efforts while delivering the Word of God to the congregation. He had an uncanny knack of remembering names and other details. Having introduced myself the first time, he had remembered my name since then. This attribute of his reminded me of the Good Shepherd in the gospel of John chapter 10, who calls each sheep by its name. This attribute further entails not just a passion for God but also for his people. His cheerful demeanor always struck me as appealing to the masses. He was the embodiment of humility and compassion.

I find myself blessed to have had a short but an indelible association with him. His untimely demise is a poignant reminder of the Orthodox community's loss of a fatherly figure ever ready to motivate youngsters and the congregation

alike. His influence has been etched in our memories for eternity. Even though his cheerful, humble and prayerful presence is missed, I am sure he is close to God and interceding for all of us. May God grant peace to his soul and may his prayers be our refuge to us.

Sources:

1. Gregory Nazianzen, “Oratio 2,” in *NPNF Vol. 7,* Philip Schaff Ed. Edinburgh: T & T Clark/ Grand Rapids, Michigan: W. B. Eerdmans Publishing Company. 1989.

2. John Chrysostom. “On the Priesthood”, in *NPNF Vol. 9,* Philip Schaff Ed. Edinburgh: T & T Clark/ Grand Rapids, Michigan: W. B. Eerdmans Publishing Company. 1989.

## അനുബന്ധം - 1

# FR K T Philip & Mrs Susamma Philip KITH & KIN

### (L)Thomas- (L) Saramma

| (L)K T Varghese- Mariamma Varghese | ( L) Sosamma - (L) Abraham | (L)K T Pathrose- Aleyamma Pathrose | Chinnamma Kurian - (L) A P Kurian | K T Sleeba- Chinnamma Sleeba | FR K T Philip- Susamma Philip |
|---|---|---|---|---|---|
| Saramma Paulose- A C Paulose | Valsa Mathew- (L) Mathew | Joal Mathew- (L) Mathew M T | Lalu Varghese- K C Varghese | Santhosh Sleeb- Bindhu Santhosh | Micah Philip |
| (L)Leela George- K V George | C A Babu- (L) Gracy Babu | Sainu Paulose- Paulose K V | Roy Kurian- Jolly Roy | Sindu Reji - Reji Ittoop | |
| Sosamma George - V P George | C A Saju- Sheela Saju | Maginu Sabu - Adv K V Sabu | Mini Johny - Johney K M | Seena Ninan- Ninan Mathews | |
| Elizabeth Abraham- A K Abraham | (L)C A Raju- Mini Raju | | Sini Toms- Toms P K | | |
| Mary George- D George | Ani George- (L)George C V | | | | |

### (L)Itty K Joseph- (L)Thankamma Itty

| Susamma Philip- FR K T Philip | Omana Kurian- Kurian N K | Suresh K Jose- Susamma Suresh | Saju Varghese- Anitha Saju |
|---|---|---|---|
| Micah Philip | Neethy Elsa Kurian | Teena Ania Jose- Shonet Ninan | Ben Itty Varghese |
| | Sathya Prakash Kurian | Tony Jose | |

# വാർത്തകളും സഭാപിതാക്കന്മാരുടെ കത്തുകളും

6 | മലയാളംപത്രം
മെയ് 12, 2010

## ജീവകാരുണ്യ വഴികളിലെ സാന്ത്വനത്തിളക്കമായി പരുമല മാർ ഗ്രിഗോറിയോസ് ട്രസ്റ്റ്

റവ.കെ.ടി ഫിലിപ്പ്

ജീവകാരുണ്യ പ്രവർത്തനങ്ങളിലെ തിളങ്ങുന്ന സാന്നിധ്യമായി പരിശുദ്ധ പരുമല തിരുമേനിയുടെ നാമധേയത്തിൽ സ്ഥാപിതമായ പരുമല മാർ ഗ്രിഗോറിയോസ് മെമ്മോറിയൽ ചാരിറ്റബിൾ ട്രസ്റ്റ് കാരുണ്യ പ്രവർത്തികളുടെ വഴിയേ പുത്തൻ കർമപഥത്തിലേക്ക് ചുവടുവയ്ക്കുന്നു. ദൈവശാസ്ത്രജ്ഞൻ, തത്വചിന്തകൻ, മനുഷ്യസ്നേഹി എന്നീ നിലകളിൽ പ്രശസ്തനായ, കാലം ചെയ്ത ഡോ. പൗലോസ് മാർ ഗ്രിഗോറിയോസ് മെത്രാപ്പൊലിത്തയാണ് ട്രസ്റ്റിന്റെ സ്ഥാപക പ്രസിഡന്റ്. പരുമല തിരുമേനിയുടെ ജന്മനാടായ മുളന്തുരുത്തിയിലെ തലേക്കാട് ആസ്ഥാനമാക്കിയാണ് ട്രസ്റ്റിന്റെ പ്രവർത്തനം. യശശരീരനായ റവ. ഒ.സി കുര്യാക്കോസ് കോറെപ്പിസ്കോപ്പയുടെ സാരഥ്യത്തിൽ നടന്നിരുന്ന സെന്റ് മേരീസ് ബോയിസ് ഹോമിലെ, നൂറോളം ആൺകുട്ടികളെ ട്രസ്റ്റ് ഏറ്റെടുത്തു പരിപാലിക്കുന്നു. ജാതിമതഭേദമില്ലാതെ കേരളത്തിന്റെ നാനാഭാഗങ്ങളിൽ നിന്നുള്ള കുട്ടികൾ ഈ അനാഥ മന്ദിരത്തിലുണ്ട്.

1978ൽ തുടക്കമിട്ട മാർ ഗ്രിഗോറിയോസ് ഇൻഡസ്ട്രിയൽ ട്രെയിനിംഗ് സെന്ററിലൂടെ സ്ഥാപനത്തിലെ അന്തേവാസികൾക്ക്, പ്രത്യേകിച്ച് വിദ്യാർഥികൾക്ക് സാങ്കേതിക പരിശീലനം ലഭിക്കുന്നു. പ്രദേശത്തെ പാവപ്പെട്ട വനിതകൾക്ക് തൊഴിൽ നൽകാനുദ്ദേശിച്ച് ഒരു ഇലക്ട്രോണിക്സ് അസംബ്ലിംഗ് യൂണിറ്റും ട്രസ്റ്റിനു കീഴിലുണ്ട്.

ജീവകാരുണ്യ പ്രവർത്തനവഴികളിൽ ട്രസ്റ്റിന് വഴികാട്ടിയായിരുന്ന ഡോ. പൗലോസ് മാർ ഗ്രിഗോറിയോസിന്റെ ഓർമ നിലനിർത്താനായി ഒരു ആരാധനാലയം, കൺവൻഷൻ, കോൺഫറൻസ് റൂമുകൾ, പാവങ്ങൾക്ക് പരിചരണം നൽകുന്നതിനായി മെഡിക്കൽ ക്ലിനിക് എന്നിവ സ്ഥാപിക്കാനുള്ള ശ്രമത്തിലാണ് ട്രസ്റ്റിന്റെ നേതൃത്വം.

തൃപ്പൂണിത്തുറയ്ക്കടുത്ത് എയർപോർട്ട്, സീപോർട്ട് റോഡിലെ ഇരിമ്പനത്ത് 21 സെന്റ് സ്ഥലവും ഇതിനായി വാങ്ങിക്കഴിഞ്ഞു. ഡോ. ഗീവർഗീസ് മാർ കൂറിലോസ് മെത്രാപ്പൊലീത്തയുടെ നേതൃത്വത്തിലാണ് നിലവിൽ ട്രസ്റ്റിന്റെ പ്രവർത്തനം. ഈ പ്രൊജക്ടിന്റെ ധനശേഖരണാർഥം ഇപ്പോൾ അമേരിക്കയിൽ പര്യടനം നടത്തിക്കൊണ്ടിരിക്കുന്ന ഫിലിപ്പ് അച്ചൻ ഈ ആഴ്ചയിൽ ന്യൂയോർക്കിൽ ഉണ്ട്. കഴിഞ്ഞ ഹാസാ ആഴ്ചയിൽ അച്ചൻ ന്യൂജേഴ്സിയിലെ ക്ലിഫ്റ്റോണിലുള്ള മാർ ഗ്രിഗോറിയോസ് ഇടവകയിൽ ഉണ്ടായിരുന്നു. പിന്നീട് ഹൂസ്റ്റണിലും കാലിഫോർണിയയിലും സന്ദർശിച്ചതിനു ശേഷമാണ് അച്ചൻ ന്യൂയോർക്കിൽ എത്തിയത്. 10 മുതൽ 15വരെ ഫിലാഡൽഫിയയിൽ സന്ദർശനം നടത്തും 16ന് ന്യൂയോർക്കിൽ തിരിച്ചെത്തിയതിനുശേഷം 29ന് തിരികെ നാട്ടിലേക്ക് പോകും.

ഇപ്പോൾ ട്രസറ്റിന്റെ ഡയറക്ടറായി ദൈനംദിന കാര്യങ്ങൾ നടത്തുന്നതിനൊപ്പം പടമുകൾ സെന്റ് ജോൺസ് ദി ബാപിറ്റിസ്റ്റ് ഓർത്തഡോക്സ് ഇടവകയിലെ വികാരിയായും സേവനം അനുഷ്ടിക്കുന്നു. അമേരിക്കയിലെ ബന്ധപ്പെടാനുള്ള നമ്പർ **(845)702-6118.** കാരുണ്യപ്രവർത്തികളിൽ താൽപര്യമുള്ള സുമനസുകളിൽ നിന്നും ഈയൊരു സംരംഭത്തിനായി സഹകരണവും സഹായവും പ്രാർഥനകളും ട്രസ്റ്റ് നേതൃത്വം അഭ്യർഥിച്ചു. **വിവരങ്ങൾക്ക്:**
റവ.കെ.ടി ഫിലിപ്പ്
Ph: 919446841200
0484 2711290
E-mail: pmgmct@gmail.com,
ktphilipachen@ yahoo.com

VORTRAG

# Priester berichtet aus Südindien

**Konstanz** – In den 80-er Jahren engagierten sich etliche Konstanzerinnen und Konstanzer für das südindische Kinderheim in Kerala. Schüler des Humboldt-Gymnasiums standen in Korrespondenz mit Kindern aus dem Heim. Die Selbstbesteuerungsgruppe „1 Prozent" engagierte sich finanziell. Der heutige Leiter der Einrichtung, der syrisch-orthodoxe Priester Father Philip, ist derzeit zu Gast bei der früheren Humboldt-Lehrerin Lore Rittmayer. Er wird am Freitag, 11. Mai, um 20 Uhr im Clubraum des Johannes-Zwickhauses (Friedrich Hug-Straße) über die heutige Situation in dem Heim berichten.

„Chocolat", 16.45, 19.30, 23 Uhr (ab 6 J.).

## ■ ZEBRA-KINO

**Reihe Jugendsubkulturen: „Absolute Giganten"**: 20 Uhr.
**„Clubbed to Death"** (OmU): 22.15 Uhr.

## ■ VORTRAG / DISKUSSION

**Bildungswerk Konstanz:** 20 Uhr „Engel in der Literatur" mit Katharina Oost, heute „Duineser Elegien" von R.M. Rilke. Ort: Kapitelsaal, im Kreuzgang des Münsters.
**Johannes-Zwick-Haus,** Friedrich-Hug-Straße 3, Clubraum: 20 Uhr Father Philip spricht über das südindische Kinderheim in Kerala.

## ■ STUDENTENFUTTER

Uhr (oder nach tel. Vereinbarung).
**Naturschutzzentrum,** Kindlebildstraße 87 (ehem. Bahnhof Reichenau): „Fang die Sonne ein", Ausstellung zum Thema „Wollmatinger Ried und Solarenergie". Geöffnet von 9 bis 12 und 14 bis 17 Uhr.
**Bibliotheksausstellung 2001 der Suso-Bibliothek,** Heinrich-Suso-Gymnasium, Neuhauser Straße 1 (Eingang Hof, Eichhornstraße): 8 bis 13 Uhr „Ich führe euch herrlichen Tagen entgegen" - Das Wilhelminische Zeitalter 1888-1918. Führungen können unter Telefon 6 62 78 bzw. 6 19 05 vereinbart werden.
**Kleine Galerie,** im Klinikum Konstanz: Bilder von Esther-Zollinger.
**Parkhotel am See,** Seestraße 25a: Ausstellung von Heidi Tübinger.
**Galerie in der Rosenau,** Eichhornstraße 56: ...



നമ്പർ

സ്വയംസ്ഥിതനും ആദ്യന്തമില്ലാത്തവനും സാരാംശസമ്പൂർണ്ണനും ആയ
ത്രിയേക ദൈവത്തിന്റെ തിരുനാമത്തിൽ (തനിക്കു സ്തുതി)
വിശുദ്ധ മാർത്തോമ്മാശ്ലീഹായുടെ സിംഹാസനത്തിൻമേൽ ആരൂഢനായിരിക്കുന്ന
**പൌരസ്ത്യ കാതോലിക്കായും മലങ്കര മെത്രാപ്പോലീത്തായും ആയ**
**മോറാൻ മാർ ബസ്സേലിയോസ് മാർ തോമ്മാ മത്യൂസ് പ്രഥമൻ**

നമ്മെക്കാളും സ്നേഹിക്കപ്പെട്ടിരിക്കുന്ന നമ്മുടെ കെ. റ്റി. ഫി
കത്തനാർക്ക് വാഴ്‌വ്.

പ്രിയനെ, 10-2-89 ലെ കത്തു കിട്ടി. പ്രിയ
കുടുംബാംഗങ്ങളുടെയും രോഗവിവരങ്ങൾ മനസ്സിലാക്കി. പ്രിയ
കൂടെക്കൂടെയുണ്ടാകുന്ന രോഗവും അതുമൂലമുള്ള അസ്വസ്ഥത
പ്രിയനെ വല്ലാതെ അലട്ടുന്നതായി നമുക്കറിയാം. പരമ കാ
കനായ ദൈവം പ്രിയനെ കാത്തു പരിപാലിക്കുന്നതിനായു
ടത്തെ ശാശ്വതമായ ശാന്തിയും സമാധാനവും പ്രിയന് ലഭിക്കു
തിനായും നാം പ്രത്യേകം പ്രാർത്ഥിക്കുന്നു. പ്രിയന്റെ കുടുംബത്തി
വേണ്ടിയും നാം പ്രാർത്ഥിക്കുന്നു. രോഗങ്ങളും കഷ്ടതകളും
മ്പോൾ നിരാശനാകാതെ കൂടുതൽ ദൈവാശ്രയത്തോടു
മുൻപോട്ടുപോകണം. കഷ്ടതകൾ ഒരു ദൈവപൈതലിനെ
സംബന്ധിച്ചിടത്തോളം ശുദ്ധീകരണത്തിന്റെ അവസരമാ

പ്രിയന്റെ വീട് പണിയ്ക്ക് നമ്മോടു വാ
പതിനായിരം രൂപായിൽ തിരിച്ചടയ്ക്കുന്നതും അയ്യായിര
രൂപായുടെ കാര്യവും പ്രിയൻ എഴുതിയിരുന്നല്ലോ. പ്ര
ത തുക പ്രിയൻ തിരികെ തരേണ്ട ആവശ്യമില്ല. പ്രിയ
ബുദ്ധിമുട്ടുകൾ നാം മനസ്സിലാക്കുന്നു.

പ്രിയനേയും കുടുംബത്തേയും ദൈവം അനുഗ്രഹിക്കട്ടെ

1989 ഫെബ്രുവരി 13-ാം തീയതി
കോട്ടയം കാതോലിക്കേറ്റ്
അരമനയിൽ നിന്ന്.

Telegrams : Devalokam
E-mail-orthodox@md4.vsnl.net.in

Telephone : 0481 - 2574323, 2578500
Fax : 0481 - 2570569

# The Malankara Orthodox Syrian Church

## CATHOLICATE OF THE EAST

**Baselios Marthoma Didymus I**
CATHOLICOS OF
THE APOSTOLIC THRONE OF
ST. THOMAS
AND MALANKARA METROPOLITAN

CATHOLICATE PALACE
KOTTAYAM - 686 038
KERALA, INDIA

നമ്പർ: CE&MM\ 60 \2006

കർത്താവിൽ നമ്മുടെ വാത്സല്യവാൻ ഫിലിപ്പ് അച്ചന് വാഴ്‌വ്.

അയച്ച ആശംസകൾക്ക് നന്ദി. പ. സഭയോടും പിതാക്കൻമാരോടുള്ള സ്നേഹത്തെ ശ്ലാഘിക്കുന്നു. ദിവസേനയുള്ള പ്രാർത്ഥനയിൽ നമ്മെയും നമ്മുടെ സഭയിലെ പിതാക്കൻമാരെയും പ്രത്യേകം ഓർക്കണം.

സർവ്വശക്തനായ ദൈവത്തിന്റെ കൃപയും വാഴ്‌വ്വുകളും പ്രിയനും കുടുംബാംഗങ്ങൾക്കും എപ്പോഴും ഉണ്ടാകട്ടെ എന്ന് പ്രാർത്ഥിക്കുന്നു.

ക്രിസ്തുവിൽ നമ്മുടെ സ്നേഹം.

ബസ്സേലിയോസ് മാർത്തോമ്മ ദിദിമോസ് പ്രഥമൻ

2006 ജനുവരി മാസം 5–ാം
തിയതി കോട്ടയം കാതോലിക്കേറ്റ്
അരമനയിൽ നിന്ന്.



Dr. PAULOS MAR GREGORIOS
Metropolitan of Delhi
President, World Council of Churches

THE DELHI ORTHODOX CENTRE
2, Tuglakabad Institution Area,
New Delhi – 110 062
Cables: DELHORTH, New Delhi
Phones: 6436417, 6413527 (pers)

Kottayam
Feb 9, 1990

My dear Philip Achen,

Thank You for your letter.

I came to know from Yakob on the 6th about your mother's passing away. Unfortunately I could not come to Tripunithura. I had to go to Trivandrum before finishing the Indian Science Congress.

May God grant rest to her soul. She suffered much, both mentally and physically, especially since the Church dispute began. Now she is with the Lord, free from such petty struggles. May the Angel of the Lord comfort her, guide her and bring her into the presence of the Lord where there is perfect joy.

God bless you also

Affly
Paulos Gregorios †

P.S. Love to the Boys at Boys' Home



നമ്പർ 27/86

ഫോൺ: 23 (കൊരട്ടി)

ദൈവകൃപയാൽ

കൊച്ചി ഭദ്രാസന ഇടവകയുടെ സഹായ മെത്രാപ്പോലീത്താ

യാക്കൂബ് മാർ പോളിക്കാർപ്പോസ് മെത്രാപ്പോലീത്തായിൽനിന്നും

YAKKOOB MAR POLYCARPOS ASST. METROPOLITAN OF COCHIN

നമ്മുടെ വാത്സല്യവാൻ K.T. ഫിലിപ്പ് അച്ചന് വാഴ്വ്.

പ്രിയനെ,

അച്ചനെ ജൂലായ് 1-ാം തിയ്യതി മുതൽ മുളന്തുരുത്തി കത്തോലിക്കേറ്റ് സെന്ററിലെ തവണ വികാരിത്വത്തിൽ നിന്നു വിടർത്തി പകരം മാസത്തിൽ ഒന്നാം ഞായറാഴ്ച വടയമ്പറമ്പ് മാർ ബഹനാൻ പള്ളിയിലും, മൂന്നാം ഞായറാഴ്ച മാങ്ങാടപ്പിള്ളി സെന്റ്. ജോർജ്ജ് ഓർത്തഡോക്സ് പള്ളിയിലും തവണ വികാരിയായി ഇനി ഒരു കല്പന ഉണ്ടാകുന്നതുവരെ നാം നിയമിച്ചിരിക്കുന്നു. അച്ചന് ഒരു തവണക്കു 150/- രൂപ ഇടവകയിൽ വേതനം ലഭിക്കുന്നതാണ്. ശേഷം പിന്നാലെ.

ദൈവം അനുഗ്രഹിക്കട്ടെ.

എന്ന്,

1986 ജൂൺ 28-ന്
കൊരട്ടി സീയോൻ സെമിനാരിയിൽ നിന്നു.

+Yakoob Mar Polycarpos



St. Paul's Mission Training Centre

*H. G. Dr. Geevarghese Mar Osthathios*

Metropolitan

President :- Mission Board
St. Paul's Mission Training Centre
Mavelikara, Kerala - 690 103
☎ 04782 - 2473

Metropolitan of Niranam
Bethany Aramana
Tiruvalla-689 101
Kerala India
☎ : 04736-21357

Ref

Date 12-1-98



ORTHODOX CHURCH
CATHOLICATE OF THE EAST
DIOCESE OF DELHI

Dr. Paulos Mar Gregorios
*Metropolitan of Delhi*

Job Mar Philoxenos
Asst. Metropolitan

Delhi Orthodox Centre
2, Tughlakabad Institutional Area
New Delhi - 110062
Cables: DELHORTH, New Delhi
Phones: 6986417, 6984975, 6989203
Fax: 91-11-698-4975

Blessings.

17.2.97.

My dear Achen,



താങ്കി K.M. George അച്ചൻ വശം പടത്തോട് ഒന്നിക്കുന്ന
തിനായി കൊടുത്തയച്ചിട്ടുണ്ട്. അതു അവിടെ കിട്ടിയില്ലെങ്കിൽ
ഞാൻ സുന്നഹദോസിന്റെ സമയത്തു കോട്ടയത്തു വരുമ്പോൾ
പടത്തോടു [struck] കൊണ്ടുവന്നു തരാം. ഏവർക്കും
ആനന്ദമുളവാക്കും ഒരു ദിവ്യ സന്ദേശമാണ് അതു വഹിക്കണം.
തിരുമേനി Simla യിൽ വച്ച് കണ്ട ഒരു കുഞ്ഞിനെ വര
യ്ക്കുന്നതാണ് ചിത്രം. അതിനോടു മൃദുവികാരങ്ങളുടെ പ്ര,
ചകനായിരുന്ന അദ്ദേഹത്തിൽ കൊരുത്തിലെ ഏതൊരു
ശിശുവിന്റെ [struck] പോലും തന്നെ വിശുദ്ധതയിലുള്ള ഒരു ശിശു
വിന്റെ നിഷ്കളങ്കതയേയും മൃദുവികാരങ്ങളെയും അംഗീക
രിക്കുന്നതിനും അനുഭവിക്കുന്നതിനും കഴിഞ്ഞിരുന്നുവെന്നു
വന്നത ഈ ചിത്രം വ്യക്തമാക്കുന്നു.

അച്ചൻ Abu Dhabiയിൽ പോകുന്നതിൽ
സന്തോഷമേയുള്ളു. എന്നാൽ Al-Ain പള്ളി ഭാഗം, അച്ചനു
ടത്തുന്നതിന് Fr. T.P. Kurien, അച്ചനെ ക്ഷണിക്കുന്നതിനു മുമ്പ്
എന്റെ അനുവാദം തേടേണ്ടതായിരുന്നു. എന്റെ അനുവാദ
മില്ലാതെ തന്നെ അച്ചനെ അവിടേക്ക് ക്ഷണിച്ചിരിക്കുന്ന
സ്ഥിതിക്ക് എന്റെ അനുവാദത്തിന് പ്രസക്തിയില്ല. എന്റെ
അനുവാദമില്ലാതെ തന്നെ അച്ചനെ അവിടെ വരു
ത്തുന്നതിന് അച്ചൻ തീരുമാനിച്ചിരിക്കുകയുമാണല്ലോ. ഏതാ
യാലും Fr. T.P. Kurien-നെ ഒരു കാര്യം അത്യാവശ്യമായി
അച്ചൻ അറിയിക്കണം. എന്റെ അനുവാദം അച്ചന്
അവിടേക്ക് പോകുന്നതിനാവശ്യമാകയാൽ അതു ലഭിക്കുന്ന
തിന് ആവശ്യമായതു, Fr. T.P. Kurien ചെയ്യണമെന്ന്
ള്ളതും. [struck]. അച്ചൻ Al-Ainൽ പോകാ
നുള്ള സമ്മതത്തിൽ സന്തോഷം തന്നെ. പക്ഷേ, അനു
വാദമില്ലാതെ പോകുവാൻ പാടില്ലെന്ന് പ: സുന്നഹ
ദോസിന്റെ തീരുമാനം. ഉത്തരവിനോടു കാലം അനു
വാദത്തോടു കൂടി മിക്കവാറും പോകുവാൻ സാധിക്കുകയുള്ളൂ. അ
ച്ചൻ അവിടെ പോയി Boys Home നു വേണ്ടി പണം
പിരിക്കുന്നതിലും സന്തോഷമേയുള്ളൂ. പക്ഷേ, അതും കല്പന
യിൽ കൂടെ വേണ്ടതാണ്.

ദൈവമനുഗ്രഹിക്കട്ടെ.

In Our Lord

+ Mar Philoxenos

# ആദരാഞ്ജലി

ജോർജിയൻ മിറർ പ്രഥമ ചീഫ് എഡിറ്റർ

# ഫാ. കെ.റ്റി.ഫിലിപ്പ്

## കെ.റ്റി.ഫിലിപ്പച്ചൻ (1951–2019)

*'പുരോഹിതൻ കർത്താവിന്റെ ദൂതൻ ആകയാൽ അവന്റെ അധരങ്ങൾ പരിജ്ഞാനം പൊഴിക്കുന്നു'* (മലാഖി 2:7)

ഈ ആഗസ്റ്റ് ഏഴിന് കർതൃസന്നിധിയിലേക്ക് 68–ാം വയസിൽ വാങ്ങിപ്പോയ വന്ദ്യ കെ.റ്റി. ഫിലിപ്പച്ചനെക്കുറിച്ച് ചിന്തിക്കുമ്പോൾ മേൽ ഉദ്ധരിച്ച പ്രവാചകവാക്യം എത്രയോ അന്വർത്ഥമാകുന്നു. അച്ചനെ അടുത്തറിയുന്ന ഓരോരുത്തരും ആ ആചാര്യനിൽനിന്ന് പരിജ്ഞാനത്തിന്റെ മാധുര്യവും സുഗന്ധവും ആവോളം അനുഭവിച്ചറിഞ്ഞിട്ടുണ്ട്. സമസൃഷ്ടികളോട് അച്ചൻ പ്രകടിപ്പിച്ചുപോന്ന സ്നേഹവും വാത്സല്യവും കരുതലും അനുകമ്പയും ഏവർക്കും അനുകരണീയ മാതൃകതന്നെ. കഷ്ടതകളും പ്രയാസങ്ങളും നേരിടുന്നവർക്ക് ആശ്വാസ ദൂതുമായി അച്ചൻ എത്തിയിരുന്നു എന്നത് എത്രയോ കുടുംബങ്ങൾ ഇന്ന് നിറകണ്ണുകളോടെ ഓർമിക്കുന്നുണ്ടാവും.

പാലാരിവട്ടം സെ.ജോർജ് ഓർത്തഡോക്സ് വലിയപള്ളിയിൽ രണ്ട് തവണയായി (1993–98, 2005–2009) വന്ദ്യ ഫിലിപ്പച്ചൻ ഒൻപതു വർഷം ശുശ്രൂഷ ചെയ്തിട്ടുണ്ട്. ഈ ഒൻപതു വർഷക്കാലം ഇടവകയുടെ അഭിവൃദ്ധി ലാക്കാക്കി അച്ചൻ നൽകിയ നേതൃത്വം അവിസ്മരണീയമാണ്. 2007–ലായിരുന്നു ഫിലിപ്പച്ചന്റെ നേതൃത്വത്തിൽ ഇടവകാംഗങ്ങൾ അന്തസുറ്റ, നിലവാരം പുലർത്തുന്ന ഒരു പ്രസിദ്ധീകരണം ആരംഭിക്കുന്നതിനെക്കുറിച്ച് ചിന്തിച്ചത്. ആ ആലോചനകളാണ് ***'ജോർജിയൻ മിറർ'*** ത്രൈമാസികയ്ക്ക് ജൻമംകൊടുത്തത്. ത്രൈമാസികയുടെ പ്രഥമ ചീഫ് എഡിറ്ററായി രണ്ടു വർഷക്കാലം സ്തുത്യർഹമായ നേതൃത്വം നൽകിയ അച്ചനെ ***'ജോർജിയൻ മിററ'***ിന്റെ പ്രവർത്തകർക്ക് ഒരിക്കലും മറക്കുവാൻ സാധിക്കുകയില്ല. ഇന്ന് പന്ത്രണ്ടു വർഷം പൂർത്തിയാക്കി ഈ പ്രസിദ്ധീകരണം വിജയകരമായി മുൻപോട്ടു പോകുന്നുവെങ്കിൽ അതിന് ആരംഭം കുറിച്ച വന്ദ്യ ഫിലിപ്പച്ചൻ നൽകിയ നേതൃത്വം എന്നും ഓർമിക്കപ്പെടും.

മലങ്കര സഭയുടെ ശ്രേഷ്ഠരായ രണ്ട് മേൽപ്പട്ടക്കാരായിരുന്ന ഭാഗ്യസ്മരണാർഹരായ ഡോ.പൗലോസ് മാർ ഗ്രീഗോറിയോസ്, ഡോ.ഗീവർഗീസ് മാർ ഒസ്താത്തിയോസ് എന്നീ മെത്രാപ്പോലീത്താമാരുടെ ഉറ്റ ശിഷ്യൻ എന്ന നിലയിൽ വന്ദ്യ ഫിലിപ്പച്ചൻ അവരുമായി അടുത്തു പ്രവർത്തിക്കുവാൻ ഇടയായിട്ടുണ്ട്. തലക്കോട് പ്രവർത്തിക്കുന്ന പരുമല മാർ ഗ്രീഗോറിയോസ് ചാരിറ്റബിൾ ട്രസ്റ്റിന്റെ അഭിമുഖ്യത്തിലുള്ള ബോയ്സ് ഹോം, ഐ.ടി.ഐ.സെന്റർ എന്നിവയുടെ മാർഗദർശിയായി അച്ചൻ ദീർഘകാലം പ്രവർത്തിച്ചു. അതുപോലെ, മാവേലിക്കര സെ.പോൾ മിഷൻ സെന്ററുമായി ചേർന്ന് പ്രവർത്തിക്കുകയും അവിടെ അധ്യാപനം നടത്തുകയും ചെയ്തു.

പ.മാത്യൂസ് പ്രഥമൻ കാതോലിക്കാ ബാവായുടെ നിർദേശപ്രകാരം ഗ്രീഗോറിയോസ് തിരുമേനി തുടക്കംകുറിച്ച ***ദിവ്യബോധനം*** പഠനപദ്ധതിയുടെ ഏറ്റവും പ്രവർത്തകൻ കൂടിയായിരുന്നു ഫിലിപ്പച്ചൻ. ഒരു ഇടയൻ എന്ന നിലയിൽ തന്റെ ഓരോ ആടിനെയും പേർ ചൊല്ലി വിളിക്കുവാൻ തക്കവണ്ണം ഊഷ്മളമായ ബന്ധം സജീവമായി നിലനിർത്തുവാൻ വന്ദ്യ ഫിലിപ്പച്ചന് കഴിഞ്ഞു. വരുമാനത്തിന്റെ ദശാംശം ദൈവത്തിനുള്ളതാണെന്ന ബോധ്യം ഇടവകാംഗങ്ങളിൽ വ്യാപരിക്കാൻ അച്ചൻ നടത്തിയ ഉദ്ബോധനയജ്ഞം എടുത്തുപറയേണ്ട ഒന്നാണ്.

ഇടവകാംഗങ്ങളോടു ചേർന്നുനിന്നു ശുശ്രൂഷ ചെയ്ത ഈ ആചാര്യന്റെ ആത്മാവിന് ***നിത്യതയിൽ വലഭാഗെ ഇടം ലഭിക്കട്ടെ*** എന്നും ദുഃഖിതരായിരിക്കുന്ന കുടുംബാംഗങ്ങൾക്ക് ദൈവം ആശ്വാസം പകരട്ടെ എന്നും പ്രാർത്ഥിച്ചുകൊണ്ട് ***'ജോർജിയൻ മിറർ'*** പ്രാർത്ഥനാപൂർവം ആദരാഞ്ജലികൾ അർപ്പിക്കുന്നു.

***G.M.Team***

അനുബന്ധം - 3

# പൗലോസ് മാർ ഗ്രീഗോറിയോസും തലക്കോട് ബാലഭവനവും

## ജോയ്സ് തോട്ടയ്ക്കാട്

അനാഥരായ കുട്ടികളെയും സാമ്പത്തികശേഷി കുറഞ്ഞ ഭവനങ്ങളിലെ കുട്ടികളെയും വളർത്തുകയും വിദ്യാഭ്യാസം ചെയ്യിക്കുകയും ചെയ്യുന്ന തലക്കോട് സെന്റ് മേരീസ് ബോയ്സ് ഹോം. ആ സ്ഥാപനത്തിന്റെ ഡയറക്ടർ ബോർഡ് മീറ്റിംഗ് നടക്കുകയാണ്. സ്ഥാപനത്തോടൊപ്പം പ്രവർത്തിക്കുന്ന ഒരു ഐ.റ്റി.ഐ. യുമുണ്ട്. അതിന്റെ കാര്യങ്ങളെക്കുറിച്ച് എന്തോ ചിന്തിച്ചു കൊണ്ടിരിക്കെ പ്രസിഡണ്ട് വളരെയധികം ക്ഷുഭിതനായി. വൈദികർ ഉൾപ്പെടെയുള്ള ബോർഡ് മെമ്പേഴ്സിന്റെ വിശദീകരണങ്ങളോ സാന്ത്വനങ്ങളോ അദ്ദേഹത്തിന്റെ ദേഷ്യത്തെ കുറച്ചില്ല. അധികം താമസിയാതെ യോഗം അവസാനിച്ചു. അപ്പോഴും പ്രസിഡന്റിന്റെ ദേഷ്യം പോയിട്ടില്ല. ആ മുഖം കണ്ടാലത് മനസ്സിലാവുകയും ചെയ്യും. അദ്ദേഹം മുറിയിൽ നിന്ന് വെളിയിൽ ഇറങ്ങി. എവിടെനിന്നെന്ന് അറിയില്ല അന്തേവാസികളായ കുറെ കുട്ടികൾ ഓടി വന്ന് അദ്ദേഹത്തിന്റെ ചുറ്റും കൂടി. അദ്ദേഹം കസേരയിലിരുന്നു; അദ്ദേഹത്തിന്റെ കൈയിലും ദേഹത്തുമൊക്കെ പിടിച്ചും ചാരിയും കുഞ്ഞുങ്ങളും.

ബോർഡ് മെമ്പേഴ്സിൽ ചിലർ ഈ കാഴ്ച കണ്ടുകൊണ്ട് തൊട്ടടുത്ത് നില്പുണ്ടായിരുന്നു. അവർ പ്രസിഡന്റിന്റെ മുഖത്തേക്ക് നോക്കി. കഴിഞ്ഞ നിമിഷം വരെ അവിടെ ഉണ്ടായിരുന്ന ദേഷ്യം അവിടെ കാണാനേയില്ല. പകരം സന്തോഷവും വാത്സല്യവുമാണവിടെ കണ്ടത്.

അദ്ദേഹം കുഞ്ഞുങ്ങളിലൊരാളായി അവരോടു സംഭാഷണമാരംഭിച്ചു. ക്ലാസിലെ കാര്യങ്ങൾ, സ്കൂൾ വിട്ടു വന്നാൽ ചെയ്യുന്ന കാര്യങ്ങൾ, പരീക്ഷയ്ക്കു കിട്ടിയ മാർക്കുകൾ തുടങ്ങിയ പലതും. ചിലരുടെ കൈയിൽ കണ്ട നോട്ട്ബുക്ക് വാങ്ങി അദ്ദേഹം വായിച്ചുനോക്കി. അതിൽ അക്ഷരത്തെറ്റ് കണ്ടപ്പോൾ, സ്വന്തം പോക്കറ്റ് തപ്പി പേനയെടുത്ത് അവ തിരുത്തിക്കൊടുത്തു.

കുട്ടികളോടൊപ്പം കളിച്ചും ചിരിച്ചും അവിടെയിരുന്ന, കുട്ടികളുടെ മനസ്സുമായി കുട്ടികളെ സ്നേഹിച്ച് ജീവിച്ച ആ മനുഷ്യൻ പൗലോസ് മാർ ഗ്രിഗോറിയോസ് തിരുമേനി ആയിരുന്നു.

ദൈവസ്നേഹത്തിന്റെ ആർദ്രമായ ഭാവമാണ് കുഞ്ഞുങ്ങളെ സ്നേഹിക്കുന്നതിലൂടെ നാം കാണുന്നത്. “ശിശുക്കളെ എന്റെ അടുക്കൽ വരുവാൻ വിടുവിൻ, അവരെ തടയരുത്'' എന്നു പറഞ്ഞ യേശുക്രിസ്തുവിന്റെ

ശിശുക്കളോടുള്ള സ്നേഹത്തിന്റെ ആർദ്രമായ ഭാവം ഡോ. പൗലോസ് മാർ ഗ്രിഗോറിയോസിൽ നിറഞ്ഞിരുന്നു. കാപട്യമില്ലാത്ത സ്നേഹം മെത്രാപ്പോലീത്തായുടെ കൂടെപ്പിറപ്പായിരുന്നു. കുട്ടികളോടൊത്തുള്ള നിമിഷങ്ങളിൽ ആ സ്നേഹം കരകവിഞ്ഞൊഴുകി. 'ശിശുവിന്റെ പുഞ്ചിരിയിൽ കാണുന്ന നന്മയെ പ്രണമിച്ചിരുന്ന' മെത്രാപ്പോലീത്താ ശിശുക്കളോടൊത്തുള്ള നിമിഷങ്ങളിൽ വെറുമൊരു ശിശുവായി. എത്ര ദേഷ്യപ്പെട്ടിരിക്കുന്ന സമയത്തും ഒരു കൊച്ചുകുട്ടിയെ കണ്ടാൽ, എല്ലാ ദേഷ്യവും ഒരു നിമിഷത്തിനുള്ളിൽ മാറി, ആ കുട്ടിയോട് കളിതമാശകൾ പറയത്തക്കവിധം പെട്ടെന്ന് അദ്ദേഹത്തിന്റെ സ്വഭാവം മാറും. അവരുടെ കൂടെ കളിക്കുമ്പോൾ തനിക്ക് ചെയ്തുതീർക്കാനുള്ള ജോലികളെക്കുറിച്ചോ സമയത്തെക്കുറിച്ചോ അദ്ദേഹം ചിന്തിയ്ക്കാറില്ലായിരുന്നു.

ഡോ. പൗലോസ് മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്തായ്ക്ക് കുഞ്ഞുങ്ങളോടുള്ള ഹൃദയംഗമായ സ്നേഹത്തിന്റെ ബഹിർസ്ഫുരണമാണ് തലക്കോട് ബോയ്സ് ഹോം. ഫാ. ഒ. സി. കുര്യാക്കോസ് കോർഎപ്പിസ്കോപ്പാ 1963-ൽ 15 കുട്ടികളുമായി ആരംഭിച്ച സെന്റ് മേരീസ് ബോയ്സ് ഹോമിന്റെ ഭരണച്ചുമതല 1976-ലാണ് മെത്രാപ്പോലീത്താ പ്രസിഡണ്ടായ പരുമല മാർ ഗ്രിഗോറിയോസ് ചാരിറ്റബിൾ ട്രസ്റ്റ് ഏറ്റെടുത്തത്. ജാതിമത പരിഗണനകളില്ലാതെ അനാഥബാലന്മാരെയും സാമ്പത്തികശേഷി കുറഞ്ഞ ഭവനങ്ങളിലെ ബാലന്മാരെയും സമൂഹത്തിനു കൊള്ളാവുന്നവരായി വളർത്തിയെടുക്കുക എന്ന ദൗത്യം ഈ സ്ഥാപനം സ്തുത്യർഹമായ നിലയിൽ നടത്തിവരുന്നു. വിധിയുടെ കരങ്ങൾ അനാഥത്വത്തിന്റെ ലേബലൊട്ടിച്ച പാവപ്പെട്ട ബാലന്മാർക്കു ദൈവകൃപയുടെ സഹായത്താൽ അതു തരണം ചെയ്ത് ജീവിതത്തിൽ ഉന്നതശ്രേണിയിൽ എത്തുവാൻ ബോയ്സ് ഹോം സഹായകമാകുന്നു. പത്താംക്ലാസ്സ് പാസാകുന്നതു വരെ കുട്ടികളുടെ എല്ലാ കാര്യങ്ങളും ബോയ്സ് ഹോം ആണ് നോക്കുക. ഭക്ഷണവും വസ്ത്രവും വിദ്യാഭ്യാസവും വൈദ്യസഹായവുമെല്ലാം സൗജന്യമായി നൽകുന്നു. ബോയ്സ് ഹോമിനോടൊപ്പം നാലു സ്ഥാപനങ്ങൾ കൂടി ട്രസ്റ്റ് നടത്തുന്നുണ്ട്. മാർ ഗ്രിഗോറിയോസ് ഐ.ടി.ഐ. യും വിമൻസ് വെൽഫയർ സൊസൈറ്റി പ്രൊഡക്ഷൻ സെന്ററും ഡോ. പൗലോസ് മാർ ഗ്രീഗോറിയോസ് ഓൾഡ് ഏജ് ഹോമും വരിക്കോലിയിലെ ഗ്രിഗോറിയൻ ഡയാലിസിസ് സെന്ററും.

സെന്റ് മേരീസ് ബോയ്സ് ഹോമിന്റെ നിലനില്പിനും വികസനത്തിനുമായി മെത്രാപ്പോലീത്താ സുധീരമായ നേതൃത്വമാണ് നൽകിയത്. സമയത്തിന്റെ വിലയറിഞ്ഞ് പ്രവർത്തിച്ച മെത്രാപ്പോലീത്താ, തന്റെ തിരക്കിനിടയിലും ഈ സ്ഥാപനത്തിന്റെ ഉയർച്ചയ്ക്കും വികസനത്തിനുമായി യത്നിച്ചു. ഈ മഹൽസ്ഥാപനത്തെപ്പറ്റി മെത്രാപ്പോലീത്താ കൊട്ടിഘോഷിക്കാറില്ലായിരുന്നു. സ്ഥാപനത്തിനുവേണ്ടി ഒരു പൊതുപിരിവിനായി ആഹ്വാനം

ചെയ്തതുമില്ല. പല മാർഗ്ഗങ്ങളിൽ സമാഹരിക്കുന്ന തുക, ആ സ്ഥാപനത്തിന് ലഭിക്കത്തക്കവിധം മെത്രാപ്പോലീത്താ ക്രമീകരിച്ചു. കോട്ടയം ഓർത്തഡോക്സ് സെമിനാരിയിൽ വരുമ്പോഴെല്ലാം തലക്കോട് പോയി കുഞ്ഞുങ്ങളുമായി അടുത്തിടപഴകാനും നർമ്മസല്ലാപം നടത്തുവാനും, സ്ഥാപനത്തിന്റെ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുവാനും അദ്ദേഹം സമയം കണ്ടെത്തി. ബാലഭവനിലെ കുഞ്ഞുങ്ങളെ സന്ദർശിക്കുന്നത് മെത്രാപ്പോലീത്തായ്ക്ക് ആഹ്ലാദമുളവാക്കുന്ന കാര്യമായിരുന്നു. സെമിനാരി കഴിഞ്ഞാൽ അദ്ദേഹത്തിന്റെ പ്രധാന ശ്രദ്ധ ഉണ്ടായിരുന്ന മറ്റൊരു സ്ഥാപനം തലക്കോട് ബാലഭവനം ആയിരുന്നു.

സെന്റ് മേരീസ് ബോയ്സ് ഹോം കെട്ടിടത്തിന്റെ ആദ്യനിലയുടെ കൂദാശ 1979 മാർച്ച് 25 ന് നിർവഹിച്ച ശേഷം നടന്ന സമ്മേളനത്തിൽ മെത്രാപ്പോലീത്താ ഇപ്രകാരം പ്രസംഗിച്ചു: “പ്രിയ കുഞ്ഞുങ്ങളെ, നിങ്ങൾക്കു വസിക്കാനൊരു വീടുണ്ടാക്കിയിട്ടു മാത്രം മതി ഒരു മെത്രാപ്പോലീത്തായായ എനിക്കൊരു കിടപ്പാടം ഉണ്ടാക്കുന്നത് എന്നുള്ളത് എന്റെ ഒരാഗ്രഹമായിരുന്നു. ദൈവാനുഗ്രഹത്താൽ എന്റെ ആഗ്രഹം ഏതാണ്ട് നിറവേറി വരികയാണ്. പ. കന്യക മറിയാമിന്റെ നാമത്തിലും പ. പരുമല മാർ ഗ്രിഗോറിയോസ് തിരുമേനിയുടെ മദ്ധ്യസ്ഥതയ്ക്കായി സമർപ്പിച്ചുകൊണ്ടും സ്ഥാപിതമായ ഈ ബോയ്സ് ഹോമിന്റെ താഴത്തെ നില പണിപൂർത്തിയാക്കി ഇന്നു കൂദാശ ചെയ്യുവാൻ സാധിച്ചു. ഈ ബോയ്സ് ഹോം, ദൈവഭയമുള്ളവരും ജീവിതത്തിനു പ്രാപ്തരുമായ നല്ല പൗരന്മാരെ വാർത്തെടുത്ത് രാഷ്ട്രത്തിനും സഭയ്ക്കും സംഭാവന ചെയ്യുവാൻ ഉപയുക്തമായ ഒരു നല്ല സ്ഥാപനമായി വളർന്നുകൊണ്ടിരിക്കുകയാണ്. കാരുണ്യവാനായ ദൈവത്തിന്റെ അനുഗ്രഹവും സന്മനസ്സുള്ളവരായ അനേകരുടെ ഉദാരമായ സംഭാവനകളുമാണീ സ്ഥാപനത്തിന്റെ വളർച്ചയ്ക്ക് നിദാനം. പ്രായമുള്ള ആളുകൾ കൂടെക്കൂടെ ഈ സ്ഥാപനം സന്ദർശിച്ച് ഇവിടെ ജീവിക്കുന്ന കുഞ്ഞുങ്ങൾക്കു പ്രോത്സാഹനവും പ്രചോദനവും നൽകണം.”

മെത്രാപ്പോലീത്താ സ്ഥാപനത്തിന്റെ ചുമതല ഏറ്റതു മുതൽ അതിന്റെ പ്രധാന ചുമതല വഹിക്കുന്ന ഫാ. കെ. റ്റി. ഫിലിപ്പ് ഈ പ്രസംഗത്തെക്കുറിച്ച് ഇങ്ങനെ ഓർക്കുന്നു: “ബാലഭവനത്തിന്റെ ആദ്യനില കൂദാശ ചെയ്തുകൊണ്ട് തിരുമേനി പറഞ്ഞു: ‘നിന്റെ വീട് അല്ല ഇപ്പോൾ പണിയേണ്ടത്, കുഞ്ഞുങ്ങൾക്കു വേണ്ടി ഒരു വീട് നീ ആദ്യം പണിയണം. അതു കഴിഞ്ഞ് നീ അരമന പണിതാൽ മതിയെന്ന് ദൈവം എന്നോട് പറഞ്ഞു. അതനുസരിച്ചാണിപ്പോൾ കുഞ്ഞുങ്ങൾക്കായി ഈ ഭവനം പണിതിരിക്കുന്നത്’. അതിനു ശേഷം അഞ്ചുകൊല്ലം കഴിഞ്ഞാണ് ഡൽഹിയിലെ അരമന പണിപൂർത്തിയായി തിരുമേനി അവിടെ താമസമാക്കിയത്. ബാലഭവന്റെ പണിക്കുവേണ്ടി തിരുമേനി ആവശ്യപ്പെട്ടതനുസരിച്ച് ജർമ്മൻകാർ സഹായിച്ചു.

ഉദ്ദേശിച്ചിരുന്ന ഒരു ടാർജ്ജറ്റ് കിട്ടിക്കഴിഞ്ഞപ്പോൾ 'ഇനി ഇങ്ങോട്ട് പണമയക്കേണ്ട'തില്ലെന്ന് തിരുമേനി അവരെ അറിയിച്ചു. കെട്ടിടം പണിയുവാൻ ആവശ്യമായ പണം കിട്ടിക്കഴിഞ്ഞു. ഇനിയിപ്പോൾ പണമയക്കേണ്ട എന്നാണ് തിരുമേനി എഴുതിയത്. ഇങ്ങനെ വേറെ ആരെങ്കിലും എഴുതുവാൻ മുതിരുമോ? കിട്ടുന്നിടത്തോളം ഇങ്ങോട്ടു പോരട്ടെ എന്നല്ലേ സാധാരണ ചിന്തിക്കുകയുള്ളു".

ബാലഭവനിലെ കുഞ്ഞുങ്ങളോടുള്ള മെത്രാപ്പോലീത്തായുടെ വാത്സല്യത്തെയും കരുതലിനെയും കുറിച്ച് ഫാ. റ്റി. പി. ഏലിയാസ് പറയുന്നു: "തിരുമേനി വളരെയധികം തിരക്കിനിടയ്ക്കാണ് വരുന്നതെങ്കിലും പോകാൻ ധൃതിയുണ്ടെങ്കിലും ബാലഭവനിലെ കുഞ്ഞുങ്ങളോടൊത്ത് കുറച്ച് സമയം ചിലവഴിക്കും. കുഞ്ഞുങ്ങളുടെ കാര്യത്തിൽ തിരുമേനിക്ക് ഒരു പ്രത്യേക താല്പര്യവും കരുതലുമാണ്. തിരുമേനി കയറിചെല്ലുമ്പോൾ തന്നെ കുഞ്ഞുങ്ങൾ എല്ലാം കൂടി ഓടിച്ചെന്ന് വളയും. തിരുമേനി അവരെ മടിയിൽ കയറ്റി ഇരുത്തും. അവരെ താലോലിക്കും. അവർ ഇരുന്ന് പഠിക്കുന്നിടത്തൊക്കെ പോകും. അവരുടെ കൂടെ ഡസ്കിലിരിക്കും. അവരുടെ നോട്ടുബുക്കുകൾ എടുത്ത് മറിച്ച് നോക്കും. കുഞ്ഞുങ്ങൾ ഇംഗ്ലീഷിലും മലയാളത്തിലുമൊക്കെ എഴുതിയിരിക്കുന്ന കാര്യങ്ങളിൽ തെറ്റു കണ്ടാൽ തിരുമേനി തിരുത്തിക്കൊടുക്കും. അത്രയും വ്യക്തിപരമായ ശ്രദ്ധ തിരുമേനി കുഞ്ഞുങ്ങൾക്ക് കൊടുത്തിരുന്നു. സ്ഥാപനത്തെയും അതിനോടനുബന്ധിച്ചു പ്രവർത്തിക്കുന്ന ഐ. റ്റി. സി. യെയും സംബന്ധിക്കുന്ന ഗഹനമായ കാര്യങ്ങൾ ചർച്ച ചെയ്യാനാണ് തിരുമേനി വരുന്നതെങ്കിൽപോലും, ആ ഗഹനതകളെല്ലാം മറന്ന് തിരുമേനി കുഞ്ഞുങ്ങളുടെ കൂടെ കളിയിലും ചിരിയിലും പങ്കെടുക്കും. എല്ലാവരെയും തനിക്കു ചുറ്റും നിർത്തി അവർക്ക് ഉപദേശങ്ങൾ കൊടുക്കും. സമൂഹത്തിനു കൊള്ളാവുന്ന നല്ല കുഞ്ഞുങ്ങളായി വളരണമെന്ന് ഉപദേശിക്കും".

തന്റെ വിശ്വാസപ്രമാണങ്ങളും ആദർശങ്ങളും തന്റെ സ്ഥാപനത്തിലെങ്കിലും നടപ്പാക്കണമെന്ന് മെത്രാപ്പോലീത്തായ്ക്ക് നിർബന്ധമുണ്ടായിരുന്നു. ബാലഭവനോടൊപ്പം 1979-ൽ ആരംഭിച്ച ഐ.റ്റി.ഐ. യിൽ അദ്ദേഹം നടപ്പാക്കിയ ശ്രദ്ധേയമായ ഒരു കാര്യത്തെക്കുറിച്ച് ഫാ. കെ. റ്റി. ഫിലിപ്പ് അനുസ്മരിക്കുന്നു: "ഐ.റ്റി.ഐ. തുടങ്ങിയപ്പോൾ ധാരാളം സാമ്പത്തിക ഭാരങ്ങൾ ഉണ്ടായിരുന്നു. ഗവേണിംഗ് ബോർഡ് കൂടിയപ്പോൾ പലരും പറഞ്ഞു: "എല്ലാ സഭകളും, മെത്രാപ്പോലീത്തന്മാരും, പള്ളികളും നടത്തുന്ന ഐ. റ്റി. സി. കളിൽ ക്യാപ്പിറ്റേഷൻ ഫീസും ഡൊണേഷനുമൊക്കെ വാങ്ങിച്ചാണ് വിദ്യാർത്ഥികളെ പ്രവേശിപ്പിക്കുന്നത്. അതുകൊണ്ട് നമ്മളും അങ്ങനെ ചെയ്യുന്നതിൽ തെറ്റില്ല". തിരുമേനി അതിന് സമ്മതിച്ചില്ല. അദ്ദേഹം പറഞ്ഞു: "കോലഞ്ചേരി കോളജിന്റെ ആരംഭകാലത്ത് ഞാൻ പറഞ്ഞതാണ് ഡൊണേഷനൊന്നും വാങ്ങിക്കരുതെന്ന്. അവർ വാങ്ങിച്ചു. ആ കോളജിന്റെ

അച്ചടക്കം മുഴുവൻ പോയി. ഇവിടെ എന്നു നിങ്ങൾ ഡൊണേഷൻ വാങ്ങിക്കാൻ തുടങ്ങുന്നുവോ അന്ന് ഈ സ്ഥാപനവുമായുള്ള എന്റെ എല്ലാ ബന്ധവും തീരും. കാരണം ലോകം മുഴുവൻ നീതി നടക്കണമെന്നുള്ളതാണ് എന്റെ ആഗ്രഹം. അത് നടക്കുമോ എന്നെനിക്കറിയാൻ പാടില്ല. എന്റെ സ്ഥാപനത്തിൽ നടക്കുന്നില്ലെങ്കിൽ എനിക്കീ സ്ഥാപനം വേണ്ട." തിരുമേനിയുടെ ആശയത്തിൽ ഉറച്ചു നിന്നുകൊണ്ട് ഇന്നുവരെ അഞ്ചു പൈസ ഡൊണേഷനാകട്ടെ ക്യാപ്പിറ്റേഷനാകട്ടെ വാങ്ങിക്കാതെ ഈ സ്ഥാപനം നിലനിൽക്കുന്നു. വളരെ ചെറിയ തുക മാത്രമേ ഫീസായി വിദ്യാർത്ഥികളിൽ നിന്നും വാങ്ങുന്നുള്ളു. വിദ്യാർത്ഥികൾക്ക് ഭാരമുണ്ടാകുന്ന തരത്തിലുള്ള യാതൊരു ഫീസുകളും വാങ്ങിക്കുന്നില്ല. ഇതിനെ സംബന്ധിച്ചെല്ലാം തിരുമേനി ഓരോ സമയത്തും വ്യക്തമായ മാർഗനിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. അതനുസരിച്ചാണ് ഓരോ കാര്യവും നീങ്ങിക്കൊണ്ടിരിക്കുന്നത്."

1993-ൽ പക്ഷാഘാതമുണ്ടായതിനെ തുടർന്നാണ് മെത്രാപ്പോലീത്താ അവസാനമായി വിൽപ്പത്രം തയ്യാറാക്കിയത് (അതിനു മുമ്പ് രണ്ടു തവണയെങ്കിലും അദ്ദേഹം വിൽപ്പത്രം തയ്യാറാക്കിയിരുന്നു). അതിൽ അദ്ദേഹം തന്റെ നിക്ഷേപങ്ങളിൽ ഭൂരിഭാഗവും നീക്കി വച്ചിരുന്നത് സെന്റ് മേരീസ് ബോയ്സ് ഹോമിനായിരുന്നു. പിന്നീട് തന്റെ ചികിത്സയ്ക്കായി ഈ നിക്ഷേപങ്ങളിൽ നിന്ന് അദ്ദേഹം കാര്യമായ തുക എടുക്കുകയുണ്ടായില്ല. രക്താർബുദ ബാധിതനായപ്പോഴും, സ്വന്തം കൈയിൽ പണമുണ്ടായിരുന്നിട്ടും വിദേശത്തു ചികിത്സ നടത്തുവാൻ അദ്ദേഹം തുനിഞ്ഞില്ല. ഡൽഹിയിലും ബോംബെയിലും ചികിത്സ നടത്തിയപ്പോൾ, അതിനായി സുഹൃത്തുക്കൾ നൽകിയ സംഭാവനകൾ സ്വീകരിക്കുവാനും തയ്യാറായി. ബാലഭവനോടുള്ള മെത്രാപ്പോലീത്തായുടെ കരുതലിന്റെ മറ്റൊരുദാഹരണമാണ് 1992-ലും 1995-ലും സഭയിലെ ഔദ്യോഗിക സ്ഥാനങ്ങൾ രാജിവച്ചപ്പോഴും 'മാർ ഗ്രിഗോറിയോസ് ചാരിറ്റബിൾ ട്രസ്റ്റിന്റെ' പ്രസിഡണ്ട് സ്ഥാനം അദ്ദേഹം രാജിവയ്ക്കാതിരുന്നത്.

1996 നവംബർ 24-ന് മെത്രാപ്പോലീത്താ കാലം ചെയ്തതിനെ തുടർന്ന് ഓർത്തഡോക്സ് സഭയുടെ ബോംബെ ഭദ്രാസന മെത്രാപ്പോലീത്താ ഗീവർഗീസ് മാർ കൂറിലോസ് ട്രസ്റ്റിന്റെ പ്രസിഡണ്ട് സ്ഥാനം ഏറ്റെടുത്തു. അദ്ദേഹത്തിന്റെ സുധീരമായ നേതൃത്വത്തിലും മാർ ഗ്രിഗോറിയോസ് മെത്രാപ്പോലീത്തായുടെ മദ്ധ്യസ്ഥതയാലും 'മാർ ഗ്രിഗോറിയോസ് ചാരിറ്റബിൾ ട്രസ്റ്റിന്റെ' ആഭിമുഖ്യത്തിൽ പ്രവർത്തിക്കുന്ന പ്രസ്ഥാനങ്ങൾ ഉത്തമ ക്രിസ്തീയസാക്ഷ്യം സമൂഹത്തിൽ നിർവ്വഹിക്കുന്നു.

**അനുബന്ധം - 4**

# ജോയ്സ് തോട്ടയ്ക്കാട്: മലങ്കരസഭയുടെ കയ്യെഴുത്തുപ്രതികളുടെ ചുവര്

ഗവേഷണപാടവവും എഴുത്തും രണ്ട് വ്യത്യസ്ത ഗുണങ്ങളാണെങ്കിലും ഇത് സമന്വയിക്കുമ്പോൾ മാത്രമാണ് ഒരു എഴുത്തുകാരന്റെ ഭാവനയെ സമൂഹം അംഗീകരിക്കുന്നത്.

“If there is a book that you want to read, but it has not given written yet, then you must you write it” - Tomi Morrison.

വൈജ്ഞാനികകോശമായി അറിയപ്പെടുന്ന ഡോ. പൗലോസ് മാർ ഗ്രീഗോറിയോസ് തിരുമേനിയെപ്പോലുള്ള മഹാരഥന്മാരുടെ ചിന്തകൾക്ക് സാക്ഷാൽക്കാരം വരുന്നത് അത് പൊതുസമൂഹത്തിലേക്ക് പകർന്നു കൊടുക്കുമ്പോൾ മാത്രമാണ്.

മലങ്കരസഭയുടെ ബൗദ്ധിക ആത്മീയ മണ്ഡലങ്ങളിലെ വിചാരധാരകൾ പൂർണ്ണമായും എഴുതപ്പെടുകയോ വിവർത്തനം ചെയ്യപ്പെടുകയോ ചെയ്തിട്ടില്ല എന്ന ധാരണ ശക്തമായ നിലനിന്ന സമയത്ത് പ്രസാധനം ചെയ്യപ്പെടാത്ത കയ്യെഴുത്തുപ്രതികളേയും ചിന്തകളേയും തന്റെ ഗവേഷണപാടവത്തിലൂടെ തിരഞ്ഞുപിടിച്ച് വരുംതലമുറയ്ക്ക് പകർന്നുകൊടുത്ത ഒരു ചുവരായി ശ്രീ. ജോയ്സ് തോട്ടയ്ക്കാട് പ്രവർത്തിച്ചു എന്നുള്ളത് ഇവിടെ പ്രസക്തമാണ്.

എന്തുകൊണ്ടെന്നാൽ വിശ്വപൗരനായി അറിയപ്പെടുന്ന ഡോ. പൗലോസ് മാർ ഗ്രീഗോറിയോസ് തിരുമേനിയുടെ ചിന്തകളേയും രചനകളേയും പ്രബോധനങ്ങളേയും ഗ്രിഗോറിയൻ ചിന്തകളായി അദ്ദേഹം സാധാരണക്കാർക്കു എത്തിച്ചു എന്നതുകൊണ്ട് മാത്രമല്ല ആ അഭിവന്ദ്യ പിതാവ് തലക്കോട് പി.എം.ജി.എം. ചാരിറ്റബിൾ ട്രസ്റ്റിന്റെ സ്ഥാപകനും ബഹുമാനപ്പെട്ട ഫിലിപ്പച്ചന്റെ പ്രഥമ ഗുരുവുമാണ്.

നവ മാധ്യമങ്ങളോ, സോഷ്യൽ മീഡിയായോ ഇല്ലാതിരുന്ന കാലത്തും ഒരു മാധ്യമ പ്രവർത്തകന്റെ റോൾ കൃത്യമായി നിർവ്വഹിച്ച ഒരു ചുവരായിരുന്നു ജോയ്സിന്റെ ജീവിതം.

സോഫിയാ ബുക്സിന്റെ അമരക്കാരനായ ജോയ്സ് തോട്ടയ്ക്കാട് സഭാ പിതാക്കന്മാരുടെ ചിന്തകളെ കോർത്തിണക്കിക്കൊണ്ട് 75-ഓളം പുസ്തകങ്ങൾ പ്രസിദ്ധീകരിച്ചു.

ധിഷണാശാലികളായ ഡോ. മാർ ഗബ്രിയേൽ മാർ ഗ്രീഗോറിയോസ്, വൈദികസെമിനാരിയിലെ ശ്രേഷ്ഠ അദ്ധ്യാപകർ, ഫാ. ഡോ. ടി. പി. ഏലിയാസ് എന്നിവരുടെ മാർഗ്ഗനിർദ്ദേശം കൂടിയായപ്പോൾ എഴുതപ്പെടാതെ കിടന്ന എഴുതപ്പെടേണ്ട ചിന്തകൾ പുത്തൻ തലമുറയ്ക്കായി പുനരാവിഷ്ക്കരിക്കപ്പെട്ടു. ഇനിയും പുതിയ സൃഷ്ടികൾ സഭയ്ക്കും സമൂഹത്തിനും നൽകുവാൻ ഉതകുന്ന ചുവരായി അദ്ദേഹം പ്രവർത്തിക്കും എന്ന് പ്രത്യാശിക്കുന്നു. ജീവിതാനുഭവങ്ങളും പ്രണയത്തിന്റേയും വാൽസല്യത്തിന്റേയും പശ്ചാത്തലവും വ്യക്തിജീവിതത്തിലും കുടുംബജീവിതത്തിലും മുതൽക്കൂട്ടായി ജോയ്സിന്റെ ജീവിതനൗകയിൽ ഒരു വെളിച്ചമായി തീരുമ്പോൾ ഭാര്യ ശോഭയും മകൾ സോഫിയയും അതിനോട് ചേർന്നു നിൽക്കുന്നു.

ഈ അതുല്യ പ്രതിഭയ്ക്ക് പ്രണാമം.

**- ഐനാടൻ**

# ഹൃദയത്തിൽ നിന്നും നന്ദി

ദൈവസന്നിധിയിൽ ഹൃദയനിറവിൽ ഈ വാക്കുകൾ എഴുതുന്നു. എന്റെ പിതാവ് കെ. റ്റി. ഫിലിപ്പ് അച്ചനെ കുറിച്ചുള്ള ഈ ഗ്രന്ഥം പ്രഥമ ചരമ വാർഷിക ദിനത്തിൽ പ്രസിദ്ധീകരിക്കുവാൻ ദൈവം അവസരം തന്നതിൽ സ്തുതി അർപ്പിക്കുന്നു. സഭ, സാമൂഹിക, സൗഹൃദ, സ്നേഹബന്ധങ്ങൾ കോർത്തെടുക്കുവാനും ഈ രചന മുഖാന്തിരമായി.

എന്റെ അപ്പന്റെ (അങ്ങനെയാണ് ചെറുപ്പം മുതൽ വിളിക്കുന്നത്) അവസാന നാളിലെ ആരോഗ്യപരമായ ബുദ്ധിമുട്ടുകൾ വർണ്ണനാതീതമായിരുന്നു. ചെറുപ്പത്തിൽ രോഗാതുരനായിരുന്ന സമയത്താണ് വൈദിക സെമിനാരി പഠനത്തിന് ചേർന്നത്. കോട്ടയത്തെ മെഡിക്കൽ കോളജിലെ ചികിത്സയ്ക്കു ശേഷം ഫാ. കെ. കെ. മാത്യൂസ് (മാത്യൂസ് മാർ ബർണബാസ് തിരുമേനി) തുടർചികിത്സയ്ക്കായി വെല്ലൂർ സി.എം.സി. യിൽ കൊണ്ടുപോയ കാര്യം അപ്പൻ പറയാറുണ്ടായിരുന്നു.

മാതൃഇടവകക്കാരനും (തൃപ്പൂണിത്തുറ നടമേൽ പള്ളി) അപ്പന്റെ മാർഗ്ഗദർശിയുമായ ഭാഗ്യസ്മരണാർഹനായ ഡോ. പൗലോസ് മാർ ഗ്രീഗോറിയോസ് തിരുമേനി, വൈദിക സെമിനാരി അദ്ധ്യാപകനും പിതൃതുല്യം വാത്സല്യം പകർന്നു നൽകുകയും ചെയ്ത ഡോ. ഗീവർഗീസ് മാർ ഒസ്താത്തിയോസ് തിരുമേനിയും, എന്നെ വെട്ടിക്കൽ ദയറാ ചാപ്പലിൽ വെച്ച് തലതൊട്ട് സ്നാനപ്പെടുത്തി വി. കുർബാന നൽകിയ ജോസഫ് മാർ പക്കോമിയോസ് തിരുമേനി, അപ്പന് ശെമ്മാശുപട്ടം നൽകിയ യൂഹാനോൻ മാർ സേവേറിയോസ് തിരുമേനി തുടങ്ങിയവർ ഞങ്ങളുടെ ജീവിതത്തിലെ മറക്കാൻ പറ്റാത്ത ശ്രേഷ്ഠ പിതാക്കന്മാരാണ്.

പ. ബസേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതീയൻ കാതോലിക്കാ ബാവാ തിരുമേനി ഞങ്ങളുടെ കുടുംബത്തിന് നൽകിയ കരുതലും സ്നേഹവും, തുരുത്തിക്കര മാർ ഗ്രീഗോറിയോസ് ചാപ്പലിൽ അപ്പനെ കബറടക്കുവാനുള്ള അനുവാദം നൽകിയതും ഞങ്ങൾക്ക് വളരെ വിലപ്പെട്ടതാണ്. പ. ബാവാ തിരുമേനിയും, ഇപ്പോഴത്തെ കൊല്ലം ഭദ്രാസനാധിപനും മുൻ കൊച്ചി ഭദ്രാസനാധിപനുമായ സഖറിയാസ് മാർ അന്തോണിയോസ് തിരുമേനിയും അപ്പന്റെ സഹപാഠികളായിരുന്നു. കൊച്ചി ഭദ്രാസന മെത്രാപ്പോലീത്താ ഡോ. യാക്കോബ് മാർ ഐറേനിയോസ് തിരുമേനി, അങ്കമാലി ഭദ്രാസന മെത്രാപ്പോലീത്താ യൂഹാനോൻ മാർ പോളിക്കർപ്പോസ് തിരുമേനി (വൈദികനായിരുന്ന സമയത്ത് എറണാകുളം പള്ളിയിൽ ഒരുമിച്ച് സേവനം അനുഷ്ഠിച്ചിട്ടുണ്ട്) മറ്റ് അഭിവന്ദ്യ തിരുമേനിമാർ, അച്ചന്റെ എല്ലാ കാര്യങ്ങളിലും ഉപദേഷ്ടാവായിരുന്ന സഭാഗുരുരത്നം ബഹു. റ്റി. ജെ. ജോഷ്വാ അച്ചൻ, വൈദിക സെമിനാരി പ്രിൻസിപ്പാൾമാരായിരുന്ന ഫാ. ഡോ. കെ.

എം. ജോർജ്, ഫാ. ഡോ. ജേക്കബ് കുര്യൻ (സഹപാഠി), ഫാ. ഡോ. ഒ. തോമസ്, ഇപ്പോഴത്തെ പ്രിൻസിപ്പൽ ഫാ. ഡോ. ജോൺസ് ഏബ്രഹാം കോനാട്ട്, മുൻ സെമിനാരി ലൈബ്രേറിയൻ ഫാ. സി. സി. ചെറിയാൻ (സഹപാഠി) സഭയിലെയും ആശ്രമങ്ങളിലെയും ആചാര്യസ്ഥാനികളും സന്യസ്ഥരും വിശിഷ്യ കൊച്ചി ഭദ്രാസനത്തിലെ വൈദികർ തുടങ്ങിയവരുടെ സമയാസമയങ്ങളിലുള്ള ഇടപെടലുകൾ ഞങ്ങളുടെ കുടുംബത്തിന് മുതൽകൂട്ടായിരുന്നു.

ഭാഗ്യസ്മരണാർഹനായ പൗലോസ് മാർ ഗ്രീഗോറിയോസ് തിരുമേനിയുടെ നിർദ്ദേശാനുസരണം ഞങ്ങളുടെ ടി. പി. ഏലിയാസ് അച്ചനോടൊപ്പം പരുമല മാർ ഗ്രീഗോറിയോസ് ചാരിറ്റബിൾ ട്രസ്റ്റിന്റെ കർമ്മപദ്ധതിയിൽ അപ്പൻ പങ്കാളിയായി. തുടർന്ന് ട്രസ്റ്റ് പ്രസിഡന്റ് ഗീവർഗീസ് മാർ കൂറിലോസ് തിരുമേനി, ട്രസ്റ്റ് ബോർഡ് മെമ്പേഴ്സ്, സെന്റ് മേരീസ് ബോയ്സ് ഹോം, എം.ജി. ഐ.ടി.ഐ., മാർ ഗ്രീഗോറിയോസ് ചാപ്പൽ, ഗ്രിഗോറിയൻ ഡയാലിസിസ് സെന്റർ തുടങ്ങിയവയുടെ ചുമതലക്കാർ തുടങ്ങിയവരുടെ നിർലോഭമായ സഹകരണവും കൂട്ടായ്മയും നിസ്തുലമാണ്.

1970–2019 കാലഘട്ടത്തിൽ ഡോ. പോൾ പുത്തൂരാൻ നിർവഹിച്ച സൗഖ്യദാന ശുശ്രൂഷ വാക്കുകൾക്കതീതമാണ്. പ്രൗഢമായി അപ്പന്റെ മരണാനന്തര ചടങ്ങുകൾ നടത്തുവാൻ ചിലവ് വഹിച്ച പാലാരിവട്ടം സെന്റ് ജോർജ് ഓർത്തഡോക്സ് വലിയപള്ളി ഇടവക, കബർ പണിത തേവര സെന്റ് തോമസ് ഇടവക, മറ്റു ശുശ്രൂഷ ചെയ്ത പള്ളികൾ, തദ്ദേശവാസികൾക്കും പ്രിയപ്പെട്ടവർക്കും ആദരാഞ്ജലികൾ അർപ്പിക്കുവാൻ ക്രമീകരണം ചെയ്ത തലക്കോട് മാർ ഗ്രീഗോറിയോസ് ചാപ്പൽ, അപ്പന്റെയും അമ്മയുടെയും കുടുംബക്കാർ, ബന്ധുക്കൾ, ചാർച്ചക്കാർ, സ്നേഹിതർ, അയൽവാസികൾ എന്നിവരെയും സ്മരിക്കുന്നു.

അപ്പന്റെ ഓർമ്മ നിലനിർത്തുവാനായി 'വിനയം സൗമ്യം മധുരം: ഫാ. കെ. റ്റി. ഫിലിപ്പ് സ്മൃതിഗ്രന്ഥം' പ്രസിദ്ധീകരിക്കുവാനായി ഉത്സാഹിക്കുകയും സഹകരിക്കുകയും ചെയ്ത അഭി. ഗീവർഗീസ് മാർ കൂറിലോസ് തിരുമേനി (പ്രസിഡന്റ്), യൂഹാനോൻ മാർ പോളിക്കർപ്പോസ് തിരുമേനി, ടി. പി. ഏലിയാസ് അച്ചൻ (എഡിറ്റർ), ഡോ. ചെറിയാൻ ഈപ്പൻ, ഫാ. ജോസി ജേക്കബ്, തോമസ് പോൾ മ്യാലിൽ ദുബായ്, സലിം പി. രാജൻ എന്നിവർക്കും പ്രസിദ്ധീകരണം നിർവഹിച്ച ജോയ്സ് തോട്ടയ്ക്കാടിനും (സോഫിയാ ബുക്സ്, കോട്ടയം), ലേഖനകർത്താക്കൾക്കും പ്രസിദ്ധീകരണ ആലോചനാ സമിതിക്കും നന്ദിയുടെ പൂച്ചെണ്ടുകൾ സമർപ്പിക്കുന്നു.

**മീഖാ ഫിലിപ്പ്**
(സ്മൃതിഗ്രന്ഥം കോ-ഓർഡിനേറ്റർ)

കരപ്പിള്ളിൽ വെട്ടിക്കൽ
7-8-2020

മാവേലിക്കര സെന്റ് പോൾസ് വയോമിംഗ് സുവിശേഷാലയത്തിൽ ഫാ. എം. വി. ജോർജിനൊപ്പം ഡീക്കൻ കെ. റ്റി. ഫിലിപ്പ്.



ഡീക്കൻ കെ. റ്റി. ഫിലിപ്പ്.

വിവാഹ ശുശ്രൂഷയ്ക്കു ശേഷം മുഖ്യ കാർമ്മികത്വം വഹിച്ച ഡോ. പൗലോസ് മാർ ഗ്രീഗോറിയോസിനോടൊപ്പം ഡീക്കൻ കെ. റ്റി. ഫിലിപ്പും കൊച്ചമ്മയും.

ഡീക്കൻ ജേക്കബ് കുര്യൻ (കോട്ടയം), ഡീക്കൻ ഒ. ജെ. ജേക്കബ് (കൊച്ചി), ഡീക്കൻ ജോർജ് തോമസ് (കോട്ടയം), ഡീക്കൻ കെ. റ്റി. ഫിലിപ്പ് (കൊച്ചി). 1972 മാർച്ച് 25.



അമ്മയ്ക്കൊപ്പം.

തലക്കോട് സെന്റ് മേരീസ് ബോയ്സ് ഹോമിൽ ഡോ. പൗലോസ് മാർ ഗ്രീഗോറിയോസ്, ഫാ. ജോസഫ് വെണ്ണപ്പിള്ളിൽ, ഫാ. ടി. പി. ഏലിയാസ് എന്നിവർക്കൊപ്പം.



തലക്കോട് ഐ.ടി.ഐ. ഓഫീസ് കമ്പ്യൂട്ടർവത്ക്കരണം. ഡോ. പൗലോസ് മാർ ഗ്രീഗോറിയോസിനൊപ്പം.

തലക്കോട് സെന്റ് മേരീസ് ബോയ്സ് ഹോം ചാപ്പലിന്റെ ശിലാ സ്ഥാപനം. ഡോ. പൗലോസ് മാർ ഗ്രീഗോറിയോസിനൊപ്പം.

തലക്കോട് സെന്റ് മേരീസ് ബോയ്സ് ഹോമിലെ കുഞ്ഞുങ്ങൾക്കൊപ്പം ഇടയന്മാരായ ഫാ. ടി. പി. ഏലിയാസും ഫാ. കെ. റ്റി. ഫിലിപ്പും.

ഫാ. കെ. റ്റി. ഫിലിപ്പ് വി. കുർബാന അർപ്പിക്കുന്നു.

ശ്രീശ്രീ രവിശങ്കറിനൊപ്പം ഫാ. കെ. റ്റി. ഫിലിപ്പ്.

**പ. ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് രണ്ടാമൻ കാതോലിക്കാ ബാവാ അനുമോദിക്കുന്നു. 2002 സെപ്റ്റംബർ 3.**

**ഹഗ്ഗായി ഇൻസ്റ്റിറ്റ്യൂട്ട് ഫാ. കെ. റ്റി. ഫിലിപ്പിനെ ആദരിച്ചപ്പോൾ. ജൂൺ 29, 2007.**

പൗലോസ് മാർ ഗ്രീഗോറിയോസിനെക്കുറിച്ചു ജോസ് കുര്യൻ പുളിയേരിൽ രചിച്ച ഇംഗ്ലീഷ് ഗ്രന്ഥത്തിന്റെ പ്രകാശന ചടങ്ങ്. ഈയോബ് മാർ പീലക്സീനോസ്, അബുദബി ഭരണാധിപന്റെ പ്രസിഡൻഷ്യൽ അഡ്വൈസറും അൽ അയിൻ യൂണിവേഴ്സിറ്റിയുടെ വൈസ് ചാൻസിലറും ഡോ. പൗലോസ് മാർ ഗ്രീഗോറിയോസിന്റെ സ്നേഹിതനുമായ ഡോ. ഇബ്രാഹിം എസഡിൻ എന്നിവർക്കൊപ്പം അബുദബി പള്ളിയിൽ.

ഡോ. ഇബ്രാഹിം എസഡിനൊപ്പം അബുദബി പള്ളിയിൽ.

ജസ്റ്റീസ് വി. ആർ. കൃഷ്ണയ്യർ, ഡോ. ചെറിയാൻ ഈപ്പൻ എന്നിവർക്കൊപ്പം.

ഡോ. ഗീവർഗീസ് മാർ ഒസ്താത്തിയോസ്, സഖറിയ മാർ അന്തോണിയോസ്, ഡോ. തോമസ് മാർ അത്താനാസ്യോസ് എന്നിവർക്കൊപ്പം ഫാ. കെ. റ്റി. ഫിലിപ്പും മീഖായും.

ഫാ. റ്റി. പി. ഏലിയാസിന്റെ സപ്തതി സമ്മേളനത്തിൽ ഫാ. കെ. റ്റി. ഫിലിപ്പ് ആദരവുകൾ അർപ്പിക്കുന്നു.

ഗീവർഗീസ് മാർ കൂറിലോസ്, ഫാ. റ്റി. പി. ഏലിയാസ് എന്നിവർക്കൊപ്പം ഫാ. കെ. റ്റി. ഫിലിപ്പ് സെന്റ് മേരീസ് ബോയ്സ് ഹോമിൽ.

മലങ്കരസഭാ ഗുരുരത്നം ഫാ. ടി. ജെ. ജോഷ്വായ്ക്കൊപ്പം.

മലങ്കരസഭാരത്നം ഡോ. ഗീവർഗീസ് മാർ ഒസ്താത്തിയോസ്,
ഡോ. നവോമി വെട്ടത്ത് എന്നിവരോടൊപ്പം.

**യാച്ചാരം ബാലഗ്രാമിൽ കെ. ഐ. ഫിലിപ്പ് റമ്പാനൊപ്പം**
**ഫാ. കെ. റ്റി. ഫിലിപ്പ്.**

**ഫാ. കെ. റ്റി. ഫിലിപ്പ് ഭാര്യ സൂസമ്മയ്ക്കൊപ്പം ഹൈദരബാദിൽ.**
**28–02–2012.**

ആസ്റ്റർ മെഡിസിറ്റിയിലെ ക്രിസ്തുമസ് ആഘോഷത്തിൽ ഫാ. വിനോദ് ജോർജുമൊത്ത്.

ക്യാപ്റ്റൻ രാജുവിനൊപ്പം ഫാ. കെ. റ്റി. ഫിലിപ്പ് കോലഞ്ചേരി സെന്റ് പീറ്റേഴ്സ് കോളജിലെ ഒരു സമ്മേളനത്തിൽ.

ഗീവർഗീസ് മാർ കൂറിലോസിനോടൊപ്പം
ഫാ. കെ. റ്റി. ഫിലിപ്പ്, ഭാര്യ സൂസമ്മ, മകൻ മീഖാ.



മാന്തുരുത്തേൽ പള്ളിയിൽ നടന്ന ഭവനദാനത്തിനു ശേഷം ഡോ. ഗീവർഗീസ് മാർ ഒസ്താത്തിയോസിനൊപ്പം ഫാ. കെ. റ്റി. ഫിലിപ്പ്.

ഫാ. കെ. റ്റി. ഫിലിപ്പ് ആശുപത്രിയിൽ ചികിത്സയിലിരിക്കെ ഫാ. റ്റി. പി. ഏലിയാസ് സൗഖ്യദാന പ്രാർത്ഥന നടത്തുന്നു.

ഭവനത്തിലെ ശുശ്രൂഷയ്ക്ക് ഡോ. തോമസ് മാർ അത്താനാസ്യോസ് നേതൃത്വം കൊടുക്കുന്നു. ഫാ. ഡോ. ടി. ജെ. ജോഷ്വാ, ഫാ. ഡോ. കെ. എം. ജോർജ് തുടങ്ങിയവർ സമീപം.

തലക്കോട് പരുമല മാർ ഗ്രീഗോറിയോസ് ട്രസ്റ്റ് സ്ഥാപനങ്ങളുടെ ആഭിമുഖ്യത്തിൽ നടന്ന ഫാ. കെ. റ്റി. ഫിലിപ്പ് അനുസ്മരണ സമ്മേളനത്തിൽ ഡോ. തോമസ് മാർ അത്താനാസ്യോസ് അനുസ്മരണ പ്രഭാഷണം നടത്തുന്നു.

തുരുത്തിക്കര ചാപ്പലിലെ ഫാ. കെ. റ്റി. ഫിലിപ്പിന്റെ കബറിടം.